11 October 1992

നിറങ്ങൾ; നിഴലുകൾ

പുതിയ ഒരു പംക്തി ആരംഭിക്കുകയാണ്.

പത്രമാധ്യമങ്ങളിൽ ഇന്നു പൊതുവെ വരാറുള്ള വിലയിരുത്തലുകളും, വിശദീകരണങ്ങളും; വിശകലനങ്ങളുമെല്ലാം ഏതെങ്കിലും ഒരു നിക്ഷിപ്ത താല്പര്യത്തിന്റെ വീക്ഷണകോണത്തിലൂടെ പരിശോധിക്കുന്നവയാണ്.

രാഷ്ട്രീയമുണ്ടെങ്കിലും, അതു മനസ്സിലൊതുക്കിവയ്ക്കുകയും, അതിന്റെ പേരിൽ വിലപേശാതെ ഒതുങ്ങിക്കഴിയുകയും ചെയ്യുന്ന, ലക്ഷക്കണക്കിനാളുകൾ ഇവിടെയുണ്ട്. കൺമുമ്പിൽ അരങ്ങേറുന്ന രാഷ്ട്രീയ-സാംസ്കാരിക, സാഹിത്യാഭ്യാസങ്ങൾ മൂകസാക്ഷികളായി കണ്ടുനില്ക്കാൻ അവർ നിർബ്ബന്ധിതരാണ്. വേദനയും അമർഷവും കടിച്ചമർത്തിയാണവരുടെ നില്പ്; അസംഘടിതരായതിനാൽ അവഗണിക്കപ്പെടുന്നവർ! പ്രതികരണം പ്രകടിപ്പിക്കാൻ വഴിയോ വേദിയോ അറിവില്ലാത്തവർ; കിട്ടാത്തവർ! അവരുടെ ജിഹ്വയാകാനാണീ പംക്തി ലക്ഷ്യമിട്ടിരിക്കുന്നത്.

ഈ രാജ്യത്തോടും ഇവിടുത്തെ സംസ്കാരത്തോടും മാന്യമായ ജീവിതത്തോടും മാത്രമാണിതിൽ പ്രതിബദ്ധത. മൂകർപോലും വാചാലരാകേണ്ട കാലമായില്ലേ? മൂല്യച്യുതിയും, കർത്തവ്യബോധ രാഹിത്യവും, തത്വദീക്ഷയില്ലായ്മയും മറയ്ക്കാൻ, കപടക്കുപ്പായമിട്ടവർ ഒററപ്പെടണം. നല്ല ജീവിതത്തിനിവിടെയുണ്ടായിട്ടുള്ള വിള്ളലും, മുറിപ്പാടുകളും, ചിലതെങ്കിലും വ്യക്തമാക്കപ്പെടണം.

ഇതിനെല്ലാം വേണ്ട ധാർമ്മികബോധവും ശക്തിയും ആണ് ഇന്നത്തെ അടിയന്തരാവശ്യം. അക്കാര്യങ്ങൾ ബോധപൂർവ്വം എടുത്തുകാട്ടുന്നവയായിരിക്കും, ഈ പംക്തിയിലെ ലേഖനങ്ങൾ.

ലേഖകൻ: **കോന്നിയൂർ ആർ. നരേന്ദ്രനാഥ്**

നാനാത്വത്തിലെ ഏകത്വം

നിറവും നിഴലും

– കോന്നിയൂർ ആർ. നരേന്ദ്രനാഥ് –

ഭാരതത്തിലെ അവസ്ഥയെക്കുറിച്ച് ഗൗരവമായി പരിശോധിക്കുന്നവർ ആവർത്തിച്ചാവർത്തിച്ച് ഒരു സത്യം പറയാറുണ്ട് —ഇവിടെയുള്ള നാനാത്വത്തിലെ ഏകത്വം. രാഷ്ട്രീയക്കാരും, സാമൂഹിക ചരിത്രകാരന്മാരും, സാഹിത്യകാരന്മാരും, കലാകാരന്മാരുമെല്ലാം അക്കൂട്ടത്തിൽ പെടും. പക്ഷേ ഇവരാരും ഏകത്വമെന്ന മഹനീയാവസ്ഥ എങ്ങിനെ സംജാതമായെന്ന കാര്യം മിണ്ടാൻ കൂട്ടാക്കാറില്ല; എന്താണതു വരുത്തിയതെന്ന വസ്തുതയും ഇവരൊക്കെ സൗകര്യമായി വിട്ടുകളയുന്നു!

ഈ ആശയത്തിന്റെ വൈതാളികന്മാരിൽ പ്രമുഖനാണ് മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു. സന്ദർഭം കിട്ടിയപ്പോഴൊക്കെ ''വൈവിധ്യത്തിലെ ഏകത്വ''മെന്ന അസാധാരണാവസ്ഥയെപ്പററി പറയാനും എഴുതാനും ശ്രമിക്കുന്നതു കാണാം. എന്നാൽ ഏകത്വത്തിന്റെ അടിസ്ഥാനമോ വേരുകൾ ഓടിയ മേഖലയോ യുക്തിപൂർവ്വം വിശദീകരിക്കാനോ വിവരിക്കാനോ താല്പര്യം കാണിച്ചിട്ടില്ലെന്നതാണ് വാസ്തവം. നാനാത്വത്തിലെ ഏകത്വം എല്ലായിടത്തും അദ്ദേഹം കണ്ടിരുന്നെന്നതിന് ''ഇന്ത്യയെ കണ്ടെത്തൽ'' മതി തെളിവായിട്ടുണ്ട്. പക്ഷേ ആ പുസ്തകത്തിലെ മുമ്പു പറഞ്ഞ വിശദീകരണം വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടില്ല!

ആധുനിക കാലത്തെ അതികായന്മാരായ മഹാത്മജിയും, രാധാകൃഷ്ണനും, അരവിന്ദഘോഷും, തിലകനും, മാളവ്യജിയുമൊക്കെ അതു് നടത്തിയിട്ടുള്ളവരിൽ പ്രമുഖരാണ്. അവർക്കും അത്തരക്കാർക്കും ഈ വിഷയത്തിൽ സംശയമൊന്നുമുണ്ടായിരുന്നില്ല. സംശയരഹിതമായി അക്കാര്യങ്ങൾ പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. ഏകത്വത്തിന്റെ നിദാനം എന്തെന്നു തുറന്നുപറയാനും മടി കാട്ടിയിട്ടില്ലവർ. ഭാരതീയ വേദേതിഹാസങ്ങളും ഉപനിഷത്തുകളും പുരാണങ്ങളും ഭാഷ്യകാരന്മാരുടെ കൃതികളും സംസ്കൃത ഭാഷയും മററുമാണ് അതിന്റെ ആധാരമായി അവർ ദർശിച്ചതും പറഞ്ഞതും. അവരുടെ എല്ലാ രചനകളിലും, പാലിലെ വെള്ളംപോലെ, അതു് കലർന്ന് സ്ഥിതി ചെയ്യുന്നു.

രാമരാജ്യ സങ്കല്പവും, ഗീതയിലേക്കുള്ള മടക്കവും, സത്യഗ്രഹ പരിപാടിയുടെയാവിഷ്കാരവുമെല്ലാം ഭാരതീയ ജീവിതത്തിൽ കലർന്നിരിക്കുന്ന ഏകത്വത്തിൽനിന്നാണ് മഹാത്മജി സ്വീകരിച്ചിട്ടുള്ളത്. രാമരാജ്യ സങ്കല്പത്തെച്ചൊല്ലി അദ്ദേഹത്തെ ആക്രമിച്ചിട്ടുള്ള എണ്ണമററയാളുകളും പ്രതിയോഗികളും ഈ യാഥാർത്ഥ്യം കണ്ടിരിക്കുമെന്നുമുറപ്പുണ്ട്. നാനാത്വത്തിലെ ഏകത്വം ഇവിടെ നിഷേധിക്കാൻ കഠിനമായി അധ്വാനിച്ചവരും ഉഗ്രമായി ആഗ്രഹിച്ചവരും, അവരുടെ സുസംഘടിതമായ പദ്ധതി പടുത്തത്, മതനിരപേക്ഷതയെന്ന വാദത്തെയാസ്പദമാക്കി, വേദേതിഹാസങ്ങളും, ഉപനിഷത്തുകളും പുരാണങ്ങളും, സംസ്കൃത ഭാഷയുമൊക്കെ ഭാരതീയരുടെ മൊത്തം പൈതൃകമല്ലെന്നു പറഞ്ഞാണ്! ഇതിൽ കവിഞ്ഞു വികലമായ ഒരു വാദമുണ്ടോ?

ഭാരതീയ ചിന്തയുടെ ആത്മാവും തനിമയും തെളിച്ചുകാട്ടിയവരെല്ലാം പ്രത്യക്ഷമായും പരോക്ഷമായും ഗാന്ധിജിയുടെ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. രാധാകൃഷ്ണനും അരവിന്ദനും ഭാരതീയർക്കും മാത്രമല്ല, പാശ്ചാത്യർക്കും ഭാരതീയത്വത്തിന്റെ കാതൽ കാണിച്ചുകൊടുത്തിട്ടുണ്ട്. അവരുടെ ഏതു മൗലിക കൃതിയും ഇതു് ഉദാഹരിക്കും. പാശ്ചാത്യ പണ്ഡിതന്മാരുടെയിടയിലും അങ്ങിനെയുള്ള മഹാന്മാരുണ്ടായിരുന്നു; മാക്സ്മുള്ളർ, വില്യംജോൺസ്, ഷോപ്പനർ, റോമെൻ റോളണ്ട് തുടങ്ങി പലരും ആ പട്ടികയിൽ പെടും.

ഇന്നത്തെ ഭാരത പ്രദേശം രാഷ്ട്രീയമായ ഏകഘടകമായി, ഒററ ഛത്രത്തിൻകീഴിൽ, കഴിഞ്ഞിട്ടുള്ളത് അത്യപൂർവ്വമായിട്ടാണെന്നാണ് ചരിത്രം സ്പഷ്ടമാക്കുന്നത്. എന്നാൽ ഭിന്ന രാഷ്ട്രീയ ഘടകങ്ങളായി ചിതറിക്കിടക്കുമ്പോഴും, ഇവിടെ ഏകത്വത്തിന്റെ ഒരു സ്വർണ്ണനൂൽ അവയെ കോർത്തിണക്കിയിരുന്നു. അതിനെ അനാദികാലം മുതൽ ഇവിടെയുണ്ടായ ഉൽഗ്രഥന പ്രക്രിയ ശക്തിപ്പെടുത്തിക്കൊണ്ടേയിരുന്നു. ബ്രിട്ടീഷുകാരുടെ ഭരണം മറെറന്തൊക്കെ വിപത്തും വിനാശവും വരുത്തിയെങ്കിലും, ഒരു വലിയ വരം നമുക്ക് നല്കുകയുണ്ടായി. ഐക്യത്തെ, നാനാത്വത്തിലെ ഏകത്വത്തെ, രാഷ്ട്രീയമായ ചട്ടക്കൂടുമായി ബന്ധിപ്പിച്ച് നിലനിർത്താൻ നമുക്ക് ഇന്നുള്ള അവസരം കൈവരുത്തി. ആ ചട്ടക്കൂട്ടിന്റെ വിധാതാക്കളും വിധികർത്താക്കളും ഇന്ന് ഇവിടത്തെ ജനങ്ങളാണ്; നാനാത്വത്തിലെ ഏകത്വം അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്ന ജനങ്ങൾ!

കാലത്തിന്റെ പോക്കിൽ, പഴയകാലത്തു് അനാചാരങ്ങളും അടിസ്ഥാനരഹിതങ്ങളായ അനുഷ്ഠാനങ്ങളും, പ്രാദേശികമായി

(ശേഷം 15-ാം പേജിൽ)

കാലുമാററ രാഷ്ട്രീയക്കാർ

നിറവും നിഴലും

— 2 —

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

ഒരു രാഷ്ട്രീയകക്ഷിയിൽ അംഗമായ ഒരാളിനോ ആളുകൾക്കോ ആ കക്ഷിയുടെ നയപരിപാടികളിൽ വിശ്വാസം നഷ്ടപ്പെടുന്നതു് സ്വാഭാവികമായ സംഗതിയാണ്. അതിനെ എല്ലാവരും അംഗീകരിക്കുകയും ചെയ്യുന്നു. പക്ഷേ അങ്ങിനെയൊരവസ്ഥ സംജാതമാകുമ്പോൾ വിശ്വാസരാഹിത്യമനുഭവിക്കുന്നവർക്കു് മാന്യമായി സ്വീകരിക്കാവുന്ന ഒരു കാര്യമുണ്ട്. കക്ഷിയിൽനിന്നു് പുറത്തുപോകുക.

എന്നാൽ ഇവിടെ കുറേക്കാലമായി ഒരു പുതിയ തന്ത്രം ശക്തിപ്പെട്ടിരിക്കുന്നു. ഭിന്നിച്ചവർ തങ്ങളാണ് യഥാർത്ഥ കക്ഷിയെ പ്രതിനിധീകരിക്കുന്നതെന്നു് അവകാശമുന്നയിക്കുക! അതു കണ്ടു് കയ്യടിക്കാനും പ്രോത്സാഹിപ്പിക്കാനും ജനങ്ങളെ പ്രേരിപ്പിക്കുക!

ഈ നവീന കൗടില്യതന്ത്രത്തിന്റെ തുടക്കം 1969—ൽ ആണ്. അതിനു് അംഗീകാരവും ആദരവുമുണ്ടായതു് അന്നു് ഇന്ത്യൻ നാഷണൽകോൺഗ്രസ് പിളർന്നതോടുകൂടിയാണ്. തുടർന്നു് ഇവിടെയുണ്ടായ ശൃംഖലാപ്രതിപ്രവർത്തനം ഇന്നും കൂടുതൽക്കൂടുതൽ ശക്തിയാർജ്ജിച്ചു മുന്നേറുന്നു! 1969—നു മുമ്പും കോൺഗ്രസ് പലതവണ പിളർന്നിട്ടുണ്ട്. പക്ഷേ നയപരിപാടികളംഗീകരിക്കാൻ തയ്യാറാകാത്തവർ മാന്യമായി പുറത്തുപോയി അവരുടെ ഇഷ്ടാനുസരണം പ്രവർത്തിച്ചു. എത്രതവണ ഇങ്ങനെ സംഭവിച്ചിട്ടുണ്ടെന്നറിയാൻ ആ മഹാസംഘടനയുടെ ചരിത്രത്തിന്റെ താളുകൾ മറിച്ചുനോക്കിയാൽമതി. അന്നൊന്നും അഭിപ്രായഭിന്നതയുള്ളവർ തങ്ങളാണ് യഥാർത്ഥ കോൺഗ്രസ്സുകാരെന്നു പറഞ്ഞ്, സമാന്തര കക്ഷി രൂപീകരിച്ചില്ല. അങ്ങിനെ മാതൃസംഘടനയെ മുടിച്ചതുമില്ല. ശ്രീമതി ഇന്ദിരാഗാന്ധി ഈ നവീന നയം ഇന്ത്യൻരാഷ്ട്രീയത്തിൽ ആരംഭിച്ചു.

ഒരു തരത്തിൽ പറഞ്ഞാൽ, ഇതു് കക്ഷി രാഷ്ട്രീയത്തിനു് നൽകിയിട്ടുള്ള തനതായ ഭാരതീയസംഭാവനയാണ്! മറെറാരു രാജ്യത്തും ഇങ്ങനെ നടക്കുന്നതായി കേട്ടിട്ടില്ല; നടന്നതായിട്ടറിവുമില്ല; നടക്കുകയുമില്ല.

കഴിഞ്ഞ തവണ ബ്രിട്ടനിൽ യാഥാസ്ഥിതിക കക്ഷിയുടെ നേതൃത്വത്തിനു് ഉഗ്രമായ മത്സരമുണ്ടായല്ലോ. ശ്രീമതി താച്ചറെ സ്ഥാനഭ്രഷ്ടയാക്കി ശ്രീ. മേജറും കൂട്ടരും ഭൂരിപക്ഷം നേടി. ജനാധിപത്യസംവിധാനത്തിന്റെ മാതൃകമർഹിക്കുന്ന ബ്രിട്ടനിലെ, യാഥാസ്ഥിതികകക്ഷി അതോടെ പിളർന്നില്ല. പിളർപ്പുണ്ടാക്കാൻ പാകമായവിധം അംഗസംഖ്യ കൂടെയുണ്ടായിരുന്നെങ്കിലും ശ്രീമതി താച്ചർ മാന്യമായി മാറിക്കൊടുത്തു. മൊത്തമംഗങ്ങളുടെ ജനാധിപത്യവിധി മാനിച്ച് കുണ്ടാമണ്ടിക്കൊന്നുമവർ തുനിഞ്ഞില്ല. നമ്മുടെ നവീന ജനാധിപത്യവിശ്വാസികളാരെങ്കിലുമായിരുന്നു അവരുടെ സ്ഥാനത്തെങ്കിൽ, ഇന്നു് യാഥാസ്ഥിതികകക്ഷി (ടി) എന്നും അതായതു് താച്ചറെന്നും, യാഥാസ്ഥിതികകക്ഷി (എം) അതായതു് മേജർ എന്നും രണ്ടെണ്ണം അവിടെ കാണുമായിരുന്നു!

താനർഹിക്കുന്നതു് എന്നും നേതൃത്വമാണെന്ന ലഹരി തലയ്ക്കുപിടിച്ചിട്ടുള്ളവർക്കു് മാത്രമേ നവീന രാഷ്ട്രീയവിദ്യയനുസരിച്ചു പ്രവർത്തിക്കാൻ കഴിയൂ. കോൺഗ്രസ്സിലുണ്ടായ 1969—ലെ പിളർപ്പിനു ശേഷം ഇവിടത്തെ കക്ഷികളിലെ അഭിപ്രായഭിന്നതകൾ, മുമ്പു പറഞ്ഞവിധത്തിലുള്ള പിളപ്പ് അനുകരിക്കുകയാണ് ചെയ്തിട്ടുള്ളതു്. ഇന്നും ആ പ്രവർത്തനം ആരോഗ്യമാർജ്ജിച്ച് നടന്നുകൊണ്ടയിരിക്കുന്നു. സംസ്ഥാന നിയമസഭകളിലും, ലോക്സഭയിലും ഇത്തരം അരങ്ങേററം എത്രയാണ് നടന്നിട്ടുള്ളതു്!

നിയമവിധേയമായ മാർഗ്ഗങ്ങളിലൂടെ ഒരു കക്ഷി മറെറാന്നിൽ ലയിക്കുമ്പോൾ, ലയിച്ച കക്ഷിക്കു് അസ്തിത്വമില്ലാതാകുന്നു. പക്ഷേ ഭിന്നാഭിപ്രായത്തിന്റെ പേരുംപറഞ്ഞ് പഴയ പാർട്ടിയുടെ ലേബൽ നെഞ്ചത്തൊട്ടിച്ച് നടക്കുന്ന നാണംകെട്ട പണി ഇവിടെ സാധാരണമാണ്. ഇന്നത്തെ ഏററവും നല്ല ഉദാഹരണം ജനതാപാർട്ടിയാണെന്നു പറയേണ്ടതില്ല. ഇങ്ങനെയുള്ള ലയനപ്രക്രിയയെ പാർട്ടിയിലെ നൂറു ശതമാനമംഗങ്ങളും അനുകൂലിക്കുക സാധാരണമല്ല. പക്ഷേ തീരുമാനമെടുത്തുകഴിയുമ്പോൾ മടുത്തുനിന്നവരും ഭൂരിപക്ഷാഭിപ്രായം മാനിച്ചു പെരുമാറും; അല്ലെങ്കിൽ പുറത്തുപോകും. അല്ലാതെ തങ്ങളിപ്പോഴും പഴയ പാർട്ടിയെ പരിപാലിച്ചുകൊണ്ടിരിക്കുന്നു എന്നു് പറയുകയില്ല. ഈ പ്രാഥമിക ജനാധിപത്യരീതിപോലും മാനിക്കാത്തവരാണ് നേതാക്കന്മാരായി നെഞ്ചുവിരിച്ച് നടക്കുന്നതു്!

ഈ അവസ്ഥക്ക് അറുതി വരുത്താൻ സംഘടിതമായി ജനങ്ങൾ പ്രവർത്തിച്ചേ പററൂ. മററു കക്ഷികൾ കുലദ്രോഹികളെ പ്രോത്സാഹിപ്പിക്കുകയേയുള്ളൂ അധികാരം മുറപ്പിക്കാനോ നേടാനോ ഉള്ള ഉഗ്രമായ ചതുരംഗക്കളിയിൽ ഇപ്രകാരം ''അൺഅറാച്ച്ഡ്'' അംഗങ്ങൾ എല്ലാവർക്കും വേണം! രാഷ്ട്രീയം കളിക്കാൻ അതു് ആവശ്യമാണ്. അതുകൊണ്ട് ആരും അതവസാനിപ്പിക്കാൻ ആത്മാർത്ഥതയോടെ പ്രവർത്തിക്കുകയില്ല.

കാലുമാററ രാഷ്ട്രീയത്തിലൂടെ പ്രമാണികളായിട്ടുള്ളവരിൽ പലരേയും ദേശീയ രാഷ്ട്രീയരംഗത്തു് കാണാം. സ്വന്തം അനുയായിയായിരുന്ന ഒരാൾ തന്നെ ''ചെയർസിംഗ്''' എന്നു വിശേഷിപ്പിച്ചിട്ടുള്ള ചരൺസിംഗിന്റെ പരമ്പര, പിതാവിന്റെ പാതവിടാതെ തുടരുന്നു ഒരിക്കൽ പോലും പ്രധാനമന്ത്രിയെന്നനിലയിൽ പാർലിമെൻറിന്റെ സഭകളിൽ പങ്കെടുക്കാത്ത ''മഹാനായ'' പ്രധാനമന്ത്രിയായിരുന്നല്ലോ ചരൺസിംഗ്. അദ്ദേഹത്തിന്റെ വസ്തുനിഷ്ഠമായ ജീവചരിത്രമുണ്ടെങ്കിൽ, രാഷ്ട്രീയ ജീവിതകാലത്തു് എത്ര തവണ കാലുമാററം നടത്തിയിട്ടുണ്ടെന്നു് കാണാൻ കഴിയും. അനന്തരതലമുറകൾക്കു് അതു് രേഖാമൂലം അറിയാൻ താല്പര്യമുണ്ടായിരിക്കും. അവസരവാദരാഷ്ട്രീയക്കളിക്കാർ അദ്ദേഹത്തിനു് മരണാനന്തരബഹുമതിയായി ''ഭാരത രത്നം'' കൊടുക്കുകയില്ലെന്നാരു കണ്ടു!

രാഷ്ട്രീയകക്ഷികളെ പൊളിക്കുന്നതിൽ ''സ്പെഷ്യലൈസ്''' ചെയ്തിട്ടുള്ള ആളാണല്ലോ ഇന്നത്തെ ജനതാകക്ഷിയുടെ നേതാവു്. അദ്ദേഹത്തിന്റെ നാളിതുവരെയുള്ള രാഷ്ട്രീയചരിത്രവും പഠനാർഹമാണ്, കാലുമാററ രാഷ്ട്രീയത്തിന്റെ പശ്ചാത്തലമറിയാൻ! ഈ അടുത്ത കാലത്തു് അദ്ദേഹം തന്റെ സന്ദർശനംകൊണ്ടു് തിരുവനന്തപുരത്തെ ധന്യമാക്കി. ആ അവസരത്തിൽ, അതു് ആരും കാര്യമായി ശ്രദ്ധിച്ചില്ല. എങ്കിലും ആ കെട്ടുകാഴ്ച തോളിലേററി നടക്കാൻ കുറെപ്പേർ തയ്യാറായി. ആ വിഴുപ്പുചുമന്നവരിലൊരാളിനോടു് എന്തിനാണങ്ങനെ ചെയ്യുന്നതെന്നു്, കൗതുകം കൊണ്ടു്, ചോദിക്കാൻ സൗകര്യം കിട്ടി. അദ്ദേഹം ഉള്ളകാര്യം ഊനമില്ലാതെ പറഞ്ഞു—''അവരൊക്കെ അധികാരത്തിൽ വരുമ്പോഴേ, അണികൾക്കെന്തെങ്കിലും കൊയ്യാനൊക്കൂ! രാഷ്ട്രീയത്തിൽ ചെന്നുപെടുന്നതു് ജീവിക്കാനല്ലേ?'' അയാളുടെ സത്യസന്ധതയിൽ മതിപ്പുതോന്നി. പിന്നെ ആലോചിച്ചപ്പോൾ ഒരു സംശയം, ''പറഞ്ഞതു് ആത്മാർത്ഥതകൊണ്ടായിരിക്കുമോ?''

ലക്ഷ്യംപോലെ മാർഗ്ഗവും പരിശുദ്ധമായിരിക്കണമെന്നു് നിർബ്ബന്ധമുണ്ടായിരുന്ന ഒരു മഹാൻ ദീർഘകാലം പ്രവർത്തിച്ചതാണ് ഭാരതത്തിലെ രാഷ്ട്രീയ രംഗത്തിൽ. അദ്ദേഹം പറഞ്ഞതും, കാണിച്ചുകൊടുത്തതുമൊന്നും ഇവിടെ പ്രസക്തിയില്ലാത്തതായിതീർന്നിരിക്കുന്നു; അഥവാ തീർത്തിരിക്കുന്നു, അദ്ദേഹത്തിന്റെ പൈതൃകമവകാശപ്പെടുന്നവർ.

കാലുമാററക്കാരെ കാണുമ്പോൾ, ആളുകൾ തിരിഞ്ഞുനടന്നു തുടങ്ങുന്ന കാലം ഇവിടെ വരില്ലേ? വരും; വരാതിരിക്കയില്ല. ജനങ്ങൾ ഉറങ്ങുകയല്ല. ഉറക്കം നടിച്ചു കിടക്കുകയാണ്.

25 October 1992

ഓർമ്മയിലിരിക്കേണ്ട ചില കാര്യങ്ങൾ

അടുത്തകാലത്ത് ഇൻഡോനേഷ്യയിൽ ചേരിചേരാരാജ്യങ്ങളുടെ സമ്മേളനം ചേരുകയുണ്ടായല്ലോ. ആ രാജ്യമുൾപ്പെടെയുള്ള കിഴക്കനേഷ്യൻ പ്രദേശങ്ങളിൽ വ്യാപിച്ച ഭാരതീയസംസ്കാരത്തിന്റെ പാദമുദ്രകൾ അവിടെ ഇന്നും മായാതെ കിടക്കുന്നുണ്ട്. ആ കാര്യങ്ങളെക്കുറിച്ച് ഓർമ്മ പുതുക്കാൻ അവസരമുണ്ടായി. ബൃഹത് ഭാരതമേഖലയെന്ന് ചരിത്രകാരന്മാർ വിവക്ഷിക്കാറുള്ള അവിടം, സുവർണ്ണഭൂമിയെന്നാണ് പരാമർശനവിഷയമാകാറുള്ള പഴയ കാര്യങ്ങളിലും, പ്രാചീന ഐതിഹ്യങ്ങളിലും മററും പറഞ്ഞിരിക്കുന്നത്.

ചരിത്രസംഭവങ്ങൾ വസ്തുനിഷ്ഠമായും ആധികാരികമായും രേഖപ്പെടുത്താൻ നമ്മുടെ പൂർവ്വികർ താല്പര്യം കാണിച്ചില്ല. സംസ്കൃതഭാഷയിൽ ചരിത്രഗ്രന്ഥങ്ങളുടെ ദാരിദ്ര്യം ഇതു് സാധൂകരിക്കുന്നു. അതിനാൽ അന്യദേശങ്ങളിലെ വിവരങ്ങളും അവശിഷ്ടങ്ങളും അറിച്ചുവേണം, ഭാരതത്തിന് അവിടങ്ങളുമായുണ്ടായിരുന്ന ചരിത്രബന്ധം കണ്ടെത്താൻ. നമുക്ക് നഷ്ടമായ ചില ഗ്രന്ഥങ്ങളുടെ തർജ്ജമകൾ ചൈനീസ് ഭാഷയിലും മററുമുണ്ട്. അങ്ങിനെയുള്ള പ്രാചീനഗ്രന്ഥങ്ങളുണ്ടായിരുന്നെന്ന വിവരം അറിയുന്നതു്, തർജ്ജമകളെ ആശ്രയിച്ചുമാണ്!

അശോകചക്രവർത്തിയുടെ നിയോഗപ്രകാരം ബി. സി. മൂന്നാം ശതകത്തിൽ മഹേന്ദ്രരാജകുമാരൻ ശ്രീലങ്കയിൽ ബുദ്ധധർമ്മം എത്തിച്ചു. എന്നാൽ അതിന് എത്രയോ മുമ്പ് അവിടെ ഹൈന്ദവധർമ്മം പ്രചരിക്കുകയും പ്രാബല്യത്തിലാകുകയും ചെയ്തിട്ടുണ്ട്.

ബൃഹത്ഭാരതപ്രദേശങ്ങളിൽ ഭാരതീയ സംസ്കാരം വ്യാപിച്ചതും വേരുറച്ചതും, ഏതെങ്കിലും രൂപത്തിലുള്ള സമ്മർദ്ദമോ പ്രലോഭനമോ ഉണ്ടായിരുന്നതുകൊണ്ടല്ല. മന:പൂർവ്വം ആരെങ്കിലും പരിവർത്തനം ചെയ്തിട്ടുമില്ല. ഗ്രീക്ക്–റോമാ സംസ്കാരങ്ങൾ യൂറോപ്യൻ മേഖലയിൽ പരന്നതും പ്രതിഷ്ഠനേടിയതും അവർ (റോമാക്കാരും ഗ്രീക്കുകാരും) ഭൂവിഭാഗങ്ങൾ വെട്ടിപ്പിടിച്ച് ആധിപത്യം സ്ഥാപിച്ചശേഷമാണ്. അവരുടെ ഭരണം നടക്കുമ്പോൾ ബോധപൂർവ്വമുള്ള നിർബ്ബന്ധം വഴി, തങ്ങളുടെ സാംസ്കാരികസ്വാതന്ത്ര്യം അവർ ഉറപ്പിച്ചു. അവിടെ ഇങ്ങനെ നേടിയ പ്രദേശവിസ്തൃതിയേക്കാൾ, എത്രയോ വിശാലമായ ഭൂഭാഗങ്ങളാണ്, യാതൊരുവിധ രാഷ്ട്രീയമേധാവിത്വവുമില്ലാതെ ഭാരതീയസംസ്കാരത്തിന്റെ പരിധിയിൽ വന്നതു്! സമന്വയപ്രക്രിയയാണവിടെ നടന്നതു്; സംഹാരപ്രവർത്തനമല്ല!

ഹൈന്ദവധർമ്മാനുചരന്മാരുടെ എണ്ണം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യംവെച്ച്, അന്യരെ പരിവർത്തനംചെയ്യുകയെന്ന ഏർപ്പാട് പ്രാചീനകാലത്തുണ്ടായിരുന്നില്ല ഭാരതീയരുടെയിടയിൽ. ഇതിന് ആദ്യമായി താല്പര്യം പ്രകടമാക്കുന്നതു് ബുദ്ധധർമ്മാവിർഭാവത്തോടെയാണ്. ധർമ്മപ്രചരണം ഒരു കർത്തവ്യമായിട്ടാണ് ബുദ്ധമതാനുയായികൾ കരുതിയതു്. പക്ഷേ ബലപ്രയോഗമോ പ്രലോഭനങ്ങളോ ഒന്നും പ്രത്യക്ഷമായോ പരോക്ഷമായോ അതിന് സ്വീകരിച്ചിട്ടില്ല. ഇവിടെ മാത്രമല്ല, വിദേശങ്ങളിലും ബുദ്ധമതാനുയായികൾ, അന്യരുടെ സ്വമേധയായുള്ള പരിവർത്തനമോഹമേ അംഗീകരിച്ചുള്ളു. സംഘത്തിൽ ചേരാനുള്ള താല്പര്യം പ്രകടമാക്കുന്നവരെ അതിൽ സ്വീകരിച്ചു.

മദ്ധ്യേഷ്യൻ പ്രദേശങ്ങൾ, കിഴക്കനേഷ്യൻമേഖല, ചൈന, കൊറിയ, ജപ്പാൻ എന്നിവിടങ്ങളിലെല്ലാം ഈ വിധത്തിൽ ബുദ്ധമതം എത്തി പ്രതാപമാർജ്ജിച്ചു. വിസ്തൃതി കണക്കിലെടുക്കുമ്പോൾ, പ്രാചീനകാലത്തെ പരിമിതികൾ കണക്കിലെടുക്കുമ്പോൾ, ഇതു് ഒരു മഹാത്ഭുതമായിട്ടേ ഇന്ന് കാണാൻ കഴിയൂ. ക്രൈസ്തവമതവും ഇസ്ലാമും അവലംബിച്ച രീതികളിൽനിന്ന് ഇതു് എത്രയോ ഭിന്നമായിരുന്നെന്ന സത്യവും വിസ്മരിച്ചുകൂടാ. അമേരിക്കകൾ, ആസ്ട്രേലിയ, ന്യൂസ്‌ലണ്ട് തുടങ്ങിയ പ്രദേശങ്ങളിൽ യൂറോപ്യൻസ്വാധീനം വ്യാപിച്ചപ്പോൾ, അവിടങ്ങളിലെ ആദിമ ജനസമൂഹങ്ങളും സംസ്കാരങ്ങളും അസ്തമിക്കുകയാണുണ്ടായതു്. ബൃഹത്ഭാരതപ്രദേശത്തു്, അവിടുത്തുകാർ കൂടുതൽ അർത്ഥവത്തായ മാനങ്ങൾ കണ്ടെത്തി ഭാരതീയ സംസ്കാരവുമായ സമന്വയം സാധിച്ച്, അഭിവൃദ്ധി നേടി! രണ്ട് ചരിത്രസംഭവങ്ങൾ തമ്മിലുള്ള അന്തരം എത്രയെന്ന് ചിന്തിക്കുക!

ബുദ്ധധർമ്മം ബർമ്മയിൽ ആദ്യമെത്തിച്ചതു് തപുസ്സ (Tapussa) ഭല്ലിക (Bhallika)—എന്ന രണ്ട് മോൺ വ്യാപാരികളാണത്രെ. അവർക്ക് അനുഗ്രഹം മാത്രമല്ല, സ്വർണ്ണ വസ്തുവായി ഒരു ചുരുൾ സ്വന്തം മുടിയും ബുദ്ധദേവൻ നൽകിയതായും ഐതിഹ്യത്തിൽ പറയുന്നുണ്ട്. കപിലവസ്തുവിൽനിന്ന് ബർമ്മയിലെത്തിയ ഒരു ശാക്യരാജകുമാരിയാണത്രേ അവിടത്തെ ആദ്യ തലസ്ഥാന നഗരി സ്ഥാപിച്ചതു്! ബർമ്മീസ് ഭാഷയിലെ അക്ഷരമാല, സാഹിത്യം, കല എന്നിവയ്ക്കെല്ലാം ആധാരഘടകങ്ങളായിത്തീർന്നതു് ഭാരതീയ സംസ്കാര വിഭവങ്ങളാണ്.

ഭാരതവും ചൈനയും തമ്മിലുള്ള സമ്പർക്കവും ബന്ധവും എന്നു തുടങ്ങിയെന്നു പറയാനാവാത്ത വണ്ണം പ്രാചീനമാണ്. ചരിത്രരേഖകളും വിവരങ്ങളും കിട്ടിത്തുടങ്ങുന്നതു് ബുദ്ധധർമ്മം അവിടെ എത്തിയതിനു ശേഷമത്രേ; അതായതു് ഏ. ഡി. 65–നുശേഷം. മദ്ധ്യേഷ്യൻ പ്രദേശങ്ങളിലൂടെയോ, ഭാരതത്തിൽനിന്നു നേരിട്ടോ എങ്ങിനെയാണ് ആദ്യകാല ബന്ധമുണ്ടായതെന്ന് പറയാനാവില്ല. ധാരാളം പുണ്യകർമ്മങ്ങളനുഷ്ഠിക്കുന്നവൻ, അടുത്ത ജന്മം ഭാരതത്തിൽ ജനിക്കുമെന്നൊരു ബലമായ വിശ്വാസം ചൈനയിലുണ്ടെന്ന് മഹാനായ മാവോ, നമ്മുടെ പ്രതിപുരുഷനായിരുന്ന സർദാർ പണിക്കരോട് ഒരിക്കൽ പറഞ്ഞതു് ഓർമ്മയിൽ വരുന്നു!

ചൈനക്കാർ ''പശ്ചിമദേശം''—എന്നാണ് ഭാരതത്തെ വിവക്ഷിച്ചിരുന്നതു്. ഇവിടേക്ക് തീർത്ഥാടനം ചെയ്യാനുള്ള ശക്തമായ അഭിനിവേശം സാധാരണക്കാരിലും പണ്ഡിതന്മാരിലുമുണ്ടായിരുന്നു. ഇവിടെ വന്ന ആദ്യത്തെ തീർത്ഥാടകൻ ചൗ ചി ഹിംഗ് (Tchou che-hing) ആണ്. കുടുംബബന്ധങ്ങളവസാനിപ്പിച്ച് ഏ. ഡി 260–ൽ യാത്ര തിരിച്ച അദ്ദേഹത്തിന്റെ ലക്ഷ്യം, ഇവിടെയുള്ള വിശിഷ്ട ഗ്രന്ഥങ്ങൾ സമ്പാദിച്ച്, തർജ്ജമ ചെയ്ത് ചൈനക്കാർക്ക് ലഭ്യമാക്കണമെന്നതായിരുന്നു. സമ്പാദിക്കാൻ സാധിച്ച ഗ്രന്ഥങ്ങൾ, ചൈനയിലെത്തിക്കാനും, തർജ്ജമ ചെയ്യാനും ഒരു ശിഷ്യോത്തമനെ ഭാരമേല്പിച്ച ശേഷമാണദ്ദേഹമന്തരിച്ചതു്. ഭാരതീയ ഗുരുക്കന്മാരുടെ കീഴിൽ പഠിച്ച്, 211 ഭാരതീയ പ്രാമാണിക ഗ്രന്ഥങ്ങൾ ഭാഷാന്തരപ്പെടുത്തിയ മഹാപ്രതിഭയാണ് ചൗ ഫാ–ഹോ (Tchou Fa-hou)

ചൈനയിൽ സ്ഥിരപ്രതിഷ്ഠയും പ്രചാരവും ബുദ്ധധർമ്മം നേടി. അവിടെനിന്നാണ് അതു് കൊറിയ, മംഗോളിയ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലേക്കു വ്യാപിച്ചതു്. ബുദ്ധധർമ്മം സ്വീകരിച്ച ആദ്യത്തെ മിക്കാഡോ (ചക്രവർത്തി) യോമീയ് (Yomei) ആണ്. ഇന്നും ജപ്പാനിലെ ജനസംഖ്യയിൽ മൂന്നിൽ രണ്ടും ബുദ്ധമതാനുയായികളത്രേ! ഭാഷ, രാഷ്ട്രമീമാംസ, സാഹിത്യം, നൃത്തം, സംഗീതം, ചിത്രകല, ആരാധനാമൂർത്തികൾ (രൂപാന്തരം പ്രാപിച്ചിട്ടുണ്ടെങ്കിലും) തത്വചിന്ത, വിദ്യാഭ്യാസം എന്നീ രംഗങ്ങളിലെല്ലാം ബുദ്ധമത സ്വാധീനം പ്രത്യക്ഷമാണ്.

ഒരു കാലത്ത് ബൃഹത് ഭാരതമെന്നു വിവരിച്ചിരുന്ന പ്രദേശങ്ങൾ ഇന്ന് പല സ്വതന്ത്ര രാജ്യങ്ങളായിട്ടാണ് സ്ഥിതി ചെയ്യുന്നതു്. പണ്ടും അതു തന്നെയായിരുന്നു അവസ്ഥ. പക്ഷേ ''നാനാത്വത്തിൽ ഏകത്വം'' എന്ന ഭാരതീയാവസ്ഥയെപ്പോലെ, ഇവിടെയും ഐകരൂപ്യത്തിന്റെ അടിത്തറയുണ്ട്. ഇന്ന് ആ സ്വർണ്ണനൂലിന് വലിയ ബലമില്ലാതായി. സാംസ്കാരികമായ പഴയ ബന്ധം ഉത്തേജിപ്പിച്ച് പുഷ്ടിപ്പെടുത്താനുള്ള ബോധപൂർവ്വമായ ശ്രമം, ഈ പ്രദേശങ്ങളിലെ നമ്മുടെ വിദേശനയത്തിന്റെ ഭാഗമായാൽ, എല്ലാവർക്കും അതുകൊണ്ട് പ്രയോജനം വരും. പക്ഷേ ഒരു കാര്യം പ്രത്യേകം ശ്രദ്ധിച്ചേ മതിയാവൂ. ''വലിയേട്ടൻ'' മനോഭാവം ഒരിക്കലും ഉണ്ടായിക്കൂടാ.

(തുടരും ....)

ഹിമവും നിഴലും

– 3 –

– കോന്നിയൂർ ആർ. നരേന്ദ്രനാഥ് –

വിവേകത്തിന്റെ വഴി

ഹിമവും നിഴലും

– കോന്നിയൂർ ആർ. നരേന്ദ്രനാഥ് –

സംസ്ഥാന പുനഃസംഘടനാകമ്മീഷന്റെ ശുപാർശകളെ ആധാരമാക്കി കേന്ദ്ര സർക്കാർ കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനങ്ങളിലാണല്ലോ ഇന്ത്യയിൽ ഇന്നുള്ള സംസ്ഥാനങ്ങളധികവും രൂപംപ്രാപിച്ചത്. 1956 നവംബർ ഒന്നിന് നിലവിൽവന്ന ഏഴാമത്തെ ഭരണഘടനാഭേദഗതി നിയമമാണതിന്നടിസ്ഥാനം. പില്കാലങ്ങളിൽ പ്രാദേശികങ്ങളായ ശക്തികൾക്ക് വിധേയമായി കൂടുതൽ സംസ്ഥാനങ്ങൾ രൂപീകരിച്ചിട്ടുമുണ്ട്. അപ്രകാരമാണ് ഇന്ന് നിലവിലുള്ള സംസ്ഥാനങ്ങളുടെ സൃഷ്ടി.

ഉത്തരപ്രദേശമാണ് ഇന്നുള്ള സംസ്ഥാനങ്ങളിൽ ഏറ്റവും വലുത്. അതിന്റെ വിസ്തൃതി 294,413 ച. കി. മീററർ ആണ്. ജനസംഖ്യ, 1981–ലെ കാനേഷുമാരി പ്രകാരം, 110,858,019 ആയിരുന്നു ഒന്നാംസ്ഥാനം അതിലും ആ സംസ്ഥാനത്തിനുതന്നെ.

ഇത്രയും വലിയ ഒരു സംസ്ഥാനം, ഫെഡറൽ സംവിധാനത്തിൽ നിലവിൽ വരുന്നത് സ്വാഗതാർഹമായ സംഗതിയല്ലെന്ന് സംസ്ഥാന പുനഃസംഘടനാകമ്മീഷനിലെ ഒരംഗമായിരുന്ന സർദാർ കെ. എം. പണിക്കർ, റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള ഒരു വിയോജനക്കുറിപ്പിൽ കാര്യകാരണസഹിതം സ്പഷ്ടമാക്കിയിട്ടുണ്ട്. ചെറിയ സംസ്ഥാനങ്ങളാണ് ഭരണസൗകര്യത്തിനും, അവികസിത പ്രദേശങ്ങളുടെ വേഗത്തിലുള്ള വികസനത്തിനും അനുയോജ്യമായിട്ടുള്ളതെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. അതുപോലെ ഒരൊററ ഘടകത്തിനും, ഇന്ത്യയുടെ ഭരണവ്യവസ്ഥയിൽ, അഹിതമായ പ്രാമാണ്യം നല്കിക്കൂടരുതെന്ന് അദ്ദേഹം വാദിച്ചിട്ടുണ്ട്. ഫെഡറൽസംവിധാനത്തിലെ ഘടകങ്ങളുടെ സമതാഭാവവും സന്തുലിത സ്ഥിതിയും അത് അയഥാർത്ഥമാക്കുമെന്നും എടുത്തുപറയുകയുണ്ടായി. എങ്ങിനെ വലിയ സംസ്ഥാനമായ ഉത്തരപ്രദേശത്തെ, ചെറിയ ഘടകങ്ങളാക്കി, സൗകര്യപ്രദമായി വിഭജിച്ച്, സംവിധാനംചെയ്യാമെന്ന സംഗതിയും പണിക്കർ വിട്ടുകളഞ്ഞിട്ടില്ല ഈ വിഷയത്തിൽ താല്പര്യമുള്ളവർ വിയോജനക്കുറിപ്പ് വായിക്കുകതന്നെ വേണമെന്നേ ഇവിടെ പറയുന്നുള്ളു

സർദാർപണിക്കരുടെ, ചെറിയ സംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള വാദത്തെ വളരെ കർക്കശമായി എതിർക്കാനാണ് അന്ന് അധികംപേരും താല്പര്യംകാണിച്ചത്. ഉത്തരപ്രദേശത്തെ തലയെടുപ്പുള്ള എല്ലാ കോൺഗ്രസ്സുകാരും അതിന് അണിചേർന്നു. നേതൃത്വംനൽകിയത് പണ്ഡിററ് ഗോവിന്ദവല്ലഭപന്തും! ഭീമന്റെയും അർജ്ജുനന്റെയും ജന്മഭൂമിയായ അവിടം വിഭജിച്ചുനിർത്താൻ ആരെയും അനുവദിക്കുകയില്ലെന്ന് ഉഗ്രമായി അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തു. ശക്തന്മാർ ഇങ്ങനെ സമരകാഹളമുയർത്തിയപ്പോൾ, പ്രധാനമന്ത്രി നെഹറു അവരുടെ പക്ഷം ചേർന്നതല്ലാതെ, യുക്തിയും വിവേകവും കാണിക്കുന്ന പാതയിലേക്ക് അവരെ നയിക്കാൻ കൂട്ടാക്കിയതുമില്ല. രാഷ്ട്രപതി രാജേന്ദ്രപ്രസാദിനെപ്പോലെ ആധികാരികതയുള്ള മററു ചിലർ പണിക്കരുടെ വാദത്തെ, വിപ്രതിപത്തിയോടല്ല വീക്ഷിച്ചിരുന്നതെന്നതും പരിത്രവസ്തുതതന്നെ.

ഭരണസൗകര്യമോ, വികസനത്തിന്നു കൂടുതലുതകുന്ന സ്ഥിതിയോ അല്ല രാഷ്ട്രീയാധികാരക്കൊതിയന്മാരായിരുന്ന, നിർണ്ണായക ശക്തിയുള്ള നേതാക്കന്മാർ കണക്കിലെടുത്തത്. പണിക്കർക്കുണ്ടായിരുന്ന സ്വാധീനം മനഃപൂർവ്വം ക്ഷയിപ്പിക്കാനുള്ള തന്ത്രങ്ങളവർ കരുതിക്കൂട്ടി നടത്തിയെന്ന വസ്തുതയും വിസ്മരിക്കത്തക്കതല്ല

അഖിലേന്ത്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ദേശീയ രാഷ്ട്രീയ കക്ഷികൾക്ക് പ്രാദേശികമായ അത്യാവശ്യങ്ങൾ കണ്ടറിയാനും നടത്തിക്കൊടുക്കാനും, താല്പര്യം കുറവാണെന്ന്, ശരിയായാലും തെററായാലും, ചില പ്രദേശങ്ങളിലെ ജനങ്ങൾ ബലമായി സംശയിച്ചുതുടങ്ങി. ഈ സംശയം ക്രമേണ ബലമായ വിശ്വാസമായിട്ടുറച്ചു. അതിന്റെ ഫലമായി പ്രാദേശിക രാഷ്ട്രീയ കക്ഷികൾ മുളച്ചു വളർന്ന് പലയിടത്തും പന്തലിച്ചു. ഇങ്ങനെയാണ് തമിഴ്നാട്, ആന്ധ്രപ്രദേശ്, അസ്സാം, പഞ്ചാബ് എന്നിവിടങ്ങളിൽ അതതിടങ്ങളിലെ പ്രാദേശിക കക്ഷികൾ ഭരണാധികാരത്തിലെത്തിയത്.

ആദ്യകാലത്ത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും അധികാരമാർജ്ജിച്ചത് ഇന്ത്യൻ നാഷനൽ കോൺഗ്രസ് എന്ന കക്ഷിയായിരുന്നല്ലോ. അവരിൽനിന്നാണ് പ്രാദേശിക കക്ഷികളെല്ലാം തിരഞ്ഞെടുപ്പിലൂടെ അധികാരം ഏറെറടുത്തത്.

ഈ പ്രതിഭാസം ജനങ്ങൾക്ക് കൂടുതൽ കൂടുതൽ രാഷ്ട്രീയാവബോധമുണ്ടാകുന്നതുമൂലമാണ് സംഭവിച്ചതെന്ന സത്യത്തെ അഭിമുഖീകരിക്കാൻ വിസമ്മതിച്ചവർ, പ്രാദേശിക കക്ഷികളെ തകർക്കാനും അധികാരത്തിൽനിന്ന് പുറത്താക്കാനും സ്വീകരിച്ച നയപരിപാടികൾ പലതും തപ്രദീക്ഷയില്ലാത്തതും അവസരവാദ പ്രധാനവുമായിരുന്നു. കുതന്ത്രങ്ങളും, കുതിരക്കച്ചവടവും, മററു കൊള്ളരുതാത്ത പ്രവർത്തനങ്ങളും വഴി പ്രാദേശിക കക്ഷികളെ വിഘടിപ്പിച്ച്, ശക്തിഹീനമാക്കി പൊളിക്കാൻ ശ്രമിക്കുകയായിരുന്നു മുകളിൽ പറഞ്ഞ എല്ലാ സംസ്ഥാനങ്ങളിലും, അധികാരത്തിൽനിന്നു നിഷ്കാസിതരായ, അസൂയാലുക്കളായ, കോൺഗ്രസ് കക്ഷിയിലെ നേതാക്കന്മാർ ചെയ്തത്. അത് തദ്ദേശവാസികളെ കൂടുതൽ ക്രുദ്ധരാക്കുകയാണുണ്ടായത്. ഉറച്ചുനിന്ന പ്രാദേശിക പാർട്ടിയിലെ വിഭാഗങ്ങൾ, ജനാധിപത്യമാർഗ്ഗത്തിന്റെ ശക്യതയിൽ സംശയാലുക്കളാകാനാണിത് പ്രേരണ നൽകിയത് ചിലരൊക്കെ, ഇക്കാരണത്താൽ, തീവ്രവാദികളായി തീരുവാനിടയായി. ഇതല്ലേ, പഞ്ചാബിലും, അസ്സാമിലും പ്രത്യക്ഷമായിട്ടുള്ളത്. തമിഴ്നാട്ടിൽ പ്രാദേശിക കക്ഷിയുടെ കയ്യിൽനിന്ന് അധികാരം തിരിച്ചെടുക്കാൻ, ഇരുപത്തഞ്ചു കൊല്ലക്കാലം പരിശ്രമിച്ചിട്ടും കോൺഗ്രസ്സിനു സാധിച്ചിട്ടില്ല.

പ്രാദേശിക സവിശേഷതകൾ കൈവിടാതെ അവിടത്തെ വികസനം സാദ്ധ്യമാക്കാനും, പാരമ്പര്യങ്ങൾ വിടാതെ പുതിയ പുരോഗതിയാർജ്ജിക്കാനും ചെറിയ ഭരണഘടകങ്ങളാണ് ഉതകുന്നത്. എല്ലാം ഡൽഹിയിലിരുന്നു നിയന്ത്രിക്കണമെന്ന മോഹം ഫെഡറൽ സംവിധാനത്തിനു നിരക്കാത്ത മുകിലഭരണ പ്രവണതയാണ്—കാലഹരണപ്പെട്ട ആശയം. ആരോഗ്യവും ആത്മവിശ്വാസവുമുള്ള, ദേശീയധാരയിലൂടെ ഭൂരിസുഖം ഉറപ്പു വരുത്തുന്ന, ചെറിയ സംസ്ഥാനങ്ങൾ ജനാധിപത്യ ശക്തികൾക്ക് പുതിയ മാനങ്ങൾ കൈവരുത്തും. അത് മറക്കാതിരിക്കുക.

06 December 1992

സ്മാരകങ്ങളുടെ പിന്നിലെ കളി

ഉന്നതസ്ഥാനങ്ങളിലുള്ളവരുടെ ചരിത്രബോധവും നിഷ്പക്ഷതയും വിസ്മയമാംവിധം പരിമിതമാണെന്ന തോന്നും, അവരുടെ പ്രവർത്തനശൈലിയും അഭിപ്രായങ്ങളും ശ്രദ്ധിച്ചാൽ.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എന്ന മഹാപ്രസ്ഥാനം യഥേഷ്ടം പിരിച്ചുവിടേണ്ടതാണെന്ന് മഹാത്മജി ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെ മററു പല ആഗ്രഹങ്ങളേയും പോലെ അതും സാധിച്ചില്ല. അതുവരെയുണ്ടായിരുന്ന കോൺഗ്രസ് ഇവിടത്തെ മൊത്തം ജനങ്ങളുടെയും സ്വാതന്ത്ര്യാഭിവാഞ്ഛയിൽനിന്നുരുത്തിരിഞ്ഞതായിരുന്നു. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം അതു് ഒരു രാഷ്ട്രീയകക്ഷിയായി സങ്കോചിച്ചു.

മഹാപ്രസ്ഥാനമെന്ന നിലയിൽ വർത്തിച്ചിരുന്ന കാലങ്ങളിൽ അതിൽ സേവനമനുഷ്ഠിച്ച പല പ്രമാണികളും പില്ക്കാലത്തു പ്രത്യയശാസ്ത്രപരമായ കാരണങ്ങളാൽ പിരിഞ്ഞു. സമസ്തവും സമർപ്പിച്ച ഗാന്ധിയന്മാരായി അതിൽ കർമ്മനിരതരായവർ, മോഹഭംഗമനുഭവിച്ച് നവീനശൈലിയുമായി പൊരുത്തപ്പെടാനാവാതെ, നിശ്ശബ്ദരാകുകയോ, നിഷ്ക്രിയരാകുകയോ ചെയ്തു.

കോൺഗ്രസ് 1969 ൽ ഭിന്നിച്ചപ്പോൾ ഈ വൈരുദ്ധ്യം കൂടുതൽ സ്പഷ്ടമായി. പിന്നെയും അതു സങ്കോചിച്ചു. ഈ കാലഘട്ടത്തിലെ നേതാക്കന്മാരെ അപേക്ഷിച്ച് ആൾ വലിപ്പത്തിൽ പഴയകാല കോൺഗ്രസ്സുകാർ എത്രയോ ഉന്നതരായിരുന്നു. ഭാരതത്തിലെ മൊത്തം ജനങ്ങളുടെ സ്വാഭാവികമായ അംഗീകാരവും ആദരവും പഴയ നേതാക്കന്മാരാർജ്ജിച്ചിരുന്നു. കക്ഷിരാഷ്ട്രീയത്തിലെ എല്ലാ വിവാദങ്ങൾക്കും അപവാദങ്ങൾക്കും വിധേയരായിട്ടുള്ളവരാണ് പില്ക്കാല കോൺഗ്രസ്സുകാർ!

സ്വതന്ത്രഭാരതത്തിൽ ജനിക്കാൻ സൗഭാഗ്യമുണ്ടായ ഇന്നത്തെ യുവകോൺഗ്രസ്സുകാർ, പഴയകാല ചരിത്രത്തെക്കുറിച്ച് ബോധവാന്മാരാണോ യെന്ന സംശയം തോന്നും, അവരുടെ മനോഭാവവും പ്രവർത്തനരീതികളും കാണുമ്പോൾ. നെഹ്റുകുടുംബത്തിനിപ്പുറമേ കോൺഗ്രസ് ഉള്ളുവെന്ന ധാരണയും അവർക്കില്ലേയെന്നു സംശയിക്കേണ്ടിവരുന്നു. ഈ വികല്പ വിശ്വാസം ഒഴിവാക്കേണ്ടതാവശ്യമല്ലേ?

ഇക്കഴിഞ്ഞ കാൽ നൂററാണ്ടു കാലത്തു് സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും ഭരണാധികാരികൾ ഏർപ്പെടുത്തിയ സ്മാരകങ്ങളുടെ പട്ടിക പരിശോധിക്കുക. കോൺഗ്രസ് എന്ന മഹാപ്രസ്ഥാനത്തിലെ പൂജനീയരായ പുണ്യപുരുഷന്മാരിൽ എത്ര പേരുടെ സ്മരണയ്ക്കായി ഏർപ്പാടുകളുണ്ടാക്കിയിട്ടുണ്ട്? കക്ഷിരാഷ്ട്രീയക്കളിയിൽ ഏർപ്പെട്ടിട്ടുള്ള പിൽക്കാല വ്യക്തികളുടെ പേരിൽ അവ എത്രയുണ്ടായിട്ടുണ്ട്? വസ്തുനിഷ്ഠമായി മൂല്യനിർണ്ണയം നടത്തുമ്പോൾ സങ്കുചിതത്വവും, അസന്തുലിതസ്ഥിതിയും അജ്ഞതയുമൊക്കെയെത്രയെന്ന സ്പഷ്ടമാകും. ചിലരുടെ പേരിൽ എത്രയെത്ര സ്മാരകങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതു്! ചരിത്രത്തിൽ നിന്നും ഒരു കാലത്തും മാററാൻ സാധിക്കാത്ത മഹാമനുഷ്യരെ ബോധപൂർവ്വം ഒഴിവാക്കി, ചിലർക്ക് അമിത പ്രാമാണ്യം നൽകിയാണിതൊക്കെ സാധിച്ചിട്ടുള്ളതു്. ഇതു് ചരിത്രത്തെ തന്നെ വളച്ചൊടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമല്ലേ?

ഇൻഡ്യാ തലസ്ഥാനമായ ന്യൂഡൽഹിയിലെ സ്ഥിതി നോക്കുക. ഭാരതത്തിന്റെ പൊതുവായ പൈതൃകത്തിന്റെ പരിച്ഛേദം, കുറഞ്ഞ തോതിലെങ്കിലും അവിടെ സ്ഥാപിതമാകുന്നതോ, ഏർപ്പെടുത്തുന്നതോ ആയ സ്മാരകങ്ങൾ പ്രദർശിപ്പിക്കേണ്ടേ? എല്ലാ മേഖലകളിൽനിന്നുമുള്ള കാര്യങ്ങൾ അവയിൽ വരുകയും വേണം. ഏതെങ്കിലും ഒരു ഭാഗത്തിനോ, വിഭാഗത്തിനോ അമിതപ്രാമാണ്യം പാടില്ല പക്ഷേ ഇന്നത്തെ സ്ഥിതിയിതാണോ?

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

ബ്രിട്ടീഷാധിപത്യപ്രതിഷ്ഠാശ്രമങ്ങൾക്കെതിരെ, ഇൻഡ്യയിൽ ആദ്യമായി സിംഹനാദമുയർത്തിയ രക്തസാക്ഷിയാണല്ലോ വേലുത്തമ്പിദളവ അദ്ദേഹത്തിന്റെ പേരുപോലും കേൾക്കാത്ത 'വിദഗ്ദ്ധ' ചരിത്ര പണ്ഡിതന്മാർ വടക്കെയിൻഡ്യയിലെ പ്രമുഖ സർവ്വകലാശാലകളിലുള്ള ചരിത്രവകുപ്പുകളിൽ ഉന്നതപീഠങ്ങളിലുപവിഷ്ടരായിട്ടുണ്ടെന്ന് നേരിട്ടു പല സന്ദർഭങ്ങളിൽ അറിയാൻ സാധിച്ചിട്ടുണ്ട്, ഈ ലേഖകന്. പഴശ്ശിയുടെ കാര്യം ഇതിലും പരുങ്ങലിലാണ്. തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണ്ണാടകം എന്നിവിടങ്ങളിലെയും എത്രയെത്ര ധീരദേശാഭിമാനികൾ വിസ്മരിക്കപ്പെടുന്നു. ഇവരിൽ പ്രമുഖരുടെ പേരിലെങ്കിലും ഇൻഡ്യയുടെ തലസ്ഥാനത്തെ സ്മാരകങ്ങൾക്ക് സ്ഥലം കിട്ടിയിട്ടുണ്ടോ? ഈ ദുഃസ്ഥിതി ബോധപൂർവ്വം പരിഹരിക്കേണ്ടതാവശ്യമല്ലേ? അതേസമയം ചില ചില്ലറക്കാരുടെ പേരിലുള്ള സ്മാരകങ്ങൾ എത്രയെത്രയാണ് ചെയ്തിരിക്കുന്നതു്!

ഒരു മഹാ പ്രസ്ഥാനമായി കോൺഗ്രസ് വളരാനാരംഭിച്ച കാലത്തു്, അതിന്റെ അദ്ധ്യക്ഷപദം അലങ്കരിച്ച ഒരു കേരളീയനുണ്ട്. കോൺഗ്രസ്സിന്റെ പതിമൂന്നാം വാർഷികം അമരാവതിയിൽ 1897—ൽ നടന്നപ്പോൾ, അദ്ദേഹമായിരുന്നു അദ്ധ്യക്ഷൻ. കോൺഗ്രസ് സ്ഥാപകമുഖ്യനായ എ. ഒ. ഹ്യൂമായിരുന്നു അന്നത്തെ സെക്രട്ടറിമാരിൽ ഒരാൾ.

പാലക്കാട്ട്, മങ്കരയിൽ 1857—ൽ പിറന്ന ഈ മഹാൻ നാല്പതാമത്തെ വയസ്സിലാണ് അത്യാദരണീയമായ ആ പദം പൂകിയതു്! മദ്രാസ് ഹൈക്കോടതി ജഡ്ജി, മദ്രാസ് പ്രസിഡൻസി നിയമനിർമ്മാണ സഭാംഗം, സർവ്വകലാശാലയിലെ പ്രധാനപ്പെട്ട കമ്മററികളിലെ മുഖ്യൻ, ആദ്യകാല വർത്തമാനപ്പത്രങ്ങളിൽ പലതിന്റെയും ആരംഭത്തിനു കാരണഭൂതൻ, വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗം —എന്നിങ്ങനെ അദ്ദേഹത്തിന്റെ കഴിവും മഹത്വവും കാണിക്കുന്ന വസ്തുതകളുടെ പട്ടികയെത്രയോ നീട്ടാനൊക്കും. വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ അംഗമാകാൻ മററു രണ്ടു ഭാരതീയർക്കേ സാധിച്ചിട്ടുള്ളു. വേറൊരു മലയാളിക്കും അതു് കിട്ടിയിട്ടുമില്ല.

ഭാരതീയരെ സംസ്ഥാനങ്ങളിൽ മന്ത്രിമാരായി സ്വീകരിക്കണമെന്ന് വൈസ്രോയിയോടും ബ്രിട്ടീഷ്സർക്കാറിനോടും ആദ്യം നിർദ്ദേശിച്ചതു് അദ്ദേഹമായിരുന്നു. ആ അഭിപ്രായം ആദ്യം വൈസ്രോയി അംഗീകരിച്ചില്ല. എന്നാൽ ബ്രിട്ടീഷ്സർക്കാർ സ്വീകരിച്ചു. അങ്ങിനെയാണ് ഭാരതീയരായ മന്ത്രിമാർ ആദ്യം പ്രവിശ്യകളിൽ പ്രത്യക്ഷപ്പെട്ടതു്! ജാലിയൻവാലാബാഗിലെ ഹീന സംഭവത്തെ ലോകശ്രദ്ധയിൽ കൊണ്ടുവന്ന ആദ്യത്തെ വ്യക്തികളിൽ പ്രമുഖനായിരുന്നു ഈ മലയാളി!

ഈ വസ്തുതകളും മററും ഇന്നത്തെ കോൺഗ്രസ്കക്ഷിയിലെ മുന്നണിനേതാക്കന്മാരിലൊരാളിനോട് സംസാരിക്കാൻ സന്ദർഭംകിട്ടി. ഒരു 'ക്വിസ്' നടത്തുന്നതുപോലെ, കഥാപുരുഷനാരാണെന്ന് നേതാവിനോട് ചോദിച്ചു! ഇളിഭ്യച്ചിരിയോടെ അദ്ദേഹം പറഞ്ഞു—''അതൊക്കെയറിഞ്ഞിട്ടെന്തു നേടാൻ?''

സർ സി. ശങ്കരൻനായരു (1857–1934)ടെ കഥയാണിതെന്ന് അറിയിച്ചപ്പോൾ നേതാവിനു ഒരു കൂസലുമുണ്ടായില്ല! മഹാനായ ആ കേരളീയന്റെ സ്ഥാനം ചരിത്രത്തിൽ സുസ്ഥിരവും സുസ്മരണീയവുമായി സ്ഥിതിചെയ്യും. എങ്കിലും എവിടെയും അദ്ദേഹത്തിന്റെ ഒരു സ്മാരകവുമില്ല! കേരളം അദ്ദേഹത്തെ അവഗണിച്ചിരിക്കുന്നു! ഭീമകായന്മാരെ മറ

(ശേഷം 14—ാംപേജിൽ)

01 January 1993

ഫെഡറൽ സംവിധാനത്തിനേററ മുറിവ്

ഇത് എഴുതുന്നയാൾ ഏതെങ്കിലും രാഷ്ട്രീയകക്ഷിയിലെ അംഗമോ, ആരുടെയെങ്കിലും വൈതാളികനോ അല്ല. സാധാരണക്കാരന് സ്വസ്ഥതയോടെ സമാധാനമുള്ള സാമാന്യജീവിതം നയിക്കാനുള്ള അവസരം എന്നും ഇവിടെ നിലവിലുണ്ടാവണമെന്ന് ഉൽക്കടമായി ആഗ്രഹിക്കുന്ന ആൾ. മാനവികതയെ മാനിക്കുന്ന മൂല്യങ്ങൾ ഏതു ദിശയിൽനിന്നു വന്നാലും ഉപാധിയില്ലാതെ സ്വീകരിക്കുന്ന സമൂഹം വേണം ഇവിടെ ശക്തിപ്പെടാൻ എന്നു മോഹിക്കുന്ന ഒരാൾമാത്രം. ഏതെങ്കിലുമൊരു മതത്തിൽക്കൂടിയല്ലാതെ മോക്ഷസിദ്ധിയില്ലെന്നു വിശ്വസിക്കുന്നതുപോലെ വികലമാണ്, ഏതെങ്കിലും രാഷ്ട്രീയ കക്ഷിയിലൂടെ മാത്രമേ സമൂഹജീവിതം ലക്ഷ്യം പ്രാപിക്കുകയുള്ളു എന്ന പ്രത്യയശാസ്ത്രവും.

രാഷ്ട്രീയകക്ഷികളുടെ സങ്കുചിത സമീപനങ്ങളും സ്വാർത്ഥലാഭേച്ഛയും അവർ ഉൽഘോഷിക്കുന്ന തത്ത്വസംഹിതകൾ നിഷേധിക്കുന്ന വൈരുദ്ധ്യത്തിൽ അവരെ എത്തിച്ചിരിക്കുന്നു. മതാനുയായികളെന്ന് കാപട്യം കാണിച്ചു കഴിയുന്നവർക്കും ഇതു തന്നെയാണ് സംഭവിച്ചിരിക്കുന്നത്.

നമ്മുടെ രാജ്യത്തിൻെറ—ഭാരതത്തിൻെറ—നിലനില്പുപോലും ഫെഡറൽ സംവിധാനം ശക്തിപ്പെടുന്നതിനെ യാണാശ്രയിച്ചിരിക്കുന്നത്. എല്ലാവിധത്തിലുമുള്ള വൈവിധ്യം നിലവിലുള്ള മനുഷ്യസമൂഹങ്ങളെ സമന്വയിപ്പിക്കാൻ ഫെഡറലിസത്തിനല്ലാതെ, കേന്ദ്രീകൃത രാഷ്ട്രസംവിധാനത്തിനു സാധിക്കുകയില്ല. ഐക്യത്തിൻെറയും ശക്തിയുടെയും, ദാർഢ്യത്തിൻെറയും ലക്ഷണങ്ങൾ, ആരംഭഘട്ടത്തിൽ പ്രദർശിപ്പിക്കുമെങ്കിലും അതിൽതന്നെ അന്തർലീനമായിരിക്കുന്ന വൈരുദ്ധ്യങ്ങളുടെ ഭാരത്തിൽ കേന്ദ്രീകൃതവ്യവസ്ഥ തകർന്നു വീഴും. ഇതിന് ഏററവും ഒടുവിലുണ്ടായ ഉദാഹരണമാണ് സോവിയററ് യൂണിയൻെറ തകർച്ച. ഇതപര്യന്തം ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലെയും അനുഭവങ്ങൾ ഇതുതന്നെയാണ് തെളിയിക്കുന്നത്.

കഴിഞ്ഞ കുറെ ആഴ്ചകളിൽ ഇവിടെയുണ്ടായ സംഭവപരമ്പരകൾ ഈ പശ്ചാത്തലത്തിൽ മാത്രമേ വിവേകികൾക്ക് വിലയിരുത്താൻ സാധിക്കൂ. മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഹിമാചലപ്രദേശ്, ഉത്തരപ്രദേശ് എന്നിവിടങ്ങളിലെ സക്കാരുകളെ ഒരുത്തരവിലൂടെ റദ്ദാക്കി! അതിലും കഠിനമായ കാര്യം, ജനാധിപത്യാടിസ്ഥാനത്തിൽ, പ്രായപൂർത്തിവോട്ടവകാശത്തിലൂടെ അവിടങ്ങളിൽ നിലവിൽവന്ന നിയമസഭകളുടെ നിരാകരണമാണ്. 253,887,928 മൊത്തംവരുന്ന ജനങ്ങളുടെ, സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വകവുമായ, ഭരണഘടനാവകാശവും അധികാരവുമുപയോഗിച്ച്, രൂപീകരിച്ച നിയമസഭകളാണ് ഒററയടിക്ക് ഇല്ലാതാക്കിയത്! ഇത്രയും ജനങ്ങളെന്നു പറഞ്ഞാൽ ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 30–35 ശതമാനമാണ് (1991–ലെ കണക്ക്) കേന്ദ്രത്തിൽ ഭരണം നടത്തുന്ന ഒരു ന്യൂനപക്ഷ സർക്കാരിൻെറതാണ് നടപടി!

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

സർക്കാരുകളുടെയും നിയമസഭകളുടെയും പിരിച്ചുവിടലിൻെറ കാരണം പറഞ്ഞിട്ടുള്ളത്, അതതു സംസ്ഥാനങ്ങളിലെ നിയമസമാധാനപരിപാലനത്തകർച്ചയാണ്. അവിടങ്ങളിലുണ്ടായവിധത്തിലുള്ള സംഭവങ്ങൾ, അതേകാലത്ത് മഹാരാഷ്ട്രം, ഗുജറാത്ത്, ആസ്സാം, പശ്ചിമബംഗാൾ എന്നിവിടങ്ങളിലുമുണ്ടായി. കൊലപാതകം, കൊള്ളിവയ്പ്, അക്രമങ്ങൾ എന്നിവയിലൂടെ മരിക്കുകയും പരിക്കേൽക്കുകയും ചെയ്തവരുടെ കണക്കുകൾ, അധികാരികൾ നൽകിയതായി പറഞ്ഞ്, പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

കണക്കുകളുടെ അടിസ്ഥാനത്തിൽ നിയമസമാധാനപരിപാലനത്തകർച്ചയുണ്ടായ സംസ്ഥാനങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനം മഹാരാഷ്ട്രത്തിനാണ്. പിന്നെ മുറയ്ക്ക് ഗുജറാത്ത്, ആസ്സാം, പശ്ചിമബംഗാൾ എന്നിങ്ങനെയും. പ്രക്ഷുബ്ധകേന്ദ്രമെന്ന് വിവരിച്ചുകാണിക്കുന്ന അയോദ്ധ്യയിലും, അത് സ്ഥിതിചെയ്യുന്ന ഉത്തരപ്രദേശത്തുമാണ് അക്രമങ്ങളുടെ എണ്ണം താരതമ്യേന ഏററവും കുറവ്! ഇത് കണക്കുകൾ കാണിക്കുന്ന കഥയാണ്! പക്ഷേ അവിടങ്ങളിലെ സർക്കാരും നിയമസഭയും ഇന്നും ആരോഗ്യത്തോടെ വർത്തിക്കുന്നു! താരതമ്യേന, അക്രമങ്ങളുടെ എണ്ണം കുറവുകാണിക്കുന്ന, ഉത്തരപ്രദേശം, രാജസ്ഥാൻ, മദ്ധ്യപ്രദേശം, ഹിമാചൽപ്രദേശം—എന്നീ സംസ്ഥാനങ്ങളിലെ നിയമസഭകൾ നിലവിലില്ല!

നമ്മുടെ ഭരണഘടനയിലെ വ്യവസ്ഥകൾപ്രകാരം, രാഷ്ട്രപതിക്കും ഗവർണ്ണർമാർക്കും, സ്വാഭിപ്രായാടിസ്ഥാനത്തിൽ വിവേചനാധികാരമൊന്നും നല്കിയിട്ടില്ല. രണ്ടുപേരും കൃത്യങ്ങളനുഷ്ഠിക്കേണ്ടത് മന്ത്രിസഭയുടെ ഉപദേശമനുസരിച്ചു മാത്രം. എല്ലാ അർത്ഥത്തിലും, തികച്ചും, വ്യവസ്ഥാപിത ഭരണാധികാരം മാത്രമേ അവർക്ക് പ്രയോഗിക്കാനൊക്കൂ. ചില്ലറക്കാര്യങ്ങളിൽപോലും ഇപ്രകാരം കർത്തവ്യം അനുഷ്ഠിക്കുന്ന ഗവർണ്ണർക്ക്, സർവ്വസംഹാരശക്തിയുള്ള ഉപദേശം കേന്ദ്രത്തിന് കൊടുക്കാൻ എങ്ങിനെ സാധിക്കും? ഭരണഘടനയിലെ വ്യവസ്ഥാപിതാധികാരങ്ങളും ഇതും എങ്ങിനെ പൊരുത്തപ്പെടും? മറെറാരുപ്രധാനപ്പെട്ട കാര്യംകൂടിയുണ്ട്. ഭൂരിപക്ഷത്തിൻെറ സംശയലേശമില്ലാത്ത ഒരു കക്ഷി രൂപീകരിച്ചിട്ടുള്ളതാണ് അവിടങ്ങളിലെ സക്കാരുകൾ. ആ കക്ഷി നിയമസഭകളിൽ ഭൂരിപക്ഷം നിലനിർത്തുന്നുമുണ്ട്. ഈ സാഹചര്യത്തിൽ വ്യവസ്ഥാപിത ഗവർണ്ണർക്ക് എന്ത് സ്വാഭിപ്രായ സാഹചര്യം? നിയമജ്ഞന്മാരുടെ നിശിതമായ ചിന്തയ്ക്ക് വിധേയമാകേണ്ട അവസ്ഥയല്ലേ ഇത്?

പുതിയ പരിതസ്ഥിതിയിൽ, വീണ്ടും ജനവിധി നേടാൻ നിർദ്ദേശിച്ചുകൊണ്ടാണ് നിയമസഭകൾ പിരിച്ചുവിടുന്നതെന്നു പറഞ്ഞിരുന്നെങ്കിൽ അല്പമെങ്കിലും ന്യായീകരണമുണ്ടാകുമായിരുന്നു. ഫെഡറേഷനിലെ, ഒന്നല്ല, നാലു ഘടകങ്ങളെ ഒന്നിച്ച്, ഉത്തരവുകളിലൂടെ ഇല്ലായ്മ ചെയ്യുന്നത് ഫെഡറൽ സംവിധാനത്തെ കടന്നാക്രമിക്കുക മാത്രമാണ്. കുറെക്കാലംമുമ്പ് അടിയന്തരാവസ്ഥാപ്രഖ്യാപനമുണ്ടായപ്പോഴും ഇതുതന്നെയാണ് സംഭവിച്ചത്. വിവേകവും യുക്തിയും വികാരവിക്ഷോഭത്തിന് കീഴടങ്ങുന്നതാണ് രണ്ടിലും കാണുന്നത്.

നാലു സംസ്ഥാനങ്ങളിലെ നിയമസഭകളെ നിരാകരിച്ചതിന് കൂട്ടു നിൽക്കുകയും കയ്യടിച്ചു പ്രോത്സാഹിപ്പിക്കുകയും ചെയ്തവർ, അവരവരുടെ സ്വാർത്ഥ രാഷ്ട്രീയ താല്പര്യങ്ങളും ലക്ഷ്യങ്ങളും നോക്കിയതെന്നല്ലാതെ, പരിപാവനമായ ഫെഡറൽ സംവിധാനത്തിൻെറ സംരക്ഷണത്തിൽ ആത്മാർത്ഥത പ്രദർശിപ്പിച്ചില്ല. കക്ഷിരാഷ്ട്രീയത്തിൻെറ കഠാരയേററു വീണത് കുറെ സംസ്ഥാനങ്ങളിലെ സർക്കാരുകളല്ല, ഭാരതത്തിൻെറ നിലനിൽപ്പുറപ്പ് വരുത്തേണ്ട ഫെഡറൽ വ്യവസ്ഥയാണ്. അതിൽമുറിവേല്പിച്ചവരുടെയും അതു കണ്ടുകൊണ്ടു മിണ്ടാതിരുന്നവരുടെയുംകൈകളിൽ ചോര പുരണ്ടിട്ടുണ്ട്.

10 January 1993

സ്മാരകം കേരളീയ ജ്യോതിശാസ്ത്രജ്ഞന്

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

തിരുവനന്തപുരത്ത് ഒരു കൃത്രിമനഭോമണ്ഡല നിലയം—പ്ലാനറേറിയം— 1993 ൽ പ്രവർത്തനക്ഷമമാകുമെന്ന്, ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടർ ഡോ: സി. എച്ച്. അബ്ദുൾബുഖാരി ഇയ്യിടെ പ്രസ്താവിക്കുകയുണ്ടായി. ഏതാണ്ട് നാലരക്കോടി രൂപ ചിലവഴിച്ച് അത്യന്താധുനിക സജ്ജീകരണങ്ങളോടു കൂടിയാണത് തയ്യാറാകുന്നത്. ഈ പദ്ധതിയനുസരിച്ച് ഒന്നാമത്തെ സങ്കേതം പട്നയിലും, രണ്ടാമത്തേത് ഇവിടെയുമാണ്. പട്നയിലേതിന്റെ പേര് ഇന്ദിരാഗാന്ധി സ്മാരക പ്ലാനറേറിയമെന്നും, തിരുവനന്തപുരത്തേതിന്റേത് പ്രിയദർശിനി എന്നുമായിരിക്കുമെന്നാണ് ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

ഈ വിധത്തിലുള്ള നിലയത്തിന് സർവ്വഥാ അർഹമാണ് അനന്തപുരി. ഇൻഡ്യയിലെ ആദ്യത്തെ ആധുനിക നക്ഷത്രബംഗ്ലാവ്, കൊല്ലവർഷം 1012-ൽ സ്വാതിതിരുനാൾ മഹാരാജാവ് ഇവിടെ സ്ഥാപിച്ചു. ആലപ്പുഴയിൽ ഒരു വാണിജ്യപ്രതിനിധിയായിരുന്ന കാൾഡികാട്ട് എന്ന സായിപ്പിന്റെ വാനനിരീക്ഷണ പ്രയത്നങ്ങൾ കണ്ടപ്പോഴാണ് നക്ഷത്രബംഗ്ലാവ് സ്ഥാപിക്കാനുള്ള താല്പര്യം മഹാരാജാവിനുണ്ടായത്. തിരുവനന്തപുരത്ത് അത് തുടങ്ങിയപ്പോൾ കാൾഡികാട്ടിനെത്തന്നെയാണ് ചുമതലക്കാരനാക്കിയതും. 1013-ൽ രണ്ടു ആധുനിക ദൂരദർശിനികൾ വാങ്ങിച്ചതിന്റെ രേഖകളുണ്ട്.

ബൃഹത്തായ പുരാതന ജ്യോതിശാസ്ത്രപാരമ്പര്യം കേരളത്തിനുണ്ട്. ക്രിസ്തുവർഷം നാലാം ശതകത്തിൽ ജീവിച്ചിരുന്നതായി അനുമാനിക്കപ്പെടുന്ന വരരുചിയാണ് കേരളീയ ജ്യോതിശാസ്ത്രത്തിന്റെ ആദിമാചാര്യൻ. അദ്ദേഹത്തിന്റെ ജീവിതകാലം 343–378 ആണെന്ന് കരുതുന്നു. ആര്യഭടൻ കേരളീയനായിരുന്നു എന്നാണ് പൊതുവെയുള്ള വിശ്വാസം. അദ്ദേഹത്തിന്റെ ആധികാരികമായ ''ആര്യഭടീയം'' രചിച്ചത് എ ഡി. 522-ൽ ആണെന്നത്രെ കണക്കാക്കപ്പെടുന്നത്. 1966 വരെ കിട്ടിയിട്ടുള്ള, ആര്യഭടീയത്തിന്റെ കയ്യെഴുത്തുപ്രതികളിൽ, 120 ൽ 85 എണ്ണവും കേരളപ്രദേശത്തു നിന്നു കണ്ടെടുത്തിട്ടുള്ളവയത്രേ! ഇവിടെ നേടിയിട്ടുള്ള പ്രചാരം അതിന് ഭാരതത്തിന്റെ മറ്റൊരിടത്തുമില്ല. ഏറ്റവും കൂടുതൽ ഭാഷ്യങ്ങൾ അതിനുണ്ടായിട്ടുള്ളതും കേരളത്തിൽതന്നെ. സൂര്യദേവൻ (1191–1250) പരമേശ്വരൻ (1360–1455) നീലകണ്ഠസോമയാജി (1444–1545) കൊച്ചുകൃഷ്ണനാശാൻ (1756–1812) തുടങ്ങിയവരുടെ ഭാഷ്യങ്ങൾ എടുത്തുപറയട്ടെ. ഇപ്പറഞ്ഞവരെല്ലാം തനതായ ജ്യോതിശാസ്ത്രനേട്ടങ്ങളുടെ ഉടമസ്ഥരുമാണ്.

സ്വതസിദ്ധമായ പ്രത്യേകത, സ്വാത്മകത(ഒറിജിനാലിററി), പുരോഗതി തുടങ്ങിയ മേന്മകൾ അവകാശപ്പെടാവുന്ന 402 കൃതികളോളം, ജ്യോതിശാസ്ത്രം, ഗണിതം (മാത്തമാററിക്സ്) എന്നീ വിഷയങ്ങളിൽ കേരളീയ പണ്ഡിതന്മാരുടെതായിട്ടുണ്ട്. ഇവയിൽ എൺപതു കൃതികൾ ശുദ്ധമായ ജ്യോതിശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്നവയാണ്. ഗ്രഹണങ്ങൾ തുടങ്ങിയവ പ്രതിപാദിക്കുന്നവയാണ് 34 എണ്ണം. തനി ഗണിതശാസ്ത്രവിഷയങ്ങളാണ് 28 കൃതികളിലുള്ളത്!

ഹരിദത്തൻ (C. 650–700) ഗോവിന്ദസ്വാമി (800–850) ശങ്കരനാരായണൻ (825–900) തുടങ്ങിയവരുടെ പേരുപോലുമറിയാത്തവരാണ് നമ്മുടെ സർവ്വകലാശാലയിലെ അധികം യു. ജി. സി. പ്രൊഫസറന്മാർ പോലും! ഉള്ളൂരിന്റെ കേരള സാഹിത്യ ചരിത്രം, വടക്കുംകൂറിന്റെ കേരളീയ സംസ്കൃത സാഹിത്യചരിത്രം, നാരായണപണിക്കരുടെ കേരളസാഹിത്യചരിത്രം തുടങ്ങിയ കൃതികളിൽ അവരെപ്പററിയുള്ള പരാമർശനങ്ങൾ അവിടവിടെയുണ്ട്. ആധികാരികതയോടെ ഈ വിഷയം അതിവിദഗ്ധമായി ശ്രീ. കെ. വി. ശർമ്മയുടെ അസാധാരണമായ കൃതിയിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യം ഇവിടെ എടുത്തുപറയട്ടെ. (A History of the Kerala School of Hindu Astronomy–1972)

കേരളീയ ജ്യോതിശാസ്ത്രജ്ഞന്മാരുടെ കൃതികളും അവയുടെ ഭാഷ്യങ്ങളും അറിവിൽ പെടാതെയും പ്രയോജനപ്പെടുത്താതെയും കിടക്കുകയാണിന്ന്. പ്രാചീന കയ്യെഴുത്തുപ്രതിയെന്ന നിലവിട്ട് അവയധികവും പ്രചാരത്തിലെത്തിയിട്ടില്ല. സംരക്ഷിത ഗ്രന്ഥശേഖരങ്ങളിൽ പൂട്ടിക്കിടക്കുകയാണവ. മൈക്രോഫിലിം ചെയ്തും മററും സർവ്വകലാശാലകളുടെ സങ്കേതങ്ങളിലെങ്കിലും അവ ലഭ്യമാക്കാൻ നടപടികളൊന്നുമുണ്ടാകുന്നില്ല. കൃതികൾ മിക്കതും സംസ്കൃതത്തിലോ പ്രാചീന മലയാളത്തിലോ ആണ്. പ്രത്യേക പാണ്ഡിത്യമില്ലാത്തവർക്ക് അവയെ സമീപിക്കാൻ പോലും സാധിക്കുന്നില്ല.

നമ്മുടെ വിവിധ വിഷയങ്ങളിലുള്ള വിജ്ഞാനവിജയം വിളംബരംചെയ്തിട്ടുള്ള പൂർവ്വസൂരികളുടെ പേർ, ഓർമ്മിക്കാനെങ്കിലുമുള്ള താല്പര്യം നമുക്കുണ്ടാകണം. അതിന്റെ ആദ്യപടിയാണ്, തത്സംബന്ധമായ പുതിയ സ്ഥാപനങ്ങളുണ്ടാകുമ്പോൾ, അവയ്ക്കിടേണ്ട പേരുകൾ. സ്ഥാപനമേതായാലും കുറെ രാഷ്ട്രീയക്കാരുടെ നാമം മാത്രമേ നമ്മുടെ 'വിദ്വാന്മാർ' ഇതിന് ഓർമ്മിക്കാറുള്ളു. രാഷ്ട്രീയ സ്ഥാപനങ്ങൾക്ക്, രാഷ്ട്രീയക്കാരുടെതും, സാംസ്കാരിക സ്ഥാപനങ്ങൾക്ക് സംസ്കാരചരിത്രത്തിലെ പ്രമുഖർക്കും, കായികവിനോദകേന്ദ്രങ്ങൾക്ക് അംഗീകാരം നേടിയ കായിക താരങ്ങൾക്കും പ്രത്യേകം പ്രത്യേകമുള്ള ശാസ്ത്രസങ്കേതങ്ങൾക്ക് അതതു വിഷയത്തിൽ മികച്ച സംഭാവനകൾ നൽകിയവർക്കും, സാഹിത്യ പ്രധാനങ്ങളായ സ്ഥാപനങ്ങൾക്ക് സാഹിത്യാചാര്യന്മാരുടെയും പേരു നൽകുന്നതല്ലേ ഉചിതവും ആകർഷകവും? ഇന്ന് എന്തുണ്ടായാലും, ചിലരുടെ പേരുകൾ അതിലൊട്ടിച്ചുവയ്ക്കാൻ, വിവരമില്ലാത്തവർ കാണിക്കുന്ന വ്യഗ്രത കണ്ടാൽ ആർക്കാണ് ലജ്ജ തോന്നാത്തത്? കൊള്ളരുതായ്മകളിലൂടെ, ആവുന്നത്ര തിരിമറികൾ നടത്തി, അധികാര സ്ഥാനത്തെത്തുന്നവർക്കാണ് ഇങ്ങനെയുള്ള ആവേശം അധികമായിട്ടുള്ളത്. അജ്ഞതയും അല്പത്തരവുംകാട്ടുന്ന ഇത്തരക്കാരാണ് വിധികർത്താക്കളായിത്തീരുന്നത് ഇക്കാര്യത്തിലും!

തിരുവനന്തപുരത്തു തുടങ്ങുന്ന കൃത്രിമ നഭോമണ്ഡലനിലയത്തിന്റെപേര്, കേരളീയനായ ഒരു ജ്യോതിശാസ്ത്രജ്ഞന്റെതായിരുന്നാൽ അതിന് അതിന്റേതായ അന്തസ്സും ആഭിജാത്യവും സിദ്ധിക്കുമെന്നു തീർച്ചയാണ്. വരരുചി, ആര്യഭടൻ, ഹരിദത്തൻ, പരമേശ്വരൻ— എന്നിങ്ങനെ എത്രയോ പേരുണ്ട് സമാദരണീയരായവരായിട്ട്! ഇവിടത്തെ 'ബുദ്ധി'ജീവികൾക്ക് ഇതിനെക്കുറിച്ചൊന്നും പറയാനില്ലേ? അതോ, ഇവിടെ 'ജീവിക'ളേയുള്ള 'ബുദ്ധി'യില്ലെന്നുവരുമോ?

കാത്തിരിക്കാം നമുക്ക്, കൂത്തു കാണാൻ!

31 January 1993

വികലമായ വിലയിരുത്തൽ

ഉന്നത പ്രതിഭകളെ (മനഃപൂർവ്വം?) മറന്നിട്ട് അല്പന്മാരെ ''ഹിറോക''ളായി എഴുന്നള്ളിച്ചു നടക്കുന്നതാണ് ഇന്നു രാഷ്ട്രീയത്തിലും സാംസ്കാരിക രംഗത്തും ധാരാളമുള്ള കാഴ്ച. തല്ക്കാലത്തെ നേട്ടത്തിനാണ് രാഷ്ട്രീയത്തിൽ എന്നും മുൻഗണന ലഭിക്കുന്നത്. എന്നാൽ സാംസ്കാരിക രംഗത്ത് പ്രസക്തിയും പ്രാധാന്യവുമുള്ളത് സ്ഥായിയായ കാര്യങ്ങൾക്കാണ്. ഇതു വിസ്മരിച്ച് രാഷ്ട്രീയക്കാരുടെ രീതി സാംസ്കാരികമണ്ഡലത്തിൽ പ്രയോഗിക്കുമ്പോഴാണ് മുമ്പു സൂചിപ്പിച്ച വികല്പം വന്നു കൂടുന്നത്. ഇത് ദൂരവ്യാപകമായ വിപത്തു വരുത്തുമെന്നു മുന്നറിയിപ്പു നൽകുന്നവരെ മൂരാച്ചികളായി ആക്ഷേപിക്കാനായിരിക്കും രാഷ്ട്രീയക്കാരനു താല്പര്യം.

തനതായ സംസ്കാരത്തിനു വിലപ്പെട്ട സംഭാവന ചെയ്തവരെ വിസ്മരിക്കുമ്പോൾ, പരോക്ഷമായി ചരിത്രത്തെ വിരൂപണ വിധേയമാക്കുകയാണ് (distort) ചെയ്യുന്നത്. അർഹതയുള്ളതിന്റെ ഔന്നത്യമംഗീകരിക്കാതെ, അഗണ്യമായതിൽ മഹത്വമാരോപിച്ച് പർവ്വതീകരിക്കാൻ ശ്രമിക്കുമ്പോൾ ഇത് ബീഭത്സമായ പ്രവർത്തനമായിത്തീരും. ഈ വിധത്തിൽ പിൻതള്ളിയിരിക്കുന്നവരുടെ സംഖ്യ വളരെ വലുതാണെന്നേ ഇവിടെ പറയുന്നുള്ളു.

വടക്കുംകൂർ രാജരാജവർമ്മയെന്ന അസാധാരണ പണ്ഡിതന്റെ ജന്മശതാബ്ദിയാചരിക്കാൻ തിരുവനന്തപുരത്ത് ചിലപരിപാടികൾ ഇയ്യിടെ ഏർപ്പാടു ചെയ്യുകയുണ്ടായി. പ്രസക്തവും അത്യുചിതവുമായ ഈ സൽകൃത്യം സംവിധാനം ചെയ്തവരെ എത്ര പ്രശംസിച്ചാലും അധികമാകുകയില്ല. ബഹുജന മാദ്ധ്യമങ്ങൾ, ഉത്സവമായി സ്വീകരിക്കേണ്ടിയിരുന്ന ഈ കാര്യം, അവരുടെ വികല്പ വിലയിരുത്തലുകളാലാവാം, പൂർണ്ണമായി വിട്ടുകളഞ്ഞു! അതേ സമയം അമിതപ്രാമാണ്യമാരോപിച്ച് അരങ്ങേറിയിട്ടുള്ള എത്ര ആഘോഷങ്ങളാണ് ആർത്തിയോടെ അവർ ''ആഹരിച്ച''ത്! വാണിജ്യവൽക്കരിക്കപ്പെട്ട ബഹുജനമാദ്ധ്യമങ്ങളിൽനിന്ന് ഇതേ പ്രതീക്ഷിക്കേണ്ടതുള്ളു.

മൂന്നു വാല്യങ്ങളിലുള്ള കേരളീയ സംസ്കൃത സാഹിത്യചരിത്രം, കേരള സാഹിത്യചരിത്രം—ചർച്ചയും പൂരണവും, സാഹിത്യ മഞ്ജൂഷിക—മൂന്നു ഭാഗങ്ങൾ, സാഹിതീസർവ്വസ്വം—തുടങ്ങി എത്രയാണ് അദ്ദേഹം കേരളീയക്ക് കൊടുത്ത നിധികൾ! സാഹിത്യവിമർശനസരണിയിൽ അദ്ദേഹത്തിന്റെ സവ്യസാചിത്വം കണ്ടറിഞ്ഞിട്ടുള്ള സാഹിത്യപണ്ഡിതന്മാർ ഇവിടെ എത്രയുണ്ട്? പഴയമാനദണ്ഡങ്ങൾ പരിത്യജിക്കാൻ കൂട്ടാക്കിയില്ലെന്ന പാപമേ വടക്കുംകൂർ ചെയ്തിട്ടുള്ളു. രാഘവാഭ്യുദയം, രഘുവീരവിജയം, ഉത്തരഭാരതം—എന്നിവയാണ് മഹാകാവ്യങ്ങൾ. സാഹിത്യഗവേഷണത്തിൽ അദ്ദേഹത്തിന്റെ വിലപ്പെട്ട സംഭാവനകൾ ഉള്ളൂർ തുടങ്ങിയവർ സംശയരഹിതമായംഗീകരിച്ചിട്ടുണ്ട്. വടക്കുംകൂറിന്റെ ഇങ്ങനെയുള്ള വിലപ്പെട്ട സമ്പത്തുകളിൽ തൊട്ടുനോക്കിയിട്ടില്ലാത്ത മലയാളം വകുപ്പദ്ധ്യക്ഷന്മാരാണ്, ഗ്രാൻറ്സ് കമ്മിഷന്റെ ശുപാർശപ്രകാരമുള്ള ശമ്പളം പററി, നമ്മുടെ മഹാവിദ്യാലയങ്ങളിൽ ഇരുപ്പുറപ്പിച്ചിരിക്കുന്നത്! ഇതാണേററവും വലിയ വിപര്യയം!

ഉള്ളൂരിന്റെ സാഹത്യചരിത്രംപോലെയുള്ള ഒരു മഹാദീപസ്തംഭമാണ് തമ്പുരാന്റെ കേരളീയ സംസ്കൃതസാഹിത്യചരിത്രവും ആധികാരികങ്ങളായ പല വസ്തുതകൾക്കു വേണ്ടി ഉള്ളൂർ, സംസ്കൃതചരിത്രത്തെ ആശ്രയിച്ചിട്ടുമുണ്ട്.

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

കേരള സംസ്കാരത്തെ സമ്പന്നമാക്കിയ രണ്ടു മഹാപ്രവാഹങ്ങളാണല്ലോ മലയാളവും സംസ്കൃതവും. ഭിന്നസങ്കേതങ്ങളിൽ ഉൽഭവിച്ച് സ്വതന്ത്രപഥങ്ങളിലൂടെയൊഴുകി, പിന്നെ ഒന്നച്ച് ഒരൊററ ദിവ്യപ്രവാഹമായി തീരസമതലങ്ങളിൽ ഐശ്വര്യത്തിന്റെ വിളഭൂമികൾ പരുത്തിയൊഴുകുന്ന മഹാഗംഗയെപ്പോലെയാണ് മലയാളവും സംസ്കൃതവും ഇവിടത്തെ ജനജീവിതത്തെ സമ്പന്നമാക്കിയത്. കേരള സംസ്കാരത്തെക്കുറിച്ചു പറയുമ്പോൾ അവയ്ക്ക് രണ്ടിനുമുള്ള പ്രാമാണ്യമംഗീകരിച്ചേ പററൂ. വടക്കുംകൂറിന്റെയും ഉള്ളൂരിന്റെയും ചരിത്രങ്ങൾക്ക് തുല്യപ്രാധാന്യമുണ്ടെന്നർത്ഥം.

കേരളചരിത്രവും കേരള സംസ്കാരചരിത്രവും ''ആധികാരികമായി'' ഇവിടെ ചിലരൊക്കെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രമുഖരെന്നു കയ്യടി നേടുന്ന ചിലർ രചിച്ചിട്ടുള്ള ഇത്തരം ''പ്രാമാണിക'' ചരിത്രങ്ങളിൽ വടക്കുംകൂറിന്റെ പേരുപോലും പറഞ്ഞിട്ടില്ലെന്നുള്ളതാണ് മഹാത്ഭുതം! വിശ്വസിക്കാൻ വിഷമമുള്ള അവസ്ഥയാണിത്. അതിശയോക്തിയല്ലെന്നു വിശ്വാസം വരുത്താൻ അത്തരം കൃതികൾ വായനക്കാർ സ്വയം പരിശോധിക്കുക! ഇതിൽ കവിഞ്ഞൊരു തത്വദീക്ഷയില്ലാത്ത ചരിത്രനിർമ്മാണമുണ്ടോ? ചരിത്രഗ്രന്ഥങ്ങളിൽ പരക്കെ വ്യാപിച്ചിരിക്കുന്ന ഇത്തരം മലിനീകരണമാണ് മറേറതിനെക്കാളുമപൽക്കരം.

മഹാപണ്ഡിതനായിരുന്നെങ്കിലും എളിമയുടെയും സ്വഭാവനൈർമ്മല്യത്തിന്റെ മാതൃകയായിരുന്നു ആ മഹാമനുഷ്യൻ. അദ്ദേഹത്തെ പരിചയപ്പെടാനും, ഒപ്പം കുറെയേറെ സമയം കഴിയാനും ആശയവിനിമയം നടത്താനും ഈ ലേഖകനു സാധിച്ചിട്ടുണ്ട്. ''നമ്മുടെ ഭരണഘടന''—എന്ന എന്റെ പുസ്തകത്തിന്റെ ഒരു പ്രതി അദ്ദേഹത്തിനു സമർപ്പിച്ചതു് ഒരു കാണിക്കയായിട്ടായിരുന്നു. എങ്കിലും വാത്സല്യപൂർവ്വം, ആ പുസ്തകത്തെപ്പററി പിന്നീട് എഴുതിയയച്ചു. ജീവിതത്തിലെ അനർഘങ്ങളായ എന്റെ അനുഭവങ്ങളിൽ ഒന്നാണ്, വടക്കുംകൂറുമായിട്ടുണ്ടായ സമ്പർക്കം.

1891 നവംബർ 27—ാം തീയതി വൈക്കത്തു ജനിച്ച്, ജീവിതകാലം മുഴുവൻ സാഹിത്യത്തിനു സമർപ്പിച്ച് തപസ്യയനുഷ്ഠിച്ച ആ മഹാമനുഷ്യൻ 1970 ഫെബ്രുവരി 28 നു ഇഹലോകവാസം വെടിഞ്ഞു. നാലു മഹാവിദ്യാലയങ്ങൾ—സർവ്വകലാശാലകൾ — കേരളത്തിലിന്നുണ്ട്. എന്നാൽ കേരള സംസ്കാരചരിത്രത്തിലെ ഏററവും മഹാനായ വടക്കുംകൂറിന്റെ പേരുപോലും പരാമർശിക്കുന്നവർ, അവിടത്തെ രമ്യഹർമ്മ്യങ്ങളിൽ അത്യപൂർവ്വമായിട്ടേ സ്ഥാനം പിടിക്കാറുള്ളു!

ഇതൊക്കെ പറഞ്ഞുപോയതു നമ്മുടെ വിവേചനശേഷിക്കു പിണഞ്ഞിരിക്കുന്ന വികല്പത്തെക്കുറിച്ച് ഓർമ്മപ്പെടുത്താൻ മാത്രമാണ്. നമ്മുടെ പൈതൃകത്തിന്റെ സ്വഭാവത്തെക്കുറിച്ച് സത്യസന്ധമായ സംഗതികൾ കാണിച്ചുതന്നിട്ടുള്ളവരെ മറക്കുന്നത്, സത്യമായ ഭാഷയിൽ പറഞ്ഞാൽ, നന്ദികേടാണ്! ഇതിനെതിരെ മനഃപൂർവ്വം പൊരുതിയേ പററൂ. ചില നിക്ഷിപ്ത താല്പര്യങ്ങൾ സംരക്ഷിക്കാൻ, സാധിക്കാൻ, അല്പന്മാരുടെ തലയിൽ കിരീടമണിയിക്കാൻ പ്രയത്നിക്കുന്നവരെ ഒററപ്പെടുത്തണം. ഒഴിച്ചുനിർത്തണം. അത്തരക്കാർക്കു അരങ്ങ് ഒഴിഞ്ഞുകൊടുക്കുന്നതു അപകടമാണ്.

പുതിയ കസർത്ത്

യൂണിയൻ മന്ത്രിസഭയിൽ നിന്നും ഒരു സംസ്ഥാന മന്ത്രിസഭയിൽനിന്നും ഉന്നതരായ രണ്ടു വ്യക്തികൾ അപവാദച്ചുമട്ടുമെടുത്ത് പുറത്തായ വസ്തുത ഏറെ ജനശ്രദ്ധയാകർഷിച്ചിട്ടുണ്ട്. രണ്ടുപേരും കോൺഗ്രസ് കക്ഷിയിലെ പ്രമുഖന്മാരുമാണ്. രണ്ടുപേരും രാജിവെച്ചാണ് സ്ഥാനമൊഴിഞ്ഞത്. രണ്ടു തരത്തിലുള്ള അപവാദങ്ങളാണ് അതിനു കാരണമായത്. ആദ്യത്തെയാൾ വകുപ്പിന്റെ സ്വതന്ത്രച്ചുമതല വഹിച്ചിരുന്ന സ്റ്റേററു (സഹ) മന്ത്രി. മറേറയാൾ സംസ്ഥാനത്തെ മുഖ്യമന്ത്രി. രണ്ടുപേരും അവർക്കെതിരായുണ്ടായ സമ്മർദ്ദങ്ങളെ ചെറുത്ത്, സ്ഥാനം വിടാതിരിക്കാൻ ആവുന്നത്ര നോക്കിയെങ്കിലും, ഒടുവിൽ രാജിവച്ചു തൊലിരക്ഷിക്കുന്നതാണു ചിതമെന്നു കണ്ടതിനാൽ അപ്രകാരം ചെയ്തു.

ഓഹരി തട്ടിപ്പിന്റെ കുരുക്കിൽപെട്ട് കസേര നഷ്ടപ്പെട്ടയാളിനെപ്പററി ആദ്യം ചിലതു ചിന്തിക്കാം. അഖിലേന്ത്യാ പ്രസക്തിയുള്ള കാര്യമായതുകൊണ്ട് ഇവിടെ മാത്രമല്ല പുറരാജ്യങ്ങളിലും അത് തരംഗമുയർത്തിയിട്ടുണ്ട്. ആരോപണ വിധേയമായ കമ്പനിയിൽ അദ്ദേഹത്തിനും പത്നിക്കും നിക്ഷേപമുണ്ടായിരുന്നു. കമ്പോളത്തിൽ യഥാവിധി ഇറക്കുന്നതിനുമുമ്പ്, എന്തിന് സ്റ്റോക്ക് എക്സ്'ചേഞ്ചുകളിൽ തെര്യപ്പെടുത്തുന്നതിനുമുമ്പ്, ആ ദമ്പതിമാർ എഫ് എഫ് എസ് എൽ (FFSL) എന്ന കുപ്രസിദ്ധിയാർജ്ജിച്ച സ്ഥാപനത്തിലെ ഓഹരികളെടുത്തു. കുറച്ചൊന്നുമല്ല; 15,000!

സർക്കാരുദ്യോഗസ്ഥനാണിതു ചെയ്തതെങ്കിൽ അവർക്കു ബാധകമായ പെരുമാററച്ചട്ടപ്രകാരം, കുററാരോപണ വിധേയനായി ഉത്തരം പറയേണ്ടിവരും. ഈ നിയമത്തിന്റെ 16–ാംറൂൾ അതു് സ്പഷ്ടമാക്കുന്നുണ്ട്. 1976–ൽ അതിനുണ്ടായ സർക്കാരിന്റെ, വിശദീകരണത്തിൽ അക്കാര്യം സംശയാതീതമാക്കുകയും ചെയ്തിരിക്കുന്നു. പക്ഷേ മന്ത്രിമാർക്ക് പെരുമാററച്ചട്ടം ബാധകമല്ലെന്ന ഒഴിവുകഴിവിലൂടെ വഴുതി രക്ഷപ്പെടാൻ വഴിയുണ്ട്! പൊതുപ്രവർത്തനരംഗത്ത് അത്യുന്നത മൂല്യങ്ങൾ ഉറപ്പുവരുത്തേണ്ട മന്ത്രിപുംഗവന്മാർക്ക് സൗകര്യം കൊടുക്കുന്ന അവസ്ഥയാണല്ലോ, അത്!

മന്ത്രിസഭാപ്രവർത്തനത്തിൽ നാം മാതൃകയാക്കുന്നത്, ബ്രിട്ടനിലെ ക്യാബിനററു സമ്പ്രദായവും വഴക്കങ്ങളുമാണ്. ഇതു് നിയമജ്ഞന്മാർ മാത്രമല്ല നമ്മുടെ ഭരണഘടനാ ശില്പികളും എടുത്തു പറഞ്ഞിട്ടുമുണ്ട്. പ്രായോഗികാനുഭവം, നമ്മുടെ തൊലിക്ക്—എന്നു വെച്ചാൽ നമ്മുടെ മന്ത്രിമാരുടെ കട്ടികൂടിയ ചർമ്മത്തിന്—ക്ഷതമുണ്ടാക്കുന്നതെന്തെങ്കിലും അതിലൂടെയുണ്ടായാൽ സ്വീകരിക്കുകയില്ല. അല്ലാത്തവ വിളിച്ചുപറഞ്ഞ്, പുറത്തായി.

ഇനിയുമാണ് ഇവിടെ ചച്ച് ചെയ്യാനാഗ്രഹിച്ച കസത്തിന്റെ തുടക്കം! കള്ളനെ കപ്പിത്താനാക്കുന്ന പ്രവർത്തനത്തിന്റെയാരംഭം! അധികാരസ്ഥാനത്തിരിക്കുന്നവരും, കോൺഗ്രസ് കക്ഷിയിലെ നേതാക്കന്മാരും മന്ത്രിയുടെ രാജി മഹോന്നതമായ ധീരകൃത്യമായി ചിത്രീകരിച്ചു തുടങ്ങുകയായി. അസാമാന്യമായ ഒരു ത്യാഗം ഇതാ ഇവിടെ ഒരു വീരപുത്രൻ അനുഷ്ഠിച്ചിരിക്കുന്നു! ലോകരേ! ഇതുകണ്ടോ? പൊതുജന 'സേവന' രംഗത്ത് അനുഷ്ഠിക്കേണ്ട അത്യുദാരമായ കീഴ്‌വഴക്കങ്ങൾ പാലിക്കാൻ ഇതാ! ഇവിടെ മന്ത്രിസ്ഥാനം പരിത്യജിച്ച് ഒരു മഹാൻ നിങ്ങളുടെ അണിയിലേക്ക് ഇറങ്ങിവന്നിരിക്കുന്നു! ഈ സംഘഗാ

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

ലോകരെയൊക്കെയറിയിച്ചുകൊണ്ട് സ്വാഗതംചെയ്യും. ചർച്ചിൽ മുതൽ എത്രയെത്ര ബ്രിട്ടീഷ് പ്രധാനമന്ത്രിമാരും മററും പ്രഖ്യാപിച്ചിട്ടുണ്ട്, ഇത്തരം നടപടിച്ചട്ടങ്ങൾ സ്വീകരിക്കാൻ മന്ത്രിമാർക്കും മററും ബാധ്യതയുണ്ടെന്ന്. അതിന്റെയടിസ്ഥാനത്തിൽ സ്ഥാനം രാജിവെച്ചിട്ടുള്ളവരും, പുറത്താക്കപ്പെട്ടിട്ടുള്ളവരും, അവിടെ എത്രയോയുണ്ട്.

നമ്മുടെ മന്ത്രി പിടിച്ചു നില്ക്കാൻ പാടുപെട്ടതു് പെരുമാററച്ചട്ടം ബാധകമല്ലെന്ന ന്യായത്തിൽ തൂങ്ങിയായിരുന്നു. പക്ഷേ അതും രക്ഷസ്സുതകുകയില്ലെന്ന അവസ്ഥയിലെത്തിയപ്പോൾ, രാജിക്കത്തു കീശയിലിട്ടുകൊണ്ട് കുറെ ദിവസം നടന്നു! ഒടുവിൽ കൊടുത്തു!

നത്തിൽ പ്രധാനമന്ത്രിപോലും ഉച്ചസ്ഥായിയിൽ പങ്കുചേരുന്നു: സ്തുതിഗീതമുയരുന്നു! രാജിക്കുകാരണമായ കൊള്ളരുതായ്മ തീരെ മറന്നു! കുററാരോപണ വിധേയൻ, സംശുദ്ധിയുടെ പ്രതീകമായി പുതിയ അവതാരമെടുക്കുന്നു!

ഇനി ആന്ധ്രപ്രദേശത്തേക്കു നീങ്ങാം. മുഖ്യമന്ത്രി പുതിയതായി കുറെ മെഡിക്കൽ കോളേജുകളും മററും കുറെപ്പേർക്ക് അനുവദിച്ചു! എത്രയോ നിർദ്ദോഷകരവും പ്രയോജനപ്രദവുമായ കാര്യമാണിതു്! ആർക്കെങ്കിലും സംശയമുണ്ടോ? പക്ഷേ ആ സ്ഥാപനങ്ങളിൽ പ്രവേശനം വേണമെങ്കിൽ കാശുകൊടുക്കണം. കുറച്ചൊന്നുമല്ല നല്ല ഒരു തുക! അപ്രകാരം ചെയ്യുന്നതു് നിയമവിധേയമാക്കിയിട്ടുമുണ്ട്. കോഴപ്പണമാണതെന്നു പറയുന്നവരായിരിക്കും മേലിൽ കുററവാളികൾ!

വിദ്യാദാനം നിർവ്വഹിക്കുന്നവർ പ്രതിഫലമെന്നതു ചിന്തിക്കുകപോലും ചെയ്യാത്ത പൈതൃകമുള്ള ഒരു സംസ്കാരം ഇവിടെയുണ്ടെന്നു് പറഞ്ഞാൽ അതു വിശ്വസിക്കാൻ ആരെങ്കിലും കൂട്ടാക്കുമോ? പഠിതാക്കളിൽനിന്നു് ന്യായയുക്തമായ ഫീസു വാങ്ങുന്ന വ്യവസ്ഥതന്നെയിവിടെയുണ്ടായതു് ബ്രിട്ടീഷു ഭരണത്തോടുകൂടിയായിരുന്നു. പക്ഷേ അവരുടെ കാലത്തും, വിദ്യാകാംക്ഷി പഠിക്കാൻ പ്രവേശനത്തിനുവേണ്ടി ''സംഭാവന'' കൊടുക്കണമെന്ന വിദ്യ കണ്ടുപിടിച്ചിട്ടില്ല. ഈ നൂതന പദ്ധതിയുടെയുല്പത്തി ''കോൺഗ്രസ് സംസ്കാര''ത്തിന്റെ ആവിർഭാവത്തോടുകൂടി സംഭവിച്ചു. ആന്ധ്രപ്രദേശ് ഈ സംസ്കാരത്തിനു് സ്ഥായിയായ നിലനില്പുണ്ടാക്കാൻ സർക്കാരിന്റെ സർവ്വവിധമായ അംഗീകാരവും ആശീർവാദവും അരുളുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് നമ്മുടെ മുഖ്യൻ ബന്ധുജനങ്ങൾക്കു് തുല്യം ചാർത്തിക്കൊടുത്തതു്.

എന്തു ചെയ്യാം. ഈ നവീന പദ്ധതി വരുത്തിയ മാററങ്ങൾ പരിശോധിക്കാൻ ഹൈക്കോടതിക്ക് അവസരം വന്നു. സത്യവും നീതിയും ഉറപ്പായിട്ടുണ്ടെന്നു് കോടതിക്കു് ബോദ്ധ്യം വന്നില്ല. അതിനിശിതമായി വിമർശിക്കുന്ന കേസു വിധി വന്നു. ''സംഭാവന'' നിയമപ്രകാരം വാങ്ങാനനുമതിയുള്ള ഇരുപതു് മെഡിക്കൽ ഡന്റൽ കോളേജുകളാണ് ഉദാരമതിയായ മുഖ്യൻ അനുവദിച്ചതു്. ജനപ്രിയ എഡ്യുക്കേഷനൽ സൊസൈററി മുഖ്യമന്ത്രിയുടെ അടുത്ത ബന്ധുക്കളുടെതാണ്. എം. രാഘവാറസ്റ്റി എഡ്യുക്കേഷനൽ സൊസൈററി ഒരു കോൺഗ്രസ് പാർലമെന്റംഗത്തിന്റേതും! ഒഴിവുകഴിവുകളും വിദഗ്ദ്ധമായ ഉപജാപക പരിപാടികളും പോലും ആന്ധ്ര ഹൈക്കോടതി വിധിയുയത്തിയ ധാർമ്മികക്കാററിൽ കസേരയെ രക്ഷിച്ചില്ല!

മുമ്പു പറഞ്ഞതുമാതിരിയുള്ള പുതിയ കസർത്തു് തുടങ്ങി. മുഖ്യമന്ത്രിയുടെ രാജി അതിമഹത്തായ കർമ്മമായി ചിത്രീകരിക്കാൻ വമ്പന്മാർ മുമ്പിൽ വന്നു. അത്യുന്നതമായ പൊതുസേവന മാനദണ്ഡങ്ങളിൽ അടിയുറച്ചു വിശ്വസിക്കുന്ന ''മഹാനായ'' മുഖ്യമന്ത്രി ധീരമായ ഒരു ത്യാഗം ഇതാ അനുഷ്ഠിച്ചിരിക്കുന്നു! പ്രധാനമന്ത്രി വരെ ഇപ്രകാരമാണ് ഈ സംഭവത്തെ ജനങ്ങളുടെ മുമ്പിലവതരിപ്പിച്ചതു്! എല്ലാവരും ആ അസാധാരണ ത്യാഗത്തിനു് ''ഓശാന'' ചൊല്ലി.

മുഖ്യമന്ത്രി കാണിച്ച കൊള്ളരുതായ്മകളും, ഹൈക്കോടതി എടുത്തുകാണിച്ച ആക്ഷേപങ്ങളും പിന്നിലേക്കു് തള്ളപ്പെട്ടു. കുററകരമായ പ്രവൃത്തിയും അവയുയർത്തുന്ന അധാർമ്മിക കാര്യങ്ങൾക്കുള്ള പ്രോത്സാഹനവുമായിരുന്നില്ലേ എടുത്തുകാട്ടേണ്ടിയിരുന്നതു്? ഉണ്ടായതു് നേരെ മറിച്ചു്! ഈ പുതിയ രാഷ്ട്രീയ കസർത്തു് പൊതുജനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇങ്ങനെ ചെയ്യുന്നതെന്തുകൊണ്ടാണ്? അതും നേതൃത്വത്തിലിരിക്കുന്ന പ്രമുഖന്മാർ സാധാരണക്കാരുടെ കണ്ണിലെന്തിനു് ഇപ്രകാരം പൊടിയിടുന്നു?

ഈ കൊള്ളരുതാത്ത കൃത്യങ്ങളനുഷ്ഠിക്കുന്നവരെ രാഷ്ട്രീയ കക്ഷിക്കു് കൈവിടാൻ അത്രയെളുപ്പമല്ല. ഉപജാപക വിദ്യയിൽ അതിവിദഗ്ദ്ധന്മാരായിരിക്കും ഇവർ. അവരുടെ ''സേവനം'' മേലിലും ധാരാളമാവശ്യമായിവരും. അടുത്ത തിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികളായിരിക്കാനുമിടയുണ്ട്. അതിനാൽ അവരുടെ ചെററത്തരങ്ങൾ ജനങ്ങൾ മറന്നേ മതിയാവൂ. കക്ഷിയിലെ കാര്യക്കാർ അതുകൊണ്ട് ബോധപൂർവ്വം ഇതൊക്കെ മറയ്ക്കുന്നു! ഭരവിപ്പിക്കുന്നു? പാവം പൊതുജനം. അമർഷം കടിച്ചമർത്തി, മടുപ്പു വന്നു്, മിണ്ടാതെ സഹികെട്ടിട്ടും എല്ലാം സഹിച്ചു് കഴിയാൻ നിർബ്ബന്ധിതരാകുന്നു. ഇതാണു് ഇന്നത്തെ ദയനീയമായ അവസ്ഥ.

വിവേകത്തിന്റെ ശബ്ദം

സാമാന്യ ബുദ്ധിയും, അനുഭവജ്ഞാനത്തിനും നിരക്കുന്ന വിധത്തിൽ രാഷ്ട്രീയനേതാക്കന്മാർ സംസാരിക്കുന്നതു് സാധാരണ കേൾക്കാറില്ല. അതിന്നു തന്റേടം പ്രകടിപ്പിക്കാൻ തയ്യാറുള്ളവരുടെ ശബ്ദം കേൾക്കുമ്പോൾ, രാഷ്ട്രീയക്കാരുടെയിടയിൽ തന്നെയാണ് ഏററവും കൂടുതൽ അസ്വാസ്ഥ്യം പ്രത്യക്ഷപ്പെടുന്നതു്. കാക്കയ്ക്കു് തൻകുഞ്ഞു് പൊൻകുഞ്ഞു്— എന്നമട്ടിൽ, നേരായാലും നുണയായാലും സ്വന്തം കക്ഷി കാണിക്കുന്നതൊക്കെ വാഴ്ത്താനും, യുക്തിക്കും ബുദ്ധിക്കും സത്യത്തിനും നിരക്കാത്തതായാലും വിശദീകരിച്ചും വ്യാഖ്യാനിച്ചും കുഞ്ഞാടുകളെ കൂട്ടം വിടാതെ നിർത്താനും മാത്രമാണ്, തന്റെ ബാധ്യതയെന്നു വിശ്വസിക്കുന്നവരാണധികവും. അതിനുപോദ്ബലകമായിട്ടുദ്ധരിക്കുന്നതു്, പാർട്ടിയച്ചടക്കമെന്ന ഉരുക്കു ചട്ടക്കൂടാണ്, പാർട്ടികൾക്കു് ധാർമ്മികവും മനുഷ്യത്വപരവുമായ ബാധ്യതയുണ്ടെന്നായാൽ, കൂടുതൽ അവസരവാദരഹിതങ്ങളായ നയപരിപാടികൾ സ്വീകരിക്കാനൊക്കും. പ്രത്യയശാസ്ത്രപരങ്ങളായ കടുംപിടുത്തങ്ങളില്ലാതെ, മാനവികതയെ മാനിക്കുന്ന മനുഷ്യത്വസമീപനം എന്നുമാവശ്യമാണ്. അതു് ഏതൊരു പ്രവർത്തനത്തിന്റെയും പശ്ചാത്തലമായിരിക്കണമെന്ന നിർബ്ബന്ധമുള്ള കക്ഷികൾ മാത്രമേ, ഒരു രാഷ്ട്രത്തിനും അതിലൂടെ വ്യക്തികൾക്കും ഗുണം പ്രദാനം ചെയ്യാൻ കരുത്തുണ്ടാകൂ.

ജനങ്ങളെ നയിക്കാൻ നിയോഗമുള്ളവർ, ആൾക്കൂട്ടത്താൽ നയിക്കപ്പെടുന്ന കാഴ്ചയാണു് ചുററുമിന്നുള്ളതു്. എന്തു പറഞ്ഞൊപ്പിച്ചും കൂടുതൽ വോട്ടുനേടുകയെന്നതാണ് നേതാക്കന്മാരുടെ ഇന്നത്തെ ലക്ഷ്യം. കള്ളക്കടത്തുകാരനെയും കൊള്ളക്കാരനെയും കൂട്ടുപിടിക്കുന്ന നേതാക്കന്മാരുടെ സംഖ്യ വർദ്ധിക്കുന്നു. അധികാരത്തിലെത്തിയാൽ അവരോടുള്ള വിധേയത്വം വിട്ടുകളയാനാവാതെ, അവരെ പ്രീണിപ്പിക്കുന്ന പരിപാടികൾക്കു് രൂപം കൊടുക്കുന്നു. ഉന്നതസ്ഥാനങ്ങളിലുപവിഷ്ടരായിട്ടുള്ളവർ ഉൾപ്പെടുന്ന, അപവാദ പ്രചാരകം, അന്വേഷിക്കേണ്ടുന്ന വരുത്താൻ നടത്തുന്ന കള്ളക്കളികൾ കണ്ടു് ജനം മടുക്കുന്നു! ഇന്നത്തെ നേതാക്കന്മാർ, ഏതു സ്ഥാപനത്തിലും പണ്ടു ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാസങ്ങളില്ലാതാക്കിക്കഴിഞ്ഞു. ഈ ചുഴിയിൽ കിടന്നുകറങ്ങുകയാണ്, മററു പോംവഴികാണാതെ, സാധാരണജനങ്ങൾ!

അടുത്തകാലത്തു് ഔചിത്യവും യുക്തിയും പ്രായോഗികതയും സാമാന്യമര്യാദയും പ്രത്യക്ഷമാകുന്ന തനി ഇന്ത്യക്കാരനായ ഒരു നല്ല മനുഷ്യന്റെ, പ്രതികരണമാണ് ശ്രീ. എ. കെ. ആൻറണിയിലൂടെ പ്രകാശിതമായതു്. യഥാർത്ഥ്യങ്ങൾ വിസ്മരിക്കാതെ ഈ വിധത്തിൽ സത്യം പ്രകടിപ്പിക്കുന്ന നേതാക്കന്മാരുടെ സംഖ്യ പെരുകുമെങ്കിൽ ഈ രാജ്യത്തു്, നിലവാരവും നീതിബോധവുമുള്ള ഒരു രാഷ്ട്രീയ സംസ്കാരം ഉരുത്തിരിയുമെന്നു തീർച്ചയാണ്. പക്ഷേ അതുണ്ടാകുമോ? ദൃഢമായി വിശ്വസിക്കുന്ന സത്യം സ്വയം അടിച്ചമർത്തി സ്വന്തം കക്ഷിക്കുവേണ്ടിയുള്ള ഉച്ചഭാഷിണിയായിത്തീർന്നു് ആത്മാവു പണയപ്പെടുന്ന നേതാക്കന്മാരുടെയിടയിൽ ഒററപ്പെട്ട ശബ്ദം പ്രത്യാശയ്ക്കു വകനല്കുന്ന നേതൃത്വം ഇവിടെയുണ്ടായേക്കാമെന്നു് ആശ്വാസം പകരുന്ന ശബ്ദം! നന്മകാണാൻ കൊതിച്ചു, ദാഹിച്ചു കഴിയുന്ന സാധാരണക്കാർക്കു് അതു് കൊടുത്ത സന്തോഷത്തിനതിരില്ല.

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

വർഗ്ഗീയതാ വിഷം വമിക്കുന്നതു് ഇൻഡ്യയിൽ ഭൂരിപക്ഷ സംഖ്യയുള്ള ഒരു മതവിഭാഗക്കാർ മാത്രമാണെന്നു വരുത്തിത്തീർക്കാൻ മനഃപൂർവ്വം പ്രസ്താവനകളിറക്കുകയും വാദകോലാഹലങ്ങൾ വളർത്തുകയും ചെയ്യുന്നവരാണിന്നു് മുമ്പന്തിയിൽ തള്ളിക്കേറി സ്ഥാനം പിടിച്ചിരിക്കുന്നതു് അയോദ്ധ്യയിൽ അരനൂററാണ്ടോളമായി നമസ്കാരത്തിനു പോലുമുപയോഗിക്കാതെ ഉപേക്ഷിച്ച ഒരു പഴയ സങ്കേതം. അവിടെ പഴയകാലത്തു് ഒരു ക്ഷേത്രമുണ്ടായിരുന്നെന്നും അതു് നിർമ്മിച്ചിരുന്നതു് ഇതിഹാസ പുരുഷനായ ശ്രീ രാമചന്ദ്രന്റെ ജനനസ്ഥലത്താണെന്നും, തലമുറകളായി ജനങ്ങൾ വിശ്വസിച്ചിട്ടുണ്ടു്. ഇന്നും വിശ്വസിക്കുന്നുണ്ടു്.

അവിടെയുണ്ടായ സംഭവവികാസങ്ങൾക്കുത്തരവാദികൾ പലരുമാണ്. പക്ഷേ പഴിയെല്ലാം പിടിച്ചു തലയിൽ വച്ചിട്ടുള്ളതു് ഒരു വിഭാഗക്കാരിൽ മാത്രം! സന്മനസ്സും സാഹോദര്യസമീപനമുണ്ടാകാൻ ആരുമൊന്നും ചെയ്യാതെ, നിക്ഷിപ്ത താല്പര്യ പൂരണത്തിനുവേണ്ടി അതു് ഊതിപ്പെരിപ്പിച്ചു. ഏതെങ്കിലും കാലത്തു് അവിടത്തെ സങ്കേതത്തെ ചരിത്ര സ്മാരകമെന്ന നിലയിൽ ഒരു സർക്കാരും അംഗീകരിച്ചിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം! അവിടെ നടന്ന സംഭവങ്ങൾക്കു ബദലായി ഇൻഡ്യയിലെ നാനാഭാഗങ്ങളിൽ എക്കാലവും ആരാധനാകേന്ദ്രങ്ങളായിരുന്ന എത്രയെത്ര ക്ഷേത്രങ്ങളാണ് നശിപ്പിച്ചതു്! കേരളത്തിൽ മാത്രം അവയുടെ എണ്ണം ഇരുപത്തഞ്ചിലധികമുണ്ടു്! പക്ഷേ അതു ചെയ്തവരെക്കുറിച്ചോ, ചെയ്യിച്ചവരെപ്പററിയോ പ്രതിഷേധരൂപത്തിലോ, എന്തിനു് ആക്ഷേപരൂപത്തിലോ, ഒരക്ഷരം ഉരിയാടാത്തവരാണ് വർഗ്ഗീയ വിരുദ്ധരായി കലിതുള്ളുന്നതു്!

ഇൻഡ്യയിൽ മാത്രമല്ല ക്ഷേത്രസങ്കേതങ്ങൾ ആക്രമണവിധേയമായിട്ടുള്ളതു്! പാകിസ്ഥാനിൽ, ബംഗ്ലാദേശിൽ, അറബിനാടുകളിൽ, അമേരിക്കൻ ഐക്യനാടുകളിൽ, എന്തിനു് ഇംഗ്ലണ്ടിൽപോലും ഇതു് നടന്നിട്ടുണ്ടു്. അവരെക്കുറിച്ചും വർഗ്ഗീയവിരുദ്ധമായ മാലാഹമാർക്കു് ഒന്നും പറയാനില്ല. എല്ലാംസഹിക്കുകയും ക്ഷമിക്കുകയും ചെയ്യുന്ന ഹൈന്ദവ പാരമ്പര്യ വിശ്വാസികളാണ് അവിടെ വില്ലന്മാർ! മററുള്ളവർ പുണ്യവാളന്മാരും!

ആദർശനിഷ്ഠയോ, നിഷ്പക്ഷമായ നീതിബോധമോ ആണ് പുതിയ മൊതലാളിമാർക്ക് വികാരവിക്ഷോഭമുളവാക്കുന്നതെങ്കിൽ എന്തേ ഈ പക്ഷഭേദം? ഒരുപക്ഷേ, ഒരു പുസ്തകമെഴുതിയതിനാൽ പുറത്തിറക്കാതാക്കിയ സൽമാൻ റഷ്ദിയുടെ അനുഭവം അവരെ പാഠം പഠിപ്പിച്ചിരിക്കണം! ആ പേടിസ്വപ്നമായിരിക്കണം, ധീരധീരം ഘോരഘോരം, ധർമ്മരോഷം പ്രസരിപ്പിക്കുന്നവരെ നിയന്ത്രിക്കുന്നതു്, ഈ കള്ളക്കളി കണ്ടുകൊണ്ടിരിക്കുന്ന ജനത്തിനു് കാര്യത്തിന്റെ ശരിയായ കിടപ്പ് ശരിക്കുമറിയാം! പക്ഷേ അറിവില്ലെന്നു് നടിച്ചു കാഴ്ചക്കാരായി നില്ക്കുകയാണെന്നുമാത്രം!

ഭാരതത്തെ രണ്ടായി വെട്ടിക്കീറിയ ഒരു രാഷ്ട്രീയകക്ഷി, അവർ പാസാക്കിയിട്ടുള്ള പ്രമേയങ്ങളിലെല്ലാം വർഗ്ഗീയവാദം ഉന്നയിച്ച ഒരുകക്ഷി, ഇന്നും ഇവിടെ അതൊക്കെത്തന്നെ വാതോരാതെ വിളിച്ചു പറഞ്ഞുകൊണ്ടു പ്രവർത്തിക്കുന്നുണ്ടു്. വർഗ്ഗീയ കക്ഷിയല്ലെന്നു് അവരല്ല, മററുള്ളവരാണു് വാദിക്കുന്നതു്. ആ വക്കീലന്മാരുടെ വാദം ഖണ്ഡിക്കാൻ വല്ലപ്പോഴുമെങ്കിലും ആ കക്ഷിയുടെയാളുകൾ തയ്യാറാകാറുണ്ടു്. ആത്മവഞ്ചനയുടെ ഉദാത്തവും ഉന്നതവുമായ രൂപമാണ്, ആ കക്ഷി വർഗ്ഗീയ കക്ഷിയല്ലെന്നു്, പറയുന്നവരിൽ പ്രകടമാകുന്നതു്.

ഇന്നത്തെ ഭാരത രാഷ്ട്രീയത്തിലെ ഏററവും വലിയ യാഥാർത്ഥ്യം, ആത്മവഞ്ചനയിൽ മുഴുകാനും, അതു് വാഴിക്കാനും യാതൊരു പ്രയാസവുമില്ലാത്തവരുടെ കൈകളിലാണ്, നേതൃത്വം ചെന്നുപെട്ടിരിക്കുന്നതെന്നതാണ്. ഇത്തരം നേതാക്കന്മാരെ ചരിത്രത്തിന്റെ ചവററുകുട്ടയിലൊതുക്കാൻ, ഇവിടത്തെ സാമാന്യജനങ്ങൾ തയ്യാറാകേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. ആത്മവഞ്ചന മെനഞ്ഞുകൊടുത്ത മുഖംമൂടിയണിഞ്ഞു്, അരങ്ങു് തകർക്കുന്നവരെയാണിന്നു്, ഏററവും ഗൗരവമായി, നിലയ്ക്കു നിർത്താനുള്ള നടപടികൾക്കു് വിധേയരാക്കേണ്ടതു് ഇത്തരം നേതാക്കന്മാരിൽ നിന്നു് ഈ രാജ്യത്തെ രക്ഷിക്കാൻ ഇവിടത്തെ നല്ലവരായ സാധാരണ ജനങ്ങൾക്കു മാത്രമേ സാധിക്കൂ! അതിനു് അവർ തയ്യാറാകാതിരിക്കുമോ?

ഇന്നത്തെ ഭാരത രാഷ്ട്രീയത്തിലെ ഏററവും വലിയ യാഥാർത്ഥ്യം, ആത്മവഞ്ചനയിൽ മുഴുകാനും, അതു് വാഴിക്കാനും യാതൊരുപ്രയാസവുമില്ലാത്തവരുടെ കൈകളിലാണ് നേതൃത്വം ചെന്നുപെട്ടിരിക്കുന്നതെന്നതാണ്. ഇത്തരം നേതാക്കന്മാരെ ചരിത്രത്തിന്റെ ചവററുകുട്ടയിലൊതുക്കാൻ ഇവിടത്തെ സാമാന്യജനങ്ങൾ തയ്യാറാകേണ്ട കാലം അതിക്രമിച്ചുകഴിഞ്ഞു.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ ഇരട്ടത്താപ്പ്

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

ഇന്ത്യയിലെ മുഖ്യ ഇലക്ട്രോണിക്മാധ്യമങ്ങളായ റേഡിയോയും ടെലിവിഷനും സർക്കാർ ഡിപ്പാർട്ടുമെൻറുകളാണ്. അവ സ്വതന്ത്ര സ്ഥാപനങ്ങളാണെന്നു വാദിക്കുന്നതു് ആത്മവഞ്ചനയുടെ ഭാഗമെന്നേ പറയാനുള്ളു. സർക്കാർ വകുപ്പായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തികച്ചും നിഷ്പക്ഷതയോടെ കാര്യങ്ങൾ നടത്താൻ നിർബ്ബന്ധിതരാണ്. പോലീസ്, നീതിന്യായം, ആരോഗ്യം, എന്തിന് റവന്യൂ വകുപ്പുപോലും, നിഷ്പക്ഷതയോടെ കർത്തവ്യങ്ങളനുഷ്ഠിച്ചില്ലെങ്കിൽ എന്താണ് ഫലം? ഏതു കക്ഷി അധികാരത്തിലിരുന്നാലും ഇവരൊക്കെ ഉത്തരവാദിത്വങ്ങൾ നിറവേററണ്ടതു് നീതിയോടും നിഷ്പക്ഷതയോടുമായിരുന്നേ മതിയാവൂ. ഇത്തരം ശുദ്ധസർക്കാർ വകുപ്പുകളെക്കാൾ ജനസ്വഭാവത്തെ സ്വാധീനിക്കുന്ന ഡിപ്പാർട്ടുമെൻറാണ് പ്രക്ഷേപണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതു്. അതുകൊണ്ട് നിഷ്പക്ഷത പരിപാലിക്കുന്നതിൽ ഇവർ കൂടുതൽ ആത്മാർത്ഥത കാട്ടേണ്ടിയിരിക്കുന്നു. മാറിമാറി വരുന്ന കക്ഷികളുടെ ജിഹ്വകളല്ലല്ലോ സർക്കാർ ഡിപ്പാർട്ടുമെൻറുകൾ. സമസ്ത ജനങ്ങളും നല്കുന്ന നികുതികൊണ്ടു പ്രവർത്തിക്കുന്നവരായതിനാൽ കാശു കൊടുക്കുന്ന മൊത്തം ജനങ്ങളോടും ഇവർക്ക് കടപ്പാടും ബാധ്യതയുമുണ്ട്; ഒരു കക്ഷിയോടു മാത്രമല്ല.

അധികാരത്തിൽ വന്ന ഒരു കക്ഷി റേഡിയോ, ടെലിവിഷൻ തുടങ്ങിയവയെ തങ്ങളുടെ സ്വകാര്യ താല്പര്യങ്ങൾക്കു മാത്രമാക്കി പ്രവർത്തിപ്പിച്ചു തുടങ്ങുന്നതു്, ആ കക്ഷിക്കു തന്നെ വിപത്തു വരുത്തുമെന്നു കാണിക്കുന്ന അനുഭവങ്ങൾ ലോകത്തിലെ പലഭാഗങ്ങളിലും ചരിത്രസംഭവങ്ങളായി തീർന്നിട്ടുണ്ട്. പണ്ട് കമ്മ്യൂണിസ്റ്റാധിപത്യത്തിലിരുന്ന രാജ്യങ്ങളിലെ പില്ക്കാല ചരിത്രം കാണിക്കുന്നതു് ഇതുതന്നെയല്ലേ? ഇവിടെ, അടിയന്തിരാവസ്ഥാനുഭവങ്ങളും അതല്ലേ വിളിച്ചു പറഞ്ഞതു്? ഇങ്ങനെയൊരു അവസ്ഥ വരുമ്പോൾ ജനങ്ങൾ, അവരുടെ മേലാളന്മാർ നടത്തുന്ന മാദ്ധ്യമങ്ങളിലൂടെ വരുന്ന സത്യത്തെപ്പോലും അവിശ്വസിച്ചു തുടങ്ങും. വിദേശമാദ്ധ്യമങ്ങളോടുള്ള താല്പര്യം സ്വാഭാവികമായും വളരും. വിദേശ റേഡിയോ പരിപാടികൾ കേൾക്കാൻ, കമ്മ്യൂണിസ്റ്റാധിപത്യ രാജ്യങ്ങളിലെ ജനങ്ങൾ രഹസ്യമായി കാണിച്ച അത്യാവേശം ഇവിടെ സ്മരണീയമാണ്.

ഒരു ഭീകര സ്വപ്നമായിട്ടനുഭവിച്ച അടിയന്തിരാവസ്ഥാകാലത്തു് സർക്കാർ മാദ്ധ്യമങ്ങൾക്കുണ്ടാവുന്ന ദുരന്തങ്ങളുടെ ഏകദേശരൂപം ഇവിടെ പ്രത്യക്ഷമായിട്ടുണ്ടല്ലോ. അതിനെ സംബന്ധിച്ചുള്ള കമ്മീഷൻ റിപ്പോർട്ടുകൾ ഓർമ്മിക്കാൻ പോലും ഇന്നത്തെ അധികാരികൾക്ക് സമയമില്ല. അതുകൊണ്ട് തെറ്റുകൾ ഇവിടെ ആവർത്തിക്കപ്പെടുന്നു. ഇതിൻെറ ഉദാഹരണങ്ങളാണ് കഴിഞ്ഞ ഒന്നുരണ്ടു മാസങ്ങളിൽ ഇവിടെ നടന്നിട്ടുള്ളതും, ഇന്നും നടന്നുകൊണ്ടിരിക്കുന്നതും.

ഇവിടത്തെ പ്രക്ഷേപണം, ആകാശവാണിയുടെതും ദൂരദർശൻെറയും, ഏതടിസ്ഥാനത്തിലായിരിക്കണമെന്നു നിർദ്ദേശിക്കുന്ന ഒരു തത്ത്വസംഹിത—എ.ഐ.ആർ.കോഡ്— ഇവിടെ പ്രാബല്യത്തിലുണ്ടെന്നാണ് വെയ്പ്. നിരോധിക്കപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെ പേർ എടുത്തുപറഞ്ഞു വിമർശിക്കുന്നതും ആക്ഷേപിക്കുന്നതും കോഡിൽ വിലക്കിയിരിക്കുന്നു. അഥവാ അപ്രകാരം ചെയ്താൽ അതിനുപയോഗപ്പെടുത്തിയത്രയും സമയം തന്നെ, വിമർശന വിധേയമായ കക്ഷിക്ക് തങ്ങളുടെ നിലപാടും നയപരിപാടിയും മററും വിശദീകരിക്കാൻ നല്കേണ്ടതാണ്. പാർലിമെൻറിലെ പ്രതിപക്ഷ കക്ഷിയായിട്ടംഗീകരിക്കുകയും, ആ കക്ഷിയുടെ നേതാവിന് പ്രതിപക്ഷ നേതാവിൻെറ എല്ലാ സ്ഥാനമാനങ്ങൾ നല്കുകയും ചെയ്തിട്ടുള്ള ഒരു രാഷ്ട്രീയ കക്ഷിയെ എത്ര നഗ്നമായ രൂപങ്ങളിലാണ് റേഡിയോയിലും ദൂരദർശനിലും ചിത്രീകരിക്കുന്നതു്! എ. ഐ. ആർ. കോഡിൻെറ നിരാകരണത്തിലൂടെ ചെയ്യുന്ന പ്രചരണങ്ങളുടെ മൂർദ്ധന്യ മാതൃകകളാണ് കഴിഞ്ഞ കുറെയാഴ്ചകളിൽ കേൾക്കാനും കാണാനും സാധിച്ചിരുന്നതു്!

സമസ്ത ജനങ്ങൾക്കും ഒരുപോലെ പ്രസക്തവും പ്രധാനപ്പെട്ടതുമാണ് എ. ഐ. ആർ. കോഡ്. അതു് പിച്ചിച്ചീന്തുന്നതിനു കൂട്ടു നില്ക്കാനും അതിന് ഓശാന ചൊല്ലാനുമാണ് മററു പല കക്ഷികളും തല്പരരായിട്ടുള്ളതെന്നതു് വിചിത്രം തന്നെ. പ്രതിപക്ഷ ബഹുമാനമുറപ്പു വരുത്താത്ത ഏതു നടപടിയും ജനാധിപത്യത്തിൻെറ നിഷേധമാണ്. പ്രഖ്യാപിതമായ പ്രത്യയശാസ്ത്രാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഏതൊരംഗീകൃത രാഷ്ട്രീയ കക്ഷിയേയും നേരിടേണ്ടതും എതിർക്കേണ്ടതും പ്രത്യയശാസ്ത്രാടിസ്ഥാനത്തിൽ തന്നെയാവണം; ജനാധിപത്യ മര്യാദകൾ ലംഘിച്ചുകൊണ്ടായിരിക്കരുതു്.

സർക്കാരിൻെറ വകുപ്പായിട്ടിരിക്കുന്ന മാധ്യമങ്ങൾക്ക് മൊത്ത ജനങ്ങളോടുമാണ് പ്രതിബദ്ധതയുള്ളതു്. അപ്പപ്പോൾ അധികാരത്തിലിരിക്കുന്ന കക്ഷിയോടല്ല. പ്രലോഭനങ്ങൾക്കും, പ്രതികാര ഭീഷണികൾക്കും അതിൽ പ്രവർത്തിക്കുന്നവരെ വിധേയരാക്കുന്നതു് അല്പന്മാരായ രാഷ്ട്രീയക്കാരുടെ പ്രവർത്തനശൈലിയാണ്. വളയാൻ പ്രേരിപ്പിക്കുമ്പോൾ, ഇഴയാൻ തയ്യാറാകുന്ന ഉദ്യോഗസ്ഥന്മാർ ഇവിടെ മാത്രമല്ല എവിടെയും കാണും. അതിൻെറ പശ്ചാത്തലത്തിനുത്തരവാദികൾ അല്പന്മാരായ രാഷ്ട്രീയക്കാർതന്നെ.

മഹാഭാരത—രാമായണപരമ്പരകൾ പുനഃസംപ്രേക്ഷണം ചെയ്യുന്നതു് ആപൽക്കരമാണെന്നു വിധിക്കുന്ന വിദ്വാന്മാർക്കു ക്ഷാമമില്ലാത്ത സങ്കേതമായിത്തീർന്നിരിക്കുകയാണത്രേ ദൂരദർശൻെറ തലസ്ഥാനം! രാമായണ—മഹാഭാരതാദികൾ വർഗ്ഗീയത വളർത്തുന്ന പൈങ്കിളിപ്പാട്ടുകളാണെന്നു വിധിച്ചാണത്രെ അടുത്തകാലത്തു് അവയ്ക്കു് പുനഃപ്രക്ഷേപണാനുമതി നിഷേധിച്ചതു്! വായിൽതോന്നുന്നതേതും വിളിച്ചുപറഞ്ഞു നാടു ചുററുന്നവരെ ബുദ്ധിജീവികളെന്നു വാഴ്ത്തുന്ന ഒരു തലമുറയ്ക്കു് ജന്മംനൽകാനേ ഇത്തരം വികട വിധികൾ വഴിതെളിക്കൂ!

സ്വകാര്യ ഉടമസ്ഥതയിലുള്ള പത്ര മാസികകളുടെയുന്നം കഴിയുന്നത്ര കാശുനേടുകയെന്നതു മാത്രമാണ്. അല്ലെന്നു വരുത്താൻ അവർ അണിയുന്ന അങ്കിയാണ് ആദർശവും ബഹുജനക്ഷേമവുമെഴുതിയ കുപ്പായങ്ങൾ! കക്ഷിരാഷ്ട്രീയത്തെക്കാൾ 'കാശു'രാഷ്ട്രീയമാണവർ കളിക്കുന്നതു്. അതു കാണാനും അറിയാനുമുള്ള സാമാന്യബുദ്ധി ജനങ്ങൾക്കുണ്ടുതാനും. എന്നാൽ തികഞ്ഞ നിഷ്പക്ഷത നിർബ്ബന്ധമായി പാലിക്കേണ്ട സർക്കാർ മാദ്ധ്യമങ്ങൾ, അവരുടെ കർത്തവ്യം വിസ്മരിച്ചു തുടങ്ങുന്നതു് ആപൽസൂചനയാണ്; കൂടുതൽ കഠിനമായ ദുരന്തത്തിൻെറ മുന്നറിയിപ്പ്! അതിനെതിരായി പ്രതികരിക്കാനും സമ്മർദ്ദം ചെലുത്താനും വിവേകമുള്ള ഏതൊരാളിനും കർത്തവ്യമുണ്ട്, ബാധ്യതയുണ്ട്.

ശ്രീ. കരഞ്ചിയ പറഞ്ഞ കാര്യം

കോളേജിൽ പഠിക്കുന്ന കാലത്താണ് ഞാൻ 'ബ്ലിററ്സ്' ആഴ്ചപ്പതിപ്പിന്റെ ഒരു വായനക്കാരനായത്. അന്ന് അതിൽ വന്നിരുന്ന വാർത്തകളും വിവരണങ്ങളുമൊക്കെ ആവേശത്തോടും ആർത്തിയോടും സ്വീകരിച്ചു. പക്ഷേ ക്രമേണ അതൊക്കെ ശമിച്ചു. വർണ്ണനാവൈഭവമുള്ള റിപ്പോർട്ടർമാരുടെ പക്ഷപാതപരങ്ങളായ അവതരണങ്ങളാണധികമെന്ന് അനുഭവത്തിലൂടെയറിഞ്ഞു. ഏറെ ഏകപക്ഷീയങ്ങളായ റിപ്പോർട്ടുകൾ എത്രനാൾ സഹിക്കാനൊക്കും, ഏതു പ്രസിദ്ധീകരണത്തിനാണെങ്കിലും? വിശ്വാസ്യതയുടെ വിലയിടിഞ്ഞതിനാൽ വാർത്താവിവരണങ്ങൾ വായിക്കുന്നതു നിർത്തി. എങ്കിലും അതിലെ 'അവസാന പുറം' (Last Page)എന്ന പംക്തി പിന്നെയും വായിച്ചുകൊണ്ടിരുന്നു. കെ. എ. അബ്ബാസ് കൈകാര്യം ചെയ്തിരുന്നതാണ് അത്. വായിക്കാൻ കൗതുകമുണ്ടാക്കിയത് അതിലെ പ്രത്യയശാസ്ത്രപരമായ പ്രതിപാദനവും, സമീപനവുമായിരുന്നു. ബ്ലിററ്സ് കയ്യിലെടുക്കുന്നത് 'അവസാന പുറം' കാണാൻ മാത്രമായി. പിന്നെ അതും അവസാനിപ്പിച്ചു. ആദർശങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും പരിവേഷങ്ങൾക്ക പിന്നിൽ, പ്രതീക്ഷിച്ചത്ര പ്രതിബദ്ധതയും ആത്മാർത്ഥതയുമില്ലെന്ന്, സ്വാനുഭവങ്ങളിലൂടെ ബോദ്ധ്യപ്പെട്ടതാണ് അതിന്റെ കാരണം. അവയെല്ലാം സ്വകാര്യപരങ്ങളായതിനാൽ ഇവിടെ പരാമർശിക്കുന്നില്ല, കൂടുതലായിട്ട്.

കാ ര്യ ങ്ങ ളെയാണെങ്കിലും ഒരുകാലഘട്ടത്തിൽ ബ്ലിററ്സ് യുവതലമുറയ്ക്ക് ഉത്സാഹവും ഉശി

ക്കാർ നാമനിർദ്ദേശം ചെയ്ത, രാജ്യസഭയിൽ അംഗമായി സേവനം നടത്തുന്നു. നാമനിർദ്ദേശം ചെയ്ത് പാർലിമെന്റംഗങ്ങളായി തീർന്നിട്ടുള്ള പ്രമുഖ വ്യക്തികളുടെ പട്ടിക, സഭയുടെ അന്തസ്സിനും ആഭിജാത്യത്തിനും ആഴവും പ്രകാശവും വരുത്തുന്നതാണ് എന്ന് എടുത്തു പറയേണ്ടതുണ്ട്. അവർ സർക്കാറിന്റെ നയപരിപാടികളുടെ സ്തുതിപാഠകന്മാരായി മാത്രം പ്രവർത്തിക്കുന്നവരുമല്ലെന്നാണ് ഇതുവരെയുള്ളയനുഭവം. ഈ പാത തന്നെയാണ് ശ്രീ. കരഞ്ചിയയും സ്വീകരിച്ചിരിക്കുന്നത്. പക്വമതികളുടെ സ്വതന്ത്രാഭിപ്രായങ്ങൾ വിലമതിക്കപ്പെടണമെല്ലോ.

വാർത്തകൾ വായനക്കാർക്കെത്തിച്ചു കൊടുക്കുന്ന കർമ്മമന

വിച്ചതു്? എന്താണ് ശ്രീ. കരഞ്ചിയചെയ്ത വാർത്താ പ്രധാന്യമുള്ള കാര്യം? അതറിയുമ്പോൾ, ഒരു പത്രാധിപരെത്തന്നെ മററു പത്രക്കാർ തഴഞ്ഞതിന്റെ കാരണം സ്പഷ്ടമാകും!

എക്സ്പ്രസ് പത്രത്തിന്റെ കുറിപ്പിൽ പറഞ്ഞിട്ടുള്ളതുപോലെ, സാധാരണമായി നാമനിർദ്ദേശം ചെയ്ത് അംഗമായ ചിലരെ പാർലിമെന്റിൽ കാണാൻ ധാരാളം സാധിക്കുമെങ്കിലും, കേൾക്കാൻ അവസരമുണ്ടാകുന്നത് അപൂർവ്വമാണ്!

ബി. ജെ. പി.യുടെ റാലി നടന്ന ദിവസം, ശ്രീ. കരഞ്ചിയ അദ്ദേഹത്തിന്റെ വസതിയിൽ നിന്ന് പാർലിമെന്റിലെത്താൻ പുറപ്പെട്ടു. എന്നാൽ എത്തേണ്ടിടത്ത് എത്താൻ പററാതെ മടങ്ങാൻ നിർബ്ബന്ധി

'ഹിന്ദുത്വ'ത്തോട് അദ്ദേഹത്തിന് പൂർണ്ണമായ യോജിപ്പുണ്ട്. അതിന്റെ ഫലവത്തായ ഉദാഹരണമദ്ദേഹംതന്നെയാണെന്നും വ്യക്തമാക്കി. പാർസികൾ തികച്ചും വിദേശികളായിരുന്നു; ഇന്ത്യയിൽ അഭയംകിട്ടിയ വിദേശികൾ. എന്നാൽ അവർ സ്വമനസ്സാലെ നിരവധി ഹൈന്ദവമാർഗ്ഗങ്ങൾ സ്വീകരിച്ച്

ശാനുഭവമില്ലാതാക്കിയതിനെ ന്യായീകരിക്കുന്നതിനു തുല്യമല്ലേ? ജനാധിപത്യത്തിനു വേണ്ടി ആണയിടുന്ന ഒരു രാഷ്ട്രീയകക്ഷിയുടെ ജിഹ്വയായ ഒരു പത്രത്തിൽവന്ന തലവാചകമിങ്ങനെയാണ് 'റാലി പൊളിഞ്ഞു!' പക്ഷേ സത്യം അതായിരുന്നോ? 'റാലി പൊളിച്ചു' —എന്നതല്ലേ?

ജനാധിപത്യാവകാശം അധികാരംകൊണ്ടു നിഷേധിച്ചതു് ന്യായമല്ലെന്നു പതുക്കെ പറയുന്നവർ ഇന്നു ധാരാളമുണ്ട്. പക്ഷെ അതു് ഉറക്കെ പറയാതിരിക്കുന്നതു് ജനാധിപത്യാവകാശാനുഭവമില്ലാതാക്കിയതിനെ ന്യായീകരിക്കുന്നതിനു തുല്യമല്ലേ? ജനാധിപത്യത്തിനുവേണ്ടി ആണയിടുന്ന ഒരു രാഷ്ട്രീയകക്ഷിയുടെ ജിഹ്വയായ ഒരു പത്രത്തിൽ വന്ന തലവാചകമിങ്ങനെയാണ് 'റാലി പൊളിഞ്ഞു!' പക്ഷെ സത്യം അതായിരുന്നോ? 'റാലി പൊളിച്ചു്'-എന്നതല്ലേ?

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

ഷ്ടിച്ച് പോരടുത്ത, ശ്രീ. കരഞ്ചിയ, വാർത്തയുണ്ടാക്കാനും വിദഗ്ദ്ധനാണെന്ന് ഈയിടെ തെളിയിച്ചു. അതിനെപ്പററി ഇൻഡ്യൻ എക്സ്പ്രസ് ദിനപത്രത്തിൽ ഒരു കുറിപ്പുകാണുകയുണ്ടായി. വസ്തുനിഷ്ഠതയും, മൂല്യബോധവും, വകതിരിവുമൊക്കെ വലിയതോതിലുണ്ടെന്ന് വീമ്പു പറയാറുള്ള വമ്പൻ പത്രങ്ങളിലൊന്നിലും ശ്രീ.കര

തനായി. പോലീസുകാരിൽ നിന്ന് നേരിട്ടയനുഭവങ്ങൾ ഹൃദയഭേദകങ്ങളായിരുന്നത്രേ! തന്റെ അംഗത്വകാർഡ് എടുത്തു കാട്ടിയെങ്കിലും ഫലമൊന്നുമുണ്ടായില്ല. അവഹേളനമനുഭവിച്ചതു് നിരവധി കാണികളുടെ മുമ്പിൽ വെച്ചായിരുന്നു. ശ്രീ. കരഞ്ചിയതന്നെ കാര്യങ്ങൾ മററ് അംഗങ്ങളുടെ അറിവിലേക്ക് വാചാലമായി വിവരിക്കുകയുണ്ടായി. അതൊക്കെപറയുമ്പോൾ സഭ സമ്പൂർണ്ണ നിശബ്ദതപാലിച്ച് ശ്രദ്ധിച്ചു. എന്നാൽ കാര്യം അതുകൊണ്ടവസാനിച്ചില്ല. ബി. ജെ. പി. പോലെയുള്ള ഒരംഗീകൃത രാഷ്ട്രീയ കക്ഷിക്ക്, അവരുടെ പ്രതിഷേധവും അമർഷവും പ്രകടിപ്പിക്കാൻ, റാലി നടത്താൻ പൂർണ്ണമായ അവകാശമുണ്ടെന്ന സംശയരഹിതമായി ശ്രീ. കരഞ്ചിയ പറഞ്ഞപ്പോൾ മുതൽ, സഭയിൽ അപശബ്ദങ്ങൾ കേട്ടുതുടങ്ങി. രാജീവ് ഗാന്ധിയുടെ അകാലമരണമുണ്ടാകാതിരുന്നെങ്കിൽ ബി.ജെ. പി ആയിരിക്കുമായിരുന്നു ഇന്ന് ഭരണം നടത്തുന്നതെന്ന കാര്യത്തിൽ അദ്ദേഹത്തിനു സംശയമില്ലെന്നു പറഞ്ഞതോടുകൂടി കോൺഗ്രസ് അംഗങ്ങൾ ബഹളം കൂട്ടുകയും മററുമുണ്ടായി!

മററു കാര്യങ്ങൾ സഭയ്ക്കു പുറത്താണ് ശ്രീ. കരഞ്ചിയ പറഞ്ഞതു് എന്നാണ് എക്സ്പ്രസ് പത്രക്കുറിപ്പിൽ കാണുന്നതു്.

സമന്വയം സാധിച്ചു. 'ഇന്ന് അതിന്റെഫലം അവരെ സംബന്ധിച്ചിടത്തോളം എന്തെന്ന് നിങ്ങൾ സ്വയം കാണുക!' ശ്രീ. കരഞ്ചിയ പ്രഖ്യാപിച്ചു: ഇതാണ് ഹിന്ദുത്വത്തിന്റെ ഉദാത്തമായ സ്വാംശീകരണം വരുത്തുന്ന സൽഫലം! പാർസികളുടെ അഭിവൃദ്ധിയും ജീവിതരീതിയും സമന്വയവും മാതൃകയല്ലേ?

തികഞ്ഞ 'ഇടത'നായ ശ്രീ. കരഞ്ചിയയുടെ നിഷ്പക്ഷവും നിർഭയവുമായ ഈ നിലപാട്, സ്വീകരിക്കാനാവാത്ത ഇടതന്മാരും വലതന്മാരും നമ്മുടെ കൂടെയുണ്ട്. ഹൈന്ദവമെന്നു പറയുന്നതേതിനോടും മുറുമുറുപ്പ് പ്രകടമാക്കുന്ന 'ബുദ്ധിജീവിക'ളും കുറവല്ല! വെളിച്ചം കണ്ടാലും കണ്ണടച്ച് 'ഇരുട്ട്! ഇരുട്ട്!' എന്നു മുറവിളി കൂട്ടുന്നവരെ കാണുമ്പോൾ സഹതപിക്കാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടല്ലോ. അതു മതി.

ജനാധിപത്യാവകാശം അധികാരംകൊണ്ടു നിഷേധിച്ചതു് ന്യായമല്ലെന്നു പതുക്കെ പറയുന്നവർ ഇന്നു ധാരാളമുണ്ട്. പക്ഷെ അതു് ഉറക്കെ പറയാതിരിക്കുന്നതു് ജനാധിപത്യാവകാ

'പൊളിഞ്ഞതിന്റെ പിന്നിലെ പരമാർത്ഥത്തെക്കുറിച്ച് ആ പത്രത്തിൽ മറെറാരിടത്ത് ഇങ്ങനെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്— 'അൻപതിനായിരത്തോളം വരുന്ന ദില്ലി പോലീസിനുപുറമെ, ആറു കമ്പനി പാരാമിലിട്ടറി സേനാ വിഭാഗങ്ങളെയും, പതിനെട്ടു കമ്പനി പഞ്ചാബ് പോലീസിനെയും, നിരവധി പഞ്ചാബ്—ഹര്യാന പോലീസിനെയും, തലസ്ഥാനത്തു വിന്യസിച്ചിരുന്നു. പതിനാലു കമ്പനി പട്ടാളത്തെ ദില്ലി കൻേറാൺമെന്റിൽ ജാഗ്രതപ്പെടുത്തി നിർത്തിയിരുന്നു.'

ഇതൊക്കെ ചെയ്തിട്ടും റാലി പൊളിഞ്ഞെന്നാണ പറയുന്നതു്; പൊളിച്ചെന്നല്ല! ഇതു വായിക്കുന്ന വായനക്കാരന്റെ ന്യായമായ സംശയവുമതല്ലേ? പൊളിഞ്ഞെന്നു പറയുന്നതിൽ കവിഞ്ഞൊരു ഫലിതമുണ്ടോ? ഈ നൂററാണ്ടിലെ ഏററവും വലിയ ഇൻഡ്യൻ ഫലിതം!

അതു തന്നെയല്ലേ ശ്രീ. കരഞ്ചിയയെടുത്ത നിലപാടിന്റെ യഥാർത്ഥ ന്യായീകരണവും? അദ്ദേഹത്തെ അനുമോദിക്കുക: നിഷ്പക്ഷതയ്ക്കും ധീരതയ്ക്കും.

ഹൈന്ദവമെന്നു പറയുന്നതേതിനോടും മുറുമുറുപ്പ് പ്രകടമാക്കുന്ന 'ബുദ്ധിജീവിക'ളും കുറവല്ല! വെളിച്ചം കണ്ടാലും കണ്ണടച്ച് 'ഇരുട്ട്! ഇരുട്ട്!' എന്ന് മുറവിളി കൂട്ടുന്നവരെ കാണുമ്പോൾ സഹതപിക്കാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടല്ലോ.

ർം പകർന്നിരുന്നെന്ന സത്യം നിഷേധിക്കാനാവുന്നതല്ല. അതിന്റെ പത്രാധിപത്യം വിജയപൂർവ്വം നിർവ്വഹിച്ചിരുന്ന ശ്രീ. ആർ.കെ. കരഞ്ചിയയുടെ പ്രമുഖ വ്യക്തികളുമായുള്ള അഭിമുഖ വിവരണങ്ങൾ പലതും, അവിസ്മരണീയങ്ങൾതന്നെ. ആഹ്ലാദപൂർവ്വംവായിച്ചുപോകാനുതകുന്ന ശൈലിയും പ്രതിപാദനസിദ്ധിയും അവയുടെ മുഖമുദ്രയായിരുന്നു.

ഇന്ന് ശ്രീ. കരഞ്ചിയ, സർ

ഞ്ചിയയുണ്ടാക്കിയ വാർത്ത അച്ചടിച്ചു വന്നില്ല! പത്രങ്ങൾ തന്നെ, പത്രക്കാരന്റെ ന്യൂസ് ബ്ലാക്കൗട്ടുചെയ്തു! ഇൻഡ്യൻ എക്സ്പ്രസ് മാത്രമാണ് ഒരു കുറിപ്പിലൂടെയെങ്കിലുംഅതിനൊരപവാദമുണ്ടാക്കിയതു്! ആ കുറിപ്പുകണ്ട്, കൂടുതൽ കാര്യങ്ങളറിയാൻ, വൻകിടപത്രങ്ങളുടെ പേജുകളെല്ലാം പരിശോധിച്ചു. എങ്ങും ഒരു പരോക്ഷമായ പരാമർശംപോലും കണ്ടില്ല!

എന്തുകൊണ്ടാണിതു സംഭ

ചങ്ങലയുടെ ബാക്കിപത്രം

കുറെ ദിവസം മുമ്പ് ചില സാഹിത്യകാരന്മാരായ സുഹൃത്തുക്കളുമൊന്നിച്ച് കഴിയാൻ സന്ദർഭമുണ്ടായി. അവ:വരുടേതായ പ്രത്യേക സാഹിത്യരംഗങ്ങളിൽ വ്യക്തിത്വവും വ്യക്തിമുദ്രയുമുള്ളവരായിരുന്നു എല്ലാവരും. പ്രശസ്തരും പ്രഗത്ഭരും തന്നെ. ഇങ്ങനെ ഇടയ്ക്കിടെ ഒന്നിച്ചുചേരുന്നത് തീരെയപൂർവ്വമല്ലതാനും. രാഷ്ട്രീയ പ്രത്യയശാസ്ത്രവിശ്വാസങ്ങളിൽ അവരവർക്ക് ശക്തവും സ്പഷ്ടവുമായ നിലപാടുള്ളവർ. പക്ഷേ സാഹിത്യകൗതുകത്തിലും, സൗഹൃദത്തിലും അവർ ഒരു പൊതുവേദി കണ്ടെത്തുന്നു. അതുകൊണ്ട് കൂട്ടുചേരുന്നു. പരസ്പരസ്നേഹം പങ്കിടുന്നു. വേണമെങ്കിൽ കാര്യം കുറെക്കൂടെ തെളിച്ചു പറയാം. കോൺഗ്രസ് (ഐ), സി. പി. ഐ (എം.) സി. പി.ഐ, കോൺഗ്രസ് (എസ്) എന്നിങ്ങനെ വ്യക്തമായ രാഷ്ട്രീയാഭിപ്രായക്കാരായിരുന്നു അവരിൽഭൂരിപക്ഷവും. എന്നെപ്പോലെ, അവരുടെ ഭാഷയിൽ പറഞ്ഞാൽ, 'നിർഗ്ഗുണന്മാർ' താരതമ്യേന കുറവായിരുന്നു അക്കൂട്ടത്തിൽ!

'മനുഷ്യച്ചങ്ങല' തീർന്നതിനുശേഷമുള്ള ദിവസമായിരുന്നതിനാൽ സംഭാഷണവിഷയം മുഖ്യമായി അതുതന്നെയായിരുന്നു! അത് സ്വാഭാവികവുമാണല്ലോ. അവരിൽ കുറച്ചുപേർ ചങ്ങലയ്ക്ക് ഭാവുകങ്ങളാശംസിച്ചവരും, ചിലർ ചില പത്രങ്ങളിൽ പടംപോലുംകൊടുത്ത് 'ബോക്സ്' നേടിയവരുമായിരുന്നു! ഇങ്ങനെ 'ബോക്സിൽ' വന്നവരിൽ രണ്ടുപേർ ചങ്ങലയിൽ നിന്നുകൊടുക്കാൻപോയതേയില്ല. അത്രയുമൊക്കെ പബ്ലിസിററിയുണ്ടായിട്ടും പിൻവാങ്ങിയതെന്തുകൊണ്ടെന്നറിയാനുള്ള കൗതുകത്താൽ, അവരെയാണ് ആദ്യം ചോദ്യം ചെയ്തത്. ചോദ്യകർത്താക്കൾ സി. പി. ഐ (എം.) പക്ഷക്കാരുമായിരുന്നു.

'അല്ല! എന്തേ മാസ്റ്ററെ, സമയത്ത് എത്തിയില്ല?'

'മനഃപൂർവ്വം വരാതിരുന്നതു തന്നെയാ!'—മറുപടി

'അതെന്താ? വർഗ്ഗീയവിരുദ്ധശക്തികൾക്ക്...?'

'വർഗ്ഗീയ ശക്തികളോടെന്നും ഞാൻ എതിരുതന്നെ. ചിലരുടെ വർഗ്ഗീയതയോടു മാത്രമല്ല നിങ്ങൾ വർഗ്ഗീയതയെ മൊത്തത്തിൽ കണ്ടില്ല. അതുകൊണ്ട് അതിൽ സഹകരിക്കാൻ താൽപര്യവുമുണ്ടായില്ല'.

'പറഞ്ഞത് വ്യക്തമായില്ല. മാസ്റ്ററെന്താ ഉന്നംവയ്ക്കുന്നത്?'

മാസ്റ്റർ കീശയിൽനിന്നൊരു കടലാസുകഷണമെടുത്തു വായിച്ചു—'ദാ! കേട്ടോളൂ! നിങ്ങളൊപ്പിച്ച പ്രതിജ്ഞയുടെ തുടക്കം—ഇക്കഴിഞ്ഞ ഡിസം: ആറാം തീയതി പള്ളി തകർത്ത...'—അങ്ങിനെ തുടരുന്നു. പക്ഷേ പള്ളിയേ ഇവിടെ തകർത്തിട്ടുള്ളോ? എത്രയമ്പലങ്ങൾ നശിപ്പിച്ചു...അതു വർഗ്ഗീയക്കാരല്ലേ? ഫാസിസ്റ്റുകളല്ലേ? ഞാൻ പ്രതീക്ഷിച്ചത് എല്ലാവിധ, മൊത്തത്തിലുള്ള വർഗ്ഗീയതയ്ക്കുമെതിരായിട്ടാണ് ചങ്ങല കോർക്കുന്നതെന്നായിരുന്നു. ഈ പ്രതിജ്ഞ വായിച്ചപ്പോൾ, നിങ്ങൾ കണ്ടതും കേട്ടതും പറയുന്നതും ഒരു കൂട്ടരുടെ വർഗ്ഗീയതയെപ്പററി മാത്രമാണ് എന്നു മനസ്സിലായി. അതായത്, മററുള്ളവരുടെ വർഗ്ഗീയത സാരമില്ല, എതിർക്കേണ്ടതില്ല......എന്നൊക്കെയല്ലേ പ്രതിജ്ഞയുടെ പരോക്ഷമായ ധ്വനി? അതല്ല, ഞാൻ ആഗ്രഹിക്കുന്നത്. മൊത്തം വർഗ്ഗീയതയ്ക്കുമെതിരായിട്ടണിനിരക്കാം...! അതുണ്ടായോ?'—സാമാന്യം ദീർഘമായും വികാരാവേശത്തോടുമാണ് മാസ്റ്റർ അത്രയും പറഞ്ഞത്. സാധാരണ സംസാരിക്കുമ്പോൾ അൽപം കൂടുതൽ 'വികാരി'യായിത്തീരുന്ന സ്വഭാവക്കാരനുമാണദ്ദേഹം!

'മാസ്റ്റർ പറഞ്ഞതു പരമാർത്ഥമാണ്. പക്ഷേ ഞാൻ പ്രതിജ്ഞ നേരത്തെ കണ്ടില്ല, കേട്ടില്ല. അണിയിൽ നില്ക്കുമ്പോഴാണത് ആദ്യം കേട്ടത്'—മറെറാരു സുഹൃത്തിൻെറ പ്രതികരണമാണ്—'അപ്പോഴാണ് ഇതൊരുതരം ചതിയായിപ്പോയല്ലോ എന്നു സ്പഷ്ടമായത്. തത്വത്തിൻെറയടിസ്ഥാനത്തിൽ മൊത്തം വർഗ്ഗീയതയ്ക്കുമെതിരായിട്ടല്ല ചങ്ങലയുണ്ടാക്കിയത്! കളിപ്പീരുപററിയെന്നു അറിവായെങ്കിലും കയ്പും ചവച്ചിറക്കിക്കൊണ്ട്, അണിയിൽനിന്നു! അപ്പോഴെങ്ങനെ പിന്മാറാൻ പററും?'

ചങ്ങലയിൽ ചേരുമെന്നു പറഞ്ഞെങ്കിലും ആശംസകൾ പത്രത്തിലൂടെ പറഞ്ഞെങ്കിലും അതിൻെറ അയലത്തെങ്ങുമെത്താതെ 'രക്ഷപ്പെട്ട' ഒരു സാഹിത്യനായകനാണ് പിന്നെ സംസാരിച്ചത്— 'ഈ പ്രതിജ്ഞാവാചകം ഒരു പത്രത്തിൽ വായിക്കാനിടവന്നു. അപ്പോൾ തീരുമാനിച്ചു ചങ്ങലയിൽ കണ്ണിയാകുകയില്ലെന്നു! കാണുന്നതിനപ്പുറത്ത് പലതും ഈ വാചകത്തിലൊളിച്ചുവെച്ചിട്ടുണ്ട്! വർഗ്ഗീയതയ്ക്കെതിരെയുള്ള പ്രകടനമല്ലാതെ മറെറാന്നുമില്ലെന്നു ചിലർ പറഞ്ഞിരുന്നെങ്കിലും രാഷ്ട്രീയ നിഴൽ നാടകം നടത്തുകയായിരുന്നു! എനിക്കു താല്പര്യം, ഹിന്ദുവർഗ്ഗീയതയ്ക്കൊപ്പം, മുസ്ലിം വർഗ്ഗീയതയേയും, ക്രിസ്ത്യൻവർഗ്ഗീയതയേയുമെല്ലാം മൊത്തമെതിർക്കാനുള്ള മുന്നണിയാണ്! ഒരു കൂട്ടരുടെ കാര്യം മാത്രമെടുത്തുപറയുമ്പോൾ, അതിൻെറയർത്ഥമെന്താണ്, രാഷ്ട്രീയക്കളിയാണെന്നല്ലേ?'— ആരും അതിനുത്തരമായിട്ടൊന്നും പറഞ്ഞില്ല.

'എന്താ സഖാവേ! എന്തു പറയുന്നു?' അയാളുടെ ഭുജത്തിൽ തട്ടിക്കൊണ്ട് സി. പി. ഐ. (എം.) സാഹിത്യകാരനോടാണ് മറെറാരാൾ ചോദിച്ചത്.

പക്ഷേ അദ്ദേഹവുമൊന്നുമുരിയാടിയില്ല.

ചർച്ച നീട്ടുന്നത് സുഖകരമായ കാര്യമല്ലെന്ന് എല്ലാവർക്കും തോന്നിയതിനാലാവാം, ഓരോരുത്തരും മററു വിഷയങ്ങളെക്കുറിച്ചു സംസാരിക്കാൻ തുടങ്ങി. സ്നേഹോഷ്മളമായ സൗഹൃദസംഭാഷണം തുടർന്നു.

ഇവിടെ വർഗ്ഗീയതയുടെ ശക്തി ക്ഷയിപ്പിക്കാൻ ഒരു വഴിയേയുള്ളു. മൊത്തത്തിൽ, സമഗ്രമായ രൂപത്തിൽ, അതിനെതിരായി അണിനിരക്കുക. വർഗ്ഗീയതയെ ഓരോ അറകളിലൊതുക്കി, ഒന്ന് നല്ലതെന്നും മററുള്ളത് ചീത്തയെന്നും വാദിക്കാതിരിക്കുക. വിവേകാനന്ദനും ഗാന്ധിജിയും മാത്രമല്ല അത്തരത്തിൽ തത്ത്വത്തിൻെറ അടിസ്ഥാനത്തിൽ വർഗ്ഗീയതയെ നേരിട്ട മററുള്ളവരുമൊക്കെ, ഒരു കൂട്ടർക്കുനേർക്ക് വിരൽ ചൂണ്ടി വർഗ്ഗീയക്കാരെന്നു പറഞ്ഞിട്ടില്ല. 'വർഗ്ഗീയത' എവിടെ കണ്ടാലും അതിനെയെതിർക്കാനും തകർക്കാനുമാണാഹ്വാനം ചെയ്തിട്ടുള്ളത്. ഒരു കൂട്ടരിലേ വർഗ്ഗീയതയുള്ളെന്ന് പ്രത്യക്ഷമായോ പരോക്ഷമായോ വരുത്തുന്നത്, മററു വർഗ്ഗീയക്കാർക്ക് വളമിടുകയാണ്. അത് വർഗ്ഗീയതയെ കച്ചവടച്ചരക്കാക്കി ലാഭത്തിനു പ്രയത്നിക്കുന്ന രാഷ്ട്രീയ വിദ്യമാത്രം! അതാണിവിടെ ഇന്നുവരെ നടന്നിട്ടുള്ളതും ഇപ്പോഴും പലരും നടത്തിക്കൊണ്ടിരിക്കുന്നതും. ചങ്ങലയിലൂടെ നഷ്ടപ്പെട്ടതും ഈ ആദർശശുദ്ധിയാണ്.

ചങ്ങല കോർക്കാൻ ശ്രമിച്ചവരും ഈ രാഷ്ട്രീയമാണു കളിച്ചത്. അതുകൊണ്ടാണ് ബുദ്ധിജീവികൾ ആദ്യം അനുകൂലിച്ചെങ്കിലും, പിന്നെ അണിനിരക്കാനെത്താതിരുന്നത്. പലരും അവരുടെ ആദർശശുദ്ധികൊണ്ടും ആത്മാർത്ഥതകൊണ്ടും ഒരു പുതിയ സമരമുഖമുണ്ടാകുകയാണെന്നാണു കരുതിയതും പ്രതീക്ഷിച്ചതും. പക്ഷെ ഇതും മറെറാരു കള്ളക്കളിയുടെ ഭാഗമാണെന്നറിഞ്ഞപ്പോൾ, വഞ്ചിതരായിപ്പോയല്ലോയെന്നു പരിതപിച്ചു. ഇതാണ് പല ബുദ്ധിജീവികളെ സംബന്ധിച്ചിടത്തോളം ചങ്ങലയുടെ ബാക്കിപത്രം. സ്വാർത്ഥതാല്പര്യങ്ങൾ സാധിക്കാൻ ഏതു ചതിവും കുത്സിതനയവും സ്വീകരിക്കാൻ മടിയില്ലാത്ത പാർട്ടികളിവിടെ കുറവല്ലെന്ന് സ്വാതന്ത്ര്യലബ്ധിക്കുമുമ്പും പിമ്പും ഇവിടെ സ്പഷ്ടമായിട്ടുണ്ട്. ഇനിയെങ്കിലും ഇത്തരം പാർട്ടികളൊരുക്കുന്ന കെണികളിലകപ്പെടാതിരിക്കാൻ ജനങ്ങൾക്കു സാധിക്കുമെന്ന് വിശ്വസിക്കാം; പ്രതീക്ഷിക്കാം.

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

02 May 1993

അവാർഡു കങ്കാണിമാർ

തോട്ടങ്ങളിലുമൊക്കെ പണിയാളുകളെ ഏർപ്പാടുചെയ്യുന്ന ഇടനിലക്കാരെയാണ് 'കങ്കാണികൾ' എന്നു പറഞ്ഞിരുന്നത്. ഈ സമ്പ്രദായം കേരളത്തിലെല്ലായിടത്തും നിലവിലുണ്ടായിരുന്നു താനും. ഇടനിലക്കാരായി നിന്ന് വേലക്കാരെ വേണ്ടവർക്ക് ഏർപ്പെടുത്തിക്കൊടുക്കുകയാണ് അയാളുടെ പണി. ഇടനിലക്കാരനെന്ന നിലയിൽ രണ്ടു കൂട്ടരിൽ നിന്ന് ഫീസ് ഈടാക്കാം. അതാണ് വരുമാനം. പക്ഷേ ഇടപാടു തീർത്തുകഴിഞ്ഞാൽ പിന്നെ മറ്റയാതൊരു ബാധ്യതയുമില്ല— ആരോടും! പണിക്കാർക്കും, പണിചെയ്യിക്കുന്നവർക്കും ഈ സേവനം നടത്തുന്നവരോട്, തൃപ്തിയും ബഹുമാനവും തന്നെ. തല്പര കക്ഷികൾക്കെല്ലാം സന്തോഷമുണ്ടാക്കുന്ന സേവനം! ഇന്ന് ഇതു് പുതിയമാനം കൈവരിച്ചിരിക്കുന്നു.

പുതിയ തൊഴിൽ നിയമങ്ങളും മറ്റും നിലവിൽ വന്നതോടുകൂടി കങ്കാണിമാർക്ക് വർഗ്ഗനാശം വരുമെന്നായിരുന്നു പ്രതീക്ഷ. പക്ഷേ അതു സംഭവിച്ചില്ല. പുതിയ രൂപവും ഭാവവും സ്വീകരിച്ച്, പുതിയ സമൂഹത്തിൽ, അതു് ആരോഗ്യത്തോടുകൂടി തടിച്ചു കൊഴുത്ത് നിലനില്ക്കുന്നു. സമൂഹത്തിലെ ആവശ്യങ്ങൾക്കനുസരണമായി സാങ്കേതികഭാഷയിൽ പറഞ്ഞാൽ—'പുതിയ ഡിമാണ്ടു'കൾക്കനുസരണമായി, അതു് 'അഡ്ജസ്റ്റ്' ചെയ്തു് പരിണാമ വിധേയമായിരിക്കുന്നു!

കേരള തലസ്ഥാനമായ അനന്തപുരിയിൽ, പല കുപ്പായങ്ങളിട്ട്, ജാതിയുപജാതികളുമായി, നിരവധി ശാഖോപശാഖകളിൽ പെടുന്ന കങ്കാണിമാരുണ്ട്. മറ്റു പ്രധാനപ്പെട്ട പട്ടണങ്ങളിലും ഇവരുടെ വംശത്തിൽ പെടുന്നവരുണ്ടായിരിക്കും. പക്ഷേ ഭരണ-സാംസ്കാരിക-രാഷ്ട്രീയ-സാമൂഹ്യ സിരാകേന്ദ്രമായ തലസ്ഥാനത്ത്, അവർക്കു കിട്ടുന്നത്ര മേച്ചിൽ സ്ഥലങ്ങൾ വേറെവിടെയുമില്ല!

കേരള സംസ്ഥാനവിസ്തൃതിയുള്ള മറ്റേതൊരുപ്രദേശത്തും കേരളത്തിലുള്ളത്രയും 'അവാർഡുകൾ'— ഉണ്ടായിരിക്കുകയില്ലെന്നു തീർച്ചയാണ്. ജനസാന്ദ്രത, സാക്ഷരരുടെ സാന്ദ്രത തുടങ്ങിയവയിൽ കേരളം ഒന്നാം സ്ഥാനത്തു നില്ക്കുന്നതുപോലെ അവാർഡുകളുടെ സാന്ദ്രതയിലും മലയാളിയുടെ ജന്മദേശത്തിനു തന്നെയാണ് ഒന്നാം സ്ഥാനം! ഇത്രത്തോളം 'അവാർഡുകൾ' ഏർപ്പെടുത്തിയിട്ടുള്ള വേറൊരു സംസ്ഥാനമുണ്ടോ? ആരെങ്കിലും അവയുടെ എണ്ണം തിട്ടപ്പെടുത്താൻ സർവ്വേ ചെയ്താൽ, അതിൽ കണ്ടെത്തുന്ന കണക്കുകളെ അതിലംഘിച്ച് ബഹുദൂരം പോയിരിക്കും സർവ്വേ പൂർത്തിയാക്കിയശേഷം ഏർപ്പെടുത്തിയ അവാർഡുകൾ! ഇത്രയധികം 'ഗ്രോത്ത് റേറ്റ്'ഉള്ള മറ്റൊരു സംഗതിയുമിന്നില്ല, നമ്മുടെ കൊച്ചു കേരളത്തിൽ!

ഏതെല്ലാം രംഗങ്ങളിലെന്ന് വേർതിരിച്ചു നിർത്താൻ കഴിയാത്തത്ര കാര്യങ്ങളിൽ, ഇവിടെ അവാർഡു ലഭ്യതയുണ്ട്! സാഹിത്യം, സംഗീതം, ചലച്ചിത്രം, സാമൂഹ്യസേവനം, സർക്കാർ സേവനം, രാഷ്ട്രീയം എന്നിങ്ങനെ വിശാലമായ മേഖലകളിൽ, അവയ്ക്കുള്ളോരോന്നിലുമുള്ള ഉപമേഖലകളിലും ശാഖകളിലും, പരന്ന് പന്തലിച്ച് നില്ക്കുന്ന അവാർഡുകൾക്കുള്ള സാധ്യത! സാഹിത്യപെടുത്താൻ, ചെറുകഥ, കവിത, ജീവചരിത്രം, പത്രപ്രവർത്തനം, പാട്ടെഴുത്ത്—അങ്ങിനെ നീട്ടാം...ഏതെല്ലാം തരം അവാഡുകൾക്ക് സാധ്യതകളുണ്ടെന്ന് വർണ്ണിച്ചു കേൾപ്പിക്കാൻ, അനന്തപുരിയിലുണ്ടെന്നു വിശ്വസിക്കപ്പെടുന്ന അനന്തനുപോലും സാധിക്കുകയില്ല.

അവാഡുകൾ 'വഹിച്ചുകൊടുക്കാൻ' കങ്കാണിമാരുണ്ടെന്ന സത്യം ഞാനറിഞ്ഞതു് അടുത്ത കാലത്താണ്! തീരെ അപ്രതീക്ഷിതമായിട്ടാണതുണ്ടായത്!

'സാറിനെന്നെയറിയത്തില്ലെങ്കിലും, സാറിനെ എത്രയോ വർഷങ്ങളായിട്ടെനിക്കറിയാം' അയാൾ എന്നെ സമീപിച്ചതു് ഈ മുഖവുരയോടാണ്! രാഷ്ട്രീയക്കാരന്റെ രൂപവിധാനത്തോടുകൂടിയ മട്ടുംമോടിയുമുണ്ട്. തൂവെള്ള ഖദർ കുപ്പായം! ഏതോ പോഷകസംഘടനയിൽപെട്ട ചെറുപ്പക്കാരനായിരിക്കുമെന്നാണ് കരുതിയത്! അതൊരു ജാഡയാണ്. ആളിനു് ഒരു രാഷ്ട്രീയവുമില്ല. കങ്കാണിയാണ് എന്നു ഒടുവിൽ തെളിഞ്ഞു!

'സാറു കൊറേക്കാലമായില്ലേ, ഈ പണി തൊടങ്ങീട്ട്? എന്നുമിങ്ങനിരുന്നാ മതിയോ?' കാര്യമെന്തെന്നു മനസ്സിലായില്ലെന്നു വരുത്തുംവിധം, ഞാനയാളെ നോക്കി. അയാൾ വെളുക്കെ ചിരിച്ചു.

'ഞാമ്പറഞ്ഞെന്നേയുള്ളു! സാറിന്റെഷ്ടം! ഒരവാഡു വല്ലതുമുണ്ടായാൽ...' ചൂണ്ടയിൽ കൊത്തുമോയെന്നു നോക്കിക്കൊണ്ടാണയാളുടെ നില്പ്! സിഗററ്റ് കൊളുത്തി വലിക്കാൻ തുടങ്ങി.

'അവാഡോ?'— വിസ്മയിച്ചു ഞാൻ അറിയാതെ ചോദിച്ചു...

'ങ്ങാ! അല്ലാണ്ടെന്നാ?...... ഒപ്പിക്കാം!...'

'മനസ്സിലായില്ല!'

'അല്ല! ഒപ്പിക്കാമെന്നേ!' പൂവൻകോഴി പിടയെ വലം വെച്ചു പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾപോലുള്ള ചിരി അയാൾ പാസ്സാക്കിയിട്ട്, എന്നെ നോക്കി!

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

'സാഹിത്യസഹായം വേണമെന്നറിയിക്കാൻ വന്നതാണെന്നാ ഞാൻ കരുതിയത്!' ആയാസരഹിതമായി, അല്പം അഭിനയിച്ചുകൊണ്ട് ഞാൻ മറുപടി പറഞ്ഞു. അയാൾക്ക് വിശ്വാസമായാലല്ലേ, ഉള്ളുകള്ളി തുറന്നുകാണിക്കൂ...

'അതിനൊക്കെ ഒന്നുരണ്ട് അവാർഡു കയ്യിലുള്ളതുപകരിക്കും, സാറേ!' അങ്ങിനെ കാര്യങ്ങൾ തുറന്നു പറഞ്ഞു—'ഒന്നുരണ്ട് അവാർഡുകൾ സംഘടിപ്പിക്കാം! അതിലൂടെ നല്ല പബ്ലിസിറ്റി! പത്രങ്ങളിലൊക്കെ പടത്തോടുകൂടിയ ന്യൂസ്! ഒന്നിനും വിഷമമില്ല!' പദ്ധതിയുടെ വിശദ വിവരങ്ങൾ ഔദാര്യത്തോടെ വ്യക്തമാക്കിയയാൾ! പിന്നെ, അയാൾക്കുള്ള ചെറിയ കമ്മീഷൻ...പകുതി മുൻപേർ കൊടുക്കണം! ബാക്കി അവാഡ് 'അനൗൺസ്' ചെയ്തു കഴിയുമ്പോൾ മതി! അയാൾ പൂവൻകോഴിച്ചിരി വീണ്ടും പാസാക്കി! എല്ലാം സഹിച്ചുകൊണ്ട് ഞാനിരുന്നു.

'ഇങ്ങനൊക്കെയാ സാറേ ഇവന്മാരൊക്കെ അവാർഡൊപ്പിച്ചെടുക്കുന്നത്! ഞാനെത്ര പേർക്കാ, അതു ''വഹിച്ചു'' കൊടുത്തിട്ടുള്ളത്! ഏതു തരത്തിലുള്ളതു വേണം? കഥയ്ക്കോ ശാസ്ത്രത്തിനോ? അല്ല, സാമൂഹ്യ സേവനത്തിനോ? ഏതെന്നു പറഞ്ഞാമതി! കാര്യമൊപ്പിക്കുന്നത് ഞാനേറ്റു!'' പിന്നെ ചിലയാളുകളുടെ പേരു്! ''വഹിച്ചു'' കൊടുത്ത അവാർഡുകളുടെ എണ്ണം, എല്ലാം ദാക്ഷിണ്യമില്ലാതെ പറഞ്ഞു! ഞാൻ അതുകേട്ട് സ്തംഭിച്ചിരുന്നുപോയി! എത്രപേർ! എത്ര അവാർഡുകൾ!

സമർത്ഥനായ അവാഡ്കങ്കാണിയാണയാളെന്നു എനിക്കു ബോധ്യമായി. എത്രയെത്ര ''പ്രസ്റ്റീജു''ള്ള അവാർഡുകളാണ് അയാൾ ''വഹിച്ചു''കൊടുത്തിരിക്കുന്നത്! എനിക്ക് അത്ഭുതമടക്കാൻ വയ്യാതായി. എങ്കിലും ശ്വാസമടക്കി ഒതുങ്ങിയിരുന്നു!

പിന്നീടാണ് ഞാനറിഞ്ഞതു് ഇതുപോലെ എത്രയോ അവാർഡ് കങ്കാണിമാർ അനന്തപുരിയിൽ വിഹരിക്കുന്നുണ്ടെന്ന്! ഏതായാലും അയാളെ ഒരു വിധത്തിൽ സമാധാനം പറഞ്ഞ് മടക്കി! അവാർഡില്ലാതെ തന്നെ ആരോഗ്യം പരിപാലിച്ചു കൊള്ളാമെന്നും അത്യാഹിതം വല്ലതുമുണ്ടായാൽ അവാർഡിനായി അയാളുമായി ''ബന്ധപ്പെടാ''മെന്നും പറഞ്ഞ് അയാളെ പിരിച്ചയച്ചു! ഇടയ്ക്കിടെ ''കോൺടാക്ട്'' ചെയ്തുകൊള്ളാമെന്നോറിട്ടാണ് അയാൾ സ്ഥലം ഒഴിഞ്ഞു തന്നതു്!

ഈ അനുഭവം ഒരു ചങ്ങാതിയോടു പറഞ്ഞപ്പോഴാണ് ഇന്നത്തെയവസ്ഥയുടെ ശരിയായ ചിത്രം വ്യക്തമായതു്!

അവാർഡിനുമാത്രമല്ല, സമരത്തിനും ''സഹകരിക്കുന്ന'' കങ്കാണിമാർ എത്രയോയുണ്ട് രാജധാനിയിൽ! സെക്രട്ടേറിയറ്റുപടിക്കൽ നിത്യമെന്നോണം അരങ്ങേറുന്ന സമരങ്ങൾക്ക് ആളുകളെ ''വഹിച്ചു''കൊടുക്കുന്ന കങ്കാണിമാരുടെ നല്ലൊരുക്കൂട്ടംതന്നെയുണ്ട്! സമരമേതായാലും, എത്രയാളെ വേണമെന്നറിയിച്ചാൽമതി, കാര്യം റെഡി! പക്ഷേ സമരകാര്യമായതിനാൽ, ഒരു വിശേഷാൽ വ്യവസ്ഥയുണ്ട്. കങ്കാണിക്കുള്ള ഫീസ് അഡ്വാൻസായി തീർത്തുകൊടുക്കണം! പപ്പാതിയേപ്പാടൊന്നുമില്ല!—'' രാഷ്ട്രീയക്കാരനെ വിശ്വസിക്കാൻ കൊള്ളത്തില്ല സാറെ!''—കങ്കാണിയുടെ ശബ്ദം!

പിന്നെ നിബന്ധമായി മറ്റു ചില കാര്യങ്ങളുമുണ്ട്. ഏതുതരം സമരമെന്നു ''ക്ലീയറാക്കണം! പലതരം സമരങ്ങളുണ്ടല്ലോ! കുത്തിയിരിപ്പുസമരം,— നിരാഹാര സമരം, റിലേ സമരം,—എന്നിങ്ങനെ! ഓരോ കാറ്റഗറിക്കും'' ഫീസ് വ്യത്യാസമുണ്ട്—കങ്കാണിക്കും പങ്കെടുക്കാനൊപ്പിച്ചുകൊടുത്ത 'സമര' തൊഴിലാളിക്കും! ഇതു് അത്യന്തം സൗകര്യപ്രദവും ആദായകരവുമാണ് എല്ലാ കക്ഷിക്കാർക്കും! കങ്കാണിക്കും, സമരക്കാർക്കും സമരതൊഴിലാളിക്കും സന്തോഷപ്രദം! അതുകൊണ്ട് അഭിവൃദ്ധിയിൽ നടക്കുന്നു!

സെക്രട്ടേറിയറ്റു നടയിൽ ദിവസമെന്നോണം അരങ്ങേറുന്ന സമരങ്ങളുടെ എണ്ണവും അതിൽ പങ്കെടുത്തു പൊലിപ്പിക്കാനും, സമരം ഇരമ്പിക്കാനും ആവശ്യമായിട്ടുള്ള സമരത്തൊഴിലാളികളുടെ സംഖ്യയും കണക്കാക്കുമ്പോൾ, കങ്കാണികളുടെ ബിസിനസിന്റെ ''ഗ്രോത്തു റേറ്റ്'' ഏറ്റവുമുന്നതമാണെന്നു തീർച്ചയാണ്. അങ്ങിനെയുള്ള ബിസിനസ്സു നടത്തുന്ന കങ്കാണിമാർക്ക് ഒരിക്കലും തൊഴിലില്ലായ്മ ഭീഷണിയാകുകയില്ല! തീർച്ച! അതുകൊണ്ട് സമരമിരമ്പും! കങ്കാണി കൊഴുക്കും! സമരത്തൊഴിലാളിക്ക് നിത്യവും വേലയും കിട്ടും!

സന്മനസ്സുള്ളവർക്ക് സമാധാനം

മേലും കീഴും

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

പൈതൃകമായി കിട്ടിയിട്ടുള്ള വിശ്വാസപ്രമാണങ്ങളും ആരാധനാസമ്പ്രദായങ്ങളും ആചാരാനുഷ്ഠാനങ്ങളും ബുദ്ധിക്കും യുക്തിക്കും നിയമത്തിനും നിരക്കാത്തവിധത്തിൽ സ്വാംശീകരിച്ച്, സ്വീകരിക്കാനും നിലനിർത്താനും എല്ലാ ജനവിഭാഗങ്ങൾക്കും സ്വാതന്ത്ര്യലബ്ധിക്കുശേഷം വലിയ താല്പര്യമുണ്ടായിട്ടുണ്ട്. അനേകത്വസമൂഹത്തിലെ എല്ലാ വിഭാഗങ്ങളും ഒരുപോലെ അനാരോഗ്യമനുഭവിക്കാതെ, തഴച്ചുവളർന്നാലേ സന്തുലനസ്ഥിതിയും സമാധാനവും സാധ്യമാകൂ. അതുകൊണ്ട് ജനാധിപത്യത്തിൽ ദൃഢവിശ്വാസമുള്ളവർക്ക്, മുമ്പോട്ടുള്ള പ്രയാണത്തിൽ ഒരു കൂട്ടരെയും പിന്നിലുപേക്ഷിച്ചിട്ടു പോകാനാവുന്നതല്ല. എന്നാൽ മതാന്ധതയോ, മതമൗലികതയോ മുറുകെപ്പിടിച്ച് തങ്ങൾക്കു ഒരു കൂട്ടരുടെ കാര്യത്തിലേ താല്പര്യമുള്ളൂ എന്നു പറഞ്ഞു പ്രവർത്തിക്കുന്നവർ, തങ്ങൾക്കും സമസ്ത ജനങ്ങൾക്കും വിപത്തു വരുത്തുകയാണു ചെയ്യുന്നത്. മനുഷ്യചരിത്രം സുസ്പഷ്ടമായി തെളിയിച്ചിട്ടുള്ള ഈ സത്യം പൊതുപ്രവർത്തകർ വിസ്മരിച്ചുകൂടാ. അതതു ജനവിഭാഗങ്ങളിൽ മതവിഭാഗങ്ങളിലും പെടുന്ന ഉല്പതിഷ്ണുക്കളും വിശാലമനസ്കരും സ്വാർത്ഥതല്പരരായ മൗലികവാദികളും ഉഗ്രവാദികളും തങ്ങളുടെ വിഭാഗത്തിന്റെ നേതൃത്വം കയ്യടക്കാൻ ഇടയാകാത്ത വിധത്തിൽ കരുതി പ്രവർത്തിക്കേണ്ടതുണ്ട്.

എല്ലാ വിഭാഗങ്ങളിലും നല്ലവരും സന്മനസ്സുള്ളവരും എത്രയോ ഉണ്ട്. എന്നാൽ അവർ മുമ്പോട്ടുവന്ന് ക്രിയാത്മകമായി പ്രവർത്തിക്കുവാനോ, സ്വാഭിപ്രായങ്ങൾ യഥാസമയം പ്രകടിപ്പിക്കാനോ, വിക്രിയകൾക്കെതിരായി ശക്തിയായി പ്രതികരിക്കാനോ കൂട്ടാക്കാറില്ല. മൗനികളും നിഷ്ക്രിയരുമായി നിസ്സംഗതയോടെ വർത്തിക്കുന്നു! നിക്ഷിപ്തതാല്പര്യമുള്ള കപടക്കാര്യക്കാരന്മാർക്ക് സ്വാർത്ഥത സാധിക്കാൻ ഇതു മൂലം രംഗമൊഴിഞ്ഞു കിട്ടുന്നു. തന്ത്രപൂർവ്വം അവസരങ്ങൾ കൈകാര്യംചെയ്തു തങ്ങൾ അനിവാര്യരാണെന്ന അവസ്ഥ ഉണ്ടാക്കുകയും ഉറപ്പിക്കുകയുമാണ് അവർ ചെയ്യുന്നത്. ഇതാണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നതു്; വിഷമങ്ങൾ വരുത്തുന്നത്.

നല്ലവരുടെയും സന്മനസ്സുള്ളവരുടെയും ഈർഷ്യയും വെറുപ്പും നിർണ്ണായകമായി പ്രകടിപ്പിക്കാൻ, ജനാധിപത്യ നടപടി നിലവിലിരിക്കുന്ന നാട്ടിൽ കിട്ടുന്ന സുവർണ്ണാവസരമാണ് തെരഞ്ഞെടുപ്പുകൾ. കള്ളനും കപടവേഷക്കാരനും തൻകാര്യതൽപരനും മാത്രമാണെന്നു പല അവസരങ്ങളിലും കാര്യങ്ങളിലും തെളിച്ചു കാണിച്ചിട്ടുള്ള രാഷ്ട്രീയക്കാരെ ആവർത്തിച്ചാവർത്തിച്ചു ജയിപ്പിച്ചുവിടുന്ന വിധിയാണു നാമിന്നനുഭവിക്കുന്നതു്! തമ്മിൽ ഭേദം തൊമ്മനെന്നു പറയാവുന്ന ഒരാൾ രംഗത്തു വരുന്നുമില്ല. അതുകൊണ്ട് കപടവേഷക്കാർ ജയപതാകയുമേന്തി നടക്കുന്നു!

ആദർശശുദ്ധി, സൽസ്വഭാവം, ത്യാഗസുരഭിലമായ ജീവിതം ഇവയൊക്കെ പ്രായോഗികമോ, പ്രയോജനകരമോ അല്ലെന്നു വരുത്തുന്ന ഒരു ധൂമമറ ഇന്നു ജനങ്ങളുടെ മുമ്പിൽ സൃഷ്ടിക്കാനും കപടവേഷധാരികൾക്ക് സാധിച്ചിട്ടുണ്ട്. അതുകൊണ്ട് നല്ലവരും സന്മനസ്സുള്ളവരും സ്വയം പൊതുരംഗത്തുനിന്നൊഴിഞ്ഞുമാറുന്നു. അവരിന്നു ഏകാന്തപഥികരാണ്. അവരിൽപോലും ലോകം ദുഷിച്ചതാണെന്ന ബോധം ശക്തി പ്രാപിച്ചിട്ടുണ്ട്. ഇതാണ് ഏററവും ദയനീയവും ആപൽക്കരവുമായ അവസ്ഥ.

നന്മയും സന്മനസ്സുമുള്ളവർ ന്യൂനപക്ഷവിഭാഗങ്ങളുടെ നേതൃത്വമേറെറടുക്കേണ്ട സമയം വൈകിയിരിക്കുന്നു. സ്ഥാപിതതാല്പര്യങ്ങളും തൻകാര്യങ്ങളുമുള്ള കപടനായകന്മാരിൽനിന്നായിരിക്കും അവർക്ക് ഏററവും ശക്തിയായ എതിർപ്പു നേരിടേണ്ടി വരുന്നതു്. എന്നാൽ എതിരാളികൾക്കു പിടിച്ചുനില്ക്കാനുള്ള ആത്മബലവും ശുദ്ധിയുമില്ല. അവരുടെ ഓജസ്സ് വേഗം കെടും. നന്മയ്ക്കു മുന്നിൽ പരാജയം സ്വയം സമ്മതിച്ച് പിന്മാറാൻ നിർബ്ബന്ധിതരാകുകയും ചെയ്യും. മൂകരും അസംഘടിതരും നിസ്സംഗരാകാൻ നിർബ്ബന്ധിതരുമായ, സാധാരണക്കാരുടെ ഭൂരിപക്ഷം നല്ലവരെ കാത്തുകഴിയുകയാണിന്ന്!

അന്ധകാരാവൃതമായ ഈ അന്തരീക്ഷത്തിലും അവിടവിടെ ആശയുടെ ദീപനാളങ്ങൾ പ്രസരിപ്പിക്കുന്ന പ്രകാശം ഇടക്കിടെയെങ്കിലും കാണാനുണ്ട്. അത്തരത്തിലുള്ള ഒരു സംഭവം എടുത്തു പറയാൻ ആഗ്രഹിക്കുന്നു. ''അയോദ്ധ്യാ സംഭവത്തിനു ശേഷമുള്ള ഇന്ത്യ'' എന്ന വിഷയത്തെക്കുറിച്ച് ദക്ഷിണ കേരള മഹാഇടവകയുടെ സോഷ്യോ പൊളിററിക്കൽ ബോഡിന്റെ ആഭിമുഖ്യത്തിൽ ഒരു സെമിനാർ ഈയിടെ നടന്നു. അതിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് ബിഷപ്പ് റൈററ് റവറണ്ട് ഡോ: സാമുവൽ അമൃതം പ്രകടിപ്പിച്ച ഒരഭിപ്രായമാണതു്. ''ഇന്ത്യത്വമാണ് നമ്മുടെ സംസ്കാരം. അതുൾക്കൊള്ളാൻ എല്ലാ മതങ്ങളും തയ്യാറാവണം. ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുമതവിശ്വാസികളുടെ വിശാലവീക്ഷണമാണ് ഒരു മതേതര രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയെ ഇന്നും പിടിച്ചുനിർത്തുന്നതു്.'' (കേരളകൗമുദി, മേയ് 1) ഇന്നത്തെ അവസ്ഥയിൽ പ്രത്യേകം ശ്രദ്ധേയമാണ് അദ്ദേഹത്തിന്റെ ഈ അഭിപ്രായപ്രകടനം.

ഇന്ത്യയിലെ മുസ്ലീം ന്യൂനപക്ഷം പരാധീനതകളനുഭവിച്ചു വിഷമിക്കുകയാണെന്ന ധാരണ മുസ്ലീം രാജ്യങ്ങളിൽ ശക്തിപ്പെടുത്താൻ, സൗകര്യം കിട്ടുമ്പോഴെല്ലാം പാക്കിസ്ഥാൻ പാടുപെടുന്നുണ്ട്. മുസ്ലീം രാജ്യങ്ങളുടെ അന്താരാഷ്ട്ര സമ്മേളനങ്ങളിൽ അത്തരം കാര്യങ്ങൾ ഉയർത്താനും പ്രമേയങ്ങൾ പാസാക്കാനും നിർബ്ബന്ധം വിടാതെ പരിശ്രമിക്കുകയും ചെയ്യുന്നു. ഈയിടെ അത്തരത്തിലൊരു പ്രമേയം പാസാക്കിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഭാരതത്തിലെ മുസ്ലീംകളുടെ രക്ഷകർ തങ്ങളാണെന്ന തലതിരിഞ്ഞ ആശയം പ്രചരിപ്പിക്കാനും പ്രതിഷ്ഠിക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമാണതു്. ഇതിൽ നമ്മുടെ സർക്കാർ ശക്തിയായി പ്രതിഷേധിച്ചിട്ടുമുണ്ട്. എന്നാൽ ഏററവുമുഗ്രമായ പ്രതിഷേധവും പ്രതികരണവും പ്രകടിപ്പിക്കേണ്ട ധാർമ്മികമായ ബാദ്ധ്യത നമ്മുടെ മുസ്ലീംസഹോദരങ്ങൾക്കില്ലേ?

മുസ്ലീംകൾ മാത്രമല്ല മതന്യൂനപക്ഷങ്ങളായിട്ടിവിടത്തെ സമൂഹത്തിലുള്ളതു്. ഇവർക്കെല്ലാം ബാധകമായ എന്തിനു ഭൂരിപക്ഷത്തിനും ബാധകമായ കാര്യങ്ങളല്ലാതെ മറെറന്തെങ്കിലും വിവേചനാപരമായവ മുസ്ലീംകളെ സംബന്ധിച്ചുണ്ടോ? വിവേചനാപരമായ കാര്യങ്ങൾ അവർക്കു ബാധകമായിട്ടുള്ളതു്, അവർക്കു കൂടുതൽ ആനുകൂല്യങ്ങൾ അനുഭവിക്കാനുള്ളവയുമല്ലേ?

ഏററവും ശക്തരും സംഘടിതരുമായ മതന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്ക് ഇന്നത്തെ ന്യൂനപക്ഷങ്ങളുടെ അവസ്ഥയെക്കുറിച്ച് ആവലാതികളധികമുള്ളതായിട്ടറിവില്ല. കൂടുതൽ ക്രിയാത്മകവും സന്മനോഭാവത്തോടുകൂടിയതുമായ സമന്വയം അവർ ഇവിടെ പരിണമിപ്പിച്ചെടുത്തിരിക്കുന്നു. സമ്മർദ്ദമോ, പ്രലോഭനമോ ഒന്നുമല്ല അവരുടെ നയപരിപാടികളെ ഈ വിധത്തിലുള്ള നയങ്ങളിലെത്തിക്കാനിടവരുത്തിയിട്ടുള്ളതു്. രാഷ്ട്രീയരംഗം, സാമ്പത്തിക സംവിധാനം, വിദ്യാഭ്യാസം, സാമൂഹികരംഗം, ആതുരസേവനം എന്നിവിടെല്ലാം അവർക്ക് വിഗണിക്കാനാവാത്ത സ്വാധീനവും ശക്തിയുമില്ലേ? വിശാലമായ ദേശീയധാരയിൽ കലരാനുള്ള കരുത്തും അവർ നേടിക്കഴിഞ്ഞു. വർഗ്ഗീയത, മതാന്ധത, മതമൗലികത—തുടങ്ങിയവ ശക്തിപ്പെടുത്തുന്നതല്ല അവരുടെ നേതൃത്വം എന്നതിനാലാണ് ഈ സ്വാംശീകരണം അവർ സാധിച്ചതു്. പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമല്ലേ ഇതു്?

ചരിത്രപരമായി പറഞ്ഞാൽ ശക്തമായ ക്രൈസ്തവ സമ്പർക്കം ഇവിടെയുണ്ടായതു് മുസ്ലീം സംസ്കാരസമ്പർക്കം സാക്ഷാത്കരിച്ച് എത്രയോ കഴിഞ്ഞാണ്. ഏതെല്ലാം രംഗങ്ങളിലൂടെയാണ് ഭാരതജീവിതസംവിധാനത്തിൽ ഇസ്ലാമിക സംസ്കാരത്തിന് പ്രചരിക്കാനും പ്രസരിക്കാനുമിട വന്നതു്! ക്രൈസ്തവർക്കും പാർസികൾക്കും മററും ഭാരതത്തിന്റെ ആത്മാംശമായി ഭവിക്കാനിടവന്നതുപോലെയുള്ള പ്രക്രിയ അവരിലെന്തുകൊണ്ടുണ്ടായില്ല? ആർക്കും ആശയക്കുഴപ്പമില്ലാതെ അതിന്റെ മറുപടി പറയാനൊക്കും. യുക്തിക്കും ബുദ്ധിക്കും യാഥാർത്ഥ്യങ്ങൾക്കും നിരക്കുന്ന വിധത്തിൽ ചിന്തിക്കുന്ന നേതൃത്വം അവർക്കു കിട്ടിയില്ല!—അതു മാത്രമല്ലേ യാഥാർത്ഥ്യം? ചരിത്ര യാഥാർത്ഥ്യം? ഈ ചരിത്രസത്യം ഇനിയെങ്കിലും അറിയേണ്ടവർ അറിഞ്ഞെങ്കിൽ!

ഈ സാഹചര്യത്തിലാണ് ദക്ഷിണ കേരള മഹാഇടവക ബിഷപ്പ് റൈററ് റവറണ്ട് ഡോ: സാമുവൽ അമൃതം പറഞ്ഞ അഭിപ്രായത്തിന്റെ പ്രസക്തിയും പൊരുളും, ആഴവും പരപ്പും നേരാംവണ്ണം ബോദ്ധ്യമാകുന്നതു്: ''ന്യൂനപക്ഷ വർഗ്ഗീയതയെ ചെറുത്തുതോല്പിക്കാൻ ന്യൂനപക്ഷങ്ങൾതന്നെ ശ്രമിക്കണം.'' ഇതു് കേൾക്കേണ്ടവർ കേൾക്കുമോ? കേട്ടാൽതന്നെ അതിനനുസരണമായി പ്രവർത്തിക്കുമോ? കാലം അതിന് മറുപടി പറയട്ടെ!

വസ്തുനിഷ്ഠമായ കണക്കിന്റെ ആവശ്യം

ഭാരതത്തിൽ ജനാധിപത്യാവകാശങ്ങൾ എല്ലാവർക്കും തുല്യമായനുഭവിക്കാനുള്ള വ്യവസ്ഥകളാണ് ഭരണഘടനയിലും പൗരാവകാശ പ്രസക്തിയുള്ള മറ്റു നിയമങ്ങളിലും ചട്ടങ്ങളിലും സഞ്ചയിച്ചിരിക്കുന്നത്. ജാതി മത വർണ്ണ വർഗ്ഗ ലിംഗങ്ങളെ അടിസ്ഥാനമാക്കിയുള്ള ഏതു വിവേചനം രാജ്യത്തെവിടെയുണ്ടായാലും, അത് നിയമരഹിതമായിരിക്കും. അപ്രകാരം ചെയ്യുന്നവർ ശിക്ഷിക്കപ്പെടുകയുംചെയ്യും. ഭരണഘടനയുടെ ഏറ്റവും ശക്തമായ നെടുംതൂണുകളിലൊന്നായ മൗലികാവകാശങ്ങളിൽ ഇക്കാര്യം ഉറപ്പിച്ചും ഉറക്കെയും വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

ഇത്രയും ബൃഹത്തും, സമഗ്രവും സംശുദ്ധവും പ്രായോഗികവുമായ ജനാധിപത്യാവകാശങ്ങൾ അനുഭവിക്കാൻ അവസരമുണ്ടാക്കിയിട്ടുള്ള രാജ്യങ്ങൾ, ലോകത്ത് വിരലിലെണ്ണാൻ സാധിക്കുന്നത്രയേയുള്ളെന്നതാണ് സത്യം. സർക്കാർ മാത്രമല്ല പൊതുജീവിതത്തിൽ പ്രസക്തിയും പ്രാധാന്യവുമുള്ള ഏതു സ്ഥാപനവും സംവിധാനവും, ജനങ്ങൾക്ക് ഉറപ്പുചെയ്യിട്ടുള്ള മൗലികമായ സമത്വം, പരിപാലിക്കണമെന്നാണനുശാസനം. ഭാരതത്തെപ്പോലെ ജനസംഖ്യയുള്ള മറ്റൊരു രാജ്യത്തെ ഇക്കാര്യത്തിൽ അതുമായി താരതമ്യപ്പെടുത്താനില്ലെന്നതാണ് യാഥാർത്ഥ്യം. ചൈനയിലെ ജനാധിപത്യ നിലവാരം, ടിനാമെൻ സ്ക്വയറിലെ സംഭവം വിളിച്ചറിയിച്ചിട്ടുണ്ടല്ലോ. ഇതിൽ നിന്ന് ഒരു വലിയ സത്യം, തിമിരം ബാധിക്കാത്ത ഏതൊരാളിനും, കാണാൻ സാധിക്കും. ഇന്ന് ലോകത്ത് ഇത്രയധികം ജനങ്ങൾ, തികഞ്ഞതോതിലുള്ള സമ്പൂർണ്ണ ജനാധിപത്യം അനുഭവിക്കുന്നതിന്, മറ്റൊരുദാഹരണമില്ല!

എന്തെല്ലാം വീഴ്ചകളും പോരായ്മകളും കുറവുകളും സംഭവിച്ചിട്ടുണ്ടെങ്കിലും, സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷം ഇവിടെ സംസ്ഥാപിതമായ ജനാധിപത്യത്തിന്റെ അടിത്തറ ഇന്നും ബലിഷ്ഠമാണ്. അതിലൂടെ ഇവിടെയാർജ്ജിക്കാൻ കഴിഞ്ഞ, സാമൂഹികവും, വ്യവസായികവും, കാർഷികവും, പൊതുജനാരോഗ്യപരവും മറ്റുമായ പുരോഗതി, തികച്ചും ഗണ്യമായ തോതിലുള്ളതാണെന്നു നിഷ്പക്ഷമതികൾ സമ്മതിക്കും. പുരോഗതിയുടെ ആക്കം പോരെന്നും, പോരായ്മകളും പാളിച്ചകളും സംഭവിച്ചിട്ടുണ്ടെന്നും പറയുമ്പോൾ ഈ മൗലികമായ യാഥാർത്ഥ്യം മറന്നുകൂടയെന്നാണ് ഇവിടെ സൂചിപ്പിക്കുന്നത്. ആവലാതികളും കുറ്റാരോപണങ്ങളും നടത്താനാവശ്യമായ കരുക്കൾ പെറുക്കിയെടുക്കാൻ ധാരാളം കിട്ടും. ഈ കാലഘട്ടത്തിൽ സ്വാതന്ത്ര്യംനേടിയ, ഏഷ്യ, ആഫ്രിക്ക, അമേരിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളിലെ രാജ്യങ്ങളുടെ അവസ്ഥയും, ഭാരതത്തിലെ സ്ഥിതിയും താരതമ്യപ്പെടുത്തിയാൽ, നമുക്ക് സമ്പാദിക്കാനും, സുസ്ഥിരമാക്കാനും സാധിച്ച നേട്ടങ്ങളുടെ തോത് സുവ്യക്തമാകും!

മത ന്യൂനപക്ഷങ്ങൾക്ക്, പ്രത്യേകിച്ച് മുസ്ലിംകൾക്ക് ഇവിടെ നേരിടേണ്ടിവരുന്ന പീഡനങ്ങളെ സംബന്ധിച്ച് അഴിച്ചുവിടുന്ന കള്ളപ്രചരണങ്ങളുടെ പൊള്ളത്തരം പുറത്തുകാട്ടാൻ, ഒരു കാര്യം ചെയ്യുന്നത് നന്നായിരിക്കുമെന്നു തോന്നുന്നു. 1947നുശേഷം, ഇവിടെ, മുഖ്യമായി, മൂന്നു മതവിഭാഗക്കാർ, അവരവരുടെ ആരാധനാലയങ്ങൾ പരിപാലിക്കുന്നതിനെ സംബന്ധിച്ചുള്ള വസ്തുനിഷ്ഠമായ വിവരങ്ങൾ ശേഖരിക്കാൻ ഏതെങ്കിലും സന്നദ്ധ സംഘടന തയ്യാറാകണം.

സന്മനോഭാവത്തോടെ സമാധാനജീവിതം നയിക്കാനുള്ള പരിസ്ഥിതി, ഇവിടെ എല്ലാവർക്കുമൊരുപോലെയുണ്ട്. എല്ലാവർക്കുമൊരുപോലെ സിദ്ധിക്കുന്ന ജനാധിപത്യാവകാശങ്ങൾ പ്രയോജനപ്പെടുത്തിയാണ്, ജനാധിപത്യ സങ്കല്പങ്ങൾ സംബന്ധിച്ച് തികച്ചും ഭിന്നങ്ങളായ ആശയങ്ങൾ പുലർത്തുന്ന പ്രത്യയശാസ്ത്ര വിശ്വാസികൾപോലും, അവരുടെ ലക്ഷ്യം നേടാൻ ശ്രമിക്കുന്നത്. വ്യവസ്ഥാപിത ജനാധിപത്യ ഭരണം തകിടംമറിക്കാനും, കഴിയുമെങ്കിൽ തകർക്കാനും, അവരുടെ ഭരണസങ്കല്പങ്ങളിൽ അംഗീകരിക്കാത്തതെങ്കിലും, ഇവിടെ സിദ്ധിക്കുന്ന അഭിപ്രായപ്രകടന–സംഘടനാ സ്വാതന്ത്ര്യങ്ങളും മറ്റുമാണവർ ഉപയോഗിക്കുന്നത്. സ്വന്തം മതമല്ലാതെ മറ്റുള്ളവയൊക്കെ അസത്യങ്ങളാണെന്നു വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർ ഇവിടെയുണ്ട്. പക്ഷേ അവരും മതനിരപേക്ഷതയെ പിടിച്ചാണാണയിടുന്നത്! മത നിരപേക്ഷതയിൽ ആത്മാർത്ഥതയുള്ള, പൈതൃകമായി അത് സിദ്ധിച്ചിട്ടുള്ള, മതഭ്രാന്തിപക്ഷമാണ്, ഇവിടെ ആദ്യകാലം മുതൽ മതനിരപേക്ഷതയെ ദേശീയതത്വസംഹിതയായി സ്വീകരിക്കണമെന്നു വാദിച്ചിട്ടുള്ളതും, പ്രയത്നിച്ചിട്ടുള്ളതും. മറ്റുപലരും വിരാഷ്ട്രവാദം വളർത്താനും ശക്തിപ്പെടുത്താനും, അവസാനം രാജ്യത്തെ പങ്കുവെയ്ക്കാനും വഴിവെട്ടിക്കൊണ്ടിരിക്കുമ്പോഴും, ഇവിടെ മതനിരപേക്ഷത ഒരു വിശ്വാസപ്രമാണമായിട്ടംഗീകരിക്കാനുള്ള പ്രയത്നം നടത്തിയതിനു നേതൃത്വം നല്കിയത്, ഇവിടത്തെ മതഭ്രാന്തിപക്ഷത്തിൽപെട്ട ജനങ്ങളായിരുന്നു. ഈ ചരിത്രസത്യം മനഃപൂർവ്വം മറയ്ക്കാനും, മറ്റാരുടെയൊക്കെയോ സമ്മർദ്ദത്താലാണ് മതനിരപേക്ഷത നിലനില്ക്കുന്നതെന്നു വരുത്താനും, ഇന്നു ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇങ്ങനെ ചെയ്യുന്നത്, താല്ക്കാലികങ്ങളായ നേട്ടങ്ങൾ മാത്രം ലക്ഷ്യംവെച്ചു പ്രവർത്തിക്കുന്ന, കപടമതേതരക്കാരത്രേ!

അടുത്തകാലത്ത് വിവാദവിഷയമാക്കിത്തീർത്തിട്ടുള്ളകാര്യമാണല്ലോ മതന്യൂനപക്ഷങ്ങളിൽ ചിലർക്ക് അനുഭവിക്കാനിടവന്നിട്ടുള്ളതായി പറഞ്ഞു പരത്തുന്ന പീഡനങ്ങൾ!! അയോദ്ധ്യാസംഭവങ്ങൾക്കുശേഷം ഭാരതത്തിലാകപ്പാടെ മുസ്ലിംകൾക്ക് സ്വൈരജീവിതം സാദ്ധ്യമല്ലാത്ത സാഹചര്യമാണ് നിലവിലിരിക്കുന്നതെന്ന് പാകിസ്ഥാൻ പറഞ്ഞു പരത്തുകയാണ്. മുസ്ലിംരാജ്യങ്ങളിലാണ് അവർ ഇത്തരം പ്രചാരണം ശക്തിപ്പെടുത്തിയിരിക്കുന്നതും. ഭീകര പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കാനും അതിന് സജ്ജീകരണസൗകര്യങ്ങളേർപ്പെടുത്താനും ശ്രമിക്കുന്ന പാകിസ്ഥാൻ ഭാരതത്തെ തളർത്താനും തകർക്കാനും ലക്ഷ്യമിട്ടാണ് പ്രവർത്തിക്കുന്നത്. അത് പരസ്യമായ സത്യമാണ്. ഇവിടത്തെ ഭദ്രത തകർക്കാൻ കരുതിക്കൂട്ടി പാകിസ്ഥാൻ നിർവ്വഹിക്കുന്ന ഗൂഢപ്രവർത്തനങ്ങളുടെ മൂടുപടം, ബോംബെ സ്ഫോടനവും മറ്റും ചീന്തിക്കളഞ്ഞിട്ടുണ്ട്.

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

അവരുടെ പണിയാളുകളായി പ്രവർത്തിക്കാൻ പ്രയാസമില്ലാത്ത രാജ്യദ്രോഹികൾ നമ്മുടെയിടയിൽ പതുങ്ങിയിരിക്കുന്നുണ്ടെന്ന സത്യം അത് തെളിയിക്കുകയും ചെയ്തു. അവരുടെ അഞ്ചാംപത്തികളെ കണ്ടുപിടിക്കാനും ഒറ്റപ്പെടുത്താനും മൊത്തം, ജനങ്ങളൊന്നിച്ചു പ്രവർത്തിക്കേണ്ട കാലമാണിത്.

ബോംബെ സ്ഫോടനത്തിനു കാരണക്കാരെന്നു പറയപ്പെടുന്നവരെക്കുറിച്ചും, അവരുടെ ഏജന്റുമാരെക്കുറിച്ചും വസ്തുതകൾ ശേഖരിക്കാനും കുറ്റവാളികളിൽ ചിലരെ അറസ്റ്റു ചെയ്യാനും നമ്മുടെ പോലീസ് വകുപ്പിന് വളരെവേഗം കഴിഞ്ഞു. ഈ രംഗത്തെ അവരുടെ സേവനം സ്തുത്യർഹവുമായിട്ടുണ്ട്. എന്നാൽ ഇവിടെ ന്യായമായും ഒരു സംശയം ഉൽഭവിക്കുന്നു. പോലീസുകാരുടെ സാമർത്ഥ്യവും ശുഷ്കാന്തിയും അർപ്പണബോധവും സേവനക്ഷമതയുമൊക്കെ, സാമൂഹ്യവിരുദ്ധരും, പാകിസ്ഥാന്റെ ഏജന്റുമാരും, അവരുടെ കൂട്ടാളികളായി പ്രവർത്തിക്കുന്നവരും ആരൊക്കെയെന്നും, എവിടൊക്കെയെന്നുമെല്ലാം, നേരത്തെ കണ്ടുപിടിക്കാൻ എന്തുകൊണ്ടു പ്രയോജനപ്പെടുത്തിയില്ല? അപ്രകാരം മുൻകൂട്ടി കണ്ടുപിടിച്ച് ദ്രോഹം തടയുവാൻ എന്തുകൊണ്ടു സാധിച്ചില്ല? പാകിസ്ഥാന്റെ ഏജന്റുമാരും അഞ്ചാംപത്തികളുമൊക്കെ ഇൻഡ്യയുടെ പല ഭാഗങ്ങളിലുമുണ്ട്, അവരെ ശരിക്കു നിരീക്ഷണവിധേയരാക്കണം—എന്നെല്ലാം ഉത്തരവാദിത്വമുള്ള വ്യക്തികളും രാഷ്ട്രീയപാർട്ടികളുമൊക്കെ മുന്നറിയിപ്പ് നൽകിയിരുന്നത് അപൂർവ്വമല്ലല്ലോ. എന്തുകൊണ്ട് അതൊന്നും ആരും ഗൗരവമായിട്ടെടുത്തില്ല? ഭീകര പ്രവർത്തനത്തിലേർപ്പെട്ടേക്കാനിടയുള്ളവരെ കരുത്തും സാമർത്ഥ്യവും രാജ്യസ്നേഹവും സന്മനോഭാവവും നിഷ്പക്ഷതയുമുള്ള നമ്മുടെ പോലീസ് അധികാരികൾ, നേരത്തെതന്നെ തടഞ്ഞില്ല? ഭീകരപ്രവർത്തനങ്ങളുടെ ദുരന്തഫലം അനുഭവിച്ചറിഞ്ഞ ശേഷം, അതിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്ന ദ്രോഹികളെക്കുറിച്ചുള്ള വിവരങ്ങളും ഗൂഢവൃത്തിയുടെ ചുരുളുകളും അറിയുന്നതിലെത്രയോ ഭേദമാണ് അവ നടക്കാനിടവരാത്ത വിധത്തിൽ നേരത്തെ നടപടികൾ എടുക്കുന്നത്! സാമാന്യബുദ്ധിയുള്ള സാധാരണ ജനങ്ങളുടെ മനസ്സിലുയരുന്ന സംശയമാണിത്.

ഇസ്ലാമികരാജ്യങ്ങൾ അവരുടെ സംയുക്തസമ്മേളനത്തിൽ പാകിസ്ഥാന്റെ സമ്മർദ്ദത്തിനു വിധേയരായി പാസാക്കിയ ഇൻഡ്യാവിരുദ്ധ പ്രമേയം പാകിസ്ഥാൻ ഇൻഡ്യയിൽ പ്രോൽസാഹിപ്പിക്കുന്ന ഭീകര പ്രവർത്തനങ്ങൾ ന്യായീകരിക്കാനുള്ള പ്രയത്നത്തിന്റെ ഭാഗമായിരുന്നു.

മതന്യൂനപക്ഷങ്ങൾക്ക്, പ്രത്യേകിച്ച് മുസ്ലിംകൾക്ക് ഇവിടെ നേരിടേണ്ടിവരുന്ന പീഡനങ്ങളെ സംബന്ധിച്ച് അഴിച്ചുവിടുന്ന കള്ളപ്രചരണങ്ങളുടെ പൊള്ളത്തരം പുറത്തുകാട്ടാൻ, ഒരു കാര്യം ചെയ്യുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. 1947നുശേഷം, ഇവിടെ, മുഖ്യമായി, മൂന്നു മതവിഭാഗക്കാർ, അവരവരുടെ ആരാധനാലയങ്ങൾ പരിപാലിക്കുന്നതിനെ സംബന്ധിച്ചുള്ള വസ്തുനിഷ്ഠമായ വിവരങ്ങൾ ശേഖരിക്കാൻ ഏതെങ്കിലും സന്നദ്ധ സംഘടന തയ്യാറാകണം. ഹിന്ദുക്കളുടെ ആരാധനാസങ്കേതങ്ങൾ, ക്രിസ്ത്യാനികളുടെപള്ളികൾ, മുസ്ലീംകളുടെ മോസ്കുകൾ, എന്നിങ്ങനെ മുഖ്യമായി വിഭജിച്ച്, വസ്തുതകൾ ശേഖരിക്കുകയാണ് വേണ്ടത്. 1947ൽ നിലവിലുണ്ടായിരുന്ന പഴയ സങ്കേതങ്ങൾ, അതിനുശേഷം പുതുക്കിപ്പണിഞ്ഞ സങ്കേതങ്ങൾ, പുതിയതായി പണിതീർത്ത സങ്കേതങ്ങൾ—എന്നീ വകുപ്പു തിരിച്ച് വസ്തുതകൾ സമാഹരിക്കണം. ഇതിന് ഓരോ പഞ്ചായത്തിലെയും തിരഞ്ഞെടുപ്പിനു വിതിച്ചുവിഭജിച്ചിട്ടുള്ള നിയോജകമണ്ഡലമായിരിക്കണം അടിസ്ഥാന യൂനിറ്റ്. ഓരോ പഞ്ചായത്തിലെയും മൊത്തം നിയോജകമണ്ഡലങ്ങളിലെ കണക്ക് ഒന്നിച്ചു രേഖപ്പെടുത്തണം. ഈ പ്രക്രിയ കേരളത്തിൽ തുടങ്ങിയാൽ, വ്യാപിപ്പിച്ചാൽ ഈ മാതൃക പിടിച്ച് മറ്റു സംസ്ഥാനങ്ങളിലും സന്നദ്ധ സംഘടനകൾ പ്രവർത്തിച്ചുകൊള്ളും.

ഇത്തരത്തിലുള്ള സ്ഥിതിവിവരക്കണക്ക് ഇന്ന് ലഭ്യമല്ല. ആരും തയ്യാറാക്കിയിട്ടുമില്ല. തൽപരകക്ഷികൾ അവരവരുടെ ലക്ഷ്യമനുസരിച്ച് യാഥാർത്ഥ്യങ്ങൾ ഗണ്യമാക്കാതെ, നിറം പിടിപ്പിച്ച നുണകൾ പറഞ്ഞുപരത്തുകയാണ്. ഇപ്രകാരമൊരു സ്ഥിതിവിവരക്കണക്ക് അനായാസമായി കിട്ടാനുണ്ടെങ്കിൽ ഈ നുണയുടെയൊന്നും ആയുസ്സധികമുണ്ടാകുകയില്ല. ഇവിടത്തെ സത്യാവസ്ഥയറിയുന്നതും അറിയിക്കുന്നതുംകൊണ്ട് സമകാലിക സംഭവങ്ങളെ യഥാതഥമായി കൈകാര്യം ചെയ്യാൻ സൗകര്യമുണ്ടാകുമെന്നു തീർച്ചയാണ്. തികഞ്ഞ അർപ്പണബോധത്തോടുകൂടി നിസ്വാർത്ഥമായി സേവനം നടത്തി ഇപ്രകാരമൊരു സ്ഥിതിവിവരക്കണക്ക് തയ്യാറാക്കാനുള്ള തന്റേടം നമ്മുടെ യുവജനങ്ങൾ കാണിക്കുമെന്നു കരുതുന്നത്, തെറ്റായ വിലയിരുത്തലാകുമെന്നു ഞാൻ കരുതുന്നില്ല. നമ്മൾ എവിടെ നിൽക്കുന്നെന്നും ഇവിടത്തെ മതവിശ്വാസികളുടെ ആരാധനാലയങ്ങളുടെ അവസ്ഥയെന്തെന്നും വസ്തുനിഷ്ഠമായി പറയാൻ ഈ കണക്ക് അത്യന്തം ഉപകരിക്കുമെന്നു തീർച്ചയാണ്. ആരാണ് നേട്ടമുണ്ടാക്കിയതെന്നും ആർക്കാണ് അധഃപതനമോ, നിശ്ചലതയോ അനുഭവിച്ചിട്ടുള്ളതെന്നും ഈ കണക്ക് സ്വയം സംസാരിച്ചുകൊള്ളും! അറിയിക്കും!

ചരിത്രത്തിലെ തിരുത്തൽ

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

എഴുതപ്പെട്ടിട്ടുള്ള ചരിത്രം എന്നും തിരുത്തലിനും പുതുക്കലിനും പുനർവിചാരണയ്ക്കും വിധേയമാണ്. ഇത് അംഗീകൃതമായ ഒരു സംഗതിതന്നെ. ബൈബിൾ, ഖുർആൻ, ഗീത തുടങ്ങിയ മഹൽ ഗ്രന്ഥങ്ങൾക്കുള്ള മാതിരിയൊരു ശാശ്വതത്വം, മാററമില്ലായ്മ ഒരു ചരിത്രകൃതിക്കുമില്ല. എഡ്വേർഡ് ഗിബ്ബണിന്റെ റോമാചരിത്രം പോലെയുള്ള മഹൽ ഗ്രന്ഥങ്ങൾ സ്വീകാര്യമാകുന്നത് അവയിലെ ചരിത്രവസ്തുതകൾക്ക് വേണ്ടിയല്ല, മററു മഹത്വങ്ങളുടെയടിസ്ഥാനത്തിലാണ്.

ഇൻഡ്യാചരിത്രത്തിലെ പല വസ്തുതകളും തിരുത്തേണ്ടവയാണെന്ന് ബ്രിട്ടീഷ് ഭരണകാലത്ത് നമ്മുടെ ചരിത്രപണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുകയുണ്ടായി. സ്വാതന്ത്ര്യലബ്ധിക്കുശേഷം വിപുലമായ തോതിൽ പുതുക്കിയെഴുത്തും നടന്നു. ശിപായിലഹള, ആദ്യത്തെ സ്വാതന്ത്ര്യസമരമായതും, തീവ്രവാദികളായ കൊലയാളികൾ പലരും രക്തസാക്ഷികളായതുമൊക്കെ ഇതിന്റെ ഫലമായിട്ടാണ്. പ്രത്യയശാസ്ത്ര പ്രമാണങ്ങളെയാധാരമാക്കിയുള്ള പുനർവിചാരണയും പല സംഭവങ്ങളുടെ കാര്യത്തിലുമുണ്ടായി.

ഈ പ്രക്രിയയ്ക്ക് അവസാനമില്ലെന്നുള്ളതാണ് സത്യം. പക്ഷെ ഇന്ന് അതിന്റെ ഭാഗമെന്ന നിലയിൽ ചില പദ്ധതികളും പരിപാടികളും ചില മേഖലകളിൽ നടത്തുമ്പോൾ, രാഷ്ട്രീയലാഭം ലക്ഷ്യമാക്കി പലരും ആരോപണങ്ങളും ആവലാതികളും പറഞ്ഞ് തെററിദ്ധാരണ പരത്തുന്നു!

ഇൻഡ്യൻ സ്വാതന്ത്ര്യസമരചരിത്രംതന്നെ തൃപ്തികരവും, സർവ്വസമ്മതവും, സത്യസന്ധവുമായല്ല രചിക്കപ്പെട്ടതെന്ന ആവലാതി നിലവിലുണ്ട്. സ്വാതന്ത്ര്യത്തിനുവേണ്ടി സർവ്വവും സമർപ്പിച്ച എത്രയോ നേതാക്കന്മാരെ വിഗണിക്കുകയോ വിട്ടുകളയുകയോ ചെയ്തിട്ടില്ലേ പല ചരിത്രഗ്രന്ഥങ്ങളിൽനിന്നും! അനർഹവും അമിതവുമായ പ്രാമാണ്യവും പ്രാധാന്യവും ചിലർക്ക് അതിൽ കൊടുക്കുന്ന പ്രവണത ചരിത്രത്തോട് നീതികാണിക്കുന്ന ഒന്നല്ല. നേതാജി, ആചാര്യകൃപലാനി, ജയപ്രകാശ് നാരായണൻ, സർദാർ പട്ടേൽ, രാജേന്ദ്രപ്രസാദ്, ലോഹ്യ, സാവർക്കർ, ശ്യാമപ്രസാദ് മുഖർജി, കൃഷ്ണമേനോൻ, എ.കെ. ഗോപാലൻ തുടങ്ങി എത്രയെത്ര സമുന്നതന്മാരാണ് അർഹമായ സ്ഥാനം കിട്ടാതെപോയവരുടെ കൂട്ടത്തിൽ! കുപ്രസിദ്ധമായ അടിയന്തരാവസ്ഥയും അതിലെ കഥാനായകന്മാരും കാണിച്ച കടുംകൈകളൊന്നും കണക്കാക്കാതെ ചരിത്രത്തിൽ അത്യുന്നതങ്ങളിലാണ് അവരിൽ പലരെയും കുടിയിരുത്തുന്നത്! ഷാ കമ്മീഷന്റെയ സ്ഥാനത്തിലൊരു വിലയിരുത്തലിനും അവരുടെ ചരിത്രം വിധേയമായിട്ടുമില്ല!

കേരളചരിത്രത്തിലെ പല പൂർവ്വകാല സംഭവങ്ങളും സത്യസന്ധതയോടെ അവതരിപ്പിക്കാൻ ചരിത്രപണ്ഡിതന്മാരെയനുവദിക്കാത്ത രാഷ്ട്രീയ സാഹചര്യമാണിവിടെ നിലവിലുള്ളത്. രാഷ്ട്രീയവും ജാതീയവുമായ പക്ഷപാതിത്വത്തിന്റെ മുദ്രകൾ പലതിലും പതിഞ്ഞുകിടക്കുന്നു. ആരൊക്കെ എങ്ങിനെയെല്ലാം വെള്ളപൂശിയാലും മലബാർ ലഹള ഒരു വർഗ്ഗീയ കലാപമായിരുന്നെന്ന യാഥാർത്ഥ്യത്തിന്റെ മുഖത്തിന് മാററമുണ്ടാകുകയില്ല. അനുഭവസ്ഥരുടെ കഥകളും, ഭരണാധിപതികളുടെ കുറിപ്പുകളുമൊന്നും മാററിമറിക്കാവുന്ന വിവരങ്ങളല്ല. വർഗ്ഗീയച്ഛായ നീക്കിയിട്ട് പകരം വർഗ്ഗസമരസ്വഭാവമാരോപിച്ച് മഹത്വമാർജ്ജിക്കാനുള്ള വിദ്യയും ചില മേഖലകളിൽ ഉണ്ടായിട്ടുണ്ട്. മതവിഭാഗപ്രീണനത്തിലൂടെ അവരുടെ വോട്ട് സ്വായത്തമാക്കാനുള്ള ശ്രമത്തിന് ഇവിടെ ചരിത്രത്തിന്റെ പരിവേഷംകെട്ടുകയാണ് ചെയ്യുന്നത്!

പൂർവ്വചരിത്ര സംഭവങ്ങളും ചരിത്രപശ്ചാത്തലത്തിൽ പ്രവർത്തിച്ച വ്യക്തികളും സാഹിത്യകൃതികളുടെ കേന്ദ്രമാകുന്നത് എല്ലായിടത്തുമുള്ള ഒരു പ്രവണതയാണ്. മലയാളത്തിലും ഇത്തരത്തിലുള്ള കൃതികൾ പ്രഗത്ഭരായ സാഹിത്യകാരന്മാർ നിർവ്വഹിച്ചിട്ടുണ്ട്. മഹാകവി ഉള്ളൂരിന്റെ ഉമാകേരള മഹാകാവ്യവും സി. വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികകളും ആർക്കും അറിയാവുന്ന ഉദാഹരണങ്ങളാണ്. ചരിത്രസാഹിത്യകൃതികളിൽ സന്നിവേശിപ്പിക്കുന്ന വൈകാരിക ഭാവങ്ങളും നാടകീയതയും വർണ്ണനാവൈഭവങ്ങളുമൊക്കെ അവയെ അനുവാചകന് കൂടുതൽ സ്വീകാര്യമാക്കുന്നു. പലപ്പോഴും ചരിത്രസത്യങ്ങളെ അവഗണിച്ചുപോലും സാഹിത്യകൃതികളിലെ സംഭവങ്ങളും വസ്തുതകളും സ്മരണീയങ്ങളായിത്തീരും. സാഹിത്യകാരന്റെ സർഗ്ഗപ്രതിഭയിലൂടെ ഊതിത്തെളിയുമ്പോൾ തങ്കമായിത്തീരുന്ന ചരിത്രബിന്ദുക്കൾ, ശുഷ്കമായ ചരിത്രവസ്തുതകളേക്കാൾ ചാരുതയും തീവ്രതയുമുള്ളവയായി മാറും. ഒരു തരത്തിൽ ചരിത്രത്തെ മാർദ്ദവപ്പെടുത്തുകയും ഗ്രന്ഥകാരന്റെ തനതായ ഇംഗിതപ്രകാരം വ്യാഖ്യാനിക്കുകയുമാണിവിടെ സംഭവിക്കുന്നത്. ഉള്ളൂരിന്റെ കളിപ്പാൻകുളം സംഭവവും, സി. വി.യുടെ ചരിത്രാഖ്യായികകളിൽ തെളിയുന്ന രാജഭക്തിയും ഇതിനുദാഹരണമാണ്. 'ടിപ്പുസുൽത്താന്റെ വാൾ' എന്ന കൃതിയിലും അതിന്റെ ടി. വി. അവതരണത്തിലും ചരിത്രത്തിന്റെ ഈ ഉൾപരിവർത്തനം പ്രത്യക്ഷമാണ്. അതൊക്കെ ചരിത്രമായി സ്വീകരിക്കാൻ തയ്യാറാകുന്നവരോട് സഹതപിക്കാനേ സാധിക്കൂ.

ടോൾസ്റ്റോയിയുടെ 'യുദ്ധവും സമാധാനവും', ഡിക്കൻസിന്റെ 'രണ്ടു നഗരങ്ങളുടെ കഥ', കെന്നത്തിന്റെ 'ഒളിവർ വെസ് വെൽ' ഹേയ്സിന്റെ 'ആരം ദി കോൺക്വററ്സ്'', ക്രേനിന്റെ 'റെഡ് ബാഡ്ജ് ഓഫ് കറേജ്'' തുടങ്ങിയ എത്രയെത്ര പ്രസിദ്ധങ്ങളായ കൃതികളുണ്ട് ചരിത്രപശ്ചാത്തലത്തിൽ രചിക്കപ്പെട്ടവയായിട്ട്! പക്ഷെ അവയൊന്നും ചരിത്രമല്ല; ചരിത്ര വ്യാഖ്യാനമാണ് എന്നത് മറന്നുകൂടാ.

പുതിയ പരിശ്രമങ്ങളിലൂടെ നേടുന്ന പുതിയ വസ്തുതകളുടെ വെളിച്ചത്തിൽ, പഴയ ചരിത്രം പരിശോധിച്ച് പുതുക്കേണ്ടത് ഒരാവശ്യമാണ്. അപ്രിയങ്ങളും അസുഖമുണ്ടാക്കുന്നതുമായതാവാം ഈ പുതിയ തെളിവുകൾ വരുത്തുന്ന മാററം. പക്ഷെ ചരിത്രത്തെ സത്യസന്ധതയോടെ നിർദ്ദാക്ഷിണ്യതയോടെ അവതരിപ്പിക്കാനുള്ള ശേഷിയും അനുമതിയും ചരിത്രകാരന്മാർക്ക് നൽകേണ്ടത് സമൂഹമാണ്. ചരിത്രത്തെ ഭയപ്പെടുന്നവർ മാത്രമേ പുനരാവിഷ്കരണത്തെ ഭയപ്പെടുകയും വെറുക്കുകയുമുള്ളൂ.

സോവിയററു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രം തന്നെ എത്രതവണയാണ് പുതുക്കിയെഴുതിയിട്ടുള്ളത്. ആരെങ്കിലും അപ്പോൾ പ്രതിഷേധിച്ചതായിട്ടറിവില്ല. പാർട്ടിയുടെ ചരിത്രം സത്യസന്ധമല്ലെന്ന കുററാരോപണം എത്രയോ ഉണ്ടായിട്ടുണ്ടുതാനും. പുതിയ പരിഷ്കരിച്ച ഒരു ചരിത്രം അത്യാസന്നമായിട്ടുണ്ട്, സോവിയററ് യൂനിയന്റെ തകർച്ചയെ തുടർന്ന്! അവിടെ രഹസ്യവകുപ്പിന്റെ സംരക്ഷണയിലിരുന്ന വസ്തുതകൾ ഒന്നൊന്നായി പുറത്തുവന്നുതുടങ്ങിയിട്ടുണ്ട്. പഴയ ചരിത്രമാകപ്പാടെ മാററിയെഴുതുന്നതിന് നിർബ്ബന്ധിക്കുന്ന വസ്തുതകളുടെ കുമ്പാരം കാണുമ്പോൾ, ചരിത്രം പുതുക്കേണ്ടതിന്റെ ആവശ്യമെത്രയെന്ന് തെളിവുസഹിതം പലരെയും വിശ്വസിപ്പിക്കാൻ ഇടവരും! തിരുത്തിയെഴുതുന്നതോടൊപ്പം പല പ്രതിമകളും മാററി പ്രതിഷ്ഠിക്കേണ്ടതായും വന്നെന്നിരിക്കും! അതിനുള്ള കരുത്ത് എല്ലാരും കാണിച്ചേ പററു.

സെക്കൻഹാൻഡ് പണ്ഡിതന്മാർ

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

ഒരു പുസ്തകത്തിന്റെ പേരെടുത്തു പറഞ്ഞ്, അതുപോലെ മറ്റൊന്നില്ലെന്നു വിവരിക്കുന്നവരെ പൊതുവേദികളിൽ ഇന്നു ധാരാളമായി കാണാറുണ്ട്. രാഷ്ട്രീയം, മതം എന്നീ വിഷയങ്ങളിലാണിത്തരക്കാർ കൂടുതലുള്ളത്. താൻ പ്രതിപാദിക്കുന്ന വിഷയത്തിലുള്ള മറ്റു മുഖ്യ ഗ്രന്ഥങ്ങൾ പരിശോധിച്ചിട്ടോ വായിച്ചിട്ടോ അല്ല ഈ താരതമ്യവിവേചനത്തിനു മുതിരുകയെന്നതാണ് സത്യം. ഒന്നുമാത്രം കണ്ടിട്ട് അതാണത്യുന്നതമെന്നുള്ള അന്ധവിശ്വാസം പ്രചരിപ്പിക്കുകയാണവർ. സത്യവേദപുസ്തകത്തിലൂടെയല്ലാതെ സ്വർഗ്ഗമില്ലെന്ന് അധികാരപൂർവ്വം വിളിച്ചുപറയുന്ന ഉപദേശി, മറ്റൊരു വേദപുസ്തകവും വായിക്കാത്തയാളാണെന്ന് തീർച്ചയാണ്. പിന്നെ എങ്ങിനെ, എന്തുകൊണ്ട് ഈ താരതമ്യവിധി പറയുന്നു? കണ്ടിട്ടില്ലാത്തതെല്ലാം കൊള്ളരുതാത്തതാണെന്നത്രെ അയാളുടെ വിശ്വാസം!

പിന്നെ വേറൊരുകാര്യംകൂടിയുണ്ട്. താൻ പൊക്കിപ്പിടിക്കുന്ന പുസ്തകംതന്നെ മുഴുവനും ശരിക്കും വായിച്ചിരിക്കുകയില്ല അയാൾ. അതിലെ കുറവുകളും കോട്ടങ്ങളുമെന്നാലല്ലേ കാണൂ! മറ്റുള്ളവർ പറഞ്ഞിട്ടുള്ളത് ഏറ്റുപറയുകയായിരിക്കും അയാൾ ചെയ്യുന്നത്. പല 'ദിവ്യന്മാരെ'യും അടുത്തറിയുമ്പോൾ, ഇപ്പറഞ്ഞതു ശരിയാണെന്നു ബോധ്യമാകും.

ആത്മാർത്ഥതയും സത്യസന്ധതയും വിലപ്പെട്ടവയായി കരുതുന്നവർ ഒരു കാര്യത്തെക്കുറിച്ചും കേട്ടുകേൾവിയെ അടിസ്ഥാനപ്പെടുത്തി അഭിപ്രായം തട്ടിമൂളിക്കുകയില്ല. പക്ഷെ ഇത്തരക്കാരുടെ സംഖ്യ പൊതുജീവിതത്തിൽ അനുക്രമമായി കുറയുന്നു! ആത്മാർത്ഥതയും സത്യസന്ധതയും അർപ്പണബോധവും അപ്രായോഗികങ്ങളാണെന്ന ധാരണ സമൂഹത്തിൽ വർദ്ധിക്കുകയാണ്! വാക്കും പ്രവൃത്തിയും തമ്മിലുള്ള വിടവ് കാലംചെല്ലുന്തോറും വലുതാകുന്നു. ആദർശശുദ്ധിക്ക് വിലയിടിയുന്നു. ഇതാണ് ഇന്നത്തെ പുരോഗതിയുടെ മുഖമുദ്ര.

ഉന്നതവും ശുദ്ധവും അനാഡംബരവുമായ ഒരു ജീവിതത്തിൽ ഉറച്ച വിശ്വാസം വളർത്താൻ ഉഗ്രമായി ശ്രമിച്ചിരുന്ന ഒരു മഹാൻ ഇവിടെയുണ്ടായിരുന്നു. അവയിലുള്ള വിശ്വാസം പ്രായോഗികജീവിതത്തിൽ പ്രസക്തമാണെന്നും പ്രവർത്തികളിലൂടെ കാണിക്കാൻ എന്നും പ്രയത്നിച്ചിരുന്നു. ലക്ഷ്യംപോലെ മാർഗ്ഗവും ശുദ്ധമായിരിക്കണമെന്ന് അദ്ദേഹം നിർബ്ബന്ധം പിടിച്ചു. സ്വന്തം മതത്തിലെ ശുദ്ധമായ സങ്കല്പങ്ങൾ സ്വജീവിതത്തിൽസ്വാംശീകരിക്കുന്ന ഏതൊരാളും എല്ലാ മതങ്ങളെയും സമഭാവനയോടെ കാണുമെന്ന് അദ്ദേഹം കാണിച്ചു. അക്രമത്തിലൂടെ സ്വത്വം സമൂഹത്തിൽ സാധ്യമാകുകയില്ലെന്ന ഭാരതീയ സംസ്കാര സങ്കല്പം, അക്ഷീണമായി ആവർത്തിച്ചു. അദ്ദേഹമാണ്, സ്വാതന്ത്ര്യസമരകാലത്ത് ഇവിടത്തെ പൊതുജീവിതത്തിൽ നിറഞ്ഞുനിന്നതും നമ്മെ നയിച്ചതും.

അദ്ദേഹത്തിന്റെ നിഴലിൽ വളർന്നവർ, ക്രമേണ ആ മാന്യൻ ജീവിച്ചിരിക്കുമ്പോൾതന്നെ അദ്ദേഹത്തെ തള്ളിപ്പറയാൻ തുടങ്ങി. അധികാരത്തിലുള്ള അടങ്ങാത്ത മോഹം, രാജ്യത്തെ വെട്ടിമുറിക്കാൻപോലുമനുവദിച്ചു. പ്രായോഗികതയുടെ പേരിൽ, അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളും ആദർശങ്ങളും അവഗണിച്ചു. അവയെ ഏലകാലങ്ങൾക്കുമാഘോഷങ്ങൾക്കുമുള്ള വേളകളിലെ കൊടിതോരണങ്ങളാക്കിയതും ശിഷ്യപരമ്പരതന്നെ. ഗ്രാമസ്വരാജ് സങ്കല്പത്തിനു പകരം കമ്മ്യൂണിറ്റി പ്രോജക്ടും ബ്ലോക്ക് ഡെവലപ്പ്മെന്റുംമാത്രംമതിയെന്നു വരുത്തി. അവയിലൂടെ ഗ്രാമജീവിതത്തിലെ ലാളിത്യവും ധാർമ്മികതയും സാന്മാർഗ്ഗികതയും മുരടിപ്പിച്ച്, പകരം ഉദ്യോഗസ്ഥപ്രഭുത്വവും അഴിമതിയും വളർത്തി. വികസനമേളകൾ വെറും വാചകമേളകളായി. ഇന്നു പഞ്ചായത്തുതലം മുതൽ കേന്ദ്ര സെക്രട്ടേറിയേറ്റുവരെ ഒരുപോലെ കൊടികുത്തിവാഴുന്നു അഴിമതിയും ഔദ്യോഗികാധിപത്യവും! മന്ത്രിപദം മുതൽ നീതിന്യായപീഠംവരെ ആരോപണവിധേയമാണ്!

സത്യമിതൊക്കെയാണെങ്കിലും ഗാന്ധിജിയെക്കുറിച്ചും അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളുടെയും ആദർശങ്ങളുടെയും പ്രസക്തിയെക്കുറിച്ചും ഗംഭീരങ്ങളായ സെമിനാറുകളും പ്രഭാഷണപരമ്പരകളും അരങ്ങേറുന്നതപൂർവ്വമല്ല! അദ്ദേഹത്തെ കൈവെടിഞ്ഞവരാണ് ഇവയുടെ സൂത്രധാരന്മാരും അരങ്ങിലാടുന്ന വേഷക്കാരും! ഇത്തരമൊരവസരത്തിൽ അലറിയടിച്ച ഒരു പ്രസംഗംകൊണ്ട് സദാവാസികളെ പ്രബുദ്ധരാക്കിയ ഒരു നേതാവിനോട്, ആട്ടം കഴിഞ്ഞിറങ്ങി വന്നപ്പോൾ, മഹാത്മാവിന്റെകൃതികൾ പതിനഞ്ചിലേറെ ഭാഗങ്ങളിലായി സമാഹരിച്ച് കേന്ദ്ര സർക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞപ്പോൾ— ''ഓഹോ! അങ്ങനെയുണ്ടോ? അതും സർക്കാറിന്റെ മികച്ച നേട്ടത്തിനുദാഹരണംതന്നെ!''— എന്നായിരുന്നു പ്രതികരണം! കപടഗാന്ധിയനായ അദ്ദേഹം അതു കണ്ടിട്ടില്ലെന്ന കാര്യം ഏറ്റുപറഞ്ഞു— ''ഞങ്ങൾക്ക് പൊതുപ്രവർത്തനം കഴിഞ്ഞ്, വായിക്കാനെവിടെ സമയം?''

അരങ്ങിൽ ആവേശംകൊണ്ട് ആടുന്നവരിലധികവും ഇത്തരത്തിലുള്ള 'സെക്കണ്ട്' ഹാൻഡു പണ്ഡിതന്മാരാണ്! രാജാവിനെക്കാൾ രാജഭക്തിയുള്ള രാജസേവകന്മാർ!

രാഷ്ട്രീയനേതാവായ പൊതുപ്രവർത്തകന് വായിക്കാൻ സമയം കിട്ടാറില്ലെങ്കിൽ, കുട്ടികളെ പഠിപ്പിക്കാൻ ബാദ്ധ്യതയുള്ള അദ്ധ്യാപകനും പ്രൊഫസറും ആധികാരികഗ്രന്ഥങ്ങൾ വായിക്കേണ്ടയാവശ്യമില്ലെന്നു വിശ്വസിക്കുകയാണ് ചെയ്യുന്നത്. ആത്മാർത്ഥതയുള്ള ഒരു അദ്ധ്യാപകൻ പറഞ്ഞതിതാണ്—''ക്ലാസെടുക്കേണ്ടതാവശ്യമായിവന്നാൽ, അദ്ധ്യാപകർ അധികവും ഉപയോഗിക്കുന്നത് 'ഗൈഡു'കളാണ്. അവ വായിച്ചോളാൻ കുട്ടികളോടു പറയും!'' മൂലഗ്രന്ഥങ്ങളെക്കാൾ ഇന്നു വിറ്റഴിയുന്നത് ഗൈഡുകളാണെന്ന വാസ്തവം അറിയാത്ത ഗ്രന്ഥകാരന്മാർ കുറവാണ്!

പരിണാമസിദ്ധാന്തത്തെപ്പറ്റിയും നവഡാർവ്വിനിസത്തെക്കുറിച്ചും ഉദ്വേഗജനകമായി സംസാരിക്കാൻ കഴിവുള്ള ഒരു ജന്തുശാസ്ത്ര പ്രൊഫസർ, ഒരവസരത്തിൽ അനായാസമായിട്ടെന്നോടു പറഞ്ഞു—''ഡാർവ്വിന്റെ ഭിന്നവർഗ്ഗങ്ങളുടെ ഉത്ഭവത്തെപ്പറ്റി (Origin of Species—1859) എനിക്ക് വായിക്കേണ്ടി വന്നിട്ടില്ല; വായിച്ചിട്ടുമില്ല എന്റെ അദ്ധ്യാപകന്മാർ അത്രയ്ക്ക് സുന്ദരമായി അതിനെപ്പറ്റി വിവരിച്ചു കാണിച്ചിട്ടുണ്ട്''

''എങ്കിലും മൂലകൃതിയുമായി മുഖപരിചയമെങ്കിലുംവേണ്ടേ?'' —ഞാൻ ചോദിച്ചു.

''എന്തിന്? അതിനൊക്കെ സമയമെവിടെ? സംഘടനാപ്രവർത്തനം കഴിഞ്ഞിട്ടെവിടെ സമയം?''

ഞാൻ മറുപടിയൊന്നും പറഞ്ഞില്ല. പ്രധാനപ്പെട്ട കാര്യങ്ങൾക്കല്ലേ സമയംകിട്ടൂ?

'മാർക്സിസം അജയ്യമാണ്! വഴി കാട്ടിയാണ്''—എന്നൊക്കെ വികാരതരളിതമായി പ്രസംഗിക്കുന്ന എത്രയോ മുന്നണി നേതാക്കന്മാരെ എനിക്കു നേരിട്ടറിയാം 'മൂലധനം'— മുഴുവൻ ഒരാവർത്തി വായിച്ചിട്ടില്ലാത്തവരായിട്ട്! പ്രത്യയശാസ്ത്രത്തിലെ മറ്റു പ്രമാണ ഗ്രന്ഥങ്ങളുടെ കഥയും ഇതു തന്നെ. പക്ഷെ അവയെയെല്ലാം പിടിച്ച്, അതിഗംഭീരമായും വാചാലമായും പ്രസംഗിക്കാൻ വേണ്ടവിഭവം, വേറെ രീതിയിൽ കൈവശമാക്കിയിട്ടുണ്ടവരൊക്കെ! ഇന്ന് കാര്യത്തിനതുമതി!

ഇങ്ങനെ തുടങ്ങിയാൽ സ്വാനുഭവങ്ങൾ പലതും പറയാനുണ്ട്. ബഹുജനമാദ്ധ്യമങ്ങളിൽ വിളങ്ങുന്ന എത്രയോ സംസ്കാര നായകന്മാരെപ്പറ്റി! ആധികാരികങ്ങളും പ്രാമാണികങ്ങളുമായ പല മൂല ഗ്രന്ഥങ്ങളും, വായിക്കാൻ വളരെ വിരസങ്ങളോ, മനസ്സിലാക്കാൻ വളരെ പാടുപെടേണ്ടവയോ ആണ്. അതിനുള്ള ക്ഷമയും അർപ്പണബോധവും, ആത്മാർത്ഥതയും എത്രപേർക്കുണ്ട്? എങ്കിലും ആണയിട്ടു പറയേണ്ടി വരുമ്പോൾ, അവയെ പിടിക്കാതെ പറ്റുമോ? അപ്പോൾ അവിടവിടെ അന്യർ പറഞ്ഞുവെച്ചിട്ടുള്ള വിവരങ്ങൾ സ്വന്തമാക്കി, സ്വാഭിപ്രായമാണെന്നമട്ടിൽ, ബഹുജനങ്ങളെ പ്രബുദ്ധരാക്കാൻ, പ്രസംഗിക്കും. ബഹുജനം കയ്യടിക്കും!

അരങ്ങിൽ ആവേശം കൊണ്ട് ആടുന്നവരിലധികവും ഇത്തരത്തിലുള്ള 'സെക്കണ്ട് ഹാൻഡു പണ്ഡിതന്മാ'രാണ്! രാജാവിനെക്കാൾ രാജഭക്തിയുള്ള രാജസേവകന്മാർ!

വെള്ളം ചേർന്ന പാലുമാത്രം പാനം ചെയ്തു പരിചയിച്ചവർക്ക് നല്ല പാലു കുടിക്കുമ്പോൾ അജീർണ്ണമുണ്ടാകും. അതുപോലായിട്ടുണ്ട് ഇന്നത്തെ സ്ഥിതി. പാണ്ഡിത്യത്തോടുമാത്രം പ്രതിബന്ധതയുള്ള, അതിനോട് അഭിനിഷ്ഠയുള്ള, പണ്ഡിതന്മാരാണ് സമൂഹത്തിന്റെ അസ്ഥിവാരം. പിഴകളും വഴിപിഴച്ചപോക്കും ചൂണ്ടിക്കാണിച്ച് തെറ്റുതിരുത്താൻ ധാർമ്മിക സമ്മർദ്ദം ചെലുത്തുകയാണവരുടെ ധർമ്മം; സ്തുതിപാഠകവൃന്ദമാകുകയല്ല.

—:—

ആരോപണ വിധേയരുടെ കൂടാരം

പ്രവർത്തനങ്ങളിൽ അതിവിശിഷ്ടത (excellence) പ്രകടിപ്പിക്കുകയും ജീവിതത്തിൽ മാതൃകയായി വർത്തിക്കുകയും ചെയ്യേണ്ട അത്യുന്നത പദവികളിലെ വ്യക്തികളും മഹൽസ്ഥാപനങ്ങളും, ആരെയും ആശങ്കാകുലരാക്കുന്ന ആരോപണങ്ങളുടെ വിഴുപ്പുകെട്ടു ചുമന്നു നില്ക്കുന്ന ദയനീയമായ കാഴ്ചകളാണിന്നെവിടെയുമുള്ളത്. ഒരാരോപണമെങ്കിലുമുയർത്താൻ പേടിക്കത്തക്ക പവിത്രതയുടെ പരിവേഷം പൊതിഞ്ഞുനില്ക്കേണ്ട അത്യുന്നത സ്ഥാനങ്ങളാണിവയൊക്കെയും! പരമോന്നത ന്യായാധിപസ്ഥാനം, പ്രധാനമന്ത്രിപദം, വൈസ്ചാൻസലർ ഉദ്യോഗം—എന്നിങ്ങനെ എത്രയെത്രയെണ്ണമുണ്ട് പട്ടികയിൽ പെടുത്താൻ! ആരോപണങ്ങൾക്ക് വിധേയമായി ഇവയൊക്കെ നില്ക്കുന്നത് കാണുമ്പോൾ ആരുടെ കരളാണു പൊടിയാത്തത്!

അപവാദങ്ങളുമായി ബന്ധപ്പെട്ടതി, അവിടങ്ങളിലുപവിഷ്ടരായിട്ടുള്ളവരെപ്പററി, മിണ്ടാൻപോലും ഭയമായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇനി വരാത്തവണ്ണം ആ കാലം അവസാനിച്ചോ? പരിശുദ്ധിക്കും, പരമോന്നത മാതൃകയ്ക്കും, പര്യായങ്ങളായി പരിഗണിച്ചിരുന്ന പദവികൾക്ക് എന്തു സംഭവിച്ചു? ഇപ്രകാരം സകലതിനും വിലയിടിവുണ്ടായ ഒരു കാലമുണ്ടോ ചരിത്രത്തിൽ? ഇപ്രകാരമായ ഒരു ഭാവിയാണിവിടെയുണ്ടാകുന്നതെന്ന് സ്വാതന്ത്ര്യസമരകാലത്ത് ആരെങ്കിലും പ്രതീക്ഷിച്ചിട്ടുണ്ടോ? ഏററവുമുഗ്രനായ നിരാശാവാദിപോലും, ഇങ്ങനെ സങ്കല്പിച്ചിരിക്കുകയില്ലെന്നു തീർച്ചയാണ്!

സ്വാതന്ത്ര്യം നേടാൻ വേണ്ടി സഹിച്ച ത്യാഗവും, നടത്തിയ നിഷ്കളങ്കമായ പ്രവർത്തനങ്ങളും പുതിയ തലമുറയെ ഓർമ്മിപ്പിക്കാനും, അവയിൽ നിന്നു പ്രചോദനം കൊള്ളാൻ പ്രേരിപ്പിക്കാനും, ഇന്നത്തെ രാഷ്ട്രീയക്കാർ ഒരവസരവും പാഴാക്കാറില്ല. അതു നല്ലതുതന്നെ. പക്ഷെ ആ പഴയ ചിത്രം കാണുമ്പോഴും കഥകൾ കേൾക്കുമ്പോഴും, ചരിത്രം വായിക്കുമ്പോഴും, ഇന്നത്തെ അഴുകിയ സാഹചര്യത്തിൽ കഴിയുന്ന പുതിയ തലമുറക്കാർക്ക് ഉണ്ടാകുന്ന ഉൽക്കടമായ സംശയമിതാണ്—'ഈ വിധത്തിലുള്ള ഒരവസ്ഥയാണോ അവർ സ്വപ്നം കണ്ടിരുന്നത്? ഇതിനായിരുന്നോ അവർ സമരരംഗത്തിറങ്ങിയത്? എന്തുകൊണ്ടിങ്ങനെ സംഭവിച്ചു?'

സംശയപരിഹാരത്തിനു മുഖത്തോടുമുഖം മുമ്പിൽ നില്ക്കുന്ന പുതിയ തലമുറയോട്, ഇന്നത്തെ നേതൃത്വത്തിന് എന്തു സമാധാനമാണ് പറയാനുള്ളത്? അഴിമതിക്കാരെയും കോഴക്കൊതിയന്മാരെയും, അധികാരദുർമ്മോഹികളെയും കൊഴുപ്പിക്കുന്ന ഒരു കാലം എങ്ങിനെയാണിവിടെ രൂപം കൊണ്ടത്? 1947-നുശേഷം ഇവിടത്തെ സമൂഹത്തിൽ സമഗ്രമായി സംഭവിച്ച മൂല്യച്യുതിയ്ക്ക് ആരാണ് വഴിയൊരുക്കിയത്? എന്തുകൊണ്ടിങ്ങനെയൊരു വൈരുദ്ധ്യത്തിന്റെ ചുഴിയിൽ ചെന്നുപെട്ടു? ഈ ദുഃഖചിന്തയുണ്ടാകാത്ത ഒരു ദിവസമുണ്ടോ, അനുഭവമുണ്ടോ, സാധാരണക്കാരനായ ഒരു മനുഷ്യന്?

സ്വാതന്ത്ര്യം നേടിയശേഷം ഇവിടെയുണ്ടായ ഏററവും വലിയ കുപ്രസിദ്ധി നേടിയ അഴിമതികളിലെ മുഖ്യകഥാപാത്രങ്ങൾ ആരെല്ലാമായിരുന്നു? അവർ ഏതു രാഷ്ട്രീയകക്ഷിയിലോ കക്ഷികളിലോ പെട്ടിരുന്നവരാണ്? മററു പലതും പട്ടികയിൽ പെടുത്താനുണ്ടെങ്കിലും ഇപ്പോൾ മൂന്നെണ്ണം മാത്രമെടുത്താൽമതി. അവ പുറത്തുവന്ന

നിറവും നിഴലും

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

കാലങ്ങളിൽ വളരെ ഒച്ചപ്പാടും വിവാദങ്ങളും വന്നിരുന്നതിനാൽ ഓർമ്മിക്കാനെളുപ്പമുണ്ട്. ജീപ്പുവാങ്ങൽ സംബന്ധിച്ച അപവാദം; മുന്ദ്രാസംഭവം; ബോഫോഴ്സ്, ഇവയെ വളരെ നിസ്സാരമാക്കിക്കൊണ്ട് ഇന്നു നിലവിലിരിക്കുന്ന ഓഹരി തട്ടിപ്പ്!

ഈ ആരോപണങ്ങളെല്ലാമുണ്ടായത് ഒരേ ഒരു രാഷ്ട്രീയകക്ഷി അധികാരത്തിലിരുന്നപ്പോഴാണ്. ആരോപണവിധേയർ ആ കക്ഷിയിലെ പ്രമുഖരും! വേറെ കക്ഷികളും കേന്ദ്രത്തിൽ ഭരണത്തിലേറിയിട്ടുണ്ട്. മററെന്തെല്ലാം ആവലാതികൾ അവരെപ്പററി പറഞ്ഞാലും, മുമ്പു പ്രസ്താവിച്ച അപവാദങ്ങളെപ്പോലുള്ള ആരോപണങ്ങൾക്ക് അവർ വഴിയുണ്ടാക്കിയിട്ടില്ലെന്നു സമ്മതിക്കണം.

പൊതുജീവിതത്തിൽ അത്യുന്നത മാനദണ്ഡം നിർബ്ബന്ധിതമായി പാലിക്കണമെന്നും ധാർമ്മികമൂല്യങ്ങൾ കൈവിടാതെ കർത്തവ്യങ്ങളനുഷ്ഠിക്കണമെന്നും, ലക്ഷ്യംപോലെ മാർഗ്ഗവും ശുദ്ധമായിരിക്കണമെന്നും നിർബന്ധിച്ചിരുന്ന ഒരു മഹാന്റെ ശിക്ഷണത്തിൽ വളർന്നവരും, അവരുടെ പരമ്പരയിൽ പെട്ടവരെന്നു പെരുമ്പറയടിക്കുന്നവരും ആണ്, മുമ്പു സൂചിപ്പിച്ച മൂന്ന് അപവാദങ്ങളുടെ കഥകളിലെ നായകന്മാർ! ഒന്നാമത്തേതു മുതൽ ഇന്നത്തേതുവരെ (അവസാനത്തേതെന്നു പറയാൻ ധൈര്യം പോരാ) അഴിമതിയുടെ ആഴവും പരപ്പും വിലയും, ഒന്നിനൊന്ന്, അനുക്രമമായി, പെരുകിയിട്ടുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്! രാഷ്ട്രമനസ്സാക്ഷി കൂടുതൽ കൂടുതലായി അഴുകൽ വ്യാപിച്ച് അർബ്ബുദബാധപോലെ, രോഗഗ്രസ്തമാകുന്നതല്ലേ ആ കാഴ്ച?

മൊത്തം ഭൂതലത്തിൽ രണ്ടു ശതമാനത്തോളമേ ഭാരതദേശത്തിന്റെ വിസ്തൃതിയുള്ളു. പക്ഷെ അവിടെ ലോകജനസംഖ്യയിൽ പതിനാറു ശതമാനം ജനങ്ങൾ വസിക്കുന്നു. നമ്മുടെ ഭൂമിയിൽ അൻപത്തഞ്ചു ശതമാനവും ഊഷരമോ ഊഷരസമാനമോ ആണ്. മിക്കവാറും പ്രദേശങ്ങളിലെ മണ്ണിന്റെ വാശി വല്ലാതെ ക്ഷയിച്ചിട്ടുമുണ്ട്. ഉപയോഗസാദ്ധ്യതയുള്ള ജലസ്രോതസ്, നൂറുശതമാനവും നാം പ്രയോജനപ്പെടുത്തിക്കഴിഞ്ഞു. കുടിനീർ ഒരു കടുത്ത പ്രശ്നമാണ്, പ്രത്യേകിച്ച് ശുദ്ധജലം. വൻ പട്ടണങ്ങളിൽ ചേരിവാസികളുടെ ശതമാനം മുപ്പത്തൊന്നിലധികമുണ്ട്. അതു് ആണ്ടുതോറും വർദ്ധിക്കുകയും ചെയ്യുന്നു. ആകെ ജനങ്ങളിൽ എഴുപതുശതമാനവും ഗ്രാമവാസികളാണ്. ആണ്ടിൽ ആറായിരം രൂപപോലും വരുമാനമില്ലാത്ത, ദാരിദ്ര്യരേഖയ്ക്കടിയിൽക്കിടന്നു ദുരിതമനുഭവിക്കുന്ന, ജനങ്ങളുടെ ശതമാനം മുപ്പത്തഞ്ചോളമുണ്ട്. പ്രാഥമികാരോഗ്യ സജ്ജീകരണങ്ങൾ ഏർപ്പെടുത്താനിന്നു സാധിച്ചിട്ടില്ല. അവശ്യസാധനങ്ങളുടെ, അത്യുഗ്രമായ വിലവർദ്ധനയാൽ ഇടത്തരക്കാരും താഴെയുള്ളവരും ശ്വാസം മുട്ടുന്നു.

ഇപ്രകാരം ദുരിതവും ദുഃഖമനുഭവിക്കുന്ന സാഹചര്യത്തിലാണ് കോഴയും അഴിമതിയും, കൊള്ളലാഭവും അമിതലാഭവും അമിതാധികാര പ്രവണതയും അഴിഞ്ഞാടുന്നത്! ആഡംബരവും അമിതഭോഗവും അതിവിപുലമായും വ്യാപകമായും പ്രദർശിപ്പിക്കാൻ, ഒരുകൂട്ടമാളുകൾ ഇവിടെ അഴിമതിയും കോഴയും കൊണ്ടുണ്ടാക്കിയ അവിഹിത മുതൽ മുച്ചൂട്ടുമുപയോഗിക്കുന്നു. (അദ്ധ്വാനിച്ച് സ്വയമുണ്ടാക്കിയ കാശാണെങ്കിൽ ഇങ്ങനെ കളയാൻ തയ്യാറാകുകയില്ലല്ലോ). ഇതൊക്കെ ഇവിടത്തെ സാധാരണക്കാരായ നല്ല മനുഷ്യരോട് കാട്ടുന്ന ക്രൂരതയല്ലേ?

കോഴവാങ്ങുന്നവരും കൊള്ളലാഭമുണ്ടാക്കുന്നവരും കള്ളപ്പണക്കാരും മററും അഴിമതി ചെയ്യുമ്പോൾ ആത്മവേദനയനുഭവിക്കാൻ മറന്നുപോകുന്ന രാഷ്ട്രീയക്കാരുടെ, ആത്മസുഹൃത്തുക്കളാണ്! രാഷ്ട്രീയക്കാരന്റെ കയ്യിൽതടയുന്ന പണത്തിന്റെ ഒരു പങ്ക്, പാർട്ടിഫണ്ടിലിട്ടാൽ, തിരഞ്ഞെടുപ്പുഫണ്ടിനു സംഭാവനയാക്കിയാൽ, പാർട്ടിയിൽ ദിവ്യനായി, നേതാവായിവിളങ്ങാൻ വിഷമമില്ല! ഫണ്ടുപിരിവുവിദഗ്ദ്ധനെന്ന സ്ഥാനപ്പേരുവീണാൽ, പിന്നെ ഒന്നും



കാര്യമാക്കേണ്ടതുമില്ല! പാർട്ടിയുടെ ഭണ്ഡാരത്തിൽ വീഴുന്ന പണത്തിന്റെ ഉത്ഭവസ്ഥാനം തിരക്കാൻ ആരു് ധൈര്യം കാണിക്കും?

ഇന്നത്തെ സാഹചര്യത്തിൽ വ്യാപകമായിത്തീർന്നിരിക്കുന്ന അഴിമതികളുടെയും മൂല്യശോഷണത്തിന്റെയും മുഖ്യമായ ഉത്ഭവസ്ഥാനം എവിടെയാണെന്ന് ഇനി എടുത്തുപറയേണ്ടയാവശ്യമില്ല. എല്ലാവർക്കും ഇതറിയുകയും ചെയ്യാം. പക്ഷേ ആരും പുറത്തുപറഞ്ഞു് പരിഹാരം കാണണമെന്നു നിർബ്ബന്ധിക്കാറില്ല. ''ഞാനായിട്ടെന്തിനു പറയുന്നു? അഥവാ പറഞ്ഞാൽ ആരു കേൾക്കാൻ? വല്യവരുടെ നീരസം മാത്രം മിച്ചം.. അതുകൊണ്ടു മിണ്ടണ്ടാ!''

യഥാർത്ഥ വിഴുപ്പുകളുടെ ഉൽപത്തിസ്ഥാനം കണ്ടെത്താനും പരിഹാരനടപടികളെടുക്കാനും ഇനിയെങ്കിലും തയ്യാറാകേണ്ട കാലമായി. രാഷ്ട്രീയക്കാരെ പാർട്ടികളെയും നിയന്ത്രിക്കാനും തിരുത്താനും ഉപയോഗിക്കാവുന്ന വടി, ജനങ്ങളുടെ കയ്യിലുണ്ടാകും. യുക്തിയോടും, വിവേകത്തോടും ആത്മാർത്ഥതയോടും അതു് ഉപയോഗിക്കണമെന്നേയുള്ള കാര്യങ്ങൾ നേരെയാക്കാൻ! അതിനു ജനങ്ങൾ എന്നു തയ്യാറാകും?

കോളേജിനൊരു ചരമക്കുറിപ്പ്

നിറവും നിഴലും

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

തിരുവനന്തപുരത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഗണ്യമായ സംഭാവനകൾ നല്കുകയും, നിരവധി പ്രഗൽഭ വ്യക്തികളെ പ്രദാനം ചെയ്യുകയും ചെയ്ത പാരമ്പര്യമുള്ള മഹത്തായ ഒരു സരസ്വതീക്ഷേത്രമാണ് നഗരമധ്യത്തിൽ സ്ഥിതി ചെയ്യുന്ന യൂണിവേഴ്സിററി കോളേജ്. അത് കുടിയൊഴിഞ്ഞുപോകുകയാണെന്ന കേട്ട് ദുഃഖിക്കുന്ന പൂർവ്വവിദ്യാർത്ഥികളിലൊരാളാണ് ലേഖകൻ. ഈ രാജ്യത്തുണ്ടായ ധാർമ്മികാത്യാഹിതങ്ങളിൽ ഏററവുമുഗ്രമായ ഒന്നായിട്ടിതിനെ ലേഖകൻ വിശേഷിപ്പിക്കുമ്പോൾ, ആ ആഴമേറിയ വികാരപ്രകടനത്തിന് ആയിരക്കണക്കിനാളുകളുടെ പ്രാതിനിധ്യമുണ്ട്.

വിദ്യാദാന സങ്കേതങ്ങളായ സരസ്വതീ നിലയങ്ങൾ ആഭിജാത്യത്തിന്റെയും ഐശ്വര്യത്തിന്റെയും സംസ്കാര പൈതൃകത്തിന്റെയും പ്രതീകങ്ങളാണ്. പ്രകാശത്തിന്റെ പ്രഭാവലയം അവയെ പൊതിയുന്നു. ആദരവിന്റെ ഭാരമുളവാക്കുന്ന നമ്രതാഭാവത്തോടുമാത്രമേ വിവേകികൾ അവയെ സമീപിക്കാറുള്ളു. പകിട്ടും പട്ടുറാനെ ഉപ്പുമല്ല അവയുടെ പ്രാഭവത്തിനും പ്രശസ്തിക്കുമടിസ്ഥാനം. ധനമോ അധികാരമോ ഉളവാക്കുന്ന അഹന്തയ്ക്കും അഹങ്കാരത്തിനുമവിടെ സ്ഥാനമില്ല. വിജ്ഞാനസമ്പന്നരായ മഹാത്മാക്കളുടെ പതിഞ്ഞ സ്വരമേ അവിടെ തരംഗങ്ങൾ സൃഷ്ടിക്കാറുള്ളു. അറിവും അനന്തജ്ഞാനവുമാണ് ജീവിതത്തിനർത്ഥവും മാനവും കൈവരുത്തുന്നതെന്നു വിശ്വസിക്കുന്നവരുടെ കൂട്ടായ്മയാണവിടെയുള്ളത്. വിഡ്ഢികളും വിദ്യാവിഹീനരും മാത്രമേ അവയുടെ നാശത്തിനു വഴിവെട്ടുകയുള്ളു, അവയുടെ പാരമ്പര്യവും പ്രസക്തിയും ക്ഷയിപ്പിക്കുന്ന കുട്ടം കൈകൾ കാണിക്കുകയുള്ളു.

തിരുവനന്തപുരത്തെ സാംസ്കാരിക ജീവിതത്തെ എന്നും പരിപുഷ്ടമാക്കിയിട്ടുള്ള ഒരു മഹത്തായ സ്ഥാപമാണ് നഗരത്തിന്റെ നടുക്ക് സ്ഥിതി ചെയ്യുന്ന യൂണിവേഴ്സിററി കോളേജ്. ഇന്നത്തെ സ്ഥാനത്തു നിന്ന് അനുക്രമമായി അതു അപ്രത്യക്ഷമാകാൻ പോകുകയാണ്. അതിനുള്ള പദ്ധതിയാരംഭിക്കുകയാണെന്ന വർത്തമാനമറിഞ്ഞപ്പോൾ, ഹൃദയത്തിൽ ഊറിക്കൂടിയ ഉൽക്കടമായ വിഷാദം എത്രയെന്നു വ്യക്തമാക്കാൻ പററിയ വാക്കുകളില്ല. ആ സ്ഥാപനവുമായി ആത്മബന്ധമുണ്ടായിട്ടുള്ള ഏതൊരാളും, ഈ വേദന സ്വയം നിശ്ശബ്ദനായി, അനുഭവിക്കുന്നുണ്ടെന്നു തീർച്ചയാണ്.

ഇന്നത്തെ സ്ഥാനത്ത് യൂണിവേഴ്സിററികോളേജ് ഇല്ലെന്നു സങ്കല്പിക്കാൻപോലും സാധിക്കാത്ത, ഒരു പൂർവ്വ വിദ്യാർത്ഥിയാണിതെഴുതുന്നത്. ജീവിതത്തിൽ, സ്വർഗ്ഗക്രിയാ പരിശീലനാരംഭകാലത്ത്, ഏററവും മനോഹരവും മധുരവുമായ അനുഭവങ്ങൾ അവിടെ നിന്ന് അതിരില്ലാതെ അനുഭവിക്കാൻ ഭാഗ്യമുണ്ടായ ഒരു വ്യക്തി! നാലുവർഷം അവിടെ വിദ്യാർത്ഥിയായി എല്ലാം അർത്ഥത്തിലും വിജ്ഞാന സമ്പത്തു വാരിക്കോരിയെടുത്ത് പ്രയോജനം കണ്ടിട്ടുള്ള ഒരു മനുഷ്യൻ! ഇന്ന് ആ കോളേജിന്റെ പരിസരത്തുകൂടി നടക്കാൻ സംഗതി വരുമ്പോൾ, അവിടെ വിജ്ഞാനദാനാർത്ഥം ജീവിതം സമർപ്പിച്ച നിരവധി നിസ്വാർത്ഥ ഗുരുക്കന്മാരുടെ നിഴലുകൾ നീങ്ങിമാറുന്നതുപോലെ തോന്നാറുണ്ട്. അവർ എടുത്തിരുന്ന ക്ലാസുകളുടെ സ്മരണകൾ, ഇന്നും അനുഭൂതിയുടെ മയിൽപ്പീലി തരുന്നു!

ഇൻറർമീഡിയററ് ക്ലാസിൽ പ്രവേശനം നേടുമ്പോൾ, അത് സയൻസ് കോളേജായിരുന്നു. നാട്ടിൻപുറത്തുള്ള കുടിപ്പള്ളിക്കൂടങ്ങളിലൂടെ, ഇവിടത്തെ കോളേജ് ജീവിതമായ സാഹസിക രംഗത്തേക്കു കടന്നപ്പോൾ, എന്തു വ്യത്യാസമാണനുഭവിച്ചറിഞ്ഞത്? ഒരു പുതിയ പ്രപഞ്ചത്തിലകപ്പെട്ട തോന്നൽ. മുമ്പു കേൾക്കാത്ത ശബ്ദങ്ങൾ! പുതിയ അനുഭൂതികൾ! നവീന മേഖലകൾ! ജീവിതത്തിന് അർത്ഥവും ആഴവുമേറുന്ന പ്രത്യയ ശാസ്ത്രങ്ങൾ!

മധ്യാഹ്നസമയത്തെ ഇടവേളകൾ കോളേജങ്കണത്തിന്റെ മുൻവശത്തു നിൽക്കുന്ന ചക്കരമാവിന്റെ നിഴലിൽ കൂട്ടുകാരോടൊത്ത് ചിലവഴിക്കുന്നതായിരുന്നു പതിവ്. എത്ര തലമുറകൾ, ആ വൃദ്ധവൃക്ഷത്തിന്റെ തണലിൽ ഇങ്ങനെ കഴിഞ്ഞുകൂടിയിരിക്കാം. അതിന്റെ കിഴക്കുഭാഗത്തുള്ള നിരത്തിനപ്പുറത്ത്, അന്ന് പെൺപള്ളിക്കൂടമായിരുന്നു. വർണ്ണവൈവിധ്യങ്ങളുള്ള കുപ്പായങ്ങളിഞ്ഞ ബാലികമാർ, ചിത്രശലഭങ്ങളെപ്പോലെ പാറിക്കളിച്ചിരുന്നു, അവിടെ. പക്ഷേ, ഏറെത്താമസിയാതെ ആ വിദ്യാലയം അവിടെനിന്നും മാററി. അവിടവും ഉൾക്കൊണ്ടാണ് സയൻസ് കോളേജ് യഥാകാലം യൂണിവേഴ്സിററി കോളേജായി വളർന്നതും വികസിച്ചതും! പുസ്തകശേഖരവും പുതിയ കുറെ വകുപ്പുകളും അവിടെയാണ് കുടിയുറച്ചത്! പുഷ്ടിയല്ലാതെ നഷ്ടമൊന്നുമുണ്ടാകാത്ത മാററം, കോളേജിന്റെ പ്രതാപവും പ്രശസ്തിയും പെരുപ്പിച്ചതേയുള്ളു.

ശാസ്ത്രവിഷയം ഐച്ഛികമെടുത്തു ബി. എസ്. സി. ക്ലാസ്സിലായതോടുകൂടിയാണ് കൂടുതൽ പ്രശസ്തരും പ്രഗത്ഭരുമായ വിജ്ഞാനികളുമായി സമ്പർക്കങ്ങൾക്കവസരം കൈവന്നത്. ലക്ഷ്യബോധസങ്കല്പങ്ങളെക്കുറിച്ച് യുവഹൃദയങ്ങളിൽ സ്ഥായിയായ വിശ്വാസങ്ങളുടെ വിത്തുവിതയ്ക്കാൻ എത്രമാത്രമൊക്കുമെന്ന അന്നത്തെ അദ്ധ്യാപകർ തെളിയിച്ചു. സ്വാതന്ത്ര്യസമരത്തിന്റെ അന്ത്യദശാകാലമായിരുന്നു. അറിവാർജ്ജിക്കാനുള്ള അർപ്പണബോധത്തിനപകടം വരാതെ, സമരത്തിൽ പങ്കാളികളായവരുടെ കൂട്ടത്തിൽ പ്രവർത്തിച്ച തൃപ്തിയടഞ്ഞു അതിനുശേഷം അവസരം വന്നാൽ, കണക്കു പറഞ്ഞു പ്രതിഫലം പററാനുള്ള പരിതസ്ഥിതിയൊരുക്കാനായിരുന്നില്ല, സ്വാതന്ത്ര്യസമരത്തിൽ പങ്കാളിയായത്.

യൂണിവേഴ്സിററി കോളേജിന്റെ മററൊരുനാലുകെട്ടെന്ന മട്ടിൽ, അയലത്തുണ്ടായിരുന്ന നിയമ മഹാവിദ്യാലയത്തിലേക്കു പഠിക്കാൻ പ്രവേശിച്ചപ്പോൾ, പുതിയ മേഖലയിലേക്കാണ് പോകുന്നതെന്നു തോന്നിയില്ല. അവിടത്തെ പഠിത്തം കഴിഞ്ഞു പുറത്തുപോയ ശേഷമാണ്, നിയമമഹാവിദ്യാലയത്തെ അധികാരികൾ പൂർവ്വസ്ഥാനത്തുനിന്നു കുടിയൊഴിപ്പിച്ചത്. കണക്കന്മാർക്കായി അവിടം അവർ കാണിക്കയിട്ടു. ഈ കടുത്ത കൈ കാണിച്ചപ്പോൾ, ഖേദമെന്തെങ്കിലും വരുത്തിയെന്ന് രാഷ്ട്രീയക്കാർ ഭാവിച്ചില്ല. എന്നാൽ സരസ്വതീസങ്കേതങ്ങളോടു വൈകാരിക ബന്ധമുണ്ടാകാനിടവന്നിട്ടുള്ളവരൊക്കെ അന്നു ദുഃഖിച്ചു. അന്നാരംഭിച്ച അത്യാഹിതത്തിന്റെ തുടർച്ചയാണ് ഇന്ന് യൂണിവേഴ്സിററി കോളേജിന്റെ കുടിയൊഴിപ്പിക്കലിൽ ചെന്നു നിൽക്കുന്നത്. വികാരത്തിന്റെയും മമതാബന്ധങ്ങളുടെയും സ്നിഗ്ദ്ധഭാവങ്ങൾ മരവിച്ചുപോയ രാഷ്ട്രീയക്കാർക്ക് ധരിക്കാനുമുൾക്കൊള്ളാനുമാവാത്ത മൂല്യങ്ങളാണ് അന്ന് അവിടെ മരിച്ചുവീണത്.

പാരമ്പര്യവും തനിമയും പുലർത്തിയ ഒരു മഹാവിദ്യാലയം, കണക്കുകൂട്ടാപ്പീസു നില്ക്കുന്നിടത്ത് ഉണ്ടായിരുന്നെന്നറിവുള്ള തലമുറതന്നെ തീർന്നുകഴിഞ്ഞു. പഴയ യൂണിവേഴ്സിററി കോളേജ് സങ്കേതത്തിനും, ഇതേ ദുർഗ്ഗതി തന്നെയാണുണ്ടാകാനിരിക്കുന്നത്! ഇതൊക്കെ ചിന്തിച്ചിട്ടും ഓർമ്മിച്ചിട്ടും എന്തു ലാഭം? എന്നു ചോദിച്ചു തുടങ്ങിയിട്ടുള്ള ഒരു തലമുറ ഇവിടെ രൂപംകൊണ്ടുകഴിഞ്ഞു. അവരോടു എന്തു പറയാൻ?

ഈ രാജ്യത്തുണ്ടായ ധാർമ്മികാത്യാഹിതങ്ങളിൽ ഏററവുമുഗ്രമായ ഒന്നിന്റെ നിത്യസ്മാരകമെന്ന നിലയിലായിരിക്കും, ഈ മഹാവിദ്യാലയമൊഴിഞ്ഞുപോകുമ്പോൾ, ഇവിടം നിലവിൽവരുന്നത്. അതിനു വഴിയൊരുക്കിയവരും, അവർക്ക് ഓശാന പാടിയവരും യൂണിവേഴ്സിററി കോളേജിലൂടെ വിജ്ഞാനം നേടിയ ആയിരക്കണക്കിനാളുകളുടെ നിരന്തര ശാപവിധേയരായിരിക്കുമെന്ന് ഓർമ്മയിലിരിക്കട്ടെ.

കേരളപാണിനിയുടെ ഒരു പ്രതിമ സ്ഥാപിക്കും യൂണിവേഴ്സിററി കോളേജിലെന്ന് മുമ്പു കേട്ടിരുന്നു. ഇനി അത് അങ്ങ്, കാര്യവട്ടത്തെ ഓണംകേറാമൂലയിലെവിടെയെങ്കിലും കൊണ്ടുവെയ്ക്കും! മുഷ്ടി ചുരുട്ടിയും അട്ടഹസിക്കുന്ന മട്ടിൽ വാ കോട്ടിയും കാണിച്ചുനില്ക്കുന്ന ചില രാഷ്ട്രീയക്കാരുടെ പൂർണ്ണകായമോ അർദ്ധകായമോ ആയ പ്രതിമകൾ നിരത്തിനിർത്താൻ പണ്ടത്തെ കോളേജുവളപ്പ്, സൗകര്യമുള്ള സങ്കേതമായിത്തീരും!

സ്ഥലസൗകര്യക്കുറവോ, മററുള്ളവയ്ക്കിടം കൊടുക്കണമെന്ന ആവശ്യമോ കാരണമായിപ്പറഞ്ഞ്, വളരെ തിരക്കും സ്ഥലക്കുറവുമുള്ള ഓക്സ്ഫോർഡിലെയും കേംബ്രിഡ്ജിലെയും ചരിത്രപാരമ്പര്യമുള്ള പഴയ കോളേജുകളോ സ്ഥാപനങ്ങളോ പൊളിച്ചു പണിയാനോ മാററി സ്ഥാപിക്കാനോ ഒരിംഗ്ലീഷുകാരനും ധൈര്യം കാണിക്കുകയില്ല. കൂടുതൽ കൂടുതൽ ചരിത്ര സ്മൃതികളും, പാരമ്പര്യവും പൈതൃകവുമോർമ്മിപ്പിക്കുന്ന ഫലകങ്ങളും പ്രതിമകളും അവിടങ്ങളിലൊരുക്കാനേ ചരിത്രബോധമുള്ള അവർ ശ്രമിക്കാറുള്ളു. ഇവിടത്തെ അധികാരം കയ്യാളുന്ന രാഷ്ട്രീയമുണ്ടന്മാർ പാരമ്പര്യവും പ്രൗഢിയും പ്രശസ്തിയും പ്രസരിപ്പിക്കുന്ന സരസ്വതീനിലയങ്ങൾപോലും ഇടിച്ചു നിരത്തി, തൽസ്ഥാനങ്ങളിൽ കോൺക്രീററുപെട്ടികളുയർത്താനാണെന്നും വെമ്പുന്നത്! നേതാക്കന്മാരാണു തങ്ങളെന്നു സ്വയം തമ്പേറടിച്ചു നടക്കുന്ന ഇത്തരം ആളുകളിൽ നിന്ന്, ഇതിൽ കൂടുതലൊന്നും പ്രതീക്ഷിക്കേണ്ടതില്ല. ഒരു എക്സിക്യൂട്ടീവ് ഉത്തരവുവഴി, മഹത്തായ ചരിത്രവും പാരമ്പര്യവും പ്രശസ്തിയുമുള്ള മഹാവിദ്യാലയത്തെ വിസ്മരിക്കാൻ വഴിവെട്ടുന്നതിന്, ഇവിടത്തെ ദിവ്യന്മാർക്ക് ധൈര്യമുണ്ടാകു!

ഇന്നത്തെ വെല്ലുവിളി

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

ഇക്കഴിഞ്ഞ രാമായണ മാസം സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ ആഭിമുഖ്യത്തിൽ ഉണ്ടായ ഉദ്ഘാടന സമ്മേളനത്തിൽ ഈ ലേഖകൻ ഒരു പ്രാസംഗികനായിരുന്നു. സ്വാനുഭവങ്ങളെ ആസ്പദമാക്കി ചില വസ്തുതകൾ വ്യക്തമാക്കാൻ സമയത്തിലൊരു ഭാഗം ഉപയോഗപ്പെടുത്തി. നമ്മുടെ മഹദ്ഗ്രന്ഥങ്ങൾക്ക് ചിലയാളുകൾ കല്പിക്കുന്ന തൊട്ടുകൂടായ്മയാണ് അപ്പോൾ പ്രതിപാദിച്ചത്.

ഒരനുഭവത്തോടുകൂടി ഈ ലേഖനം തുടങ്ങട്ടെ! രാമായണത്തെക്കുറിച്ച് അടുത്തകാലത്ത് ഒരു പ്രധാനപ്പെട്ട പണ്ഡിതൻ പ്രസിദ്ധപ്പെടുത്തിയ സാമാന്യം വലിയ ഒരു പുസ്തകം കുറെ മാസം മുമ്പ് തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ കാണുകയുണ്ടായി. അതു ഗൗരവത്തോടുകൂടി വായിക്കാമെന്ന് ആഗ്രഹിച്ച് എടുത്തു. അന്നേ ദിവസം ഒരു സാഹിത്യസമ്മേളനം അവിടത്തെ ടൗൺഹാളിലുണ്ടായിരുന്നു. പുസ്തകവും കയ്യിൽ വെച്ചുകൊണ്ടാണ് അവിടേക്കു പോയത്.

പല കാരണങ്ങളാൽ, പത്രങ്ങളിലും ആനുകാലികങ്ങളിലും പേരെടുത്തിട്ടുള്ള കുറെ എഴുത്തുകാർ അവിടെയുണ്ടായിരുന്നു. രാഷ്ട്രീയക്കളിയ്ക്ക് ഒന്നാം പന്തിയിൽ കയറിക്കൂടി കയ്യടി നേടുന്നവർ, വായിൽതോന്നുന്ന വങ്കത്തം വിളിച്ചുപറഞ്ഞ് ''ശ്രദ്ധേയരാ''യിത്തീരുന്നവർ, ഉള്ളതുമതി എന്നു തൃപ്തിപ്പെട്ട് കൂട്ടത്തിൽപെടാതെ ഒററയാന്മാരായി നടക്കുന്നവർ, സകലതിനോടും വെറുപ്പും കശുമ്പും കുറുമ്പും കൃഷിചെയ്തുകഴിഞ്ഞുകൂടുന്നവർ, ''നമുക്കു കിട്ടണം പണം''—എന്ന പ്രത്യയശാസ്ത്രത്തിൽ വിശ്വസിച്ച് എവിടെയും തള്ളിക്കേറുന്നവർ, എന്നിങ്ങനെ എല്ലാ വകുപ്പുകളിലും പെടുന്ന സാഹിത്യകാരന്മാർ അവിടെയുണ്ടായിരുന്നു.

സമയമാകട്ടെയെന്നു കരുതി അവരിൽ ചിലരുമൊത്ത് ഹാളിനു പുറത്തു നിന്നു. എന്റെ കയ്യിലിരുന്ന പുസ്തകമെന്തെന്ന്, കൗശലത്തോടെ അറിയാൻ, അവരിൽ ചിലർ ശ്രമിക്കുന്നതു മനസ്സിലാക്കാൻ എനിക്ക് വിഷമമുണ്ടായില്ല. അവർക്ക് വിഷമം വരുത്തേണ്ടെന്നു കരുതി, മനപ്പൂർവ്വം, പുസ്തകത്തിന്റെ പേരു കാണത്തക്കവിധം ഞാൻ ഒതുക്കിപ്പിടിച്ചു! ഒന്നുരണ്ടുപേർ അതു വാങ്ങി നോക്കി. ചിലർ പുറങ്ങൾ മറിക്കാനും മറന്നില്ല!

''രാമായണമോ?''—പുസ്തകം വേഗം മടക്കിത്തന്നുകൊണ്ട് ഒരു ബുദ്ധിജീവി വിസ്മയം പ്രകടിപ്പിച്ചു. പിന്നെ ഹാസ്യരൂപത്തിൽ അമർത്തിയ ചിരി!

''ഇത്തരം പുസ്തകം ഇന്നാരെങ്കിലും വായിക്കുമോ?''—അതായിരുന്നു ഒരു പ്രമുഖ സാഹിത്യകാരന്റെ പ്രതികരണം.

'ഓ! രാമായണത്തിൽതന്നെയാണോ ഇന്നും നില്പ്''!—വേറൊരു പ്രമാണിയായ 'ആധുനികൻ' പുസ്തകത്തിന്റെ പുറംമാത്രം നോക്കി, മടക്കിത്തന്നുകൊണ്ട് അത്ഭുതം പ്രകടിപ്പിച്ചു.

എല്ലാം കണ്ടു രസിച്ചു നിന്നതല്ലാതെ ഞാൻ മിണ്ടിയില്ല.

സമ്മേളനം കഴിഞ്ഞ് മടങ്ങിയത് മററു ചില സുഹൃത്തുക്കളോടുകൂടിയായിരുന്നു. വളരെ സ്നേഹവും ആത്മാർത്ഥതയുമുള്ള ഒരു ചങ്ങാതി പറഞ്ഞു—'ഇത്തരം പുസ്തകങ്ങൾ വായിക്കുന്നവരെ വർഗ്ഗീയവാദികളായിട്ടേ ബുദ്ധിജീവികൾ കണക്കാക്കൂ!'

'അതെന്താ?' കുസൃതികൊണ്ട്, അടക്കാനാവാതെ ഞാൻ, ചോദിച്ചു.

'രാമായണം, മഹാഭാരതം, ഗീത തുടങ്ങിയവ വായിക്കുന്നവർ വർഗ്ഗീയവാദികളാണെന്നാണ്', ഇന്നത്തെ ചിന്താഗതി. അതുകൊണ്ട്, പരസ്യമായിട്ടതുചെയ്യാൻ പലർക്കും മടിയാണ്'!'—വളരെ ആത്മാർത്ഥതയോടെയാണ് ആ സ്നേഹിതൻ പറഞ്ഞത്—'എന്തുചെയ്യാം! അതാണ് ഇന്നത്തെ അവസ്ഥ!'—പിന്നെ അദ്ദേഹത്തിനുണ്ടായ ചില അനുഭവങ്ങളും പറഞ്ഞു കേൾപ്പിച്ചു

രാമായണാദി മഹദ്ഗ്രന്ഥങ്ങൾ എടുക്കുന്നതും വായിക്കുന്നതും, അതിനെക്കുറിച്ച് പ്രശംസിച്ചു പ്രതിപാദിക്കുന്നതുമെല്ലാം വർഗ്ഗീയവാദികളുടെ ലക്ഷണമാണെന്ന് വരുത്തിയിട്ടുള്ള ചിന്താഗതി പരക്കെയുണ്ടെന്നതാണു സത്യം. അതു പരത്താനും ശക്തിപ്പെടുത്താനും താല്പര്യമുള്ള കക്ഷികൾ പലതും ഉണ്ട്. പൈതൃകത്തെപ്പററിയും പരമ്പരാഗത മൂല്യങ്ങളെക്കുറിച്ചും പറയുവാൻ, പലർക്കും താല്പര്യം ശേഷിയുമുണ്ടെങ്കിലും, അങ്ങിനെ ചെയ്യാതെ ഒഴിഞ്ഞുമാറി ഒതുങ്ങിക്കഴിയുന്നവർ, കുറച്ചൊന്നുമല്ല. വർഗ്ഗീയവാദികളെന്ന മുദ്രവീണേക്കുമെന്ന ഭയം കൊണ്ടാണവർ അങ്ങിനെ പിൻമാറിനില്ക്കുന്നത്! ഭയത്തിന്റെ അന്തരീക്ഷം ചിലരെയെങ്കിലും ബാധിക്കത്തക്ക വിധത്തിൽ ഇവിടെ സൃഷ്ടിക്കാൻ സാധിച്ചിട്ടുള്ളതുതന്നെ വിപരീത ശക്തികളുടെ പ്രചാരണത്തിന്റെ വിജയമാണു കാണിക്കുന്നത്.

അദ്ധ്യാത്മരാമായണം, മഹാഭാരതം, ഗീത, നാരായണീയം, കൃഷ്ണഗാഥ, ശ്രീകൃഷ്ണചരിതം മണിപ്രവാളം തുടങ്ങിയ മാലികഗ്രന്ഥങ്ങൾ ഹൈന്ദവർക്കു മാത്രം പ്രസക്തിയുള്ളവയാണെന്ന ധാരണ പ്രചാരപ്പെടുത്താനാണ് ആദ്യത്തെ ശ്രമം. ആ പുസ്തകങ്ങളുമായി പരിചയപ്പെടുന്നവർ, ആ വിധത്തിൽ മുഖവിലയ്ക്ക് അതെടുക്കുകയും ചെയ്യും. സാഹിത്യം, കാവ്യസൗന്ദര്യം, ശ്രേഷ്ഠമായ കവിതാമണ്ഡലം, ഭാഷാപ്രയോഗ സിദ്ധികൾ—എന്നിങ്ങനെ എല്ലാവർക്കും പ്രസക്തിയുള്ള എത്രയെത്ര കാര്യങ്ങളുണ്ട് ആ മഹൽ ഗ്രന്ഥങ്ങളിൽ! അവയെ മതഗ്രന്ഥങ്ങളെന്നു മാത്രമായിയൊതുക്കുന്നവർ, മഹാസമുദ്രത്തെ കൈക്കുള്ളിലൊതുക്കാൻ വ്യഥാശ്രമം നടത്തുന്നവരെപ്പോലെയാണ്. സാഹിത്യ പ്രേമികൾക്ക് ഉദാത്തങ്ങളും ഉത്തമങ്ങളുമായ കാവ്യപ്രപഞ്ചങ്ങളും, തത്വചിന്തകന്മാർക്ക് അത്യുന്നതങ്ങളായ വൈവിദ്ധ്യമേറിയ ചിന്താസരണികളും അതിൽ കാണാനൊക്കും!

ഗ്രീക്ക്, റോമ, മെസൊപ്പൊട്ടേമിയൻ ഇതിഹാസകാരന്മാർക്ക് ഇത്തരത്തിലുള്ള സാർവ്വലൗകികത്വമാർജ്ജിക്കാൻ അവരുടെ കൃതികളിലൂടെ സാധിച്ചിട്ടില്ല. സാഹിത്യകൃതികളെന്നതിലപ്പുറം അവയ്ക്ക് അസ്തിത്വവുമില്ല. എന്നാൽ ഭാരതീയ ഇതിഹാസ പുരാണങ്ങളുടെ സ്ഥിതിയങ്ങിനെയല്ലെന്ന് ലോകപ്രശസ്തരായ പൗരസ്ത്യ—പാശ്ചാത്യപണ്ഡിതന്മാരെല്ലാം ഒരുപോലെ സമ്മതിച്ചു കഴിഞ്ഞിട്ടുണ്ട്. സാഹിത്യ ഭംഗിയോ ഭാഷാശാസ്ത്രവിഷയങ്ങളോ കണ്ടെത്താൻ മാത്രമല്ല പാശ്ചാത്യ പണ്ഡിതന്മാർ ഭാരതീയ ഇതിഹാസപുരാണങ്ങൾ ഇന്ന് ആഴത്തിലും പരപ്പിലുമുള്ള പഠനങ്ങൾക്ക് വിധേയമാക്കി വരുന്നത്. ഈ യാഥാർത്ഥ്യം നമ്മുടെ ബുദ്ധിജീവികളും മററും എന്ന് കണ്ടെത്തും?

സാഹിത്യ ഭംഗിയോ, ഭാഷാ ശാസ്ത്ര വിഷയങ്ങളോ കണ്ടെത്താൻ മാത്രമല്ല പാശ്ചാത്യ പണ്ഡിതന്മാർ ഭാരതീയ ഇതിഹാസപുരാണങ്ങൾ ഇന്ന് ആഴത്തിലും പരപ്പിലുമുള്ള പഠനങ്ങൾക്ക് വിധേയമാക്കിവരുന്നത്! ഈ യാഥാർത്ഥ്യം നമ്മുടെ ബുദ്ധിജീവികളും മററും എന്ന് കണ്ടെത്തും?

ശാന്തിയും സമാധാനവും കൈമോശംവന്ന് ജീവിത പ്രതിസന്ധികളുടെ കുരുക്കുകളിൽ കിടന്നു വിമ്മിഷ്ടപ്പെടുന്ന വെള്ളക്കാരുടെയിടയിലാണ് ഇന്ന് ഭാരതീയ ഇതിഹാസപുരാണഗ്രന്ഥങ്ങൾക്ക് ഏററവും കൂടുതൽ 'ഡിമാണ്ട്' കാണുന്നതെന്ന വസ്തുത രസാവഹമാണ്. പ്രതിസന്ധികളും പ്രശ്നങ്ങളും വർദ്ധിപ്പിക്കാനല്ലാതെ പാശ്ചാത്യരുടെ 'ഫാസ്റ്റ് ലൈഫ്' വഴിയൊരുക്കുകയില്ലെന്ന് ബുദ്ധിയും ചിന്താശേഷിയുമുള്ളവരൊക്കെ കരുതുന്നു. അതുകൊണ്ട് പ്രകാശത്തിന്റെ കന്ദളങ്ങൾ കണ്ടെത്താൻ കഴിയുമോയെന്നറിയാനാണ് അവർ നമ്മുടെ മഹൽ ഗ്രന്ഥങ്ങളെ ചുഴിഞ്ഞു പരിശോധിക്കുന്നത്.

ഭാരതത്തിൽ നിന്ന് പുറരാജ്യങ്ങളിലേക്ക് വിററഴിക്കാൻ കൊണ്ടുപോകുന്ന പുസ്തകങ്ങളിൽ തൊണ്ണൂറുശതമാനവും ഇതിഹാസ—പുരാണ—കാവ്യ—മീമാംസാ ഗ്രന്ഥങ്ങളും അവയുടെ വ്യാഖ്യാനങ്ങളും, അവയെ കേന്ദ്രമാക്കി രചിച്ചിട്ടുള്ള പുസ്തകങ്ങളുമാണെന്നാണ് പറയപ്പെടുന്നത്. ഇവിടത്തെ 'ദിവ്യന്മാരായ ആധുനികന്മാ'രുടെ കൃതികൾക്ക് കാര്യമായ പ്രിയം അവിടങ്ങളിലില്ല. പലതും പാശ്ചാത്യർ പരിത്യജിച്ച ആശയങ്ങളുടെയും സാങ്കേതങ്ങളുടെയും ദുർബ്ബലങ്ങളായ അനുകരണങ്ങളോ ഉദ്ധതങ്ങളായ ജീവിത ചിത്രീകരണ ശ്രമങ്ങളോ ആയിട്ടാണവർ കാണാറുള്ളത്.

ഭാരതത്തിന്റെ തനതായ സാഹിത്യവും തത്വചിന്തയും കാവ്യനാടക സങ്കല്പങ്ങളും സിദ്ധാന്തങ്ങളുമെല്ലാം നിറഞ്ഞുനില്ക്കുന്നത് തനിമയുള്ള പ്രാചീന കൃതികളിൽ തന്നെ. തനിമയുടെ ആ പാത വിസ്തൃതമാക്കാനും മോടിപിടിപ്പിക്കാനുതകുന്ന ആശയങ്ങളും ചിന്തകളും സംവിധാനം ചെയ്യാൻ നമ്മുടെ 'ബുദ്ധിജീവികളെ'ന്നവകാശപ്പെടുന്നവർക്ക് കഴിയുന്നില്ല. അറിയാതെയും പഠിക്കാതെയും അവയെ നിരസിക്കാനും നിരാകരിക്കാനുമാണവർക്ക് വ്യഗ്രത. അതും ആരുടെയോയൊക്കെ ആജ്ഞാനുവർത്തികളായിട്ട്!

സാധാരണ ജനങ്ങൾ ചുണയോടെ, എണീററുനിന്ന്, പ്രതികരിക്കാനുള്ള ആത്മധൈര്യം കാണിക്കാൻ അവരിൽ കലർന്നിരിക്കുന്ന ആശങ്കകൾ മാററിയേ പററൂ! പ്രാമാണികങ്ങളായ പ്രാചീന മഹൽ ഗ്രന്ഥങ്ങളെ വികൃതമായും വികലമായും ചിത്രീകരിക്കുകയും വളച്ചൊടിച്ച് വ്യാഖ്യാനിക്കുകയും ചെയ്യുന്നത് ശക്തിയുക്തം വാദിച്ചു തോല്പിക്കാനുള്ള തന്റേടവും സന്നദ്ധതയും സ്വപാരമ്പര്യങ്ങളിലും പൈതൃകത്തിലും ഊന്നി നില്ക്കുന്ന നമ്മുടെ പണ്ഡിതന്മാർ പ്രകടിപ്പിച്ചേ പററൂ. വികടന്മാരെ വാദിച്ചു തോൽപിക്കുന്ന പഴയ പാരമ്പര്യമാർഗ്ഗം, വ്യുല്പന്നബുദ്ധികൾ ധർമ്മവും കർമ്മവുമായി സ്വീകരിച്ചു പ്രവർത്തിച്ചുവേണം പുനഃസ്ഥാപിക്കാൻ. നമുക്ക് നഷ്ടപ്പെടാൻ കുറെ ചങ്ങലകൾ മാത്രമേ ഉള്ളൂ എന്നുള്ള മിഥ്യാബോധം നീക്കം ചെയ്യുകയാണാദ്യം വേണ്ടത്. ഇതാണിന്നത്തെ ഏററവുമുഗ്രമായ വെല്ലുവിളി. അതു നേരിടുവാൻ ഇവിടെ ആളുകളുണ്ടാകുകയില്ലേ?

ദൂരദർശനിലൂടെയുള്ള അട്ടിമറി

കൃത്രിമോപഗ്രഹങ്ങളിലൂടെ പ്രക്ഷേപണം സാധ്യമായിത്തീർന്നതോടുകൂടി ദൂരവും രാജ്യാതിർത്തികളും ടെലിവിഷന് പ്രസക്തിയില്ലാത്ത കാര്യങ്ങളായി പരിണമിച്ചിരിക്കുന്നു. ഏതുപ്രദേശത്തുള്ളവർക്കും പ്രയാസംകൂടാതെ ടെലിവിഷൻ പരിപാടി സ്വീകരിക്കാൻ വഴിയുണ്ടായി. ഈ സാഹചര്യം ഏററവും കൂടുതൽ പ്രയോജനപ്പെടുത്തുന്നത് സാങ്കേതിക പുരോഗതി നേടിയ ചില രാജ്യങ്ങൾ മാത്രമാണ്, പ്രത്യേകിച്ച് അമേരിക്കൻ ഐക്യനാടുകളും ഗ്രേററ് ബ്രിട്ടനും. ഇവർ അന്താരാഷ്ട്രീയങ്ങളായ ടെലിവിഷൻ കേന്ദ്രങ്ങളുടെ സംപ്രേക്ഷണത്തിന്റെ വിലയിടിക്കുക മാത്രമല്ല, അവയെന്ന സ്വാധീനങ്ങളിൽ ആഴ്ത്തി, ശ്വാസംമുട്ടിച്ചു മരവിപ്പിക്കുകയും ചെയ്തിരിക്കുന്നു.

ഏഷ്യയിലെയും ആഫ്രിക്കയിലെയും രാജ്യങ്ങളെല്ലാം തന്നെ, തങ്ങളുടെ ഭാഷകളും പ്രചരിപ്പിക്കാൻ സ്ഥാപിച്ചവയാണ് കൂടുതൽ ടെലിവിഷൻ കേന്ദ്രങ്ങളും. അതിന് അവർ അഭിമുഖീകരിക്കേണ്ടിവന്ന സാമ്പത്തിക ഞെരുക്കങ്ങളെക്കുറിച്ച് ഇവിടെ ഒന്നും പറയുന്നില്ല. സംപ്രേക്ഷണസമയം മുഴുവൻ, പരിപാടികൾ തയ്യാറാക്കി അവതരിപ്പിക്കാനുള്ള സാങ്കേതിക സൗകര്യങ്ങളും സംവിധാനങ്ങളും അധികം ടെലിവിഷൻ ശൃംഖലകൾക്കും വളരെ കുറവാണ്. അതു കാരണം ഭൂരിഭാഗം സമയവും വിദേശങ്ങളിൽ നിന്ന് വാങ്ങുന്ന ഇനങ്ങൾ കൊണ്ട് നിറയ്ക്കേണ്ടിവരുന്നു. ഇവയധികവും വികസിതരാജ്യങ്ങളിലെ സ്വകാര്യസ്ഥാപനങ്ങൾ നിർമ്മിച്ചിട്ടുള്ളവയായിരിക്കുമെന്ന് പറയേണ്ടതില്ല. പ്രത്യേകിച്ച് ഐക്യനാടുകൾ, ബ്രിട്ടൻ, ജർമ്മനി, ഡന്മാർക്ക് തുടങ്ങിയ രാജ്യങ്ങളിലെ ടെലിവിഷൻ കോർപ്പറേഷനുകളും സ്വകാര്യക്കമ്പനികളും ഒരുക്കിവിടുന്നവയായിരിക്കും! സ്വാഭാവികമായും ഈ പരിപാടികളൊക്കെ വെള്ളക്കാരെ ലക്ഷ്യംവെച്ചുണ്ടാക്കിയവയാണ്. അവരുടെ മടുപ്പിക്കുന്ന ജീവിതസമ്പ്രദായങ്ങൾ, മുരടിച്ച ജീവിത മൂല്യങ്ങൾ, പ്രശ്നങ്ങൾ, പ്രതിസന്ധികൾ തുടങ്ങിയവയ്ക്ക് മുൻതൂക്കം ഉണ്ടാകുന്നത് സ്വാഭാവികം മാത്രം! അക്രമം, അമിതഭോഗം, അനിയന്ത്രിതമത്സരം, ശിഥില കുടുംബബന്ധങ്ങൾ തുടങ്ങിയവ അവയുടെ മുഖമുദ്രകളാണ്. ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലെ പരമ്പരാഗതമായ ജീവിതമൂല്യങ്ങൾ, കൂട്ടുജീവിതക്രമങ്ങൾ, കുടുംബബന്ധങ്ങൾ തുടങ്ങിയവയുമായി പൊരുത്തപ്പെടാത്ത വെള്ളക്കാരുടെ പരിപാടികൾ, വെള്ളപ്പൊക്കംപോലെ അവിടെ പ്രവഹിച്ച് സർവ്വവും താറുമാറാക്കുന്നു. വെള്ളക്കാരുടെയിടയിൽ പോലും, ടെലിവിഷനിലൂടെ പ്രചരിക്കുന്ന വിപൽക്കരങ്ങളായ സ്വാധീനശക്തികളെക്കുറിച്ച്, വിപുലമായ തോതിൽ പ്രതിഷേധമിരമ്പിനിൽക്കുന്നുണ്ട്. അപ്പോൾ അവ ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളെ എത്രമാത്രം വിപരീതമായി ബാധിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളു.

ചുരുക്കത്തിൽ, സാമാന്യമായ സാഹചര്യങ്ങളിൽ പോലും, ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളിലെ ടെലിവിഷൻ, വെള്ളക്കാരുടെ കോളനികളായിത്തീർന്നിരിക്കുന്നു. മറെറാരു വിധത്തിൽ പറഞ്ഞാൽ, 'വെള്ളക്കാരുടെ മാധ്യമസാമ്രാജ്യത്വം' (Whitemedia imperialism) സ്ഥാപിതമായി ശക്തി പ്രാപിക്കുകയാണ്. ഈ സാഹചര്യത്തെ കേബിൾ ടിവി, ഉപഗ്രഹങ്ങളിലൂടെ കിട്ടുന്ന, സ്റ്റാർ, സി എൻ എൻ, ബി.ബി.സി, സ്റ്റാർ പ്ലസ് തുടങ്ങിയ ടിവി പരിപാടികൾ അതീവ ഗുരുതരാവസ്ഥയിലേക്ക് നയിച്ചിരിക്കുന്നു! കേബിൾ ടിവിയുടെയും, ഈ വിദേശചാനലുകളുടെയും ഉപഭോക്താക്കളാകാൻ താല്പര്യം കാണിക്കുന്നവർ, അവയിലൂടെ സംഭവിക്കുന്ന ബൃഹത്തായ നശീകരണത്തിന്റെ തോതറിഞ്ഞാൽ, അതിന മുതിരുകയില്ലെന്ന് സംശയമില്ല. തങ്ങളുടെ കുഞ്ഞുങ്ങൾക്ക് വികൃതമായ മൂല്യസങ്കല്പങ്ങൾ ഉണ്ടാക്കാനാണവ സഹായിക്കുന്നത്.

ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണമുണ്ടാക്കാൻ അധികാരികൾക്ക് കേബിൾ ടിവിയുടെ കാര്യത്തിലേ സാധിക്കുകയുള്ളു. ഇന്ന് അത്തരത്തിലുള്ള നിയമങ്ങളോ ചട്ടങ്ങളോ ഇല്ല. ആകെപ്പാടെയുള്ളത് ഇൻഡ്യൻ ടെലിഗ്രാഫിക് നിയമം (Indian Telegraphic Act) മാത്രമാണ്, സാങ്കേതികമായ അർത്ഥത്തിൽ, ആ നിയമപ്രകാരം കേബിൾടിവി നിയമരഹിതമായ ഒരു പ്രവർത്തനമത്രേ! പക്ഷേ ആരും അതു ഗണ്യമാക്കുന്നില്ല! ഇൻഡ്യയുടെ പലഭാഗങ്ങളിലായി കോടിക്കണക്കിനാളുകൾ കേബിൾടിവിയുടെ വരിക്കാരാണ്! അടിപിടി, കൊള്ള, കൊലപാതകം തുടങ്ങിയവ നിയന്ത്രണമില്ലാതെ ചിത്രീകരിക്കുന്നയിനങ്ങൾ മാത്രമല്ല പതിനൊന്നു മണിയോടുകൂടി, ''ബ്ലൂഫിലി''മുകളും കേബിൾടിവിയിലെ വിഭവങ്ങളാണ്! യുവതലമുറയെ ഇത്രമാത്രം ദുഷിക്കാനും ദുർബ്ബലപ്പെടുത്താനും സ്വാധീനം ചെലുത്തുന്ന മാറിനങ്ങൾ ഉപഗ്രഹ ടിവി ചാനലുകളിൽ മാത്രമേ കാണാൻ കഴിയൂ!

കേബിൾ ടിവിയും വിദേശ ചാനലുകളും ഇവിടത്തെ ഒരു നിർമ്മാണ വ്യവസായത്തെ തകർത്ത മട്ടിലാക്കിയിട്ടുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്. വി സി പി, വി സി ആർ ഉപകരണങ്ങൾ വാങ്ങാൻ ആളുകൾ ക്രമമായി കുറയുകയാണ്. 'കല്യാണി ഷാർപ്പ്' എന്ന കമ്പനിക്കാർ അവരുടെ 20,000 വി സി ആർ, 1991 92-ൽ വിറ്റഴിച്ചു. ഇതു 92 93-ൽ 8500 മാത്രമായി കുറഞ്ഞു. ആ കമ്പനി വി സി ആർ നിർമ്മിക്കുന്നതിനുള്ള ഫാക്ടറിയും മററും സ്ഥാപിക്കാൻ 50 കോടിയാണ് മൂലധനമായി മുടക്കിയിട്ടുള്ളത്. മറെറാരു കമ്പനി വീഡിയോ കോൺ ഇതേ കാര്യത്തിന് 250 കോടിയോളം മൂലധനം മുടക്കിയിരിക്കുന്നു? ഇതുപോലെയാണ് മററു കമ്പനികളുടെ സാമാന്യമായ സ്ഥിതിയും. ടിവിസെററുകളുടെ വില്പന വർദ്ധിച്ചിട്ടുണ്ട്. പക്ഷേ വി സി പി, വി സി ആർ ഏതാണ്ട് ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്നു!

രാജ്യങ്ങളുടെ അതിർത്തികൾ അർത്ഥമില്ലാത്ത അവസ്ഥ ഉപഗ്രഹ ടി വി ചാനലുകൾ ഉണ്ടാക്കിക്കഴിഞ്ഞെന്നു പറയുകയുണ്ടായല്ലോ. അതുപോലെ, ഭാഷയുടെ മതിൽക്കെട്ടു പൊട്ടിക്കാനുതകുന്ന ഒരു സാങ്കേതിക സജ്ജീകരണം നിർമ്മിക്കപ്പെട്ടിട്ടുണ്ടെന്ന കാര്യവും ഇവിടെ എടുത്തുപറയട്ടെ. 'ലിപ്സ്' എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നഉപകരണം (Language Independent Programme Subtitles Receiver—LIPS) പൂനെയിലെ സി—ഡാക് (Centre For Development of Advanced Computnig—Pune) വികസിപ്പിച്ചെടുത്തിട്ടുണ്ട്. 1993 ജനുവരി 20-ാം തീയതി ''സലാം ബോംബെ'' (Salam Bombay) എന്ന, മീരാനായർ സംവിധാനംചെയ്ത അവാർഡു സിനിമ, മദ്രാസിൽ നിന്ന് സംപ്രേക്ഷണംചെയ്തത് തമിഴിലുള്ള സബ്ടൈററിലുകളോടുകൂടിയായിരുന്നു! അതേ അതേസമയം തന്നെ അതു ബോംബെ, ഭുവനേശ്വരം, ബാംഗ്ലൂർ എന്നിവിടങ്ങളിൽനിന്നും സംപ്രേക്ഷണംചെയ്തിരുന്നു. പക്ഷേ അതിന്റെ ആ കേന്ദ്രങ്ങളിൽ നിന്നുള്ള സബ്ടൈററിലുകൾ, യഥാക്രമം മറാഠി, ഒറിയ, കന്നഡ—എന്നീ ഭാഷയിലായിരുന്നു! അതാതു സ്റ്റേഷനുകളിൽ സ്ഥാപിച്ചിരുന്ന, മുമ്പ് സൂചിപ്പിച്ച ലിപ്സ്— എന്ന സാങ്കേതികോപകരണമാണ് ഈ അത്യാത്ഭുതകൃത്യം ഒരേസമയത്തു നിർവ്വഹിച്ചത്! അതായത് ഡൽഹിയിൽനിന്ന് സംപ്രേക്ഷണംചെയ്ത ഇംഗ്ലീഷിലുള്ള ''സലാം ബോംബെ''— അതേസമയം റിലേ ചെയ്ത മദ്രാസ്, ബോംബെ, ഭുവനേശ്വരം, ബാംഗ്ലൂർ നിലയങ്ങളിലെ പുതിയ ഉപകരണം തമിഴ് മറാഠി, ഒറിയ, കന്നഡ എന്നീ ഭാഷയിലുള്ള സബ് ടൈററിലുകളോടുകൂടി സംപ്രേക്ഷണം ചെയ്തു!

ഈ പുതിയ സാങ്കേതികോപകരണത്തിന് സ്വസിദ്ധി കൊണ്ട് അൻപതു (50) ഭാഷകളിലുള്ള സബ്ടൈററിലുകൾ ഒരേസമയം നിർവ്വഹിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചുരുക്കത്തിൽ ഭാഷയുടെ മതിൽക്കെട്ടുകളും ഇടിച്ചുനിരത്താനുള്ള സാങ്കേതിക സിദ്ധി ഇന്നു കൈവന്നിരിക്കുന്നു!

ടി വി യെന്ന മാധ്യമത്തിലൂടെ, കേബിൾ ആയാലും ഉപഗ്രഹ ചാനലുകളായാലും, നമ്മുടെ തനതായ സംസ്കാരത്തിനും, ജീവിതക്രമങ്ങൾക്കും, ആദർശലക്ഷ്യങ്ങൾക്കും, പൈതൃകത്തിനും ഏററുവരുന്ന ക്ഷതവും, പിണയാവുന്ന തകർച്ചയും, വേദനാതീതമെന്നേ പറയാനുള്ളു! ഈ തകർച്ചയുടെ ഫലം യുവതലമുറയിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിട്ടില്ലയെന്നു ഭയപ്പെടേണ്ടിയിരിക്കുന്നു. ഈ ഉഗ്രമായ വെല്ലുവിളിയെക്കുറിച്ച്, നമ്മുടെ സാംസ്കാരികരംഗത്തെ പ്രവർത്തകർ ബോധവാന്മാരായിട്ടുണ്ടോയെന്നും സംശയിക്കാതെ വയ്യാ! ടിവിയിലൂടെ, രാത്രിയുടെ രഹസ്യയാമങ്ങളിൽ വീടുകളിൽ വഴിഞ്ഞൊഴുകുന്ന വിദേശ ടിവി പരിപാടികൾ നമ്മുടെ അടിസ്ഥാനപ്രമാണങ്ങളെയും സങ്കല്പങ്ങളെയുമെല്ലാം സമൂലമായി തകർക്കുന്നതിന് ശക്തങ്ങളാണെന്നതാണ് സത്യം. അക്രമത്തെയും, അഴിഞ്ഞജീവിതത്തെയും, അമിതഭോഗത്തെയും, അതിരില്ലാത്ത മത്സരത്തെയും, കുടുംബബന്ധങ്ങളെയും, പരമ്പരാഗതമൂല്യങ്ങളെയുമെല്ലാം തച്ചുടക്കുവാനുള്ള പ്രവണതകളാണ് വെള്ളക്കാരുടെ വിരുതേറിയ പ്രവർത്തനങ്ങളിലൂടെ സന്നിവേശിപ്പിച്ച് പരിപാടികളായി കിട്ടുന്നത്.

ഇതിന് പോംവഴി ഒന്നേയുള്ളൂ, വിജ്ഞാനവും വിനോദവുമുള്ള നല്ല പ്രസക്തിയും നിലവാരവുമുള്ള പരിപാടികൾ, പ്രാദേശികഭാഷകളിൽ വേണ്ടുവോളം തയ്യാറാക്കി ദൂരദർശൻ സംപ്രേക്ഷണം ചെയ്യുക. ഇംഗ്ലീഷും ഹിന്ദിയുമിനങ്ങൾ ഇരുപതുശതമാനത്തോളമുള്ള ദേശീയ പരിപാടിയിൽ മാത്രമായി ഒതുക്കണം. എൺപതുശതമാനം പരിപാടികൾ പ്രാദേശിക നിലയങ്ങൾ പ്രാദേശികഭാഷയിൽ, പ്രാദേശിക പണ്ഡിതന്മാരെയും കലാകാരന്മാരെയും സാങ്കേതികജ്ഞരെയും അടിസ്ഥാനപ്പെടുത്തി നിർമ്മിച്ച് സംപ്രേക്ഷണം ചെയ്യുക. ഈ വിധത്തിലായാൽ തികച്ചും, തുച്ഛമായ ശതമാനം പ്രേക്ഷകർ മാത്രമേ, കേബിൾ ടി വി.യെയും, ഉപഗ്രഹചാനലുകളെയും ഉപഭോക്താക്കളായിത്തീരുകയുള്ളു. പക്ഷേ ഇന്നത്തെ ദൂരദർശൻ പരിപാടികളുടെ സംവിധാനക്രമവും, സംപ്രേക്ഷണ നിലവാരവും പ്രസക്തിയും വിലയിരുത്തുമ്പോൾ, കൂടുതൽ കൂടുതൽ ആളുകൾ പുതിയ മേച്ചിൽ സ്ഥലങ്ങൾ തേടിപ്പോകാൻ തല്പരരാകുകയേയുള്ളു എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കള്ളു കുടിക്കാതിരിക്കാൻ, ചാരായം കുടിപ്പിച്ചു ശീലിപ്പിക്കുന്ന നയമല്ല ഇവിടെ വേണ്ടത്. വിദേശ ടിവിയിനങ്ങളെ കടത്തിവെട്ടാൻ ദൂരദർശൻ ഇന്നു സ്വീകരിച്ചിരിക്കുന്ന നയം അത്തരത്തിലുള്ളതാകാൻ പാടില്ല. സെക്സും വൈലൻസും വികലവിശ്വാസങ്ങളും മാത്രമേ പ്രേക്ഷകരെയും ആകർഷിക്കുകയുള്ളു എന്ന സമീപനം ദൂരദർശനെങ്കിലും മാററണം. കൊട്ടകയിൽ കാണിക്കാൻ വേണ്ടി ശകട്ടിച്ചുവയ്ക്കുന്ന സിനിമയെ, അപ്പാടെ വീട്ടിനുള്ളിലെത്തിച്ചുകൊടുക്കുന്നവർ, കൊട്ടകസംസ്കാരം വീട്ടിൽകയററി വാഴിച്ചു വളർത്താൻ വഴിയൊരുക്കുന്നവരാണ്. അതാണോ ഇന്നത്തെയാവശ്യം? അതാണോ നമ്മുടെ ദൂരദർശന്റെയും ലക്ഷ്യം! സാഹിത്യനായകന്മാരും, സാംസ്കാരികരംഗത്തെ പ്രവർത്തകരും കാര്യമായി ശ്രദ്ധിക്കേണ്ട ഒരുമേഖലയാണിതെന്ന കാര്യം അവരെ ഓർമ്മിപ്പിക്കട്ടെ!

— കോന്നിയൂർ ആർ.നരേന്ദ്രനാഥ് —

മാദ്ധ്യമങ്ങളിലെ കപടവീരൻമാർ!

സാഹിത്യകാരൻ സ്വതന്ത്രനായിരിക്കണം, സർഗ്ഗപ്രക്രിയയോടുമാത്രമേ അയാൾക്കു പ്രതിബദ്ധത പാടുള്ളൂ, പ്രലോഭനങ്ങൾക്കതീതനായി പെരുമാറണം, അനീതിക്കും, അക്രമത്തിനും കാപട്യത്തിനുമെതിരായി എപ്പോഴും ശക്തിയായി പ്രതികരിക്കണം—കിട്ടുന്ന വേദികളിലെല്ലാം ഇപ്രകാരം 'തത്വങ്ങൾ' വിളിച്ചു പറയുന്ന എഴുത്തുകാർ ധാരാളമുണ്ട്. പക്ഷേ രാഷ്ട്രീയക്കാരെപ്പോലെ അവരുടെയും വാക്കുകളും പ്രവൃത്തിയും തമ്മിൽ അവരും പൊരുത്തം പുലർത്താറില്ലെന്നതാണു സത്യം. സ്വന്തം വിധേയത്വം മറച്ചുവെയ്ക്കാനുള്ള വിദ്യയായിട്ടാണ് ഈ പ്രഖ്യാപനം പലരും നടത്തുന്നതു്. അതു പറയുന്ന അവർക്കും, കേൾക്കുന്ന ജനത്തിനും ഈ സത്യമറിയാം! സാമാന്യമായി പറഞ്ഞാൽ അവരെ എഴുന്നള്ളിച്ചു കൊണ്ടുനടക്കുന്നവരോട് സാഹിത്യകാരനും കൂടുതൽ മമത പ്രകടിപ്പിക്കും. അതു് മനുഷ്യസഹജമായ ബലഹീനതയാണു താനും!

ഇന്നത്തെ സർക്കാർ നിലവിൽ വരുന്നതിനുമുമ്പ്, സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സാഹിത്യ അക്കാദമി, സാംസ്കാരിക പ്രസിദ്ധീകരണ വിഭാഗം, എൻസൈക്ലോപീഡിയ, ഭാഷാ ഇൻസ്റ്റിട്യൂട്ട്, എന്നിവയിലെല്ലാം തലപ്പത്തിരുന്നതു് മുന്നണിയുടെ ഘടകകക്ഷികളിൽപെട്ട കക്ഷികളോട് വിധേയത്വമുണ്ടായിരുന്നവരാണ്. സർക്കാർ മാറിയപ്പോൾ അവരെ കുടിയൊഴിപ്പിച്ചു. പുതിയ കൂട്ടുസർക്കാരിലെ പങ്കാളികളുടെ 'പുള്ളികൾ' അവിടെ ചേക്കേറി. സംസ്കാര മേഖല രാഷ്ട്രീയാതീതമാണെന്നാണ് രണ്ടു കൂട്ടരും പ്രഖ്യാപിക്കുന്നതു്. പിന്നെന്തിന് സർക്കാർ മാറിയപ്പോൾ ഈ മാറ്റം വരുത്തി? ഈ 'സ്വതന്ത്ര' സ്ഥാപനങ്ങളുടെ വിധേയത്വവും പരാധീനതയും എത്രമാത്രമാണെന്നു് ഈ മാറ്റം പ്രത്യക്ഷപ്പെടുത്തുന്നുണ്ട്. സത്യസന്ധതയും ആത്മാർത്ഥതയുമുള്ളവർ തങ്ങളുടെ പ്രതിബദ്ധത ആരോടെന്നും, എന്തിനോടെന്നും പറയാൻ പ്രയാസം കാണിക്കുകയില്ല. ഉള്ളതു് മറച്ച്, ഇല്ലാത്തതുണ്ടെന്നവകാശപ്പെടുകയുമില്ല. രാഷ്ട്രീയത്തിൽ കാപട്യം ഏറെക്കുറെ ഒഴിച്ചുകൂടാവുന്നതല്ലായിരിക്കാം. എന്നാൽ സാംസ്കാരിക സാഹിത്യ മേഖലകളിലതു് ആപൽക്കരമാണ്.

എന്നാൽ ഈ ദുസ്ഥിതിയുണ്ടാകാനും ശക്തിപ്രാപിക്കാനുമിടയാക്കുന്ന സാഹചര്യങ്ങളാണ് ഇവിടത്തെ ആനുകാലികങ്ങളും വൃത്താന്തപത്രങ്ങളും പ്രോത്സാഹിപ്പിക്കുന്നതു്. രാഷ്ട്രീയകക്ഷികളുടെ ജിഹ്വകൾ അപ്രകാരം ചെയ്യുന്നതു മനസ്സിലാക്കാം. എന്നാൽ സ്വതന്ത്രങ്ങളെന്നു് അവകാശപ്പെടുന്നവർ, ഒളിച്ചുകളിക്കുന്നതു കാണുമ്പോൾ വിസ്മയം തോന്നും. ചിലർ ചില വ്യക്തികളെ മനഃപൂർവ്വം മുഴപ്പിച്ചും, ആളിനെക്കാളേറെ വലിപ്പത്തിൽ അവതരിപ്പിച്ചും കള്ളക്കളി നടത്തുന്നതാണിന്നു കാണുന്നതു്.

കേശവദേവ് ജീവിച്ചിരിക്കുമ്പോൾ ഉഗ്രനും ഉന്നതനുമായ 'ഹീറോ'യാക്കി, നിരന്തരം ചിത്രീകരിച്ചവതരിപ്പിച്ചിരുന്ന പ്രസിദ്ധീകരണങ്ങൾ വളരെയുണ്ടായിരുന്നു. ദേവ് പറഞ്ഞതും പറയാത്തതുമായ പല കാര്യങ്ങളും 'വെണ്ടക്ക'യായും 'ബോക്സാ'യും ആ പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു! പക്ഷേ പറയാത്തതു്, തന്ത്രജ്ഞനായ ദേവ്, നിഷേധിക്കാൻ മിനക്കെട്ടിട്ടില്ല. ഇക്കാര്യം ഉദാഹരണസഹിതം എന്നോട് എത്രയോ തവണ ആ സുഹൃത്ത് പറഞ്ഞിട്ടുണ്ട്. എങ്കിലും ആവശ്യമായി വരുമ്പോൾ താൻ എവിടെ നിൽക്കുന്നുവെന്ന കാര്യം തന്റേടത്തോടെ പറയാൻ മടികാണിച്ചിട്ടില്ല.

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

ദേവ് അന്തരിച്ച ശേഷം ഈ 'ആരാധകന്മാർ' അദ്ദേഹത്തെ അപ്പാടെ കൈവിട്ടു. പൂർണ്ണമായി മറന്നു. ഇന്നു മിണ്ടാട്ടമേയില്ല.

ഏതാണ്ടിതേ രൂപത്തിൽ, ആനുകാലികങ്ങളിലും വർത്തമാന പത്രങ്ങളിലും പുതിയ ചില 'ഹീറോ'മാരെ അവതരിപ്പിച്ചു വരുന്നുണ്ട്. എന്തു വിവരക്കേട് പറഞ്ഞാലും വചനാമൃതമെന്ന രൂപത്തിലാക്കി അച്ചടിച്ചുവിടും. പല ജേർണലിസ്റ്റുകളും അവരുടെ പാർശ്വവർത്തികളാണ്. 'സൽക്കാരം' ശരിക്കു അനുഭവിക്കുന്നവരാണ്. ഇപ്രകാരമുള്ള ക്ലിക്കുകൾ തൽപര കക്ഷികൾ മനഃപൂർവ്വം, ബോധപൂർവ്വം രൂപീകരിച്ചു പരിപാലിക്കുന്നതിൽ വളരെ ശ്രദ്ധിക്കുന്നു. ഇതു് എല്ലാവർക്കും അറിവുള്ള, പരസ്യമായ രഹസ്യമാണു താനും! ഈ വിധത്തിൽ പംക്തികളിൽ പ്രത്യക്ഷപ്പെടുന്ന 'വചനാമൃതം' കണ്ടു മലയാളികൾ മടുത്തിരിക്കുന്നു!

കൊല്ലത്തു നടന്ന സാഹിത്യ പരിഷത്തിൽ, പുനത്തിൽ കുഞ്ഞബ്ദുള്ളയും മറ്റു ചിലരും ദുസ്സഹമായി തീർന്നിരിക്കുന്ന ഈ സ്ഥിതിവിശേഷത്തെപ്പറ്റി വാചാലമായി വിവരിക്കുകയുണ്ടായി. നിസ്സഹായരായ വായനക്കാരുടെ പ്രാതിനിധ്യം ഇക്കാര്യത്തിൽ അവർക്കുണ്ടായിരുന്നു എന്നതാണ് യാഥാർത്ഥ്യം. പക്ഷേ അതുകൊണ്ട് വേണ്ടത്ര ഫലമുണ്ടായോ? അത്തരത്തിൽ പ്രതികരിക്കാൻ കൂടുതലാളുകൾ തയ്യാറാകേണ്ട സ്ഥിതി തുടരുന്നു.

കക്ഷിരാഷ്ട്രീയം കളിക്കാത്ത എഴുത്തുകാർക്ക് നിൽക്കക്കള്ളിയില്ലെന്നു വരുത്തുന്നമട്ടിലാണ് അധികാരത്തിലിരിക്കുന്ന രാഷ്ട്രീയക്കാർ പെരുമാറുന്നതു്. അവരുടെ പ്രോത്സാഹനം പറ്റുന്ന എഴുത്തുകാർക്ക് പാർട്ടി ജിഹ്വകളിൽ പ്രാമാണ്യം കിട്ടും. പല രൂപങ്ങളിലും ഭാവങ്ങളിലുമുള്ള സ്ഥാനമാനങ്ങൾ അവരെ 'തേടിയെത്തും! കഴിവിന്റെ അംഗീകാരമാണെന്നും, അർഹമായതു് സിദ്ധിച്ചതാണെന്നും വൈതാളികന്മാർ കൊട്ടിഘോഷിക്കും. എങ്കിലും, ഈ കള്ളക്കളികൾ 'ജനം' ശരിക്കുതന്നെ മനസ്സിലാക്കാൻ ശേഷിയുള്ളവരാണെന്ന സത്യം വിസ്മരിച്ചുകൂടാ!

മുമ്പ് ദേവിന്റെ കാര്യം പറഞ്ഞതുപോലെ, ഉള്ളതും ഇല്ലാത്തതും അനുഭവകഥാകഥന രൂപത്തിൽ മനഃപൂർവ്വം മെനഞ്ഞെടുക്കാൻ തുനിഞ്ഞിറങ്ങുന്ന ആരാധകരായ പത്രപ്രവർത്തകരുണ്ട്. പത്രപംക്തികളിൽ സ്ഥിരമായി പ്രത്യക്ഷപ്പെടുന്ന 'ദിവ്യന്മാർ' അധികവും സ്ഥിരമായി ഇവരെ സംഘടിപ്പിച്ചു നിർത്താൻ ബോധപൂർവ്വം പ്രവർത്തിക്കുകയാണു പതിവ്. കൂടക്കൂടെ വീരാരാധനാപ്രധാനങ്ങളായ കുറിപ്പുകൾ സൃഷ്ടിച്ച്, 'വെണ്ടയ്ക്ക'യിലും, 'ബോക്സി'ലും പ്രസിദ്ധപ്പെടുത്താനുപകരണമായിത്തീരുന്നതു് ഇവരൊക്കെയാണ്. ഇതിനൊക്കെ വേണ്ടി വരുന്ന ചിലവ്, വഹിക്കുന്നതിനു് ദിവ്യന്മാർക്കു വിഷമമില്ല! വാരാന്തപ്പതിപ്പുകളും, വാരികകളുമാണ് വീരന്മാരുടെ മേച്ചിൽ സ്ഥലങ്ങൾ!

ഇനി മറ്റൊരു കാര്യം പറയാതിരിക്കാൻ തോന്നുന്നില്ല. എവിടെയെങ്കിലുമൊരു യോഗമോ മറ്റോ ഉണ്ടായാൽ, അവിടെ ചെയ്തതായി പറയപ്പെടുന്ന പ്രസംഗവും മറ്റും ശരിപ്പെടുത്തി സ്വയമെഴുതി, പത്രമാപ്പീസിലെ സ്വന്തം വൈതാളികനെ ഏല്പിച്ചു കൊടുക്കുവാൻ 'ദിവ്യൻ'—വിസ്മരിക്കുകയില്ല. അതു് കയ്യിൽ കിട്ടുന്ന പത്രത്തിലെ സുഹൃത്ത് പിന്നെ വേണ്ടതുപോലെ കർത്തവ്യമനുഷ്ഠിച്ചുകൊള്ളും. യഥാസമയം പ്രസംഗ റിപ്പോർട്ട് പത്രത്തിൽ പ്രത്യക്ഷപ്പെടും! അതുകാണുന്ന വായനക്കാരന്റെ വിചാരം, സുപ്രധാനമായ ആ സംഭവം പത്രത്തിൽ റിപ്പോർട്ടുചെയ്യാൻ പ്രത്യേകമേർപ്പാടു ചെയ്തതാണെന്നായിരിക്കും! ഇങ്ങനെയെല്ലാമാണ് അന്തർനാടകങ്ങൾ!

ഈ കള്ളപ്പണി സഹിക്കാൻ നിർബ്ബന്ധിതരാകുന്നതു് പത്രമാസികകളുടെ വരിക്കാരാണ്. ദുസ്സഹമായ നിലയിൽ ഇതൊക്കെയെത്തുമ്പോൾ രക്ഷപ്പെടാൻവേണ്ടി പ്രസിദ്ധീകരണം വേണ്ടെന്നു വെയ്ക്കാൻ അവർ തയ്യാറാക!

കേരളത്തിൽ പത്രമാസികകൾ ധാരാളമുണ്ടല്ലോ എന്നാൽ ഏതെങ്കിലും ഒന്നിനെമാത്രമാശ്രയിച്ച് സത്യാവസ്ഥയറിയുവാൻ സാധിക്കാത്ത സാഹചര്യമല്ലേ നിലവിലിരിക്കുന്നതു്? കഴിയുന്നത്ര കൂടുതൽ പ്രസിദ്ധീകരണങ്ങൾ വായിക്കാതിരുന്നാൽ, ഏകപക്ഷീയങ്ങളായ സമീപനങ്ങൾ കൊണ്ടു തൃപ്തിപ്പെടേണ്ടിവരും, പത്രങ്ങളുടെ വിലക്കൂടുതൽകൊണ്ട് സാധാരണക്കാരനു് ഒന്നിലധികം വാങ്ങാൻ വയ്യാത്തയവസ്ഥയുമാണുള്ളതു്! അതിന്റെ ഫലമോ? ആഗ്രഹിക്കാത്തയവസ്ഥയാണെങ്കിലും, ഏകപക്ഷീയമായ ചിന്താഗതികൾക്ക് വിധേയനായിത്തീരുന്നു. ഇതാണ് ജനങ്ങളുടെ ധർമ്മസങ്കടം! അഭിപ്രായ സ്വാതന്ത്ര്യം അംഗീകരിക്കുന്ന ജനാധിപത്യ വ്യവസ്ഥിതിയിലെ പരാധീനത!

ഇതിനൊരു പരിഹാരമേയുള്ളൂ ഓരോ വ്യക്തിയും തല്പരകക്ഷികളുടെ ഇരയായിത്തീരാതെ സ്വയം ജാഗ്രത പുലർത്തുക. നെല്ലും പതിരും തിരിച്ചറിയാനുള്ള സിദ്ധി ശക്തിപ്പെടുത്തുക. തനിക്കുവേണ്ടി ചിന്തിക്കാനും തീരുമാനിക്കാനുമുള്ള ഉത്തരവാദിത്വം, വേറൊരുത്തനു കൊടുക്കാതിരിക്കുക!

കള്ളക്കളിക്കാരെയും കപടവേഷധാരികളെയും തിരിച്ചറിയാനുള്ള സ്വതസിദ്ധമായ കഴിവ് ഓരോരുത്തർക്കുമുണ്ട്. അതു വളർത്താനും ശക്തിപ്പെടുത്താനും സാധിക്കുന്നതിന്റെ തോതനുസരിച്ച് ആ സിദ്ധിവിശേഷം, പ്രയോജനപ്പെടുത്താൻ വിഷമമുണ്ടാകുകയുമില്ല. യുക്തിയും വിവേകവും ബുദ്ധിയുമുള്ളവർ തനതായ മാർഗ്ഗങ്ങൾ കണ്ടെത്തി കർത്തവ്യങ്ങൾ അനുഷ്ഠിക്കും.

03 October 1993

ആതുരസേവന തൊഴിലാളിസമരം

– കോന്നിയൂർ ആർ. നരേന്ദ്രനാഥ് –

സെക്രട്ടേറിയററിന്റെ വടക്കെനടയിൽ നിത്യേനയരങ്ങേറുന്നസമരനാടകങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു നവീനനാടകം ആളുകൾ കാണുകയുണ്ടായി. അവിടെ രക്തഹാരംചാർത്തി സമരമിരുന്നതും നിരാഹാരം നടത്തിയതും സാധാരണക്കാരായിരുന്നില്ല. ആതുരസേവാനിരതരായ രോഗശുശ്രൂഷത്തൊഴിലാളികൾ! അതായത് ഡാക്ടറന്മാർ! ആ നാടകം കഴിഞ്ഞപ്പോൾ കാണികൾക്ക് സ്പഷ്ടമായി ബോദ്ധ്യപ്പെട്ട ഗുണപാഠം ഒന്നേഒന്നു മാത്രമാണ്—സമൂഹത്തെ സമഗ്രമായി ഗ്രസിച്ചിരുന്ന മൂല്യത്തകർച്ചയും, മാനവികതാധാപതനവും എത്രമാത്രമാണ് ആണ്ടിറങ്ങിയിരിക്കുന്നതെന്ന്!

ആതുരസേവനത്തെ അധികലാഭമുണ്ടാക്കാനുള്ള ഒരു വ്യവസായമാക്കിത്തീർത്തത് ആധുനിക ചികിത്സാശാസ്ത്രമാണ്. ഒരു വിദ്യാർത്ഥി മെഡിക്കൽ കോളേജിൽ പ്രവേശനത്തിന് ശ്രമിച്ചുതുടങ്ങുമ്പോൾ വ്യവസായത്തിന്റെ ആരംഭമാകും! ഭാരിച്ചതുകകൊടുത്തു പ്രവേശനം കരസ്ഥമാക്കിയ ഒരുത്തന് എന്തു മൂല്യബോധമാണുണ്ടാകുക! പിന്നെ പടിപടിയായി മുടക്കുമുതൽ പലിശയടക്കം തിരിച്ചെടുക്കാനുള്ള ശ്രമമാണ് ഉണ്ടാകുന്നത്! സ്പെഷ്യലൈസുചെയ്യുന്ന മേഖല തീരുമാനിക്കുന്നതും തിരഞ്ഞെടുക്കുന്നതും പോലും പ്രതീക്ഷിക്കാവുന്ന ആദായത്തിന്റെ അടിസ്ഥാനത്തിലാണ്. പിന്നെ ബിരുദമെടുത്ത് ''സേവനം'' തുടങ്ങുകയായി. മരുന്നുകമ്പനികളുമായുള്ള കമ്മിഷൻവ്യവസ്ഥ, വിദഗ്ധ പരിശോധനകൾക്ക് സ്കാനിംഗ് തുടങ്ങിയവയ്ക്കു ശുപാർശ ചെയ്യുന്നതിൽ നിന്നുള്ള വരുമാന വ്യവസ്ഥകൾ—ഇങ്ങനെ രഹസ്യമായുള്ള ഏർപ്പാടുകൾ പലതുണ്ട്. വേണമെങ്കിലും വേണ്ടായെങ്കിലുംപരിശോധനകൾമുറപ്രകാരം നടക്കും. ചികിത്സയും നല്ല തോതിൽതന്നെ ''പുരോഗമിക്കും''

ഒരുകാലത്ത് സർക്കാരാശുപത്രിയിൽ ചെല്ലുന്ന രോഗികൾക്ക് കാശുകണ്ടമാനം മുടക്കാതെ കാര്യം സാധിക്കാമായിരുന്നു. ഇന്ന്നിലയൊക്കെ മാറി. അവിടെനിന്ന് മരുന്നും മന്ത്രവുമൊന്നും എത്രനിർധനനും കിട്ടുന്നപ്രശ്നമില്ല. കൂടുതൽ ഗൗരവമുള്ള രോഗം വല്ലതുമായാൽ, ''ഡാക്കുറേമാന്നെ'' വീട്ടിൽ പോയി വേണ്ടപ്പെട്ടവർ കാണണം! കണ്ടില്ലെങ്കിൽ...അതുപറയാതിരിക്കുകയല്ലേ ഭേദം?

ഡാക്ടറന്മാർക്ക് ചിലസ്ഥലങ്ങളിൽ സ്ഥിരമായിരിക്കുന്നതിനാണ് താല്പര്യം. സ്ഥലംമാററമെന്ന ഏർപ്പാടുകൊണ്ട് പലർക്കും പലതും തടയും! ഇതിനൊക്കെ പരിഹാരം പാവംരോഗിയുടെ ഫീസിൽനിന്നു വേണമല്ലോ ഉണ്ടാകാൻഅഥവാ ഉണ്ടാക്കാൻ!

വീഴേണ്ടിടങ്ങളിലെല്ലാം ദക്ഷിണവീണാലും, നിസ്സഹായരായിരോഗിയുടെ ബന്ധുക്കൾ മിണ്ടാതിരിക്കണമെന്നതാണല്ലോ ഡാക്ടറന്മാരുടെ മൗലികാവകാശവാദം. ഉപഭോക്തൃനിയമത്തിന്റെ പരിധിയിൽ പെട്ടാൽ പലരും പരുങ്ങലിലാകുന്ന സാഹചര്യമാണ് ആതുരസേവനരംഗത്ത് അവരുളവാക്കിയിട്ടുള്ളത്. അതുകൊണ്ട് സംഘടിക്കാം! സമരിക്കാം! ഏതിനും കൈക്കൊണ്ട സംഗതിയാണല്ലോ അവ! ചില രാഷ്ട്രീയമുതലാളിമാർ സഹായവുമുണ്ടല്ലോ!

തങ്ങളുടെ ഉത്തരവാദിത്വവും അത്യുന്നതമായ സേവനലക്ഷ്യവും ഒരിക്കലും മറക്കാതെ, മനുഷ്യസേവനം മാതൃകാപരമായി നടത്തുന്ന എത്രയോ ഡാക്ടറന്മാരും വൈദ്യന്മാരും ഇന്നാട്ടിലുണ്ട്. അവരെ ആളുകൾ തിരിച്ചറിയുന്നു, ആദരിക്കുന്നു അവരുടെ പേരിലാണ് ഭിഷഗ്വരവൃത്തിയുടെ അഭിമാനവും ആദർശവും ഇന്ന് ബാക്കിനിൽക്കുന്നത്. അവരാരും ധർണ്ണയ്ക്കും നിരാഹാരത്തിനും, റിലേസമരത്തിനുമൊന്നുമെത്താറില്ല. അംഗീകാരം കൊടുക്കാറുമില്ല. വൈദ്യവൃത്തിയെ തികഞ്ഞ വ്യവസായമാക്കിയിട്ടുള്ളവർ ട്രേഡ് യൂനിയനുണ്ടാക്കും സമരിക്കും! തൊഴിൽസംബന്ധമായ ഉന്നത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി, കുലവൃത്തിയുടെ കുലീനത പരിപാലിക്കാനും താൽപര്യങ്ങൾ ഉറപ്പുവരുത്താനും, മെഡിക്കൽ കൗൺസിൽ ഇല്ലേ? പ്രസക്തമായ കാര്യങ്ങൾ വേണ്ടപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താനും ഉന്നതമാനദണ്ഡങ്ങൾ ഉറപ്പുവരുത്താനും അവയ്ക്ക് പ്രാപ്തിയില്ലേ? അവസരമില്ലേ? മെഡിക്കൽ കൗൺസിലിനും അർത്ഥമില്ലെന്നല്ലേ ഈ സമരസന്ദേശം.

പഠനം പൂർത്തിയാക്കി ചികിത്സാവൃത്തിയിൽ പ്രവേശിക്കുന്ന ഒരു ഡോക്ടർ, പണ്ടുകാലംമുതൽ അംഗീകരിക്കുന്ന ഒരു പ്രതിജ്ഞയുണ്ട്. പാശ്ചാത്യവൈദ്യശാസ്ത്രത്തിന്റെ പിതാവെന്നംഗീകരിക്കുന്ന ഹിപ്പോക്രാററസ് ക്രമപ്പെടുത്തിയ പ്രതിജ്ഞ (Hippocrates oath) ഇതിന്റെ നാനാവശങ്ങൾ വിശദമായും വിവരമായും ചർച്ച ചെയ്തിട്ടുള്ള ഒരു നല്ല പുസ്തകം കുറെക്കാലം മുമ്പ് വായിക്കാനിടവന്നിട്ടുണ്ടുള്ളത് ഓർമ്മയിൽ വരുന്നു.) The Doctors Oath by W. H S. Jones, Cambridge university Press.) മഹത്തായ ആ മൂല്യങ്ങളുമായി, നിരാഹാരം നടത്തിയും മുദ്രാവാക്യങ്ങൾ മുഴക്കിയും തെരുവിലിറങ്ങിയ ഡാക്കുന്മാരുടെ സമരമുന്നേററം, എങ്ങിനെ പൊരുത്തപ്പെടുത്താനൊക്കും? ആ പ്രതിജ്ഞയുടെ സമഗ്രമായ ലംഘനമല്ലേ ഇത്?

വൈദ്യവൃത്തിയുടെ മൗലികസ്വഭാവവും അതിൽ പ്രവേശിക്കുന്നവർ അനുവർത്തിക്കേണ്ട പെരുമാററച്ചട്ടങ്ങളും, നിർബന്ധമായി പരിപാലിക്കേണ്ട മൂല്യങ്ങളും അതിവിപുലമായും സംശയരഹിതമായും ചരകസംഹിതയിലും സുശ്രുത സംഹിതയിലും വ്യക്തമാക്കിയിട്ടുണ്ട്, ഹിപ്പോക്രാററസിന്റെ പ്രതിജ്ഞയെക്കാൾ എത്രയോ ആഴവും പരപ്പുമാണ് ഇവയിൽ പ്രകടമാക്കിയിരിക്കുന്ന മാനവികതയ്ക്കും മൂല്യങ്ങൾക്കുമുള്ളത്! അവയിൽ നിർവ്വചിച്ചിരിക്കുന്ന കാര്യങ്ങൾ ആതുരസേവനം ജീവിതവ്രതമാക്കുന്നവരുടെ മഹത്വമെത്രയെന്ന് എടുത്തുകാണിന്നുണ്ട്. അവയ്ക്കും ഇന്നു പ്രസക്തിയില്ലേ?

അങ്ങിനെ പാശ്ചാത്യവും പൗരസ്ത്യവുമായ ചികിത്സാപദ്ധതികളുടെ അസ്ഥിവാരമിട്ട മഹാന്മാർ, അക്കമിട്ടു പറഞ്ഞിട്ടുള്ള ആദർശങ്ങളുമായി ആധുനിക ചികിത്സാത്തൊഴിലാളികളുടെ പെരുമാററം അപ്രകാരമാണ് പൊരുത്തപ്പെടുന്നത്? പൊരുത്തപ്പെടാത്തവരുടെ പ്രവർത്തനങ്ങൾ ഉപഭോക്തൃ നിയമത്തിന്റെ പരിധിയിൽപെടുത്തുന്നതിൽ എന്താണ് തെററ്? അതിന്റെ പരിധിയിലൊരിക്കലും പെടാത്ത പെരുമാററസംഹിതയുറപ്പുവരുത്തുന്ന ഒരാളിനെവിടെ ഭയപ്പെടണം? അപഭ്രംശത്തിനു വിധേയരാവുന്നവരെ നേരായ മാർഗ്ഗത്തിലേക്കു പ്രേരിപ്പിക്കാൻ, ഹിപ്പോക്രാററസിനും, ചരകനും സുശ്രുതനും സാധിക്കാതെ വരുമ്പോൾ, ഈ നിയമമെങ്കിലും അതു ചെയ്യാനിടവരുത്തുമല്ലോ.

ഒരു ധീരവനിതയുടെ പോരാട്ടം

എഴുത്തുകാരന്റെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്താനോ, നിരോധിക്കാനോ നടത്തുന്ന ഏതൊരു പരിശ്രമത്തെയും, ഏതു ദിശയിൽനിന്നുണ്ടായാലും, പ്രതിഷേധിക്കാൻ എന്നും ആളുകളുണ്ടായിട്ടുണ്ട്. സർക്കാരുകൾ, പള്ളികൾ, മതമൗലികവാദികളുടെ സംഘടനകൾ തുടങ്ങിയവയാണ് വിയോജനത്തെ (Dissent) വീറോടെ അമർച്ചചെയ്യാൻ ശ്രമിക്കാറുള്ളത്. ലോകചരിത്രത്തിൽ എല്ലാ കാലഘട്ടങ്ങളിലും ഇത്തരം സംഭവങ്ങളുണ്ടായിട്ടുമുണ്ട്. എക്കാലത്തും അപജയമാണ് അന്ത്യത്തിൽ അവരുടെ അനുഭവം. എങ്കിലും ആ തുടർക്കഥ അവിരാമമായി തുടരുകയാണ്.

ലോകമനസ്സാക്ഷിയെ ഏററവുമധികം പിടിച്ചുകലുക്കിയ ആധുനിക കാലത്തെ സംഭവമാണ് സൽമാൻ റുഷ്ദിയെ കേന്ദ്രീകരിച്ചുണ്ടായിട്ടുള്ളത്. ഇന്നുമതിനൊരു പരിഹാരമുണ്ടായിട്ടുമില്ല. റുഷ്ദിയ്ക്ക് സാമാന്യ ജീവിതംനയിക്കുന്നതിനുപോലും സാധിക്കാത്ത സാഹചര്യമാണുള്ളത്! ഈ ദുരവസ്ഥയ്ക്കെതിരായി ശക്തിയായി പ്രതികരിച്ചിട്ടുള്ളവർ, പ്രതിഷേധിച്ചിട്ടുള്ളവർ, ഇതിന് സമാനങ്ങളായി മററു ചിലയിടങ്ങളിൽ കാര്യങ്ങളുണ്ടാകുമ്പോൾ കണ്ണടച്ചുകളയുന്നതാണ് കാണാറുള്ളത്. ഇതിനുള്ള ഉദാഹരണങ്ങൾ ഇന്ന് എത്രയോയുണ്ട്. ഒരാശയം, ഒരാദർശം, അല്ല, പ്രതിഷേധത്തിന്റെ മാനദണ്ഡമായി പലരും സ്വീകരിക്കാറുള്ളത്! ആരു ചെയ്തു, ചെയ്യുന്നു എന്നതാണ് അടിസ്ഥാനം. കമ്മ്യൂണിസ്റ്റുരാജ്യങ്ങളിൽ മനുഷ്യാവകാശങ്ങളെ ചവിട്ടിമെതിക്കുമ്പോഴും അതിനെതിരായി ഒരക്ഷരം ഉരിയാടാത്തവർ, മററു രാജ്യങ്ങളിൽ അത്തരം കാര്യങ്ങളുടെ നിഴൽ വീണാൽ വീറോടെ മുഷ്ടിചുരുട്ടും! അക്രമത്തെയും നരഹത്യയെയും, അവയെവിടെയുണ്ടായാലും പ്രതിഷേധിക്കപ്പെടേണ്ടതല്ലേ? ഒരിടത്ത് നരഹത്യയെ ധീരസാഹസികതയുടെയും മഹത്തായ കർമ്മത്തിന്റെയും പ്രകടനമായി പ്രകീർത്തിക്കുക! മറെറവിടെങ്കിലുമതുണ്ടായാൽ മഹാപാപമായി ചിത്രീകരിക്കുക—ഈ വിഘടനനയമാണ് അക്രമത്തെ ഉച്ചാടനം ചെയ്യാനാവാത്ത ഒരു അവസ്ഥയാക്കിതീർത്തിരിക്കുന്നത്.

ബംഗ്ലാദേശിലെ പ്രസിദ്ധയും പ്രമാണിയുമായ ഒരു ഗ്രന്ഥ

- കോന്നിയൂർ ആർ. നരേന്ദ്രനാഥ് -

കാരിയാണ് തസ്‌ലിമ നസ്‌രീൻ (Taslima Nasreen). മനുഷ്യമനസ്സാക്ഷിയെ വ്രണപ്പെടുത്തുന്ന ഏതിനെയും നിരാകരിക്കുന്ന മാനവികതയെ മാനിക്കുക മാത്രമല്ല, അന്യരെയും അതിനും പ്രേരിപ്പിക്കുന്ന ഒരെഴുത്തുകാരി ഇന്ന് അവർ സൽമാൻ റുഷ്ദിയ്ക്ക് സഹിക്കേണ്ടിവന്നിട്ടുള്ള അതേ സാഹചര്യം ജന്മരാജ്യത്ത് നേരിടുകയാണ്. ഈ ധീരവനിതയുടെ ''ലജ്ജ'' എന്നൊരു കൃതിയാണ് അവരെ വിപത്തിന്റെ വക്കിൽ തള്ളിനിർത്തിയിരിക്കുന്നത്.

1977—നുശേഷം ബംഗ്ലാദേശിൽ മതന്യൂനപക്ഷത്തിന്റെ അനുഭവങ്ങളുടെ കഥകൾ കുറച്ചൊന്നുമല്ല. ഇവിടെ പറഞ്ഞകൃതിലെ മുഖ്യ പ്രമേയംഅവയാണ്. ഈ ദുരിതങ്ങൾ കൂടുതൽ രൂക്ഷമാക്കാൻ ബാബരിമസ്ജിദ് സംഭവം ഇടവരുത്തി. അതുല്യമായ ക്രൂരതയ്ക്ക് വിധേയരാകുന്ന, അവിടത്തെ മതന്യൂനപക്ഷങ്ങൾ. അവ എടുത്തുകാണിക്കുകയും ചർച്ചാവിഷയമാക്കുകയും ചെയ്തതിന് ആദർശനിഷ്ഠയുള്ള ആ എഴുത്തുകാരിയെ അവിടത്തെ സഹാബാ സൈനിക് പരിഷത്ത് (Soldiers Council of Prophets Followers) എന്ന സംഘടന വധശിക്ഷയ്ക്ക് വിധിച്ചിരിക്കുകയാണ്! നസ്‌റീനിന്റെ തലയ്ക്ക് 50,000 ടാകാ (രൂപ) പ്രഖ്യാപിച്ചിരിക്കുന്നു! രഹസ്യമായുള്ള വിധിയല്ല. പരസ്യമായിത്തന്നെയാണത് ചെയ്തിട്ടുള്ളത്.!

മതമൗലികവാദത്തിന്റെ വക്താക്കളുടെതാണ് ആ സംഘടന.

ഈ വിളംബരമുണ്ടായിട്ടും, അവിടത്തെ സർക്കാർ അത് അറിഞ്ഞതായിപോലും പ്രതികരിച്ചിട്ടില്ല. പാകിസ്ഥാനെപോലെയുള്ള ചില രാജ്യങ്ങളിൽനിന്നു ഭിന്നമായി ബംഗ്ലദേശ് മതനിരപേക്ഷതയുടെ കാര്യത്തിൽ കുറെക്കൂടി പക്വത പ്രകടിപ്പിക്കുന്നുണ്ടെന്നാണ് പൊതുവെയുള്ള ധാരണ. അത്തരം ആശയങ്ങളിൽ വിശ്വസിക്കുകയും അതിന് വിധേയമായി പ്രവർത്തിക്കുകയും ചെയ്യുന്ന നല്ല വിഭാഗമാളുകളവിടെയുണ്ടെന്നുമാണ് പറയപ്പെടുന്നത്—പ്രത്യേകിച്ചും വിദ്യാർത്ഥികളും യുവജനങ്ങളും പല സാംസ്കാരിക പ്രവർത്തകന്മാരും, അവരുടെ സംഘടനകളും. അത്തരം പതിനഞ്ചോളം സംഘടനകൾ നസ്‌റീനിനെതിരായി പുറപ്പെടുവിച്ചിട്ടുള്ള കൊലവിധിയെ, നിരാകരിക്കണമെന്നുമാത്രമല്ല ആഹ്വാനം ചെയ്തിട്ടുള്ളത്. പ്രസ്തുത മതമൗലികസംഘടനയുടെ നേതാവായ മൗലാനാ ഹബീബുർ റഹ്മാന്റെ പേരിൽ നിയമനടപടികൾ എടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തികച്ചും നിയമവിധേയവും ന്യായയുക്തവുമായ കാര്യങ്ങൾ ജനശ്രദ്ധയിൽപെടുത്തുകയെന്ന സൽകർമ്മത്തിലേർപ്പെട്ടിരിക്കുന്ന എഴുത്തുകാരിക്ക് പരിപൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തണമെന്നും സർക്കാരിനോട് സാംസ്കാരിക നായകന്മാർ ആവശ്യപ്പെട്ടിട്ടുണ്ട്.

പക്ഷേ സർക്കാർ അതൊന്നുമല്ല ചെയ്തിരിക്കുന്നത്! തസ്‌ലീമ നസ്‌റീനിന്റെ വിവാദഗ്രന്ഥം അവർ നിരോധിച്ചു. ഗ്രന്ഥകാരി നാടുവിട്ടുപോകരുതെന്ന് ഉത്തരവിടുകമാത്രമല്ല അവരുടെ പാസ്പോർട്ട് തുടങ്ങിയ പ്രമാണങ്ങൾ തടഞ്ഞുവെയ്ക്കുകയുമാണ് ചെയ്തിരിക്കുന്നത്! ഇത്തരം വിപരീതാനുഭവങ്ങളും ഭീഷണികളും എഴുത്തുകാരി ഗണ്യമാക്കിയിട്ടേയില്ല. അനീതികൾക്കെതിരായി പോരാടാൻതന്നെ അവർ ഉറച്ചിരിക്കുന്നു.

അമേരിക്കൻ ഐക്യനാടുകളിൽ ആസ്ഥാനമാക്കിയിട്ടുള്ള ഒരു പത്രവാർത്താ ഏജൻസിയ്ക്ക്, നസ്‌റീൻ നൽകിയ ഒരഭിമുഖത്തിൽ സ്വന്തം നിലപാട് നിസ്സംശയമായി അവർ വെളിപ്പെടുത്തിയിട്ടുമുണ്ട്. അവരുടെ വാക്കുകൾതന്നെ ഇതാ—''വർഗ്ഗീയതയും മതാധിഷ്ഠിത നയങ്ങളും വേരുററുപോകത്തമട്ടിൽ അവയെ എതിർത്ത്, മതനിരപേക്ഷാപരമായ അവസ്ഥ വരുത്തുകയാണ് എന്റെ ജീവിതലക്ഷ്യം. എല്ലാവിധത്തിലുമുള്ള മതമൗലികതയ്ക്കുമെതിരാണ് ഞാൻ!''

ഇപ്രകാരം സംസാരിക്കുന്നവരെ തീരെയില്ലാതാക്കാനും, സ്വാതന്ത്ര്യത്തെ പ്രോത്സാഹിപ്പിക്കുന്നവരെ നിസ്തേജരാക്കാനുമുള്ള മതമൗലികവാദികളുടെ ശ്രമങ്ങൾക്കെതിരായി ശബ്ദമുയർത്തുന്ന, എല്ലായിടത്തുമുള്ള നല്ല മനുഷ്യർ, ഈ ധീരവനിതയ്ക്കുവേണ്ടി പ്രതികരിക്കേണ്ടത് അത്യാവശ്യമാണെന്നു പറയേണ്ടതില്ല.

ഇങ്ങനെയൊരു സംഭവം അയൽ രാജ്യത്ത് നടക്കുന്നുണ്ടെന്ന വസ്തുതപോലും നമ്മുടെ വാർത്താമാധ്യമങ്ങൾ വേണ്ട പ്രാധാന്യത്തോടുകൂടി ഇവിടെ പൊതുജനങ്ങളുടെശ്രദ്ധയിൽകൊണ്ടുവന്നിട്ടില്ലെന്നുള്ളത് ഖേദകരമാണ്! നമ്മുടെ നാട്ടിലെ 'സെക്കുലർ' നേതാക്കന്മാരുടെ നാക്ക് ഇതുവരെ അനങ്ങിയിട്ടില്ല! ഇവിടത്തെ ബുദ്ധിജീവികളുടെബുദ്ധിയിൽ ഇതിന്റെ തരംഗങ്ങളെത്തിയിട്ടുമില്ല!

അവസരവാദികളുടെ സംയോജനം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ബോഫേർസ്, ഓഹരി കുംഭകോണം എന്നിവയിൽ പങ്കാളികളെന്നു സംശയിക്കപ്പെടുന്നവർ ആഗ്രഹിച്ച വിധത്തിൽ, അവയുടെ അന്വേഷണവും അവയെ സംബന്ധിക്കുന്ന നടപടികളും, തേഞ്ഞുമാഞ്ഞു പോകുന്ന വിധത്തിലാണ് ഇന്നു കാര്യങ്ങൾ നീങ്ങുന്നത്. കോളിളക്കമൊക്കെ ശമിച്ചിരിക്കുന്നു. ആരും അവയെക്കുറിച്ച് കാര്യമായി സംസാരിക്കുന്നില്ല. ക്രമേണ ജനങ്ങൾ അവ മറക്കും! ലാഭം കൊയ്ത മിടുക്കന്മാരും കുടുംബവും കൂട്ടുകാരും സൗഖ്യമായി ജീവിക്കും! അതുവരെ ഉണ്ടായ, ഉണ്ടാക്കിയ ഒച്ചപ്പാടും ബഹളവുമൊക്കെ, പാവം ജനത്തിന്റെ കണ്ണിൽ മണ്ണിടാനുള്ള കൗശലങ്ങൾ മാത്രം! ഈ കപടനാടകം എത്രയെത്രയരങ്ങേറിയിരിക്കുന്നു! എങ്കിലും ജനങ്ങൾ ഇതൊക്കെ വെച്ചുപൊറുപ്പിക്കുന്നതാണ് അത്ഭുതം!

അത്, സാമ്പത്തികാഴിമതിക്കാര്യം. രാഷ്ട്രീയാഴിമതിയോ? തിരഞ്ഞെടുപ്പുകാലത്ത് ഒന്നിക്കും! അല്ലാത്തപ്പോൾ ഭിന്നിക്കും. അധികാരം ആവശ്യംപോലെയുപയോഗിച്ച്, ഉപയോഗിക്കാൻ സ്വന്തക്കാർക്ക് അവസരം കൊടുത്ത്, കൊള്ള നടത്തും. ഇതാണ് രാഷ്ട്രീയാഴിമതിയുടെ പരമോച്ചാവസ്ഥ!

പരസ്പരം പിച്ചിച്ചീന്തുമെന്നു തോന്നത്തക്കവിധത്തിൽ, ആരോപണ പ്രത്യാരോപണങ്ങൾ നടത്തിയശേഷം, അധികാരം നേടാൻ, കൂറുമാററവും കൂറില്ലായ്മയും, കുപ്പായമാററവുമൊക്കെയാണ് രാഷ്ട്രീയക്കാരുടെ പരിപാടി. കുറെക്കാലം മുമ്പ് ഛിന്നഭിന്നമായി ചിതറി നിന്നിരുന്ന ജനതാദളിന്റെ കഥയെടുക്കുക! അധികാരത്തിലിരുന്നപ്പോൾ അവർ കാട്ടിക്കൂട്ടിയ കളികൾ കണ്ട് ജനം അത്ഭുതപ്പെട്ടതാണ്! പിന്നെ കൂറുമാററം കുലപാരമ്പര്യമായിട്ടുള്ള നേതാക്കന്മാർ, മന:സാക്ഷിയുടെ പേരും പറഞ്ഞ്, ശിഥിലകക്ഷികളായി വേർപെട്ടു! ആദർശങ്ങളും അത്യുദാത്തങ്ങളായ മൂല്യങ്ങളും രക്ഷിക്കാനാണ് തങ്ങളപ്രകാരം ചെയ്തതെന്ന്, ശിഥിലകക്ഷികളുടെയാളുകൾ ഉച്ചഭാഷിണിയുപയോഗിച്ച് വിളിച്ചു പറഞ്ഞു! ഇന്നത്തെ സ്ഥിതിയോ? വീണ്ടും ഒററക്കെട്ടായിരിക്കുന്നു ഇവരെല്ലാം! ഒററയ്ക്കൊററയ്ക്കുനിന്നാൽ, അവർക്ക് ജനങ്ങളോട് പറയാനൊന്നുമില്ല. അവരവരുടെ നെറികേട് പ്രത്യക്ഷമാകുകയും ചെയ്യും. തിരഞ്ഞെടുപ്പു വിജയം പരിങ്ങലിലാവും. പിന്നെ മൊത്തമൊരു സംയുക്ത പ്രകടനപത്രികയുടെ യടിസ്ഥാനത്തിലായാൽ പലതും മറയ്ക്കാനുള്ള തിരശ്ശീലയായിട്ടുതകുകയുംചെയ്യും!

കഴിഞ്ഞതവണ ബോഫോർസ് എന്ന അഴിമതിയാണിവരിലധികംപേരും എടുത്തുകാണിച്ചത്. ആ അഴിമതിയിൽ ജനങ്ങൾക്കുള്ള അമർഷം പ്രയോജനപ്പെടുത്തി, അവർ ജയിച്ചു. സർക്കാരുണ്ടാക്കി, ഭരിച്ചു. പിന്നെ പിരിഞ്ഞ് ശിഥിലകക്ഷികളായി, വിലപേശി സ്വാർത്ഥതാല്പര്യങ്ങൾ സാധിച്ചു! ആ അഴിമതി രാജ്യത്തിനു വരുത്തിയ ഭീമമായ സാമ്പത്തിക നഷ്ടം പരിഹരിക്കാനൊരുനടപടിയും കാര്യമായിട്ടുണ്ടായില്ല. അതിലൂടെ കീശവീർപ്പിച്ചവരാരൊക്കെയെന്നുപോലും പുറത്തു പറഞ്ഞില്ല! ഇത്രത്തോളം പ്രാധാന്യവും വലിപ്പവുമുള്ള ഒരു സംഗതിപോലും സൗകര്യംപോലെ മറക്കുന്നവരാണ് ഇന്ന് വീണ്ടുമൊന്നിച്ചായിരിക്കുന്നവർ. ഇത് തിരഞ്ഞെടുപ്പു മുന്നിൽ കണ്ടുകൊണ്ടുള്ള സൗകര്യപ്രദമായ സജ്ജീകരണമെന്നതിൽ കൂടുതലൊന്നുമില്ല.

ജനതാദൾ നേതാക്കന്മാരുടെ ഈ പ്രവർത്തനശൈലി ആവർത്തന വിരസമായ ഒന്നാണ്. അവരുടെ പൂർവ്വകാല ചരിത്രം പരിശോധിച്ചാൽ, ഓർമ്മിച്ചാൽ അത് ആർക്കും ബോധ്യമാകും.

> **ഭാരതീയമായ ഏതിനേയും ക്ഷയിപ്പിക്കാനും നശിപ്പിക്കാനും കച്ചകെട്ടിയരങ്ങത്തു കളിക്കുന്ന വിഘടനശക്തികളുയർത്തുന്ന ആക്രോശങ്ങൾ, അവരുടെ കർണ്ണങ്ങൾക്ക് ശ്രവണാതീത തരംഗങ്ങളാണ്! ഇവരാണിന്ന് യോജിപ്പിലെത്തി വോട്ടു ചോദിക്കാനിറങ്ങിയിരിക്കുന്നത്. ഇവർവളർത്തുന്നത് രാഷ്ട്രീയമല്ല, രാഷ്ട്രീയാഭാസമാണ്.**

രാഷ്ട്രീയരംഗത്ത് പ്രമാണിപ്പട്ടം കെട്ടിയ കാലം മുതൽ ഇന്നുവരെ ഇവരോരോരുത്തരും, എത്ര കുട്ടിക്കരണങ്ങൾ നടത്തിയിട്ടുണ്ട്? രാഷ്ട്രീയക്കുപ്പായം എത്ര പ്രാവശ്യം സൗകര്യപ്രദമായി മാററിയിട്ടുണ്ട്? എത്ര കൂറുമാററം അരങ്ങേറിയിട്ടുണ്ട്? ആരുടെയൊക്കെ കുതികാൽ വെട്ടിയിട്ടുണ്ട്? ഇവർക്ക് ഈ കർമ്മപരിപാടികൾ തുടരാൻ ജനങ്ങൾ ഇനിയും അനുവാദം അരുളുമോ? എത്രതവണ കണ്ടാലും, അനുഭവിച്ചറിഞ്ഞാലും കാര്യസാധ്യത്തിനു തക്കസമയത്ത് പഞ്ചാരവാക്കും പറഞ്ഞ് സമീപിക്കാൻ ഒരു വിഷമവുമില്ലാത്ത ഇവരെ, ജനം മനസ്സിലാക്കുകയില്ലേ? തൂത്തുപുറത്താക്കി എരുമച്ചാണകമിട്ടു മെഴുകി സ്ഥലം ശുദ്ധമാക്കുകയില്ലേ?

ബോഫോർസ് ആണ് കഴിഞ്ഞതവണ ഈ കപടനേതാക്കന്മാരുടെ രക്ഷയ്ക്ക് എത്തിയത്. ഭിക്ഷയിടുന്നതുപോലും, അർഹക്കുന്നിടത്തേയാകാവൂ എന്ന പരമ്പരാഗതമായ വിശ്വാസമുള്ള ജനങ്ങൾ, അവജ്ഞയും നിരാകരണവും മാത്രമേ ഇവരർഹിക്കുന്നുള്ളു എന്ന്, ധരിച്ചിട്ടുണ്ടെന്നു വിശ്വസിക്കുക.

ഇത്തവണ മതേതരത്വ മാലാഹകളുടെ ലോഹയാണിവരണിഞ്ഞിരിക്കുന്നത്! സമൂഹത്തെ മുഴുവൻ മഹാപ്രളയംപോലെ, മുക്കിയിരിക്കുന്ന അഴിമതി അവർക്ക് പ്രശ്നമല്ല! അനുദിനം അപ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന പരമ്പരാഗതങ്ങളും അനുഭവങ്ങളിലൂടെ അമൂല്യങ്ങളെന്നു തെളിഞ്ഞിട്ടുള്ളതുമായ മൂല്യങ്ങളെ തച്ചുടയ്ക്കാൻ ചുററികയുയർത്തിനില്ക്കുന്ന ശക്തികൾ, ഇവരുടെ കണ്ണിൽപെടുന്നില്ല! ഭാരതീയമായ ഏതിനേയും ക്ഷയിപ്പിക്കാനും നശിപ്പിക്കാനും കച്ചകെട്ടിയരങ്ങത്തു കളിക്കുന്ന വിഘടനശക്തികളുയർത്തുന്ന ആക്രോശങ്ങൾ, അവരുടെ കണ്ണങ്ങൾക്ക് ശ്രവണാതീത തരംഗങ്ങളാണ്!

ഇവരാണിന്ന് യോജിപ്പിലെത്തി വോട്ടുചോദിക്കാനിറങ്ങിയിരിക്കുന്നത്. ഇവർ വളർത്തുന്നത് രാഷ്ട്രീയമല്ല, രാഷ്ട്രീയാഭാസമാണ്. ജനലക്ഷങ്ങളുടെ മനസ്സാക്ഷിക്കുത്തുകളേററ് ഇവർ പലായനം ചെയ്യാനിടവരുത്തണം. അതിനുശേഷം ഗംഗാജലം തളിച്ച് രംഗം ശുദ്ധമാക്കണം. ഇവിടെ ആദർശങ്ങൾക്കും, മാനവികമൂല്യങ്ങൾക്കും, ഉത്തമരാഷ്ട്രീയത്തിനും വളരാനും വികസിക്കാനും, ജനങ്ങളെ സേവിക്കാനുമുള്ള സാഹചര്യമുണ്ടാകണം! ഈ പുണ്യഭൂമിയിലതുണ്ടാകുകയില്ലേ?

ഇന്നത്തെ ആവശ്യം, കപടവേഷധാരികളെയും രാജ്യത്തെ ശിഥിലീകരിക്കാൻ പ്രവർത്തിക്കുന്നവരുടെ വൈതാളികന്മാരെയും പൂർണ്ണമായും, ശക്തമായും തിരസ്കരിക്കുകയാണ്!

ചില യാഥാർത്ഥ്യങ്ങൾ

– കോന്നിയൂർ ആർ. നരേന്ദ്രനാഥ് –

സത്യത്തിൻെറ കുത്തകാവകാശം തങ്ങൾക്ക് മാത്രമേയുള്ളെന്ന് അവകാശപ്പെടാൻ, ഇന്നത്തെ കാലത്ത് അസാമാന്യമായ അന്ധവിശ്വാസമുള്ള ഒരാളിനേ സാധിക്കുകയുള്ളു. എങ്കിലും ഇത്തരക്കാർ കുറവല്ല എന്നതാണ് യാഥാർത്ഥ്യം. യുക്തി, വിവേകം, ബുദ്ധി എന്നിവയെയാശ്രയിച്ച ചിന്തിക്കുകയും പെരുമാറുകയും ചെയ്യുന്നവർക്കറിയാം, സത്യത്തിലേക്ക് പല മാർഗ്ഗങ്ങളുണ്ടെന്ന്. ഈ വാസ്തവം മററാരും കണ്ടെത്തുന്നതിനു മുമ്പ് ഭാരതീയർ മനസ്സിലാക്കി. ഭാരതീയ സംസ്കാരത്തിൻെറ അടിത്തറ, ആ ചിന്തയിലാണ് സ്ഥിതിചെയ്യുന്നത്. സമന്വയമാണ്, സംഹാരമല്ല നമ്മുടെ സംസ്കാരത്തിൻെറ സ്ഥായിയായ ഭാവം.

സെമിററിക് പാരമ്പര്യത്തിൽ, ഈ ചിന്താധാര തികച്ചും അന്യം തന്നെ. കിഴക്കനേഷ്യയെന്ന് പാശ്ചാത്യരും, പശ്ചിമേഷ്യയെന്നു നമ്മളും വിവക്ഷിക്കാറുള്ള പ്രദേശമാണ്, പാശ്ചാത്യസംസ്കാരത്തിൻെറ തൊട്ടിൽ! പാശ്ചാത്യപുരോഗതിക്ക് നിദാനങ്ങളായി ഭവിച്ച എല്ലാ ആശയങ്ങളുടെയും ഉൽപ്പത്തി പ്രദേശം ഇവിടമത്രേ. മദ്ധ്യധരണ്യാഴിയുടെ കിഴക്കെ തീരത്തുള്ള പ്രദേശങ്ങളും, ഇന്നത്തെ തുർക്കി, ഇറാൻ, ഈജിപ്ത് എന്നിവയുൾപ്പെടുന്ന മേഖലകളും കൂടാതെ, ഇന്നത്തെ ഇറാഖും ആ വിശാല പ്രദേശത്ത് പെടുന്നുണ്ട്. ഇവിടെയുത്ഭവിച്ച് വികാസംപ്രാപിച്ച ഭാഷകളെ, സെമിററിക്ക് ഭാഷകളെന്നും, ജനങ്ങളെ മൊത്തത്തിൽ സെമിററിക്ക് പ്രദേശക്കാരെന്നും പറയാറുണ്ട്. ഭാഷകളിൽ, അസ്സീരിയൻ, അറാമെയ്ക്ക്, ഹീബ്രൂ, ഫിനിഷ്യൻ, അറബി, എത്യോപിക് – എന്നിവയുൾപ്പെടുന്നു.

ഈ മേഖലയിൽ പരിണമിച്ച ചിന്താധാരയും, ഇൻഡ്യ, ചൈന എന്നീ പ്രദേശങ്ങളിൽ രൂപംപ്രാപിച്ച ചിന്താഗതികളും തമ്മിൽ മൗലികമായ വ്യത്യാസങ്ങൾ പലതുമുണ്ട്. അതിൽ അതിപ്രധാനമെന്നു തോന്നുന്ന ഒരു സംഗതി മാത്രം ഇവിടെ സൂചിപ്പിക്കട്ടെ! മതങ്ങൾ, രാഷ്ട്രീയചിന്ത, ശാസ്ത്രം എന്നീ രംഗങ്ങളിലെല്ലാം ഈ മൗലീക വ്യത്യാസത്തിൻെറ മുദ്രകൾ ആഴത്തിൽ പതിഞ്ഞിട്ടുമുണ്ട്. അന്യരുമായുള്ള അവിരാമമായ മത്സരം, സ്വസ്വാധീനം സ്ഥാപിക്കാൻ അന്യരെ കീഴടക്കാനുള്ള ത്വര, എതിർക്കുന്നവയെ സമഗ്രമായി സംഹരിക്കുവാനുള്ള അഭിവാഞ്ഛ എന്നിവയാണ് മനുഷ്യന് സ്ഥായിയായി പ്രവർത്തന പ്രചോദനമേകുന്ന ഘടകങ്ങൾ എന്നുള്ളതാണ് സെമിററിക് വീക്ഷണത്തിൻെറയടിസ്ഥാനം.

സെമിററിക് മതങ്ങൾക്കെല്ലാം ഈ അടിസ്ഥാനവീക്ഷണമുണ്ട്. തങ്ങൾക്കല്ലാതെ മററാർക്കും സത്യത്തിലേക്കും സ്വർഗ്ഗത്തിലേക്കുമുള്ള വഴിയില്ലെന്ന് അവ വാദിക്കുന്നു. പഴയതെല്ലാം പരിത്യജിച്ച് പ്രതിവഴി സ്വീകരിച്ചില്ലെങ്കിൽ, സംഹാരമല്ലാതെ മറെറാരു ഏർപ്പാടില്ലെന്നും അവർ പ്രഖ്യാപിക്കുന്നു. ഏതാണ്ടിതേ ചിന്താഗതി തന്നെയാണ് ഡാർവ്വിൻെറ പരിണാമവാദംപോലുള്ള ശാസ്ത്രാപഗ്രഥനങ്ങളേയും സ്വാധീനിച്ചിരിക്കുന്നത്. മാർക്സിസമെന്ന രാഷ്ട്രീയ ചിന്തയും ഇതിൽനിന്നു ഭിന്നമല്ല. സമൂഹത്തിൻെറ രക്ഷയ്ക്ക് മാർക്സിസമല്ലാതെ വേറൊന്നില്ലെന്നാണല്ലോ അവരുടെ നിലപാട്. മാർക്സിസം സ്ഥാപിക്കാൻ നിർദ്ദയമായ മർദ്ദനമുറകളാകാമെന്നുമാത്രമല്ല, അതിൻെറ അടിസ്ഥാന പ്രമാണം വർഗ്ഗസമരമാണ്. മററു കക്ഷികളെ സംഹരിക്കുകയല്ലാതെ മറെറാരുവഴി മാർക്സിസത്തിലില്ല, അധികാരസ്ഥാപനത്തിന്!

തങ്ങൾക്കെതിരായുള്ള വർഗ്ഗങ്ങളെ സമഗ്രമായി സംഹരിച്ചാലേ തൊഴിലാളി വർഗ്ഗസ്വേച്ഛാധിപത്യം സാധ്യമാകൂ എന്നു മാർക്സിസം ആണയിട്ട് പറയുന്നു. അതാണ് അവരുടെ അന്തിമമായ രാഷ്ട്രീയലക്ഷ്യം. സമൂഹ സംശുദ്ധീകരണത്തിന് മാർക്സിസമല്ലാതെ മറെറാരുവഴിയുമില്ലെന്ന് പറയുന്നത്, സെമിററിക് ആശയത്തിൻെറ പ്രകാശനമാണ്. യൂറോപ്പിൽ നടന്നിട്ടുള്ള എല്ലാ രക്തരൂക്ഷിത വിപ്ലവങ്ങളും കലഹങ്ങളും ഈ ആശയത്തിൽനിന്നുത്ഭവിച്ചിട്ടുള്ളതാണ്. അവയുടെ ഒടുവിലത്തെ ഉദാഹരണമാണ് മാർക്സിസം.

കമ്മ്യൂണിസത്തിൻെറ കാതലായി കരുതിവരുന്ന തൊഴിലാളി വർഗ്ഗാധിപത്യം, വ്യക്തികളുടെ സ്വേച്ഛാധിപത്യത്തിലേ അവസാനിക്കുകയുള്ളു എന്നു പഴയ സോവിയററു യൂനിയനിലെ സ്റ്റാലിൻയുഗവും, ചൈനയിലെ മാവോയുഗവും, കിഴക്കെ യൂറോപ്യൻ രാജ്യങ്ങളിലെയും കിഴക്കെ ജർമ്മനിയിലെയും സ്വേച്ഛാധിപതികളുടെ യുഗവും തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. പൊറുതിമുട്ടി അവയൊക്കെ അവിടങ്ങളിലെ ജനങ്ങൾ ഇന്നു തുടച്ചുമാററുകയും ചെയ്തിരിക്കുന്നു. അതിനൊരവസരംപാർത്ത് കഴിയുകയായിരുന്നു ജനങ്ങളിത്രയും കാലം!

കമ്മ്യൂണിസ്റ്റുകാരുടെ സങ്കല്പത്തിൽ, ഏകകക്ഷി സ്വേച്ഛാധിപത്യം നിലനിർത്തിക്കൊണ്ടുള്ള ജനാധിപത്യം, വെറും കപട ജനാധിപത്യമോ ജനാധിപത്യാഭാസമോ മാത്രമാണെന്നല്ലേ, ആ രാജ്യങ്ങളിൽ രൂപം പ്രാപിച്ച വ്യക്തികളുടെ, നേതാക്കന്മാരുടെ, സ്വേച്ഛാധിപത്യം തെളിയിച്ചത്? ലോകം മുമ്പൊരിക്കലുംകണ്ടിട്ടില്ലാത്ത, ശക്തവും, കഠിനവുമായ സ്വേച്ഛാധിപത്യവുമായിരുന്നില്ലേ, സ്റ്റാലിൻ യുഗത്തിൽ നിലനിന്നിരുന്നത്? ഇന്ന് ആരെങ്കിലും ഇതു നിഷേധിക്കുമോ?

ഒരു വ്യക്തിക്ക് ഒരു വോട്ട് എന്ന അടിസ്ഥാനത്തിൽ, ഭിന്ന രാഷ്ട്രീയകക്ഷികൾക്ക് മത്സരിക്കാൻ അവസരം നൽകിക്കൊണ്ടുള്ള ജനാധിപത്യസമ്പ്രദായം, അവിടങ്ങളിൽ നിലവിലിരുന്നെങ്കിൽ, ഇടയ്ക്കിടെ ബഹുജനങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളറിയാനും, അതിനനുസരിച്ച ജനാധിപത്യമര്യാദകളനുസരിച്ചുള്ള വ്യവസ്ഥകളുണ്ടാക്കാനും സാധിക്കുമായിരുന്നു. അതുണ്ടാകാതെ പോയതാണ്, ജനരോഷം വീർപ്പുമുട്ടി തടിച്ചുകൂടാനും, ഒടുവിൽ നാം ദർശിച്ച പൊട്ടിത്തെറി യുണ്ടാകാനുമിടവരുത്തിയത്. ഇടയ്ക്കിടെ, ബഹുകക്ഷികൾ പങ്കെടുക്കുന്ന തെരഞ്ഞെടുപ്പു നടന്നിരുന്നെങ്കിൽ, ബഹുജനങ്ങളുടെ മോഹങ്ങളും യഥാർത്ഥമായ രൂപത്തിൽ നേതാക്കന്മാർക്ക് അറിയാൻ സാധിക്കുമായിരുന്നു. ഭരണത്തിലിരുന്ന കക്ഷികൾതന്നെ, അവരുടെ പ്രവർത്തനശൈലിയിലും മററും പ്രസക്തമായ മാററംവരുത്താനുതൊരു പ്രചോദനവും നൽകുമായിരുന്നല്ലോ.

സർക്കാരിൻെറ സബ്സിഡികൾകൊണ്ട് വില നിയന്ത്രിക്കുന്നതും, ആ വിധത്തിൽ അയഥാർത്ഥമായ സാമ്പത്തിക സന്തുലനം സാധിക്കുന്നതും പാപ്പരത്തത്തിലേക്കും അത്യാഹിതത്തിലേക്കുമേ നയിക്കുകയുള്ളു. ഇതാണല്ലോ മുൻ കമ്മ്യൂണിസ്റ്റു രാജ്യങ്ങളുടെ ദുരന്തകഥ പറയുന്നതും. ഉല്പാദനക്ഷമതയിലധിഷ്ഠിതമായ ഒരു സാമ്പത്തിക സമ്പ്രദായത്തിന് മാത്രമേ യാഥാർത്ഥ്യ ബോധത്തോടുകൂടിയ സാമ്പത്തിക സന്തുലനസ്ഥിതി സാധ്യമാക്കാൻ കഴിയൂ. വ്യക്തികളുടെ കാര്യത്തിലെന്നപോലെ രാജ്യങ്ങളുടെ കാര്യത്തിലും, വരവിനെക്കാളധികം ചിലവുണ്ടായാൽ, ഒടുവിൽ പാപ്പരാകുകയായിരിക്കും ഫലം!

ഈ യാഥാർത്ഥ്യം കണ്ട്, ക്യൂബ തുടങ്ങിയ രാജ്യങ്ങളിൽ വലിയ മാററങ്ങൾ അവിടങ്ങളിലെ അധികാരികൾ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. അവശേഷിക്കുന്ന കമ്മ്യൂണിസ്റ്റ് രാജ്യാധിപന്മാർ യാഥാർത്ഥ്യങ്ങളിലേക്ക് മടങ്ങുകയാണ്. അവിടെ അതൊന്നും നടക്കുന്നില്ലെന്നു ഇവിടത്തെ ചോട്ടാ നേതാക്കന്മാർ വിളിച്ചുപറയുന്നത്, അവരുടെ അജ്ഞതകൊണ്ടുമാത്രമാണ്.

ഒത്തുകളിയുടെ അരങ്ങേററം

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

ഈയിടെയുണ്ടായ ട്രാൻസ്പോർട്ട് പണിമുടക്ക്, ജനദ്രോഹമെന്ന നിലയിലല്ലാതെ, ചില പ്രധാനപ്പെട്ട കാര്യങ്ങളെയും ശ്രദ്ധേയങ്ങളാക്കിയിട്ടുണ്ട്. നഷ്ടക്കച്ചവടത്തിൽ നടത്തുന്ന സ്ഥാപനങ്ങളിൽ, സ്വർണ്ണപതക്കത്തിനർഹത, ട്രാൻസ്പോർട്ട് കോർപ്പറേഷൻ എത്രയോ മുമ്പുതന്നെ യാജ്ജിച്ചിട്ടുണ്ട്! അവരുടെ വാഹനങ്ങളിൽ സഞ്ചരിക്കാനുള്ള ഭാഗ്യദോഷമുണ്ടാകുമ്പോഴൊക്കെ, അതിലൂടെ ജനങ്ങൾക്ക് കിട്ടുന്ന സേവനത്തിന്റെ നിലവാരം നേരിട്ടനുഭവിക്കാനിടവരാറുണ്ട്, ഒട്ടുമിക്കവാറുമാളുകൾക്കും! ഗതികെട്ടാൽ പുലി പുല്ലും തിന്നും— എന്നതുദാഹരിക്കുന്നമട്ടിൽ, വാഹനഗതാഗതത്തിന്റെ കുത്തകാവകാശം അവർക്ക് തീറെഴുതിക്കൊടുത്തയിടങ്ങളിലെ ജനങ്ങൾ, അമർഷം കടിച്ചമർത്തിക്കഴിയാൻ നിർബ്ബന്ധിതരായി. കോർപ്പറേഷൻ, ജനങ്ങൾക്ക് നൽകിയ അവസാനത്തെ സേവനമായിരുന്നു, പണിമുടക്ക്! ഇവരുടെ സേവനത്തെക്കുറിച്ച്, ഏതെങ്കിലും കാലത്ത്, ഏതെങ്കിലും സ്ഥലത്ത്, എപ്പോഴെങ്കിലും ഒരു നല്ലവാക്ക് പറഞ്ഞിട്ടുള്ള സത്യസന്ധനായ ഒരാളിനെ കണ്ടുകിട്ടുമോ, കേരളത്തിലെവിടെയെങ്കിലും? ആ സ്ഥാപനത്തിൽ വേലചെയ്യുന്നവർക്ക് പോലും ആ സ്ഥാപനത്തെപ്പറ്റി നല്ലതുപറയാനില്ലെന്നുള്ളതാണ് മറ്റൊരു മഹാസത്യം!

ഇതാണ് കാൽനൂറ്റാണ്ടോളമുള്ള ''പ്രഗൽഭ''മായ ''പ്രശസ്ത''സേവനത്തിലൂടെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ നേടിയ ആസ്തി! എല്ലാവരുടെയും ശാപകെട്ടാണവർ വഹിക്കുന്ന ഏറ്റവും വലിയ ''ലഗേജ്.''

പ്രധാനപ്പെട്ട ചില അവകാശങ്ങൾ തുടർന്നുകിട്ടുന്നതിനുവേണ്ടിയാണ്, എല്ലാ യൂണിയനുകളും ഒന്നിച്ചുചേർന്ന്, ''ഐതിഹാസിക'' സമരം അരങ്ങേറിയതെന്ന് വിളിച്ചുപറഞ്ഞിട്ടുള്ളവർ കുറവല്ല. 'ചില' അവകാശങ്ങൾ മാത്രമല്ല, കോർപ്പറേഷൻമൊത്തം, തൊഴിലാളികൾക്ക് നടത്താൻ കൊടുക്കാമെന്നു മന്ത്രി എത്രയോ തവണ പറഞ്ഞതും കേട്ടിട്ടുണ്ട്. സർവ്വാവകാശവും തരാൻ തയ്യാറായിരിക്കുന്നവരോട്; ചില അവകാശങ്ങൾമാത്രം മതിയെന്നുപറഞ്ഞുസമരം ചെയ്തതിന്റെ പിന്നിലെ രഹസ്യമാണ് മനസ്സിലാകാത്തത്! സർവ്വാവകാശവും സ്വീകരിക്കാതെ നക്കാപ്പിച്ചയ്ക്കുമാത്രം പോരാടുന്നതാണുചിതമെന്നു യൂണിയൻ നേതാക്കൾ ഉറച്ചതിന്റെ കാരണം, ജനങ്ങളോട് വിശദീകരിക്കാൻ അവർക്ക് ധാർമ്മികമായ ബാധ്യതയുണ്ട്. കോർപ്പറേഷൻ മൊത്തം, ഏറ്റെടുത്ത് ബഹുജനസേവനം നിർവ്വഹിക്കാൻ എന്തുകൊണ്ട് തൊഴിലാളികൾ തയ്യാറാകുന്നില്ല?

സർക്കാരിൽ ഭരണപങ്കാളിത്തമുള്ള കക്ഷികളുടെ യൂണിയനുകളും പ്രതിപക്ഷ കക്ഷികളുടെ യൂണിയനുകളും ഒന്നിച്ചാണ് പണിമുടക്ക് നടത്തിയത്. അതായത്, പരോക്ഷമായി, സർക്കാർ—പ്രതിപക്ഷഭേദമെന്യേ സമരംനടത്തി. ആരോടായിരുന്നു സമരം? ജനങ്ങളോട്, എന്നല്ലാതെ വേറെന്തു മറുപടി? നികുതി നൽകുന്ന ജനങ്ങളോട് മാത്രം!

വമ്പിച്ച നഷ്ടത്തിൽ നടത്തുന്ന കോർപ്പറേഷനെ നിലനിർത്താനും അവിടെയുള്ളവരുടെ അവകാശങ്ങളായി കൊടുത്തിട്ടുള്ളതും, കൂടുതൽ കൊടുക്കുന്നതുമായ എല്ലാ അവകാശങ്ങളും വഴി വന്നുചേരുന്ന സാമ്പത്തികബാധ്യതകൾ നികത്താനും, പാവം പൊതുജനത്തിൽനിന്നു നികുതിയായി പിരിക്കുന്നപണം ഉപയോഗിക്കാനുമായിരുന്നു ഈ സമരം. പൊതുജനോപകാരപ്രദങ്ങളായ പദ്ധതികൾക്കുതകേണ്ട തുക, നഷ്ടത്തിലോടുകയും സകലരും ഒരുപോലെ ഇകഴ്ത്തുകയും ചെയ്യുന്ന സ്ഥാപനത്തെ താങ്ങാൻ വിനിയോഗിക്കണമെന്നു വ്യവസ്ഥ ചെയ്യാനുള്ള സമ്മർദ്ദതന്ത്രമായിരുന്നു ഈ പണിമുടക്ക്. യുക്തിയും ബുദ്ധിയും, വിവേകവുമുള്ള, വസ്തുനിഷ്ഠമായി കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുന്ന, നിഷ്പക്ഷനായ ഒരാൾക്ക് ഇതല്ലാതെ മറ്റെന്തു നിഗമനത്തിലാണെത്താൻ കഴിയുക?

നൂറുനൂറു പരാധീനതകൾക്കും പ്രയാസങ്ങൾക്കും വിധേയരായി, പൊതുജനങ്ങൾ പാടുപെട്ടുണ്ടാക്കുന്ന സമ്പത്തിന്റെ ഒരു ഭാഗം നികുതിയായി കൊടുക്കുന്ന തുകയാണ് സർക്കാരിന് കിട്ടുന്ന പണം. അത് കുറെ ഉദ്യോഗസ്ഥന്മാർക്ക് വീതിച്ചു വിതരണം ചെയ്യാനുള്ള വിദ്യകളിൽ ഒത്തുതീർപ്പുണ്ടാക്കുകമാത്രമാണിന്നത്തെ ഭരണം! സർക്കാർ പണം തങ്ങളുടെ യൂണിയനിൽപെടുന്നവർക്ക്, അവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന അവകാശവാദങ്ങളെ ആസ്പദമാക്കി, വീതിക്കുന്നകാര്യത്തിൽ സർക്കാരുകക്ഷികളും പ്രതിപക്ഷകക്ഷികളും ഒന്നിക്കും! തങ്ങളുടെ സ്വാധീനത്തിലുള്ള യൂണിയനുകൾക്ക് ഏറ്റവും കൂടുതൽ ആനുകൂല്യങ്ങൾ സമ്പാദിക്കുകയെന്നതിൽ മാത്രമാണിവരുടെ മത്സരം! യൂണിയനുകളിൽനിന്ന് ആളു കൊഴിയാതിരിക്കാൻ അതേ വഴിയുള്ളു! സർക്കാർ മുതലെടുത്താണീ ദാനനിർവ്വഹണം! അതായത് സ്വന്തം രാഷ്ട്രീയസ്വാധീനം നിലനിർത്താൻ സാധാരണജനങ്ങളുടെ കണ്ണീരുപുരണ്ട പണമാണ് കണ്ണിൽ ചോരയില്ലാതെ ഇവരിട്ടുകളിക്കുന്നത്! ഇന്നു നഷ്ടത്തിൽ നടക്കുന്ന കമ്പനികളെ താങ്ങിനിർത്തുന്നതിന്റെ പിന്നിലുള്ള പരമാർത്ഥം ഇതുമാത്രമാണുതാനും. രാഷ്ട്രീയകക്ഷികളുടെ താല്പര്യങ്ങൾക്ക് മൊത്തം ജനങ്ങളുടെ താല്പര്യങ്ങളെക്കാൾ പ്രാധാന്യമുണ്ടെന്നാണിവരുടെ തത്വശാസ്ത്രം! ഇത്തരം കക്ഷികളുടെ കയ്യിൽ രാജ്യത്തിന്റെഭരണമിരിക്കുന്നിടത്തോളംകാലം, ഈ ദുഃസ്ഥിതി തുടരും!

ട്രാൻസ്പോർട്ട പണിമുടക്കിന്റെ കാര്യത്തിലേക്ക് മടങ്ങാം. ആദ്യം സർക്കാരും, മന്ത്രിസത്തമന്മാരും ഈ പണിമുടക്ക് പൊളിക്കുമെന്ന അർത്ഥത്തിലാണ് ഘോരഘോരമായി വിളിച്ചുപറഞ്ഞിരുന്നത്. എത്ര പ്രസ്താവനകളാണ് ഇത്തരത്തിൽ മുഖത്തടിച്ചതുപോലെ ദിവസം തോറും വന്നു മുമ്പിൽ വീണിരുന്നത്! കലിതുള്ളാൻ എത്രമാത്രം ധീരതയാണ് പ്രകടിപ്പിച്ചത്! സമരസേനാനി''കളും (അതിൽ ഭരണകക്ഷിയിലെയുന്നതന്മാരുമുണ്ടായിരുന്നത് പ്രത്യേകം ശ്രദ്ധേയമാണ്.) വീറുവിട്ടില്ല! ഇവിടെയൊരു കുരുക്ഷേത്രയുദ്ധത്തിന്റെ കളമൊരുങ്ങുകയാണെന്ന തോന്നലാണവരെല്ലാംകൂടിയുണ്ടാക്കിയത്!

ട്രാൻസ്പോർട്ട് രംഗത്തുമാത്രമല്ല, എല്ലാ മണ്ഡലങ്ങളിലും സേവനത്തിന്റെയടിസ്ഥാനത്തിൽ, നല്ലതിനെ പ്രോത്സാഹിപ്പിക്കാനുള്ള അവസരം ആവശ്യമാണ്. ഒരു രംഗത്തും കുത്തകാവകാശം ഒന്നിനുമാത്രമായി നിശ്ചയിച്ചുകൂടാ. ജനങ്ങൾക്ക് ഒരു തിരഞ്ഞെടുപ്പിനുള്ള (Choice) അവസരമുണ്ടായിരിക്കണം! ഒരേ ഒരു കൂട്ടരേ രംഗത്തുള്ളെങ്കിൽ 'ചോയിസി'നെവിടെ സാധ്യത? കാര്യക്ഷമതാരാഹിത്യം, കൈക്കൂലി, കൊള്ള, കൊള്ളരുതായ്മ, സേവനരാഹിത്യം — തുടങ്ങിയവ കൊടികുത്തിവാഴുന്നതാണെന്ന് വിശ്വാസംവന്നാലും, കുത്തകക്കാരനെ ആശ്രയിക്കാതെ വഴിയില്ലെന്നു വരുന്നതുകൊണ്ടുമാത്രം, അവർ പ്രതിനിധാനം ചെയ്യുന്ന, പരിപോഷിപ്പിക്കുന്ന, തിന്മകളെ പ്രോത്സാഹിപ്പിക്കാൻ ജനങ്ങൾ നിർബ്ബന്ധിതരായിത്തീരുന്നു! യഥാർത്ഥത്തിൽ ഇതുതന്നെയല്ലേ ട്രാൻസ്പോർട്ട് കോർപ്പറേഷന്റെയും അവസ്ഥ?

അത്യന്തം പ്രധാനപ്പെട്ട കാര്യമാണല്ലോ ഒരു രാജ്യത്തിന്റെ ഭരണച്ചുമതല. അതു നിർവ്വഹിക്കാനുള്ള ഉത്തരവാദിത്വം ആരെയാണേൽപ്പിക്കേണ്ടതെന്നയാവശ്യംവരുമ്പോൾ, നടത്തപ്പെടുന്ന പൊതുതിരഞ്ഞെടുപ്പിൽ, നമ്മുടെ ജനാധിപത്യസംവിധാനത്തിൽ, വിവിധ രാഷ്ട്രീയകക്ഷികൾക്ക മത്സരിക്കാനുള്ള അവസരം നൽകിയിട്ടുണ്ട്. അതുകൊണ്ട് കൊള്ളാവുന്നവരെ സ്വീകരിക്കാനും, കൊള്ളരുതാത്തവരെന്നു തോന്നുന്നവരെതള്ളാനുംഅവസരമുണ്ട്. രാഷ്ട്രീയം ഒരു കക്ഷിയുടെമാത്രം കുത്തകാവകാശമാക്കിയിട്ടില്ല, ഇവിടെ. ഏകകക്ഷി ഭരണസമ്പ്രദായത്തിലൂടെയുള്ള 'ജനാധിപത്യം' (എന്തു ജനാധിപത്യം!) ഏർപ്പെടുത്തിയിട്ടുള്ള രാജ്യങ്ങളിൽ, ജനങ്ങളുടെ ചുമലിൽ ഇരിപ്പുറപ്പിച്ചിട്ടുള്ള കടൽക്കിഴവനെ കുലുക്കിക്കളയാനുള്ള അവസരം നിഷേധിച്ചിരിക്കുന്നു. അതാണ് തകർന്നു തവിടുപൊടിയായിത്തീർന്ന സോവിയറ്റു റഷ്യയിലും, യൂഗോസ്ലാവ്യ തുടങ്ങിയ രാജ്യങ്ങളിലുമുണ്ടായിരുന്ന കമ്മ്യൂണിസ്റ്റ് ജനാധിപത്യം! ജനങ്ങൾക്ക ഒരു ചോയിസിനുള്ള അവസരംകൈവന്നപ്പോൾ അവർ വേണ്ടത്, വേണ്ടതുപോലെ ചെയ്തു. അതിന്റെ ഫലമാണ് നാമിന്ന് അവിടങ്ങളിൽ കാണുന്നതും കേൾക്കുന്നതും! അനുഭവത്തിന്റെ ഈ പാഠം ഇന്ന് കണ്ടറിയാൻ സാധിച്ച ചൈനയ്ക്കും ക്യൂബയ്ക്കും മറ്റും അവരവരുടെ നയങ്ങളിൽമാറ്റം വരുത്താനുള്ള വിവേകം വന്നിരിക്കുന്നതതുകൊണ്ടാണ്!

ആദ്യം നടത്തിയ പീഡാനുഭവങ്ങളെല്ലാം വിഴുങ്ങിയിട്ട് ഒടുവിൽ യൂണിയനുകൾ ആവശ്യപ്പെട്ട കാര്യങ്ങളെല്ലാം സദയം സമ്മതിച്ച്, പണിമുടക്കവസാനിപ്പിക്കുകയാണ് സർക്കാർ ചെയ്തത്. ഇതായിരുന്നു അവരുടെ മനസ്സിലിരുപ്പെങ്കിൽ, ആദ്യമേതന്നെ ചെയ്യുകൂടായിരുന്നോ? ഇവിടെയാണ് ഈ സംഭവവികാസം, രാഷ്ട്രീയക്കാരുടെ ഒത്തുകളിയായിരുന്നുഎന്ന സത്യം പ്രത്യക്ഷമാക്കുന്നത്. കഴിയുന്നത്ര ഞങ്ങൾ പയറ്റിനോക്കി, പക്ഷെ പറ്റിയില്ല! അതുകൊണ്ട് ആനുകൂല്യങ്ങളെല്ലാം അംഗീകരിച്ചു— എന്നു പറഞ്ഞ് സർക്കാറിനു രക്ഷപ്പെടാം! ദീർഘമായ ഐതിഹാസിക സമരത്തിലൂടെ ഇതാ നിങ്ങളുടെ അവകാശങ്ങൾ ഞങ്ങളുടെ യൂണിയൻ നേടിത്തന്നിരിക്കുന്നു— എന്ന് സമരസേനാനികൾക്ക് അണികളോട് പറയാം! രണ്ടു കൂട്ടരും ജയിച്ചു. തോറ്റതും, തോല്പിക്കപ്പെട്ടതും, ഇവിടത്തെ ജനം മാത്രം! ഈ അനുഭവമുണ്ടാക്കിയതിന് ദൈവത്തിനു സ്തുതി!

സമരം പലവിധം

നിറവും നിഴലും

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

സംസ്ഥാന സർക്കാരിന്റെ സിരാകേന്ദ്രമായ തിരുവനന്തപുരത്തെ സെക്രട്ടേറിയേററിൽ ഏററവും കൂടുതൽ ശ്രദ്ധയർഹിക്കുന്നത്, അവിടെ കുടിയിരുത്തിയിട്ടുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരുടെയോ ചീഫ് സെക്രട്ടറിയുടെയോ ആസ്ഥാനങ്ങളല്ല സമരകവാടമെന്ന് പരക്കെ അപകീർത്തിയാർജ്ജിച്ചിട്ടുള്ള വടക്കെ ഗേററും പരിസരവുമാണ്! വൈരുദ്ധ്യമായി തോന്നിയേക്കാമെങ്കിലും കാര്യം വാസ്തവമാണ്! അനുദിനം അവിടെ അരങ്ങേറാറുള്ള സമരങ്ങളല്ലേ, പത്രങ്ങളിൽ പടങ്ങൾ സഹിതം പ്രത്യക്ഷപ്പെടാറുള്ളത്! വാർത്താപ്രാധാന്യം, നമ്മുടെ ബഹുജനമാധ്യമ മുതലാളിമാർ അവയ്ക്കല്ലേയരുളാറുള്ള.

എന്തെങ്കിലും അത്യാവശ്യത്തിനായി അതുവഴികടന്നുപോകാനിടവന്നാൽ, നിങ്ങളെ കയററിയിട്ടുള്ള ബസ് നഗരപ്രദക്ഷിണം നടത്തി മറെറവിടെയെങ്കിലും ഇറങ്ങാനാണിടവരുത്തുന്നത്. അവിടം നിങ്ങൾക്ക് ബാലികേറാമലയാണ്! അവിടെ ചെന്നേപററൂ എന്നുണ്ടെങ്കിൽ നടന്നുവിയർത്തു വലിച്ച് അവിടെയെത്താം! അപ്പോൾ അവിടെ തടിച്ചുകൂടിയിരിക്കുന്ന ബഹുജനസമര സഖാക്കളിലൊരാളായിട്ടായിരിക്കും പരിഗണിക്കുക!

ജനാധിപത്യാവകാശങ്ങൾ നേടിയെടുക്കാൻ ഭീഷ്മപ്രതിജ്ഞയെടുത്തവർ നടത്തുന്ന ബഹുജന സമരത്തിന്റെ മുന്നണിപ്പോരാളികളാണ്, സാധാരണക്കാരുടെ, സാധാരണയാവശ്യമായ ബസ്യാത്രപോലും മുടക്കുന്നത്, തടസ്സപ്പെടുത്തുന്നത്. മററുള്ളവരുടെ ജനാധിപത്യാവകാശങ്ങൾ നിഷേധിക്കാനുള്ള മൗലികാവകാശം സമരക്കാർക്ക്, നേതാക്കന്മാർ തീറെഴുതിക്കൊടുത്തിട്ടുണ്ട്.

വടക്കെപ്പടിക്കൽ, പന്തലുകെട്ടി, രത്നക്കമ്പളങ്ങൾ വിരിച്ച് ധർണ്ണയിരിക്കുന്നവരും, റിലേ നിരാഹാരമനുഷ്ഠിക്കുന്നവരും, റിലേ ധർണ്ണക്കാരുമൊക്കെയുണ്ട്! സമരമൊക്കെ വളരെ സൗകര്യപ്രദമായിട്ടാണ് നടത്തുന്നത്. അതുകൊണ്ട് അസൗകര്യം ആർക്കെങ്കിലുമുണ്ടെങ്കിൽ അതു് എന്നെപ്പോലെയോ, നിങ്ങളെപ്പോലെയോയുള്ള സാധാരണ പൗരന്മാർക്കാണ്. അത് ആരു് കാര്യമാക്കാൻ.

കാലത്തു നിരാഹാര റിലേയ്ക്കു വരുന്നത് കുംഭയിൽ കൊള്ളാവുന്നത്ര വിഭവം സംഭരിച്ച ശേഷമാണ്. പത്തുമണിയോടെ റിലേസമരക്കാർ റെഡി. രക്തഹാരം ചാർത്താൻ കഴുത്തുംനീട്ടിയിരിക്കുന്നവരെ അണികൾ ആവേശത്തോടെ അത് അണിയിച്ചു കഴിയുന്നതോടെയാണ് ഔപചാരിക സമരാരംഭം! ഒരു മണിയോടുകൂടി അയാളുടെ ഡ്യൂട്ടി കഴിയും. റിലേ സമരമല്ലേ? അടുത്തയാൾ തൽസ്ഥാനമേറെറടുക്കും! അയാൾക്ക് അവിടെ രക്തഹാരവും ചാർത്തിയുപവിഷ്ടനാകാനുള്ള ബാധ്യത അഞ്ചുമണിക്കുമുമ്പ് അവസാനിക്കും! റിലേനിരാഹാരമല്ലേ! ഇനിയടുത്ത രംഗം അടുത്തദിവസം കാലത്തുമാത്രം! വേറൊരാളായിരിക്കും അപ്പോൾ വേഷമിടുക! അങ്ങിനെപോകുന്നു റിലേസമരം.

റിലേസമരക്കാരോടുള്ള സമരപ്പൊരുത്തം പ്രഖ്യാപിക്കാൻ പോഷക സംഘടനകളിലെ അണികൾ ആവേശത്തോടെ മുദ്രാവാക്യങ്ങൾ മുഴക്കി അതുവഴി ഘോഷയാത്രനടത്തും! അപ്പോഴാണ് സമരനേതാവ് അണികളെ ''അഭിസംബോധന''ചെയ്യുന്നത്. പണ്ടൊക്കെ നാലുമുക്കിലും, ആൽത്തറയ്ക്കലും ആരുമില്ലെങ്കിലും, സ്വർഗ്ഗത്തിലേക്കു പോകാനുള്ള വഴി കാണിച്ചുകൊടുക്കുന്ന സുവിശേഷക്കാരുടെ ഉപദേശികൾ ഉഗ്രമായി പ്രസംഗിച്ചിരുന്നതു പോലെ, നേതാവ് കർത്തവ്യ സ്ഥാനത്തു് രക്തഹാരവും ചാർത്തിയുപവിഷ്ടരായിട്ടുള്ളവരെ നോക്കി തന്റെ സ്ഥിരം പ്രസംഗം ''കാച്ചുന്നു.''

ഇങ്ങനെയൊക്കെയുള്ള നാടകം നിർവ്വിഘ്നം നടത്തുന്നതിനാണ് സ്ഥലം ഒഴിച്ചിടുന്നതു്. ബസ്സുകളും മററുവാഹനങ്ങളും അതുവഴി പോകാതെ തടയുന്നതു്! സമരഭൂമി സാധാരണക്കാരുടെ നിഴൽവീശി അശുദ്ധപ്പെടുന്നതു് സമരമൊരുക്കിയ കക്ഷിക്ക് പൊറുക്കാനൊക്കുകയില്ല! സർക്കാറിൽ ഭാഗഭാക്കുകളായിട്ടുള്ള കക്ഷികളുടെ സമരമോ, അവരുടെ പോഷകസംഘടനകളുടെ അണികളോ ആവേശത്തോടെ അവിടെ വരുമ്പോൾ, അവക്ക് അരങ്ങുകിട്ടേണ്ടേ? എതിർകക്ഷിക്കാർക്കും ഇതിനോടു വിരോധമില്ല. അവരും ഒരിക്കൽ അധികാരക്കസേരയിലിരുന്നിട്ടുള്ളവരാണല്ലോ. ഇനിയും വന്നുകൂടാത്തവരുമല്ല! അതുകൊണ്ട് തുല്യബാധ്യതകളും തുല്യതാല്പര്യങ്ങളുമുള്ളവരാണെല്ലാവരും. താല്പര്യമില്ലാത്തതു് നിങ്ങളെപ്പോലെയും എന്നെപ്പോലെയുമുള്ള അസംഘടിതരായ സാധാരണക്കാർക്കുമാത്രം!

കക്ഷികൾ തമ്മിലുള്ള കസേരക്കളിയിൽ എന്നും പുറത്തു നില്ക്കാൻ നിർബ്ബന്ധിതരാകുന്നതു് പൊതുജനം എന്ന പാവങ്ങളുടെ വിഭാഗമാണ്. അവിടെ സമരിക്കാനെത്തിയിട്ടുള്ളവരുടെ അംഗസംഖ്യയെക്കുറിച്ച് നിങ്ങൾ തീരക്കേണ്ടതില്ല. പക്ഷേ അതു് ബഹുജനമുന്നേററമായിട്ടായിരിക്കും നേതാവു ചിത്രീകരിക്കുക; ഉശിരൻ പ്രസംഗത്തിലൂടെ, ഉച്ചഭാഷിണിയിലൂടെ ലോകത്തെ വിളിച്ചറിയിക്കുക! സെക്രട്ടേറിയററുപടിക്കൽ സമരിക്കാൻ ഒററയാൾ പട്ടാളം മുതൽ, അംഗീകൃത യൂണിയൻ വരെ അർഹത നേടിയിട്ടുണ്ട്.

ഏററവും രസകരമായ ഒരു സമരമുദ്രാവാക്യം ഈയിടെ അവിടെ മുഴങ്ങുക മാത്രമല്ല, വെണ്ടയ്ക്കയക്ഷരത്തിൽ എഴുതിവയ്ക്കുകയും ചെയ്തിരുന്നു. 'പ്രത്യേകാനുകൂല്യങ്ങൾ, നിലനിർത്തിക്കൊണ്ട് പാരിററി നടപ്പാക്കുക.' അതു കേട്ടും കണ്ടും നിങ്ങളും ഞാനും അത്ഭുതപ്പെട്ടെങ്കിൽ ആരു് ഗൗനിക്കാൻ! പ്രത്യേകാനുകൂല്യങ്ങൾ നിലനിർത്തിക്കൊണ്ട് എങ്ങിനെയാണ് പാരിററിയുണ്ടാക്കുക?' അസൗകര്യമുള്ള ചോദ്യങ്ങളെന്തിനാ സാറേ ചോദിക്കുന്നതു്?—' ഒരു സമരക്കാരനോടു സംശയ നിവൃത്തിക്കുചോദിച്ചപ്പോഴുണ്ടായ പ്രതികരണമതായിരുന്നു! 'അങ്ങിനെ നടപ്പാക്കുമ്പോൾ കേന്ദ്രസർക്കാരുദ്യോഗസ്ഥന്മാരെ കടത്തിവെട്ടുകയല്ലേ—? 'ഇങ്ങനെയൊക്കെ ചോദിക്കുന്നവർ വർഗ്ഗശത്രുക്കളാ! ...'അതായി അടുത്തയാളിന്റെ പ്രതികരണം!

വേറൊരു സമരത്തിന്റെ വിശദീകരണം അതിലും വിശേഷമായിരുന്നു! 'ബഹുജനസമരമിവിടെ തീരുന്നില്ല. വേറൊരു സമരത്തിനുള്ള പഴുതു കേന്ദ്രസർക്കാരുദ്യോഗസ്ഥന്മാരുടെ സംഘടനയ്ക്കു് കൊടുക്കുകയാണതു് ചെയ്യുന്നതു്. സംസ്ഥാനസർക്കാരുദ്യോഗസ്ഥന്മാരുമായി പാരിററിവേണമെന്ന സമരവാക്യം അവരേറെറടുക്കും. സമരം, എങ്ങുമവസാനിക്കാതെ തുടരാനതു വേണ്ടേ? ഇതാണ് പെർമനൻറ് റവലൂഷ്യൻ!' അതു കേട്ടപ്പോൾ എനിക്കു സമാധാനമായി. നിങ്ങൾക്കും സമാധാനമായിക്കാണും.!

കുറെനാൾമുമ്പ് ഒരു മുൻചീഫ് സെക്രട്ടറി കുറെ സത്യങ്ങൾ തുറന്നു പറഞ്ഞു. അദ്ദേഹത്തിനെതിരെ എവിടെ നിന്നെല്ലാമാണ് ചന്ദ്രഹാസമിളകിയതു്! പിന്നൊരിക്കൽ, വ്യവസായ മന്ത്രി യൂണിയൻകാരെക്കുറിച്ചു ചില സത്യം അറിയാതെ പറയുകയുണ്ടായി. അദ്ദേഹത്തെയും വെറുതെവിട്ടില്ല. ഇന്ന് അവരൊക്കെ മിണ്ടാതായിട്ടുണ്ട്, അഥവാ അവരെ അങ്ങിനെ ആക്കായിട്ടുണ്ട്.

ഇയ്യിടെ ഉഗ്രൻ സമരത്തിനൊരിടത്തു ചെന്നവരെ നാട്ടുകാർചേർന്ന് നേരിട്ടതായും ഓടിച്ചതായും ഒരു വാർത്ത ചില പത്രങ്ങളിൽ കണ്ടിരുന്നു! അതുപോലെ മറെറാരിക്കൽ കുറെ യുക്തിവാദികളെയും നാട്ടുകാർ കൈകാര്യം ചെയ്ത സംഭവവുമുണ്ടായിട്ടുണ്ട്. യുക്തിവാദക്കാർ, എപ്പോഴും നിരുപദ്രവികളോ പ്രതികരണംകൊണ്ട് പ്രയോജനമെന്തെന്നു ചോദിക്കുന്നവരോ ആയ ഒരു മതവിഭാഗക്കാരുടെ സങ്കേതങ്ങളിലേ 'സമരിക്കാൻ' പോകാറുള്ള. ക്രിസ്ത്യാനികളുടെയോ മുസ്ലീമിങ്ങളുടെയോ സങ്കേതങ്ങളിലേക്കു അവർപോകാറേയില്ല! അതിന്റെ കാരണമെന്തെന്ന് എനിക്കും നിങ്ങൾക്കും നല്ലതുപോലെ അറിയാം!

നിർവ്വാഹമില്ലാത്ത നിലവന്നാൽ അസംഘടിതരായ ബഹുജനവും പ്രതികരിച്ചെന്നു വരുമെന്നാണല്ലോ അതൊക്കെ കാണിക്കുന്നതു്. മാളം മുട്ടിയാൽ ചേരയും കടിക്കും!

ആർക്കുമുതകാത്ത ദൂരദർശൻ പംക്തി

പത്രങ്ങളിലും ആനുകാലികങ്ങളിലും മററും ആവശ്യവും പ്രസക്തിയും പ്രാധാന്യവുമുള്ള പല വിഷയങ്ങളും ഒഴിവാക്കുന്നതിന് നിർബ്ബന്ധിതരാകുന്നത്, അവയിൽ വേണ്ടത്ര ''സ്പേസ്'' ഇല്ലാത്തതുകൊണ്ടാണെന്നാണ് പറയാറുള്ളത്. അവരുടെ പ്രസ്താവന മുഖവിലയ്ക്കുതന്നെ നമുക്കു സ്വീകരിക്കാം. പക്ഷേ, ചില സംശയങ്ങൾ തോന്നുന്നതു പറയാതിരിക്കാൻ വയ്യ.

പ്രസിദ്ധീകരണങ്ങളിൽ പ്രത്യക്ഷപ്പെടാറുള്ള പല കാര്യങ്ങളുടെയും പ്രസക്തിയെക്കുറിച്ചാണ് മുഖ്യമായും സംശയമുണ്ടാകുന്നത്. രാജ്യത്തിനോ, ജനങ്ങൾക്കോ, സ്വന്തം സമുദായത്തിനോ പോലും ഒരു പ്രയോജനവും ചെയ്യാനിടയില്ലാത്ത എത്രയെത്രയിനങ്ങളാണ്, അവയിൽ കാണാറുള്ളത്! അവയ്ക്ക് എങ്ങിനെ, എന്തു കൊണ്ട് ''സ്പേസ്'' കിട്ടുന്നു?

ഒരു പത്രത്തിൽ പ്രത്യക്ഷപ്പെടുന്നതെല്ലാം, പത്രപാരായണക്കാരൻ വായിക്കുമെന്നു വിശ്വസിക്കുന്നവരിന്നു കാണുകയില്ല. ഓരോരുത്തനും താല്പര്യമുള്ള വിഷയങ്ങളിലേ അവൻെറ കണ്ണു കുറച്ചുനേരം നിൽക്കൂ! അല്ലാത്തവയെല്ലാം, അയാൾക്ക് അപ്രസക്തമാണ്! ഒരിക്കൽ, ഒരു നല്ല ജോലിക്കുവേണ്ടി നടത്തിയ ഒരു ഇൻറർവ്യൂവിൽ, എം. എ.ക്കാരിയായ ഒരുദ്യോഗാർത്ഥിയോട്, സാമാന്യം നല്ല നിലവാരം പുലർത്തുന്ന ഒരു ആഴ്ചപ്പതിപ്പ് കാണാറുണ്ടോയെന്ന് ചോദിക്കാനിടയായി. ഉണ്ടെന്നു മറുപടി കിട്ടിയപ്പോൾ, ജോലിയ്ക്കു പ്രസക്തിയുള്ള പലതും അതിൽ വരാറുള്ളതുകൊണ്ട്, തുടർന്നു ചോദിച്ചു. ''ആഴ്ചപ്പതിപ്പ് കണ്ടാൽ, ആദ്യം വായിക്കുന്നതിനു കൗതുകമുണ്ടാകുന്നത്, ഏതു കാര്യത്തെ സംബന്ധിച്ചാണ്?''— എന്നു വീണ്ടും ചോദിച്ചു. തികച്ചും സത്യസന്ധവും ആത്മാർത്ഥതാപൂർണ്ണവുമായിരുന്നു ആ കുട്ടിയുടെ മറുപടി, ''ഞാനതു നോക്കാറുള്ളത്, വിവാഹവേദിയിൽ പ്രസിദ്ധപ്പെടുത്തുന്ന പടങ്ങൾ കാണാൻ മാത്രമാണ്!'' കൂടുതലൊന്നും, പിന്നെ ആ വിഷയത്തെക്കുറിച്ച് ചോദിച്ചില്ല!

ഈ സംഭവം മുകളിൽ പറഞ്ഞ കാര്യത്തെ തികച്ചും സാധൂകരിക്കുന്നില്ലേ? ഇതുപോലെയാണ് ഭൂരിപക്ഷം വായനക്കാരുടെയും നിലപാട്. അവയ്ക്ക് താല്പര്യമുള്ളതല്ലാത്തതൊന്നും, അവർ നോക്കാറില്ല!

ഇന്നത്തെ പ്രധാന പത്രങ്ങളിലും ആനുകാലികങ്ങളിലും പുസ്തകാഭിപ്രായം പ്രസിദ്ധപ്പെടുത്തുന്ന പതിവ് അത്യന്തം വിരളമായിരിക്കുന്നു. ആഴ്ചതോറുമോ, മാസത്തിലൊരിക്കലെങ്കിലുമോ, നിശ്ചിത ദിവസം അതു് ഉണ്ടായിരിക്കുന്നതു്, വായനാശീലം വളർത്താനും, നല്ല പുസ്തകങ്ങൾ തിരിച്ചറിയാനും, ആളുകളെ സഹായിക്കുമല്ലോ. എങ്കിലും, എന്തുകൊണ്ട്, സമൂഹത്തോട് ബാധ്യതയുള്ള പത്രങ്ങളും ആനുകാലികങ്ങളും, ഇതിൽ അലംഭാവം കാണിക്കുന്നു? പുസ്തകം വായിച്ചുനോക്കാതെ, അതുമിതും പറഞ്ഞ്, ആരെയെങ്കിലുമൊക്കെ പുകഴ്ത്താനോ, അല്ലെങ്കിൽ ഇകഴ്ത്താനോ രസം കാണിക്കുന്ന വിദ്വാന്മാരാണ് ഈ പംക്തികളിൽ ഇന്ന് പ്രത്യക്ഷപ്പെടാറുള്ളത്. അത്തരക്കാരെയൊഴിവാക്കിയാൽ, ഈ പംക്തിക്ക് ആഭിജാത്യം വരുത്താനും, ജനസേവനം നിർവ്വഹിക്കാനും, സാധ്യത വളരെയുണ്ട്. നല്ല പുസ്തകങ്ങൾ തിരിച്ചറിഞ്ഞാൽ, വായനാശീലം വിട്ടിട്ടില്ലാത്തവർ, അതു വാങ്ങും; വായിക്കും! നല്ല പുസ്തകങ്ങളുണ്ടെന്ന വിശ്വാസം വന്നാൽ, കൂടുതലാളുകൾ വായനാശീലം വളർത്തുകയും ചെയ്യും!

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

നിഷ്പക്ഷതയോടും സത്യസന്ധതയോടും മൂല്യനിർണ്ണയം ചെയ്യാനും, അക്കാര്യം സാധാരണക്കാരനു പറഞ്ഞുകൊടുക്കാനും കെല്പുള്ള ചലച്ചിത്ര നിരൂപകന്മാരും, ഏതാണ്ടിതേ സേവനം തന്നെയാണ്, സിനിമയെ സംബന്ധിച്ചിടത്തോളം, നിർവ്വഹിക്കുന്നത് അഥവാ നിർവ്വഹിക്കേണ്ടത്. ഇക്കാര്യത്തിൽ ആനുകാലികങ്ങളും വർത്തമാനപത്രങ്ങളും ജാഗ്രത പാലിക്കുന്നുണ്ട്. ചലച്ചിത്രങ്ങളെ സംബന്ധിക്കുന്ന വർത്തമാനങ്ങൾ, അതിഭാവുകത്തോടുകൂടി അവതരിപ്പിക്കുന്ന പംക്തി, പലതിലും ആഴ്ചതോറും സ്ഥിരമായിരിക്കുന്നു. സാമാന്യ ജനങ്ങളുടെ സൗന്ദര്യാവബോധം, സൽക്കലാസ്വാദനശേഷി, സന്മാർഗ്ഗ പ്രതിപത്തി, മൂല്യപ്രതിബദ്ധത തുടങ്ങിയ, മാനസികാരോഗ്യമത്തേജിപ്പിക്കാനുതകുന്ന കാര്യങ്ങൾ, കൈകാര്യം ചെയ്യാൻ ഈ രംഗത്തുള്ളവർക്ക് വലിയ കടമയുണ്ട്. നമ്മുടെ തനതായ സംസ്കാര പാരമ്പര്യം പരിത്യജിച്ച്, വ്യാപാരാധിഷ്ഠിത പാശ്ചാത്യ പ്രവണതകളെ ശക്തിപ്പെടുത്തുന്നത്, ഇന്നൊരു ശൈലിയായി രൂപാന്തരപ്പെടുകയാണോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ മണ്ണിൻെറ മണവും, വിണ്ണിൻെറ വിശുദ്ധിയും, തിരിച്ചറിയാനും, പരിരക്ഷിക്കാനുമുള്ള ആശയപരമായ താങ്ങുകൾ കാണിച്ചുകൊടുക്കാൻ ഈ മാദ്ധ്യമത്തിന് ബാധ്യതയുണ്ട്.

ഇത്രയും ചിന്തിച്ചപ്പോഴാണ് ഇതുപോലെ പ്രസക്തിയുള്ള മറെറാരു വിഷയം മനസ്സിലുയരുന്നത്. മാദ്ധ്യമങ്ങളിൽ, സർവ്വാധിപത്യത്തിലേക്കു നീങ്ങുന്ന ടെലിവിഷൻെറ കാര്യംതന്നെ! ദൂരദർശൻ പരിപാടികളുടെ അഭിപ്രായം രേഖപ്പെടുത്തുന്ന പല പത്രങ്ങളും ആനുകാലികങ്ങളും മലയാളത്തിലുണ്ട്. പുസ്തകവും ചലച്ചിത്രവുമൊക്കെ നിരൂപണം ചെയ്യും ചർച്ച ചെയ്യും അവതരിപ്പിക്കുന്നതുപോലെ ദൂരദർശനും ഒരു പംക്തി നീക്കിവെക്കുന്നതാണ് രീതി. എന്നാൽ ഇതിൻെറ പ്രയോജനത്തെക്കുറിച്ചോ, പ്രസക്തിയെക്കുറിച്ചോ ചിന്തിച്ചിട്ടാണോ ചെയ്യിരിക്കുന്നതെന്ന് സംശയം തോന്നുന്നു. ദൂരദർശനിലൂടെ കാണാനിടയാകുന്ന പരിപാടികൾ, ഒരിക്കലല്ലാതെ പിന്നെ, വീണ്ടും കാണാനുള്ള അവസരം സാധാരണമല്ല. ഗത്യന്തരമില്ലാത്തയവസ്ഥാവിശേഷത്തിലല്ലാതെ പുനഃസംപ്രേക്ഷണം ചെയ്യാറില്ല. കാസററുകളിലായി, വില്പനച്ചരക്കെന്ന നിലയിൽ, അതു പിന്നെയവതരിക്കാറുമില്ല. ഒരിക്കൽ കഴിഞ്ഞാൽ അതോടെ അവസാനിക്കുന്നവയാണ്, ദൂരദർശനിലെ 99 ശതമാനമിനങ്ങളും! അവയെക്കുറിച്ച് വിലയിരുത്തൽ നടത്തുന്നത് മരിച്ച ശിശുവിൻെറ ജാതകമെഴുതുന്നതുപോലെ, അപ്രസക്തവും ആർക്കുമൊരു പ്രയോജനവുമില്ലാത്തതുമായ കർമ്മമാണ്. ഇതാണ് നമ്മുടെ ആനുകാലികങ്ങളിലും ചില വർത്തമാനപത്രങ്ങളിലും 'സ്പേസ്'' കയ്യടക്കിയിരിക്കുന്നത്.

മറെറാരു കാര്യം ചെയ്യാവുന്നതാണ്. ഇന്ന്, ഏതാണ്ട് എല്ലായിടങ്ങളിലും 'വീഡിയോ കാസററുകൾ' വാടകയ്ക്കു കൊടുക്കുന്ന ക്ലബ്ബുകളും, കടകളും, സമാജങ്ങളുമൊക്കെ സ്ഥാപിതമായിട്ടുണ്ട്. അവയിലൂടെ കൊള്ളാവുന്നതും കൊള്ളരുതാത്തതുമായ വിഭവങ്ങൾ പ്രചരിയ്ക്കുന്നു. സെൻസർ സർട്ടിഫിക്കററുള്ളതും കള്ളക്കച്ചവടംപോലെ അതില്ലാത്തതും, 'ബ്ലൂ' വരെ വിതരണത്തിലുണ്ട്. വീഡിയോ കാസററ് 'ക്രമക്കാ'രുടെ വഴികാട്ടിയെന്ന രീതിയിൽ ഇത്തരം കാസററുകളെക്കുറിച്ച് വിലയിരുത്താനും അഭിപ്രായം രേഖപ്പെടുത്താനുമുള്ള ഒരു പംക്തി തുടങ്ങുന്നതു്, ടി.വി.പംക്തിയേക്കാൾ പ്രസക്തവും പ്രയോജനകരവുമാകുമെന്നു തോന്നുന്നു.

അമേരിക്കൻ ഐക്യനാടുകളിലെ ടെലിവിഷൻ കമ്പനികളും ബ്രിട്ടനിലെ ബി ബി സി തുടങ്ങിയ സ്ഥാപനങ്ങളും, ജർമ്മനിയിലെ ടെലിവിഷൻ നിർമ്മാണക്കമ്പനികളുമൊക്കെ അവരവരുടെ പ്രസിദ്ധീകരണങ്ങളിൽ, വിദഗ്ദ്ധരെക്കൊണ്ട് പരിപാടികളുടെ നിരൂപണം എഴുതിക്കുന്ന പതിവുണ്ട്. അവർ അപ്രകാരം ചെയ്യുന്നതു്, പ്രത്യേകിച്ചൊരു ലക്ഷ്യം വെച്ചാണ്. അവരുടെ ആഭിമുഖ്യത്തിലുണ്ടാക്കിയ വിവിധതരം പരിപാടികൾ റോയൽടി അടിസ്ഥാനത്തിൽ വാങ്ങാനും സംപ്രേഷണം ചെയ്യാനും താൽപര്യമുള്ള ആയിരക്കണക്കിന് ടിവി നിലയങ്ങളും സർവ്വകലാശാലകളും സ്ഥാപനങ്ങളും ലോകത്തിൻെറ വിവിധ രാജ്യങ്ങളിലുണ്ട്. അവർക്കുതകുന്നതിനു വേണ്ടിയാണ് ഈ പരിപാടികളെക്കുറിച്ചുള്ള പംക്തികൾ, നടത്താൻ അവർ പ്രേരിപ്പിക്കുന്നതു്. അൽപവികസിതവും അവികസിതവുമായ രാജ്യങ്ങളിലെ ടി വി നിലയങ്ങളുടെ ആവശ്യം നിറവേററാൻ ഈ വില്പനച്ചരക്കുകൾ കുറച്ചൊന്നുമല്ല സഹായിക്കുന്നതു്. നമ്മുടെ ദൂരദർശനിൽപോലും ദിവസം പ്രതി എത്രയെത്ര വിദേശയിനങ്ങളാണ് 'ശുദ്ധിപരിപാടിയായും സ്പോൺസേർഡ് പരിപാടിയായും സംപ്രേക്ഷണം ചെയ്തു വരുന്നതു്!

ഈ വിധത്തിൽ വിപണന—വിതരണ സാധ്യതകളുള്ള പരിപാടികളല്ല മലയാളത്തിൽ ഇന്നു ദൂരദർശനിൽ സംപ്രേഷണം ചെയ്തുവരുന്നതു്. അവയെ വിലയിരുത്തുന്നതുകൊണ്ടോ, നിരൂപണംചെയ്യുന്നതുകൊണ്ടോ ആർക്കുമൊരു ഗുണവുമുണ്ടാകാനുമില്ല. ഈ സാഹചര്യത്തിൽ ആർക്കുമൊരു തരത്തിലുമുതകാത്ത, വെറുതെ 'സ്പേസ്'' നഷ്ടപ്പെടുത്തുന്ന, ടി വി പംക്തി വേണോ?

മെക്കാളെയുടെ പിന്തുടച്ച്ക്കാർ

– കോന്നിയൂർ ആർ. നരേന്ദ്രനാഥ് –

മെക്കാളെ സായിപ്പിനെക്കുറിച്ച് ചില കാര്യങ്ങൾ അറിയുന്നതിന് ഇയ്യിടെ ഒരവസരം കിട്ടി. അദ്ദേഹത്തിന്റെ ജീവിതത്തിലെ പല വസ്തുതകളും വൈരുദ്ധ്യങ്ങൾ വേണ്ടുവോളമുള്ളവയായിതോന്നി.

വിദ്യാർത്ഥിയായിരിക്കുമ്പോൾ സഹപാഠികൾക്കും, അദ്ധ്യാപകർക്കും മതിപ്പുണ്ടാക്കിയ ബുദ്ധിശാലി. ശക്തിയേറിയ വശ്യഭാഷ പ്രയോഗിക്കാൻ അസാമാന്യമായ കഴിവുള്ള വാഗ്മി. ചരിത്രത്തെക്കുറിച്ചും, സാഹിത്യത്തെപ്പററിയും തനിമ വിടാതെ സ്വതസ്സിദ്ധമായ അഭിപ്രായങ്ങൾ രൂപീകരിച്ച ചിന്തകൻ—ഇങ്ങനെ പല നിലകളിലും പ്രഗത്ഭനായിരുന്ന സായിപ്പിന്റെ പക്ഷപാതബുദ്ധി, അറിവില്ലാത്ത കാര്യങ്ങളെക്കുറിച്ച് അറുത്തുമുറിച്ച് അഭിപ്രായം പാസാക്കാൻ കാണിക്കുന്ന വ്യഗ്രത, മററു ജനങ്ങളെയെല്ലാം പരിഷ്ക്കാരത്തിലേക്ക് നയിക്കുന്നതിന് ദൈവത്തിന്റെതിട്ടൂരം ഇംഗ്ലീഷുകാർക്ക് കിട്ടിയിട്ടുണ്ടെന്ന വിശ്വാസം— ഇങ്ങനെ പലതും നിഴൽമാതിരി അദ്ദേഹത്തിൽ നിലനിന്നു.

ബോർഡ് ഓഫ് കൺട്രോൾ സെക്രട്ടറിയെന്ന നിലയിൽ സായിപ്പ്, പാർലമെൻറിൽ ചെയ്ത ഉജ്ജ്വലമായ പ്രസംഗം, ഒരു ചരിത്രരേഖയാണ്. ഇന്ത്യയിലെ ജനലക്ഷങ്ങളെ പൗരാവകാശമെന്തെന്നു പഠിപ്പിക്കാനും, അവയനുഭവിക്കാനുള്ള ആശ അവരിൽ അങ്കുരിപ്പിക്കാനും ആണ് ദൈവം ഇംഗ്ലീഷുകാരെ അധീശശക്തിയാക്കിയത്. അന്ധവിശ്വാസം, അടിമത്തം, മരണാനന്തര മഹാനരകം തുടങ്ങിയവയിൽനിന്നുള്ള രക്ഷയ്ക്ക് മാലാഖമാരെയെന്നപോലെ രക്ഷിക്കാനെത്തിയവരാണ് ഇംഗ്ലീഷുകാരെന്നായിരുന്നു മെക്കാളെയുടെ വിശ്വാസം. വെള്ളക്കാരന്റെ ചുമലിൽ ദൈവമേററിയിട്ടുള്ളഭാരം നിറവേററുന്നതിന് അന്യജനങ്ങൾ അനുസരണശീലക്കാരാകുക മാത്രമാണ് പോംവഴിയെന്നും അദ്ദേഹം വിശ്വസിച്ചു.

ഈ പ്രസംഗത്തിനുശേഷമാണ്, അന്ന് തീരെ നിർദ്ധനനായിരുന്ന മെക്കാളെയ്ക്ക് ഒരനുഗ്രഹമെന്നനിലയിൽ ഇന്ത്യയിലെ ഗവർണ്ണർ ജനറലായിരുന്ന ബെൻറിക് പ്രഭുവിന്റെ സുപ്രീംകൗൺസിൽഅംഗമെന്ന പദവി പ്രാപിക്കാൻ സാധിച്ചത്. 1834—ൽ ജോലി സ്വീകരിച്ച്, ഇന്ത്യയിലേക്ക് യാത്ര പുറപ്പെട്ടതുപോലും കടംവാങ്ങിയ കാശുമായിട്ടായിരുന്നു. മുഖ്യമായും നിയമനിർമ്മാണ വകുപ്പിന്റെ ചുമതലയാണ് മെക്കാളെയിൽ നിക്ഷിപ്തമായത്.

സാഹിത്യ സാംസ്കാരികാദി വിഷയങ്ങളിൽ വ്യക്തിത്വമുള്ള ആശയാഭിപ്രായങ്ങളുണ്ടായിരുന്ന മെക്കാളെ, അന്ന് പ്രശസ്തനായിതീർന്നിരുന്നു. അതിനാൽ ഗവർണ്ണർ ജനറലായിരുന്ന ബെൻറിക് പ്രഭു, മെക്കാളെയെ, വിദ്യാഭ്യാസ കമ്മററിയുടെ അദ്ധ്യക്ഷപദം നൽകി ആദരിച്ചു.

ഭാരതീയർക്ക് ഏതുവിധത്തിലുള്ള വിദ്യാഭ്യാസ സമ്പ്രദായമാണുത്തമമെന്ന കാര്യത്തെപ്പററി, ജനങ്ങളും സഭയും അധികാരികളിൽ ചിലരുമൊക്കെ കക്ഷിതിരിഞ്ഞ് വാദപ്രതിവാദം നടത്തിയിരുന്ന കാലം. പൊരുത്തപ്പെടുത്താനാവാത്ത വിധം രണ്ടുകൂട്ടരായി അവർ ചേരിതിരിഞ്ഞു. അവർക്കു തമ്മിൽ അനുരഞ്ജനത്തിന് ഒരു വഴിയുമില്ലായിരുന്നു. ഈ അവസ്ഥയിൽ ഒരു സമത കണ്ടുപിടിക്കാനാണ് മെക്കാളെയെ അന്ന് ബെൻറിക് പ്രഭു നിയോഗിച്ചതെന്നു പറയാം.

''യൂറോപ്പിലെ ഏതെങ്കിലും മോശപ്പെട്ട വായനശാലയിലെ ഏതെങ്കിലുമലമാരയിലെ ഒരു തട്ടിലടുക്കിയിട്ടുള്ള പുസ്തകങ്ങളോടെങ്കിലും മൂല്യത്തിൽ തുലനംചെയ്യാൻ വകയില്ലാത്തവയാണ്, ഇന്ത്യയിലേയും അറേബ്യയിലേയും മൊത്തം നാടൻ സാഹിത്യം— എന്ന സത്യം നിഷേധിക്കാൻ കഴിവുള്ള ഒരു പൗരസ്ത്യ പണ്ഡിതനെ തനിക്കു കാണാൻ സാധിച്ചിട്ടില്ല'' എന്നായിരുന്നു സായിപ്പിന്റെ വിധി. ഈ പ്രഖ്യാപനത്തിലടങ്ങിയിട്ടുള്ള അഹങ്കാരവും അജ്ഞതയും എത്രയെന്ന് എടുത്തുപറയേണ്ടയാവശ്യമില്ല.

മെക്കാളെയുടെ ഔദ്ധത്യം നിറഞ്ഞ ഈ അഭിപ്രായ പ്രകടനമുണ്ടായ കാലഘട്ടം നാം പ്രത്യേകം ശ്രദ്ധിക്കണം. ഭാരതീയ സാഹിത്യത്തിലെ അമൂല്യങ്ങളായ എത്രയോ കൃതികളിൽ, സാഹിത്യനേതാക്കന്മാരും, ചിന്തകരും സംസ്കാര ചരിത്ര തല്പരരും ആകൃഷ്ടരായി, അവയെക്കുറിച്ച് ഇടതടവില്ലാതെ പ്രശംസകൾ ചൊരിഞ്ഞു തുടങ്ങിയ ഘട്ടം. തർജ്ജമാ രൂപങ്ങളിൽ മിക്കവാറും എല്ലാ യൂറോപ്യൻ ഭാഷകളിലും പ്രമുഖങ്ങളായ ഭാരതീയ കൃതികൾ അന്നു ലഭ്യമായിരുന്നു, ഇൻഡ്യയിലെ ആദ്യത്തെഗവർണ്ണർ ജനറലായിരുന്ന വാറൻ ഹേസ്റ്റിംഗ്സിന്റെ പ്രേരണയാലും പ്രോത്സാഹനത്താലും, കൗതുകത്താലും പൗരസ്ത്യഭാഷാ സംസ്കാരപ്രേമികളായ പാശ്ചാത്യർ, സംസ്കൃതത്തിൽനിന്ന് മൗലിക കൃതികൾ പലതും തർജ്ജമചെയ്തു പ്രകാശനം ചെയ്തിരുന്നു. കൽക്കട്ടയിൽ (അവിടെയായിരുന്നു മെക്കാളെ സായിപ്പിന്റെ താമസം.) തന്നെ ഏഷ്യാററിക് സൊസൈററി സ്ഥാപിതമായശേഷം, അസാമാന്യരായ യൂറോപ്യൻ പണ്ഡിതന്മാർ, മുടങ്ങാതെ ഭാരതീയ സംസ്കാരത്തിലേക്കും, സംസ്കൃത കൃതികളിലേക്കും കടന്നു ചെല്ലാൻ കവാടങ്ങൾ തുറന്നിട്ടുകൊണ്ടിരുന്നു!

1776—ൽ ഹിന്ദു നിയമസംഹിതയുടെ നിഴലാട്ടമെങ്കിലും നല്കുന്ന എൻ. ബി. ഹാൽഹെഡിന്റെ(N.B.Halhead) കൃതിയോടുകൂടിയാരംഭിച്ച ഈ പ്രക്രിയ അനുസ്യൂതം തുടർന്നുകൊണ്ടിരുന്നു. ഭഗവദ്ഗീതയും (1785) ഹിതോപദേശവും (1787)മഹാഭാരതവും (1795) അഭിജ്ഞാനശാകുന്തളവും (1789) ഗതാഗോവിന്ദവും (1792) മനുസ്മൃതിയും (1794) കോൾബ്രൂക്കിന്റെ (H. T. Colebrooke) ഹിന്ദുനിയമവും (1997—98) എല്ലാം ഇവിടെ സൂരിക്കേണ്ടതുണ്ട്. വേദങ്ങളെ സംബന്ധിക്കുന്ന വിശിഷ്ടങ്ങളായ ഉപന്യാസങ്ങളും (1805) അമരകോശവും(1808) ഇവിടെഎങ്ങിനെ മറക്കും? ഇവ കൂടാതെയാണ്, ഏഷ്യാററിക് സൊസൈററിയുടെ മുഖപത്രത്തിൽ (ആനുകാലികം) ഇടതടവില്ലാതെ ആധികാരികപ്രബന്ധങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നത് മേഘദൂതും(1813) വിഷ്ണുപുരാണവും (1819)ഇംഗ്ലീഷിൽ കിട്ടാൻ കൽക്കട്ടയിൽ വിഷമമില്ലായിരുന്നു. മററു യൂറോപ്യൻ ഭാഷകളിലെ അവസ്ഥയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുന്നുപോലുമില്ല.

ഈ കാലത്താണ് മെക്കാളെ സായിപ്പ് മുകളിൽപറഞ്ഞ ''അലമാരത്തട്ടിന്റെ''— അഭിപ്രായം തട്ടിവിട്ടത്! അന്നത്തെ നിക്ഷിപ്ത താല്പര്യക്കാർക്ക് മെക്കാളെയുടെ അഭിപ്രായമായിരുന്നു, മഹാപണ്ഡിതന്മാരായ പ്രഗത്ഭന്മാരുടെ മൊഴികളേക്കാൾ, വേണ്ടിയിരുന്നത്. അവർ അതു വേണ്ടുവോളം പ്രയോജനപ്പെടുത്തുകയും ചെയ്തു. പൗരസ്ത്യരെ പൊതുവേയും, ഭാരതീയരെ പ്രത്യേകിച്ചും താഴ്ത്തിക്കെട്ടുന്നതേതും തല്പരകക്ഷികൾക്കാവശ്യമായിരുന്നു. വില്യം ജോൺസും, ഗോയ്ഥേയും, കോൾബ്രൂക്കുമൊക്കെ അവരുടെ താല്പര്യങ്ങളെ താങ്ങിയില്ല. അതുകൊണ്ട്, മെക്കാളെയാണ് പ്രാതിനിധ്യാഭിപ്രായത്തിന്റെ മാതൃകയെന്ന് അവർ വരുത്തി.

മെക്കാളെ സായിപ്പു തുടങ്ങിയ അതേ പ്രസ്ഥാനംതന്നെയാണ് ഇന്ന് ഇവിടത്തെ സ്ഥാപിതതാല്പര്യക്കാർ സ്വീകരിച്ചിരിക്കുന്നത്. വേണ്ടവയെ വേണ്ടതുപോലെ പഠിക്കാനും അറിയാനും, സ്വന്തം അഭിപ്രായം രൂപീകരിക്കാനും വേണ്ടുവോളം വഴികളും അവസരങ്ങളും ഇന്നുണ്ട്. എങ്കിലും ഒന്നും കാണാതെ, മനസ്സിലാക്കാതെ, മനസ്സിലാക്കാൻ ശ്രമിക്കാതെ, അഭിപ്രായങ്ങൾ കാച്ചുകയാണ്, ''ബുദ്ധി''ജീവികളെന്നു സ്വയം അവകാശപ്പെടുന്ന വിദ്വാന്മാർ! അവരെയൊക്കെ ''ഉജ്ജ്വലവ്യക്തി''കളാക്കി പത്രങ്ങളിലും ആനുകാലികങ്ങളിലുംചിത്രീകരിക്കുന്നതിന്ന് പതിവായിട്ടുണ്ട്. ഭാരതത്തെയുംഭാരതീയ ജീവിതത്തെയും മൊത്തത്തിലും പ്രത്യേകം പ്രത്യേകമായും വിരൂപപ്പെടുത്തിവ്യാഖ്യാനിക്കുകയും ''വിശദീ''കരിക്കുകയും ചെയ്യുന്ന മിസ്മേയോയുടെയും, മെക്കാളെസായിപ്പിന്റെയുംഈ പിൻതുടർച്ചക്കാർക്ക്, അവാർഡു കൊടുത്തും, അധികാരപദവികൾ നല്കിയും പൂജ്യരാക്കുന്ന പതിവ്, പദ്ധതികളിലൂടെ നിരന്തരം ഇന്നു നടക്കുകയാണ്. ഭാരതീയമായ ഏതിനെയും എതിർക്കുന്നതും തകർക്കാൻ ശ്രമിക്കുന്നതുമാണ് ബുദ്ധിപരമായ ധീരതയുടെ ലക്ഷണമെന്നു വരെ വരുത്തിക്കൂട്ടുന്നുണ്ട്! ഇവർക്കു സങ്കീർത്തനം പാടുന്ന മാദ്ധ്യമങ്ങളും, മററും, ബൃഹത്തായ ഈ ഗൂഢസംഘത്തിന്റെ ജിഹ്വകളായി വർത്തിച്ചു വരുന്നു. ഇതു കാണേണ്ടതും, കണ്ടറിഞ്ഞു നിരുത്സാഹപ്പെടുത്തേണ്ടതുമാണ് ഇന്നത്തെ ആവശ്യം.

പ്രശസ്തങ്ങളും പ്രാമാണികങ്ങളുമായ ഭാരതീയ 'സാഹിത്യ കൃതികളിൽ മുക്കാൽ പങ്കും സംസ്കൃത ഭാഷയിലുള്ളവയാണ്. സംസ്കൃത ഭാഷയ്ക്കുവേണ്ടി എന്തെങ്കിലും ഉച്ചരിക്കുന്നതുപോലും ഇന്ന് ''വർഗ്ഗീയത'' യാണെന്നാണ് വരുത്തിവെച്ചിരിക്കുന്നത്! മതമല്ലാതെ മറെറാന്നുമതിലില്ലെന്നു മുൻവിധിയെടുത്തു നടത്തുന്ന ഈ മട്ടിലുള്ള മൂഢാഭിപ്രായപ്രകടനങ്ങൾക്കെതിരെ പ്രതികരിക്കേണ്ടതു് മാനവ സംസ്കാരത്തിന്റെ പൊതുമുതലിനെപ്പററിയഭിമാനിക്കുന്നവരുടെ കർത്തവ്യമാണ്.

സംസ്കൃത കൃതികളുടെ പലതിന്റെയും നല്ല പരിഭാഷകൾ മലയാളത്തിൽ ഇന്നു ലഭ്യമാണ്. അവ വായിക്കാനുള്ള വിവേകം ഉണ്ടാകണമെന്നേയുള്ളു. അവയെ തൊട്ടുതുടങ്ങുമ്പോൾ കിട്ടുന്ന ആശയപ്രപഞ്ചത്തിന്റെ അഗാധനീലിമകൾ കാണുന്നവർ, ഏകപക്ഷീയവും, അഹങ്കാര പ്രമത്തവുമായ വിധികൾ വിളിച്ചുപറയാൻ ഒരുങ്ങുന്നതല്ല.

മെക്കാളെയുടെയും, മിസ് മേയോയുടെയും പാതയിലൂടെ പോകുന്നവരെ തോളിലേററി, പ്രോത്സാഹിപ്പിച്ച് തുടരാൻ പ്രേരിപ്പിക്കുന്ന സ്ഥാപിത താല്പര്യങ്ങൾ, പൊതുജനങ്ങൾ തിരിച്ചറിയേണ്ടതാണിവിടത്തെയാവശ്യം.

പത്രങ്ങളിലെ ''വാചകമേളക''ളിൽ മുറയ്ക്കു പ്രത്യക്ഷപ്പെടുന്ന ഒരു ബുദ്ധിജീവിയോട്, അയാൾ തട്ടിമൂളിക്കാറുള്ള വിഡ്ഢി അഭിപ്രായങ്ങളുടെ അടിസ്ഥാനമെന്തെന്ന് ഈയിടെ ഈ ലേഖകൻ ചോദിച്ചു. മറുപടിയിതായിരുന്നു — ''എരിവും പുളിയുമില്ലെങ്കിൽ ഇതൊക്കെ തിന്നാനാരുണ്ടാകും? അതുകൊണ്ടിങ്ങനെ പറയുന്നെന്നേയുള്ളു!''

''ആത്മവഞ്ചനയല്ലേയിതു്? അവനവന്റെ തറവാടിനെ തൊഴിക്കുന്നതു്?''— ഞാൻ ചോദിച്ചു.

''തഴുകിയും താലോലിച്ചും പറഞ്ഞാൽ ആരു ശ്രദ്ധിക്കും? എന്റെ 'ഉഗ്രൻ' പ്രസംഗം എത്ര പത്രങ്ങളിലാണ് 'ബോക്സായി' വന്നതെന്നറിയാമോ? ഇതൊക്കെയൊരു ജാഡയാ സുഹൃത്തേ!''—ബുദ്ധിജീവി എന്നോടിത്രയെങ്കിലുമേററുപറഞ്ഞല്ലോ! അതു് സത്യസന്ധമാണോ? നിശ്ചയമില്ല—മെക്കാളെസായ്പിന്റെയും മേയോ മദാമ്മയുടെയും ദുർബ്ബലനായ പിൻതുടർച്ചക്കാരൻ! എങ്കിലും അയാൾ പ്രധാന ദിവ്യനാണ്! ദിവ്യത്വമാരോപിക്കപ്പെട്ടിട്ടുള്ള ഒരു പിശ്ശി!

പറയേണ്ടത് പറയാത്തവർ

മുമ്പൊരവസരത്തിൽ മെക്കാളെ സായിപ്പിനെക്കുറിച്ചും മേയോ മദാമ്മയെപ്പറ്റിയും പരാമർശിച്ചു. അവരുടെ പിൻമുറക്കാരായി അരങ്ങിൽവന്നിട്ടുള്ളവരും ഇന്നും വേഷമിടുന്നവരുമുണ്ടെന്ന വസ്തുതയും വ്യക്തമാക്കുകയുണ്ടായല്ലോ. ആ തലമുറ തുടരെ ഇവിടെ നിലനില്ക്കണമെന്നും അഭിവൃദ്ധിപ്രാപിക്കണമെന്നും അന്ന് ആഗ്രഹിച്ചിരുന്നതു് വെള്ളക്കാരുടെ ഇംപീരിയലിസ്റ്റ് താല്പര്യങ്ങളായിരുന്നു. ഇന്നു് അതു് സ്വയം ഏറ്റെടുത്തിട്ടുള്ളതു് ഇന്ത്യാവിരുദ്ധ പ്രസ്ഥാനങ്ങളാണു്. വെളിയിലുള്ളവയും നമ്മുടെ നാട്ടിൽ അവിടവിടെ വേരോടിച്ചിട്ടുള്ളതുമായ വിരുദ്ധർ. അവർക്കു് അന്നവും ആയുധവും മാത്രമല്ല പൊന്നും, പ്രാമാണികതവും കൊടുക്കാൻ പ്രത്യക്ഷമായും പരോക്ഷമായും ഇന്ത്യാവിരുദ്ധശക്തികൾക്കു് കഴിവുണ്ടു്. അവരുടെ പ്രേരണയും പ്രചോദനവും സ്വീകരിച്ചു് അറിഞ്ഞും അറിയാതെയും പണിയെടുക്കുന്ന സംസ്കാര നായകന്മാരെപ്പറ്റിയാണിവിടെ പ്രസക്തിയുള്ളതു്.

ഭാരതീയ സംസ്കാരധാരയിൽ പെടുന്ന ഏതിനെയും താഴ്ത്തിക്കെട്ടിക്കയ്യടി (അതോ, കാശുമുണ്ടോ?) വാങ്ങുന്ന വീരശൂര ബുദ്ധിസിംഹങ്ങൾ, കൂട്ടംകൂടിയും ഒറ്റയ്ക്കും നാടുനീളെ വിഹരിക്കുന്നു! അവരുടെ അമറലുകളും ആക്രോശങ്ങളും കേൾക്കുമ്പോൾ കയ്യടി കൊടുക്കുന്നതു് പോഷക സംഘടനകളും യുവജനങ്ങളുടെ പേരിൽ പ്രവർത്തിക്കുന്ന കൂലിക്കൂട്ടങ്ങളുമാണു്! അവിടെനിന്നൊഴുകുന്ന ''വചനാമൃതം'' മാദ്ധ്യമങ്ങളുടെ താളുകളിൽ നിറച്ചു് സേവനം നടത്തുന്നതു്, ബുദ്ധിജീവികളോടു് ''ബാദ്ധ്യത''യുള്ള കുറെ പത്രക്കാരുമാണു്. പലപ്പോഴും ''പെട്ടി''യിലാക്കിയാണു് പാവം ജനത്തിനെത്തിച്ചുകൊടുക്കുന്നതു്! അങ്ങിനെ ഈ ''വിഷവൃത്തം'' നിലനിൽക്കുന്നു!

ഈ കള്ളക്കളികൾ കണ്ടും സഹിച്ചും കഴിയുന്ന കൊള്ളാവുന്നവർ മിണ്ടാറില്ല; വല്ലരെ ദുഃഖിതരും പീഡിതരുമാണെങ്കിലും! അതുകൊണ്ടു് വിരുദ്ധർ അവകാശപ്പെടുന്നതു് പൊതുജനം അവരുടെകൂടെയാണെന്നാണു്! പറയേണ്ടതു് യഥാസമയം, യഥാവിധി, ഉറക്കെ ഉറപ്പിച്ചുപറഞ്ഞാൽ, അതിനു് മൗനികൾ തുനിഞ്ഞാൽ, ഈ അവകാശവാദം പൊളിയും! സിംഹങ്ങൾ അവയർഹിക്കുന്ന അഗണ്യങ്ങളായ ഗുഹകളിൽ പോയി ഒളിച്ചുകൊള്ളും, ജനത്തെ ദ്രോഹിക്കാതെ!

ഈ അവസ്ഥ തലസ്ഥാന നഗരിയിലെ നിത്യാനുഭവമാണു്! നാടാകെ വളരുമെന്നും പടരുമെന്നും ഭീഷണി ഇടയ്ക്കിടെയുണ്ടാകാറുമുണ്ടു്. അതുകൂടിയായാൽ, നെരിപ്പോടിൽനിന്നു അടുപ്പിലേക്കായിരിക്കും ജനത്തിന്റെ വീഴ്ച! മിണ്ടാതിരുന്നാൽ കൊണ്ടേ മതിയാവൂ! പ്രസംഗത്തൊഴിലാളികൾ ഉച്ചസ്ഥായിയിൽ ഉയർത്തുന്ന ഒച്ച കൊണ്ടു് ഉപദ്രവം സഹിക്കേണ്ടതു് സമ്മേളന''നഗറിൽ'' ഇരുന്നുകൊടുക്കാൻ നിർബ്ബന്ധിതരാകുന്നവർക്ക മാത്രമല്ല. അഞ്ചു കാതത്തിനുള്ളിലുള്ളവർക്കെല്ലാം ഉച്ചഭാഷിണിയിലൂടെ അതിന്റെ അണുപ്രസരം അനുഭവിച്ചേ പറ്റൂ! പ്രസംഗത്തൊഴിലാളികൾ ആക്രമിക്കുന്നതും അടിച്ചുതകർക്കാൻ ശ്രമിക്കുന്നതും ഒന്നേയൊന്നു മാത്രം— ഭാരതീയത്വം! അങ്ങിനെയൊന്നില്ലത്രേ! ഉള്ളതു് ഭൂരിപക്ഷവർഗ്ഗീയതതന്നെ! സംസ്കൃതത്തെപ്പറ്റി, പുരാവസ്തുഗവേഷണത്തെപ്പറ്റി, പുരാതന വാസ്തുശില്പ സംരക്ഷണത്തെപ്പറ്റി, എന്തിനു് ചരിത്രത്തിലെ അമൂല്യകലാവസ്തുക്കളെപ്പറ്റി— പറയുന്നതു് വർഗ്ഗീയതയാണു്. വർഗ്ഗീയ മുരാച്ചികളാണു്! ഇതാണു് സമ്മേളനങ്ങളിൽ ഉയരുന്ന സംഘഗാനങ്ങളുടെ പല്ലവിയും അനുപല്ലവിയുമെല്ലാം!

സംസ്കൃതസർവ്വകലാശാല കേരളത്തിൽ സ്ഥാപിക്കുന്നതു്, നാഗസാകിയിൽ അണുബോമ്പിട്ടതുപോലെയുള്ള ഒരത്യാഹിതമായിരിക്കുമെന്നാണു് അരങ്ങിലൊരാൾ അണികളെ അറിയിച്ചതു്! നിലവിളക്കു കത്തിക്കുന്നതും, കസവുനേര്യതിടുന്നതും, നിറപറയൊരുക്കുന്നതുമൊക്കെ വർഗ്ഗീയം! സംസ്കൃതത്തിലെ സുഭാഷിതം ചൊല്ലി യോഗം ആരംഭിക്കുന്നതുപോലും വർഗ്ഗീയമായിരിക്കുന്നു! അതുകൊണ്ടു് പകരം മൗനപ്രാർത്ഥന മതി! ഇതൊക്കെയാണു് സമ്മേളനങ്ങളിൽ പ്രത്യക്ഷമാകുന്നതു്!

ഈയിടെ ആധുനികനും ''വർഗ്ഗീയ''വിരോധിയുമായ ഒരിംഗ്ലീഷ് പ്രൊഫസറുമായി കുറെ നേരം സംസാരിക്കാൻ സന്ദർഭം കിട്ടി. യു.ജി.സി. ശമ്പള നിരക്കിനു് നാടുതോറും ജനമുന്നേറ്റം സംഘടിപ്പിച്ച ഉഗ്രൻ പ്രൊഫസർ! ഇംഗ്ലീഷ് സാഹിത്യം വിളമ്പിക്കൊടുത്തു് യുവതലമുറയെ അത്യാധുനിക മേഖലകളിലേക്കു് വളർത്തുന്ന കർത്തവ്യമാണദ്ദേഹമനുഷ്ഠിക്കുന്നതു്. അത്രയും നല്ലതു്! അദ്ദേഹം 'ലെക്ചർ'' ക്ലാസുകളിൽ പഠിപ്പിക്കുന്ന കവികളും ഗ്രന്ഥകാരന്മാരുമായ പ്രതിഭാശാലികളുടെ നേട്ടങ്ങളും സംഭാവനകളും, ആനുഷംഗികമായി സംസാരവിഷയമായിത്തീർന്നു. കവികളും എഴുത്തുകാരുമായ അവരിൽ ഭാരതീയാശയങ്ങൾ ഉളവാക്കിയ സ്വാധീനത്തിലൂടെ കൈവന്ന സിദ്ധികൾ അവയായിരുന്നു പരാമർശവിഷയം. അവയെക്കുറിച്ചും ഇന്നത്തെ വിദ്യാർത്ഥികൾക്കു് പ്രഗത്ഭരായ പ്രൊഫസർമാർ സൂചനകൾ നൽകാറുണ്ടോ? അറിയാനുള്ള കൗതുകത്തിന്നടിസ്ഥാനം ഞാനും എന്റെ സഹപാഠികളും കോളേജിൽ പഠിച്ചിരുന്ന കാലത്തു് ''ലക്ചർ'' ക്ലാസുകളിൽ അതൊന്നും കേട്ടിട്ടില്ല. ബൃഹത്തും മഹത്തുമായ ഭാരതീയാശയങ്ങളുടെമേഖല ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രമാണികളായവരുടെ സാഹിത്യ പ്രവർത്തന കാലത്തു്, അവർക്കു് ആശയരൂപം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന വസ്തുതകൾ, പില്ക്കാലത്തു് പഠനം പൂർത്തിയാക്കി പുറത്തിറങ്ങിയശേഷമുണ്ടായ അധിക വായനകളിലൂടെയാണു്, എനിക്കു് നേരിട്ടറിയാൻ സംഗതി വന്നതു്. ഈ രംഗത്തു പ്രവർത്തിച്ച മറ്റു സഹപാഠികൾക്കും ഇതേയനുഭവം തന്നെയാണുണ്ടായതെന്ന കാര്യം ആധികാരികമായി സ്വാനുഭവങ്ങളെ ആസ്പദമാക്കി ഇന്നു പറയാനൊക്കും! ഒരു പക്ഷേ, വിദ്യാർത്ഥിയായിരുന്ന കാലത്തു് സ്വന്തം പ്രൊഫസർമാരുടെ മുഖത്തിൽ നിന്നതു കേൾക്കാൻ ഇടവന്നിരുന്നെങ്കിൽ എന്തെല്ലാം അനുഭൂതികളായിരുന്നിരിക്കാം, സിദ്ധിച്ചിരിക്കാവുന്നതു്! അതുണ്ടായില്ല! പില്ക്കാലങ്ങളിൽ സ്വയം പലതും കണ്ടെത്തിയപ്പോൾ, പ്രൊഫസറന്മാർ പറയേണ്ടതു പലതും പറഞ്ഞുതന്നില്ലല്ലോ എന്നോർത്തു് പരിതപിച്ചിട്ടുണ്ടു്.

എന്റെ മുമ്പിലിരുന്ന ആധുനിക പ്രൊഫസറോടു് ഇപ്രകാരം പലതും പറഞ്ഞു. ഇന്നത്തെ കുട്ടികൾക്കു് കൂടുതൽ വിശാലമായി സമീപനങ്ങൾക്കു പകരിക്കുന്ന വസ്തുതകൾ ഇന്നു് അവരെപ്പോലുള്ളവർ കൊടുക്കാറുണ്ടോ? 'ഹേയ്'! അതൊന്നുമില്ല! അത്തരം കാര്യങ്ങൾക്കു് എന്തു പ്രസക്തി?'—അതായിരുന്നു യു.ജി.സി. സമരവീരന്റെ മറുപടി!

ഇരുപതാംനൂറ്റാണ്ടിൽ ഉൽഭവിച്ച മനശ്ശാസ്ത്രത്തിന്റെ വിധാതാക്കളായ ഫ്രായിഡ്, യുങ്ങ് തുടങ്ങിയവരുടെ പ്രമാണങ്ങളിലധിഷ്ഠിതമായ ആധുനിക പാശ്ചാത്യ നിരൂപണം, സാഹിത്യത്തിനു് മനശ്ശാസ്ത്രവുമായുള്ള ബന്ധമെത്രയെന്നു് സ്പഷ്ടമാക്കി. ഇതു് ഇരുപതാം നൂറ്റാണ്ടിൽ മാത്രമ യൂറോപ്യന്മാർക്കു് കണ്ടെത്താൻ കഴിഞ്ഞുള്ളു. എന്നാൽ രണ്ടു സഹസ്രാബ്ദങ്ങൾക്കു മുമ്പ് സംസ്കൃത സാഹിത്യ നിരൂപണ വിഷയങ്ങളിൽ മനഃശാസ്ത്രപരമായ ഒരു നിരൂപണസരണിയാണു നിലവിലിരുന്നതു്. ഭാരതീയ നിരൂപണ പദ്ധതിയുടെ പ്രാരംഭം ഭരതമുനിയുടെ 'നാട്യശാസ്ത്ര'ത്തിലാണു്. 'പഞ്ചമവേദം' എന്നു പറയാറുള്ള ഗ്രന്ഥമാണതു്. ഈ പരമാർത്ഥവും മറ്റും പ്രൊഫസറന്മാരുടെ വാക്കുകളിലല്ല, കേൾക്കാനിടവന്നതു് എന്നതാണു് ദുഃഖം!

സർഗ്ഗപ്രതിഭാധനന്മാരായിരുന്ന പാശ്ചാത്യ സാഹിത്യകാരന്മാരുടെ പ്രപഞ്ചത്തിലേക്കു്, ഭാരതീയ സാംസ്കാരിക സൗരഭ്യവൈഭവം പരത്തുന്ന കാറ്റു് ആദ്യമായി തുറന്നുവിട്ടതു് വില്യംജോൺസ് ആയിരുന്നു. ആ പരിമളമാസ്വദിച്ചു് പുതിയ അനുഭൂതികൾ കണ്ടെത്തിയവരുടെ കൂട്ടത്തിൽ ഗിബ്ബൺ, ബൈറൻ, ബാരോ, ബ്ലേക്കു് തുടങ്ങിയവർമുതൽ സതി, മൂർ, ഷെല്ലി, ടെനിസൻ തുടങ്ങി പഴയവരുടെ പട്ടികയിൽ പലരുമുണ്ടു്. അവരെപ്പറ്റി വാചാലമായി 'ലക്ചർ' നടത്തിയ ആരാധ്യരായ പ്രൊഫസറന്മാർ ഞങ്ങളോടു് ഭാരതീയ ബന്ധത്തെപ്പറ്റി ഒരക്ഷരം ഉരിയാടിയിരുന്നില്ല! യുജിസി സ്കേൽ വാങ്ങി വീരത്വം തെളിയിച്ച പ്രൊഫസറന്മാരും, ഇക്കാര്യങ്ങൾ അവരുടെ കുഞ്ഞാടുകളോടു് ഇന്നു് മിണ്ടാറില്ല! അതിനൊക്കെയെന്തു പ്രസക്തി?

ആധുനികരുടെ കാര്യം എടുക്കുമ്പോൾ ആദ്യം ഓർമ്മയിൽ വരുന്നതു് എലിയട്ട്, ഹക്സിലി തുടങ്ങിയ നാമങ്ങളാണു്. അവരാരും ഭാരതീയ ചിന്ത കയ്യൊഴിഞ്ഞിട്ടുള്ളവരല്ല. ടോൾസ്റ്റോയി മുതൽ അതു യൂറോപ്യൻ ഭാഷകളിലെ ഒരു നീണ്ട പട്ടിക തന്നെ. ഭാരതീയാശയങ്ങൾ സ്വാംശീകരിച്ചവരുടെതായിട്ടുണ്ടെന്നോ ഇവിടെ പറയാനിടമുള്ളു. ഇവരെപ്പറ്റി 'ലക്ചർ' ചെയ്യുന്നവർ ഭാരതീയ ബന്ധത്തെപ്പറ്റി പറഞ്ഞുകേട്ടിട്ടുണ്ടോ? ടോൾസ്റ്റോയി, ഗോയ്ഥേ തുടങ്ങി ചിലരുടെ 'ഉഗ്രൻ' ജീവചരിത്രങ്ങൾ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അവ അരിച്ചുനോക്കിയാൽപോലും ഈ വിഷയങ്ങളുടെ പൊടികാണുകയില്ല. അവ വല്ലതും പറഞ്ഞിരുന്നെങ്കിൽ, ആ പുസ്തകകർത്താക്കളായ മഹാസാഹിത്യകാരന്മാർ, വർഗ്ഗീയമുരാച്ചികളായിത്തീരുമായിരുന്നു! സാംസ്കാരികരംഗത്തു്, സാഹിത്യമേഖലയിൽ— ഇങ്ങനെ നിലവിലിരിക്കുന്ന അവസ്ഥ അനുവദനീയമാണോ?

ഇവിടെ ഇത്രയും പറഞ്ഞതു് വീരവാദം കേൾപ്പിക്കാനല്ല. പണ്ഡിതന്മാരിൽ പലരിലും കാണുന്ന ബൗദ്ധിക സത്യസന്ധതാരാഹിത്യം (Intellectual honesty.) കണ്ടും കേട്ടും അനുഭവിച്ചും ഉണ്ടായ ദുഃഖംകൊണ്ടാണു്. സ്വന്തം സംസ്കാരത്തോടും, ബൗദ്ധിക സത്യസന്ധതയോടും ആത്മബന്ധവും ആഴമുള്ള പ്രതിബദ്ധതയും ആവശ്യമെന്നു് അടിയുറച്ചു വിശ്വസിക്കുന്ന ഒരു ജനതയല്ലേ ഇവിടെയുണ്ടാകേണ്ടതും, വളർന്നുവലുതാകേണ്ടതും? അതിനു് ഇന്നു നിലവിലിരിക്കുന്ന സാഹചര്യം തുടരുന്നതു് ആപല്ക്കാരമല്ലേ?

പാശ്ചാത്യ സാഹിത്യകാരന്മാരിൽ കലർന്നിട്ടുള്ള ഭാരതീയ ചിന്തയെ സംബന്ധിച്ചു് ഇന്നറിയാൻ ആഗ്രഹിക്കുന്ന ഒരാളിനു് ആരോരും സഹായമില്ലാതെ ഒറ്റയടിപ്പാതയിലൂടെ പോകേണ്ട ഗതികേടാണുള്ളതു്. പുതിയ തലമുറയെ സഹായിക്കാനെങ്കിലും, യു ജി സി സ്കേലുള്ള പ്രൊഫസറന്മാരുടെ ''ലക്ചർ'' ഉതകിയില്ലെങ്കിൽ എന്തു ഫലം?

ഇത്രയും പറഞ്ഞതുകൊണ്ടു് കുറെ പുസ്തകങ്ങളുടെ പേരുകൾ കൂടി ഇവിടെ ചേർക്കട്ടെ. കൗതുകവുള്ളവർക്കു് അവ ഉപയോഗപ്പെടുത്താനിടയാകുമല്ലോ—

1) Europe Looks at India by Alex Aronson (1946.)

2) Oriental Essays by A. J. Arberry (1960.)

3) William Blake-His Philosophy and Symbols by S. Foster Damon.

4) Hidden Riches by Desiree Hirst (1964)

5) From Blake to Byron Boris Ford (Ed-)

6) The Legacy of India G. T. Garrot (Ed.)

7) India in English Literature by Robert Sencourt (1925)

—ഇങ്ങനെ പലതുമുണ്ടു്. അവയെക്കുറിച്ചു് ആധികാരികത്വമവകാശപ്പെടുന്ന, സമരവീരരായ ഉഗ്രൻ പ്രൊഫസറന്മാർ കുട്ടികളോടു് പരാമർശിക്കാറുണ്ടോ? വായിക്കാൻ ശുപാർശെങ്കിലും ചെയ്യാറുണ്ടോ?

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

കോൺഗ്രസ്സുകാർ വായിച്ചറിയാൻ

ഭാരതത്തിലെ എല്ലാ ജനങ്ങളുമൊരുപോലെ ആദരിക്കുകയും ഏറെക്കുറെ അനുസരിക്കുകയും ചെയ്തിരുന്ന ഒരു സ്വാതന്ത്ര്യസമര സേനാനി കുറെമുമ്പ് ഇവിടെയുണ്ടായിരുന്നു. കൊടിപിടിക്കാനും 'കീ ജെ' വിളിക്കാനും ഘോഷയാത്രയിൽ കൂടാനുമിടയായിട്ടുള്ള ഏതൊരാളിനെയും സ്വാതന്ത്ര്യസമര സേനാനിയെന്നു വിവരിക്കുന്ന പതിവാണല്ലോ ഇന്നുള്ളത്.

ഏതായാലും മുകളിൽ പറഞ്ഞ സമരസേനാനി ശരിക്കും സേനാനി തന്നെയായിരുന്നു. മോഹൻദാസ് കരംചന്ദ് ഗാന്ധിയെന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. ധാർമ്മിക ജീവിതത്തിലും സ്വഭാവശുദ്ധിയിലും ഭാരത പാരമ്പര്യങ്ങളിലും വിശ്വസിച്ച് ലളിത ജീവിത മാതൃക കാട്ടിയിരുന്ന ഒരാളായിരുന്നു അദ്ദേഹം.

പൊതുജനസേവകന്മാർ ഒരു കാരണവശാലും ധാമ്മികമൂല്യങ്ങൾ കൈവിട്ടുകൂടെന്നും, ആർഭാടമൊഴിവാക്കണമെന്നും ഓരോ ചില്ലിക്കാശിനും ഉത്തരവാദിത്വത്തോടു കൂടിയ കണക്കു കാട്ടി ബഹുജനങ്ങളെ ബോധ്യപ്പെടുത്തണമെന്നുമെല്ലാം അദ്ദേഹം, ആവർത്തന വിരസത വരുന്നവിധം തന്നെ ഉപദേശിക്കുക പതിവായിരുന്നു. ലാളീത്യത്തിന്റെയും വിദേശ ബാധ്യതയില്ലാത്തതിന്റെയും പ്രതീകമായിട്ടാണ് ഖദർ ധരിക്കാൻ ആളുകളെ ആഹ്വാനം ചെയ്തിരുന്നത്.

ജനപ്രതിനിധികളായ മന്ത്രിമാർ അഞ്ഞൂറുറുപ്പികയിലധികം ശമ്പളം പററരുതെന്നായിരുന്നു അദ്ദേഹം ഉപദേശിച്ചിരുന്നതെന്ന് പറയുമ്പോൾ നിങ്ങൾക്ക് ചിരിവരുമെന്നെനിക്കറിയാം. എങ്കിലും പറയാതിരിക്കാൻ പററുകയില്ല. ആ ഉപദേശം അന്നത്തെ കോൺഗ്രസ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കുറെ മന്ത്രിസഭകൾ അപ്രകാരം ചെയ്യുകയുമുണ്ടായെന്ന് പഴയ പത്രക്കടലാസുകൾ പരിശോധിച്ചാൽ ബോധ്യമാകും. ഒരു ബഹുജന പ്രസ്ഥാനമായിരുന്നു അന്നൊക്കെ കോൺഗ്രസ്. ഇന്നതു് ഒരു രാഷ്ട്രീയ കക്ഷിയായി വളർന്ന് (അതോ സങ്കോചിച്ചോ?) പരിണമിച്ചപ്പോൾ പ്രത്യയ ശസ്ത്രത്തിലും പരിപാടിയിലും പരിവർത്തനമില്ലാതെ പററുമോയെന്നു ചോദിച്ചാൽ എനിക്കതിനു മറുപടിയില്ല! ആഗോള പ്രതിഭാസത്തിന്റെ ഭാഗമായിട്ടാണ് ഇന്നത്തെ കോൺഗ്രസിൽ പലതും പ്രതിധ്വനിക്കുന്നതെന്ന് വിശദീകരിച്ചാലും, ഞാൻ മറുത്തൊരു വാക്കു പറയുകയില്ല!

ആരോപണങ്ങളുടെ എണ്ണത്തിലും, ധനമൂല്യത്തിന്റെ വലിപ്പത്തിലുമുള്ള വർദ്ധന, സമൂഹത്തിന്റെ പുരോഗതിയുടെ സൂചികയാണെന്ന് ഈയിടെ ഒരു കോൺഗ്രസ് നേതാവു് വാദിച്ചതു് കേൾക്കാനുള്ള ഭാഗ്യം എനിക്കുമുണ്ടായി! അദ്ദേഹത്തിന്റെ ബുദ്ധിയോടൊപ്പമെത്താൻ, എന്റെ മസ്തിഷ്കത്തിന് സാധിച്ചിട്ടില്ലല്ലോയെന്നോർത്തു് ഞാൻ വിഷാദിച്ചതേയുള്ളൂ, അതിന്റെ പ്രതികരണമായിട്ട്! എൽ. ഐ. സി. അപവാദം മുതൽ ബോഫോഴ്സ്, ഓഹരി കുംഭകോണത്തോടു ബന്ധപ്പെട്ട ആരോപണങ്ങളെല്ലാം അനുക്രമമായി വളർച്ച വിളിച്ചുപറയുന്നുണ്ടല്ലോ. പ്രധാനമന്ത്രി മുതൽ, മുഖ്യമന്ത്രിമാർ തുടങ്ങിയവർ മാത്രമല്ല, ''ഗ്രാസ് റൂട്ട് ലെവലി''ലുള്ള അണിക്കാർ വരെ വൻ തുകകളുള്ള ആരോപണങ്ങളിലല്ലേ ഉൾപ്പെട്ടിരിക്കുന്നത്. തീർച്ചയായും നാം വളരുകയാണ്, കോൺഗ്രസ് വളരുകയാണ്! ഒപ്പം കോൺഗ്രസുകാരും!

ഈസാഹചര്യത്തിൽ ലളിത ജീവിതത്തെപ്പററിയോ, കളങ്കരഹിതമായ പൊതുപ്രവർത്തനത്തെപ്പററിയോ പറയുന്നതുപോലും അപകടകരമാണെന്ന് അറിവുണ്ട്. പുരോഗതിയുടെ നാടിത്തുടിപ്പുകളളക്കാനാവാത്തതിന്റെ ലക്ഷണമായിട്ടേ അണികൾ ആർത്തു വിളിക്കൂ!

എന്തുകൊണ്ടായാലും, എങ്ങിനെ ചെയ്യുന്നതായാലും ഇന്ന് അധികവും കാണുന്നതും കേൾക്കുന്നതും, ആരോപണ വിധേയരായിട്ടുള്ളവർക്കുള്ള കീജേ വിളികളും സ്വീകരണങ്ങളുമാണ്! അതുകൊണ്ട് ഇത്രയും പറഞ്ഞുപോയതാണ്. കാലഘട്ടത്തിന്റെ മാററവും ആഗോളപ്രതിഭാസങ്ങളുടെ അലയടിയുമാണിവിടെയും പ്രത്യക്ഷമാകുന്നതെന്ന് നിങ്ങൾ പറയുന്നതു് വിശ്വസിച്ച് സമാധാനിക്കാൻ ശ്രമിക്കാം.

പരമോന്നതവും പരിപാവനവുമായ പരമാധികാര സ്ഥാപനമായ നമ്മുടെ പാർലിമെൻറിലെ ഒരംഗത്തിന് കത്തവ്യങ്ങളനുഷ്ഠിക്കുമ്പോൾ നേരിടേണ്ടിവരുന്ന പരാധീനതകളെയും നഷ്ടങ്ങളെയും വിശദീകരിച്ച് ഈയിടെ ഒരു കോൺഗ്രസ് എം. പി. പറഞ്ഞ കാര്യങ്ങൾ ഒരു ആനുകാലികത്തിൽ കാണുകയുണ്ടായി. ലോകത്തിലെ ഏതു രാജ്യത്തിലെ പാർലിമെൻറംഗത്തിന് കിട്ടുന്ന വരുമാനത്തെക്കാൾ എത്രയോ കുറവാണ് നമ്മുടെ എം. പി.ക്കുള്ളതു്! കേന്ദ്രസർക്കാറിലെ ഒരു ഡെപ്യൂട്ടി സെക്രട്ടറിക്കു് അതിൽക്കൂടുതൽ ശമ്പളമുണ്ടെന്നും എം. പി. പറഞ്ഞു. എന്നിട്ടും ഒരു പണമിടപോലുമുണ്ടാകാതെ സേവനം നടത്തുന്ന അവരെക്കുറിച്ച് എനിക്കഭിമാനമുണ്ടായി. ഒരു കാര്യം കേട്ടിട്ട്, അല്ലെങ്കിൽകണ്ടിട്ട്, കുറെ നേരം കഴിഞ്ഞേ അതിന്റെ ന്യായവിചാരം ചെയ്യാൻ എനിക്കു കഴിയാറുള്ളൂ. എന്തു ചെയ്യാം, അതു് എന്റെ ഒരു പരാധീനതയാണ്. ഇവിടെയും അതുതന്നെയാണ് സംഭവിച്ചതു്! അതുകൊണ്ട് ഇപ്പോഴേ ചിന്തിച്ചുള്ളൂ. ''മാസ ശമ്പളം'' കൂടാതെ സമ്മേളന ദിവസങ്ങളിൽ ''സിററിംഗ് ബത്ത''യില്ലേ? ഭാരതത്തിലെവിടെയും സഞ്ചരിക്കുന്നതിന് തീവണ്ടിയിൽ ഒന്നാംക്ലാസ് യാത്രാസൗകര്യവും എം.പി.ക്കുണ്ടെന്നാണ് അറിഞ്ഞിട്ടുള്ളതു്. അതുമാത്രമല്ല ഇൻഡ്യയിലെവിടെയും ആകാശവിമാനത്തിൽ സഞ്ചരിക്കുന്നതിന് ഇരുപത്തിയെട്ടോളം ''ഫ്രീ പാസ്''' ഉണ്ടെന്നതും മറക്കാനൊക്കുമോ? നമ്മുടെ നിലവാരമനുസരിച്ചു പറഞ്ഞാൽ ആഡംബരത്തിനും പ്രൗഢിക്കും ഒരു കുറവുമില്ലാത്ത താമസസ്ഥലം അവർക്കു് താമസിക്കാൻ ഡൽഹിയിൽ വാടകയില്ലാതെ കിട്ടും! ആ വീട്ടിലും, സ്വന്തം നിയോജകമണ്ഡലത്തിലും ഓരോരോ ഫോൺ നൽകിയിരിക്കുന്നു. ചാജ്ജു വസൂലാക്കാത്ത മുപ്പതിനായിരം ''കാളുകൾ'' അവയിലൂടെ ചെയ്യാനും സൗകര്യമനുവദിച്ചിരിക്കുന്നു. ഡൽഹിയിലെ താമസസ്ഥലത്തു് മുന്നൂറുരൂപയോളം ചാജ്ജു ഇളവു് കിട്ടുന്നവിധമാണ് വെള്ളവും വൈദ്യുതിയും ഉപയോഗിക്കാവുന്നതു്.

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

എം.പി.യെന്ന നിലയിൽ, പാർലിമെൻറിന്റെയും മററു സ്ഥാപനങ്ങളുടെയും കമ്മിററികൾ, കമ്മീഷനുകൾ, ഉപദേശകസമിതികൾ എന്നിങ്ങനെ എത്രയെത്ര കാര്യങ്ങളിൽഅദ്ദേഹം സംബന്ധിക്കാറുണ്ട്. അവയ്ക്കെല്ലാം പ്രത്യേകം പ്രത്യേകം വ്യവസ്ഥയനുസരിച്ച് യാത്രപ്പടിയും ബത്തയും മററും കിട്ടുകയും ചെയ്യും. അത്യുന്നതമായ മാന്യതയംഗീകരിക്കുന്ന രീതിയിലാണ്എവിടെയും എം. പി.ക്കുള്ളപദവി, പാർലിമെൻറിന്റെ പ്രതിനിധി സംഘങ്ങളിൽപെട്ട് വിദേശങ്ങളിൽ പോകുന്നതിനുള്ള സന്ദർഭങ്ങളെപ്പററി ഇവിടെ ഒന്നും പറയുന്നില്ല. അതുപോലെത്തന്നെയാണ് സ്വന്തം ആരോഗ്യരക്ഷയ്ക്കു് അനുവദിച്ചിരിക്കുന്ന സൗകര്യങ്ങളും സൗജന്യങ്ങളും എണ്ണിയെണ്ണിപ്പറയാൻ ഇനിയുമെത്രയോ കാര്യങ്ങളാണുള്ളതു്. അവയൊക്കെ പറയുന്നതു്, ഒരു പൗരനെന്നനിലയിൽ അദ്ദേഹത്തോടു് കാണിക്കുന്ന നന്ദികേടായിരിക്കും! അതുകൊണ്ട് നിത്തട്ടെ.

ഭാരിച്ച കത്തവ്യങ്ങളും ചുമതലകളും നടത്തുന്ന അദ്ദേഹത്തെ സഹായിക്കാൻ, ഒരു ക്ലാക്കിനെയോ ടൈപ്പിസ്റ്റിനെയോപോലും കൊടുത്തിട്ടില്ല. എഴുത്തുമാത്രമല്ല, എഴുത്തിന്റെ മേൽ വിലാസവും സ്വയം എഴുതിയേ പററൂ. സ്റ്റാമ്പൊട്ടിച്ച് അതു് തപ്പാൽപ്പെട്ടിയിൽ നിക്ഷേപിക്കുന്നതുവരെ തന്നത്താനെ ചെയ്യേണ്ട ഗതികേടുമുണ്ട്. പരാധീനതകളും, പ്രയാസങ്ങളും ഇങ്ങനെ പറയാൻ എത്ര! ഇങ്ങനെയെല്ലാം നിസ്വാർത്ഥസേവനം നടത്തുന്ന അവരെ പൗരന്മാരായി നാം കൂടുതൽ മനസ്സിലാക്കേണ്ടതാവശ്യമാണ്. അതില്ലാത്തതിനാലാണ് അവരെപ്പററി ആരോപണങ്ങൾ പറഞ്ഞുപരത്തുന്നതെന്ന് പറയേണ്ടതില്ലെന്നെനിക്കറിയാം! പക്ഷേ എല്ലാവരും എന്നെപ്പോലായിരിക്കണമെന്നില്ലല്ലോ. അവരുടെ അവസ്ഥ എനിക്കറിയാവുന്നതുപോലെ എല്ലാ പൗരരും ധരിച്ചെങ്കിൽ!

ഇന്നത്തെക്കാലത്തു് മഹാത്മാഗാന്ധിയെ മാതൃകയാക്കി ലളിതജീവിതം നയിക്കണമെന്നോ, തീവണ്ടിയിൽ മൂന്നാം ക്ലാസിലെ പൊതുജന പ്രതിനിധികൾ സഞ്ചരിക്കാവൂവെന്നോ, നിഷ്കളങ്ക ജീവിതത്തിൽനിന്ന് വ്യതിചലിക്കരുതെന്നോ, പറയുന്നവനു് ''വട്ട''ന്നല്ലാതെ വേറെവല്ലതും പറയാനൊക്കുമോ?

ഇന്നത്തെ കോൺഗ്രസ്സുകാർ, ചെകുത്താൻമാരുടെ കൂട്ടത്തിലകപ്പെടാനിടവന്ന മാലാഖമാരാണെന്നെനിക്ക് വിശ്വാസമുണ്ട്. മററുള്ളവർക്കതില്ല. കഷ്ടംതന്നെ? അതുകൊണ്ടാണ് കാലഘട്ടത്തിന്റെ സ്പന്ദനങ്ങളും പ്രത്യയശാസ്ത്രങ്ങളും, ആവശ്യങ്ങളുമറിയാതെ നിങ്ങളെ ആക്ഷേപിക്കാനൊരുങ്ങുന്നതു്. അവർ നേർവഴിയിലെത്തുന്ന കാലം വരുമെന്നു പ്രതീക്ഷിച്ച്, നമുക്ക് ആശ്വസിക്കാം; കാത്തിരിക്കാം! നിങ്ങളുടെ പ്രസംഗങ്ങളും ആഹ്വാനങ്ങളും എന്നെപ്പോലെ അവരും വിശ്വസിച്ചു തുടങ്ങുമ്പോൾ ഇവിടെ ഒരു നവോദയം വരും! എത്രമാത്രം കണ്ഠക്ഷോഭം നിങ്ങൾ ചെയ്തിട്ടും അവർ പൗരന്മാരെന്ന ചെകുത്താന്മാർ—വിശ്വസിക്കാൻ കൂട്ടാക്കുന്നില്ല! അതിൽ കവിഞ്ഞൊരു വൈരുദ്ധ്യമുണ്ടോ?

ഡാക്ടറൻമാരുടെ ബാദ്ധ്യത

ഉപഭോക്തൃ നിയമത്തിന്റെ പരിധിയിൽ ഡോക്ടർമാരുടെ സേവനം ഉൾപ്പെടുത്തിക്കൂടെന്നു വാദിച്ചുകൊണ്ട് കുറെ മുമ്പ് ഇവിടത്തെ ഡോക്ടർമാർ സമരം ചെയ്തതും തെരുവിലിറങ്ങിയതും, സെക്രട്ടേറിയേറ്റു പടിക്കൽ ഇരുന്നതുമൊക്കെ ഓർമ്മിക്കുമല്ലോ. ഡോക്ടർ എന്തു ചെയ്താലും, എങ്ങിനെ ചെയ്താലും ആരും ചോദ്യം ചെയ്തുകൂടാ എന്നാണിക്കൂട്ടരുടെ നിലപാട്. അവരെ പിടികൂടാനും ശിക്ഷിക്കാനും ആരും ശ്രമിക്കരുത്. കഴിവില്ലായ്മയാലോ, കുറ്റകരമായ അശ്രദ്ധയാലോ, അജാഗ്രതയാലോ മരണമോ, ആവശ്യത്തിലേറെ ഫേമമോ അനുഭവിക്കേണ്ടിവരുന്നവർ അതിനുകാരണക്കാരായവരെ കോടതി കേറ്റിക്കൂടാ എന്നു പറയുന്നതുപോലും, ഡോക്ടറന്മാർ അംഗീകരിക്കുന്ന ഹിപ്പോക്രാറ്റിസ് സത്യപ്രതിജ്ഞയ്ക്ക് വിരുദ്ധമാണെന്ന് മുമ്പൊരു ലേഖനത്തിൽ ചൂണ്ടിക്കാണിച്ചതു്ഓർമ്മിക്കുമല്ലോ.

ഏറ്റവും ഉന്നതവും ഉത്തമവും കാര്യക്ഷമവുമായ വൈദ്യസഹായസാദ്ധ്യത ഉണ്ടെന്നു കരുതാറുള്ള അമേരിക്കൻ ഐക്യനാടുകളിലെ, ഇപ്പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച അവസ്ഥ അറിയാൻ ഉതകുന്ന, ഒരു കൊച്ചുലേഖനം ഈയ്യിടെ കാണുകയുണ്ടായി. ലോകത്തിലേറ്റവുമധികം ചിലവു വേണ്ടിവരുന്ന ഏർപ്പാടാണ് അമേരിക്കൻ ഐക്യനാടുകളിൽ ചികിത്സാരംഗത്തുള്ളത്. മരുന്നിനാണെങ്കിലും സേവനത്തിനാണെങ്കിലും ഇത്രയും കൂടുതൽ വില കൊടുക്കേണ്ട ഒരു രാജ്യം ലോകത്തില്ല. ഇൻഷൂറൻസ് സംവിധാനത്തിലൂടെയാണ് വൈദ്യസഹായം ലഭ്യമാകുന്നത്. സാധാരണക്കാരനായ ഒരാൾക്ക് ചിലവ്താങ്ങാനാവാത്തസ്ഥിതി നിലവിലിരിക്കുന്നു.

ചികിത്സയ്ക്കോ സേവനത്തിനോ ഡോക്ടറെ സമീപിക്കുന്ന ഒരാളിനോ ബന്ധുക്കൾക്കോ പ്രതികൂലമായ അനുഭവങ്ങൾ നേരിടേണ്ടിവന്നാൽ, കാരണക്കാരിൽനിന്ന് നഷ്ടപരിഹാരം വാങ്ങാനുള്ള വഴി വക്കീലന്മാർ അവിടെ ഒരുക്കിക്കൊടുക്കും. ഈ വിധത്തിലുള്ള നഷ്ടപരിഹാരക്കേസുകൾ ഐക്യനാടുകളിലെപ്പോലെ, മറ്റൊരിടത്തും വർദ്ധിച്ചിട്ടുമില്ല! പ്രതീക്ഷിച്ച ചികിത്സ കിട്ടാതിരിക്കുക, കുറ്റകരമായ അനാസ്ഥകൊണ്ട് കുഴപ്പമനുഭവിക്കുക, അജാഗ്രതകാരണം ഫേമമുണ്ടാകുക, പ്രതീക്ഷിക്കാത്ത ശാരീരികവും മാനസികവുമായ പ്രത്യാഘാതങ്ങൾക്ക് വിധേയമാകുക—ഇങ്ങനെ എന്തെല്ലാം കാര്യങ്ങളിലാണ്, ഡോക്ടറെ സമീപിച്ച ഒരാളിന് നഷ്ടപരിഹാരം നേടാവുന്നത്! ഡോക്ടർ ഭാരിച്ച തുക പരിഹാരമായി കൊടുത്തേ പറ്റൂ!

ഈ അവസ്ഥയിൽ കുടുങ്ങിയാൽ, ഡോക്ടർക്ക് ഒരതിരുവരെ സാമ്പത്തികാശ്വാസം

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

കൊടുക്കാൻ ഇൻഷൂറൻസുകമ്പനികൾ തയ്യാറാകുന്നു. അതിനുവേണ്ടിയുള്ള (കവർ'' (Insurance Cover) സ്വീകരിക്കാൻ നിർദ്ദിഷ്ടങ്ങളായ ''പ്രീമിയം' ഗഡുക്കളായിട്ടടച്ചാൽ മതി. അപ്രകാരം ചെയ്തിട്ടുള്ളവർക്ക്, രോഗികളിൽനിന്നും മറ്റുമുണ്ടായേക്കാവുന്ന നഷ്ടപരിഹാരാവകാശം തീർത്തു്, വിധിക്കപ്പെട്ട തുകയും മറ്റും ഇൻഷ്വറൻസുകമ്പനി കൊടുത്തു കൊള്ളും, ഐക്യനാടുകളിലെ ഒരു പ്രമുഖ വർത്തമാനപ്പത്രമായ വാഷിംഗ്ടൻ പോസ്റ്റിന്റെ സപ്ലിമെന്റായ പരേഡിൽ (Washington PostParade. September 12,1993) ഈ വിഷയത്തെ സംബന്ധിക്കുന്ന കുറെ വസ്തുതകൾ കാണുകയുണ്ടായി. ഇവിടത്തെ സമരവീരരായ ഡോക്ടറന്മാർക്ക് അതിൽനിന്ന് പലതും പഠിക്കാവുന്നതാണ്.

കഴിഞ്ഞ മൂന്നു ദശകങ്ങളിൽ അമേരിക്കൻ ഐക്യനാടുകളിൽ ഡോക്ടറന്മാർക്കെതിരായുള്ള നഷ്ടപരിഹാരക്കേസുകൾ നാടകീയമായി പെരുകിയിട്ടുണ്ട്. അവിടത്തെ എല്ലാ സംസ്ഥാനങ്ങളിലെയും അവസ്ഥ അതുതന്നെ. ഉദാഹരണത്തിന് ന്യൂയോക്ക് സംസ്ഥാനത്തെ കണക്ക് പരിശോധിക്കാം. 1960—ൽ അവിടെ അത്തരം കേസുകൾ, നൂറ് ഡോക്ടറന്മാരിൽ ഒരേ ഒരു ഡോക്ടറിനേ നേരിടേണ്ടിവന്നിട്ടുള്ളു. 1985—ൽ അതു് പതിനെട്ടായി! മൊത്തം കണക്കെടുത്താൽ വർദ്ധനയുടെ ശതമാനം 1700!

ഇൻഷ്വറൻസ് 'കവർ' എടുക്കുന്നതിന് ഡോക്ടറന്മാർ വലിയ തുകയാണ് പ്രീമിയമായി കൊടുക്കേണ്ടിവരുന്നത്. കമ്പനി നഷ്ടപരിഹാരമായി കൊടുത്ത തുകയുടെ കണക്കും കാര്യങ്ങൾ വാചാലമായി പറയും. 1970—ൽ നഷ്ടപരിഹാരം കൊടുത്തതു് 15 ബില്യൻ ഡോളർ ആയിരുന്നു. (ഒരു ബില്യൻ = ആയിരം ദശലക്ഷം) 1993—ൽ അതു് 45 ബില്യനായി വർദ്ധിച്ചു. അങ്ങനെ അതു് അനുക്രമായി പെരുകുകയാണ്.

ഡോക്ടറന്മാർ നല്ല തുക പ്രീമിയമായി കൊടുത്താലേ ഇൻഷ്വറൻസുകവർ അവരുടെ രക്ഷയ്ക്കുണ്ടാകൂ. അതിന് അവർ ചെയ്യുന്നതു്, അവരെ സമീപിക്കുന്നവരിൽനിന്ന് വസൂലാക്കുന്ന ഫീസിൽ, ഇൻഷ്വറൻസിനുള്ള തുകയും ഉൾപ്പെടുത്തും! അതായതു പ്രീമിയത്തിനുള്ള ''വഹ' അയാളെ സമീപിക്കുന്നയാളിൽനിന്നുള്ള ഫീസിൽ കണ്ടുകൊള്ളും!

അമേരിക്കൻ മെഡിക്കൽ അസോസിയേഷന്റെ കണക്കനുസരിച്ച് ഇപ്രകാരം ഡോക്ടർമാർ അധികമായി വസൂലാക്കിയിട്ടുള്ളതു് 1991ൽ 25ബില്യൻ ഡോളറായിരുന്നു. സേവനാർത്ഥികളുടെ ചിലവ് വീർപ്പിക്കുന്നതിൽ ഇതിനും കാര്യമായ ഒരു പങ്കുണ്ടെന്നാണവരുടെ അഭിപ്രായം. യൂറോപ്പിലെ രാജ്യങ്ങളിലും, ജപ്പാനിലും (വികസിത രാജ്യങ്ങളാണല്ലോ അവയൊക്കെ) എല്ലാ ബാദ്ധ്യതകളുമടക്കം, വേണ്ടിവരുന്നതു് മൊത്ത വരുമാനത്തിന്റെ(ജി.എൻ പി Gross National Product) അഞ്ചു ശതമാനമാണ്; ഐക്യനാടുകളിൽ അതിന്റെ അഞ്ചുമടങ്ങും!

നഷ്ടപരിഹാര വ്യവസ്ഥയ്ക്കായിട്ടുള്ള ഇൻഷൂറൻസ് പദ്ധതിയിലെ പ്രീമിയം (ഗഡുക്കൾ) ഉയർന്നുകൊണ്ടേയിരിക്കുകയാണെന്നത്രേ കണക്ക്! ഉദാഹരണമായി മിഷിഗൻ സംസ്ഥാനത്തു് 1991ൽ ഡോക്ടർമാർ കൊടുക്കേണ്ടിവന്നതു് 141,880 ഡോളറായിരുന്നു; ഫ്ളോറിഡയിൽ 130,626 ഡോളറും ന്യൂയോർക്കിൽ 85,827 ഡോളറുമാണ് ഡോക്ടർമാർ പ്രീമിയമായി കമ്പനികൾക്കു കൊടുത്തതു്.

ഭാരിച്ച പ്രീമിയം നൽകി ഇൻഷ്വറൻസ് കവർ എടുക്കാനാവാത്തതിനാൽ പ്രസവശുശ്രൂഷസംബന്ധമായ ചികിത്സാക്രമങ്ങളിൽ പ്രവേശിക്കാൻ വൈമുഖ്യം പ്രദർശിപ്പിക്കുന്നവർ വളരെ കൂടുതലാണ്. മിഷിഗൻ സംസ്ഥാനത്തുള്ള പതിനേഴ കൗണ്ടികളിൽ ഇത്തരം വിദഗ്ദ്ധന്മാരാരും സേവനം നടത്തുന്നില്ല! ഫ്ളോറിഡയിൽ പകുതിയിലേറെ ഡോക്ടറന്മാർക്ക് ഇൻഷൂറൻസ് കവറില്ല! അതായതു് അത്തരം സേവനം തേടിയെത്തുന്നവക്ക് താവളമില്ല!

ഈ അവസ്ഥാവിശേഷം ഡോക്ടർമാരെ വിഷമിപ്പിക്കുന്നെങ്കിലും വക്കീലന്മാർക്ക് കൊയ്തിനുള്ള അവസരമാണുണ്ടാക്കുന്നതു്! ഭാരിച്ച ഫീസു ചുമത്തിയാണ് അവർ കേസു വാദിക്കാൻ തയ്യാറാകുന്നതും!

ഈ വിഷയത്തിന്റെ നാനാവശങ്ങളെക്കുറിച്ച് വിദഗ്ദ്ധ പഠനങ്ങൾ പലതും നടന്നിരിക്കുന്നു. 1984ൽ ന്യൂയോർക്കു സംസ്ഥാനത്തു് ആശുപത്രികളിൽ നിന്നു ഡിസ്ചാർജ്ജു ചെയ്ത 31,000 ആളുകളുടെ റെക്കാർഡുകൾ പരിശോധനാവിഷയമായി. അക്കൊല്ലം ഐക്യനാടുകളിൽ മൊത്തം ഡിസ്ചാർജ്ജ് ചെയ്തവർ 2.6 ദശലക്ഷമായിരുന്നു. അവരിൽ 1000,000 പേർക്ക് പ്രത്യാഘാതങ്ങളായി പല പ്രയാസങ്ങളുണ്ടായതായിട്ടാണ് കണ്ടത്. അതിൽ 27,000 പേർക്ക് ഡോക്ടർ, നഴ്സ് തുടങ്ങിയ അശ്രദ്ധയുടെ ഫലമാണനുഭവിക്കേണ്ടി വന്നതു്. 14,000പേർ ആശുപത്രിയിലെ അപകടങ്ങളിൽ അന്തരിച്ചു. അതെല്ലാം ഒഴിവാക്കാമായിരുന്ന മരണമാണ്. തെറ്റായ ചികിത്സകൊണ്ട് രാജ്യത്തു മൊത്തം 70,000 പേരെങ്കിലും മരണമടയുന്നുണ്ടെന്നത്രേ ശരാശരിക്കണക്ക്! അശ്രദ്ധകാരണമാണ് പത്തുശതമാനത്തോളം പേർക്ക് ജീവഹാനി സംഭവിക്കുന്നതു്!

അമേരിക്കൻ ഐക്യനാടുകളിലെ പല സംസ്ഥാനങ്ങളിലും ഡോക്ടർമാരുടെ അനാസ്ഥയോ, അറിവില്ലായ്മയോ, അജാഗ്രതയോ, തെറ്റായ ചികിത്സയോ കാരണമുണ്ടാകുന്ന പ്രയാസങ്ങൾക്ക് നഷ്ടപരിഹാരത്തിനുള്ള നിയമ വ്യവസ്ഥകൾ നിലവിലുണ്ട്.

ഇതേവിധത്തിലുള്ള ഏർപ്പാട് ഇവിടേയുമുണ്ടാകേണ്ടതു് ജനങ്ങളുടെ ആവശ്യമാണ്. അർപ്പണബോധം, സേവനസന്നദ്ധത, ആതുരരോടുള്ള പെരുമാറ്റം തുടങ്ങിയവയ്ക്കു പകരം പണം പിടുങ്ങണമെന്ന താല്പര്യംമാത്രം മുമ്പിൽ കണ്ടുകൊണ്ട് ചികിത്സാരംഗം വികസിക്കുന്ന ഇക്കാലത്തു്. രക്ഷാമാർഗ്ഗത്തിന് കോടതികയറുകയേ സാധ്യമാകൂ എന്ന നിലവന്നിരിക്കു തെറ്റും കുറ്റവും കുറവും കാണിക്കുന്നവർ, ആരായാലും മറുപടി പറയാൻ ബാദ്ധ്യസ്ഥർ തന്നെയാണ്!

ഇ.എം.എസിന്റെ ഒരു വലിയ ഫലിതം

നിറവും നിഴലും

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

ഇരുപതാം നൂറ്റാണ്ട് യാത്രപറയാനൊരുങ്ങുകയാണല്ലോ. ഈ നൂറ്റാണ്ടിൽ ഉണ്ടായ സുപ്രധാനസംഭവങ്ങളും, നേട്ടങ്ങളും കോട്ടങ്ങളും, നന്മയും തിന്മയുമെല്ലാം തിട്ടപ്പെടുത്തിതീരുമാനിക്കുന്ന തിരക്കിലാണ് ചിലരെങ്കിലും. അവരോട്, ഈ നൂറ്റാണ്ടിൽ കേൾക്കാനിടയായ ഏറ്റവും വലിയ ഫലിതം ഏതെന്നതിനെക്കുറിച്ച് ഒന്നു പറഞ്ഞുകൊള്ളട്ടെ! കോൺഗ്രസ്സുകാരും, കമ്മ്യൂണിസ്റ്റുകാരും ഒന്നിക്കാൻ പറ്റിയ സാഹചര്യം വന്നിരിക്കുന്നു എന്ന് ഒരാധികാരികപ്രഖ്യാപനം ഈയ്യിടെ കേട്ടത് ഓർമ്മയില്ലേ?—അതു തന്നെ! അത്യാദരണീയനും, വയോവൃദ്ധനും, രാഷ്ട്രീയക്കളി ഇവിടെ ഏറ്റവും കൂടുതൽ കാലം നടത്തിയിട്ടുള്ളയാളുമായ വ്യക്തിയാണ് അതു് ഉറക്കെ പറഞ്ഞതു്. ഇത്രയും കാലം പലവിധത്തിലും, രൂപത്തിലും പ്രത്യയശാസ്ത്രകാര്യങ്ങളിൽ മുങ്ങുകയും പൊങ്ങുകയും നീന്തുകയുമൊക്കെ ചെയ്തിട്ടും, അദ്ദേഹത്തിൽ 'നമ്പൂതിരിത്വത്തിന്റെ തനിമ' ബാക്കിയുണ്ടെന്നു കാണിക്കുന്നതാണ് ആ പ്രസ്താവനയിലടങ്ങിയിരിക്കുന്ന ഫലിതം! നമ്മുടെ സങ്കല്പത്തിലുള്ള 'ശുദ്ധനമ്പൂതിരിഫലിതം' തന്നെയെന്നു ചുരുക്കം! ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ഫലിതമായി അതിനു സ്ഥാനം കൊടുക്കുന്നതും ആ തനിമ കൊണ്ടുതന്നെ. ഒരു പക്ഷേ അതിനെ കടത്തിവെട്ടിയേക്കാവുന്ന മറ്റൊന്നുണ്ടായിക്കൂടെന്നില്ല; ഇനിയും ആറുവർഷങ്ങളോളം ബാക്കിയുണ്ടല്ലോ! അങ്ങിനെയൊന്നുണ്ടായില്ലെങ്കിൽ, ഇവിടെ സൂചിപ്പിച്ച പ്രസ്താവനതന്നെയായിരിക്കും ഇരുപതാംനൂറ്റാണ്ടിലെ ഏറ്റവും വലിയ ഫലിതമെന്ന സ്ഥാനത്തു് പ്രതിഷ്ഠിക്കപ്പെടേണ്ടതു്.

കോൺഗ്രസ്സ് കക്ഷിയും കമ്മ്യൂണിസ്റ്റുകക്ഷികളും തുടക്കം മുതൽ ഉണ്ടായിരുന്ന മൗലിക വ്യത്യാസങ്ങൾ, ഇന്നും ഉണ്ടെന്നാണല്ലോ, പാർട്ടിബന്ധമൊന്നുമില്ലാത്ത എന്നെയും നിങ്ങളെയും പോലുള്ളവർ വിശ്വസിക്കുന്നതു്. അതതു പാർട്ടികൾ പറഞ്ഞുപറഞ്ഞാണ് നമ്മൾ അതുവിശ്വസിച്ചുതുടങ്ങിയതു ! കോൺഗ്രസ് ഒരു രാഷ്ട്രീയകക്ഷിയെന്നനിലയിലേക്ക് സങ്കോചിക്കുന്നതിനുമുമ്പ്, അതൊരു ബഹുജനപ്രസ്ഥാനമായിരുന്നെന്ന വസ്തുത നമുക്കൊക്കെ അനുഭവത്തിലൂടെ അറിയാം! ആ ബഹുജനപ്രസ്ഥാനമാണ്, ഇവിടെ സ്വാതന്ത്ര്യം കൈവരുത്തിയതും, ബ്രിട്ടീഷ് ഭരണത്തിന്ന് വിരാമമിടാനിടവരുത്തിയതും! സ്വാതന്ത്ര്യസമരം അത്യുജ്വലമായി, 'ക്വിറ്റ് ഇൻഡ്യാ' എന്ന ഇതിഹാസസമരത്തിലെത്തിയ വേളകളിൽ, കമ്മ്യൂണിസ്റ്റുപാർട്ടിയും അതിന്റെ ഇവിടുത്തെ ആചാര്യന്മാരും ബ്രിട്ടീഷ്സാമ്രാജ്യത്വത്തിന്റെ കൂലിപ്പട്ടാളത്തിന്റെ വേലയാണു ചെയ്തിരുന്നതെന്ന കാര്യം എന്നെപ്പോലെ നേരിൽ കണ്ടിട്ടുള്ളവർ ഇനിയും ഇവിടെ ധാരാളമുണ്ട്. അതു മാത്രമല്ല 1947 ആഗസ്റ്റ് 15-ന്, എന്റെ തലമുറയിൽപെട്ട കോടാനുകോടി യുവജനങ്ങൾ സ്വാതന്ത്ര്യദിനംസസന്തോഷം, അത്യുദാരമായി ആഘോഷിക്കുമ്പോൾ, സ്വാതന്ത്ര്യദിനാഘോഷങ്ങൾ ബഹിഷ്കരിക്കുക മാത്രമല്ല, അതു് കരിദിനമായി ആചരിക്കുകയും ചെയ്തതു്, കമ്മ്യൂണിസ്റ്റുകാരായിരുന്നെന്ന ചരിത്രസത്യം, നേരിട്ടുകാണാനിടവന്നവർ ഇന്നും എത്രയോ പേരുണ്ട്! ഇല്ല, ഇങ്ങനെ പറയാനുള്ള വ്യത്യാസങ്ങളുടെ പട്ടിക ഇവിടെ നീട്ടാൻ ആഗ്രഹിക്കുന്നില്ല! ഇപ്രകാരം ആദ്യം മുതൽ തികഞ്ഞ രൂപത്തിലുള്ള ഭിന്നത പ്രത്യക്ഷപ്പെടുത്തിയാണിവിടെ കോൺഗ്രസ്സും കമ്മ്യൂണിസ്റ്റും കക്ഷികൾ നിലനിന്നതും പ്രവർത്തിച്ചതും! ഇപ്പോഴിതാ സുവർണ്ണകാലം വന്നിരിക്കുന്നു, അവ രണ്ടും ഒന്നിച്ചുപ്രവർത്തിക്കാൻ! മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, ഇതുവരെ കമ്മ്യൂണിസ്റ്റുകാർ അനുവർത്തിച്ച നടപടികളെല്ലാം തെറ്റായിരുന്നു! പഴയ കുടുംബത്തിലേക്ക് തിരിച്ചുപോകാം! അതിന് അവനവന്റെ അഹന്തയും വൈകാരിക പ്രശ്നങ്ങളും ആരും തടസ്സമാക്കേണ്ടതില്ല! തടസ്സമാക്കിക്കൂടാ! എന്നൊക്കെയാണ് ഫലിതത്തിന്റെ സാരം!

ആ പ്രസ്താവനയിതാണ്. 'കമ്മ്യൂണിസ്റ്റുകാരും കോൺഗ്രസ്സുകാരും സഹകരിക്കുന്നതിനുള്ള വഴി ഒരുങ്ങിക്കഴിഞ്ഞു. പക്ഷേ ഇതത്ര എളുപ്പമല്ല. സാധ്യതകൾ വളരുമ്പോൾ അകൽച്ചയും വർദ്ധിച്ചു വരുന്നു. ഈ സാഹചര്യത്തിൽ തങ്ങളുടെ പ്രവർത്തന രീതിയിൽ ഒരു പുനർവിചിന്തനം നടത്താൻ കോൺഗ്രസ്സുകാരും എന്നെപ്പോലുള്ള കമ്മ്യൂണിസ്റ്റുകാരും തയ്യാറാകേണ്ടതുണ്ട്.' (ഇ.എം.എസ്, ദേശാഭിമാനി, മാർച്ച് 8, 1994)

ഈ പുനർവിചിന്തനത്തിനു വഴിവെട്ടിയതു് ആഗോള പ്രതിഭാസങ്ങളാണെന്ന കാര്യവും ഇവിടെ വിസ്മരിക്കാവുന്നതല്ല ആ ഫലിതത്തിനു പുറത്തു്, വിസ്തൃതവും അഗാധവുമായ വസ്തുസ്ഥിതി യാഥാർത്ഥ്യങ്ങളുടെ സാഗരം അലയടിച്ച് തകർക്കുന്നുണ്ട്. അവ ഇവിടെ സ്പർശിക്കാതിരിക്കുന്നതു് യുക്തിരഹിതമായിരിക്കും.

ഈ നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളിലൊന്നായിരുന്നല്ലോ മഹത്തായ ഒക്ടോബർ വിപ്ലവം! സർവ്വരാജ്യത്തൊഴിലാളി വർഗ്ഗത്തിന്റെ സ്വപ്നസാക്ഷാത്കാരത്തിന്റെ അരുണോദയമായിട്ടാണ് പ്രത്യയശാസ്ത്ര പ്രവീണന്മാർ അതിനെ വിശേഷിപ്പിച്ചതു്. അതിൽ സർവ്വവിശ്വാസവും സമർപ്പിച്ച് നവലോകം കാണാൻ കാത്തിരുന്നവർ, സോവിയറ്റുയൂണിയനിലും ഇതര കമ്മ്യൂണിസ്റ്റു പ്രാബല്യ പ്രദേശങ്ങളിലും ഒന്നിനുപുറകെയൊന്നായി കാണാൻ തുടങ്ങിയതു്, ലോകചരിത്രത്തിൽ മുമ്പുണ്ടായിട്ടില്ലാത്ത മർദ്ദനമുറകളിലൂടെ സ്വേച്ഛാധിപത്യം സ്ഥാനമുറപ്പിക്കുന്നതായിരുന്നു! സ്റ്റാലിൻ, ഹോനേക്കർ, ചെസസ്ക്കു, കാഡർ, ടിറ്റോ, ഹോക്സാ തുടങ്ങി മാവോ വരെ, സർവ്വവും അടക്കിവാണ സർവ്വാധിപതികൾ പുതിയ പ്രത്യയ ശാസ്ത്രത്തിലൂടെ പുരോഗതി പ്രാപിച്ച് പ്രതിഷ്ഠയാർജ്ജിച്ചവരാണ്! തൊഴിലാളി വർഗ്ഗത്തിന്റെ സർവ്വാധിപത്യവും, പുതിയ ജനാധിപത്യവും വരുമെന്നാണയിട്ട് അരങ്ങുതകർത്താണിവരെല്ലാം തൽസ്ഥാനങ്ങളിൽ ചെന്നുറച്ചതും ഭരിച്ചതും!

ലോകചരിത്രത്തിലതിനു മുമ്പ് രൂപംകൊണ്ട സ്വേച്ഛാധിപതികളെല്ലാം രാജാധികാരമോ, ചക്രവർത്തിപ്പട്ടമോ, തത്തുല്യങ്ങളായ പദവികളോ പ്രാപിച്ച് കരിവേഷം തുള്ളിയവരായിരുന്നു. അങ്ങേയറ്റം ശാസ്ത്രീയമെന്നും, സത്യമെന്നും, ഉത്തമമെന്നും സമത്വസംപൂർത്തികരമെന്നും പറഞ്ഞ് ലോകചരിത്രത്തിലാദ്യമായി അത്യുഗ്രമൂർത്തികൾ ഭരണം പിടിച്ചെടുത്തതു് ഇരുപതാംനൂറ്റാണ്ടിൽ ആദ്യമായിട്ടുതന്നെ!

ഇതെല്ലാം കണ്ടുകഴിഞ്ഞ തലമുറ, പിന്നെക്കണ്ടതു്, സോവിയറ്റുയൂണിയനിലും കിഴക്കൻ യൂറോപ്പിലും തികച്ചും കൃത്രിമമായി തല്ലിപ്പൊത്തിയുണ്ടാക്കിയ സംവിധാനങ്ങൾ, ചീട്ടുകൊട്ടാരംപോലെ തകർന്നു നിലം പതിച്ചതാണ്. കൺമുമ്പിൽ കാണുന്നതു് വിശ്വസിക്കാനോ കേൾക്കുന്നതു് നേരെന്നു കരുതാനോ കഴിയാത്തത്ര വേഗത്തിലായിരുന്നു ആ തകർച്ച! തകർച്ച യാഥാർത്ഥ്യമാണെന്നതികച്ചും വിശ്വസനീയമായതു പോലും നിത്യചിലവിനുപോലും പിച്ചച്ചട്ടിയുമായി മുതലാളിത്ത രാജ്യങ്ങളിലേക്ക് ആ രാജ്യങ്ങളിലെ ഉത്തരവാദിത്വമുള്ളവർ പറയുന്നതും, യാചിക്കുന്നതും കേട്ടപ്പോൾ മാത്രമാണ്! സമീപകാലത്തു് സംഭവിച്ച ചരിത്രസംഭവമാണല്ലോ അതു്.

ഛിന്നഭിന്നമായ സോവിയറ്റുയൂണിയനിൽനിന്നു ചിതറി, സ്വതന്ത്രരാജ്യങ്ങളായിതീർന്നവയാലും കിഴക്കൻ യൂറോപ്പിലെ രാജ്യങ്ങളിലും ഉണ്ടായിരുന്ന കമ്മ്യൂണിസ്റ്റ്പാർട്ടികൾ, അവരുടെ പേരുമാറ്റിയും, മറ്റു പാർട്ടികളിൽ ലയിച്ചും തടിതപ്പാൻ തുടങ്ങു തല്പരരായി. കമ്മ്യൂണിസ്റ്റ്പാർട്ടികൾ മിക്കതും ഇന്ന് 'സോഷ്യലിസ്റ്റ് പാർട്ടിക'ളോ മറ്റു പാർട്ടികളുടെ ഭാഗങ്ങളോ ആയിക്കഴിഞ്ഞു. അവിടങ്ങളിൽ! ഇതേ പ്രതിഭാസത്തിന്റെ മാറ്റൊലിയാണ്, 'കോൺഗ്രസ്പാർട്ടിയുമായി സഹകരിക്കുന്നതിനുള്ള വഴിയൊരുങ്ങിക്കഴിഞ്ഞു' —എന്ന പ്രസ്താവനയുടെ പൊരുളായിട്ടിരിക്കുന്നതെന്ന് യുക്തിയുള്ളവർക്ക് മനസ്സിലാകും! തകർന്നുകിടക്കുന്ന പഴയ സോവിയറ്റു പ്രദേശങ്ങളിലും, കിഴക്കൻ യൂറോപ്യൻ പ്രദേശങ്ങളിലും നിന്നുത്ഭവിക്കുന്ന ശീതക്കാറ്റാണിവിടേക്കും, ചൈന, ക്യൂബ തുടങ്ങിയ ഇതരദേശങ്ങളിലേക്കും വീശിക്കൊണ്ടിരിക്കുന്നതു്. അതാണ് പുതിയ സാഹചര്യമുണ്ടാക്കിയിരിക്കുന്നതും, ഒരു പുനർവിചിന്തനം നടത്താൻ തദ്ദേശീയ കമ്മ്യൂണിസ്റ്റ്പാർട്ടികളിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നതും? ഇവിടെ ആദ്യം സൂചിപ്പിച്ച ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ നേരമ്പോക്കിന്റെയടിസ്ഥാനവും അവതന്നെ! ഈ പുനർവിചിന്തനം ഒറ്റപ്പെട്ട ഒരു കാര്യവുമില്ലെന്നും ഓർമ്മിക്കുക! ആഗോള പ്രതിഭാസത്തിന്റെ ഇവിടെയെത്തിയ കൊച്ചലയുടെ പ്രത്യക്ഷഭാവമാണ് അതിലുള്ളതു്! ഇന്നിതു് ഒരഭിപ്രായമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നതു്. കുറെ കഴിയുമ്പോൾ, സഹകരിച്ചു പ്രവർത്തിക്കാൻ, സമ്മർദ്ദവും നിർബ്ബന്ധവും അവർ കാണിച്ചു തുടങ്ങും! കാത്തിരുന്നു കാണുക!

കോടികൾ ബത്ത വാങ്ങുന്ന ഗാന്ധിയൻമാർ!

ഇൻഡ്യയിൽ പൊതുവെയും കേരളത്തിൽ . പ്രത്യേകിച്ചും ഇന്നുള്ള രാഷ്ട്രീയ ദുരവസ്ഥയെ പഴിക്കാത്തവരും ശപിക്കാത്തവരും ആരെങ്കിലുമുണ്ടെന്നുതോന്നുന്നില്ല. രാഷ്ട്രീയപാർട്ടിയംഗങ്ങൾപോലും അവരുടെ കക്ഷികളിലെ സംഘർഷങ്ങളെക്കുറിച്ചും ആദർശലക്ഷ്യങ്ങളെക്കുറിച്ചും ആശങ്കാകുലരും ദുഃഖിതരുമാണ്. പല തലങ്ങളിലുള്ള രാഷ്ട്രീയപ്രവർത്തകരുമായി ആശയവിനിമയം നടത്തുന്നവർക്ക് ഇക്കാര്യം നേരിട്ട് അനുഭവപ്പെടുന്നു. ഈ പരമാർത്ഥം പലരും പുറത്തുപറയാൻ പേടിക്കുന്നതു് പാർട്ടി അച്ചടക്കം കണക്കാക്കി മാത്രമാണ്. എങ്കിലും ആവിയും പുകയുമൊക്കെ, ചിലപ്പോഴെല്ലാം പൊട്ടിപ്പുറത്തുവരാറുണ്ട് അങ്ങേയററം മുതൽ ഇങ്ങേയററംവരെ, എല്ലാവരും ഇന്നത്തെ അവസ്ഥയിൽ ദുഃഖിക്കുന്നു. ഇത്രയും സമഗ്രമായി മോഹഭംഗവും സിനിസിസവും ജനങ്ങളെ ഗ്രസിച്ചിട്ടുള്ള ഒരു കാലമില്ല

സ്വാതന്ത്ര്യചിന്ത, ജനാധിപത്യം, ജീവിതഭാരമോചനം, തുടങ്ങി നല്ല കാര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നു എന്നു വിളംബരംചെയ്യുന്നവരും ചെയ്തിട്ടുള്ളവരുമാണ് ഇവിടത്തെ രാഷ്ട്രീയ പാർട്ടികളെല്ലാം. കുപ്പായവും കൊടിയും വേറെ വേറെയുണ്ടെങ്കിലും ഇവരെല്ലാം പ്രഖ്യാപിക്കുന്ന ലക്ഷ്യം മിക്കവാറും ഒന്നുതന്നെ. അവയിൽ കാലാകാലങ്ങളിൽ വിശ്വാസമർപ്പിച്ച പൊതുജനങ്ങൾ രാഷ്ട്രീയപാർട്ടികളെ ഒററയ്ക്കും കൂട്ടുകെട്ടായും ഇത്രയും കാലം അധികാരത്തിലവരോധിക്കുകയും തിരസ്കരിക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്. ലക്ഷ്യസ്ഥാനം ഇന്നു എത്രയോ അകലെയാണു! അപ്രാപ്യമാണ്! ഭരിച്ചു ഭരിച്ച് ഇവരെല്ലാംകൂടി നമ്മെ ഇന്നത്തെ ദുരവസ്ഥയിലെത്തിക്കുകയും ചെയ്തിരിക്കുന്നു.

അഴിമതിയുടെ കാര്യങ്ങളിലും, ആരോപണങ്ങളുടെ എണ്ണത്തിലും, അപവാദങ്ങളുടെ സംഖ്യയിലും രാഷ്ട്രീയകക്ഷികൾക്കുതമ്മിലുള്ള വ്യത്യാസം അവയുടെ ആഴത്തിലും വിസ്തൃതിയിലും എണ്ണത്തിലും മാത്രമേയുള്ളു. എല്ലാവരുടെയും കൈകൾ ഒരുപോലെ പങ്കിലമാണ്. അവരോരോരുത്തരും എത്രമാത്രം അപ്രാപ്തരും അച്ചടക്കമില്ലാത്തവരുമാണെന്നു എത്രയോ തവണ തെളിയിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യംപോലെ അണിയാനും, അഴിച്ചുവെയ്ക്കാനുമുള്ള ഒരു പട്ടു പുതപ്പുമാത്രമാണ് അവർക്ക് ആദർശം! തിരഞ്ഞെടുപ്പു സമീപിക്കുമ്പോൾ അതു പുതച്ചുകൊണ്ടാണ് നിങ്ങളെയും എന്നെയും അവർ വഴക്കെ ചിരിച്ചുകൊണ്ട് സമീപിക്കുന്നതു്. പൊതുജനങ്ങൾ അടുത്തകാലത്തു് കാണുകയും കേൾക്കുകയും ചെയ്ത വിഴുപ്പലക്കുകൾ ഇതുവരെ ഒളിപ്പിച്ചുവെച്ചിരുന്ന എന്തെല്ലാമാണ് പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നതു്! രാഷ്ട്രീയഭീഷ്മാചാര്യന്മാരും അവരുടെ പരിവാരങ്ങളും എന്തൊക്കെയാണ്, എവിടൊക്കെയാണ് കയ്യിട്ടുവാരിയിട്ടുള്ളതെന്നവാസ്തവവും അങ്ങിനെ അവർതന്നെ പൊതുജനങ്ങളുടെ മുമ്പിൽ അഴിച്ചുകാണിച്ചിരിക്കുന്നു! അഴിമതിയും കൊള്ളരുതായ്മകളും പാടില്ലെന്നല്ല, അന്യരറിയാത്തവിധം ചെയ്തുകൊള്ളണം എന്നേ അവർക്കെല്ലാം നിർബ്ബന്ധമുള്ളു! എന്തു കള്ളത്തരവും കാണിക്കാം. പിടികൊടുക്കാത്തവിധം ആയിരിക്കണമെന്നുമാത്രം! ഇതായിരുന്നു രാഷ്ട്രീയപാർട്ടികളുടെ കർമ്മപദ്ധതി!

ജനങ്ങൾ പാടുപെട്ടുണ്ടാക്കുന്ന പണത്തിന്റെ ഒരു പങ്കാണ് തീരുവയായും നികുതിയായും സർക്കാർ വസൂലാക്കുന്നതു്. ജനോപകാരപ്രദങ്ങളായ കാര്യങ്ങൾക്ക് അതു് വിനിയോഗിക്കണമെന്നുള്ളതാണ് പ്രാഥമികമായ രാഷ്ട്രതന്ത്രം. പക്ഷേ, ഇന്നെന്താണുസംഭവിച്ചിരിക്കുന്നതു്? സർക്കാർ വരുമാനത്തിൽ എഴുപത്തഞ്ചുശതമാനത്തിലധികവും വൈററ്കോളർ വേലക്കാരുടെ കൂലിയായും, അവർക്ക് കൂടെക്കൂടെ കൂട്ടിക്കൊടുക്കുന്ന അലവൻസുകളായും ചിലവിടുന്നു. ഇരുപതു ശതമാനത്തിലധികവും മന്ത്രിമാർ, നിയമസഭാംഗങ്ങൾ, അവരുടെ ശിങ്കിടികൾ തുടങ്ങിയവരുടെ യാത്രക്കൂലിക്കും, ടെലിഫോൺ ചിലവിനും, ആരോഗ്യരക്ഷക്കും, ശമ്പളത്തിനുംവേണം. അതൊക്കെ കൊടുക്കാതെ അവർ എങ്ങിനെ സേവനം നടത്തുമെന്നു് ചോദിക്കുന്നവരാണ് ''നവീന ഗാന്ധിയന്മാർ'' ഒരു കോടിയിലേറെ യാത്രബത്തയും ലക്ഷങ്ങളോളമുള്ള ടെലിഫോൺചിലവും, ഭാരിച്ച ദിനബത്തയും കിട്ടാതെ എങ്ങിനെ സേവനം സാധിക്കും? ദാരിദ്ര്യരേഖയ്ക്കുകീഴിൽ നിൽക്കുന്ന പഞ്ഞരാജ്യത്തെ ഉദ്ധരിക്കണമെങ്കിൽ അങ്ങിനെ ''സേവിച്ചാല'ല്ലാതെ' പററുമോ? മററു ധൂർത്തും പാഴ്ചിലവുകളും കുംഭകോണങ്ങളുമൊക്കെ ജനസേവനത്തിന്റെ ആവശ്യങ്ങളാണ്! ഇങ്ങനെ സേവനമേഖല വളരുന്നു.!

രാഷ്ട്രീയക്കാരുടെ ചട്ടുകങ്ങളായ പിള്ളേരും, പോഷകസംഘടനാപ്പട്ടമണിയുന്ന അദ്ധ്യാപകരും സൃഷ്ടിക്കുന്ന അച്ചടക്കരാഹിത്യവും അലങ്കോലങ്ങളുമല്ലാതെ വിദ്യാലയങ്ങളിൽ വല്ല പണിയും നടക്കുന്നുണ്ടോ? സംഘടിതതൊഴിലാളിവർഗ്ഗത്തിന്റെ പേരിലുണ്ടായ സമരങ്ങൾ ഇവിടുത്തെ വ്യവസായരംഗത്തെ ഒരു ശവപ്പറമ്പാക്കിയില്ലേ? ഉല്പാദനദേശമായിരുന്ന കേരളം ഇന്നു് തികച്ചും ഉപഭോഗമേഖല മാത്രമല്ലേ? ഇവിടെനിന്നു കയററിയയക്കാൻ എന്തെങ്കിലും വ്യവസായോല്പന്നങ്ങളുണ്ടോ? സർക്കാരാശുപത്രികൾ സ്വയമരണക്കമ്പനിയാപ്പീസുകളായിക്കഴിഞ്ഞു. മുട്ട മുതൽ മുരിങ്ങയ്ക്കാവരെ വെളിയിൽനിന്നുവരേണ്ട ഗതികേടിലാക്കിയിരിക്കുന്നു ഇവിടത്തെ കൃഷിവിപ്ലവം! ഇല്ല, ഈ പട്ടിക പറഞ്ഞ് നെഞ്ചത്തടിച്ചു കരഞ്ഞിട്ടു കാര്യമില്ല! ഈ ദുരിതങ്ങൾ വരുത്തിയതും വർദ്ധിപ്പിച്ചതും ഇവിടത്തെ കപടരാഷ്ട്രീയക്കാരല്ലേ? അവരിൽനിന്നു മോചനമില്ലേ?

ഉണ്ട്, മോചനത്തിനു മാർഗ്ഗമുണ്ട്. അവരുണ്ടാക്കിയിട്ടുള്ള കുരുക്കുകളും വലകളും വെട്ടിനീക്കാനുള്ള ആയുധം എന്റെയും നിങ്ങളുടെയും കയ്യിൽ ഭരണഘടന തന്നിട്ടുണ്ട്. അതു് വേണ്ടപോലെ ഉപയോഗിച്ചില്ലെന്നതാണ് നാം ചെയ്ത തെററ്! തനിഗുണം, ഒരിക്കലല്ല പലതവണ പ്രകടിപ്പിച്ചിട്ടും കപടരാഷ്ട്രീയക്കാരെ തൊഴിച്ചു പുറത്താക്കാൻ നാം കൂട്ടാക്കിയില്ല. അതുകൊണ്ട് കുരുക്കുകളും വലകളുമിട്ട് അവർനമ്മെ കുഴപ്പത്തിലെത്തിച്ചു!

രാഷ്ട്രീയ പാർട്ടികളല്ലാതെ മററാരും ഇവിടെ ജനങ്ങളുടെ കാര്യം നോക്കാനില്ലെന്നു വരുത്തിയതും, ആ മിഥ്യപരത്തിയതും, അതിൽ നിങ്ങളെയും എന്നെയും വിശ്വസിപ്പിച്ചതും ഇവിടത്തെ രാഷ്ട്രീയം ഇത്രയും, കാലം കയ്യാളിയ കപടരാഷ്ട്രീയക്കാരാണ്.

നന്മയിൽ വിശ്വാസമുള്ളവരും, ധാർമ്മികജീവിതത്തിലാത്തിയുള്ളവരുമാണ് ഇവിടത്തെ ജനങ്ങളിൽബഹുഭൂരിപക്ഷവും. അവർക്ക് അവരുടെ ഉഗ്രമായ ശക്തി പ്രകടിപ്പിക്കാൻ ഒരു പ്രയാസവുമില്ല അതിനു് ഒരു പ്രതിജ്ഞ സ്വയം ഓരോരുത്തരുമെടുത്താൽ മതി. അതിനു തയ്യാറുണ്ടോ?

ആദർശനിഷ്ഠരും സ്വഭാവഗുണമുള്ളവരും, സത്യസന്ധരുമായ ആളുകളെജനപ്രതിനിധികളായികൊണ്ടുവരുവാൻ സാഹചര്യമൊരുക്കുക. ഈ വിധത്തിലുള്ളവർ എല്ലാ നിയോജകമണ്ഡലങ്ങളിലും ഉണ്ട്. സമൂഹത്തിനു സംഭവിച്ചിട്ടുള്ള അധഃപ്പതനത്തിലുള്ള നിരാശകൊണ്ടും, ഏറിവരുന്ന അക്രമാസക്തി വരുത്തുന്ന വിപത്തുകൊണ്ടും മോഹഭംഗവിധേയരായി, ഒഴിഞ്ഞുമാറി, ഒന്നിലുമിടപെടാതെ, ഒതുങ്ങി ജീവിക്കുകയാണ്, നല്ലവരിൽ പലരും! അവരെ തിരിച്ചുകൊണ്ടുവരിക. രാഷ്ട്രീയകക്ഷിക്കാരിലെ നല്ലവരെന്നു് തെളിഞ്ഞിട്ടുള്ളവരെ മാത്രം സ്വീകരിക്കുക. തിരഞ്ഞെടുപ്പിൽഇത്തരമൊരു നിലപാടു മാത്രമേ സ്വീകരിക്കുകയുള്ളു എന്ന ദൃഢപ്രതിജ്ഞയെടുത്തു് പ്രവർത്തിച്ചാൽ ഇന്നത്തെ ദുരവസ്ഥയിൽനിന്നു കരകേറാൻപററും! രാഷ്ട്രീയസ്ഥിതിയിൽ മടുപ്പുവന്നവർ, ഇന്നു ചെയ്യുന്നതു് വോട്ടുചെയ്യാൻപോകാതെ വീട്ടിലിരിക്കുകയാണ്. അങ്ങനെ ചെയ്യാതെ, നല്ലവരെ നിർത്തി വിജയിപ്പിക്കാൻ മനഃപൂർവ്വം പ്രയത്നിക്കുകയാണ് വേണ്ടതു്. ദുഷ്ടിലും ദുർന്നടപടികളിലുമാണ്ടുപോയ രാഷ്ട്രീയ പാർട്ടികളോടുള്ള ആമർഷവും, അത്യുഗ്രമായ പ്രതിഷേധവും പ്രത്യക്ഷമായി പ്രകടിപ്പിക്കാൻ, ഈ വിധത്തിലുള്ള ''പോസിററീവ്' ആക്ഷൻ ഉണ്ടാകണം! അങ്ങിനെവേണം ഇത്രയും കാലമായി ജനങ്ങളിലെ ബഹുഭൂരിപക്ഷമുള്ള നല്ലവരെ, വഞ്ചിച്ച രാഷ്ട്രീയകക്ഷികളോടു് പകവീട്ടാൻ!

ഇവിടെ നല്ലവരുടെ ഒരു ബദൽ സംവിധാനത്തിനു് സാദ്ധ്യതയില്ലെന്നു്, ഇന്നത്തെ രാഷ്ട്രീയപാർട്ടികൾസൃഷ്ടിച്ച പുകമറ, ഈ പുതിയകാററിൽ ഇല്ലാതാകും! നമ്മൾ ദാഹിക്കുന്ന, ധാർമ്മികാധിഷ്ഠിതമായ സമൂഹം കാണാൻ കൊതിക്കുന്ന, ജനങ്ങൾ ഈ വിധത്തിലൊരു കർമ്മപദ്ധതി സ്വീകരിച്ചാൽ, ബദൽ സംവിധാനം സ്വാഭാവികമായി രൂപംപ്രാപിച്ചുകൊള്ളും. വോട്ടിനുവേണ്ടി നിങ്ങളെ സമീപിക്കുന്ന സ്ഥാനാർത്ഥിയുടെ പട്ടുപുതപ്പ് മാററി, അയാളിലെ നന്മ മാത്രം നോക്കി നിങ്ങളുടെ സമ്മതിദാനാവകാശം പ്രയോജനപ്പെടുത്തുക! പട്ടുപുതപ്പല്ല, അതിന്നടിയിലെ പച്ചയായ മനുഷ്യനെ വേണം കാര്യമായിട്ടെടുക്കാൻ! അങ്ങിനെചെയ്യാൻ എനിക്കോ നിങ്ങൾക്കോ ഇന്നിവിടെ പ്രതിബന്ധങ്ങളൊന്നുമില്ല !



നിറവും നിഴലും

— കോന്നിയൂർ ആർ. നരേന്ദ്രനാഥ് —

നങ്കൂരം നഷ്ടമാകുന്ന യുവതലമുറ

അഭിവൃദ്ധിയുടെയും പുരോഗതിയുടെയും പരിഷ്ക്കാരത്തിൻെറയും ഉന്മത്തമാതൃകയാണ് അമേരിക്കൻ ഐക്യനാടുകളിലെ സമൂഹമെന്നുവരുന്നവിധമാണ് അവിടത്തെ മനുഷ്യജീവിതത്തെ മാദ്ധ്യമങ്ങളിലൊക്കെ ഇന്ന് വർണ്ണിക്കപ്പെടുന്നതും വരച്ചുകാണിക്കുന്നതും. ഉള്ളിൽ കരണ്ടുതിന്നുന്ന നിരവധി പുഴുക്കളുള്ള, പുറംമേനിക്കു കോട്ടവും കേടുംവരാത്ത പേടുത്തേങ്ങയെപ്പോലെയാണ് അതെന്ന് എത്രപേർ അറിയുന്നുണ്ട്? അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടികേറുന്നതും അവിടെ ഉയർന്നസ്ഥാനങ്ങളിൽ ഉദ്യോഗം സ്വീകരിക്കുന്നതുമാണ് നമ്മുടെ പുതിയതലമുറയിലെ മിടുക്കന്മാരുടെ ആവേശവും ലക്ഷ്യവും! ഐക്യനാടുകളിൽനിന്ന് നിരന്തരം പ്രവഹിക്കുന്ന മാദ്ധ്യമോല്പന്നങ്ങൾ വെട്ടിവിഴുങ്ങുന്ന വിദ്വാന്മാർ അവയിലെത്ര സത്യമുണ്ടെന്നു ചിന്തിക്കാറില്ല. കോപ്പിയടിക്കു വിരുതുള്ള നമ്മുടെ മാദ്ധ്യമവീരന്മാർ അവയെ അനുകരിച്ച് തങ്ങളുടെ ഉല്പന്നങ്ങളുമുണ്ടാക്കുന്നു. വെട്ടുവാതമുള്ളവർ തലവെട്ടിക്കുന്നമാതിരി ശിരസുചലിപ്പിക്കുകയും കൈ കാലുകൾ കുടഞ്ഞുകളയാൻ ശ്രമിക്കുന്നതുപോലെ ചിതറിപ്പിക്കയും, ശരീരത്തിൻെറ നടുഭാഗം അത്യാഭ്യാസമായ രൂപത്തിൽ ഇളക്കിവെട്ടിപ്പിക്കയും ചെയ്യുന്ന ബ്രേക്ഡാൻസുകൾ! അത്യുച്ചനിലയിൽ കർണ്ണകഠോരമായി, സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ ചീറുകയും ആക്രോശിക്കുകയും ചെയ്യുന്നവിധം വായ്ത്താരിമുഴക്കി ചെയ്യുന്ന റോക്ക്സംഗീതപരിപാടികൾ ഇവയൊക്കെ ഇപ്പറഞ്ഞ കോപ്പിയടികൾക്കുദാഹരണങ്ങളാണ്.

ഉദാത്തമായ സംഗീത-നൃത്തപാരമ്പര്യങ്ങൾ അവകാശപ്പെടാനില്ലാത്ത ഐക്യനാടുകളിലെ വെള്ളക്കാർക്ക് എന്തു കോപ്രായങ്ങൾ കാട്ടിയും വികാര വിജ്രിംഭണമുണ്ടാക്കുന്നയിനങ്ങളോട് ആവേശംതോന്നാം. സ്വീകാര്യമായിരിക്കാം. എന്നാൽ അവയാണ് എല്ലാ ജനങ്ങൾക്കുമുതകുന്നതെന്നു വിധിച്ച് മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുന്നതാണ് സാംസ്കാരിക ഇംമ്പീരിയലിസം! ഇന്ന് എല്ലാ ജനവിഭാഗങ്ങളുടെയും തലയിൽ തല്ലിയുറപ്പിക്കുന്ന അമേരിക്കാവൽക്കരണം അനുഷ്ടിക്കുന്നത് അമേരിക്കൻ സമൂഹത്തെ മാതൃകയായി സ്വീകരിക്കാനുള്ള ആശയം പ്രചരിപ്പിക്കുകയാണ്. ബ്രേക്ഡാൻസ് എന്ന വേലക്കളിയും റോക്മ്യൂസിക്കെന്ന സംഗീതവെപ്രാളങ്ങളും പ്രാദേശികനൃത്തരൂപങ്ങളെയും, സംഗീതമാതൃകകളെയും ക്രമേണ ശ്വാസംമുട്ടിച്ചു നിഗ്രഹിക്കും! അയ്യായിരം വർഷങ്ങളിലധികം ചരിത്രവും, പാരമ്പര്യങ്ങളുമുള്ളവയാണ് നമ്മുടെ നൃത്തങ്ങളും സംഗീതമാതൃകകളും. ഏതു മാനസികഭാവത്തെയും വികാരത്തിൻെറ വിമോഹിപ്പിക്കുന്ന ഏതു രസത്തെയും

ശേഷം 2-ാം പേജിൽ

14-ാം പേജിൽ നിന്ന് തുടർച്ച

അത്യുന്നതവും ഉദാത്ത വുമായവിധങ്ങളിൽ പ്രകടിപ്പിക്കാൻ എല്ലാ സാധ്യതകളുമുള്ളവയാണ് അതിവിപുലവും വിശാലവും ആഴവുമുള്ള നമ്മുടെ സംഗീതവും നൃത്തവും. ഇക്കാര്യങ്ങൾ നമ്മുടെ പുതിയ തലമു റക്ക് അനുഭവേദ്യമാക്കിക്കൊടുക്കുന്നതിന് മുതിർന്നവർ കാണിക്കുന്ന അനാസ്ഥയാണ്, അവരെ ബ്രേക്ഡാൻ സിലേക്കും റോക്മ്യൂസിക്കിലേക്കും നയിക്കുന്നത്. ഇവയെക്കുറിച്ചു മിണ്ടാ ൻപോലും ഇവിടത്തെ സംസ്കാരനായകന്മാരെന്നു പറയപ്പെടുന്നവർക്ക് സമയമില്ല! അമേരിക്കാവൽക്കരണത്തിനെതിരായി ശക്തിയായി പ്രതികരിക്കാനോ മുന്നറിയിപ്പുകൊടുക്കാനോ പത്രങ്ങൾക്കോ നമ്മുടെ മറ്റു മാദ്ധ്യമങ്ങൾക്കോ താല്പര്യവുമില്ല! മറിച്ച് അവർ ഇംമ്പീരിയലിസത്തെ സഹായിക്കുന്നവിധത്തിലുള്ള നയമാണ് സ്വീകരിച്ചുവരുന്നത്. ഇത്തരം ആഭാസത്തരങ്ങളെ വാനോളം വാഴ്ത്താനും, അവയർഹിക്കാത്ത പ്രാമാണ്യം കൊടുത്ത് അവയെ ആദരിക്കുന്നവിധത്തിലുള്ള വിലയിരുത്തലുകൾവഴി ശ്രദ്ധേയങ്ങളാക്കാനുമാണവർ ശ്രമിക്കുന്നത്! ഇക്കാര്യത്തിൽ ഏറ്റവും വലിയ കുറ്റവാളി ടെലിവിഷനാണ്!

എന്നാൽ യാഥാർത്ഥ്യം എന്താണ്? അമേരിക്കൻ ഐക്യനാടുകളിലെ ജനങ്ങൾ അനുനിമിഷം അനുഭവിക്കുന്ന അരക്ഷിതാവസ്ഥയും ഭദ്രതാരാഹിത്യവും എത്രയാഴവും വ്യാപ്തിയും ഉഗ്രതയുമുള്ളതാണ്! പുഴുക്കുത്തുകളും വൈരുദ്ധ്യങ്ങളുമുണ്ടാക്കുന്ന വികല്പങ്ങൾ എത്രമാത്രമാണ്! സ്ഥിതിവിവരക്കണക്കുകൾ അവയറിയാനുതകുന്ന കിളിവാതിലുകൾ തുറക്കുന്നു. എഴുപത്തഞ്ചു ലോകഭാഷകളിൽ പ്രസാധനം ചെയ്യുന്നതും 12,990,000 വരിക്കാരുള്ളതുമായ ഒരു ഐക്യനാടൻ ആനുകാലികത്തിൻെ (അത് 1995 ഡിസംബറിൽ പ്രസിദ്ധപ്പെടുത്തിയതാണ്) കാണാനിടവന്ന ചില വസ്തുതകൾ ഇവിടെ സൂചിപ്പിക്കട്ടെ.

ഒരു ക്രൈസ്തവമൗലികവാദസഭയുടെ ജിഹ്വയായതിനാൽ, അസത്യമെന്നോ അതിശയോക്തിയെന്നോ പറയാൻ വകയില്ലാത്തവയുമാണ്. ഐക്യനാടുകളിലെ വിദ്യാഭ്യാസരംഗത്തു നടമാടുന്ന കൊള്ളരുതായ്മകൾ വാചാലമായി വിവരിച്ചിരിക്കുന്നു. "ന്യൂയോർക്ക് ടൈംസിൽ" ആദ്യത്തെ പുറത്തു വലിയ തലവാചകത്തിൽ പ്രാമാണ്യംകൊടുത്തു പ്രസിദ്ധപ്പെടുത്തിയ ഒരു കുറിപ്പിൽ ഇങ്ങനെയുണ്ടായിരുന്നു. ആധികാരികമായ റിപ്പോർട്ടനുസരിച്ച് ന്യൂയോർക്ക് മഹാനഗരത്തിലെ വിദ്യാർത്ഥികളിൽ 20 ശതമാനം പേർ കൈതോക്ക് തുടങ്ങിയ മാരകായുധങ്ങളോടുകൂടിയാണ് സ്കൂളുകളിൽ വരുന്നത്. ആ മഹാനഗരത്തിൻെറ വിദ്യാഭ്യാസബോർഡിന് 3200 സെക്യൂരിറ്റി ഗാർഡുകളുണ്ട്. അവരുടെ കീഴിലുള്ള ആയിരത്തോളം വിദ്യാലയങ്ങളിൽ സമാധാനം പാലിക്കാൻ! വിദ്യാലയബോർഡിൻെറ തലവനായ ജോസഫ് ഫെർണാണ്ടസ് പറയുന്നത്, വിദ്യാലയങ്ങളിലെ അക്രമം, സർവ്വസ്വാഭാവികമായ യാഥാർത്ഥ്യമാണെന്നാണ്. വിദ്യാലയങ്ങളിലെ അക്രമം തടയാൻ അസാധാരണനടപടികൾ സ്വീകരിക്കാൻ ചിക്കാഗോ, ലോസ് ഏഞ്ചലിസ്, ഡെട്രോയിറ്റ് തുടങ്ങിയ വലിയ നഗരങ്ങളിലെല്ലാം ഇതേ അവസ്ഥതന്നെയാണ്. അമേരിക്കൻ സ്കൂളുകൾ യുദ്ധമേഖലകളാണ്. ഭയവും അതിക്രമങ്ങളും നിരന്തരം നിലനില് ക്കുന്ന സങ്കേതങ്ങൾ - അവ ബുദ്ധിവികാസവും പ്രകാശവും പ്രസരിപ്പിക്കുന്ന കേന്ദ്രങ്ങളല്ല.

മിച്ചിഗൻ സർവ്വകലാശാലയിലെ ഒരു ആധികാരിക പഠനമനുസരിച്ച് ഐക്യനാടുകളിലെ വിദ്യാർത്ഥികൾ 2,70,000 കൈത്തോക്കും മറ്റുമാരകായുധങ്ങളുമായിട്ടാണ് വിദ്യാലയങ്ങളിൽ പോകുന്നത്! കാനഡയിലെ അവസ്ഥയും മെച്ചമല്ല. അവിടത്തെ "ഗ്ലോബ് ആൻറ് മൈൽ" - എന്ന പത്രത്തിൽവന്ന ഒരു തലവാചകം വിദ്യാലയങ്ങൾ അത്യപകടമേഖലകളായിത്തീരുന്നു എന്നാണ്. ആസ്ത്രേലിയയിലെ മെൽബോൺനഗരത്തിലെ വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കൾ, അവരുടെ കുരുന്നുകളെ തട്ടിക്കൊണ്ടുപോയേക്കുമോ എന്ന ഭയപ്പാടുകൊണ്ട്, കുഞ്ഞുങ്ങളെ സ്വയം സ്കൂളിലാക്കുവാനും, തിരികെ വിളിച്ചുകൊണ്ടുപോരാനും പ്രത്യേകം ശ്രദ്ധിക്കുന്നു!

ഐക്യനാടുകളിലെ വിദ്യാർത്ഥികളുടെ ധാർമ്മികവും സദാചാരപരവുമായ അരാജകത്വം എത്രമാത്രമെന്നു സൂചിപ്പിക്കുന്ന ചിലവസ്തുതകൾക്കും ഇവിടെ പ്രസക്തിയുണ്ടല്ലോ. അറുപതുശതമാനം അവിവാഹിത യുവജനങ്ങളും ലൈംഗികവ്യാപൃതരാണ്. ചിക്കാഗോയിലെ ഒരു വിദ്യാലയത്തിലെ സ്ഥിതിവിവരങ്ങൾ ശേഖരിച്ചപ്പോൾ, അവിടുത്തെ പെൺകുട്ടികളിൽ മൂന്നിലൊരുഭാഗം അവിവാഹിതഗർഭവതികളായിരുന്നു! ചില വിദ്യാലയങ്ങളിൽ ഇത്തരം അമ്മമാരുടെ ശിശുക്കളെ പരിചരിക്കാൻ പ്രത്യേക ഏർപ്പാടുകൾ ചെയ്തിരിക്കുന്നു! ഏയ്ഡ്സ് എന്ന മഹാരോഗത്തിൽനിന്നു രക്ഷനേടാൻ വിദ്യാർത്ഥികളെ ഉറയുപയോഗിക്കുന്നതിനു ശീലിപ്പിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ അവ വിതരണം ചെയ്യുന്നതിന് പലയിടത്തും സജ്ജീകരണങ്ങളുമുണ്ട്.

യുവജനങ്ങളിൽ വിവാഹജീവിതത്തിനുള്ള താല്പര്യം പരിഭ്രമജനകമാംവിധം ഇല്ലാതായിട്ടുണ്ട്. അതേസമയം, കല്യാണംകൂടാതെ, ആണുംപെണ്ണും സുഹൃത്തുക്കളെപ്പോലെ ഒന്നിച്ചുകഴിയുന്നതിനാണ് താല്പര്യം കാണിക്കുന്നത്. കുടുംബജീവിതത്തിൻെറ കെട്ടുപാടുകളും ശാലീനഭാവങ്ങളുമൊക്കെ കഴിഞ്ഞുപോയ ചരിത്രവസ്തുതകളായി പരിണമിക്കുകയാണവിടെ. മദ്യത്തോടും മയക്കുമരുന്നിനോടുമുള്ള അഭിനിവേശം യുവജനങ്ങളിൽ പ്രത്യേകിച്ചും സർവ്വസാധാരണമായിക്കഴിഞ്ഞിരിക്കുന്നു.

പ്രശ്നംഒന്നേയുള്ളൂ. നാം നമ്മുടെ പാരമ്പര്യങ്ങളും മൂല്യങ്ങളും കയ്യൊഴിഞ്ഞ് പ്രശ്നസങ്കീർണ്ണമായ ഒരു പുതിയ ജീവിതശൈലി സ്വീകരിക്കണോ അതോ പഴയതിൻെറ അപാകതകൾ കഴിയുന്നത്ര പരിഹരിച്ച് സമുജ്ജ്വലമായ സംസ്കാരത്തെ കൂടുതൽ തേജോമയമാക്കുന്ന ജീവിതത്തിലേക്ക് മടങ്ങണോ? ഓരോരുത്തനും ഈ ചോദ്യത്തിന് മറുപടി കണ്ടെത്തട്ടെ!

സ്ഥാനാർത്ഥിയുടെ ചിരി

ഇത്തവണത്തെ തെരഞ്ഞെടുപ്പിൽ രണ്ടുപേർ നേരിട്ടുമത്സരിക്കുന്ന നിയോജകമണ്ഡലങ്ങൾ തുലോം കുറഞ്ഞിരിക്കുന്നു. എങ്കിലും തെരഞ്ഞെടുപ്പിന്റെ ചൂടും പ്രവർത്തകരുടെ ചുണയും വളരെ മുറുകിയിരുന്നു. എങ്ങോട്ട്, എവിടെ തിരിഞ്ഞാലും ഒരു സ്ഥാനാർത്ഥിയെയോ, ഏജന്റിനെയോ വൈതാളികനേയോ, കണ്ടുമുട്ടാതെ കടന്നുപോകാനാവില്ല. എങ്കിലും സ്ഥാനാർത്ഥികളുടെ എണ്ണം ഏറുന്നത് ജനാധിപത്യത്തിന്റെ മാറ്റും മാന്യതയും ഏറ്റുന്നുണ്ടെന്ന് ആരും അവകാശപ്പെടുമെന്നു തോന്നുന്നില്ല.

കുറെമുമ്പുവരെ ഒരേകക്ഷിയിൽ, പരസ്പരം തോളിൽകയ്യിട്ടു നടന്നിരുന്നവർ, ഇന്നു പരമശത്രുക്കളായി മത്സരരംഗത്തുവന്നിരിക്കുന്നു. ചിലർ മാതൃസംഘടനയിലും, മറ്റുള്ളവർ കൂറുമാറി കൂടുവിട്ട് സ്വന്തം കക്ഷിയുണ്ടാക്കിയോ, മറ്റെവിയെയെങ്കിലും ചേക്കേറിയോ ആണ് അരങ്ങുതകർക്കുന്നത്. മനസ്സാക്ഷിയുടെ സമ്മർദ്ദത്താലാണത്രെ ഇവരോരോരുത്തരും മത്സരിക്കാൻ തീരുമാനിച്ചതും, ഗോദയിലിറങ്ങിയതും! ഈ അവസ്ഥാവിശേഷത്തിനേറ്റവും കൂടുതലാളുകളെ സംഭാവനചെയ്തിട്ടുള്ളത് ഇന്ദിരാകോൺഗ്രസ് ആണ്. കാശ്മീരം മുതൽ കന്യാകുമാരിവരെയും, കത്തിയവാഡ് മുതൽ കാമരൂപംവരെയും പരന്നുകിടക്കുന്ന വിശാലമായ നമ്മുടെ നാടിന്റെ എല്ലാ പ്രദേശങ്ങളിലും ഇന്ദിരാകോൺഗ്രസിൽ ഈ പ്രതിഭാസം പ്രകടമാകുന്നു.

കോൺഗ്രസ്സ് എന്ന രാഷ്ട്രീയകക്ഷിയെപ്പോലെ, കുറഞ്ഞകാലംകൊണ്ട് ഇത്രയധികം ചിന്നിച്ചിതറിയ മറ്റൊരുകക്ഷിയില്ല. ഇതും നമ്മുടെ ജനാധിപത്യസംസ്കാരത്തിന്റെ വീര്യത്തിന്റെയും വീറിന്റെയും തെളിവാണെന്നാണവരുടെ അവകാശം. ഇതു പറഞ്ഞുവിശ്വസിപ്പിക്കാൻ വാചാലമായി വാദിക്കാറുള്ള എത്രയോ ഇന്ദിരാകോൺഗ്രസുകാരെ ഈ ലേഖകന് നേരിട്ടറിയാം.

1996–ലെ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളിൽ ഏറെപ്പേർ കോൺഗ്രസ്സിൽനിന്നും തെറ്റിപ്പിരിഞ്ഞവരാണെന്നുപറഞ്ഞല്ലോ പലരും പുതിയതായി തട്ടിക്കൂട്ടിയ പുത്തൻ കക്ഷികളിലെയംഗങ്ങളാണ്. മാതൃസംഘടനയുടെ പഴയപരിശുദ്ധി തങ്ങളിലേയുള്ളുവെന്ന് അവർ അവകാശപ്പെടുന്നു!

സ്വാതന്ത്ര്യസമരകാലത്ത് സർവ്വജനങ്ങളെയും പ്രദേശങ്ങളെയും ഇവിടെ ഉൾക്കൊണ്ടിരുന്ന ഒരു ബഹുജനപ്രസ്ഥാനമായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്. അത് സ്വാതന്ത്ര്യലബ്ധിക്കുശേഷം തുടർന്നു നിലനിന്നാൽ വെറുമൊരു രാഷ്ട്രീയകക്ഷിയായി തരംതാണുപോകുമെന്ന് വിവരമുള്ളവരൊക്കെ വിശ്വസിച്ചിട്ടുണ്ട്. തഴച്ചുവളർന്നുനിന്ന തെങ്ങിനു കാറ്റുവീഴ്ചയുണ്ടാകുമ്പോൾ, തലതേമ്പി ഒടുവിൽ തളർന്നുണങ്ങുന്നതുപോലെ, ആ മഹാപ്രസ്ഥാനത്തിന് ഗതിയുണ്ടാവരുതെന്നു കരുതിയാണ്, സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ഔപചാരികമായി ഇന്ത്യൻ നാഷണൽ കോൺഗ്രസ് പിരിച്ചുവിടണമെന്ന്, മഹാത്മജി ഉപദേശിച്ചത്. അദ്ദേഹം നൽകിയ വിലപ്പെട്ട നിർദ്ദേശങ്ങൾ പലതും, സ്വാതന്ത്ര്യത്തിന്റെ അരുണോദയകാലത്ത് കോൺഗ്രസ് നേതാക്കന്മാർ ചെവിക്കൊണ്ടില്ല. അവർക്ക് അധികാരമേൽക്കാൻ ധൃതിയും അവരുടെ വൈതാളികന്മാർക്ക് സ്വാർത്ഥതാല്പര്യങ്ങൾ ഉറപ്പിക്കാനും വളർത്താനുമുള്ള തിടുക്കവുമായിരുന്നു.

കോൺഗ്രസ് നേതാക്കന്മാർക്കിടയിൽ അതിനുമുമ്പും അന്നും നിലവിലിരുന്ന ശീതസമരം ജനത്തിന് ചൂടുയുദ്ധമായി കാണാനും, അനുഭവപ്പെടാനുമിടയായത് 1969–ലെ കോൺഗ്രസ് ഭിന്നിപ്പോടുകൂടിയാണ്. പഴയ കോൺഗ്രസ് എന്ന ബഹുജനപ്രസ്ഥാനം അന്ന് അന്തരിച്ചു. പുതിയ രാഷ്ട്രീയ സംസ്കാരം ഇവിടെ അന്നാരംഭിച്ചു. കാലത്തിനൊത്ത ഒരു രാഷ്ട്രീയകക്ഷിയായിത്തീർന്നു അധികാരം സ്വായത്തമാക്കിയ വിഘടിതകോൺഗ്രസ് വിഭാഗം. അതിൽ അധികാരമുറപ്പിച്ച ഇന്ദിരാഗാന്ധി, രാഷ്ട്രീയക്കളി അതിവിദഗ്ധമായി നടത്തി സ്വന്തം മേന്മ അരക്കിട്ടുറപ്പിച്ചു. അന്നും, അതിനുശേഷം രാജീവ്ഗാന്ധിയുടെ കൊലപാതകംവരെയും, ഇന്ദിരാകോൺഗ്രസ് നെഹ്രുകുടുംബത്തിന്റെ ഒരു തറവാട്ടുസ്വത്തുമാത്രമായിത്തീർന്നു. ഇന്ന് അതിന്റെ അവസ്ഥ അതിദാരുണമെന്നേ പറയാനുള്ളൂ. കൂടെക്കൂടെ അതിലുണ്ടാകുന്ന വഴക്കുകളും ഭിന്നിപ്പുകളുമൊക്കെ, പഴയ നായർതറവാടുകളിൽ അനന്തിരവന്മാർതമ്മിൽ, മുതലുകയ്യടക്കാൻ നടത്തുന്ന തമ്മിൽതല്ലുകൾമാതിരിയുള്ള ഒരു പ്രതിഭാസമാണ്. കുശുമ്പും കുന്നായ്മയുമുള്ള കുടുംബങ്ങളിലെപ്പോലെ അതിൽ കലഹങ്ങളും ചെളിവാരിയെറിയലുമെല്ലാം തുടർന്നും നടന്നുകൊണ്ടിരിക്കുന്നു.

തെരഞ്ഞെടുപ്പ് ആസന്നമെന്നറിയാറായ ദിവസങ്ങളിൽതന്നെ, ഓരോ രാഷ്ട്രീയകക്ഷിയും, എഴുതുന്നതിനും വരയ്ക്കുന്നതിനുമിടമുള്ള സ്ഥലങ്ങളും, മതിലുകളുമൊക്കെ അവരവരുടേതായി ''റിസർവ്വു'' ചെയ്തു. പാവം! സ്വതന്ത്രന്മാർക്ക് ഇതിനുവേണ്ടത്ര സമയം കിട്ടിയില്ല! പടങ്ങൾ വരച്ചും, അച്ചടിച്ച വർണ്ണപ്പടങ്ങൾ ഒട്ടിച്ചും, ജനശ്രദ്ധപിടിച്ചുപറ്റാനുള്ള പരിശ്രമം എവിടെയും കാണാം. സ്ഥാനാർത്ഥികളുടെ പടങ്ങൾക്ക് ഒരു സവിശേഷതയുണ്ട്. ഒന്നുകിൽ അയാൾ വഴുക്കെചിരിക്കുന്നു, അല്ലെങ്കിൽ കൈകൂപ്പിസ്ഥിതിചെയ്യുന്നു! കൂടുതൽ സ്ഥാനാർത്ഥികളും ഇളിഭ്യച്ചിരിക്കാരുതന്നെ. ദന്തവൈദ്യനായ ഒരു സുഹൃത്തിന്റെ കമന്റ്– ''ഇയാൾ കാട്ടുന്നത് സ്വന്തം പല്ലല്ല! കൃത്രിമപ്പല്ലാണ്. ചിരിയും പല്ലും കൃത്രിമംതന്നെ!''

കടലാസിന്റെ വിലയും അച്ചടിക്കൂലിനിരക്കും നോക്കിയാൽ ഒരു വലിയ വർണ്ണചിത്രം തയ്യാറാക്കി ഭിത്തിയിൽ ഒട്ടിക്കാൻവേണ്ടിവരുന്ന തുക ഒട്ടും കുറവല്ല. അത്തരം വലിയ ഒരു നോട്ടീസുപടത്തിന് കുറഞ്ഞത് 300–500 ക. വേണ്ടിവരും! ചവറുപോലല്ലെ, ഇവ മതിലുകളിലും മറ്റിടങ്ങളിലും സ്ഥാനംപിടിക്കുന്നത് ! സ്ഥാനാർത്ഥിയുടെ വെളുക്കെചിരിക്കുന്ന മോന്ത, ഭിത്തിയിൽ വരച്ചുവയ്ക്കാൻ, ചിത്രകാരന്മാർ നല്ലതുക വസൂലാക്കാറുണ്ട്! വേറൊന്നുള്ളതാണ് സ്ഥാനാർത്ഥിയുടെ കട്ടൗട്ട്! സിനിമാക്കാരാണീയേർപ്പാടിന്റെ ഉപജ്ഞാതാക്കൾ! തമിഴ്നാടിന്റെ ഒരു സംഭാവന ! ഇന്നത് രാഷ്ട്രീയക്കാർ ദത്തെടുത്തിരിക്കുന്നു! കൈകൂപ്പി നെടുനീളത്തിൽ നില്ക്കുന്നതോ വഴുക്കെചിരിക്കുന്നതോ ആയിരിക്കും കട്ടൗട്ട്! ഇത്തരം കെട്ടുകാഴ്ചകളില്ലാത്ത നാൽക്കവലകൾ നന്നേ കുറവാണ് പല നഗരങ്ങളിലും. ഒരു കട്ടൗട്ടുണ്ടാക്കി ഉയർത്തിനിർത്താൻവരുന്ന ചിലവ് ചില്ലറയല്ലെന്നാണ് അനുഭവസ്ഥരറിയിക്കുന്നത്. തെരഞ്ഞെടുപ്പുകമ്മീഷൻ, സ്ഥാനാർത്ഥികളുടെ കണക്ക് തിട്ടപ്പെടുത്തുമ്പോൾ ഇവയൊക്കെ പരിഗണിക്കാതിരിക്കുമോ?

കേസരി 12-5-1996

26

കൂറുമാറ്റക്കാരെന്ന സങ്കരസന്തതികൾ

കേന്ദ്രത്തിലോ ഏതെങ്കിലും സംസ്ഥാനത്തോ ഒരിക്കലെങ്കിലും ഭരണാധികാരം കയ്യാളാൻ കഴിഞ്ഞിട്ടുള്ളതോ, ആ ഭാഗ്യം സിദ്ധിച്ചില്ലെങ്കിലും വിപുലമായ സ്വാധീനംനേടാൻ സാധിച്ചിട്ടുള്ളതോ ആയ എല്ലാ രാഷ്ട്രീയകക്ഷികളിലും കൂറുമാറ്റക്കാരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു എന്നതാണ് ഈ (1996) പൊതുതെരഞ്ഞെടുപ്പിന്റെ മുഖ്യമായ സവിശേഷത. 1952 മുതൽ 1991 വരെ ഉണ്ടായ തെരഞ്ഞെടുപ്പുകളിൽ 1996ലെ മാതിരി കൂറുമാറ്റക്കാരുടെ എണ്ണം പെരുകിയിട്ടില്ല. ജനാധിപത്യപ്രക്രിയയുടെ വളർച്ചയും ആരോഗ്യവുമല്ല ഇതു സൂചിപ്പിക്കുന്നത്. തളർച്ചയും രോഗാതുരതയുമാണ്. എല്ലാ ദേശീയമുഖ്യകക്ഷികളും ഛിന്നഭിന്നമായിരിക്കുന്നു.

കൂടുമാറ്റവും കൂറുമാറ്റവും കുറ്റമറ്റ കാര്യമല്ലെന്നു വരുത്തിയതും, കുറ്റക്കാരെ അച്ചടക്കലംഘനത്തിനു പുറംതള്ളുകയോ താല്ക്കാലികമായി കക്ഷിയിൽനിന്നു ഒഴിവാക്കുകയോ ചെയ്യുന്ന നടപടിയുണ്ടാകുമ്പോൾ, കുറ്റവാളികൾ സ്വയം തങ്ങളാണ് യഥാർത്ഥ മാതൃസംഘടനയെന്നവകാശപ്പെട്ടുകൊണ്ട്, പെരുമാറുകയും ചെയ്യുന്ന അവസ്ഥാവിശേഷത്തിന് ഇന്ത്യയിൽ തുടക്കം കുറിച്ചത് ശ്രീമതി ഇന്ദിരാഗാന്ധിയാണ്- ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ പിളർപ്പുണ്ടാക്കിയപ്പോൾ. രാഷ്ട്രീയരംഗത്ത് ഇന്നു കാണുന്ന എല്ലാ തിന്മയുടെയും ജീർണ്ണതയുടേയും, അധഃപതനത്തിന്റെയും ആരംഭം അന്ന് അവർ ഉദ്ഘാടനം ചെയ്തു. ദേശീയ സ്വാതന്ത്ര്യസമരത്തിൽ സ്വീകരിക്കുകയും സർവ്വാത്മനാ അംഗീകരിക്കുകയും ചെയ്തിരുന്ന ആദർശങ്ങളും സമരരീതികളും കക്ഷിരാഷ്ട്രീയപാരമ്പര്യങ്ങളുമൊക്കെ അവസാനിച്ചതും അന്നുമുതലാണ്. പുതിയ ഒരു രാഷ്ട്രീയ''സംസ്കാര''ത്തിന്റെ ആരംഭമുണ്ടായതും അന്നുമുതൽതന്നെ. പഴയതും പുതിയതും തമ്മിലുള്ള വ്യക്തമായ വേർതിരിവുകാണിക്കുന്ന അതിർത്തിരേഖ ഇവിടെ കിടക്കുന്നു.

നയപരിപാടികളുടെയും ആദർശങ്ങളുടെയും അഭികാമ്യങ്ങളായ കർമ്മപദ്ധതികളുടെയുമടിസ്ഥാനത്തിൽ രൂപീകൃതമാകുന്ന രാഷ്ട്രീയകക്ഷികളിൽ സമർപ്പിക്കുന്ന സേവനത്തിലൂടെയാർജ്ജിക്കുന്ന മാന്യതയും നേതൃത്വവുമായിരുന്നു അന്നുവരെ രാഷ്ട്രീയപ്രവർത്തകർ സ്വീകരിച്ചതും അംഗീകരിച്ചതും. എന്നാൽ ''പുതിയ രാഷ്ട്രീയസംസ്കാര''ത്തിൽ, സ്വാർത്ഥലാഭാർത്ഥം സ്വീകരിക്കുന്ന സമ്മർദ്ദതന്ത്രങ്ങളും, അധികാരസ്ഥാനങ്ങൾ വിദഗ്ധവും തന്ത്രപരവുമായി വിന്യസിപ്പിച്ച് ആരാധകരുടെയും പിണിയാളുകളുടെയും വൈതാളികന്മാരുടെയും സംഖ്യ വർദ്ധിപ്പിക്കുകയും ചെയ്യുന്ന വിദ്യകളായിത്തീർന്നു രാഷ്ട്രീയക്കാരുടെ പയറ്റുമുറകൾ. കോൺഗ്രസ് കക്ഷിയുടെ പിളർപ്പിനെത്തുടർന്നുള്ള ആദ്യഘട്ടങ്ങളിൽ ഈ ചാണക്യവിദ്യകളുടെ വിദഗ്ധമായ അരങ്ങേറ്റം ഇന്ദിരാഗാന്ധിതന്നെ നടത്തിയാണ്, അവരുടെ അധികാരം അരക്കിട്ടുറപ്പിച്ചത്. ഇതേ വിദ്യകളാണ് ഇന്ത്യയിലെ ഇതര രാഷ്ട്രീയകക്ഷികളിലെ കുറുമാറ്റക്കാർ പകർത്തിയതും ആവർത്തിച്ചു വളർത്തിയതും. അധികാരം കയ്യാളാനും, പദവി പുലർത്താനും ഏതു മാർഗ്ഗവും സ്വീകരിക്കാവുന്നതാണെന്നുവന്നു. സഞ്ജയ്ഗാന്ധിയെ അമ്മ കയറൂരിവിട്ടത് ഈ പരിപാടിയുടെ ഫലമായിട്ടാണ്. കൈക്കൂലിയും കോഴയും അവിഹിതസമ്പാദ്യങ്ങളുമൊക്കെ ആവലാതിപ്പെടാനുള്ള തിന്മകളല്ലെന്നു പ്രഖ്യാപിച്ച് ആഗോളപ്രതിഭാസമായി ചിത്രീകരിച്ച്, നിസ്സാരമാക്കിപ്പറയാനും, ന്യായീകരിക്കാനുമായിത്തീർന്നു, നേതാക്കന്മാരുടെപോലും മനോഭാവം! താല്പര്യം!

മാതൃസംഘടനയുടെ ശീതളഛായയിൽ വിഹരിച്ച്, അനുസരണയുള്ളവനെന്നുനടിച്ച്, കിട്ടാവുന്ന എല്ലാ പ്രയോജനങ്ങളും ഉപയോഗപ്പെടുത്തി, സമൂഹത്തിൽ മാന്യതയും പേരും പ്രതിഷ്ഠിച്ച്, സ്വന്തമായിട്ടൊരു മേൽവിലാസമുണ്ടാക്കിയപ്പോഴാണ്, മനസ്സാക്ഷിയുടെപേരിൽ ഒരു കസർത്തുനടത്താനുള്ള കരുത്ത് കൂറുമാറ്റക്കാരന് വന്നത്. നേതൃത്വത്തിന് കുറവുകളും കുറ്റങ്ങളും തെറ്റുകളുമുണ്ടെന്ന് പ്രഖ്യാപിച്ച് മാതൃസംഘടനവിട്ട് മറ്റൊരു കൂട്ടിലേക്ക് കുടികയറി, പുതിയ വിഹാരരംഗങ്ങൾ കണ്ടെത്തി അവർ സ്വാർത്ഥതാല്പര്യങ്ങൾക്കുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. കക്ഷികളുടെ ക്രമാതീതമായ ബാഹുല്യമുള്ള കാലയളവിൽ കൂറുമാറ്റക്കാർക്ക് ചേക്കേറാൻ വിഷമമില്ല. അവരുടെ നെറികെട്ട നടപടിയെ ന്യായീകരിക്കാനും, പെരുമാറ്റത്തെ വെള്ളയടിക്കാനും മൊത്തത്തിൽ അവരെ ധീരസാഹസികരായ വീരപുരുഷന്മാരാണെന്നുവരുത്താനും തല്പരകക്ഷികളുണ്ടായി. ഇത്തരം ഒരു പ്രത്യയശാസ്ത്രം കണ്ടെത്താൻ കഴിഞ്ഞിരുന്നെങ്കിൽ താനാണ് സത്യക്രിസ്ത്യാനിയെന്ന് അവകാശം മുഴക്കാനും, യേശുക്രിസ്തുവിനെ മൂരാച്ചിയായി പുറന്തള്ളാനും ജൂഡാസ് ഇസ്കാരിയട്ടിന് സാധിക്കുമായിരുന്നു!

കൂറുമാറ്റക്കാരെന്ന നവീനപ്രവാചകരെയും വെളിപാടുകാരെയും, അവർ എത്ര കേമന്മാരായിരുന്നാലും, പുറത്താക്കി, പടിയടച്ചുപിണ്ഡംവെച്ചു നിരാകരിക്കാൻ തയ്യാറാകേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. സ്വന്താംകാര്യം സിന്ദാബാദ് – എന്ന ഏകകർമ്മപരിപാടിയല്ലാതെ മറ്റൊന്നുമില്ലാത്ത ഇവരുമായി ജനങ്ങൾ നിസ്സഹകരിക്കണം. ഇപ്പോൾതന്നെ എണ്ണം പെരുകിയിട്ടുള്ള ഇവരെക്കൊണ്ട് പൊറുതിമുട്ടുന്ന കാലംവരെ കാത്തിരിക്കേണ്ടതില്ല. കൂറുമാറ്റക്കാരെന്ന കപടനാടകവേഷക്കാരുടെ പൊയ്മുഖം കണ്ടാലറിയാത്തവരാണോ സാമാന്യവിവേകമുള്ള സാധാരണജനം? സാധാരണക്കാരെ മുച്ചൂടും മുടിച്ചും ചതിച്ചും ചൂഷണം ചെയ്യുന്ന ഈ സങ്കരസന്തതികളെ സമൂഹവിലക്കിലൂടെ മാത്രമേ നശിപ്പിക്കാൻ സാധിക്കൂ. നമ്മുടെ സമൂഹ

ശേഷം 13–ാം പേജിൽ

നിറവും നിഴവും

4–ാംപേജിൽനിന്ന് തുടർച്ച...

ത്തിൽ സംഭവിച്ചിട്ടുള്ള മൂല്യച്യുതി യും ധാർമ്മികാധഃപതനവും, ഭദ്രതാരാഹിത്യവുമെല്ലാം ഇവരുടെ പ്രത്യക്ഷ വും പരോക്ഷവുമായ പ്രവർത്തനഫല ങ്ങളാണ്. നഷ്ടപ്പെട്ടതും, നാശത്തി ലേക്കു നീങ്ങുന്നതുമായ നമ്മുടെ ന ന്മയേറിയ പാരമ്പര്യ ധാർമ്മിക–മൂല്യ ബോധങ്ങളെ പുനപ്രതിഷ്ഠിക്കാൻ കൂറുമാറ്റവർഗ്ഗങ്ങളെ നിർമ്മാർജ്ജനം ചെയ്തേ മതിയാകൂ. രാഷ്ട്രീയാതിപ്രസരത്തിൽ മുങ്ങിയിട്ടുള്ള ഇന്നത്തെ സമൂഹത്തിന് മോചനത്തിനുള്ളമാർ ഗ്ഗം അതുമാത്രമാണ്.

കൂറുമാറ്റക്കാർ, നമ്മുടെ ജനാധിപത്യവിശ്വാസത്തെയും വ്യവസ്ഥയേയും പരിരക്ഷിക്കുമെന്നോ അഭിവൃദ്ധിപ്പെടു ത്തുമെന്നോ ആരെങ്കിലും കരുതുന്നു ണ്ടെങ്കിൽ, അയാൾ മൂഢസ്വർഗ്ഗത്തിലിരുന്നു ദിവാസ്വപ്നം കാണുകയാണെന്ന് തീർച്ചയുണ്ട്. സ്വാർത്ഥതാല് പര്യത്തിനു മുമ്പിൽ എല്ലാ നന്മകളെ യും ബലികൊടുക്കാൻ കച്ചകെട്ടിയി ട്ടുള്ള അവർക്കെങ്ങിനെ ഇവിടെ ഒരു നല്ല സമൂഹസൃഷ്ടിയിൽ ഭാഗഭാക്കു കളാകാനൊക്കും?

മഹത്വം പ്രകടിപ്പിക്കാനൊരവസരം

വോട്ടെടുപ്പു പൂർത്തിയാക്കി, തെരഞ്ഞെടുപ്പു പ്രക്രിയ അവസാനിക്കുന്നതുവരെ, നമ്മുടെ രാജ്യത്തിൻെറ വിവിധ പ്രദേശങ്ങളിൽ നടമാടിയ സംഭവങ്ങൾ, ഗ്രീക്കുദുരന്തനാടകങ്ങളിൽ മാത്രം കാണാൻ കഴിയുന്ന കാര്യങ്ങളാണ്. കാണികൾക്കും കേൾവിക്കാർക്കും വളരെയധികം വിനോദം (അപൂർവ്വമായി ദു:ഖവും) പകർന്നു കൊടുത്ത വേഷങ്ങൾ എത്രയാണ് അരങ്ങുതകർത്തത്! പല കക്ഷികളുടെയും പ്രസിദ്ധപ്പെടുത്തിയ പ്രകടനപത്രികകളിൽ പറയുന്ന കാര്യങ്ങളിൽ കാര്യമായവ്യത്യാസങ്ങൾ കാണാനില്ല. എന്നാൽ നേതാക്കന്മാരും അവരുടെ വൈതാളികരും വേലക്കാരും പറഞ്ഞിരുന്നത്, ഓരോരുത്തർക്കും തനതായ പരിപാടിയുണ്ട് എന്നായിരുന്നല്ലോ. തെരഞ്ഞെടുപ്പുകമ്മീഷനെ ഭയന്ന് പലരും ആത്മനിയന്ത്രണം പാലിക്കാൻ നിർബ്ബന്ധിതരുമായി. പരസ്പരം ചെളിവാരിയെറിയുന്ന പതിവു പരിപാടി വളരെ കുറച്ചത് തെരഞ്ഞെടുപ്പുകമ്മിഷനെക്കുറിച്ചുള്ള ഭയം തന്നെ! ഏതായാലും പ്രവചനക്കാരെയും ജ്യോത്സ്യന്മാരെയും പരാജയപ്പെടുത്തിയവയാണ് തെരഞ്ഞെടുപ്പുഫലം! കക്ഷിത്തലവന്മാരെയും പരാജയപ്പെടുത്തിയവയാണ് തെരഞ്ഞെടുപ്പുഫലം! കക്ഷിത്തലവന്മാർ അവരവരുടെതായ പ്രസ്താവനകളിൽ പ്രകടിപ്പിച്ചിരുന്ന ശുഭാപ്തിവിശ്വാസം സഫലമായില്ല. കോൺഗ്രസ്സും (ഇന്ദിര) ജനതാദളും കമ്യൂണിസ്റ്റുകാരുമൊക്കെ, തങ്ങൾക്ക് വമ്പിച്ച നേട്ടമുണ്ടാകുമെന്നാണല്ലോ കൊട്ടിഘോഷിച്ചിരുന്നത്.

മുമ്പൊരുകാലത്തുമനുഭവിച്ചിട്ടില്ലാത്ത കഠിനമായപരാജയം ഏറ്റുവാങ്ങിയ നാഷണൽ കോൺഗ്രസ് (ഇന്ദിര) ഏറ്റവും കൂടുതൽ ചിന്നിച്ചിതറുന്നതിലാണ് നേട്ടമുണ്ടാക്കിയത്! എവിടെയെല്ലാം എത്രയെത്ര കക്ഷികളാണ് അപ്രകാരം രൂപംകൊണ്ടത്! ഹവാലകുപ്രസദ്ധിയാർജ്ജിച്ചവർ എത്രപേരാണ് അവരുടെ സ്വന്തം കക്ഷികളുണ്ടാക്കി, തെരഞ്ഞെടുപ്പിൽ മത്സരിച്ചത്! അവരെല്ലാം, കുറ്റം പറയാനും, കുഴപ്പത്തിൻെറ ഉത്തരവാദിത്വം ആരോപിക്കാനുമാണ് മാതൃസംഘടയെചൂണ്ടിക്കാണിച്ചത്. തങ്ങളേക്കാൾ ഭേദപ്പെട്ടവരോ മികച്ചവരോ, ആയ ജനസേവകന്മാർ വേറെയില്ലെന്നു വരുത്തുന്നവിധത്തിലായിരുന്നു അവരുടെ പ്രസ്താവനകളിലെ വായ്ത്താരി! സ്വന്തം പരിവേഷത്തിനു തിളക്കം കൂട്ടാൻ എന്തൊക്കെ കസർത്തുകളും വേലകളികളുമാണവർ കാണിച്ചത്! അഴിമതികളോ, അവിഹിതസമ്പാദ്യമോ, കോഴയോ ഒന്നുമേല്ക്കാത്ത ധന്യജീവിതത്തിൻെറ ഉടമസ്ഥരാണ് തങ്ങളെന്നാണ് എല്ലാവരും പൊതുജനങ്ങളോട് ആണയിട്ടുപറഞ്ഞത്. ഇതിൽ കവിഞ്ഞൊരുവിനോദമില്ലാത്തതിനാൽ, ജനം, അത് സഹിച്ചു! അഴിമതികളിലെ കഥാനായകമന്മാർ അപ്രകാരം "ഹിറോ-"മാരായി സമൂഹത്തിൽ സഞ്ചരിച്ചു! പക്ഷെ ബുദ്ധിയും, യുക്തിയും വിവേകവുമുള്ള സാമാന്യജനങ്ങൾ അവരെനോക്കിച്ചിരിച്ചു! തെരഞ്ഞെടുപ്പു വിജയത്തിലൂടെകുംഭകോണത്തിൻെറ കഴമ്പില്ലായ്മകാണിച്ചുകൊടുക്കുമെന്നും വീരവാദം മുഴക്കിയവരും കുറവല്ല. ക്രിമിനൽ ആരോപണമുള്ളവർക്ക് കുറെ, മോചനത്തിനും മറ്റും തെരഞ്ഞെടുപ്പുവിജയം മതിയെന്നപുതിയനീതിശാസ്ത്രത്തിൻെറനിർവ്വചനം മുമ്പെങ്ങും കേട്ടിട്ടില്ലാത്തതാണ്.

ഏതായാലും തെരഞ്ഞെടുപ്പുകഴിഞ്ഞു. പാർലിമെൻറിലെ ഏറ്റവും വലിയ കക്ഷിയെന്ന അഭിമാനകരമായനേട്ടം ഭാരതീയജനതാകക്ഷിയാർജ്ജിച്ചു. ഗുജറാത്തിൽ കുറച്ചുകാലംമുമ്പുണ്ടായ സംഭവങ്ങൾ ഏല്പിച്ചമങ്ങൽ ഉണ്ടായിരുന്നില്ലെങ്കിൽ, ഒരു പക്ഷേ ആകക്ഷിക്ക് കേവലഭൂരിപക്ഷത്തിന് പ്രയാസമുണ്ടാകുമായിരുന്നില്ല. ഭരതീയ ജനതാകക്ഷിയിലെ നേതാക്കന്മാർ, മറ്റേതൊരുകക്ഷിയിൽ നിന്ന് ഭിന്നരല്ലെന്നും, അവർക്കും അവസരസേവയും,സ്വാർത്ഥതാല്പര്യങ്ങളുമുണ്ടെന്നുമുള്ള ധാരണയുളവാക്കിയത് ഗുജാറാത്തിൻെറ കുഴപ്പങ്ങളായിരുന്നു. അതു നല്കിയപ്രഹരമാണ് പൊതുവെ പലയിടങ്ങളിലും അവരുടെ തെരഞ്ഞെടുപ്പുപ്രവർത്തനങ്ങളെ ക്ഷീണിപ്പിച്ചതും.

ഏറ്റവും വലിയ കക്ഷിയെന്ന പദവിനേടിയവരെ അവഗണിച്ചുകൊണ്ട് താല്ക്കാലികമായി തല്ലിക്കൂട്ടിയുണ്ടാക്കിയ കക്ഷികളുടെ കുട്ടിന്, ഭരണാധികാരം നല്കുന്നത്, അവസരസേവയ്ക്ക് നല്കുന്ന ആദരവും സമ്മാനവുമാണ്. അതിന് വാദിക്കുന്നവർ ജനാധിപത്യമര്യദകളെ മാനിക്കാത്തവരും അവസരസേവ വാദത്തിൻെറ വക്താക്കളുമാണ്. ഭരണാധികാരത്തിന്നർഹതയുള്ള കൂട്ടുകക്ഷികൾ, തെരഞ്ഞെടുപ്പിനുമുമ്പ്, ഒരു മിനിമംപരിപാടിയുടെയടിസ്ഥാനത്തിലെങ്കിലും യോജിച്ച് പ്രവർത്തിക്കുകയും ജനവിധിനേടുകയും ചെയ്തവരായിരിക്കണം. ഭരണാധികാരം പിടിച്ചെടുക്കാനായി, തല്ലിക്കൂട്ടിയുണ്ടാക്കുന്ന ഒരു മുന്നണിയെക്കുട്ടിമന്ത്രിസഭയുണ്ടാക്കാൻ അർഹരാകുന്നില്ലെന്നുചുരുക്കം. ഇതിന് വിറോടെവാദിച്ചവർ ആരായിരുന്നു? ആ വാദത്തിനു നേതൃത്വം നല്കിയത്, അവസരവാദത്തെ പ്രത്യായശാസ്ത്രത്തിൻെറ അവിഭാജ്യാംശമാക്കിയിട്ടുള്ള കമ്യൂണിസ്റ്റുകക്ഷികളാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരകാലത്ത് ദേശാഭിമാനികൾ സർവ്വസ്വവും സമർപ്പിച്ച് സമരം നടത്തുമ്പോൾ, സാമ്രാജ്യശക്തിയുമായി പങ്കുചേർന്ന് സ്വാതന്ത്ര്യസമരത്തെ പൊളിക്കാൻ കിണഞ്ഞുപരിശ്രമിച്ചചരിത്രമുള്ള കമ്മ്യൂണിസ്റ്റുകാരാണതിന് നേതൃത്വം നല്കിയത്! പിന്നീട് കമ്മ്യൂണിസ്റ്റുകാരും "പ്രത്യയശാസ്ത്രാടിസ്ഥാന"ത്തിൽ ഭിന്നിച്ചുചിന്നിച്ചിതറി! അവരുടെ ദേശീയവഞ്ചനാചരിത്രം ഇൻഡ്യാചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായമായിട്ടവശേഷിക്കും! ഇന്ന് അവരാണ് ദേശാഭിമാനത്തിൻെറ പേരും പറഞ്ഞ്, മതേതരശക്തികളെ ഒന്നിപ്പിക്കാനുള്ള അവതാരലക്ഷ്യവുമായി അരങ്ങുതകർക്കുന്നത്! അവർ എപ്പോൾ, എങ്ങിനെ, നിറംമാറുമെന്ന് ആർക്കറിയാനൊക്കും? സ്വന്തം മാതൃസംഘടനകളെ പൊളിച്ചും, സ്വാർത്ഥലാഭാർത്ഥം സ്വന്തം കക്ഷി കളുണ്ടാക്കിയും, മറുകണ്ടംചാടിയും നേതാക്കന്മാരായി ചമയുന്ന കുറെ "മിടു"ക്കന്മാരാണ് അവരുടെ കുരുക്കിൽ വീണിരിക്കുന്നത്! ഇവരിൽ പലരും എത്രതവണ, ആരുടെയൊക്കെ കുതികാൽ വെട്ടിയിട്ടുണ്ടെന്ന് തിട്ടപ്പെടുത്തിനോക്കിക്കളയാൻ, പലകഥകളും പറയേണ്ടിവരും! ഇവർക്ക് ഒരു "കോമൺ" പ്രോഗ്രാമേയുള്ളു, ബി.ജെ.പി. വിരോധം! ബി.ജെ.പി.യ്ക്കെതിരായി മുന്നണിയുണ്ടാക്കിയതും, ഇവരാണ്!

യുക്തിയും വിവേകവും ബുദ്ധിയുമുള്ള ബഹുമാന്യനായ രാഷ്ട്രപതി ഇവരുടെ പലരുടെയും പഴയചരിത്രവും പാരമ്പര്യവും പ്രവർത്തനശൈലികളും കണ്ടിട്ടുള്ളയാളാണ്. ഭാരതത്തിൻെറ ഭരണാധികാരം ഈ തല്ലിപ്പൊളിക്കാരുടെ സഖ്യത്തെയേല്പിച്ചാൽ ഉണ്ടാകാവുന്ന ഭീകര ഭവിഷത്തിനെപ്പറ്റി ബോധവാനാണദ്ദേഹം. ഏറ്റവും കൂടുതൽ അംഗസംഖ്യയും കൂറും, കെട്ടുറപ്പും, സ്പഷ്ടമായ പരിപാടികളുമുള്ള ഒരു കക്ഷിയെ അദ്ദേഹത്തിന്എപ്രകാരം അവഗണിക്കാനൊക്കും?

അവരവരുടേതായ സ്ഥാപിതതാല്പര്യങ്ങൾകാരണം ഉണ്ടാക്കിയ തല്ലിപ്പൊളി സഖ്യത്തിൻെറ നേതാവായ മാർക്സിസ്റ്റ് കക്ഷിനേതാവ്, കോൺഗ്രസ് അദ്ധ്യക്ഷൻെറ മേൽചാടിവീണത്, ആദർശത്തിൻെറ പേരിലല്ല. ആ അവസരമുപയോഗിച്ച് കോൺഗ്രസിനെ താഴ്ത്തിക്കാണിക്കാനാണ്.

എല്ലാവിധപ്രാതികൂല്യങ്ങളുടെയും നടുവിലാണ് ഭാരതീയ ജനതാകക്ഷി ഇന്ന് അധികാരത്തിലേറിയിട്ടുള്ളത്. അവരുടെ തനതായ ആദർശശുദ്ധിയും കഴിവും വ്യത്യസ്തതയും വ്യക്തമാക്കുന്നതിന് അവർക്കുകിട്ടിയിട്ടുള്ള ഒരു സുവർണ്ണാവസരമാണിത്. പത്മവ്യൂഹത്തിനനുസരണമായി അവർ ഉയരുമെന്നും ഉണരുമെന്നും ഭാരതത്തിലെ നല്ലവരായ ജനങ്ങൾ ആശിക്കുന്നുണ്ട്. അതാണ് ഭാരതീയജനതാകക്ഷി ഏറ്റെടുത്തിരിക്കുന്ന നിയോഗം.

ഉപഭോഗസംസ്ക്കാരത്തിൻെറ മറ്റൊരു ഭീഷണി

കച്ചവടമനസ്ഥിതിയും കച്ചവടരംഗത്തെ നിയന്ത്രിക്കുന്ന പ്രവർത്തനശൈലികളും ഒരു പ്രളയജലംമാതിരിസമൂഹത്തെ സമഗ്രമായി ആഴ്ത്തിക്കൊണ്ടിരിക്കയാണിന്ന്. ഈ വാണിജ്യാശയങ്ങൾ സ്വാധീനിക്കാത്ത രംഗങ്ങൾ ഇന്നില്ലാതായി. കുടുംബബന്ധങ്ങളിൽ പോലും ഇവ കുടിയുറച്ചിരിക്കുന്നു. കൺസ്യൂമർ സൊസൈറ്റിയെന്നും ഉപഭോക്ത സമൂഹമെന്നും മറ്റുമാണ് സാമൂഹ്യശാസ്ത്രജ്ഞന്മാർ ഈ അവസ്ഥാവിശേഷത്തെ വിവരിക്കാറുള്ളത്. സമ്പത്തിനോടും ധനസമ്പാദനവാദ്യകളോട് പാശ്ചാത്യർക്കെന്നുമുണ്ടായിട്ടുള്ള അഭിനിവേശവും ആദരവും ശക്തിപ്പെട്ടപ്പോഴാണ്, എഷ്യയിലും ഇതര പ്രാചീനജന സമൂഹങ്ങളുള്ളയിടങ്ങളിലും കൺസ്യൂമറിസം കടന്നുകയറിയതും കൊടികുത്തിവാഴാനാരംഭിച്ചതും. ലാഭേഛയും മത്സരത്തിലൂടെ മുതൽ പെരുപ്പിക്കാനുള്ള അത്യാകാംക്ഷയുമാണ് മനുഷ്യരുടെ ബന്ധങ്ങളിലെ സ്ഥായിയായ സംഗതികളെന്നാണ് പാശ്ചാത്യരുടെ മൗലികമായ സിദ്ധാന്തം.

പ്രാചീനകാലം തൊട്ട് പൗരസ്ത്യനാടുകളിലും, മറ്റ് സംസ്ക്കാരോന്നതിയാർജ്ജിച്ച ആദിമ ജനസമൂഹങ്ങളിലെ ദേശങ്ങളിലും, ജനങ്ങളെ സ്വാധീനിച്ചിട്ടുള്ളതും കരുപ്പിടിപ്പിച്ചിട്ടുള്ളതും മറ്റ്ശക്തികളായിരുന്നു മത്സരത്തെക്കാളേറെ സഹകരണവും സന്മനോഭാവവും പ്രകാശിപ്പിക്കുന്ന സംഗതികളായിരുന്നു അവരുടെ സാമൂഹ്യബന്ധങ്ങളിൽ കൂടുതലായി നിലനിന്നിരുന്നതും, സ്വാധീനിച്ചിരുന്നതും. ഇവയിൽ നിന്ന് തികച്ചും വിരുദ്ധമായ ആശയങ്ങളാണ് പാശ്ചാത്യരുടെ ജീവിതത്തിൽ ശക്തിയാർജ്ജിച്ചിരുന്നത് അവയിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങളിലെ മൂല്യങ്ങളും മറ്റും അപ്രസക്തമായിട്ടാണ് പരിഗണിച്ചിരുന്നത് പാശ്ചാത്യരുടെ നീതിശാസ്ത്രത്തിൻെറ അടിത്തറ പോലുംരാഷ്ട്രത്തിൻെറ – സ്റ്റേറ്റിൻെറ– അധികാരത്തിൽ നിറഞ്ഞു നിൽക്കുന്ന അക്രമശേഷിയിലാണ് കെട്ടിപ്പടുത്തിട്ടുള്ളത്. നിലവിലിരിക്കുന്ന ഭരണാധികാരത്തിന് കാര്യങ്ങൾ നിറവേറ്റാനുതകുന്ന അക്രമശേഷി (Violence) നഷ്ടമാകുമ്പോൾ, അതിനുകഴിവുള്ള മറ്റൊരുശക്തി സ്റ്റേറ്റിൻെറ കുത്തകയെടുക്കും. ഈ വിധത്തിലുള്ള ഒരു നീതിശാസ്ത്രം പൗരസ്ത്യനാടുകൾക്കന്യമാണ്. ഇവിടെ എന്നും, രാജാധികാരവും രാജാവും ഭരണാധികാരവുമൊക്കെ കയ്യാളാൻ നിയോഗമുള്ളവർ, നീതി ധർമ്മാദികൾക്ക് അതീതരായിരുന്നില്ല. രാജാവിൽനിന്നാണ് സർവ്വനീതിശാസ്ത്രവും ഉൽഭവിക്കുന്നതെന്ന് ഒരു കാലത്തും ഇവിടെ അംഗീകരിച്ചിട്ടില്ല. കൗടില്യൻെറ അർത്ഥശാസ്ത്രത്തിലോ, മനുവിൻെറ നിയമസംഹിതികളിലോ, എങ്ങും രാജാവും രാജാധികാരവും, നീതിധർമ്മദികൾക്കതീതമാണെന്ന ആശയം അംഗീകരിക്കപ്പെട്ടിട്ടുമില്ല. രാജാവും ഭാരണാധികാരവുമൊക്കെ, നീതിധർമ്മാദികൾ നിവർത്തിക്കുന്നതിനുള്ള ഉപകരണങ്ങൾമാത്രമാണ്, സർവ്വജ്ഞനോ സർവ്വശക്തമോ അല്ല. ഇങ്ങനെയുള്ള സമൂഹത്തിൻെറ ചുമലിലാണ്. തികച്ചും വ്യത്യസ്തമായ പാശ്ചാത്യനീതി ശാസ്ത്രസിദ്ധാന്തങ്ങൾ ഏറ്റിവെച്ചതും ഒട്ടിച്ചു ചേർത്തതും!

പാശ്ചാത്യരുടെ അളവു കോലുകൾകൊണ്ട് അന്യജനസമൂഹങ്ങളുടെ നിലവാരം നിർണ്ണയിക്കാൻ നടന്നിട്ടുള്ള പ്രയത്നങ്ങൾ അപഹാസ്യങ്ങളായ പല സിദ്ധാന്തങ്ങളുണ്ടാക്കാൻ അവരെ നിർബ്ബന്ധിതരാക്കിയിട്ടുണ്ട്. അതിലൊന്നാണ് കേരളക്കരയിൽ വിവാഹമില്ലെന്ന് ഒരു നിയമജ്ഞനെക്കൊണ്ട് പറയിപ്പിച്ചത്! ക്രൈസ്തവീകരണത്തെ കൂട്ടുപിടിച്ചുകൊണ്ട് പ്രാചീനജനസമൂഹങ്ങളെ പരിഷ്ക്കരിക്കാൻ പ്രയത്നിച്ച പാശ്ചാത്യർ എത്രയെത്ര സമൂഹങ്ങളെയാണ് എന്നന്നേക്കുമായിട്ടില്ലായ്മചെയ്തത്! അമേരിക്കകളിലും ആഫ്രിക്കയിലും പ്രത്യേകിച്ച് ഇവരുടെ സംഖ്യവളരെ വലുതാണുതാനും! ഏതായാലും അത്തരത്തിലുള്ള അധോഗതി ഇവിടെ – ഭാരതത്തിൽ– താരതമ്യേന കുറവായിട്ടാണനുഭവപ്പെട്ടത്. ഇവിടത്തെ സമൂഹജീവിതത്തിൻെറ അന്തഃസത്തയുടെ ആർജ്ജവവും അത്ഭുതകരമായ പ്രതിരോധശക്തിയുമാണ് ഇത് തെളിയിക്കുന്നത്. വെള്ളക്കാർ വരുത്തിയ സമൂഹകുലനാശങ്ങളെക്കുറിച്ച് പരിതപിക്കുന്നകുറെ പണ്ഡിതന്മാർ, പാശ്ചാത്യരിൽ ഇന്നുണ്ടെന്നതു നല്ല കാര്യംതന്നെ.

ഇത്രയും പ്രസ്താവിച്ചത് പരിഷ്ക്കരിക്കാനെന്നും പറഞ്ഞ് സായിപ്പന്മാർ ചെയ്ത അപരാധങ്ങളുടെ ചില വിവരങ്ങളിലേക്ക് വിരൽ ചൂണ്ടാനാണ്. പരസ്പരമത്സരം അംഗീകരിപ്പിച്ചാൽ വ്യവസായവാണിജ്യാദികളിൽ മാനവികതയെ താഴ്ത്തിക്കെട്ടാൻ വിഷമമില്ല. മാദ്ധ്യമങ്ങളുടെ സീമാതീതമായ വർദ്ധനയും പ്രചാരവും സ്വീകാര്യതയും ഇന്ന് പ്രയോജനത്തെക്കാൾ, പ്രയാസങ്ങളാണ് വരുത്താറുള്ളത്. കമ്പോളലക്ഷ്യം ലാക്കാക്കി അമിതമായ അക്രമപ്രവണതകളും അർത്ഥശൂന്യങ്ങളായ ആശയങ്ങളും അയഞ്ഞ ജീവിതവും, പാരമ്പര്യപരിത്യാഗവും പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങൾ, അച്ചടിമാദ്ധ്യമങ്ങളിലും സിനിമ–ടിവി–റേഡിയോ ഇലക്ട്രോണിക് മാദ്ധ്യമങ്ങളിലും ധാരാളമായി തീർന്നിട്ടുണ്ട്. പത്രങ്ങളിലും ആനുകാലികങ്ങളിലും അച്ചടിച്ചു ശ്രദ്ധേയങ്ങളായി പ്രസിദ്ധപ്പെടുത്താറുള്ള വിഷയങ്ങൾ മിക്കവയും കൊലപാതകങ്ങൾ, കൊള്ളകൾ, മറുകണ്ടംചാടലുകൾ, ചതി, കുംഭകോണങ്ങൾ, ലൈംഗികാപഭ്രംശങ്ങൾ എന്നിങ്ങനെയുള്ളവയത്രേ! അവയിലെ വീരൻമാരുടെ മുഖങ്ങൾ മേനിപിടിപ്പിച്ച് അച്ചടിച്ചുവിടുന്നു. കുപ്രസിദ്ധിയാർജ്ജിച്ച കുറ്റവാളികളെ ജയിലിലേക്കു കൊണ്ടുപോകുമ്പോൾ എടുത്ത പടങ്ങൾ, "ഹീറോ"മാരു ടെ പരിവേഷംകൊടുത്ത് പത്ര–ആനുകാലികങ്ങളുടെ പുറങ്ങളിൽ വരുന്നു! അവരവർ നടത്തുന്ന ആത്മപ്രശംസയും കുമ്പസാരങ്ങളും "ബോക്സിൽ"– ഇട്ട് അവരെ ആരാധനാപാത്രങ്ങളെന്നതരത്തിൽ വിവരിക്കുന്നു! മാധ്യമങ്ങളെ, വാണിജ്യതാല്പര്യങ്ങൾ, സ്വാധീനിക്കുന്നതുകൊണ്ടു സംഭവിക്കുന്ന മായാജാലങ്ങളാണിവയൊക്കെ!

ഇവിടെ മറ്റൊരു കാര്യം കൂടി സ്പർശിക്കാതെ വയ്യ. പരസ്യംകൂടാതെ ഒരു മദ്ധ്യമത്തിനും നില്ക്കാനാവില്ലെന്നതാണിന്നത്തെ സ്ഥിതി. അതുകൊണ്ട് കിട്ടുന്നതെന്തും " പരസ്യ" മായിട്ടവർ സ്വീകരിച്ചു കാശുണ്ടാക്കുന്നു. അവരുടെ ആദായത്തിൽ ഏറിയപങ്കുമതാണുതാനും കുറെക്കാലം മുമ്പുവരെ നമ്മുടെ റേഡിയോയും ടിവിയും, പരസ്യങ്ങൾ സ്വീകരിച്ചിരുന്നില്ല. പക്ഷേ ഇന്ന് പരസ്യങ്ങൾ ഏറ്റവും കൂടുതൽ സ്വീകരിക്കുന്നത് അവരാണ്. അവർക്കാണ് ഏറ്റവും കൂടുതൽ പണം പരസ്യങ്ങളിലൂടെ കിട്ടുന്നത്. പരസ്യങ്ങളെ "നിയന്ത്രിക്കാൻ" ഒരു "കോഡു" (തത്വസംഹിത)തന്നെയുണ്ട്. പക്ഷെ ഇന്ന് അതാരും പരിഗണിക്കാറില്ല. കാര്യമാക്കാറില്ല. പത്രങ്ങളിലും ആനുകാലികങ്ങളിലും അച്ചടിച്ചുവരുന്നപരസ്യ ചിത്രങ്ങളിൽ മുക്കാൽപങ്കും പെണ്ണിൻെറ ചില അവയവങ്ങളെ ശ്രദ്ധേയമാക്കുന്ന വിധത്തിലുള്ളവയാണ്. ടി.വി.യിൽ അതിൻെറ ചലനം കൂടുതൽ ആകർഷകമാക്കുന്നു! കാണികളെ പ്രലോഭിപ്പിക്കുന്ന വിധത്തിലുള്ള ചലനങ്ങൾ! ഫാഷൻപരേഡുപോലുള്ള പരസ്യപ്പരിപാടികൾ ഒരു ദാഹരണമാണ്. സ്ത്രീശരീരത്തെ ചൂഷണം ചെയ്യുന്നപരസ്യങ്ങൾ അനാവശ്യപ്രവണതകൾക്ക് വഴിതെളിക്കുന്നുണ്ട്. മാറുമറയ്ക്കാനുള്ള "ബ്രാ"യുടെ പരസ്യം അവയവസൗഷ്ഠവം കാട്ടാതെങ്ങിനെകാണിക്കും? അണ്ടർവെയറിൻെറ മഹത്വം കാണിക്കണമെങ്കിൽ, അത് അണിയുന്ന "നഗ്ന" ചിത്രം വേണ്ടേ? ആണിൻെറ അണ്ടർവെയർപരസ്യപ്പെടുത്തുന്ന ഒരു ചിത്രത്തിൽ, പെണ്ണിനെ ആഞ്ഞുപിടിച്ചുകൊണ്ട്, അക്രമിയെ അടിച്ചുവീഴ്ത്തുന്ന ഒരു രംഗമാണ്, പുരുഷൻെറ മുഴച്ചുകാണിക്കുന്ന ഗുഹ്യപ്രദേശത്തോടുകൂടിയുള്ളത്! ഭാര്യയോടുസ്നേഹമുള്ള പുരുഷൻമാർ എന്തുചെയ്യണമെന്നു പറയുന്നപരസ്യങ്ങൾ എത്രയാണ്! സർവ്വസമയവും ചവച്ചു കഴിയുന്ന കുഞ്ഞുങ്ങളെ കാണിക്കുന്നു "ചൂയിംഗ് ഗം"– പരസ്യം! പഠിത്തത്തെക്കാൾ പ്രാധാന്യം ചൂയിംഗ് ഗത്തിനാണെന്നാണതുവരുത്തുന്നത്!

ഇങ്ങനെ സമൂഹജീവിതത്തിൽ അപ്രസക്ത പ്രവണതകൾ, മൂല്യ ച്യുതികൾ, അക്രമവാസന, ആഡംബരഭ്രമം തുടങ്ങിയവ പ്രചരിപ്പിക്കുന്ന വാണിജ്യപ്പരസ്യങ്ങളിൽ എന്തെങ്കിലുമൊരു നിയന്ത്രണമാവശ്യമല്ലേ?

23 June 1996

ഇരുത്തിചിന്തിപ്പിക്കുന്ന അവസ്ഥ

ഭാരതത്തിലെ രാഷ്ട്രീയാവസ്ഥ നമ്മെ എങ്ങോട്ടാണു നയിക്കുന്നതെന്നു പ്രവചിക്കാൻ പ്രയാസമാണ് – എന്നത്രേ നിഷ്പക്ഷരും നിക്ഷിപ്തതാല്പര്യക്കാരുമല്ലാത്ത പണ്ഡിതന്മാരുടെ പക്ഷം. നേരേമറിച്ച്, എല്ലാം നല്ലയുഗത്തിലേക്കു നീങ്ങുകയാണെന്നു പെരുമ്പറയടിക്കുന്നവർ, തല്ലിക്കൂട്ടുഭരണകക്ഷിക്കാരോ അവരുടെ വൈതാളികന്മാരോ മാത്രമാണ്. കാത്തിരുന്നുകാണാം കളികൾ എന്നുകരുതി മിണ്ടാതിരിക്കുകയാണ് സാമാന്യജനങ്ങൾ.

പ്രകടവും പ്രത്യക്ഷവുമായി പ്രതികൂലാവസ്ഥ കാണിക്കുന്ന ഒന്നുരണ്ടു സംഗതികളുണ്ട്. ദേശീയ രാഷ്ട്രീയകക്ഷികളെന്നനിലയിൽ തുടങ്ങുകയും പിന്നെ ഛിന്നഭിന്നമാകുകയുംചെയ്ത കക്ഷികളിലെ അംഗങ്ങളായിരുന്നവരാണ് തല്ലിക്കൂട്ടുഭരണകക്ഷിയിലെ "നേതാക്കന്മാർ". കഴിഞ്ഞ രണ്ടു ദശകങ്ങളിൽ ചിന്നിച്ചിതറി, പിന്നെ പ്രാദേശികകക്ഷികളായിത്തീർന്നവരാണ് അവരുടെ സഹയാത്രികർ. ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിലായിരുന്നു ഈ സംഭവപരമ്പരകളുടെ തുടക്കം. കേരളക്കരയിൽ "കേരളകോൺഗ്രസ്സ്" എന്ന പേരിലിതു തുടങ്ങി. ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിലെ "മൂത്ത" നേതാക്കന്മാരായിരുന്നു അതിൻെറ സ്ഥാപകർ. പിന്നീട് ഈ പ്രക്രിയ മറ്റു സംസ്ഥാനങ്ങളിലേക്കു പടർന്നു. ഇന്ന് പഴയ കോൺഗ്രസ്സിൽനിന്നു പൊട്ടി പുറത്തുപോയി, പ്രാദേശികകക്ഷികളായി പരിണമിച്ച എത്ര കൂട്ടരുണ്ടെന്നു കാണിക്കാൻ കഴിയാത്തവണ്ണം അവരുടെ സംഖ്യ വളർന്നിരിക്കുന്നു. കേരളകോൺഗ്രസ്സുതന്നെ ഇന്ന് എത്രയുണ്ട്! ജനത, ജനതാദൾ, കമ്മ്യൂണിസ്റ്റു–തുടങ്ങിയ കക്ഷികളുടെ അവസ്ഥയും കോൺഗ്രസ്സിൻേറതുപോലെതന്നെ. തെറ്റിപ്പിരിയുന്നവരൊക്കെ സ്വന്തം പാർട്ടിയുണ്ടാക്കുന്ന "വിദ്യ"യുടെ പ്രവാചകയായിരുന്നു ഇന്ദിരാഗാന്ധി. ഐക്യകമ്മ്യൂണിസ്റ്റുകക്ഷി നെടുകെ പിളർന്നു രണ്ടായി. പിന്നെ അവയോരോന്നിൽ നിന്നു എത്രയെത്ര ചെറിയ കക്ഷികളാണുണ്ടായതും, പ്രത്യയശാസ്ത്ര പരിശുദ്ധിയുടെപേരിൽ ആണയിടാനാരംഭിച്ചതും! കേരളത്തിലും ആന്ധ്രയിലും ബംഗാളിലുമാണ് ഇവരധികമുണ്ടായത്. മാതൃസംഘടനയുടെ വിപ്ലവവീര്യം കമ്മിയാകുന്നെന്നതായിരുന്നു പൊതുവിലുള്ള പരാതി. തമ്മിൽതല്ലാനും, വിപ്ലവക്കൊടി പിടിച്ചടക്കാനുമായിരുന്നു അവരോരോരുത്തരുടെയും പരിശ്രമം. ജനതാദളിൻെറ വിഘടനംവരുത്തിയ കക്ഷികളുടെ കേളിക്കൊട്ടധികവും കേട്ടത് ഹിന്ദിസംസ്ഥാനങ്ങളിലാണ്. യുപിയിലും, ബീഹാറിലും, മദ്ധ്യപ്രദേശത്തും ഈ പുതിയ അവതാരങ്ങൾ അരങ്ങുപിടിച്ചടക്കാൻ ശ്രമിക്കുന്നു.

ഈ ദുർദ്ദശക്കു വിധേയമാകാത്ത ഒരേഒരു കക്ഷി ഭാരതീയ ജനതാപാർട്ടി (ബി.ജെ.പി.)മാത്രമാണ്. ഭാരതീയതയും ദേശീയതയും പ്രാമാണികമായ കാര്യങ്ങളായി കണക്കാക്കുന്ന ഒരു കക്ഷിക്ക് പ്രാദേശികകക്ഷിയായി സങ്കോചിക്കാൻ സംഗതിയാകുകയില്ലല്ലോ. ജസ്റ്റിസ്പാർട്ടിയിൽ തുടങ്ങി, ദ്രാവിഡകഴകമായി വളർന്നു പിന്നെ ദ്രാവിഡമുന്നേറ്റ കഴകമായും അണ്ണാദ്രാവിഡമുന്നേറ്റക്കഴകമായും മറ്റും രൂപാന്തരംപ്രാപിച്ചിട്ടുള്ള പ്രാദേശികകക്ഷിയുടെ കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കേണ്ടതേയുള്ളൂ. ആന്ധ്രാപ്രദേശത്തെ തെലുങ്കുദേശകക്ഷിയുടെ കാര്യവും ഭിന്നമല്ല. കർണ്ണാടകത്തിലുമുണ്ട്, ഇതേരീതിയിലുള്ള പ്രാദേശിക കക്ഷികൾ!

പ്രാദേശികതാൽപര്യങ്ങളുടെ അസ്ഥിവാരത്തിൽ പണിതുയർത്തിയിട്ടുള്ള പ്രാദേശികകക്ഷികളുടെ കൂട്ടുകെട്ടിലൂടെ, ദേശീയതാൽപര്യങ്ങൾ എത്രമാത്രം സുരക്ഷിതമായിരിക്കുമെന്ന് ശങ്കിക്കുന്നവരുടെ എണ്ണം ഒട്ടും കുറവല്ല: അവരെ പിന്തുണക്കാൻ, അവസരവാദത്തെ പ്രത്യയശാസ്ത്രത്തിൻെറ അംശമാക്കിയിട്ടുള്ള കമ്മ്യൂണിസ്റ്റുകൾ, രംഗത്തുവന്നിരിക്കുന്നത് കള്ളക്കളിയുടെ തെളിവായി കണ്ടാൽമതി. ഇവരുടെയെല്ലാം കയ്യിൽ, മെഴുകുപരുവത്തിൽപെട്ടിരിക്കുന്ന കക്ഷികളും, കോൺഗ്രസ്സുമുണ്ട്. അത് അവരുടെ ഗതികേടായി കണ്ടാൽമതി. അനുക്രമമായി ഇവരെയെല്ലാം, വിഴുങ്ങാൻ പ്രാദേശികകക്ഷികൾക്കും കമ്മ്യൂണിസ്റ്റുകൾക്കും കഴിയുമെന്നാണ്, അവരുടെ (പ്രാദേശികകക്ഷികളുടെയും കമ്മ്യൂണിസ്റ്റുകളുടെയും) കണക്കുകൂട്ടൽ.

പ്രാദേശികകക്ഷികളുടെ വളർച്ചയ്ക്കനുപാതമായി, അതാതിടങ്ങളിലെ ദേശീയകക്ഷികളുടെ അധഃപതനം സംഭവിക്കുമെന്ന കാര്യത്തിൽ സംശയംവേണ്ടാ. തമിഴ്നാട്ടിലെ സംഭവവികാസങ്ങൾ അതാണ് തെളിയിക്കുന്നത്. കോൺഗ്രസ്സ്കക്ഷിക്കു അധികാരമൊഴിയാനിടവന്ന കാലംമുതൽ ഇന്നോളം അവിടെ (തമിഴ്നാട്ടിൽ) കോൺഗ്രസ്സുകാർക്ക് അധികാരമേൽക്കാൻ സാധിച്ചിട്ടില്ല. മറ്റേതെങ്കിലുമൊരു ദേശീയകക്ഷിക്കോ, കമ്മ്യൂണിസ്റ്റുകാർക്കോ അവിടെ കാര്യമായ നേട്ടമൊട്ടുണ്ടായിട്ടുമില്ല. ജനതാദളിനോ, ജനതാകക്ഷിക്കോ, കമ്മ്യൂണിസ്റ്റുകൾക്കോ അവിടെ നിർണ്ണായകമായ ഒരു സ്വാധീനവുമില്ല. മൂപ്പനാരുടെ പ്രാദേശികകോൺഗ്രസ്സിൻെറ രൂപീകരണത്തോടുകൂടി, കോൺഗ്രസ്സിൻെറ അവസ്ഥ അനുതാപമർഹിക്കുന്ന വിധത്തിലാകുകയും ചെയ്തിരിക്കുന്നു. കോൺഗ്രസ്സിനു തമിഴ്നാട് ഇതോടുകൂടി ഒരു ബാലികേറാമലയായിത്തീർന്നിരിക്കുകയാണ്. മൂപ്പനാരെപ്പോലെ സേവനപാരമ്പര്യവും സംശുദ്ധപൊതുജീവിതവുമുള്ള ഒരാളിനെ കോൺഗ്രസ്സിനു നഷ്ടപ്പെട്ടത്, എന്നും അവരുടെ തീരാനഷ്ടമായിട്ടവശേഷിക്കും.

ഈ അവസ്ഥയിൽ, ഒരഖിലേന്ത്യാകക്ഷിയുടെ പ്രസക്തി ഭാരതത്തിൽ അപ്രത്യക്ഷമാകുകയാണോയെന്നു ജനങ്ങൾ ഇരുന്നു ചിന്തിക്കേണ്ടതുണ്ട്. കേന്ദ്രഭരണാധികാരം ക്ഷയിക്കുകയും, പ്രാദേശികതാൽപര്യങ്ങൾക്കു പ്രാമാണ്യം വർദ്ധിക്കുകയും ചെയ്തിട്ടുള്ള കാലഘട്ടങ്ങളിലെല്ലാം, ഭാരതീയ സംസ്കാരത്തിനും പാരമ്പര്യത്തിനും, മഹത്വത്തിനും മുറിവേൽക്കുകയാണുണ്ടായിട്ടുള്ളതെന്നു ചരിത്രം എടുത്തുകാണിക്കുന്നുണ്ട്. അങ്ങനെയൊരത്യാപത്തിലേക്കാണോ നമ്മുടെ പോക്ക്? ചരിത്രം നൽകുന്ന പാഠമെങ്കിലും നമ്മുടെ കണ്ണുതുറപ്പിക്കുമോ?

07 July1996

തല്ലിക്കൂട്ടുസംഘക്കാരുടെ മിനിമം പരിപാടിയും പള്ളിമതവും

പലരും മനുഷ്യാവകാശങ്ങളെക്കുറിച്ച് വാചാലമായി സംസാരിക്കാറുണ്ട്. അന്യരെ ആക്ഷേപിക്കാനുള്ള ഒരു പ്രമാണപത്രമായി ആ മൗലികാവകാശങ്ങൾ ഉദ്ധരിക്കുകയും ചെയ്യുന്നതപൂർവ്വമല്ല. പക്ഷേ ഇത്തരം രാജ്യക്കാരും അവിടത്തെ നേതാക്കന്മാരും സൗകര്യമായി ഒരു സംഗതി വിസ്മരിക്കാറുണ്ട്. അവരുടെ രാജ്യാതിർത്തിക്കുള്ളിൽതന്നെ അവകാശങ്ങളുടെ ധ്വംസനങ്ങൾ അപൂർവ്വമല്ലെന്ന സത്യം.

മനുഷ്യാവകാശങ്ങളെച്ചൊല്ലി ഏറ്റവുമധികം ശബ്ദമുണ്ടാക്കുന്നത് അമേരിക്കൻ ഐക്യനാടുകളാണ്. എന്നാൽ അവരുടെ പ്രാമാണികങ്ങളായ നിയമങ്ങളിലും, ഭരണഘടനയിലുമെല്ലാം അസാമാന്യസുന്ദരങ്ങളായ ആദർശങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിലും, സാധാരണജനങ്ങൾക്ക് സമാധാനത്തോടും, ഭദ്രതയോടും, സൗഹാർദ്ദത്തോടുംകൂടി ജീവിതംനയിക്കുന്നതിന് അസാദ്ധ്യമായ നിലയിൽ അവിടെ അക്രമവും അസൻമാർഗ്ഗിക ജീവിതചര്യകളും നിലവിലിരിക്കുന്നു. എവിടെ അക്രമമുണ്ടോ അവിടെ മാന്യമായ നിലയിലുള്ള മനുഷ്യാവകാശം പ്രായോഗികമായ കാര്യമല്ല. ഈ വസ്തുത വിസ്മരിക്കത്തക്കതല്ല. മനുഷ്യാവകാശധ്വംസനത്തിൻെറ പ്രത്യക്ഷമായ തെളിവാണ്, വിയോജിപ്പുകാരെ വെടിവെച്ചുവീഴ്ത്തുന്നതും, അക്രമത്തെ ആശ്രയിച്ച് സ്വീകരിക്കുന്ന നടപടികളും. ഏറ്റവുമധികം രാഷ്ട്രത്തലവൻമാരെ വെടിവെച്ചുകൊന്നിട്ടുള്ള ഒരു രാജ്യമാണ് അമേരിക്കൻ ഐക്യനാടുകൾ എന്നകാര്യം മാത്രമേ ഇവിടെ ഉപോൽബലകമായി ഉദ്ധരിക്കുന്നുള്ളൂ.

മനുഷ്യൻെറ പുരോഗതിയിൽ എല്ലാ ജനവിഭാഗങ്ങളും ഒരുരൂപത്തിലല്ലെങ്കിൽ മറ്റൊരുരൂപത്തിൽ, ഇന്ന് അപഹാസ്യമായും നിഷിദ്ധമായും കരുതുന്ന ആചാരമര്യാദകൾ നടപ്പിലാക്കിയിട്ടുണ്ട്. പഴയചരിത്രത്തിലേക്കു തിരിഞ്ഞുനോക്കിയാൽ, ഈ യാഥാർത്ഥ്യം സ്പഷ്ടമായി കാണാവുന്നതാണ്. യൂറോപ്പിലും, അമേരിക്കൻ ഐക്യനാടുകളിലും മാത്രമല്ല ആഫ്രിക്കയിലും ഏഷ്യയിലുമെല്ലാം ഇതിന് വേണ്ടുവോളം ഉദാഹരണങ്ങളുണ്ട്. മനുഷ്യൻ മറ്റു മനുഷ്യൻെറമേൽ ഏൽപ്പിച്ചിട്ടുള്ള ഇത്തരം മുറിപ്പാടുകൾ, പലയിടങ്ങളിലും പരിഹരിക്കാനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾ ഇന്നു നടത്തുന്നുണ്ട്. മനുഷ്യസമത്വം ഇന്നും വിദൂരമായ ആദർശസുന്ദരമായ ഒന്നാണെങ്കിലും കൂടുതൽ ആത്മാർത്ഥതയോടെ ആഗോളാടിസ്ഥാനത്തിൽ അതിനുള്ള പ്രയത്നങ്ങൾ നടക്കുന്നത് ഐക്യരാഷ്ട്ര സഭയുടെ മേൽനോട്ടത്തിലുമാണ്.

ഭാരതത്തിലെ അവസ്ഥയെക്കുറിച്ച് ആക്ഷേപങ്ങൾ അങ്ങേയറ്റം ചൊരിഞ്ഞിട്ടുള്ളത് ഇവിടെ നിലവിലുണ്ടായിരുന്ന, ഇന്നും ചിലയിടങ്ങളിൽ നിലനിൽക്കുന്ന, അയിത്താചാരങ്ങളാണ്. ഈ ആക്ഷേപാർഹമായ സാമൂഹ്യവ്യവസ്ഥിതിയെ സംബന്ധിച്ച്, ഏറ്റവുമാദ്യം ശക്തമായി ശബ്ദമുയർത്തിയതും, പൊരുതിയതും ക്രിസ്തുവിൻെറ ജനനത്തിന് അഞ്ഞൂറോളം വർഷങ്ങൾക്കുമുമ്പ് ഇവിടെ ജീവിക്കുകയും മനുഷ്യന് പുതിയമാർഗ്ഗമുപദേശിക്കുകയും ചെയ്ത സിദ്ധാർത്ഥഗൗതമനായിരുന്നു. ലോകത്തിൻെറ ഇതരഭാഗങ്ങളിൽ മിക്കയിടങ്ങളിലും സംസ്കാരമോ, സംസ്കൃതജീവിതമോ സ്വപ്നം കണ്ടിട്ടില്ലാത്ത ആ പ്രാചീനകാലത്ത് മനുഷ്യ സമത്വത്തിൻെറ സുന്ദരവും ശക്തവും നിഷ്കളങ്കവുമായ ശബ്ദം ഉയർത്തിയത് ഭാരതത്തിലായിരുന്നെന്ന യാഥാർത്ഥ്യം, സൗകര്യമായി പല കുറ്റാരോപണക്കാരും മറക്കുകയാണു പതിവ്. പ്രത്യേകിച്ച് വെള്ളക്കാരായ സാമൂഹ്യ പരിഷ്ക്കാരവൈതാളികന്മാർ! അവർ ഇവിടത്തെ അയിത്താചാരങ്ങളെ അങ്ങേയറ്റം മുതലെടുപ്പിനുപയോഗപ്പെടുത്തിയിട്ടുമുണ്ട്. ഹൈന്ദവധർമ്മത്തെ അങ്ങേയറ്റം അധിക്ഷേപിക്കുവാനുള്ള ഒരു കാര്യമായിട്ടാണ് ആ പഴയ കാലഹരണപ്പെട്ട, സാമൂഹ്യാചാരമര്യാദകളെ മുമ്പ് ഉപയോഗപ്പെടുത്തിയിട്ടുള്ളതും, ഇന്നും ഉപയോഗപ്പെടുത്തുന്നതും! ഇമ്പീരിയലിസം അതിൻെറ വളർത്തുനായയായി തീർന്നു. പള്ളിമതവും, ഇവിടത്തെ അധഃസ്ഥിതരെ പ്രലോഭിക്കുന്നതിനും അതിലൂടെ മതപരിവർത്തനം ചെയ്യുന്നതിനുമാണ് അയിത്താചാരത്തെ ആശ്രയിച്ചിട്ടുള്ളത്. സുവിശേഷം സ്വീകരിച്ച് പുതുക്രിസ്ത്യാനിയായിത്തീർന്നാൽ സമത്വത്തിൻെറ ശീതള മേഖലയിലെത്താമെന്നുമൊക്കെയാണ് കവലകളിൽ നിന്നുകൊണ്ട് സുവിശേഷപ്രചാരകന്മാർ തമ്പേറടിച്ച് തട്ടിവിട്ടിട്ടുള്ളത്! ഈവിധത്തിൽ വഞ്ചിച്ചും, വസ്തുതകൾ വളച്ചൊടിച്ചും, മാർഗ്ഗംചേർത്തിട്ടുള്ളവരുടെ എണ്ണം തിട്ടപ്പെടുത്താനാവാത്തവിധം വലുതാണ്. ജാതിയില്ലാത്ത, ഉച്ചനീചത്വമില്ലാത്ത, സുവിശേഷത്തിൽ, ജീവിതം സുഭിക്ഷമായിരിക്കുമെന്നും, അതിലൂടെയല്ലാതെ സ്വർഗ്ഗത്തു സ്ഥാനം സിദ്ധിക്കുകയില്ലെന്നുമൊക്കെ പറഞ്ഞുവിശ്വസിപ്പിച്ച്, പാവങ്ങളെ പുതുക്രിസ്ത്യാനികളായി മാർഗ്ഗത്തിൽചേർത്തു.

ജാതിയുടെ അടിസ്ഥാനത്തിൽ അവശതകളനുഭവിച്ച് പിന്നോക്കമായിത്തീർന്നവരുടെ സമുദ്ധാരണത്തിനായി, ഭാരതഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ള പ്രത്യേകാവകാശങ്ങളും സംവരണസൗകര്യങ്ങളും, ജാതിയില്ലെന്നു പെരുമ്പറയടിക്കുന്ന മതത്തിലേക്കുപോയവർക്കുകൂടി നല്കണമെന്ന് ഇന്ന് വാദിക്കുന്നു. അതിൻെറ അർത്ഥം ജാതിയെന്ന അവസ്ഥയെ സുവിശേഷകർ അംഗീകരിക്കുകയാണെന്നല്ലേ? സുവിശേഷം സ്വീകരിച്ചാലും അവർക്ക് ജാതിയും ജാതിയിൽ ജാതിയും നിലനിൽക്കുമെന്നല്ലേ? അതല്ലേയുക്തി?

അതല്ല, സാമ്പത്തികമായി അവർ അനുഭവിക്കുന്ന അവശതകളുടെയടിസ്ഥാനത്തിലാണ്, സംവരണവ്യവസ്ഥയും, പ്രത്യേകാവകാശങ്ങളും വേണമെന്നും, നൽകണമെന്നുമാണു വാദമെങ്കിൽ, അത് ഏതുവിഭാഗത്തിൽപ്പെടുന്ന സാമ്പത്തികാവശതക്കാർക്കും ബാധകമല്ലേ? ജാതിയുടെയടിസ്ഥാനത്തിലാണോ, സാമ്പത്തികാവശതകളുടെയടിസ്ഥാനത്തിലാണോ, ഇവർക്ക് സംവരണവും മറ്റു പ്രത്യേകാവകാശങ്ങളും അനുവദിക്കുന്നതെന്ന സംഗതി, സ്പഷ്ടമായി, നിസ്സംശയമായി പ്രഖ്യാപിക്കേണ്ടതാണ്. കേന്ദ്രത്തിൽ ഭരണമേറ്റെടുത്തിരിക്കുന്ന "തല്ലിക്കൂട്ടുസംഘക്കാരുടെ", മിനിമം പരിപാടിയിൽ, ദളിത് ക്രിസ്ത്യാനികൾക്കും സംവരണാവകാശങ്ങളും മറ്റു സൗകര്യങ്ങളും നൽകുന്നതാണെന്നകാര്യം, അവസരവാദപരമായി ഒരു നയപ്രഖ്യാപനമാണോ, അതല്ല മുകളിൽ പറഞ്ഞ രണ്ടു സംഗതികളിൽ ഒന്നിൻെറ അടിസ്ഥാനത്തിലാണോ എന്ന് പ്രഖ്യാപിക്കാൻ തല്ലിക്കൂട്ടുസർക്കാരിൻെറമേൽ സമ്മർദ്ദം ചെലുത്താൻ ജനങ്ങൾ തയ്യാറാവണം. അവർ മാത്രമല്ല, പള്ളിമതക്കാരുടെ അഭിപ്രായവും നിസ്സംശയമായി അറിയുന്നതിന് ജനങ്ങൾക്കവകാശമുണ്ട്. ജാതിയുടെയടിസ്ഥാനത്തിലാണോ, സാമ്പത്തികാടിസ്ഥാനത്തിലാണോ അവർ പുതുക്രിസ്ത്യാനികൾക്ക് പ്രത്യേകാവകാശങ്ങളും, സംവരണവും ബാധകമാക്കണമെന്ന് വാദിക്കുന്നത് – ഇതാണ് സ്പഷ്ടമാക്കേണ്ട സംഗതി.

അവാർഡ് എന്ന കള്ളനാണയം

28 July 1996

കേരളത്തിലെപ്പോലെ അവാർഡുകൾ ഏർപ്പാടുചെയ്തിട്ടുള്ള മറ്റൊരു സംസ്ഥാനം ഭാരതത്തിലുണ്ടെന്നു തോന്നുന്നില്ല. സാഹിത്യം, സാമൂഹ്യസേവനം, ലീഡർഷിപ്പ്, കലാപ്രവർത്തനങ്ങൾ–എന്നിങ്ങനെ എന്തെല്ലാം കാര്യങ്ങൾക്കാണ് കേരളത്തിൽ അവാർഡുകൾ ഉള്ളത്! പരേതരുടെ പേരുമറക്കാതിരിക്കാൻ അവരുടെ ബന്ധുക്കൾ പണം സംഭാവനചെയ്ത് രൂപീകരിച്ചിട്ടുള്ള സ്മാരകഅവാർഡുകൾക്കും പഞ്ഞമില്ല. ഇവയൊക്കെ പട്ടികാരൂപത്തിൽ തയ്യാറാക്കാൻ ആരെങ്കിലും മെനക്കെടുകയാണെങ്കിൽ അതിന്റെ ദൈർഘ്യം ചെറുതൊന്നുമായിരിക്കില്ല. അവാർഡുകൾ തല്പരകക്ഷികൾക്ക് ഉറപ്പാക്കിക്കൊടുക്കാൻ കച്ചകെട്ടിയിരിക്കുന്ന “അവാർഡുകങ്കാണി”മാർ ധാരാളമുണ്ട്. തിരുവനന്തപുരം ചുറ്റിപ്പറ്റിയാണിവരധികവും പ്രവർത്തിക്കുന്നത്. മുമ്പൊരവസരത്തിൽ അവാർഡുകങ്കാണിമാരെക്കുറിച്ച് ഈ ലേഖകൻ ഏതാണ്ടുവിശദമായി പ്രസ്താവിച്ചിട്ടുണ്ട്.

അടുത്തകാലത്ത് ചില അവാർഡുകമ്മറ്റികളിൽ അംഗമായി സഹകരിക്കണമെന്നു അഭ്യർത്ഥിക്കുന്നചിലകത്തുകൾ ഈ ലേഖകനു കിട്ടി. അവാർഡുകമ്മറ്റിയിലെ അംഗമാക്കാമെന്നുള്ള അറിയിപ്പ് അയച്ചുതന്നതിൽ പ്രകടിപ്പിച്ച ഔദാര്യത്തിനും സ്നേഹത്തിനും കൃതജ്ഞതയുണ്ടെങ്കിലും ക്ഷണം സ്വീകരിക്കാനുള്ള താല്പര്യമില്ലെന്നു കാണിച്ചുകൊണ്ട്, ക്ഷമാപണപൂർവ്വം വേണ്ടപ്പെട്ടവരെ അറിയിക്കുന്നതിനാണ് ഈ ലേഖകൻ താല്പര്യം പ്രകടിപ്പിച്ചത്. അതിന് പല കാരണങ്ങളുമുണ്ട്. തികച്ചും വ്യക്തിപരമായ കാരണങ്ങൾ. ഒരവസരത്തിൽ, ഞാൻ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഉന്നതനായ സാഹിത്യകാരനായ സുഹൃത്തിന്റെ കത്തുകിട്ടിയതിനുശേഷമാണ്, ഒരു അവാർഡുകമ്മറ്റിയിലും ഒരു കാരണത്താലും അംഗമാകുന്നതല്ലെന്ന തീരുമാനം ഞാൻ കൈക്കൊണ്ടത്.

“സുഹൃത്ത്, ആ കമ്മറ്റിയിലെ ഒരു പ്രധാനപ്പെട്ട അംഗമായിരുന്നു എന്നറിഞ്ഞു. എന്നിട്ട് എന്നെപ്പോലെയുള്ള ഒരാളിന്റെ പേരും, കൃതികളിലേതെങ്കിലുമൊന്നും, അവാർഡിനുവേണ്ടി ശുപാർശചെയ്യാത്തതിൽ വളരെ വേദമുണ്ട്.”– എഴുത്തിലെ പ്രസക്തമായ ഒരു വാചകമായിരുന്നു, ഇത്! അവാർഡുകമ്മറ്റിയിൽ അംഗമാകുന്നതിന്റെ ഫലം, പ്രത്യക്ഷത്തിൽ, പലരെയും പിണക്കാനുള്ള വഴി തുറക്കുകയായിരിക്കുമെന്നു സ്പഷ്ടമാണല്ലോ. പിന്നെ പല സന്ദർഭങ്ങളിൽ സാഹിത്യകാരായ സുഹൃത്തുക്കളുമായി സന്ധിക്കുന്നതിനു സാധിച്ചപ്പോഴാണ്, ഇതേ മനോഭാവം വച്ചുപുലർത്തുന്നവർ ഒട്ടും കുറവല്ലെന്ന് എനിക്ക് സ്പഷ്ടമായത്. അതോടുകൂടിയെടുത്തതീരുമാനമാണ് ഒരു അവാർഡുകമ്മിറ്റിയിലും അംഗമായി “സേവന”മനുഷ്ഠിക്കുകയില്ല– എന്നത്.

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ ഭരണച്ചുമതലവഹിച്ചിരുന്ന കാലത്ത് ഉണ്ടായ മറ്റൊരനുഭവം, അവാർഡുകളെക്കുറിച്ചുള്ള ആദരവ് അങ്ങേയറ്റം നഷ്ടപ്പെടുത്തുകയുണ്ടായി. ആ അനുഭവം അന്യരറിയുന്നത് ഉചിതമായിരിക്കുമെന്നാണെന്റെ വിശ്വാസം. അതിലെ മുഖ്യകഥാപാത്രം എന്റെ സാഹിത്യകാരനായ മാന്യസുഹൃത്തായിരുന്നു. പരേതനായ അദ്ദേഹത്തിന്റെ പേര് എടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല. അടിയന്തിരമായി ഒരു കാര്യം സംസാരിക്കാനുണ്ടെന്നും, അതിന് ആഫീസിലേക്ക് വരികയാണെന്നും അറിയിക്കുന്ന ഫോൺസന്ദേശം അദ്ദേഹത്തിൽ നിന്നു കിട്ടിയപ്പോൾ, വിസമ്മതമൊന്നുമറിയിച്ചില്ല.

“അഭിമാനകരവും (ഒപ്പം ആദായകരവും) പ്രശസ്തിദായകവുമായ....അവാർഡ് ഇക്കൊല്ലം എനിക്കുതരാമെന്ന് അതിന്റെ ചുമതലക്കാരിൽ പ്രധാനപ്പെട്ട പ്രവർത്തകർ എന്നെ അറിയിച്ചിട്ടുണ്ട്. എന്നാൽ അതിനുപറ്റിയ നിശ്ചിതവിഷയത്തെപ്പറ്റി ഒരു പുസ്തകം തയ്യാറാക്കി. അതിന്റെ ആറുപ്രതികൾ മൂന്നു മാസത്തിനുള്ളിൽ എത്തിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. ആ വിഷയത്തെ സംബന്ധിക്കുന്ന വസ്തുതകൾ പലതും അനിയന്റെ കൈവശമുണ്ടെന്നെനിക്കറിയാം. അവയിൽ പ്രധാനപ്പെട്ട ചിലത് എനിക്കു തന്നാൽ, പുസ്തകം തയ്യാറാക്കാൻ എനിക്കു പ്രയാസമുണ്ടാകുകയില്ല. എന്താ? ഏറ്റോ?” –ഇതാണ് സുഹൃത്ത് എത്തിയപ്പോൾ എന്നെ അറിയിച്ചത്. അത്ഭുതാധീനനായിപ്പോയ എന്നെ ഉണർത്തിയത് അദ്ദേഹത്തിന്റെ വാചാലമായ വിശദീകരണമായിരുന്നു. “.......പ്രസാധകൻ പുസ്തകം വിതരണത്തിനെടുത്തുകൊള്ളാമെന്ന് ഏറ്റിട്ടുണ്ട്. അച്ചടിച്ചിലവിനുള്ള പണം കടംതരാനും ഒരു കൂട്ടരുണ്ട്. ഇങ്ങനെ എല്ലാംകൂടി ഒത്തുവന്നതിനാൽ പണവും, പേരും, പെരുമയും പ്രസരിപ്പിക്കുന്ന ആ അവാർഡിന്റെ ഉടമസ്ഥനാകാൻ എനിക്കു കഴിയും!” എന്റെ കൈവശമുണ്ടായിരുന്ന വസ്തുതകളെല്ലാം യാതൊരുവിഷമവും പറയാതെ ഞാൻ സുഹൃത്തിനു കൊടുത്തു. ഏതാണ്ടുമൂന്നാഴ്ചകഴിഞ്ഞപ്പോൾ പുസ്തകത്തിന്റെ ഒരു കോപ്പി “സ്നേഹപൂർവ്വം” സമ്മാനിക്കാൻ ആ സ്നേഹിതൻ ഭക്തിവിലാസത്ത് എത്തി. യഥാസമയം പുസ്തകത്തിനു പേരും പെരുമയുമുണ്ടാക്കിയ അവാർഡും കിട്ടി! സാമാന്യം നല്ല ഒരു തുകയായിരുന്നു സമ്മാനം!

നേരത്തെ അവാർഡുകൾ ആർക്കൊക്കെയെന്നു നിശ്ചയിച്ച്, പ്രസക്തവ്യക്തികളെ അറിയിച്ച്, വ്യവസ്ഥചെയ്യുന്ന ഏർപ്പാടു അസാധാരണമായ സംഗതിയല്ലെന്നും പല സമ്മാനങ്ങളുടെ കാര്യങ്ങളിലുമുണ്ടെന്നും തെളിയിക്കുന്ന പല വസ്തുതകളും അറിയാൻ എനിക്കു കൂടുതൽ അവസരമുണ്ടായിട്ടുണ്ട്. സാഹിത്യഅക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ചങ്ങമ്പുഴഅവാർഡ്, ആശാൻ അവാർഡ്– തുടങ്ങിയവയൊന്നും ഇക്കാര്യത്തിൽ ഒഴിവുകളല്ല. വിശദാംശങ്ങളിലേക്ക് ഇവിടെ പ്രവേശിച്ചാൽ പല “ദിവ്യ”ന്മാരുടെയും അവാർഡുകളുടെ പിന്നിലെ പരമാർത്ഥങ്ങൾ പുറത്തുപറയേണ്ടിവരും. അത് എനിക്ക് കുറെക്കൂടി ശത്രുക്കളെ ഉണ്ടാക്കുമെന്നല്ലാതെ അവസ്ഥ മാറ്റുമെന്നൊരു വിശ്വാസവുമില്ല.

പരേതരായവരുടെ പേരുനിലനിർത്താൻ, സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും പേരുമായി ബന്ധിപ്പിച്ച് സ്നേഹശാലികളായ ബന്ധുജനങ്ങൾ ഏർപ്പാടുചെയ്യുന്ന അവാർഡുകൾ, പരേതർക്കും പാരിതോഷികം ഏല്ക്കുന്നവർക്കും ഒരുപോലെ പേരുദോഷം വരുത്തുന്നവിവരങ്ങളാണ് പലപ്പോഴും പുറത്തുകൊണ്ടുവരാറുള്ളത്. ആർക്കെങ്കിലും, ആരെങ്കിലും കാശുകൊടുക്കാൻ താല്പരരാണെങ്കിൽ അത് കള്ളക്കളി അരങ്ങേറാതെ നേരിട്ടു കൊടുക്കുന്നതായിരിക്കുകയില്ലേ സത്യസന്ധതയും സംശുദ്ധിയുമുള്ള സംഗതി? അതിനെ ആരും, വിവരമുള്ളവരാരും, ചോദ്യം ചെയ്യാനോ, കാപട്യമായി ചിത്രീകരിക്കാനോ തയ്യാറാകുകയുമില്ലല്ലോ.

നമ്മുടെ പൊതുജീവിതത്തിലെല്ലായിടത്തും, കാപട്യത്തിന്റെയും കള്ളക്കളികളുടെയും, കള്ളനാണയങ്ങളുടെയും സ്ഥാനം ഇന്ന് അങ്ങേയറ്റമെത്തിയിരിക്കുന്നു. വൻതുകകൾ സ്വായത്തമാക്കുന്നതിന്, സ്വയം മാത്രമല്ല, സ്വന്തം ബന്ധുക്കളെയും രംഗത്തിറക്കുന്നവരായി തീർന്നിരിക്കുന്നു രാഷ്ട്രീയനേതാക്കന്മാരിൽ വമ്പന്മാർ പോലും. അനുദിനം അരങ്ങുതകർക്കുന്ന അഴിമതിക്കഥകൾ, പത്രപംക്തികളിൽ എത്രയാണുവന്നുകൊണ്ടിരിക്കുന്നത്. അതൊക്കെ തൊലിപുളിപ്പിക്കുന്ന സംഗതികളായിരുന്ന കാലം കഴിഞ്ഞുപോയോ? സ്വാതന്ത്ര്യസമരകാലത്തു ഉയർത്തിപ്പിടിച്ചിരുന്ന ഉന്നതജീവിതാദർശങ്ങളും സമത്വസുന്ദരമായ സാമൂഹ്യനീതിയുമൊക്കെ, ഇന്ന് നമുക്ക് കൈമോശം വന്നുകഴിഞ്ഞു. ഇനിയുള്ള തയ്യാറെടുപ്പും സമരവും നഷ്ടപ്പെട്ട നന്മകൾ പുനഃസ്ഥാപിക്കാനുള്ള നിരന്തരപ്രയത്നമാക്കിയില്ലെങ്കിൽ, ഇവിടെ ജീവിതം തികച്ചും ദുസ്സഹമായ ഒന്നായിമാറുമെന്നതിൽ സംശയമില്ല.

24

11 August 1996

കപടവേഷങ്ങളാടുന്ന നാടകം

സാഹിത്യപരിഷത്തു് ഇന്നു് നാമമാത്രപ്രധാനമായ, വെറും ഒരശ്മകമായി പരിണമിച്ചിട്ടു് ദശാബ്ദങ്ങൾ കഴിഞ്ഞിരിക്കുന്നു. പിന്നെ സാഹിത്യകാരന്മാരുടെയും, കുറെക്കൂടി ചുരുക്കിയാൽ എഴുത്തുകാരുടെയും എന്നു് അവകാശപ്പെടുന്ന എത്രയോ സംഘടനകൾപലപ്പോഴായി രൂപീകൃതമായിട്ടുണ്ടു്. അവയിൽ ഏറെയെണ്ണം, രാഷ്ട്രീയക്കാരുടെ മുഖംമറയ്ക്കാനും, അവരുടെ നിഗൂഢപ്രവർത്തനങ്ങളിലൂടെ, നുഴഞ്ഞുകയറി, സ്ഥാപിതകാര്യങ്ങൾതക്കസമയത്തു് സാധിക്കാനുമുള്ള ഏർപ്പാടുകളായിരുന്നു. 'പുരോഗമന'മെന്നും മറ്റും മുദ്രകുത്തിത്തരത്തിലൊരുകൊടിയും കയ്യിലേന്തികുറെക്കാലം കുറെഎഴുത്തുകൾ അവയൊക്കെ കൊണ്ടുനടന്നു. 'പുരോഗമന'സാഹിത്യകാരന്മാർ യഥാകാലം നിര്യാതരായി. ശേഷിക്കുന്നവർ നിർഗുണരായി; നിരാകാരരുമായി, ഇന്നു് അവരെക്കുറിച്ചോ അവരുടെ പ്രസ്ഥാനത്തെക്കുറിച്ചോ പരാമർശനം പോലുമില്ല, ഒരിടത്തും.

രാഷ്ട്രീയ പ്രത്യയശാസ്ത്രപരമായ ആശയങ്ങളുടെ പ്രചരണത്തിനുവേണ്ടി, സാഹിത്യ – കലാസാംസ്കാരിക പ്രസ്ഥാനങ്ങളെ വളച്ചൊടിച്ചാലുളവാകുന്ന ദുരന്തമാണ് "പുരോഗമന"ക്കാരും 'മാർക്സിയൻ'സൗന്ദര്യശാസ്ത്രക്കാരുമൊക്കെ മെനഞ്ഞെടുത്തുപ്രസ്ഥാനങ്ങളുടെ നിര്യാണം തെളിയിക്കുന്നതു്. സംസ്കാരത്തെയും സാഹിത്യത്തെയും, കലകളെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ വാലാക്കിയാൽ വന്നുചേരുന്ന ദുരന്തമാണിവയൊക്കെ ചൂണ്ടിക്കാണിക്കുന്നതു്.

ഇന്നുമിക്ക സാഹിത്യകാരൻമാരും, എഴുത്തുകാരും ഒറ്റയാന്മാരാണെന്നത്രേ ആവകാശപ്പെടുന്നതു്. പക്ഷേ സത്യം ഇതാണെന്നു് നെഞ്ചിൽ കൈവെച്ചുപറയാൻ ആത്മാർത്ഥതയും സത്യസന്ധതയുമുള്ള ആർക്കും സാധിക്കുന്നതല്ല. അധികംപേരും ഓരോ "ക്ലിക്കി"ലെ അംഗങ്ങളാണ്. അത്തരത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. ക്ലിക്കില്ലാത്തവർ തീരെ വിരളംതന്നെ. അതിനുകാരണവും പറയാനുണ്ടു്. "എൻെറ പുറംചൊറിഞ്ഞാൽ, നിൻെറ പുറം ഞാൻ ചൊറിയാം"– എന്നതാണീക്ലിക്കുകാരുടെ പ്രത്യയശാസ്ത്രം. എന്തിനാണ് ക്ലിക്കെന്നു ചോദിച്ചാൽ, എഴുത്തുകാർക്കു് 'ലാഭ'മരുളുന്ന പല എർപ്പാടുകളുമുണ്ട്. സാഹിത്യഅക്കാദമി, സംഗീതനാടകഅക്കാദമി, ലളിതകലാഅക്കാദമി, കലാമണ്ഡലം – എന്നിങ്ങനെയുള്ള സ്ഥാപനങ്ങളിൽ എത്തിക്കൂടാനുള്ള കുറുക്കുവഴികൾ, 'ക്ലിക്കുകാർ' പരസ്പരം രഹസ്യമായി പറഞ്ഞു്ഏർപ്പാടുണ്ടാക്കുന്നു. ഒരു ക്ലിക്കിൽപെടുന്ന വെളിയിൽ വേലയില്ലാതെ നില്ക്കുന്നവർക്കു് ചേക്കേറാനുള്ള വഴിവെച്ചുകൊടുക്കുന്നു. ഇവയിലെസ്ഥാനങ്ങൾ ആദായമുള്ള സംഗതികളുമാണ്– പണ്ടത്തെമാതിരി 'സേവനം' മാത്രമല്ല അക്കാദമിക്ളിലേയും അത്തരം സർക്കാർ പ്രോത്സാഹിപ്പിക്കുന്ന അന്യസ്ഥാപനങ്ങളിലെയും സ്ഥാനമാനങ്ങൾക്കു് കുറുക്കുവഴിയാണ് 'ക്ലിക്കു്' ഒരുക്കുന്നതു്!

ക്ലിക്കുകൾ ഇന്നു് മാദ്ധ്യമങ്ങളിലും കൂടുവെച്ചിട്ടുണ്ടു്. ഒരു പത്രത്തിലോ ആനുകാലികത്തിലോ, തങ്ങളുടെ "സൃഷ്ടി" പ്രത്യക്ഷപ്പെടണമെങ്കിൽ ആപത്രത്തിലോ, ആനുകാലികത്തിലോ ആണിക്കല്ലായിവർത്തിക്കുന്ന വിദ്വാൻെറ ക്ലിക്കിൽ ചേർന്നാലേപറ്റൂ – എന്നായിരിക്കുന്നു. ചിലപത്രങ്ങളും ആനുകാലികങ്ങളും ചിലർക്കു് ബാലികേറാമലയായി മാറിയിട്ടുള്ളതിൻെറ കാരണം ഇതാണ്. കവിത്വത്തിൻെറ ഗന്ധമില്ലാത്ത കവിതകളും, കഥമരിച്ചിട്ടുള്ള ചെറുകഥകളും, കൊള്ളരുതായ്മകുറിച്ചുണ്ടാക്കുന്ന തുടർക്കഥകളും പുതിയ·നിരൂപകന്മാരെന്നപേരിൽ പ്രത്യക്ഷപ്പെടുത്തുന്ന വിധിനിർണ്ണായകരുമൊക്കെ, ഓരോ പത്രത്തിലും, ആനുകാലികത്തിലും ഭിന്നഭിന്നരായിരിക്കുന്നതിൻെറ കാരണവും മറ്റൊന്നുമല്ല. ഒരു ക്ലിക്കുകാരുടെ കൂട്ടത്തിൽ പെടുന്നയാളിനു് പ്രശംസയും പാരിതോഷികങ്ങളും കൊടുക്കാൻ, അതിലെ അംഗങ്ങളായവർ എന്നും, എപ്പോഴും, തയ്യാറായിരിക്കും. അന്യരെ ചങ്കുനോക്കി ഇടിച്ചുവീഴ്ത്തി പകപോക്കാനും അവർക്കു് വിഷമമില്ല, തയ്യാറുമാണ്. പേരെടുത്തുപറയുന്നതു് വകതിരിവുകേടായിരിക്കുമെന്നുള്ളതുകൊണ്ടു് അതിന് ഇവിടെ മുതിരുന്നില്ല. പക്ഷേസത്യവസ്ഥ എല്ലാവർക്കും സ്പഷ്ടമായിട്ടറിയാവുന്നതുകൊണ്ടു് പേരുപറഞ്ഞില്ലെങ്കിലും പന്തികേടില്ല. എല്ലാം വ്യക്തം!

ക്ലിക്കുകാരുടെവിഭിന്നകൂട്ടങ്ങൾ തമ്മിൽ ചിലപ്പോഴൊക്കെ കൂട്ടിമുട്ടാറുണ്ടു്. അതു കാണാനും കേൾക്കാനുമുള്ള "വഹ" ജനത്തിന് വേണ്ടുവോളം കൊടുക്കുകയും ചെയ്യുന്നു. ഇത്തരം സംഘട്ടനങ്ങൾ എന്തെങ്കിലും "ദിവ്യമായ" വിഷയം അവതരിപ്പിച്ചുകൊണ്ടാണാരംഭിക്കുക. തുഞ്ചൻപറമ്പിലെ കാര്യങ്ങളെക്കുറിച്ചും, കലാമണ്ഡലത്തിലെ അവസ്ഥയെപ്പറ്റിയും, സാഹിത്യകാരനു മാനിഫെസ്റ്റോവേണോ എന്നതിനെക്കുറിച്ചുമെല്ലാം "പൊട്ടിപ്പുറപ്പെട്ടിട്ടു"ള്ള ബഹളങ്ങൾ ഇതിൻെറയൊക്കെ ഉത്തമോദാഹരണങ്ങളാണ്. എഴുത്തിൽനിന്ന് കാശു് കിട്ടുന്നകാര്യങ്ങൾക്കെല്ലാം ഇത്തരം വിവാദങ്ങളും "വിപ്ലവ"ങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. അതുകൊണ്ടാണല്ലോ 'സാഹിത്യപരിഷത്തു്'–ഇന്നു അപ്രധാനമായസംഘടനയായി തീർന്നിരിക്കുന്നതു്. അതിൽ കടന്നു കൂടുന്നതുകൊണ്ടോ, അതിൻെറ ഉയർന്ന പദവികളിലുപവിഷ്ടരാകുന്നതുകൊണ്ടോ, 'കാശു'കിട്ടാനോ 'തപ്പാ'നോ ഉള്ളവഴികളില്ല. പിന്നെന്തിന് അതിൽ ചേരണം! കാശിനു കൊതിയോ പദവിമോഹമോ ഇല്ലാത്ത സി.പി.ശ്രീധരനും, സി.കൃഷ്ണൻനായരുമൊക്കെ എത്രയോ കാലമായി, അതു് മരിക്കാതിരിക്കാൻ പാടുപെടുകയാണ്. അവരെസഹായിക്കാനോ അവരുമായി സഹകരിക്കാനോ സാഹിത്യവും, കലയുമൊക്കെ സ്വന്തം കുടുംബസ്വത്താണെന്നു് വീമ്പടിയ്ക്കുന്ന വിദ്വാന്മാരാരും തയ്യാറാകുന്നില്ല. കാരണം മറ്റൊന്നുമല്ല– അവിടെനിന്നു് കാശുകക്കാനോ പിടുങ്ങാനോ വഴിയില്ല, വഹയുമില്ല!

വാണിജ്യവൽക്കരണം ഏറ്റവുമധികം സ്വാധീനിക്കുന്നതു് ഇന്നു് സാഹിത്യക്കച്ചവടക്കാരെയാണ്. എഴുത്തിനുവിലപേശി കാര്യം സാധിച്ചാലേ, സാഹിത്യവിജയത്തിൻെറ വിലനിർണ്ണയിക്കാനൊക്കൂ എന്നു് എഴുത്തുകാർ പലരും വിശ്വസിക്കുന്നുണ്ടു്. നൂറുപേജുള്ള ഒരു പുസ്തകത്തിനു് ഇന്നു നൂറുരൂപയാണു കുറഞ്ഞവില. അതിൻെറ ഉള്ളടക്കം നോക്കിയല്ല മാർക്കറ്റുവില തീരുമാനിക്കുന്നതു്. പേജിൻെറ എണ്ണമാണതിൻെറയടിസ്ഥാനം!

കാര്യം ഇപ്രകാരമാണെങ്കിലും ഒരുപുസ്തകം അച്ചടിച്ചുപ്രസിദ്ധപ്പെടുത്തുന്നതു് വളരെ പ്രയാസമുള്ള സംഗതിയായിരിക്കുന്നു. പഴയപോലെ പ്രസാധകന്മാർ അതിനു് സന്നദ്ധതപ്രകടിപ്പിക്കുന്നില്ല. പലരോടുമുള്ള ഗ്രന്ഥകാരൻെറ പ്രത്യേകമമതാബന്ധത്താലോ, 'ക്ലിക്ക്'ബന്ധത്താലോ, ആണ് കൂടുതൽ പുസ്തകങ്ങളും പുറത്തുവരാറുള്ളതു്. ചിലരുടെ പുസ്തകങ്ങൾ എടുത്തെടുത്തു് കാണിക്കാനും, അതിൻെറ പേരിൽ ചിലവിവാദങ്ങളുണ്ടാക്കാനും പ്രസാധകന്മാർ പ്രത്യക്ഷമായി താല്പര്യം പ്രദർശിപ്പിക്കുന്നതു് വിരളമല്ല. ഇല്ലാത്ത മഹത്വം വരുത്തിത്തീർത്തു് വില്പനവർദ്ധിപ്പിക്കുന്നവിദ്യയും വിരളമല്ല.

ജീവിച്ചിരുന്നകാലത്തു് കേശവദേവായിരുന്നു ഇത്തരക്കാരിൽ ചിലരുടെ 'ഹീറോ!' അദ്ദേഹം പറയുന്നതൊക്കെ 'ബോക്സിൽ'പത്രത്തിൻെറ മുൻവശത്തു് മുഴുപ്പിച്ചു് പ്രസിദ്ധപ്പെടുത്തുന്നതിനു് പ്രത്യേകം നിയുക്തരായ 'ക്ലിക്ക്'-പത്രപ്രവർത്തകരുണ്ടായിരുന്നു. ഇത്തരം ക്ലിക്കിൽപ്പെട്ടമറ്റൊരു മഹാസാഹിത്യകാരനാണ് ബഷീർ! മരിച്ചിട്ടും അദ്ദേഹത്തെ വിടാനുള്ള വിവേകം കാണിക്കാത്ത ക്ലിക്കു പത്രപ്രവർത്തകർ ഇന്നു് ധാരാളമുണ്ടു്. സാമാന്യം നല്ല ചില കൃതികളുടെ കർത്താവെന്ന നിലയിലല്ലാതെ, മലയാളത്തിലെ എല്ലാവരെയുംകാൾ മഹത്വമേറിയ മഹാസാഹിത്യകാരനായി അദ്ദേഹത്തെ ഊതിവീർപ്പിക്കുന്നതു്, ശുദ്ധാത്മാവായിരുന്ന അദ്ദേഹംപോലും വെറുത്തിരുന്നതായി നേരിട്ടു് അറിവു പലപ്പോഴും കിട്ടിയിട്ടുള്ള ആളാണിതെഴുതുന്നതു്. അദ്ദേഹം അത്തരക്കാരെകഠിനമായി ആക്ഷേപിച്ചിരുന്നു; പുലഭ്യംവരെ പറഞ്ഞിരുന്നു. പക്ഷേ പുലഭ്യത്തെ പൂജാപ്രസാദമായി സ്വീകരിച്ചു് എഴുന്നെള്ളിച്ചുട്ടുള്ളവർ കുറവല്ല. അവരുടെ കൈക്കുറ്റപ്പാടുകൾ കൂടെക്കൂടെ ചില ആനുകാലികങ്ങളിൽ പ്രത്യക്ഷപ്പെടുകയും ചെയ്തിട്ടുണ്ടു്. ഇന്നും പ്രത്യക്ഷപ്പെടുന്നുമുണ്ടു്! അതിലെങ്കിലും കടിച്ചുതൂങ്ങിക്കിടന്നാലേ ശ്രദ്ധേയനാകൂ എന്ന മോഹത്തിൻെറ ഫലമായിട്ടാണ്, അനുസ്മരണങ്ങളും അനുഭവകഥകളും (പലതും പ്രത്യക്ഷത്തിൽതന്നെ പച്ചക്കള്ളങ്ങളാണ്) ചിലർ തട്ടിമൂളിക്കുന്നതു്. എവിടെ നോക്കിയാലും എഴുത്തിൻെറയും സാഹിത്യത്തിൻെറയും കലകളുടെയും പേരിൽ കള്ളനാണയങ്ങൾ അടിക്കുന്ന കമ്മട്ടക്കാരുടെ സംഖ്യവർദ്ധിച്ചുവരികയാണ്. മലയാളത്തെ ഇത്തരക്കാരിൽ നിന്നുരക്ഷിക്കാൻ ഒരു കല്ക്കി എന്നവതരിക്കും?

The Jewellery with a Golden Tradition
JYOTHY JEWELLERY
PALAKKAD
KERALA
ജ്യോതി ജ്വല്ലറി
പാലക്കാട്
ഫോൺ: 23699

13 October 1996

30

മാവേലിയ്ക്ക് ചിക്കൻഫ്രൈഡ്റൈസ്

ആദ്യം വായിച്ചപ്പോൾ, രാഷ്ട്രീയക്കാരൻെറ ഭാഷയിൽപറഞ്ഞാൽ, "ഞെട്ടിപ്പോയി." മാവേലിയ്ക്ക് ഒരുക്കേണ്ട ഓണസദ്യയിലെ ഒരു വിഭവമല്ല, പ്രധാനവിഭവം ചിക്കൻഫ്രൈഡ്റൈസ് ആയിരിക്കുമെന്ന് ഒരു ആനുകാലികത്തിലെ പാചകപംക്തിയിൽ കണ്ടു! ഫാസ്റ്റുഫുഡ് അല്ല, ഭാഗ്യം! കേരളത്തിലെ തനി മലയാളിമങ്കയുടെ അടുക്കളയിൽ തയ്യാറുചെയ്തിട്ടുള്ളതാണ്. അതു് പാചകം ചെയ്യേണ്ട വിധിയെല്ലാം വിശദമായി പറഞ്ഞിരിക്കുന്നു! മാവേലി പണ്ടത്തെ ആളാണെങ്കിലും കേരളക്കരയിലെ ജനങ്ങൾ ആധുനികരോ, അത്യന്താധുനികരോ ആണല്ലോ. അതുകൊണ്ടു് സദ്യയിലൂടെ അദ്ദേഹം രുചിച്ചറിയേണ്ടത് ആധുനിക ജീവിതശൈലിയുടെ അംശംകൂടി വേണമല്ലോ.

ശുദ്ധബ്രാഹ്മണനും, തനി വെജിറ്റേറിയനുമാണു മാവേലിയെന്ന് ഒരിടത്തും ആരും പറഞ്ഞിട്ടില്ല. അതിനാൽ നോൺവെജിറ്റേറിയൻ ആഹാരവിഭവങ്ങളെ വർജ്ജിക്കേണ്ടയാവശ്യവുമില്ല. ഇന്നത്തെ തലമുറക്കാർ തിന്നാനാഗ്രഹിക്കുന്നതെന്തൊക്കെയെന്നറിയിക്കേണ്ടതും അറിയേണ്ടതുമല്ലേ? അതിനാണല്ലോ, ആണ്ടിലൊരിക്കൽ കേരളത്തിലേയ്ക്കുവരാനുള്ള വരം വാമനനിൽനിന്നു വാങ്ങിയത്. പ്രജകൾ എന്തുകഴിക്കുന്നു? എങ്ങനെ കുപ്പായംധരിക്കുന്നു? എന്തൊക്കെ ചെയ്യുന്നു? എന്തെല്ലാം വിനോദങ്ങളിൽ പങ്കെടുക്കുന്നു? – എന്നൊക്കെ അറിയാതെ പോകുവാൻ മാവേലിയ്ക്കുപറ്റുമോ?

കേരളത്തിലെ പാടങ്ങളിൽ വിതച്ച്, കാലവർഷംചൊരിഞ്ഞ വെള്ളത്തിൽ കുതിർന്നുകുരുത്ത്, കതിരണിഞ്ഞു പാകമെത്തിയ വരിനെല്ലുകുത്തിയുണ്ടാക്കിയ അരിവേണം ഓണസദ്യയ്ക്ക് എന്ന് നിർബന്ധംപിടിക്കുന്നതു ശരിയാണോ? ആന്ധ്രക്കാരും തമിഴരും വില്ക്കുന്ന പൊന്നിയരി ധാരാളം കിട്ടാനുള്ളപ്പോൾ, അതല്ലേ സദ്യയ്ക്കു സൗകര്യം? അത്തപ്പൂവിടാനും പൂക്കളമൊരുക്കാനും, തുമ്പയും ചേമന്തിയും പിച്ചയും മുല്ലയും തുളസിയുമൊക്കെ വേണമെന്നു വിചാരിച്ചാൽ കാര്യം നടക്കുകയില്ല. തമിഴ്നാട്ടിൽനിന്നു ലോറിക്കണക്കിനു വിപണിയിൽ വന്നുചേരുന്ന വാടാമലരും മഞ്ഞമന്ദാരവും, താഴമ്പൂവുമൊക്കെ ധാരാളം കിട്ടാനുണ്ട്. അതുപോരേ? പോരാ എന്നു പറഞ്ഞാൽ പറ്റുമോ? അങ്ങ്, സഹ്യാദ്രിയ്ക്കുപുറത്തുനിന്നു ലോറിയുംകാത്ത്, പൂക്കളും പ്രതീക്ഷിച്ചിരിക്കുന്നതല്ലേ എളുപ്പം? കണ്ണൂരും കോഴിക്കോട്ടും കൊല്ലത്തുമെല്ലാം നെയ്തുണ്ടാക്കിയ കൈത്തറിയേക്കാൾ കാവ്യമായതല്ലേ ചുരിദാറുംമറ്റും! അത്തരം ആടകളണിഞ്ഞാൽ ആർഭാടത്തിനും കുറവില്ല. സൗകര്യവുമാണ്. ഇങ്ങനെയൊക്കെ ജീവിക്കുന്ന മലയാളിയ്ക്ക് ചിക്കൻഫ്രൈഡ്റൈസ് അല്ലാതെ മറ്റെന്തു് മാവേലിയ്ക്കു കൊടുക്കാൻപറ്റും? ഓണവും നവീകരണവിധേയമല്ലേ?

നാടൻപാട്ടുകളും നാടോടിപ്പാട്ടുകളും നവീകരിച്ച് സിനിമയിലെ സംഗീതക്കാർ ഏറെ ആകർഷകമാക്കിക്കഴിഞ്ഞില്ലേ? ആത്മാവില്ലെങ്കിലെന്ത് അത്യാകർഷകമല്ലേ സിനിമയിൽ സംഗീതം നൽകുന്നവരുടെ വേലത്തരംകൊണ്ട്, മേളക്കൊഴുപ്പേറ്റിയിട്ടുള്ള നാടോടിപ്പാട്ടും നാടൻപാട്ടും? അവനവൻെറ സൗകര്യത്തിനുവേണ്ടി സ്ഥലപുരാണവും, ഐതിഹ്യവുമെല്ലാം ഇങ്ങനെ നവീകരിച്ചാൽ, അത് തടയാനൊക്കുമോ? ആർക്കെങ്കിലും? കാശുണ്ടാക്കാനുള്ള കാര്യത്തിനുവേണ്ടി പുരാണകഥകൾക്കുതന്നെ വ്യാഖ്യാനങ്ങളും നവീകരണങ്ങളും വരുത്തിയാൽ തെറ്റെന്ത്? ഭീമനും കർണ്ണനും മാത്രമല്ല, വടക്കൻപാട്ടിലെ കഥാനായകന്മാരുമൊക്കെ പുതിയ കുപ്പായമിടാൻ വഴിയുണ്ടാക്കിക്കൊടുക്കുന്നത് നമ്മുടെ സാഹിത്യകാരന്മാരുടെ മൗലികാവകാശമല്ലെന്ന് ആർക്കു വാദിക്കാനൊക്കും? സിനിമാക്കാരും, ടി.വി.ക്കാരും, സാഹിത്യരാക്ഷസന്മാരും ഇതൊക്കെ ചെയ്തു അവതരിപ്പിക്കുന്നവയിൽ തനിമ എത്രത്തോളം ബാക്കിയുണ്ടെന്നു ചോദിക്കാൻ ആർക്കവകാശമുണ്ട്?

അതുകൊണ്ട് ആവലാതിപ്പെട്ടിട്ട് കാര്യമുണ്ടോ? ഇവിടെ വീശിടയിക്കുന്ന "പുതിയ അമേരിക്കൻകാറ്റ്" ഇതല്ല ഇതിനപ്പുറവും നമ്മുടെ സാംസ്കാരിക നായകൻമാരെക്കൊണ്ടു ചെയ്യിപ്പിക്കും. പാരമ്പര്യം നിലമ്പരിശാക്കിയിട്ടേ കാറ്റടങ്ങൂ! അനുദിനം ശക്തിയാർജ്ജിക്കുന്ന "നവീകരണം"–അതാണല്ലോ ചൂണ്ടിക്കാണിക്കുന്നത്. അനതിവിദൂരഭാവിയിൽ അമേരിക്കയിൽനിന്നിറക്കുമതിചെയ്യുന്ന ഫാസ്റ്റുഫുഡ് പാക്കറ്റുകൾ ആയിരിക്കും, ഓണസദ്യയുടെ വിഭവ ങ്ങൾ! മാവേലിമന്നനുപോലും അതിൽ ഖേദം പ്ര കടിപ്പിക്കാൻ അവകാശമില്ല.

മല്ലിയും മന്ദാരവും തുളസിയും പിച്ചിയും മുല്ലയും നിന്നിരുന്നയിടങ്ങളിൽ ആദായംതരുന്ന ഓർക്കിടുകൾ നാം നട്ടുകഴിഞ്ഞു. ആലും ആഴാന്തയും, പുങ്കും പൂവരശും, ചേഴും പൂമരുതും പിടിച്ചുനിന്നിരുന്ന പ്രദേശങ്ങളിൽ അക്കേഷ്യയും, കാഷുറീനയും, യൂക്കാലിയും, മഹാഗണിയുമൊക്കെ വേരുറച്ചുകഴിഞ്ഞു. തേന്മാവിൻെറ കുലം കെടുത്തി, നാമിന്ന് ദമേനിയും മാർഗോവയും പറമ്പുകളിൽ പിടിപ്പിച്ചു.

എല്ലാരംഗങ്ങളിലും ഇങ്ങനെ മാറ്റങ്ങൾ വരുത്തിക്കഴിഞ്ഞിരിക്കുമ്പോൾ മഹാബലിയ്ക്ക് "ചിക്കൻഫ്രൈഡ്റൈസ്" – കൊടുത്താലെന്ത്? മനുഷ്യരുടെ ജീവിതത്തിൽ മാത്രമല്ല, കേരളത്തിലെ പ്രകൃതിപരിസ്ഥിതിതന്നെ പാടേ മാറ്റിക്കഴിഞ്ഞില്ലേ?

ഓണത്തെ എല്ലാവിധത്തിലും വാണിജ്യവൽക്കരിച്ചിട്ടുള്ളതുകണ്ടിട്ടായിരിക്കും മാവേലി മടങ്ങുന്നത്. ഭരിക്കുന്നവർപോലും ഓണാഘോഷത്തെ ടൂറിസ്റ്റുകളെ ആകർഷിപ്പിക്കാനുള്ള വിഭവമാക്കിയില്ലേ? എവിടെയും പണത്തിനുവേണ്ടിയുള്ള പരക്കംപാച്ചിൽ! വാക്കും പ്രവൃത്തിയും തമ്മിൽ പൊരുത്തമില്ലായ്മ! ആദർശങ്ങളെക്കുറിച്ച് വാതോരാതെ ഗർജ്ജിക്കുന്നവരെത്രയാണ് കക്കാനും കബളിപ്പിച്ചു കാശുണ്ടാക്കാനും തുനിഞ്ഞിരിക്കുന്നത്! എല്ലാം പരസ്യങ്ങളിലൂടെ മാദ്ധ്യമങ്ങളിലൂടെ, വെള്ളപൂശിയാൽ, അതുമതി ആത്മരക്ഷയ്ക്ക്.

ഈ വിധത്തിലുള്ള ഓണം ഒടുവിൽ അമേരിക്കയിലെ ക്രിസ്മസ്ആഘോഷംപോലെ, അധഃപതിക്കുമെന്നു തീർച്ചയാണ്. അമിതമദ്യപാനവും, അയഞ്ഞ ലൈംഗികജീവിതവും അരങ്ങേറാനുള്ള ഒരവസരം ഇവിടെയും രൂപംകൊള്ളുകയാണോ ഓണാഘോഷങ്ങളിലൂടെ?

അഴിമതിയെന്ന അർബ്ബുദം

29 December 1996

മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലാത്തത്ര അഴിമതി ഇന്ന് ഇവിടെ പൊതുജീവിതത്തെ പൊതിഞ്ഞിരിക്കുന്നു. ആരോപണവിധേയരായവരും, കുറ്റവാളികളെന്നു വിധിക്കപ്പെട്ടവരുമായ ``നേതാക്കന്മാർ`` എത്രയെന്നു കണക്കുകൂട്ടി പറയാനാവാത്തവണ്ണം വർദ്ധിച്ചിരിക്കുകയാണ്. കേന്ദ്രത്തിലെ പ്രധാനമന്ത്രിയായി കാലാവധി പൂർണ്ണമായി പൂർത്തിയാക്കിയ ആൾ മുതൽ ആ പട്ടികയിലുണ്ടു്. സംസ്ഥാനമന്ത്രിപുംഗവന്മാരുടെ കഥകൾ പറയാനുമില്ല. ഇവരെയെല്ലാം മൊത്തത്തിൽ ബാധിക്കുന്ന കാര്യം, ഇവരെല്ലാം വിദഗ്ധമായി പൊതുജനങ്ങളെ വഞ്ചിച്ചിരിക്കുന്നു എന്നുള്ളതത്രേ. ബോധപൂർവ്വവും, വിദഗ്ധവുമായ വിധത്തിലാണ് ഇവർ ഹീനപ്രവർത്തനങ്ങളിൽ വ്യാപരിച്ചിരുന്നതു്. ഇത്രയും കാലം പൊതുജനനേതാക്കന്മാരെന്ന കുപ്പായമണിഞ്ഞാണ് ഇവരെല്ലാം വിഹരിച്ചത്. പദവിയും സ്ഥാനമാനങ്ങളും അവയിൽനിന്നു സിദ്ധിക്കുന്ന അധികാരങ്ങളുമെല്ലാം ഉപയോഗപ്പെടുത്തി അവിഹിതസമ്പാദ്യങ്ങളുടെ കൂമ്പാരങ്ങൾ അതിരഹസ്യമായി അവിടവിടെ കൂട്ടിവെച്ചു. സ്വന്തംപേരിലും സ്വന്തക്കാരുടെ പേരിലും മാത്രമല്ല ബിനാമികളുടെ മേൽവിലാസത്തിലുമാണീ സമ്പാദ്യങ്ങൾ സ്വരൂപിച്ചതു്. അഴിമതി പൊതുജീവിതത്തിൽനിന്നു നീക്കാനും, സംശുദ്ധമായ ജനസേവനം ഉറപ്പുവരുത്താനും നിയുക്തരായിരുന്നവർ, അഴിമതിക്കാരുടെ ആശാന്മാരായി തീർന്നതിനാൽ, സമൂഹത്തെ സമഗ്രമായി അഴിമതിയെന്ന അർബ്ബുദംബാധിക്കാൻ അവസരമുണ്ടാക്കിയിരിക്കുകയാണ്. എത്രകാലം എരുമച്ചാണകം തളിച്ചാൽ ഇവിടെ സംശുദ്ധിയുണ്ടാകുമെന്നു പറയാൻ പ്രയാസമായിരിക്കുന്നു!

നീതിന്യായപീഠങ്ങളെപ്പോലും ഈ അർബ്ബുദം ബാധിച്ചുതുടങ്ങിയിരിക്കുന്നു എന്നാണല്ലോ പശ്ചിമബംഗാളിലെ ഒരു മുൻചീഫ്ജസ്റ്റീസിൻെറ കാര്യം സൂചിപ്പിക്കുന്നതു്. ഉദ്യോഗമൊഴിഞ്ഞശേഷമുള്ള ശിഷ്ടജീവിതകാലം നിരപരാധിത്വം തെളിയിക്കാൻ കോടതികളുടെ വരാന്തകളിൽ ചിലവഴിക്കാൻ നിർബന്ധിതരാകുന്ന പ്രധാനമന്ത്രിയെയും മന്ത്രിസഭാംഗങ്ങളെയും സംസ്ഥാനമുഖ്യമന്ത്രിമാരെയും മന്ത്രിസഭാംഗങ്ങളെയും മാത്രമല്ല, നീതിപീഠങ്ങളിൽ മുമ്പ് ഉപവിഷ്ടരായിരുന്നവരെയും, കാണാനിടവരുന്ന ഒരു സമൂഹത്തെക്കുറിച്ച് എന്താണ് പറയാവുന്നതു്? ഇത്തരം ഒരു സമൂഹമാണ് ഇവിടെ രൂപംപ്രാപിക്കുന്നതെന്ന് വിചാരിക്കുമ്പോൾ, ആശങ്കയും ഭയവും ലജ്ജയും തോന്നാത്തവർ ആരെങ്കിലും ഉണ്ടാകുമോ? ഓരോ പൗരനേയും ഇരുത്തിചിന്തിപ്പിക്കുന്ന ഈ അവസ്ഥയിലാണ് നാം ഇന്ന് എത്തിയിരിക്കുന്നതു്. എങ്കിലും യാതൊരു പ്രതികരണവും പ്രകടിപ്പിക്കാതെ നിത്യജീവിതം നയിക്കുകയാണോ നമ്മൾ?

രാവും പകലും മുടങ്ങാതെ മാദ്ധ്യമങ്ങൾ നമുക്കു നൽകിക്കൊണ്ടിരിക്കുന്ന വസ്തുതകൾ വികടവും വികല്പവുമായ വികാരങ്ങളെയും താൽപര്യങ്ങളെയും വളർത്താൻ വളമിടുന്നവയാണ്. അവ വിപുലമായും വാചാലമായും വിദഗ്ധമായും സംഭരിച്ച് വിതരണംചെയ്യുന്നതു് ബഹുജനമാദ്ധ്യമമുകിലന്മാരുടെ പിണിയാളുകളാണ്. സാധാരണക്കാരുടെ കൗതുകവും ജിജ്ഞാസയുമൂതിവീർപ്പിക്കുന്ന രൂപത്തിലാക്കി, കുരുത്തക്കേടുകളേയും കൊള്ളരുതായ്മകളേയും അവർ വിളമ്പിക്കൊടുക്കുന്നു. അധമാഭിരുചികൾ നിലനിർത്താൻ കരുതിക്കൂട്ടിയുള്ള പ്രവർത്തനങ്ങളാണവർ അര[illegible]

മനുഷ്യചരിത്രത്തിൽ മുമ്പു് ഒരു കാലഘട്ടത്തിലുമാർജ്ജിക്കാൻ സാധിച്ചിട്ടില്ലാത്തത്ര വൈവിദ്ധ്യവും വൈപുല്യവും ബഹുജനമാദ്ധ്യമങ്ങൾക്കു് നേടാൻ കഴിഞ്ഞിട്ടുള്ള ഒരു യുഗത്തിലാണ് നാം ജീവിക്കുന്നതു്. ശാസ്ത്രീയവും സാങ്കേതികവുമായ നേട്ടങ്ങൾ അവർക്ക് പിൻബലമരുളുകയും ചെയ്യുന്നുണ്ടു്. ഏതൊരു മനുഷ്യനെയും അവൻെറ ഏകാന്തവേളകളിൽ എത്തിപ്പിടിച്ചു കീഴടക്കാൻ അവയ്ക്കു കഴിയുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും മനുഷ്യനും മനുഷ്യനും തമ്മിലുള്ള അകലം അനുദിനം വർദ്ധിക്കുകയാണ്. അടുപ്പിക്കാനും അഭ്യുദയത്തിലേക്കുയർത്താനും സാധ്യതകൾ ഏറെയുണ്ടായിരുന്നിട്ടും, പരസ്പരം ഭിന്നിക്കാനും പോരടിക്കാനുമുള്ള പ്രവണതകളാണ് കൂടുന്നതു്! മാനവികതയുടെ വളർച്ചയല്ല, തളർച്ചയാണ് എവിടെയും പ്രകടമാകുന്നതു്! മനുഷ്യനിലെ നന്മ അനുദിനം ക്ഷയിക്കുന്നു. അതിനു ക്ഷതമേൽപ്പിക്കുന്ന കാര്യങ്ങളാണു കൂടുതലുണ്ടാകുന്നതു്. അതാണ് ഏറ്റവും വിസ്മയമുളവാക്കുന്ന ഇന്നത്തെ വൈരുദ്ധ്യം! നന്മയെക്കാൾ തിന്മയ്ക്കാണ് വാർത്താപ്രാധാന്യമെന്നു വന്നിരിക്കുന്നു! നിഷേധത്തിനാണ്, നിർമ്മാണത്തേക്കാൾ പ്രാമാണ്യവും പ്രാധാന്യവും മാദ്ധ്യമമുകിലന്മാർ നൽകാറുള്ളതു്.

നമ്മുടെ ഗവേഷണപ്രമുഖന്മാരും വികടവാസനകൾക്കും, വികല്പതാല്പര്യങ്ങൾക്കുമാണ് കൂടുതൽ പ്രാധാന്യം നൽകുന്നതു്. ഇത് സ്ഥിരീകരിക്കുന്ന തെളിവ് ഹാജരാക്കാനും വിഷമമില്ല. 1967–1974 കാലയളവിൽ മനുഷ്യരുടെ മനസ്സിനെ സംബന്ധിച്ച് ആധികാരികമെന്നു വിവക്ഷിക്കാറുള്ള ഗവേഷണങ്ങൾ നടന്നത്, ഇനി പറയും പോലെയാണ്: Psychological Abstracts – എന്ന പ്രസിദ്ധീകരണത്തിൽ രത്തച്ചുരുക്കമായി പ്രകാശിപ്പിക്കുകയും ചെയ്തിട്ടുണ്ടു്. മാനസീകാലസ്യം (anxiety) എന്ന വിഷയത്തിൽ 36,851 പ്രബന്ധങ്ങൾ പ്രസിദ്ധപ്പെടുത്തി, ആകാംക്ഷയെക്കുറിച്ച് 50,991 പ്രബന്ധങ്ങളും ഈ കാലത്തുണ്ടായി. അതേസമയം, തങ്ങളുടെ ജീവിതത്തിൽ സംതൃപ്തികണ്ടെത്തിയവരെ സംബന്ധിക്കുന്ന 2389 പ്രബന്ധങ്ങളും, സുഖമനുഭവിച്ചവരെ സംബന്ധിച്ച് 2340 പ്രബന്ധങ്ങളുമാണു് പുറത്തുവന്നത്! ഈ കണക്കുകളിൽ നിന്ന് ഒരു കാര്യം സ്പഷ്ടമാണ്. മാനസികരോഗികളെക്കുറിച്ചും അവരുടെ വൈകല്യങ്ങളെപ്പറ്റിയും അറിയാനാണ് ഗവേഷകന്മാർക്കുപോലും താൽപര്യം! ജീവിതസുഖം കണ്ടെത്തിയവരതെങ്ങിനെ സാധിച്ചു എന്നറിയാനുള്ള കൗതുകം താരതമ്യേന ചുരുക്കം. അതിനെക്കുറിച്ച് ആധികാരികഗവേഷണം താരതമ്യേന പരിമിതംതന്നെ. നന്മയെപ്പറ്റി പഠിക്കാനും പറയാനുമാളില്ല.

സർഗ്ഗാത്മകസാഹിത്യകാരന്മാർക്കും വികട–വികല്പവ്യക്തികളോടാണ് കൂടുതൽ മമത. നോവലിൽ, നാടകങ്ങളിൽ, കാവ്യങ്ങളിൽ എല്ലാം അപഭ്രംശസ്വഭാവക്കാരുടെ പെരുമാറ്റങ്ങളാണ് കൂടുതലായി പ്രതിപാദ്യങ്ങളായിത്തീരാറുള്ളതു്. സാധാരണക്കാരുടെയും സദ്പ്രവർത്തകരുടെയും, സദാചാരത്തിനു മുൻതൂക്കംനൽകുന്നവരുടെയും കാര്യങ്ങളിലേക്ക് ഇവർ ഇറങ്ങിച്ചെല്ലാറില്ല. അതായത്, അന്യർക്ക് മാതൃകയായിത്തീരാവുന്നവരെ വിഗണിക്കുന്നു. കള്ളന്മാരെയും കൊള്ളക്കാരെയും കൊലപാതകികളെയും ഹീറോമാരാക്കാനാണ് സാഹിത്യകാരന്മാർക്കും ഏറെ താൽപര്യം. ആധുനികകാലത്ത് മാതൃകയായിത്തീരത്തക്കവരുടെ രൂപരേഖകൾപോലും സാഹിത്യകൃതികളിൽ വിരളമാണ്. വാസ്തവികപ്രസ്ഥാന (റിയലിസ) മാണിതെന്നത്രേ വാദം! പക്ഷെ ഇവർ മാതൃകാജീവിതം നയിക്കുന്ന അനാർഭാടരായി കഴിയുന്ന, സമൂഹത്തിലെ നല്ല മനുഷ്യരെ കാണാറില്ല; ഇന്നും അവർ അവശേഷിച്ചിട്ടുള്ളതറിയാറില്ല.

പാശ്ചാത്യസാഹിത്യസങ്കേതങ്ങൾ അപ്പടിയനുകരിക്കുകയാലാണ് സാഹിത്യകാരന്മാർക്ക് സാഹിത്യമൂല്യബോധവും മറ്റും കൈമോശംവരുന്നതു്. ഇവിടെ എന്നും നന്മയ്ക്കും സത്യത്തിനും ജയമുണ്ടാകുമെന്നുറപ്പിക്കുന്ന സാഹിത്യ–കലാസൃഷ്ടികൾക്കാണ് പ്രാമുഖ്യംനൽകിയിട്ടുള്ളതു്. അതിനിഷ്ഠൂരരും അസത്തുക്കളുമായ നിരവധി പേരെ പൗരസ്ത്യസാഹിത്യകൃതികളിൽ ചിത്രീകരിച്ചിട്ടുണ്ടു്. പക്ഷേ, അവരോടൊപ്പം, സത്തുക്കളെയും ദീനദയാലുക്കളെയും ആദർശനിഷ്ഠരേയും മറ്റുള്ളവർക്കു് മാതൃകയായി സ്വീകരിക്കാൻ അവതരിപ്പിച്ചിരിക്കുന്നു. അതിനാൽ ഇവിടെ തിന്മയ്ക്ക് തൂക്കംകൂടുതലുള്ളവയല്ല ഉത്തമ സാഹിത്യസൃഷ്ടികൾ. അന്ധമായി പാശ്ചാത്യസാഹിത്യസങ്കല്പങ്ങളെയും പ്രസ്ഥാനങ്ങളെയും സ്വീകരിക്കുന്ന ആധുനികസാഹിത്യപ്രവർത്തകന്മാരാണ്, ഇവിടെയും തിന്മയ്ക്കും ദുഷ്ടതയ്ക്കും മാന്യത വരുത്തിയിട്ടുള്ളതു്.

ഭീരുക്കളെയും ദുഷ്ടന്മാരെയും അവതരിപ്പിക്കുന്ന കൃതികളിൽപോലും, അനുവാചകർക്ക് ആദർശപുരുഷന്മാരായിതീരത്തക്ക കഥാപാത്രങ്ങളെയും ചിത്രീകരിച്ച്, സൽകർമ്മപ്രതിപത്തിയും സദാചാരജീവിതപ്രേമവും സ്വാംശീകരിക്കുന്നതിന് അവസരംനൽകുന്നു. മഹാകാവ്യങ്ങളിലും നാടകങ്ങളിലും ചില സംഭവങ്ങളുംമറ്റും വർജ്ജ്യങ്ങളാണെന്ന ഭാരതീയസാഹിത്യസങ്കേതം ഇതുമൂലമാണിവിടെയംഗീകരിച്ചിരുന്നതു്. ഇവയ്ക്ക് വിരുദ്ധമായ നിലപാടാണ് പാശ്ചാത്യർക്കുള്ളതു്. ദുഷ്പ്രവണതയും, ദുഷ്ടതയും ദുർമാർഗ്ഗങ്ങളും വികട–വികല്പസ്വഭാവങ്ങളുംകൊണ്ടു നിറഞ്ഞിരിക്കുകയാണ് ആധുനികകാലത്തെ ബഹുജനമാദ്ധ്യമങ്ങളിലെല്ലാം. ഈ അവസ്ഥ നിലനിൽക്കുന്നകാലത്തോളം ഇവിടെ അക്രമവും അനിഷ്ടസംഭവങ്ങളും ദുരാചാരങ്ങളും ദുഷ്ടതയും ഒഴിവാക്കിയുള്ള ഒരു ജീവിതം ഉണ്ടാകുകയില്ല. അക്രമവും അഴിമതിയും ഒരു ജീവിതശൈലിയായി തുടരുകയും ചെയ്യും.

നിറവും നിഴലും

മോൺസിയൂർ ആർ. നരേന്ദ്രനാഥ്

05 January 1997

അഴിമതിയുടെ കൊയ്ത്തുകാലം

(27)

മുൻ പ്രധാനമന്ത്രിയും ചില സംസ്ഥാനങ്ങളിലെ മുൻ മുഖ്യമന്ത്രിമാരും കാട്ടിക്കൂട്ടിയ അഴിമതികളും, സമ്പാദിച്ചെന്നു പറയപ്പെടുന്ന അവിഹിതമുതലുകളുടെ കണക്കും വാർത്താപ്രാധാന്യം കൊടുത്തു് ബഹുജനമാദ്ധ്യമങ്ങൾ പ്രഖ്യാപിക്കുന്ന കാലമാണല്ലോ ഇതു്. ഇവരെ കൂടാതെ ഇവരുടെ മന്ത്രിസഭകളിൽ "മാന്യ"മായ പദവികൾ വഹിച്ചിരുന്ന മന്ത്രിമാരും നേടിവെച്ച മുതലുകളുടെ വിവരങ്ങളും മുറയ്ക്കു് പുറത്തുവന്നുകൊണ്ടിരിക്കുന്നു. ഇവയധികവും സർക്കാരിൻെറതന്നെ അന്വേഷണ ഏജൻസികളും മറ്റു ചുമതലപ്പെട്ടവരുമാണ് നല്കിക്കൊണ്ടിരിക്കുന്നതു്. ഇതൊക്കെ അറിയുമ്പോൾ സാധാരണക്കാരായ ജനങ്ങൾക്കു തോന്നുന്ന ഒരു സംശയമുണ്ടു്. ഇത്രയും കാലം ഈ അധികാരസ്ഥാനങ്ങൾ എന്തു ചെയ്യുകയായിരുന്നു? അവരിൽ നിക്ഷിപ്തമായിരുന്ന ഔദ്യോഗികച്ചുമതലകൾ ഉദ്യോഗസ്ഥർ ഇതിനുമുമ്പു് എന്തുകൊണ്ടു് യഥാവിധി നിർവ്വഹിച്ചില്ല? കഴിഞ്ഞ പല വർഷങ്ങളിൽ നടന്നിട്ടുള്ള കൊള്ളരുതായ്മകൾ കണ്ടെത്തുന്നതിന് ഇവർക്കു് കാഴ്ചകൈവന്നതു് ഇപ്പോൾ മാത്രമായതെന്തുകൊണ്ടു്? അവരിൽ നിക്ഷിപ്തമായിട്ടുള്ള ഔദ്യോഗികച്ചുമതല യഥാവിധിനിർവ്വഹിക്കാൻ തടസ്സമായിനിന്നിരുന്നതു് എന്താണ്? ആരുടെ കൈകടത്തൽ കാരണമാണ് ഇവർക്കു് ഔദ്യോഗികകൃത്യം അനുഷ്ഠിക്കാനാവാതെ വന്നതു്? ഈ ചോദ്യങ്ങൾക്കു് മറുപടിപറയാനും ഈ അധികാരസ്ഥാനങ്ങൾ തയ്യാറാകേണ്ടതാണ്. ഒരുദ്യോഗസ്ഥനെ അയാളുടെ ഔദ്യോഗികച്ചുമതലകൾ നിർവ്വഹിക്കാൻ തടസ്സപ്പെടുത്തുന്നതു് ക്രിമിനൽ കുറ്റമല്ലേ?

അധികാരത്തിലിരുന്നകാലത്തു് ദിവ്യന്മാരായി വിലസിയിരുന്ന വിദ്വാന്മാരും വിദുഷികളും അവിഹിതസ്വത്തു് ആർജ്ജിക്കുകമാത്രമല്ല ചെയ്തിട്ടുള്ളതു്. ഉദ്യോഗസ്ഥന്മാരെ അവരുടെ കൃത്യങ്ങളനുഷ്ഠിക്കാൻ തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു എന്നുവേണമല്ലോ ഈ സാഹചര്യത്തിൽ അനുമാനിക്കാൻ! ജാതിമതഭേദമെന്യേ, എല്ലാ മതേതരരാഷ്ട്രീയ കക്ഷികളിലും പെടുന്ന "നേതാക്കന്മാർ" ഇവരിലുണ്ടു്! എല്ലാ സംസ്ഥാനങ്ങളിൽ നിന്നുവന്നവരുമുണ്ടു്. മുൻ പ്രധാനമന്ത്രി മാത്രമല്ല, ഇപ്പോഴത്തെ പ്രധാനമന്ത്രിയും ആരോപണവിധേയനാണ്. ഇപ്പോഴത്തെ പ്രധാനമന്ത്രിയുടെ അഴിമതികളെക്കുറിച്ചുള്ള ഒരു പുസ്തകംതന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണറിവു്. ആ പുസ്തകം നിരോധിക്കാനാണ് ആരോപണങ്ങളുടെ സത്യാവസ്ഥ അന്വേഷിക്കാനല്ല, അധികാരസ്ഥാനങ്ങൾക്കുള്ള താല്പര്യമെന്നാണ് വാർത്ത വന്നിട്ടുള്ളതു്.

അധികാരത്തിലിരിക്കുന്നകാലത്തു് ചെയ്യുന്ന അഴിമതിയും, സമ്പാദിക്കുന്ന അവിഹിതമുതലും വൈദഗ്ധ്യത്തോടെ മറച്ചുവെയ്ക്കുന്നതിന് ഇവർക്കെല്ലാം വളരെ വിരുതുണ്ടു്. എന്നാൽ സ്ഥാനഭ്രഷ്ടരാകുമ്പോൾ, അവർക്കു മൂടുപടമിടാനുള്ള സൗകര്യങ്ങളില്ലാതാകുന്നു! ഇന്നു പുറത്തായിട്ടുള്ള അഴിമതിക്കഥകളിലെ നായകന്മാരും നായികമാരുമെല്ലാം അധികാരഭ്രഷ്ഠരായവരായതു് അതുകൊണ്ടാണല്ലോ. അധികാരത്തിലിരിക്കുമ്പോൾ അതിദിവ്യന്മാരും, പുറത്താക്കുമ്പോൾ പാപികളുമായിത്തീരുന്ന ഈ അവസ്ഥാവിശേഷം പ്രത്യേകം ശ്രദ്ധേയമാണ്. ഇന്നു് അധികാരം കയ്യാളുന്നവരുടെ തനിനിറവും കഥകളും പുറത്തുവരുന്നതിന്, അവർ അധികാരഭ്രഷ്ടരാക്കുന്നതുവരെ പൊതുജനത്തിനുകാത്തിരിക്കാതെ പറ്റുകയില്ല!

ഇന്ദിരാഗാന്ധി പ്രയോഗത്തിൽ വരുത്തിയ അടിയന്തിരാവസ്ഥായുഗത്തിൽ നടന്ന നിരവധി അഴിമതികളുടെയും അധികാരദുർവ്വിനിയോഗങ്ങളുടെയും വസ്തുതകൾ നിയമവിധേയമായും നടപടിക്രമങ്ങളനുസരിച്ചും ഷാ കമ്മീഷൻ തയ്യാറാക്കിയ ആധികാരിക റിപ്പോർട്ടുകളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അഴിമതികളും അധികാരദുർവ്വിനിയോഗവും നടത്തിയവരെന്നു തെളിഞ്ഞു് കുറ്റക്കാരെന്നു പറയേണ്ടവർ പലരും, പിന്നീട് കേന്ദ്രത്തിലെയും സംസ്ഥാനങ്ങളിലെയും മന്ത്രിമാർആയി! അടിയന്തിരാവസ്ഥകാലത്തുണ്ടായ അഴിമതികളെയും അധികാരദുർവ്വിനിയോഗങ്ങളെയും എടുത്തുകാണിച്ചു്, തിരഞ്ഞെടുപ്പിൽ ജയിച്ചു്, കൂട്ടുകെട്ടുണ്ടാക്കി ഒന്നിച്ച് അധികാരത്തിൽ വന്നവർ അതിനു മുമ്പുനടന്ന അഴിമതികളെയും അധികാരദുർവ്വിനിയോഗങ്ങളെയും കൂടുതൽ പരിശോധിക്കാൻ തയ്യാറായില്ല! കൂട്ടുകക്ഷിസംവിധാനം തന്നെ ദയനീയമായി തകർന്നു. നാലുനേതാക്കന്മാർക്കു് പ്രധാനമന്ത്രിപദത്തിലേറാനുള്ള അവസരം ഒരുക്കിയെന്നതിൽകവിഞ്ഞ് മറ്റൊന്നും ഈ സാഹചര്യം സൃഷ്ടിച്ചതുമില്ല! അതിലൊരാൾ, ചരിത്രംസൃഷ്ടിച്ച പ്രധാനമന്ത്രിയുമാണ്– ഒരിക്കൽപോലും പാർലിമെൻറിനെ അഭിമുഖീകരിക്കാത്ത ഒരു പ്രധാനമന്ത്രി!

ഇന്നു് ഷാകമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചു് മിണ്ടാൻപോലും ഒരു നേതാവും ഒരുങ്ങാറില്ല. അതൊന്നു മറിച്ചുനോക്കാൻ, സർക്കാരിൻെറ ഗ്രന്ഥശേഖരങ്ങളിൽ ലൈബ്രറികളിൽ കിട്ടുകയുമില്ല! സർക്കാരിൻെറ ഗ്രന്ഥശേഖരങ്ങളിൽ കമ്മീഷൻെറ അദ്ധ്യക്ഷൻ ഒരു വമ്പിച്ച തുക ചിലവഴിച്ചാണ് റിപ്പോർട്ടുതയ്യാറാക്കിയതും പ്രസിദ്ധപ്പെടുത്തിയതും. പിന്നീടു അധികാരത്തിൽ വന്ന ഇന്ദിരാസർക്കാരും, അതിൻെറ പിൻബലമായിരുന്ന രാഷ്ട്രീയകക്ഷിയും തന്ത്രപൂർവ്വം ഷാകമ്മീഷൻ റിപ്പോർട്ടിനെ കൊന്നെന്നുപറയാം. ഇന്നു് ഒരു നോക്കു കാണൻ പോലും ആ റിപ്പോർട്ടുകിട്ടാനുമില്ല! ഇതുപോലെ തന്നെയാണ് മറ്റു് അഴിമതിയുടെയും കോഴയുടെയും അവസ്ഥകളും!

അഴിമതിയ്ക്കും അധികാരദുർവ്വിനിയോഗത്തിനും കുപ്രസിദ്ധിനേടിയ, ഒരിരുണ്ട കാലഘട്ടത്തിൻെറ സ്ഥിതിയിതാണെങ്കിൽ മറ്റുള്ളവയുടേതു് എങ്ങിനെയായിത്തീരുമെന്നു് അനുമാനിക്കുന്നതാണുഭേദം! പ്രതിപക്ഷത്തിരിക്കുമ്പോൾ കാണിക്കുന്ന ധർമ്മരോഷവും അഴിമതിയെയും അധികാരദുർവ്വിനിയോഗത്തെയും കുറിച്ചുള്ള താല്പര്യവും മറ്റും, രാഷ്ട്രീയക്കാർക്കു് സൗകര്യപൂർവ്വം ഉപയോഗിക്കാനുതകുന്ന ഒരായുധം മാത്രമാണ്! രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്താനുള്ള ഒരു വലിയ വടി എന്നതിൽ കവിഞ്ഞു് അതിന് അവർക്കു് പ്രസക്തിയില്ല.

അഴിമതിനിരോധനനിയമത്തിൻെറ പരിധിയിൽനിന്നു് എം.പി.മാരെയും എം.എൽ.ഏ.മാരേയും ഒഴിവാക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ടെന്നാണ് അടുത്തകാലത്തു് റിപ്പോർട്ടു് ചെയ്തിട്ടുള്ളതു്! എം.പി.മാരും എം.എൽ.ഏ.മാരും ആ നിയമത്തിൻെറ പരിധിയിൽ പെടുമെന്നാണ് ഒറിസ്സാ ഹൈക്കോടതിവിധിച്ചിട്ടുള്ളതു്. ഇതു സംബന്ധിച്ച് സംശയം നിലവിലുണ്ടെന്നത്രേ മറ്റു ചില നിയമജ്ഞന്മാരുടെ അഭിപ്രായം.

മൂലാധിഷ്ഠിതവും സംശുദ്ധവുമായ ഒരു സമൂഹത്തിൻെറ സൃഷ്ടിയ്ക്കു് രാഷ്ട്രീയക്കാരുടെ പ്രവർത്തനം ഉതകുമെന്നു വിശ്വസിക്കുന്നവർ, ദിവാസ്വപ്നം കാണുന്നവരാണ്. അതിനു് ഉറപ്പുള്ള ഒരു സാംസ്കാരിക പ്രവർത്തനമില്ലാതെ കഴിയുകയില്ല. രാഷ്ട്രീയത്തിൻെറ അതിപ്രസരമുള്ള ലോകത്തിലെ പ്രധാനപ്പെട്ട രാജ്യങ്ങളിലെല്ലാം, നിലവിലിരിക്കുന്ന "രാഷ്ട്രീയ സംസ്കാരം" ദുർഗ്ഗന്ധംവമിക്കുന്നവയത്രേ! അമേരിക്കൻ ഐക്യനാടുകൾ, ജപ്പാൻ, ഇറ്റലി, ഫ്രാൻസ്, ഗ്രേറ്റ് ബ്രിട്ടൻ എന്നിവിടങ്ങളിലെല്ലാം രാഷ്ട്രീയക്കാർ കാട്ടിക്കൂട്ടുന്ന വിക്രിയകളുടെ കഥകൾ മാത്രംമതി ഈ സത്യാവസ്ഥ തെളിയിക്കാൻ! സ്വഭാവശുദ്ധിയും, മൂല്യബോധവും, ആത്മാർത്ഥതയുമുള്ള സാംസ്കാരികപ്രവർത്തകന്മാരുടെ കർമ്മപദ്ധതികളിലൂടെ മാത്രമേ നന്മനിറഞ്ഞ ഒരുസമൂഹം രൂപംകൊള്ളാനിടവരൂ. അതിനു കുറുക്കുവഴികളോ, എളുപ്പവഴികളോ ഇല്ല! ഈ സത്യം നമുക്കു് വിസ്മരിച്ചുകൂടാ. മൂല്യബോധവും സംശുദ്ധിയെ സംബന്ധിച്ച മൗലികജ്ഞാനവും വളർത്തുകയല്ലാതെ മറ്റു മാർഗ്ഗമില്ല.

കാവുകൾ എന്ന ജീവസമൂഹ സംവരണസങ്കേതങ്ങൾ

കേരളീയരുടെ ജീവിതസംവിധാനത്തിൽ കാവുകൾക്കുനൽകിയ പ്രാമാണ്യംപോലെ മറ്റൊന്നു പറയാൻ അമ്പലങ്ങളുടെ കാര്യംമാത്രമേയുള്ളൂ. പ്രശസ്തങ്ങളും പ്രമുഖങ്ങളുമായ തറവാടുകൾ താറുമാറായപ്പോൾ കാവുകളുടെ കഷ്ടകാലമാരംഭിച്ചു. തറയും, കുളവും, കാവുമില്ലാത്ത മരുമക്കത്തറവാടുകൾ ഇല്ലായിരുന്നെന്നു പറയാം. അവയിൽ ഏറെയും സ്വകാര്യസമ്പത്തുകളായിരുന്നതിനാൽ, അവയുടെ സംരക്ഷണവും നിലനിൽപ്പും സ്വകാര്യതാല്പര്യങ്ങളെ ആശ്രയിച്ചാണു നിലനിന്നതു്. അപൂർവ്വമായി സമൂഹത്തിൻെറ സമ്പത്തായി നിലനിന്നിരുന്ന കാവുകളുണ്ടായിരുന്നതു്, ഇവിടെ മറന്നുകൂടാ.

അതതുപ്രദേശത്തെ ജീവജാതികളുടെ അവസാനത്തെ അഭയകേന്ദ്രം എന്ന നിലയിൽ അവ നിർവ്വഹിച്ച അതുല്യമായ സേവനം, ജീവജാതികൾക്കു നൽകിയ സംരക്ഷണമായിരുന്നു. അതതുപ്രദേശത്തെ തനതായ ജീവജാതികൾ നിലനിൽക്കുന്നതിന് കാവുകളിൽ സൗകര്യമുണ്ടായിരുന്നുവെന്നതു ശ്രദ്ധേയമാണ്. പാമ്പും, പഴുതാരയും, പുഴുക്കളും, പുല്ലുമുതൽ പൂവെണ്ണുവരെയും കാവുകളിൽ സ്വൈര്യജീവിതംനയിച്ചു് വർഗ്ഗനാശംവരാതെ നിലനിന്നുപോന്നു. ദേശാടനപ്പക്ഷികൾമാത്രമല്ല, നാട്ടിൽ നിന്നൊരിക്കലും വിട്ടുനിൽക്കാത്ത പറവകൾവരെ, കാവിലെ വള്ളിപ്പടർപ്പുകളിലും മരക്കൊമ്പുകളിലും കൂടുവെച്ചു കുടുംബംപുലർത്തി നിലനിൽപ്പിനു ഭയമില്ലാതെ കഴിഞ്ഞിരുന്നു. അപൂർവ്വസസ്യങ്ങളും മരുന്നുചെടികളും അവിടെ വിരളമായിരുന്നില്ല.

മരുമക്കത്തായത്തിൻെറ അനുബന്ധവ്യവസ്ഥിതികളും സംവിധാനങ്ങളുമൊക്കെ, മരുമക്കത്തായസമ്പ്രദായത്തിൻെറ ഉച്ചാടനത്തോടെ അനുക്രമമായിട്ടസ്തമിച്ചു. മഴക്കാലത്തു വെള്ളം വേണ്ടവർ വെള്ളംസംഭരിച്ചിരുന്ന കുളങ്ങൾ, കൊതുകുനശീകരണപദ്ധതിപ്രകാരം നികത്തി. അന്ധവിശ്വാസങ്ങളുടേയും പ്രകൃത്യാരാധനയുടേയും കാലം കഴിഞ്ഞെന്നുദ്ഘോഷിച്ചു് കാവുകൾ വെട്ടിയഴിച്ചു. നാട്ടുമ്പുറങ്ങളിലെ വിലപ്പെട്ട സസ്യവർഗ്ഗങ്ങളും, ജീവജാലങ്ങളും അഭയസങ്കേതമില്ലാതായപ്പോൾ അന്യംനിന്നു. എത്രയെത്ര ജീവജാലങ്ങളാണ് ഇപ്രകാരം എന്നന്നേക്കുമായി അപ്രത്യക്ഷമായിട്ടുള്ളതു്. അവിടവിടെ ജലസംഭരണികളായി പ്രവർത്തിച്ചിരുന്ന കുളങ്ങൾ നികന്നപ്പോൾ വീഴുന്ന മഴവെള്ളമൊക്കെ ഒഴുകി കടലിലേക്കുപോയി. ഭൂഗർഭജലവിതാനം തീരെ താഴുകയോ ഇല്ലാതാകുകയോ ചെയ്തപ്പോൾ, പണ്ടൊരിക്കലും വറ്റിയിട്ടില്ലാത്ത കിണറുകളൊക്കെ വരണ്ടു. കേരളഗ്രാമങ്ങളിൽ കേട്ടുകേൾവിപോലുമില്ലാത്ത കുടിനീർക്ഷാമം നിരന്തരപ്രശ്നമായി.

ഈ ദുരന്തങ്ങളെല്ലാം പ്രകൃതിയോടു മുമ്പു കാണിച്ചിരുന്ന ബഹുമാനവും സ്നേഹവും മനുഷ്യർ ഉപേക്ഷിച്ചതുകൊണ്ടുണ്ടായതാണെന്നു് പാശ്ചാത്യപരിസ്ഥിതിശാസ്ത്രജ്ഞന്മാർ കണ്ടെത്തിയപ്പോഴാണ് ഇവിടെയും നാട്ടുകാരൊക്കെ വിശ്വസിച്ചുതുടങ്ങിയത്. സായിപ്പു പറയാത്ത സത്യം, സത്യമല്ലെന്ന വിശ്വാസം എന്നിട്ടും പരിത്യജിക്കാൻ നാടൻസായിപ്പന്മാർ തയ്യാറായില്ല. സസ്യജാലങ്ങളെയും പക്ഷിമൃഗാദികളെയും ആരാധനാഭാവത്തോടെ സമീപിക്കുന്ന പ്രാചീനപാരമ്പര്യരീതി കൈമോശംവന്ന ജനതയ്ക്കു്, ആ പാപകർമ്മത്തിൻെറ ഫലം അനുഭവിക്കാതെവയ്യ. അതാണ് ഇന്നു നാം ദിനംപ്രതി നേരിട്ടുകൊണ്ടിരിക്കുന്നതു്. സംസ്കാരവും സഹസ്രാബ്ദസഞ്ചിതമായ ലോകനീതിയും ഇവിടെയിട്ട ആധാരശിലകളൊക്കെ അഴിച്ചുമാറ്റുകയോ, അറിയാതെ അന്ധകാരത്തിലേക്കു നീക്കിനിർത്തുകയോ ചെയ്തപ്പോൾ, വെള്ളക്കാരൻെറ വാക്കുകളല്ലാതെ വേറൊന്നും പ്രസക്തമല്ലെന്നു ജനത വിശ്വസിച്ചു പ്രവർത്തിച്ചു. ഇവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കാനല്ല പകരം സങ്കീർണ്ണമാക്കുവാനാണ് ഇവയെല്ലാം വഴിതെളിയിച്ചതു്. ചുറ്റുമുള്ള പ്രപഞ്ചവും താനും സാരാംശത്തിൽ അഭിന്നമാണെന്ന അറിവു് നമുക്കു് കൈമോശംവന്നു. അതുകണ്ടെത്തി വീണ്ടെടുത്തു് അറിവിൻെറയും ജീവിതത്തിൻെറയും അംശമാക്കിത്തീർക്കുന്നതുവരെ നാം പഴയതറവാട്ടിൽ തിരിച്ചെത്തിയെന്നു കരുതിക്കൂടാ.

ഇപ്പറഞ്ഞതിൻെറ പ്രതീകവും പ്രത്യക്ഷത്തെളിവുമായിരുന്നു കേരളീയതയുടെ കാതലായിരുന്ന കാവുകൾ. ഇതേവിധത്തിൽ അതു് ഉദാത്തമായ ഘടകമാക്കിത്തീർത്തിട്ടുണ്ടോ, ഭാരതത്തിലെ അന്യഭാഗങ്ങളിൽ എന്നറിവില്ല. എങ്കിലും കാവുകൾ ചില ദേശങ്ങളിൽ പ്രധാനപ്പെട്ട സംവിധാനമായി സ്വീകരിച്ചിട്ടുണ്ടെന്ന സത്യം മറന്നുകൂടാ. ഇക്കാര്യം വിപുലമായവിധത്തിൽ വ്യക്തമാക്കുന്ന ഒരു പുസ്തകം അടുത്തകാലത്തു പുറത്തുവന്നിട്ടുണ്ടു്. ആന്ധ്രപ്രദേശത്തെ സ്ഥിതിവിവരങ്ങൾ, വിദഗ്ധമായവിധം സമാഹരിച്ചിരിക്കുകയാണിതിൽ. സംരക്ഷിത കാവുകൾ 179 എണ്ണം കൂടാതെ, സംസ്ഥാനത്തിലെ 23 ജില്ലകളിൽ ഉള്ള 570–ഓളം ചെറുതും വലുതുമായ കാവുകളെ സംബന്ധിച്ച വസ്തുതകളും ഈ പ്രസിദ്ധീകരണത്തിലുണ്ടു്. വേൾഡ്‌വൈഡ് ഫണ്ടിൻെറ ആ സംസ്ഥാനത്തെ വിഭാഗവും, സംസ്ഥാനത്തെ ഏഴു സർവ്വകലാശാലകളുടെ ശാസ്ത്രീയസംബന്ധമായ സഹായവും, പ്രാദേശികസന്നദ്ധസംഘങ്ങളുടെയും സംഘടനകളുടെയും സഹകരണവും സർക്കാരേതര സംഘടനകളുടെ സഹായവുമൊക്കെ സമാഹരിച്ചാണ്, ഈ മഹാസംരംഭം പൂർത്തീകരിച്ചിരിക്കുന്നതു്. മറ്റു സംസ്ഥാനങ്ങൾക്കു് മാതൃകയാകത്തക്ക ഒരു പദ്ധതിയാണിതെന്നു് ചൂണ്ടിക്കാണിക്കാൻ വിഷമമില്ല.

കേരളത്തിലെമാതിരിയുള്ള സംവിധാനത്തെസംബന്ധിച്ചു് അറിയുവാനാഗ്രഹിക്കുന്ന ഒരന്വേഷകനോ വിദ്യാർത്ഥിക്കോ കൊടുക്കത്തക്ക വിധത്തിലുള്ള സ്ഥിതിവിവരങ്ങൾ ആരെങ്കിലും സമാഹരിക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടുള്ളതായി തോന്നുന്നില്ല. അഥവാ, ഉണ്ടെങ്കിൽതന്നെ അതു് ഈ ലേഖകൻെറ ശ്രദ്ധയിൽ പെട്ടിട്ടുമില്ല. പല സന്ദർഭങ്ങളിൽ, ഇപ്രകാരമുള്ള സ്ഥിതിവിവരങ്ങളും ആധികാരികവസ്തുതകളും കാവുകളുടെ സ്ഥാനങ്ങളുമൊക്കെ വിശദമാക്കുന്ന ഒരു പ്രസിദ്ധീകരണത്തിൻെറ ആവശ്യം ഈ ലേഖകൻതന്നെ, എടുത്തുപറഞ്ഞിട്ടുണ്ടു്. സന്നദ്ധസംഘടനകളും സംഘങ്ങളും, സാമൂഹ്യപ്രവർത്തകരും ശാസ്ത്രതാല്പര്യമുള്ളയാളുകളും ധാരാളമുണ്ടെന്നവകാശപ്പെടുന്ന കേരളത്തിൽ, ഇപ്രകാരമൊരു പ്രയത്നം കഴിയുന്നത്രനേരത്തെ നടത്തേണ്ടതാണ്. ഇപ്പോൾതന്നെ പല കാരണങ്ങളാൽ കേരളത്തിലെ കാവുകൾ പലതും ഇല്ലാതായിരിക്കുന്നു. അവശേഷിക്കുന്നവ അവസാനശ്വാസംവിടാൻ കാത്തുകഴിയുകയുമാണ്. ഈ വൈകിയവേളയിലെങ്കിലും ഒരു വിപുലമായ ആധികാരിക പ്രസിദ്ധീകരണത്തിനു നടപടിയെടുക്കേണ്ടതാണു്. വേൾവൈഡ്ഫണ്ടും അതുപോലുള്ള സംഘങ്ങളും സർവ്വകലാശാലകളും, കൃഷിവകുപ്പും, കേന്ദ്ര ഏജൻസികളും മറ്റും ഒന്നിച്ചുചേർന്നുള്ള ഒരേർപ്പാടിനുമാത്രമേ ഈ ചുമതല യഥാവിധി നിർവ്വഹിക്കാൻ സാധിക്കൂ. ഈ പദ്ധതിയുമായി സഹകരിക്കാൻ സന്നദ്ധതയുള്ള സർക്കാരേതരസംഘടനകളുടെ സഹകരണവും ഇതിന് പ്രയാസമില്ലാതെ സിദ്ധിക്കുമെന്നാണ് കരുതാവുന്നതു്.

മുമ്പൊരവസരത്തിൽ ഈ ലേഖകൻ പ്രസ്താവിച്ചിട്ടുള്ള ഒരു കാര്യം ഇവിടെ ആവർത്തിച്ചുകൊണ്ടു് ഈ കുറിപ്പു് അവസാനിപ്പിക്കാം. നൂറുകണക്കിന് സൈലൻറുവാലികളുടെ നാശത്തേക്കാൾ ഉഗ്രമായ പരിസ്ഥിതിനാശമാണ് ഇവിടെ കേരളത്തിലെ കാവുകളുടെ വിനാശത്തിലൂടെ ഇവിടെയുളവായിട്ടുള്ളതു്. കാവുകളുടെ നാശത്തിലൂടെ അന്യംനിൽക്കാൻ നിർബന്ധിതമായ ജീവജാതികളുടെ എണ്ണം നിർണ്ണയിക്കാനാവാത്തവണ്ണം വലുതാണ്. ബൃഹത്തായ ഈ പരിസ്ഥിതിനാശത്തേക്കാളുപരി, മനുഷ്യന് പ്രകൃതിയുമായുള്ള ബന്ധം എടുത്തുകാണിക്കുന്ന അവസ്ഥാവിശേഷം നഷ്ടമായതാണ് കൂടുതൽ ദുഃഖകരമായ കാര്യം.

Sacred and Protected Groves of Andhra Pradesh
WWF - India, A.P. State Office, View Towers,
Lakdikapool, Hyderabad - 4. Rs. 200/-

'വിശ്വഭാനു' എന്ന മഹാകാവ്യം

യൂണിവേഴ്സിറ്റികാളേജിൽ ബി.എസ്സി വിദ്യാർത്ഥിയായിരുന്നകാലത്തു് 1945-ൽ അവിടത്തെ മലയാളവിഭാഗത്തിന്റെ മൊത്തം സാഹിത്യസംഘടനയുടെ കാര്യദർശിയായി ഞാനാണ് സേവനംനടത്തിയതു്. മലയാളസാഹിത്യത്തെസംബന്ധിക്കുന്ന സമ്മേളനങ്ങളും മറ്റും സംഘടിപ്പിക്കേണ്ട ചുമതലയാണ് അന്നു് സമാജത്തിനുണ്ടായിരുന്നതു്. വാശിയേറിയ മത്സരത്തിലൂടെയാണ് കാര്യദർശിയെ തെരഞ്ഞെടുത്തതു്. ഡാ. ഗോദവർമ്മരാജയായിരുന്നു മലയാളം പ്രൊഫസർ. അക്കൊല്ലത്തെ പ്രവർത്തനപരിപാടി ഔപചാരികമായി ഉൽഘാടനം ചെയ്യുന്നതിനു്, പ്രൊഫസറുടെ അനുമതിയോടെ, ഞാൻ ആദ്യം സമീപിച്ചതു്, അന്നു് സംസ്കൃതകോളേജ് പ്രിൻസിപ്പലായിരുന്ന എൻ. ഗോപാലപിള്ളയെയാണ്. അദ്ദേഹത്തിനു് ചില അസൗകര്യങ്ങൾ കാരണം എന്റെ ക്ഷണം സ്വീകരിക്കാൻകഴിഞ്ഞില്ല. എന്നാൽ പകരം, അദ്ദേഹത്തിന്റെ സുഹൃത്തായിരുന്ന ഡോ. പി.കെ. നാരായണപിള്ളയെ അക്കാര്യത്തിനു് ക്ഷണിക്കാൻ എന്നെ ഉപദേശിച്ചു. അങ്ങനെയാണ് പണ്ഡിതപ്രമുഖനായിരുന്ന ഡോ. പി.കെ. നാരായണപിള്ളയെ, ആദ്യമായി കാണാനും പരിചയപ്പെടാനും എനിക്കിടവന്നതു്. സമാജത്തിലെ മറ്റുഭാരവാഹികൾക്കു്, ഒരു രാഷ്ട്രീയനേതാവിനെവേണമെന്നായിരുന്നു അഭിപ്രായം. സർ. സി.പി.യുടെ ഭരണം മുറ്റിമുറുകിനിന്നിരുന്നകാലം. സ്റ്റേറ്റ് കോൺഗ്രസ് ഗൂഢമായി സമരപരിപാടി നിറവേറ്റിയിരുന്നസമയം. അതിനാൽ സമാജം ഉൽഘാടനം ചെയ്യാൻ ക്ഷണിച്ചുകൊണ്ടുവന്നതു് സി. നാരായണപിള്ളയെയാണ്.

1952-ൽ തിരുവനന്തപുരത്തെ ആകാശവാണി നിലയത്തിൽ ഉദ്യോഗസ്ഥനായിചുമതലയേറ്റശേഷം, ഡോ. പി.കെ. നാരായണപിള്ളയുമായി അടുത്തിടപെടാൻ പല സന്ദർഭങ്ങളും ഉണ്ടായി. അദ്ദേഹത്തിന്റെ വിപുലവും അഗാധവുമായ അറിവും അസാധാരണമായ തന്റേടവും അടുത്തുകാണുന്നതിന് എനിക്കു് അനവധി അവസരങ്ങളുണ്ടായിട്ടുണ്ടു്. അദ്ദേഹത്തിന്റെ സുഹൃത്തായിരുന്ന ആർ. ഗോപാലപിള്ളയുടെ കാര്യത്തിലെന്നപോലെ, അദ്ദേഹത്തിൽനിന്നും അറിവിന്നൊപ്പമുള്ള സാഹിത്യസംബന്ധികളായ കൃതികൾ കൈരളിക്കു് കിട്ടിയിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. അദ്ദേഹത്തിന്റെ ഏറ്റവും വിലപ്പെട്ട കൃതി, ''വിശ്വഭാനു'' എന്ന സംസ്യകൃതമഹാകാവ്യമാണു്; ഇരുപത്തൊന്നുസർഗ്ഗങ്ങളിലായി 555 ശ്ലോകങ്ങളുള്ള മഹാകാവ്യം. വിവേകാനന്ദന്റെ മഹാജിവിതകഥയാണ് പ്രതിപാദ്യം. വിവേകാനന്ദന്റെ ജീവചരിത്രം മിക്കവാറും എല്ലാലോകഭാഷകളിലും വിരചിതമായിട്ടുണ്ടു്. ലോകപ്രസിദ്ധമായ ഒരു കൃതിയാണ് റോമയൻ റോളണ്ടിന്റെതു് - ലോകശ്രദ്ധയ്ക്കുവിഷയീഭവിച്ച മനോഹരമായ ഗ്രന്ഥം. ഭാരതീയഭാഷകളിൽ സ്വതന്ത്രങ്ങളായ നിരവധി വിവേകാനന്ദജീവചരിത്രപുസ്തകങ്ങളുണ്ടുതാനും. എന്നാൽ ആ മഹാസന്യാസിയുടെ മഹത്തായ ജീവിതം മഹാകാവ്യമാക്കി അവതരിപ്പിക്കാൻ അധികമാളുകൾ ശ്രദ്ധിച്ചിട്ടില്ല. ''ശ്രീ വിവേകാനന്ദചരിതം'' -എന്നപേരിൽ ആയിരത്തിഒരുനൂറ്റിഇരുപത്തിരണ്ടു (1122) ശ്ലോകങ്ങളിൽ, പണ്ഡിറ്റ് ടി.എസ്. ഭണ്ഡാർക്കർ രചിച്ചിട്ടുള്ള കാവ്യം കഴിഞ്ഞാൽ, പറയത്തക്കവയായി വേറെ രചനകളുണ്ടായിട്ടുള്ളതിൽ പ്രധാനം ''വിശ്വഭാനു'' മാത്രമാണ്. ''വിശ്വഭാനു'' മഹാകാവ്യത്തിനു് കേന്ദ്രസാഹിത്യ അക്കാദമിയുടെ പുരസ്കാരം കിട്ടിയിട്ടുണ്ടെന്ന കാര്യവും ഇവിടെ സ്മരണീയമാണു്. 1980-ൽ പ്രസിദ്ധപ്പെടുത്തിയ പ്രസ്തുതകൃതിയുടെ ഒരു പ്രതി, കയ്യൊപ്പിട്ടു് ഗ്രന്ഥകാരൻ പാരിതോഷികമായി എനിക്കുതന്നതു് എന്റെ പുസ്തകശേഖരത്തിലുണ്ടു്. ഇവിടെ പ്രസ്താവിച്ച രണ്ടുകൃതികളും സംസ്കൃതഭാഷയിൽ ചമച്ചിരിക്കുന്നു.

''വിശ്വഭാനു''വിനു് ആസ്വാദനപ്രധാനമെന്നു വിശേഷിപ്പിക്കാവുന്ന ഒരു മുഖവുര വിമലാനന്ദസ്വാമികൾ എഴുതിയിട്ടുള്ളതു്, പ്രസ്തുതകൃതിയുടെ പ്രത്യേകതകൾ വായനക്കാരുടെ ശ്രദ്ധയിൽ നേരത്തെതന്നെ പെടുത്താൻ സഹായിക്കുന്നുണ്ടു്. കൂടാതെ സംസ്കൃതത്തിൽ അച്ചടിച്ചിരിക്കുന്ന ശ്ലോകങ്ങളുടെ ഉള്ളടക്കം സംക്ഷിപ്തമായി ഇംഗ്ലീഷിൽ കവിതന്നെ നല്കിയിട്ടുള്ളതു് വായനക്കാരനെ യഥാവിധി നയിക്കാനുതകുന്നു. എല്ലാവിധത്തിലും ഏറ്റവും മഹത്തായൊരു കർത്തവ്യമാണ് ഗ്രന്ഥകാരൻ അനുഷ്ഠിച്ചിരിക്കുന്നതു്. അതുപോലെ ഡോ. പി.കെ.യുടെ വലിയ വിജയവുമാണതു്. എല്ലാവിധത്തിലും അധഃപതനത്തിന്റെ ലക്ഷണങ്ങൾ പ്രകടമാക്കുന്ന ഇന്നത്തെ സമൂഹത്തിനു്, വിവേകാനന്ദൻ നല്കുന്നസന്ദേശത്തിലൂടെ മോചനത്തിനുള്ള വഴിയുണ്ടു്. ഒരിക്കലും പ്രസക്തി നഷ്ടപ്പെടാത്ത ആശയങ്ങൾ,

ആർഷഭാരതസംസ്കാരത്തിന്റെ അടിത്തറകളായി വർത്തിക്കുന്ന വേദ-പുരാണ-ഇതിഹാസങ്ങളിൽനിന്നു്, പ്രസക്തങ്ങളായ ഭാഷയിൽ അവതരിപ്പിക്കുന്ന വിവേകാനന്ദസന്ദേശം, ഇന്നു് ഏറ്റവും കൂടുതൽ ആളുകളിൽ ചെന്നുചേരേണ്ടതാണു്. പുറനാട്ടുകര ആശ്രമത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ''വിവേകാനന്ദസാഹിത്യസർവ്വസ്വം''- പോലെ മറ്റൊരുമാതൃകാപരമായ പ്രസിദ്ധീകരണം അന്യഭാഷകളിൽ പോലുമില്ല. വിവേകാനന്ദസ്വാമികൾ പ്രസംഗങ്ങളിലൂടെ പ്രകാശിപ്പിക്കുന്ന ആശയങ്ങളുടെ വേരുകൾ എവിടെയെല്ലാം വ്യാപിച്ചുകിടക്കുന്നു എന്നറിയാൻ, അവയിലെ സൂചിക ധാരാളം മതിയാവും. ഇത്രയും ഉത്തരവാദിത്വത്തോടുകൂടി തയ്യാറാക്കിയിട്ടുള്ള വേറൊരു പ്രാമാണികഗ്രന്ഥപരമ്പര മലയാളത്തിൽ വേറൊന്നില്ല - വിവേകാനന്ദസാഹിത്യസർവ്വസ്വം പോലെ!

വിവേകാനന്ദസ്വാമികളുടെ ജീവിതമാണ് പ്രധാനവിഷയമെങ്കിലും അദ്ദേഹത്തിന്റെ വിലപ്പെട്ട ആശയങ്ങളെല്ലാംതന്നെ, ''വിശ്വഭാനു'' '' മഹാകാവ്യത്തിലൂടെയും പ്രസരിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ഉപദേശങ്ങൾ പലതും ഗീതകരൂപത്തിൽ, അവതരിപ്പിക്കുന്നതിനു് പ്രയത്നിച്ചിട്ടുള്ളയാളാണ് കൃഷ്ണൻപറപ്പള്ളി. അദ്ദേഹത്തിന്റെ ''വിവേകാനന്ദസരോവരം'' അടുത്തകാലത്താണ് പുറത്തുവന്നതു് അതിനു പുരസ്കാരവും കിട്ടി. വിവേകാനന്ദസ്വാമികൾ ചൂണ്ടിയ വഴികളിലൂടെ സഞ്ചരിക്കാൻ താല്പര്യമുള്ളവരുടെ എണ്ണം വർദ്ധിക്കുന്നതിന്റെ ലക്ഷണമായി ഈ കൃതികളൊക്കെ കണക്കാക്കാമെന്നു തോന്നുന്നു. ചുറ്റിലും സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയെക്കുറിച്ചു ദുഃഖിക്കുന്നവർ, അവിടവിടെ അന്ധകാരത്തിൽകണ്ടെത്തുന്ന ഇത്തരം കെടാവിളക്കുകളിൽനിന്നുപ്രസരിക്കുന്ന പ്രകാശത്തിന്റെ കാര്യം എടുത്തുപറയുന്നതു് ഉപകാരപ്രദമായിരിക്കും. പ്രമുഖങ്ങളും പ്രധാനപ്പെട്ടവയുമായ പ്രസിദ്ധീകരണങ്ങളെപ്പറ്റി പ്രസ്താവിക്കുന്നവർ പലരും ഇത്തരം പുസ്തകങ്ങൾ വിട്ടുകളയുന്നു. അറിവിന്റെ കുറവോ അല്പത്തമോ, ഏതാണ് ഇതെന്നു നിശ്ചയിക്കുക വിഷമംതന്നെ.

ലുംബിനി മുതൽ കോബിവരെ

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

ഭാരതരാജ്യാതിർത്തിക്കു സമീപമുള്ള നേപ്പാളത്തെ ലുംബിനിയെന്നസ്ഥലത്താണ് സിദ്ധാർത്ഥ ഗൗതമരാജകുമാരൻ ജനിച്ചതെന്നു് എല്ലാവർക്കുമറിയാം. 1995 സപ്തംബർ 21-ാം തീയതി അവിടെനിന്ന് സവിശേഷമായ ഒരു പഠനപര്യടനപരിപാടി സമാരംഭിക്കുകയുണ്ടായി. പതിനേഴുരാജ്യങ്ങളിലെ നാല്പത്തിനാലു മഹാപണ്ഡിതന്മാരടക്കം എഴുപത്തേഴു പേരുള്ള ഒരുസംഘമാണ് അതിൽ പങ്കെടുത്തതു്. പത്തു ദിവസങ്ങളോളം നീണ്ടുനിന്ന ഈ പര്യടനത്തിൻെറ മുഖ്യലക്ഷ്യം, നേപ്പാളത്തെയും ഹിമാലയസാനുക്കളിലേയും ബുദ്ധമതപവിത്ര സങ്കേതങ്ങൾ, പ്രത്യേകിച്ച് ലുംബിനിയിലേയും ഖാത്മണ്ഡുതാഴ്‌വരയിലെയും – തീർത്ഥാടന കേന്ദ്രങ്ങൾ സന്ദർശിച്ചു പഠനങ്ങൾനടത്തുകയായിരുന്നു. പരിപാടിയിൽ പങ്കെടുത്ത പണ്ഡിതൻമാർ രണ്ടു് അന്താരാഷ്ട്ര ചർച്ചാസമ്മേളനങ്ങളും സംഘടിപ്പിച്ചു. അതിലൊന്നു്, ബുദ്ധഭഗവാൻെറ ജന്മസ്ഥലമായ ലുംബിനിയെ കേന്ദ്രീകരിച്ചതായിരുന്നു. സമ്മേളനത്തിൻെറ പ്രധാനപ്പെട്ട ഒരു ശുപാർശ, ലുംബിനീസങ്കേതത്തെ മനുഷ്യരാശിയുടെ മൊത്തം പൈതൃകസ്വത്തിലൊന്നായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിക്കണമെന്നതായിരുന്നെന്ന വസ്തുത എടുത്തു പറയട്ടെ.

ലുംബിനിയിൽ ഇന്ന് പ്രധാനപ്പെട്ട പുരാവസ്തുഖനനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഗർഭിണിയായ മായാദേവീരാജ്ഞി പ്രസവത്തിനായി മാതൃഗൃഹത്തിലേക്കു പോകുന്നവഴി, ലുംബിനിയിലെ ഒരുദ്യാനസങ്കേതത്തിൽ വിശ്രമിച്ചു. സമീപമുള്ള ഒരു സരസ്സിൽ നീരാട്ടുകഴിഞ്ഞ്, ഉദ്യാനത്തിലെ സാലവൃക്ഷച്ചുവട്ടിലെത്തിയപ്പോൾ പ്രസവവേദനതുടങ്ങി. വൃക്ഷശാഖ സ്വയം താണുകൊടുത്തപ്പോൾ ദേവി അതിൽ പിടിച്ചുകൊണ്ട് നിവർന്നുനിന്നു. ചുറ്റുമുള്ളഅശോകവൃക്ഷങ്ങൾ ഇലതിങ്ങിയശാഖകൾകൊണ്ടു് ചുറ്റും മറച്ചു. അപ്രകാരമൊരുങ്ങിയ പ്രസവഗൃഹത്തിലാണ് മായാദേവി ശാക്യരാജകുമാരനായ സിദ്ധാർത്ഥഗൗതമനെ പ്രസവിച്ചതു്. (അതുസംഭവിച്ചതു്, ക്രിസ്തുവിൻെറ ജനനത്തിന് 563 വർഷം മുമ്പായിരുന്നു എന്നു് ഓർമ്മിക്കുമല്ലോ.)

സിദ്ധാർത്ഥശിശുപിറന്നു വീണഉടനെ ഏഴു ചുവടുവെച്ചശേഷം ആകാശത്തേക്കുവിരൽ ചൂണ്ടി ഇങ്ങനെ പ്രസ്താവിച്ചത്രേ: "ജീവജാലങ്ങളിൽ അത്യുന്നതനായി പിറവികൊണ്ടഞാൻ, ജനനമരണപ്രശ്നങ്ങൾ താണ്ടിയിരിക്കുന്നു. ഇത് എൻെറ അന്തിമജന്മമാണ് ഇനിമേൽ എനിക്കു് പിറവിയില്ല!" മാതാവിനോടുരചാരി അടുത്തുവിരാജിക്കുന്ന സിദ്ധാർത്ഥഗൗതമശിശുവിനോടൊത്തു് സാലവൃക്ഷശാഖയിൽ പിടിച്ചുകൊണ്ടുനില്ക്കുന്ന മായാദേവിരാജ്ഞിയുടെ രൂപം ബുദ്ധദേവപ്പിറവിയോടുബന്ധപ്പെട്ട എല്ലാ പൗരാണിക ബുദ്ധവിഗ്രഹങ്ങളിലെയും സംവിധാനമാണു്. പ്രസവാനന്തരം ഏഴു ദിവസമായപ്പോൾ മായാദേവി സ്വർഗ്ഗംപൂകി.

മായാദേവിയെ കേന്ദ്രമാക്കി മതവിശ്വാസപ്രമാണങ്ങളോ ആചാരാനുഷ്ഠാനങ്ങളൊ ആരാധനാക്രമങ്ങളൊ ബുദ്ധമതപ്രചാരത്തോടുകൂടി പലയിടങ്ങളിലും പരിണാമപ്പെട്ടില്ല. ഇതിന് ഒരേ ഒരപവാദം ജപ്പാനിൽ രൂപംപ്രാപിച്ച പരമ്പരാഗതമായ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും മാത്രമാണ്. ബുദ്ധദേവൻെറ പരിനിർവ്വാണവേളയിൽ മാതാവായ മായാദേവി ഭൂമിയിലാഗതയായെന്നും ബുദ്ധദേവനെ അന്തിമ പൂജചെയ്തെന്നുമാണ്, അവിടെ ബുദ്ധമതാനുയായികൾ വിശ്വസിക്കുന്നതു്. വേറൊരു ഐതിഹ്യത്തിൽ ബുദ്ധഭഗവാൻ ഒരവസരത്തിൽ മായാദേവിയുടെ സ്വർഗ്ഗസങ്കേതത്തിലെത്തി, മതതത്വങ്ങൾ മനസ്സിലാക്കിക്കൊടുത്തെന്നും പ്രസ്താവിക്കുന്നുണ്ടു്.

ഒരാരാധനാമൂർത്തിയെന്ന രൂപത്തിൽ മായാദേവിയെ ഏതെങ്കിലും നിശ്ചിതക്രമങ്ങളിലുള്ള ആരാധനാസമ്പ്രദായങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അവരുടെ നാമധേയത്തിൽ അമ്പലമോ ആരാധനാസങ്കേതമോ നിർമ്മിച്ചിട്ടുമില്ല. മുമ്പു സൂചിപ്പിച്ച ചർച്ചാസമ്മേളനത്തിൽ ഫ്രഞ്ചുകാരനും, ലോകപ്രസിദ്ധബുദ്ധമതപണ്ഡിതനെന്നുപ്രശസ്തനുമായ പ്രൊ. ബർനാർഡ് ഫ്രാങ്ക് (Prof. Bernadd Frank) നല്കിയിട്ടുള്ള പ്രാമാണ്യത്തെക്കുറിച്ചു് സുദീർഘമായി വിവരിച്ചിട്ടുണ്ടു്. ജപ്പാനിലെ ഒരു പ്രധാനമേഖലയായ കോബിയിലെ ഒരു ഗിരിശൃംഗത്തിൻെറ നാമധേയം "മായ" എന്നാണു്. അതു് മായാദേവിയെഅനുസ്മരിച്ചിട്ടിട്ടുള്ളതുമാണ്. അവിടെ നിർമ്മിച്ചിരിക്കുന്ന ക്ഷേത്രത്തിലെ പ്രതിഷ്ഠ മായാദേവിയുടേതുമത്രേ. അനുദിനം അർച്ചനകളും പൂജാക്രമങ്ങളും അവിടെ അനുഷ്ഠിക്കാൻ അനേകായിരമാളുകൾ അവിടെ ത്തുന്നുണ്ടു്. എ.ഡി. 14-ാം നൂറ്റാണ്ടുമുതൽ അവിടെ പ്രബലവും പ്രസിദ്ധവുമായ തീർത്ഥാടനസങ്കേതമാണു്. വിഗ്രഹപ്രതിഷ്ഠ 10-ാം നൂറ്റാണ്ടിലാണ് അവിടെ നടന്നതെന്നും പ്രൊഫസർ പ്രസ്താവിക്കുന്നു. അതു് (വിഗ്രഹം) ചൈനയിൽ നിന്നു് ഒരു ബുദ്ധസന്യാസിയാണവിടെയെത്തിച്ചതു്.



ബുദ്ധഭഗവാൻെറ അവതാരം ശിൽപരൂപത്തിൽ

(ഫോട്ടോ: ജ്ഞാനേന്ദ്രദാസ്)

ബുദ്ധദേവൻെറ മാതാവെന്നനിലയിൽ മാത്രമല്ല, ലോകമാതാവായി സങ്കല്പിച്ചാണു് ഭക്തന്മാർ അവിടെ ആരാധനനടത്തിവരുന്നതു്. ലക്ഷോപലക്ഷം സ്ത്രീകൾ മായാദേവിയെ പൂജിക്കുന്നതു് സുഖപ്രസവമുണ്ടാകുന്നതിനും സന്താനസൗഭാഗ്യത്തിനും മാത്രമല്ല, സന്താനങ്ങളുടെ ആരോഗ്യത്തിനുമാണു്. കോബി ക്ഷേത്ര ത്തിലെ പ്രതിഷ്ഠാവിഗ്രഹത്തിലൊരുകയ്യിൽ അശോകപുഷ്പമാണു് പിടിച്ചിരിക്കുന്നതു്. പാരമ്പര്യ പരികല്പനകളിൽനിന്നു ഭിന്നമായി ഒരു ശിശുവിനെ മാറോടു ചേർത്തു പിടിച്ചിട്ടുമുണ്ടു്. മറ്റൊരിടത്തും ബുദ്ധമാതാവിനെ ഇങ്ങനെ സങ്കല്പിച്ചിട്ടില്ല.

ലുംബിനിയിലെമായാദേവീക്ഷേത്രം ഘട്ടംഘട്ടമായി പണിചെയ്തിട്ടുള്ളതാണെന്നു വേണം കരുതാൻ. ക്ഷേത്രം രൂപംപ്രാപിക്കുന്നതിനുമ്പു് അവിടെ നിരവധി സ്തൂപങ്ങളാണുണ്ടായിരുന്നതു്. വൃത്താകൃതിയിലുള്ള സ്തൂപങ്ങളിൽ മുഖ്യമായതിൽ, സിദ്ധാർത്ഥജനനം ആലേഖനം ചെയ്തിട്ടുള്ളതും മായാദേവീരൂപം കൊത്തിയിട്ടുള്ളതും പ്രതിഷ്ഠിച്ചിരുന്നു. അതിപുരാതനമെന്നു കരുതാവുന്ന ഈ ശില്പമാണു് ആ പ്രദേശത്തെ ഏറ്റവും വിലപ്പെട്ട പവിത്രപുരാവസ്തു. അതു് ബുദ്ധദേവാരാധനയ്ക്കുള്ളതാണു്; മായാദേവീപൂജയ്ക്കുള്ളതല്ല!

മായാദേവീക്ഷേത്രം ഇന്നു സ്ഥിതിചെയ്യുന്നിടത്താണ്, സിദ്ധാർത്ഥജനനാവസരത്തിൽ പ്രസവഗൃഹസംവിധാനം ആരാമവൃക്ഷങ്ങളൊരുക്കിയതെന്നാണു്, ജനവിശ്വാസം. ഇവിടെ സഞ്ചയിച്ചിരിക്കുന്ന ശിലാഖണ്ഡത്തിലാണത്രേ, ഗൗതമശിശുവിൻെറ ആദ്യത്തെ പാദസ്പർശനം ഭാഗ്യമുണ്ടായതു്. ക്ഷേത്രത്തിനു സമീപം ദീർഘചതുരാകൃതിയിലുള്ള കൊച്ചുകുളമുണ്ടു് അവിടെയാണത്രേ പ്രസവത്തിനുമുമ്പ് മായാദേവി സ്നാനംചെയ്തതു്! അശോകചക്രവർത്തി ലുംബിനിസന്ദർശിച്ചതിൻെറ സ്മാരകമായി സ്ഥാപിച്ചിട്ടുള്ള സ്തംഭം അതിനടുത്തുസ്ഥിതിചെയ്യുന്നു.

ലുംബിനീസങ്കേതം ഇന്നു് ലോകപ്രസിദ്ധമായ പുണ്യസങ്കേതമായിതീർന്നിട്ടുണ്ടു്. ബുദ്ധഗയ (ബീഹാർ) കുശിനഗരം (ഉത്തരപ്രദേശ്.) സാരനാഥം തുടങ്ങിയവയൊടൊപ്പം ലുംബിനിയും പുണ്യസ്ഥലമായിട്ടാണു് ജനങ്ങൾ പരിഗണിക്കുന്നതു്. ആ സങ്കേതത്തെ കേന്ദ്രമാക്കിനടന്ന സുപ്രധാനങ്ങളായ സംഭവങ്ങളെ സംബന്ധിച്ചു് നമ്മുടെ മാദ്ധ്യമങ്ങളിലൊന്നിലും പരോക്ഷമായിപ്പോലും പരാമർശനമുണ്ടായിട്ടില്ല. ഭാരതീയസംസ്കാരത്തെസംബന്ധിക്കുന്നതു പലതും ലോകപണ്ഡിതന്മാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുമ്പോൾപോലും നാം അജ്ഞാതരായി അവയെ അവഗണിക്കുന്നതു്, നമ്മുടെ മൂല്യബോധത്തിനു സംഭവിച്ച വികല്പംകൊണ്ടുമാത്രമാണെന്നേപറയാനുള്ളൂ. സാംസ്കാരികനായകന്മാരെന്നു സ്വയം പറഞ്ഞുപരത്തുന്നവർപോലും ഇക്കാര്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോയെന്നുസംശയമാണ്.

'യുനെസ്ക്കോ സോർഴ്സസ് (UNESCO SOURCES) എന്ന പ്രസിദ്ധീകരണത്തിൽ പ്രാധാന്യംകൊടുത്തു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു ലേഖനത്തെ ആസ്പദമാക്കിയാണ് ഇവിടെ ചില കാര്യങ്ങൾ, താല്പര്യമുള്ളവർക്കുവേണ്ടി അവതരിപ്പിച്ചിട്ടുള്ളതു്. ഇക്കാര്യത്തെകുറിച്ചു് നമ്മുടെ മാദ്ധ്യമങ്ങൾ കാണിക്കുന്ന താല്പര്യമില്ലായ്മ തികച്ചും ഖേദകരമെന്നേപറയാനുള്ളൂ. അക്രമങ്ങൾ, ലൈംഗികാപവാദങ്ങൾ, കൈക്കൂലി, രാഷ്ട്രീയക്കാരുടെയും സിനിമക്കാരുടെയും ദുർന്നടത്തങ്ങൾ തുടങ്ങിയവയല്ലാതെ ശ്രദ്ധേയമായിട്ടിവിടെ മറ്റൊന്നുമില്ലെന്നു വരുത്തുന്ന മാദ്ധ്യമമുതലാളിമാരാണു് ഈ അവസ്ഥ ഇവിടെ തുടരാനനുവദിക്കുന്നതു്; തുടർന്നു കാണാനാഗ്രഹിക്കുന്നതു്.

പുനരുദ്ധരിക്കപ്പെടുന്ന അങ്കോർ വത് ക്ഷേത്രമേഖല

ലോകത്തിൽവച്ചേറ്റവും വിപുലവും വൈവിദ്ധ്യമുള്ളതും അമൂല്യവുമായ പുരാതന ചരിത്രാവശിഷ്ടമാണ്, കമ്പോടിയയിലുള്ള അങ്കോർ വത്, അങ്കോർ തോം, എന്നീപേരു കളിൽ അറിയപ്പെടുന്നതു്. ഒരുകാലത്തു് കമ്പോടിയയുടെ (കാമ്പോജം എന്നാണ് ഭാരതീയ സങ്കല്പം) തലസ്ഥാനവുമായിരുന്നു ഈ മേഖല. ഈ സങ്കേതത്തിൻെറ അമൂല്യസ്വഭാവവും അതുല്യ പ്രാഭവവും പരിഗണിച്ച്ു ഐക്യരാഷ്ട്രസഭയുടെ ഒരു ഘടകമായ യൂനെസ്കോ (UNESCO) ഇവിടം ലോകപൈതൃകപ്പട്ടികയിൽ പെടുന്നതായി പ്രഖ്യാപിച്ചിട്ടുണ്ടു്. ഈ മേഖലയുടെ ആദ്യത്തെ പ്പേരു് “നഗരതോം” (Nagarathom) എന്നായിരുന്നു. മുപ്പതടിയോളം പൊക്കമുള്ള കോട്ടമതിൽ കെട്ടിയിട്ടുള്ള രണ്ടു് ചതുരശ്രനാഴികയോളം വിസ്തീർണ്ണം വരുന്ന സങ്കേതത്തിൽ ബായൻ (Bayon) അങ്കോർവത് (Angkorvat) തുടങ്ങിയ പല ഹിന്ദു-ബൗദ്ധക്ഷേത്രങ്ങൾ സ്ഥിതിചെയ്യുന്നു. സങ്കേതത്തിൻെറ തെക്കുഭാഗത്താണ് അങ്കോർ വത്തിൻെറ സ്ഥാനം.

ഹൈന്ദവസ്വാധീനം സ്വാംശീകരിച്ച്ു വളർന്ന ജാവനീസ് ക്ഷേത്രവാസ്തുശില്പവും നഗരസംവിധാനവുമാണ് ഈ സങ്കേതത്തിൻെറ സവിശേഷമായ പ്രത്യേകത ഖമർ സാമ്രാജ്യത്തിൻെറ അത്യുച്ചകാലത്ത് സൂര്യവർമ്മൻ രണ്ടാമൻ (1113–1150 എ.ഡി. – യുഗാബ്ദം 4215–4252) പണിചെയ്ത ഈ മേഖല ദീർഘകാലം കമ്പോടിയയുടെ തലസ്ഥാനമായിവിരാജിച്ചു. 15–ാം നൂറ്റാണ്ടിൽ ഉപേക്ഷിച്ച ഈനഗരം, കാടുകയറി ശ്രദ്ധിക്കപ്പെടാതെ കിടന്നു. 1860 –ൽ മാത്രമാണ് വിസ്മൃതമായിക്കിടന്ന ഈ മേഖലകണ്ടെത്തിതു്. ഈപുരാതന ചരിത്രാവശിഷ്ടപ്രദേശത്തോടു കിടപിടിക്കത്തക്കതായി ജാവയിലുള്ള ബൊറോബുദൂർ(Borobudur) ചരിത്രാവശിഷ്ടസ്മാരകം മാത്രമേയുള്ളു. ഹൈന്ദവരായിരുന്ന ശൈലേന്ദ്രരാജാക്കന്മാരാണ് ബൊറോബുദ്ദൂർ പണിചെയ്തതു്. ഭാരതീയ സംസ്കാരത്തിൻെറ സാരാംശങ്ങൾ സ്വാംശീകരിച്ച്ു ഹിന്ദുക്കളായി അഭിവൃദ്ധിപ്രാപിച്ച സാമ്രാജ്യാധിപതികളായിരുന്നു തദ്ദേശീയരായ ഖമർ – ശൈലേന്ദ്ര ഭരണാധികാരികൾ.

രാഷ്ട്രീയാധികാരവും ഭരണാധിപത്യവും അന്യരുടെമേൽ സ്ഥാപിക്കുന്നവർ, നിർബ്ബന്ധബുദ്ധിയോടും മനഃപൂർവ്വമായും സ്വീകരിക്കാറുള്ള നയപരിപാടികളിലൂടെയാണ്, അവരുടെ “സംസ്കാര”വും സാമൂഹ്യക്രമങ്ങളുമൊക്കെ അന്യരെക്കൊണ്ടു സ്വീകരിപ്പിക്കുന്നതു്. ഇതാണ് ചരിത്രത്തിൽ പൊതുവായി കാണുന്ന അവസ്ഥ. അധീശാധികാരികൾ ഇങ്ങനെ അടിച്ചേൽപ്പിക്കുന്ന “സംസ് കാരം”, അന്യരുടെ പൂർവ്വ സംസ്കാരത്തെ സമൂലമായി നിർമ്മാർജ്ജനം ചെയ്യുന്നു. കഴിഞ്ഞ അഞ്ചാറുനൂറ്റാണ്ടുകളിൽ വെള്ളക്കാർ ആഗോളാടിസ്ഥാനത്തിൽ സ്ഥാപിച്ച മേൽക്കോയ്മ എത്രയെത്ര തദ്ദേശീയസമൂഹങ്ങളെയാണ് താറുമാറാക്കുകയോ നശിപ്പിക്കുകയോ, ചെയ്തിട്ടുള്ളതു്! അമേരിക്കൻ



ഭൂഖണ്ഡങ്ങളിൽ വെള്ളക്കാർ ചെന്നെത്തുമ്പോഴും, അതിനു മുമ്പും വളർന്നു പന്തലിച്ച്ു പരിപുഷ്ടിപ്രാപിച്ചുനിന്നിരുന്ന മഹാസംസ്കാരങ്ങൾ പലതുണ്ടായിരുന്നു. മയാസ്, ഇങ്കാസ്, ആസ്ടെക്ക് – എന്നിവ അവയിൽ മൂന്നെണ്ണമാണ്. ഉണ്ടായിരുന്നെന്നുകാണിക്കുന്ന തെളിവുകൾ പോലുമവശേഷിപ്പിക്കാതെയാണ് പലതും പാശ്ചാത്യർ നശിപ്പിച്ചതു്. നരവേട്ടനടത്തി അവർചെയ്ത ജനസമൂഹനിർമ്മാർജ്ജനം എത്രയെന്നുചരിത്രകാരന്മാർപോലും പറയുന്നില്ല! ചരിത്രകാരൻമാരും പാശ്ചാത്യർ തന്നെയാണല്ലോ! അവശേഷിച്ച ജനജാതികൾക്കു് വെള്ളക്കാർ കൊടുത്തതു്, കഴുത്തിൽ ഒരു വെന്തിങ്ങയും കയ്യിൽ ഒരു കുരിശുമാണ്! സ്വർഗ്ഗരാജ്യത്തിലേക്കു പ്രവേശനം, സുവിശേഷം സ്വീകരിച്ചാലേ സാധ്യമാകൂ എന്നും പഠിപ്പിച്ചു!

പൊതുവായ ഈ ചരിത്രവസ്തുതയ്ക്കു് ഒരു അപവാദമുണ്ടു്. അന്തഃസത്തയുടെ സംശുദ്ധികൊണ്ടും, സ്വീകാര്യതയുടെ ലാളിത്യംകൊണ്ടും, ചൈതന്യംകൊണ്ടും വിദേശങ്ങളിൽ വ്യാപിക്കാനും അഭിവൃദ്ധിപ്രാപിക്കാനും ഭാരതീയസംസ്കാരത്തിനും ഹൈന്ദവധർമ്മത്തിനും സാധിച്ചിരിക്കുന്നതു ചരിത്രത്തിലെ യാഥാർത്ഥ്യമാണു്. ബൃഹത്ഭാരതമേഖലയെന്നു് വിവക്ഷിക്കാറുള്ള പ്രദേശങ്ങളുടെ കാര്യമാണിവിടെ സൂചിപ്പിക്കുന്നതു്. മലയ, സിംഗപ്പൂർ (സിംഹപുരമായിരുന്നു പണ്ടു്) ഇൻഡോനേഷ്യ, ഇൻഡോചൈനായുപദ്വീപിലെ കമ്പോടിയ, അന്നാം, സയാം തുടങ്ങിയ രാജ്യങ്ങൾ എന്നിവകൂടാതെ ചൈന, മംഗോളിയ, ടിബറ്റ്, ജപ്പാൻ തുടങ്ങിയ സ്ഥലങ്ങളിൽ ഹൈന്ദവ–ബുദ്ധധർമ്മങ്ങൾക്കു സിദ്ധിച്ച പ്രചാരവും സ്വാധീനവും ആർക്കു നിഷേധിക്കാനൊക്കും? സ്ഥലപ്പേരുകളും, മനുഷ്യനാമങ്ങളും മാത്രമല്ല ഭാരതീയമായ ആചാരാനുഷ്ഠാനങ്ങളും അവിടങ്ങളിൽ ഇന്നും അവശേഷിച്ചിട്ടുള്ളതു് മറന്നുകൂടാ. ജനങ്ങൾ സർവ്വാത്മനാ സ്വീകരിച്ചതിനാലാണ് ഭാരതീയസംസ്കാരവ്യാപനം ആ രാജ്യങ്ങളിൽ സാധ്യമായതും സമൃദ്ധിപ്രാപിച്ചതും! അതിൻെറ പിന്നിൽ രാഷ്ട്രീയമോ, ഭരണാധികാരപരമോ ആയുള്ള സമ്മർദ്ദങ്ങളോ പ്രേരണകളോ പ്രലോഭനങ്ങളോ ഉണ്ടായിരുന്നില്ല. ഈ സവിശേഷചരിത്രവസ്തുതയാണ് എല്ലാവരും അറിയേണ്ടതും, അറിയിക്കേണ്ടതും അംഗീകരിക്കേണ്ടതും!

ചോള ക്ഷേത്രവാസ്തുകലയുടെ സ്വാധീനം അങ്കോറിലും, ബൊറോബുദ്ദൂറിലും പ്രത്യക്ഷമാണ്. അങ്കോർവത്തിലെ ബായൻക്ഷേത്രത്തിൽ കൊത്തിവച്ചിട്ടുള്ള 196–ൽ അധികമുള്ള ചതുർമുഖ ബോധസത്വ പ്രതിമകളിലും, ദേവീദേവൻമാരുടെയും അപ്സരകന്യകമാരുടെയും വിഗ്രഹങ്ങളിലും വഴിഞ്ഞൊഴുകുന്ന കലാഭംഗിയും സൗന്ദര്യവും ആരെയും പിടിച്ചടക്കും. തഞ്ചാവൂരിലെയും ഗംഗൈകൊണ്ടചോളപുരത്തെയും ക്ഷേത്രങ്ങളെ അനുസ്മരിപ്പിക്കുന്നവയാണ്. അങ്കോറിലേതെന്നു് ലളിതകലാമർമ്മജ്ഞനും പണ്ഡിതനുമായ ആനന്ദകുമാരസ്വാമി സൂചിപ്പിച്ചിട്ടുണ്ടു്. കമ്പോടിയയുടെ രാജ്യത്തലവനായ നോറാഡം സിഹാനൂക് 1950 –ൽ പോലും അങ്കോർവത് ക്ഷേത്രത്തിൽ പ്രാദേശികാചാരാനുഷ്ഠാനങ്ങൾ നടത്തിയിട്ടുണ്ടു്. അങ്കോർ ക്ഷേത്രനഗരത്തിനുപകരം പണിചെയ്ത നോം പെന്നിലാണ് (Phnom penh) ഇന്നും കമ്പോടിയൻ തലസ്ഥാനം.

ഉപേക്ഷിക്കപ്പെട്ടശേഷംവനംപൊതിഞ്ഞ് നാശോന്മുഖമായ അങ്കോർ 1860–ൽ ആണ് കണ്ടെത്തിയതെന്നു് മുമ്പുപറഞ്ഞല്ലോ. ഇത്രയും വിശിഷ്ടവും പവിത്രവുമായ ക്ഷേത്രമേഖലാവശിഷ്ടങ്ങൾ സംരക്ഷിക്കുകമാത്രമല്ല സമുദ്ധരിക്കാനുമായി ജപ്പാൻസർക്കാർ ഒരു സംഘം 1994–ൽ രൂപീകരിക്കുകയുണ്ടായി. വാസോഡാ സർവ്വകലാശാലയിലെ ശാസ്ത്രസാങ്കേതികവകുപ്പിൽ, താരതമ്യവാസ്തുശില്പവിഭാഗത്തിൻെറ തലവനും പ്രൊഫസറുമായ ടാക്കേഷി നാഗാക്കാവ ആണ് സംഘത്തിൻെറ നേതാവു്. അവരുടെ പദ്ധതി 2001–മാണ്ടു് പൂർത്തിയാക്കാനാണ് ശ്രമം. യുനെസ്കോയുടെ സാംസ്കാരിക സങ്കേതസംരക്ഷണ പദ്ധതികൾക്കു് ധനസഹായംചെയ്യുന്ന ജപ്പാൻ ട്രസ്റ്റ് ഫണ്ടു് ആണു് ആവശ്യമുള്ള പണം നൽകുന്നതു്. ഇവരെക്കൂടാതെ സർക്കാരേതരസംഘടനകളും അങ്കോറിൻെറ സംരക്ഷണവും സമുദ്ധാരണവുംസാധിക്കാൻ മുമ്പോട്ടുവന്നിട്ടുണ്ടു്. അതിൽ ഒന്നാണു് ഹെൽപ് (HELP-Help the Earth and life Project.) എന്ന പേരിൽ ജപ്പാനിൽ സംഘടിപ്പിച്ചിരിക്കുന്നതു്.

ഭാരതീയസംസ്കാരവ്യാപനവും അഭിവൃദ്ധിയും സാധിച്ച വിജയവൈജയന്തിയാണ് അങ്കോർ. അവിടെ നടന്നുകൊണ്ടിരിക്കുന്ന സമുദ്ധാരണപ്രവർത്തനങ്ങളെക്കുറിച്ച്ു നമ്മുടെ നാട്ടിൽ കാര്യമായ അറിവുണ്ടോയെന്നു സംശയമാണ്. സാംസ്കാരികകാര്യങ്ങളിൽ താല്പര്യംകാണിക്കുന്നവയെന്നു സ്വയം അവകാശപ്പെടുന്ന പ്രസിദ്ധീകരണങ്ങളിൽപോലും ഈ കാര്യങ്ങളെക്കുറിച്ച്ു ഒന്നുംകണ്ടിട്ടില്ല. ഭാരതീയ സംസ്കാരത്തെക്കുറിച്ചും ഹൈന്ദവ–ബൗദ്ധധർമ്മങ്ങളെപ്പറ്റിയും പറയുന്നതുപോലും വർഗ്ഗീയതയുടെ തെളിവാണെന്നു വ്യാഖ്യാനിക്കുന്ന മാദ്ധ്യമമുതലാളിമാർ അരങ്ങുതകർക്കുന്നിടമാണല്ലോ നമ്മുടെ നാടു്! ജപ്പാനിൽ പ്രസിദ്ധപ്പെടുത്തുന്ന ആഢ്യത്വമുള്ള “പസഫിക് ഫ്രണ്ടു്” എന്ന ആനുകാലികത്തിൽ അത്യാകർഷകമായ ഒരു സചിത്രലേഖനം ഇതിനെക്കുറിച്ചുണ്ടായിരുന്നു എന്ന വസ്തുത എടുത്തുപറയട്ടെ!

പൈതൃകം വീണ്ടെടുക്കുന്ന മദ്ധ്യയേഷ്യൻ റിപ്പബ്ലിക്കുകൾ

റഷ്യയിൽ ഉണ്ടായ വിപ്ലവവും അതേതുടർന്നു് സ്ഥാപിതമായ ബോൾഷെവിക്കുകളുടെ ഭരണവുമാണല്ലോ ലോകത്താദ്യമായി ഒരു കമ്മ്യൂണിസ്റ്റുകക്ഷിയെ വലിയ ഒരു രാജ്യത്തിൻെറ ഭരണച്ചുമതലയിലെത്തിച്ചതു്. 1917 ഒക്ടോബർ 23-ാംനു ഒരൊറ്റ വെടിപോലും വെയ്ക്കാതെ "റെഡ്ഗാർഡുകൾ" പെട്രോഗാഡിലെ പീറ്റർ എന്നും പാൾ എന്നും പേരുള്ള പഴയ കോട്ടകളുടെ നിയന്ത്രണം ഏറ്റെടുത്തതോടുകൂടിയാണ് വിപ്ലവത്തിൻെറ ആരംഭം. 25-ാംതീയതി കാലത്ത് ആറുമണിയായപ്പോഴേക്കും, കേന്ദ്ര ടെലിഫോൺ എക്സ്ചേഞ്ച്, സ്റ്റേറ്റുബാങ്ക്, സർക്കാർ ഖജാന, കേന്ദ്ര തപാലാപ്പീസ്, പ്രധാനപ്പെട്ട തീവണ്ടികേന്ദ്രം, പട്ടണത്തിലെ പവ്വർഹൗസ് തുടങ്ങിയവയെല്ലാം ബോൾഷെവിക്കുകളുടെ കയ്യിലായി. ഇതെല്ലാം സാധിച്ചതു് കാര്യമായ ഒരെതിർപ്പുമില്ലാതെയുമായിരുന്നു! പെട്രോഗാഡ് സോവിയറ്റിൻെറ കരങ്ങളിലേക്ക് സർക്കാർ എത്തിയിരിക്കുന്നതായി ലെനിൻ പ്രഖ്യാപിച്ചു. റഷ്യ,ഉക്രൈൻ, വൈറ്റ്റഷ്യ, ട്രാൻസ്കാക്കേസിയ എന്നിവയുൾപ്പെടുത്തിയിട്ടുള്ള കൺഫഡറേഷൻ 1922 ഡിസംബർ 30-ാംതീയതി സ്ഥാപിതമായപ്പോഴാണ് യു.എസ്.എസ്.ആർ. (യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്സ്) നിലവിൽവന്നതു്.

ഒരു നൂറ്റാണ്ടുകാലംപോലും നിലനിൽക്കാനാവാതെ ലോകചരിത്രത്തിൽനിന്ന് യു.എസ്.എസ്.ആർ. ഛിന്നഭിന്നമായി അപ്രത്യക്ഷപ്പെട്ടു. അതിൻെറ പ്രദേശപരിധിയിൽ പെടുത്തിയിരുന്ന റിപ്പബ്ലിക്കുകൾ മിക്കതും, ഇന്ന് സ്വതന്ത്രരാജ്യങ്ങളെന്ന നിലയിൽ, ഐക്യരാഷ്ട്രസംഘടനയിലെ അംഗങ്ങളാണ്. നമ്മെസംബന്ധിച്ചിടത്തോളം, വളരെ പ്രാചീനചരിത്രബന്ധങ്ങളുള്ള മദ്ധ്യ എഷ്യൻറിപ്പബ്ലിക്കുകളിലെ സംഭവവികാസങ്ങളിലേക്ക് നാം താല്പര്യംകാണിക്കേണ്ടതുണ്ടു്.

മദ്ധ്യ ഏഷ്യൻ റിപ്പബ്ലിക്കുകൾ എന്ന ഭൂമേഖല അതിപ്രാചീനകാലംമുതൽ ചരിത്രപ്രാധാന്യം നേടിയ പ്രദേശങ്ങളാണ്. 16.8 ദശലക്ഷം ജനസംഖ്യയും 27,17,000 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുമുള്ള കസാക്സ്ഥാൻ, 22.4 ദശലക്ഷം ജനങ്ങളുള്ള ഉസ്ബകിസ്ഥാൻ അതിൻെറ വിസ്തൃതി 4,47,400 ച.കി. ആണ്. 4.4 ദശലക്ഷത്തോളം ആളുകൾ തിങ്ങിപ്പാർക്കുന്നതും, 4,88,000 ച.കി. വിസ്തൃതിയുള്ളതുമായ തുർക്ക്മെനിസ്ഥാൻ, താജികിസ്ഥാൻ എന്നുപേരുള്ള 1,43,100 കി.മി. വിസ്തൃതിയും 5.8 ദശലക്ഷം ജനസംഖ്യയുമുള്ള റിപ്പബ്ലിക്, 1,98,000 ച.കി. വിസ്തൃതിയും 4.5 ദശലക്ഷം ജനങ്ങളുള്ള കിർഗിസ്ഥാൻ എന്നീ അഞ്ചു റിപ്പബ്ലിക്കുകളുമാണ്, മദ്ധ്യ ഏഷ്യയെന്ന മേഖലയിൽ പെടുന്നതു്. യൂറോപ്യൻയൂണിയനേക്കാൾ വിസ്തൃതിയുണ്ടു് ഈ മേഖലയ്ക്ക്! സമാനമായ ചരിത്രവും, പൊതുവായ പല ഘടകങ്ങളുള്ള സാംസ്കാരികപൈതൃകവും, മദ്ധ്യയേഷ്യൻ മേഖലയിലെ ഭിന്നഭാഗങ്ങൾക്കുണ്ടു്. എല്ലാനിലകളിലും വളരെ വൈവിദ്ധ്യമുള്ള പ്രദേശവുമാണിവിടമെന്ന വസ്തുതയും വിസ്മരിക്കത്തക്കതല്ല. യു.എസ്.എസ്.ആറിലെ (സോവിയറ്റുയൂണിയനിലെ) ആകെയുണ്ടായിരുന്ന പതിനഞ്ചു റിപ്പബ്ലിക്കുകളിൽ അഞ്ചെണ്ണം മദ്ധ്യയേഷ്യൻ പ്രദേശത്തിൽ പെടുന്നവയാണ്. ഛിന്നഭിന്നമായിത്തീർന്ന സോവിയറ്റുസാമ്രാജ്യത്തിലെ പഴയ ഘടകങ്ങൾ, തങ്ങളുടെ ചരിത്രപൈതൃകങ്ങൾ വീണ്ടെടുക്കുന്നതിനുള്ള ഉഗ്രമായ ശ്രമങ്ങളിലേർപ്പെട്ടിരിക്കുകയാണിന്ന്. അതേസമയം, യൂണിയൻെറ തകർച്ചക്ക് കാരണക്കാരൻ പ്രസിഡണ്ട് യെൽട്സിനാണെന്നു വിളിച്ചുപറയുന്നു്, മുൻപ്രസിഡണ്ട് ഗോർബച്ചേവ്!

വിഭിന്ന വിഭാഗങ്ങളിൽ പെടുന്നവരാണ് ഓരോ റിപ്പബ്ലിക്കിലെയും ജനങ്ങൾ. കസാഖുകൾ, ഉസ്ബെക്കുകൾ, തുർക്കുമെൻ, താജിക്കുകൾ, കിർഗിസുകൾ, റഷ്യക്കാർ എന്നിങ്ങനെ പലരുമുണ്ട് അവരുടെ കൂട്ടത്തിൽ. അൽമററി (കസാക്സ്ഥാൻ) ടാസ്കെൻറ് (ഉസ്ബെകിസ്ഥാൻ) അഷ്ഗാബടു് (തുർക്ക്മെനിസ്ഥാൻ) ദുഷാൻബി (താജികിസ്ഥാൻ), ബിഷ്കേക് (കിർഗിസ്ഥാൻ) എന്നിവയാണ് റിപ്പബ്ലിക്കുകളുടെ തലസ്ഥാനങ്ങൾ. 1992, 1994 എന്നീ വർഷങ്ങളിലായി, ഈ റിപ്പബ്ലിക്കുകൾ ഐക്യരാഷ്ട്രസംഘടനയുടെ കീഴിലുള്ള ഐക്യരാഷ്ട്രസാമ്പത്തികശാസ്ത്ര -സാംസ്കാരികസംഘടനയിലെ(UNESCO) അംഗങ്ങളാകുകയും, പുതിയ സാഹചര്യത്തിൽ പൊരുത്തപ്പെട്ടുപോകുന്നതിനാവശ്യമായ സഹായസഹകരണങ്ങൾ ലഭ്യമാക്കിത്തീർക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടു്. സംഘർഷങ്ങൾ കാരണം താജിക്കിസ്ഥാൻ റിപ്പബ്ലിക്കിൽ യുനെസ്കോ കാര്യമായി സഹകരിച്ചിട്ടില്ല. അവസാനമായിട്ടുണ്ടാക്കിയിട്ടുള്ള കരാറ്, കഴിഞ്ഞ (1996) സപ്തംബറിൽ, തുർക്ക്മെനിസ്ഥാനുമായിട്ടായിരുന്നു. അൽമററി; ടാസ്കെൻറ് എന്നീ തലസ്ഥാനങ്ങളുമായുള്ള ഭാരതത്തിൻെറ ബന്ധം ശക്തിമത്താണെന്നു പറയാം. സോവിയറ്റുഭരണകാലത്തു് അന്യരാജ്യങ്ങളുമായി ഒരു സമ്പർക്കവുമില്ലാതെ, (ഉണ്ടായിരുന്നവതന്നെ മോസ്കോവഴിക്കുമാത്രം) കഴിഞ്ഞുവരികയായിരുന്നു. ഏതാണ്ടു് എഴുപത്തഞ്ചിലധികം വർഷങ്ങൾ പഴയ സാംസ്കാരിക ധാരകളിൽനിന്ന് ഒറ്റപ്പെട്ടാണവ കഴിഞ്ഞിരുന്നതു്.

സോവിയറ്റുയൂണിയൻ ഛിന്നഭിന്നമായിട്ടു് ഏതാണ്ട് അഞ്ചുകൊല്ലം കഴിയുന്ന ഇന്ന്, പ്രാചീനചരിത്രത്തിൻെറ നൂലുകൾ വീണ്ടെടുത്തു് പഴയ രാജ്യങ്ങളുടെയും സാംസ്കാരികസങ്കേതങ്ങളുമായുള്ള സമ്പർക്കം അവിടങ്ങളിൽ ശക്തിപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. നേരിട്ടുള്ള വിമാനസർവ്വീസ്, യൂറോപ്യൻരാജ്യങ്ങളുമായി മാത്രമല്ല, ഏഷ്യയിലെയും അമേരിക്കയിലെയും രാജ്യങ്ങളുമായും സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ടു്. അവിടങ്ങളിലെ ദേശീയഭാഷകൾക്കു് ടർക്കിക്ക്ഭാഷകളുമായിട്ടാണു് ഉറ്റ ബന്ധം; താജിക്കിന് ഫാർസിയുമായിട്ടും! റഷ്യവൽക്കരണത്തിനു വിധേയമായിത്തീർന്നിരുന്ന സ്ഥലനാമങ്ങൾ, (കുടുംബനാമങ്ങൾവരെ) പൂർവ്വൽക്കരണത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു! ദേശീയനേതാക്കന്മാരുടെ പ്രതിമകൾ, സ്മാരകങ്ങൾ തുടങ്ങിയവ മുഖ്യസങ്കേതങ്ങളിൽ സ്ഥാപിതമായിട്ടുണ്ടു്. റഷ്യൻഭരണകാലത്തു് ഇതൊന്നും ചിന്തിക്കാവുന്ന കാര്യങ്ങളായിരുന്നില്ല. ചുരുക്കത്തിൽ മദ്ധ്യയേഷ്യൻറിപ്പബ്ലിക്കുകൾ, അവരുടെ തനിമകളും വ്യക്തിത്വങ്ങളും പുനഃസ്ഥാപിക്കുകയാണിന്ന്, ഈ സർവ്വസമീകരണത്തിലൂടെ. അവയിലൂടെ സാധിക്കുന്ന പൈതൃകചരിത്രസിദ്ധിയാണ് ഈ റിപ്പബ്ലിക്കുകളെ പുതിയ സരണിയിലേക്ക് സ്വാധീനിക്കുന്നതു്.

റഷ്യൻകോളനിയായിരുന്ന കാലത്തു്, ഉരുക്കുമുഷ്ടിയുടെ പിൻബലത്തോടുകുടി, വികസനമെന്ന പേരുപറഞ്ഞ്. പ്രയോഗത്തിൽ കൊണ്ടുവന്നിട്ടുള്ള പദ്ധതികൾ, പരിസ്ഥിതിയ്ക്ക് ഏല്പിച്ചിട്ടുള്ള ഉണങ്ങാത്ത വ്രണങ്ങൾ ഇവിടെ പലരംഗങ്ങളിലും കാണാനുണ്ടു്. അതിൻെറ പ്രത്യക്ഷമായ ഉദാഹരണമാണ് ആരാൾതടാകത്തിൻെറ നാശത്തിലേക്കുള്ള പോക്കു്. അതു് ഭൂതലത്തിൽനിന്ന് അപ്രത്യക്ഷമാകാതിരിക്കാനുള്ള പരിശ്രമം, മദ്ധ്യയേഷ്യൻറിപ്പബ്ലിക്കുകൾ സഹകരിച്ചുള്ള ഒരു പ്രവർത്തനത്തിൽ എത്തിയില്ലെങ്കിൽ ഫലവത്താകുകയില്ല. പണ്ടു് 66,000 ച.കി. വിസ്തൃതിയുണ്ടായിരുന്ന ആരാൾ തടാകം ഇന്ന് 40,000 ച.കി. മാത്രമായി ചുരുങ്ങിയിരിക്കുന്നു. പല മേഖലകളിലും, കീടനാശിനികൾ, രാസവസ്തുക്കൾ തുടങ്ങിയവയുടെ അനിയന്ത്രിതമായ ഉപയോഗത്താൽ, ഭൂഗർഭജലം വിഷമയമായിമാറിയിട്ടുണ്ടു്. റഷ്യൻകോളനിവാഴ്ച വരുത്തിവെച്ച ഈ വിനകൾ നീക്കംചെയ്യുന്നതിനുവേണ്ടിവരുന്ന മനുഷ്യപ്രയത്നവും മൂലധനനിക്ഷേപവും പ്രയാസമേറിയ വിഭവങ്ങളായിട്ടാണിന്ന് റിപ്പബ്ലിക്കുകൾ കാണുന്നതു്.

അത്യന്തം വിഭവസമ്പന്നമായ പ്രദേശങ്ങളാണ് ഈ അഞ്ചു റിപ്പബ്ലിക്കുകളിലുമുള്ളതു്. എണ്ണ, പ്രകൃതിവാതകം തുടങ്ങിയവയുടെ കാര്യങ്ങളിൽ പ്രത്യേകിച്ചും. ചൈതന്യവത്തായ ഒരു സാമ്പത്തികസ്ഥിതി നേടിയെടുക്കുന്നതിന് ഇവ വളരെ ഉതകുമെന്നു പറയേണ്ടതില്ല.

എങ്കിലും, പ്രാചീനപൈതൃകം വീണ്ടെടുത്തു്, തനതായ സാംസ്കാരികജീവിതം ആവിഷ്ക്കരിച്ചു സാധിക്കുന്ന ഒരു ശക്തിവിശേഷത്തിലൂടെ വേണം, ജനങ്ങളെ ഒന്നിപ്പിച്ചുനിർത്താനും ഒരുമയോടെ പുതുമകളിലേക്ക് കൊണ്ടുപോകാനും എന്ന് ഭരണാധികാരികൾക്കു് ബോധ്യമുണ്ടു്. "ഞാൻ വീണ്ടും വരികയാണെങ്കിൽ ലോകർ വിറയ്ക്കും!'-തൈമൂറിൻെറ ശവകുടീരത്തിലെഴുതിവെച്ചിട്ടുള്ള സ്മാരകവാക്യമാണിത്. ഉസ്ബെക്കിസ്ഥാനിലെ സമർഖണ്ഡിലാണ് "ഗുർ എമീർ" (the Gur Emir) സ്ഥിതിചെയ്യുന്നതു്. 'താമർലൈൻ' എന്ന പേരിലാണ് യൂറോപ്പിൽ അദ്ദേഹം അറിയപ്പെടുന്നതു്. സമർഖണ്ഡ്, ബുഖാറ, ഖീവ തുടങ്ങിയ സങ്കേതങ്ങൾ ഉസ്ബെക്കിസ്ഥാനിലെ ചരിത്രപ്രധാനകേന്ദ്രങ്ങളാണ്. സാംസ്കാരികവും ശാസ്ത്രീയവുമായ പ്രാമാണ്യമുള്ള വ്യക്തികളും സ്ഥലങ്ങളും ഈ റിപ്പബ്ലിക്കിൻെറ പൂർവ്വചരിത്രത്തെ ധന്യമാക്കുന്നു. അവിസെന്ന എന്നു പാശ്ചാത്യർ പരാമർശിക്കാറുള്ള അബു അലി ഇബൻ സിന (Abu Ali Ibn Sina - Avicenna) ഉളുഗ് ബെഗ് (Ulugh Beg) ഇങ്ങനെ എത്രയോ പേരുകളുണ്ടു് പറയാൻ! കരകൗശലവസ്തുക്കൾ, വാസ്തുശില്പകലാഭംഗി നിറഞ്ഞിട്ടുള്ള മണിമന്ദിരങ്ങൾ, ചരിത്രപ്രാധാന്യമുള്ള ശവകുടീരങ്ങൾ ഇങ്ങനെയെത്രയെത്ര കാര്യങ്ങൾ എടുത്തുപറയാനുണ്ടു്. റിപ്പബ്ലിക്കിലെ സാംസ്കാരികവകുപ്പ് 10,000 ചൈത്യങ്ങൾ, പുരാണവസ്തുപ്രാമാണ്യസങ്കേതങ്ങൾ തുടങ്ങിയവയുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെന്ന കാര്യം സ്മരണീയമാണ്. കോട്ടയായി പണിചെയ്തിട്ടുള്ള മദ്ധ്യയേഷ്യയിലെ പ്രാചീനമായ സങ്കേതമാണ്, ഖിവയിലുള്ള ഇച്ഛാൻ കാലാ.(Ichan Qala) ബുഖാറയിൽ നൂറ്റിയമ്പതിലധികം, പ്രശസ്തിപെറ്റ കരകൗശലവിഭവങ്ങൾ ഇന്നും നിലവിലുണ്ടു്. യുനെസ്കോതന്നെ മാനവപൈതൃകപ്രധാനങ്ങളായ കാര്യങ്ങളെയും, സങ്കേതങ്ങളെയും സംബന്ധിച്ച് സർവ്വേനടത്തിയെന്ന സംഗതിയും ഇവിടെ പറയട്ടെ.

മദ്ധ്യയേഷ്യൻമേഖലയിലെ ഒരു റിപ്പബ്ലിക്കിലെ കാര്യങ്ങൾ മാത്രമാണ് മുകളിൽ സൂചിപ്പിച്ചതു്. ഇതുപോലെതന്നെയാണ് മറ്റു നാലു റിപ്പബ്ലിക്കുകളുടെയും സ്ഥിതിയും. സ്ഥലപരിമിതിമൂലം അവ ഇവിടെ വിസ്തരിക്കുന്നില്ല. കമ്മ്യൂണിസ്റ്റുറഷ്യയുടെ പിടിമുറുക്കത്തിൽനിന്നു മോചനംനേടി സ്വാതന്ത്ര്യംപ്രാപിച്ച ഈ അഞ്ചു മദ്ധ്യയേഷ്യൻ റിപ്പബ്ലിക്കുകൾ അവരുടെ പൈതൃകം വീണ്ടെടുത്തു്, പുതിയ ജീവിതം പടുത്തുയർത്തുകയാണിന്ന്. ഈ മേഖലയുടെ പൈതൃകത്തിൻെറ രൂപവും ഭാവവും മാത്രമല്ല ആഴവും പരപ്പും അറിയാൻ താല്പര്യമുള്ളവർക്കു് ആശ്രയിക്കാവുന്ന ആധികാരികപ്രസിദ്ധീകരണങ്ങൾ യുനെസ്കോ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. "മദ്ധ്യയേഷ്യയിലെ സംസ്കാരങ്ങളുടെ ചരിത്രം" എന്ന പേരിൽ ആറു വാല്യങ്ങൾ ലഭ്യമാണ്. അവിടത്തെ ജനങ്ങളുടെ കാഴ്ചപ്പാടിലൂടെ അവിടങ്ങളിലെ സാംസ്കാരികചരിത്രം അവയിൽ അവതരിപ്പിച്ചിരിക്കുന്നു.

പേരുമാറ്റത്തെപ്പറ്റി

അടുത്തകാലത്ത്, മുമ്പ് പരക്കെ അറിയപ്പെടുകയും അംഗീകരിക്കുകയും ഉപയോഗിക്കുകയും ചെയ്തിരുന്ന പല പേരുകളും മാറ്റിയിട്ടുള്ള കാര്യം അറിയാമല്ലോ. കേരളത്തിൽത്തന്നെ ഇത്തരം മാറ്റങ്ങൾ ധാരാളം വരുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തലശ്ശേരി, പാലക്കാട്, കണ്ണൂർ തുടങ്ങിയവ ഉദാഹരണങ്ങൾ. മറ്റു സംസ്ഥാനങ്ങളിലും ഇത്തരം തിരിച്ചുപോക്ക് ഉണ്ടായിട്ടുണ്ട്. തിരിച്ചുപോക്ക് എന്നുപറഞ്ഞതു മനഃപൂർവ്വംതന്നെ. നമ്മുടെ നാടിൻെറ ചരിത്രവും പാരമ്പര്യവും പ്രാചീനതയും വിളിച്ചറിയിക്കുന്ന പല പേരുകളും, ഇവിടെ അടക്കിവാണിരുന്ന വെള്ളക്കാരായ തമ്പുരാക്കന്മാർക്കു ശരിക്കു പറയാൻ നാക്കു വഴങ്ങിക്കൊടുത്തിട്ടില്ല. അതുകൊണ്ട് അവരുടെ നാക്കിലൊതുങ്ങുന്ന പേരായിത്തീർന്നു പല സ്ഥലങ്ങളുടെയും പേരുമാറിയത്-തിരുവനന്തപുരം ട്രിവാൻഡ്രമായതും, പാലക്കാട് പാൽഗാട്ടായതും, കന്യാകുമാരി കേപ്കോമറിനായതുമൊക്കെ-സായിപ്പിൻെറ സൗകര്യത്തിനുവേണ്ടിയാണ്. അതുകൊണ്ട് മറ്റൊരു സംഗതിയും സൗകര്യമായി സായിപ്പു സാധിച്ചു. നാട്ടുകാരായ നമുക്കു നമ്മുടെ പ്രാചീനസ്ഥലങ്ങളെയും പ്രദേശങ്ങളെയുംപറ്റിയുള്ള പഴയ പേരുകൾ പറയുമ്പോൾ ചരിത്രവും, സംസ്കാരവും, സ്ഥലപ്പേരിനാസ്പദമായ പല സംഗതികളും, ഒരു മഹാപ്രളയംപോലെ ഓർമ്മയിലേക്കു് ഓടിയെത്തും. അതിൽ അഭിമാനംകൊള്ളാനും, ആ പാരമ്പര്യങ്ങൾ തടരാനുമുള്ള താല്പര്യവും ആഗ്രഹവും കുറഞ്ഞതോതിലെങ്കിലും ഉണ്ടാകും. തൃശ്ശിവപേരൂർ എന്നു പറയുമ്പോൾ ഒരു മലയാളിയുടെ ഉള്ളിൻെറ ഉള്ളിൽ ഉണരാതെ കിടന്നിരുന്ന എത്രയെത്ര ഓർമ്മകളാണ്, ചരിത്രമാണ് ഓടിയെത്തുന്നത്! സ്ഥലപുരാണങ്ങളിൽ അനുഗ്രഹീതമാകാത്ത ഒരിടവും നമ്മുടെ നാട്ടിലില്ല. നമ്മെ, നമ്മുടെ സംസ്കാരത്തെ, പാരമ്പര്യങ്ങളെ, നിലനിർത്താനുള്ള ആശയം ആ ഓർമ്മകളിലൂടെ ഉണ്ടാകുമെന്നു തീർച്ചയാണ്.

ലോകത്തിൻെറ ഇതരപ്രദേശങ്ങളിലും വെള്ളക്കാരുടെ പേരുകൾവിട്ട്, പഴയപേരുകൾ സ്വീകരിക്കുന്നതിനുള്ള ആവേശം ആഞ്ഞടിച്ചിട്ടുണ്ട്. ആഫ്രിക്കൻ ഭൂപടത്തിൽ ഒരമ്പതുകൊല്ലംമുമ്പ് രേഖപ്പെടുത്തിയിട്ടുള്ള പേരുകൾ, ഇന്നത്തെ ഭൂപടത്തിൽ തുടരുന്നുണ്ടോ എന്നു നോക്കിയാൽ, ഈ തിരിച്ചുപോക്കിൻെറ ശക്തി സ്പഷ്ടമായിത്തീരും. പണ്ടത്തെ 'ബർമ്മ'- എന്നപേര് ഇന്നില്ല! ഇതുപോലെ ഏഷ്യയിലും ഉദാഹരണങ്ങൾ എത്രയോയുണ്ട്. ചൈനയുടെ തലസ്ഥാനമായ 'പീക്കിംഗ്' ഇന്നെന്താണ്?

സായിപ്പിൻെറ പേരുമാറ്റൽപ്രക്രിയ മറ്റൊരു കാര്യത്തിനുകൂടി സഹായിച്ചിട്ടുണ്ട്. സുദീർഘമായ സ്ഥലപുരാണസ്മരണകൾ ഉണരാതിരിക്കാനും പാരമ്പര്യ മതവിശ്വാസങ്ങളുമായി അവയെ ബന്ധിപ്പിക്കാനും ഇടയാകാതിരിക്കുന്നത്, വെള്ളക്കാരൻ പ്രചരിപ്പിച്ച പള്ളിമതത്തിന് പിടിമുറുക്കാൻ, പ്രത്യേകിച്ച് പിന്നോക്കവിഭാഗങ്ങളിൽ സഹായിച്ചു. അതുകൊണ്ട്, കന്യാകുമാരി കേപ്കോമറിനായതും, തിരുവനന്തപുരം ട്രിവാൻഡ്രമായതും, വാരാണസി ബനാറിസ് ആയതും, പുതുശ്ശേരി പോണ്ടിച്ചേരിയായതും, മയ്യഴി മാഹിയായതും, കാളിഘട്ടം കൽക്കട്ടയായതും, മുംബെ ബോംബെയായതും. ഉദകമണ്ഡലം ഊട്ടിയായതും അവർ സഹർഷം സാഗതം ചെയ്തു. ഭാരതീയ ഇതിഹാസങ്ങളും പുരാണങ്ങളുമായി ബന്ധപ്പെട്ട പേരുകൾ പ്രത്യേകിച്ചും ''സായിപ്പീകരിക്കുന്നത്'' പരിഷ്കാരത്തിൻെറ ലക്ഷണമായിപ്പോലും അത്തരക്കാർ വിളിച്ചുപറഞ്ഞിട്ടുണ്ട്.''

പള്ളവീർപ്പിക്കുന്നതുമാത്രമാണ് ജീവിതസാക്ഷാത്കാരമെന്നു വെള്ളക്കാർ വിശ്വസിച്ചു. വേട്ടയാടിയും വേരുകൾ കുഴിച്ചെടുത്തും ജീവിച്ചിരുന്ന കാലത്തു്, മഹത്തായ മഹാസംസ്കാരങ്ങൾ ലോകത്തിൻെറ പല ഇതരപ്രദേശങ്ങളിലും ഔന്നത്യമാർജ്ജിച്ചിരുന്നു. പ്രാചീന അമേരിക്കകളിലും, ആഫ്രിക്കയിലും, ഏഷ്യയിലുമൊക്കെ എത്രയെത്ര ഉദാഹരണങ്ങൾ ഇതിനുദ്ധരിക്കാനുണ്ട്! അതൊക്കെ ഇന്ന് ഒന്നിനൊന്നിന് അറിയപ്പെടുകയാണ്! ചരിത്രഗവേഷണങ്ങൾ വെളിച്ചത്തുകൊണ്ടുവരുന്ന സ്ഥിതിവിവരങ്ങൾ പലതും, വെള്ളക്കാരുടെ നശീകരണവും തിരസ്കരണവും ഉണ്ടാക്കിയതിൻെറ ഉഗ്രഭാവങ്ങളും പ്രത്യക്ഷപ്പെടുത്തുന്നുണ്ട്.

'മുംബൈ' - എന്ന പേരു ബോംബെയ്ക്കു പകരം വീണ്ടും കൊണ്ടുവന്നാൽ ആകാശമിടിഞ്ഞുവീഴുമെന്നതരത്തിലുള്ള സംഭവങ്ങളാണുണ്ടാകാവുന്നതെന്നു് വാചാലമായി വാദിച്ചിട്ടുള്ള മാധ്യമവീരന്മാർ എത്രയാണ്! ബർമ്മയുടേയും, സിലോണിൻേറയുംപേര് പരിവർത്തനംചെയ്തപ്പോൾ, ഇവരാരും മിണ്ടിയില്ല. അതൊക്കെ ജനഹിതത്തിൻെറ പ്രത്യക്ഷഫലങ്ങളായിട്ടേ കാണുകയുണ്ടായുള്ളൂ. അതേ മാനദണ്ഡം ഇവിടത്തെ അവസ്ഥയിൽ ആരോപിക്കാൻ അവർക്കു താല്പര്യമില്ല.

സ്ഥലങ്ങൾ മാത്രമല്ല, ജില്ലകൾവരെ ചില പ്രശസ്തവ്യക്തികളുടെ സ്മാരകങ്ങളാക്കിത്തീർക്കുന്നതിനു പേരുമാറ്റം വരുത്തിയിട്ടുണ്ട് തമിഴ്നാട്ടിൽ. മദ്രാസിൻെറ പേര് 'ചെന്നൈ' ആകുന്നതും, പെരിയാർ ജില്ലവരുന്നതും ജനങ്ങളുടെ എളുപ്പത്തിലുള്ള പ്രീതിക്കുവേണ്ടിയാണെന്നുപറഞ്ഞു് ആക്ഷേപിക്കുന്ന ''വമ്പന്മാർ'' കുറവല്ല. പക്ഷേ അവനവൻെറ ചരിത്രത്തിലെ നാഴികക്കല്ലുകൾ നാട്ടിയവരെ മറക്കുന്നത് കൃതഘ്നതയാണെന്നു പറയേണ്ടതില്ല. ആന്ധ്രപ്രദേശത്തും 'പ്രകാശം' ജില്ലയും മറ്റുമുണ്ടായ വസ്തുത വിസ്മരിച്ചുകൂടാ.

മദ്രാസിൻെറ-അതായത് ചെന്നൈയുടെ ചരിത്രം വളരെ രസകരമായ ഒന്നാണ്. വിദേശികൾ അനുക്രമമായി ആധിപത്യം സ്ഥാപിച്ചതിൻെറ ദുഃഖചരിത്രം! വെള്ളക്കാരുടെ കറുത്ത പ്രവർത്തനങ്ങൾ അനാവരണം ചെയ്യുന്ന കഥകൾ എത്രയോയുണ്ട് അതിൽ! 1639 മുതലാണ് അതാരംഭിക്കുന്നത്. അതിനുമുമ്പ് സമീപസ്ഥലമായ മൈലാപ്പൂരും മന്ദവള്ളിയുമൊക്കെ ചരിത്രസാംസ്കാരിക-സങ്കേതങ്ങളെന്നനിലയിൽ പ്രശസ്തിയാർജ്ജിച്ചിരുന്നു. തിരുവള്ളുവർ തുടങ്ങിയ മഹാന്മാരുടെ ജന്മംകൊണ്ടും ജീവിതംകൊണ്ടും പവിത്രതയാർജിച്ച പുണ്യസങ്കേതങ്ങൾ! കപാലീശ്വരക്ഷേത്രവും പരിസരവും എല്ലാംകൊണ്ടും നൂറ്റാണ്ടുകളായി തീർത്ഥാടകരുടെ ലക്ഷ്യസ്ഥാനങ്ങളായിരുന്നു. ഈ സാഹചര്യത്തിലാണ് 1639 മുതൽ മദ്രാസ് വളരാൻ തുടങ്ങിയത് വിദേശികളുടെ ഉറച്ച ആദ്യ കാൽവെയ്പായിട്ട്! അതിൻെറ സ്ഥാപനത്തിനുശേഷം ഒന്നരക്കൊല്ലംകൊണ്ട് അവിടെ ഈസ്റ്റ്ഇൻഡ്യാ കമ്പനിയുടെ മുഖ്യതാവളവും ''ഫാക്ടറി''യുമായിത്തീർന്നു - പ്രത്യേകിച്ചു കിഴക്കൻതീരത്ത്. കെട്ടിയുണ്ടാക്കിയ കോട്ടയ്ക്കു പുതിയ പേരിട്ടു - ജോർജ്ജ് പുണ്യവാളൻെറ പേര്! അങ്ങിനെ അവിടം ഫോർട്ട്സെയിൻറ് ജോർജ്ജ് ആയി! എന്നാൽ അവരുടെ അധികാരം അനുക്രമമായി അയൽപ്രദേശങ്ങളിൽ പ്രതിഷ്ഠിക്കാനിടയായത് - തൊണ്ടിയാർപേട്ട, പുരുസവല്കം, എഗ്മൂർ തുടങ്ങിയവയും (1693) വ്യാസർപാടി, തിരുവൊട്ടിയൂർ, എന്നൂർ തുടങ്ങിയവയും (1708) മൈലാപ്പൂരിൻെറ കിഴക്കൻപ്രദേശവും (അതിന് ''സാൻതോം'' എന്ന പേരാണ് സായിപ്പിട്ടത്) - (1749)! ഇപ്രകാരം വിദേശികൾ നമ്മുടെ നാടിൻെറമേൽ പിടിമുറുക്കാൻ തുടങ്ങി. കോട്ടകെട്ടിയ പ്രദേശമല്ല ജോർജ്ജുടൗൺ എന്നയിടമാണ് മദ്രാസ്പട്ടണമെന്ന പേരുവഹിച്ചിരുന്നതെന്നും മറന്നുകൂടാ. പക്ഷേ, അവിടം ഇംഗ്ലീഷുകാരുടെ താവളം മാത്രമായിരുന്നു. അവരെക്കൂടാതെ ഫ്രഞ്ചുകാർ, പോർച്ചുഗീസുകാർ തുടങ്ങിയവരും, അവരുടെ യൂറോപ്പിലെ മത്സരങ്ങളുടെ ഫലമായി, ഇവിടെയും കിടമത്സരം കുറഞ്ഞ തോതിലല്ല നടത്തിയത്. നാടുഭരിച്ചിരുന്നവരെ തമ്മിൽ ഭിന്നിപ്പിച്ചും, ചതിവുകൾചെയ്തും, കൊള്ളയും കൊള്ളിവെയ്പും നടത്തിയുമാണ് ഇവിടെ അവർ കാലുറപ്പിച്ചതും തുടർന്നു അധികാരം പ്രതിഷ്ഠിച്ചതും. മൈലാപ്പൂരിൻെറ പ്രശസ്തിനേടിയ സാംസ്കാരികപാരമ്പര്യങ്ങളും മറ്റുമാണ് അവിടേക്കു പോർച്ചുഗീസുകാരെ ആകർഷിച്ചത്.

മദ്രാസിൽവച്ചാണ്, ക്ലൈവ് കല്യാണംകഴിച്ചത്. ലോകപ്രസിദ്ധമാണ് ആ പേര്, എന്നൊക്കെപ്പറഞ്ഞ് 'ചെന്നൈ'-എന്ന പേരിടുന്നത് തെറ്റാണെന്നു വാദിക്കുന്നവർ, ഒരു കൊടുംകൊള്ളക്കാരൻ മാത്രമായിരുന്ന ക്ലൈവിൻെറ കഥകൾ അറിയാത്തവരാണ്. ഇൻഡ്യാചരിത്രത്തിൽ ക്ലൈവിന് ''കൊടുംകൊള്ളക്കാരനായ ക്ലാർക്ക്'' എന്ന നിലയിലേ പ്രസക്തിയുമുള്ളൂ. അയാളുടെ അന്യവിധത്തിലുള്ള വിവരണങ്ങൾ ഇംഗ്ലീഷുകാരൻെറ സ്വാർത്ഥതാല്പര്യമുള്ള സൃഷ്ടിമാത്രമാണ്. ഒരു കൊള്ളക്കാരൻെറ ദുരന്തമാണ് ഒടുവിൽ അയാൾ അനുഭവിച്ചതും. ദുഷ്ടകർമ്മങ്ങൾ അനുഷ്ഠിക്കുന്നവരെ വല്ലപ്പോഴുമെങ്കിലും വിധി യഥാർഹമായി ശിക്ഷിക്കുമെന്നു അയാളുടെ അന്ത്യം അറിയിക്കുന്നുമുണ്ട്.

ഇവിടെ മഹത്തായ ഒരു മഹാസംസ്കാരമുണ്ടായിരുന്നെന്നും, പുരാണേതിഹാസങ്ങൾ എന്നും ജനജീവിതത്തെ കരുപ്പിടിപ്പിച്ചിട്ടുണ്ടെന്നും, ഭാരതീയസംസ്കാരത്തിനു ആധുനികകാലത്തും പ്രസക്തങ്ങളായ പലതും നൽകാനുണ്ടെന്നും അംഗീകരിക്കാൻ വിഷമിക്കുന്നവർ മാത്രമേ, ഈ പേരുമാറ്റങ്ങളെക്കുറിച്ചു പരാതിപറയൂ. ഭാരതത്തിൽ ഇനിയും എത്രയോ സ്ഥാനങ്ങളും സ്ഥലങ്ങളും സങ്കേതങ്ങളുമുണ്ട്; പൂർവ്വനാമംകൊതിച്ചു കഴിയുന്നവയായിട്ട്! ഭാഷാഭിമാനികളും പാരമ്പര്യങ്ങൾ പരിരക്ഷിക്കാൻ താല്പര്യമുള്ളവരുമായവർ ഈ പ്രവണതകൾ പ്രോത്സാഹിപ്പിക്കുകയേയുള്ളൂ; ആക്ഷേപിക്കുകയില്ല.

സംസ്കൃതഭാഷാ പ്രക്ഷേപണം ജർമ്മനിയിൽനിന്ന്

ടിവിയുടെ പ്രചാരത്തോടുകൂടി റേഡിയോയുടെ പ്രസക്തി സാധാരണക്കാരുടെയിടയിൽ വളരെ കുറഞ്ഞിട്ടുണ്ടെന്നാണ് പൊതുവെയുള്ള ധാരണ. എന്നാൽ ആധികാരികങ്ങളായ കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകും റേഡിയോയുടെ പ്രചാരത്തിന് ഒട്ടും ക്ഷീണമുണ്ടായിട്ടില്ല എന്ന്. മറിച്ച്, അതിൻെറ പ്രചാരം വളരെ വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്! ഇലക്ട്രോണിക് മാദ്ധ്യമങ്ങൾക്കു് പൂരണം(Saturation) ഉണ്ടായിട്ടുള്ള നാടുകളിലെ അവസ്ഥയാണിതു്. ഒരു ടിവിയ്ക്കു് ബദലായി മൂന്നു മുതൽ അഞ്ചു റേഡിയോവരെ എന്നാണവിടങ്ങളിലെ നിലവാരാവസ്ഥ. കാറിൽ സഞ്ചരിക്കുന്നവരും, ആപ്പീസുകളിൽ ജോലിനോക്കുന്നവരുമൊക്കെ ട്രാൻസിസ്റ്റർറേഡിയോ എന്ന സാധനം കൊണ്ടുനടക്കുന്നു; ഉപയോഗപ്പെടുത്തുന്നു. സൗകര്യംകിട്ടുമ്പോഴൊക്കെ പ്രാദേശിക നിലയങ്ങൾ പ്രസരിപ്പിക്കുന്ന നാട്ടുവർത്തമാനങ്ങളും വിശേഷവിധിയായിട്ടടുത്തയിടങ്ങളിലുള്ള മറ്റു പ്രസക്തങ്ങളായ വിവരങ്ങളും കേൾക്കാനാണിവയധികവുമുപയോഗപ്പെടുത്താറുള്ളതു്. സംഗീതപ്രിയന്മാർ അവയുപയോഗിച്ചു് സൗകര്യം കിട്ടുമ്പോഴൊക്കെ പാട്ടുകേൾക്കും. പലരും സംഗീതത്തിൻെറ പശ്ചാത്തലത്തിലാണ്, സ്വന്തം ഔദ്യോഗികകൃത്യങ്ങളും മറ്റും ചെയ്യാറുള്ളതു്. കുറ്റിയടിച്ചമാതിരി എവിടെയെങ്കിലും ഇരുപ്പുറപ്പിച്ചു് കാര്യങ്ങൾ കാണുന്നതും കേൾക്കുന്നതും അത്ര പന്തിയുള്ള കാര്യമായി പലർക്കും തോന്നാറില്ല. പിന്നെ, ടി.വി.പരിപാടികൾ കാണുകയും കേൾക്കുകയും ചെയ്യുന്നതുകൊണ്ടു തോന്നുന്ന ''ക്ഷീണം''-റേഡിയോ പരിപാടികൾ ശ്രദ്ധിക്കുമ്പോൾ പലർക്കും അനുഭവപ്പെടാറുമില്ല.

ഭാരതീയസംസ്കാരത്തിൻെറ കാതലും കരുത്തു് വിശദീകരിക്കുന്ന സംസ്കൃതഭാഷാപരിപാടികൾ അവതരിപ്പിക്കുന്ന ഒരേഒരു വിദേശറേഡിയോസ്ഥാപനമുണ്ടെന്ന വസ്തുത നമ്മുടെ നാട്ടിലുള്ള പലർക്കും അറിവില്ല. ഉന്നതസ്ഥാനീയനും ഉത്തരവാദിത്വമുള്ള കർത്തവ്യങ്ങളനുഷ്ഠിക്കാൻ നിയുക്തനുമായ, ''വളരെ വിവരമുള്ള' ഒരാളിനോടു്, ഇതു പറയാനിടയായപ്പോൾ, അദ്ദേഹം പ്രകടിപ്പിച്ച അനിയന്ത്രിതമായ വിസ്മയം എൻെറ മനസ്സിൽനിന്ന് ഇപ്പോഴും മാഞ്ഞിട്ടില്ല! അറിവുള്ളവരുടെ സ്ഥിതിയിതാണെങ്കിൽ, സാധാരണക്കാരുടെ അവസ്ഥയെന്തായിരിക്കാമെന്നു സങ്കല്പിക്കുകയായിരിക്കും ഉത്തമം.

ജർമ്മനിയിലെ കൊളോണിൽനിന്നു പ്രസരിപ്പിക്കുന്ന ഡ്യൂച്ചവെല്ല റേഡിയോ സ്ഥാപനമാണ് ഒന്നിടവിട്ട തിങ്കളാഴ്ചകളിൽ സംസ്കൃതപരിപാടി പ്രക്ഷേപണംചെയ്യാറുള്ളുത്. രാത്രിയിൽ 9.15നാണ് അതു് ചെയ്യുന്നതു്. ലോകത്തിലെ ഒട്ടുമുക്കാലും റേഡിയോസ്ഥാപനങ്ങളും പല ഭാരതീയ ഭാഷകളിലുമുള്ള പരിപാടികൾ ദിവസംതോറും പല സമയങ്ങളിൽ പ്രസരിപ്പിക്കാറുണ്ടു്. എന്നാൽ ഇവരാരും ഈ ജർമ്മൻസ്ഥാപനം ചെയ്യുന്ന തരത്തിൽ, സംസ്കൃതത്തിലുള്ള ഒരു പരിപാടി അവതരിപ്പിക്കാൻ തയ്യാറായിട്ടില്ല. ഈ പരിപാടി രാത്രി ഒൻപതേകാൽമണിക്കു്, 1548, 6170, 7225, 7305, 9875, 11865, 11720 കിലോ ഹെർട്സിൽ സ്വീ

കരിക്കാവുന്നതാണ്; അതായതു് ഏഴു വേവ്ലങ്ത്തുകളിൽ ഏതിലെങ്കിലും, ഭാരതത്തിലെവിടെയും കിട്ടുമെന്നു തീർച്ചയുമാണ്. ഈ വസ്തുത അറിയാത്തതുകൊണ്ടു്, യൂറോപ്പിൽനിന്നു പ്രസരിപ്പിക്കുന്ന ഈ സംസ്കൃതപരിപാടി പലരും കേട്ടിരിക്കാനിടയില്ല. പരിപാടിയുടെ പ്രക്ഷേപണത്തെക്കുറിച്ചു്, ഡൽഹിയിലെ ജർമ്മൻഎംബസി പ്രസിദ്ധപ്പെടുത്താറുള്ള ''ജർമ്മൻന്യൂസ്'' എന്ന മാസികയിൽ പരസ്യം മുടങ്ങാതെ പ്രത്യക്ഷപ്പെടാറുമുണ്ടു്. 1,06,000 പ്രതികളാണ്, 1996 ഡിസംബറിൽ, ജർമ്മൻ ന്യൂസിനുണ്ടായിരുന്ന പ്രചാരം! സംസ്കൃതഭാഷയോടും സാഹിത്യത്തോടും ജർമ്മൻകാർക്കുള്ള താല്പര്യമാണല്ലോ ഇതു് (ഈ പ്രക്ഷേപണം) പ്രകടമാക്കുന്നതു്.

ജർമ്മൻകാർക്കു് ദേവഭാഷയായ സംസ്കൃതത്തോടു് താല്പര്യമുണ്ടായതു് ഇന്നും ഇന്നലെയുമല്ല. 17-ാംനൂറ്റാണ്ടിലാണ്. പ്രശസ്തനും പ്രഗൽഭനുമായിരുന്ന ആദ്യത്തെ ജർമ്മൻ ഇൻഡോളജിസ്റ്റ് (ഭാരതീയവിജ്ഞാനകുതുകി) ഹൈൻട്രിക് റോത്തു്(Heinrich Roth: 1620-1668) ആണെന്നത്രേ പരക്കെ അംഗീകരിച്ചിട്ടുള്ളതു്. ആഗ്രയിലെ മുകിലരാജസഭയുമായി ബന്ധപ്പെട്ടു് അവിടെ കഴിയാനിടയായ ജെസ്യൂട്ടുപാതിരിയായിരുന്ന അദ്ദേഹമാണ്, സംസ്കൃതഭാഷയുടെ ഒരു വ്യാകരണം തയ്യാറാക്കിയ ആദ്യത്തെ യൂറോപ്യൻ. മാക്സ്മുള്ളർപോലും പ്രശംസിച്ചിട്ടുള്ള ആ വ്യാകരണഗ്രന്ഥം, റോത്തു് തയ്യാറാക്കിയതു് പാണിനീയത്തെയാസ്പദമാക്കിയായിരുന്നു. ആഗ്രയിൽവച്ചാണ് അദ്ദേഹം സംസ്കൃതം പഠിച്ചതും അതിൽ പ്രാവീണ്യംനേടിയതും.1666-ലാണ് ആഗ്രയിലെത്തിയതു്. രണ്ടുകൊല്ലംകഴിഞ്ഞു് അവിടെതന്നെയായിരുന്നു അന്ത്യുമുണ്ടായതും.

സംസ്കൃതഭാഷാസമ്പർക്കം അദ്ദേഹത്തെ ഭാരതീയ തത്വചിന്തയിലേക്കാണ് നയിച്ചതു്. ''പഞ്ചതത്വപ്രകാശം' ''വേദാന്തസാരം'' എന്നീ കൃതികൾ അദ്ദേഹം പകർത്തിയതു് വത്തിക്കാൻ ഗ്രന്ഥശേഖരത്തിലുണ്ടെന്നാണറിയുന്നതു്. റോത്തും ഒരു സുഹൃത്തും കൂടി 1650-ൽ എത്യോപ്യയിലേക്കു പോകാനാണ് യാത്രതിരിച്ചതു്. എന്നാൽ അവിടെ കത്തോലിക്കമിഷണറിമാർക്കു് പ്രവേശനമില്ലാതിരുന്നതിനാൽ, യാത്ര ഗോവയിലേക്കാക്കി, 1652-ൽ അവിടെയെത്തുകയുണ്ടായി. അവിടത്തെ താമസത്തിനിടയിൽ കന്നടം, പേർഷ്യൻ, ഉർദു തുടങ്ങിയ ഭാഷകൾ പഠിച്ചു. പിന്നീടാണ് ആഗ്രയിലേക്കു പോയതും, അവിടെയുണ്ടായിരുന്ന ജെസ്യൂട്ടുകോളേജിൻെറ തലവനായിത്തീർന്നതും.

റോത്തിനോടുകൂടിയാരംഭിച്ച സംസ്കൃതഭാഷാപ്രേമം, ജർമ്മൻകാരുടെ ഏറ്റവും പ്രബലമായ സ്വഭാവമായിമാറിയെന്നു പറയാം. ഭാരതീയസംസ്കാരത്തിൻെറ പ്രചാരത്തിനും അംഗീകാരത്തിനും അവർ നൽകിയിട്ടുള്ള മഹത്തായ സംഭാവനകൾ ഇന്ന് എല്ലാവരും അംഗീകരിച്ചിട്ടുണ്ടു്. ഇന്നും ആ താല്പര്യത്തിന് കുറവൊന്നുമുണ്ടായിട്ടില്ല. അതുകൊണ്ടാണല്ലോ, ജർമ്മൻപ്രക്ഷേപണസ്ഥാപനം സംസ്കൃതപരിപാടി പ്രാമാണ്യംനൽകി പ്രക്ഷേപണംചെയ്യാൻ ഏർപ്പാടുണ്ടാക്കിയിട്ടുള്ളതു്. ജർമ്മൻകാരായ നൂറിലധികം ഭാരതീയവിജ്ഞാനകുതുകികളുടെ പേരുകൾ പ്രയാസംകൂടാതെ എണ്ണിപ്പറയാനുണ്ടു്. ഇൻഡോളജി ഒരു മുഖ്യ പാഠ്യവിഷയമാക്കിയിട്ടുള്ള ജർമ്മൻ സർവ്വകലാശാലകളും കുറച്ചൊന്നുമല്ല. സംസ്കൃതഭാഷയിലെ അമൂല്യഗ്രന്ഥങ്ങളുടെയെല്ലാം പരിഭാഷകൾ ജർമ്മൻഭാഷയിലുണ്ടുതാനും. ഭാരതത്തോടും ഭാരതീയസംസ്കാരത്തോടും സംസ്കൃതഭാഷയോടും ജർമ്മൻകാർക്കുണ്ടായിട്ടുള്ള താല്പര്യം എന്തെങ്കിലും സ്വാർത്ഥലാഭേച്ഛയാലുണ്ടായിട്ടുള്ളതല്ലെന്ന വസ്തുത എടുത്തുപറയേണ്ടതുണ്ടു്.

ഒരു ബിഷപ്പിൻെറ കുമ്പസാരം

ലൈംഗികാപവാദങ്ങൾ വിപുലമായും വാചാലമായും വിവരിച്ച് പത്രങ്ങളും ആനുകാലികങ്ങളും പണംകൊയ്യാൻ താല്പര്യം ഏറെക്കാണിക്കുന്ന കാലമാണല്ലോ ഇതു്. ഒരു പ്രസിദ്ധൻെറ സ്വകാര്യജീവിതത്തിൽ ഉള്ളതും, ആരോപിക്കപ്പെടുന്നതുമായ കഥകൾ റിപ്പോർട്ടുചെയ്താണ് ഈ മാദ്ധ്യമമുതലാളിമാർ കാശുവാരാൻ കൗതുകം കാട്ടാറുള്ളതു്. ഇതിന് ധാരാളം "വഹകൾ" സൗകര്യപ്രദമായി അവർക്കു കിട്ടുകയും ചെയ്യുന്നു! സിനിമക്കാരുടെയിടയിൽനിന്നാണധികവും സംഭരിക്കാറുള്ളതെന്ന കാര്യവും പറയേണ്ടതുണ്ടു്. അന്യരുടെയിടയിൽ അവഹേളനാപരങ്ങളായ രഹസ്യങ്ങൾ അറിയാനുള്ള കൗതുകം സ്വാഭാവികമാണ്– സാധാരണ ജനങ്ങളിൽ!

ശാരീരികമോ മാനസികമോ ആയ പീഡനങ്ങൾക്കു വിധേയരായി വേദനയനുഭവിക്കുന്നവരുടെ ദുഃഖത്തിൽ സംതൃപ്തിയും ആനന്ദവും അനുഭവിക്കുന്ന സാഡിസത്തിൻെറ (Sadism) മറ്റൊരു മുഖമാണിതു്. ഇത്തരക്കാരുടെ സംഖ്യ ഏറിവരികയാണെന്നുവേണം കരുതാൻ. ഇതു കാരണം, ഇവരുടെ തൃപ്തിയ്ക്കുവേണ്ട ഉപഭോഗവിഭവം ഒരുക്കുന്നതിന് മാദ്ധ്യമങ്ങൾ മത്സരിക്കുകയാണിന്ന്! അടിപിടിലഹളകളും അക്രമങ്ങളും മർദ്ദനവൈവിധ്യങ്ങളും മറ്റും ആകർഷകമാക്കി, ആസ്വാദ്യമാക്കി, മാദ്ധ്യമങ്ങൾ അവതരിപ്പിച്ച് സ്വകാര്യാദായം വർദ്ധിപ്പിക്കുന്നു! ചലച്ചിത്രങ്ങളിൽ ക്രൂരതയുടെ രംഗങ്ങളില്ലാതിരുന്നാൽ, ടിക്കറ്റുവാങ്ങാൻ ആളുകൾക്കു് താല്പര്യമുണ്ടാവുകയില്ലെന്നാണ് ചലച്ചിത്രമുകിലന്മാരുടെ വാദം! ഇവകൊണ്ടുണ്ടാകുന്ന വിപത്തു പണ്ടു് കൊട്ടകയിൽ എത്തുന്നവർക്കുമാത്രമേ ഉണ്ടാകുമായിരുന്നുള്ളൂ. ഓരോവീട്ടിലും മാന്യസ്ഥാനത്തിരുത്തിയിട്ടുള്ള വിഡ്ഢിപ്പെട്ടിയിലൂടെ ഇന്ന് ഈ വിപത്ത് ഓരോ ഗൃഹത്തിലും നുഴഞ്ഞുകയറുന്നുണ്ടു്! മനുഷ്യരുടെ പൈശാചികാസ്വാദനകൗതുകം, എല്ലാവിധത്തിലും പോഷിപ്പിക്കുന്ന സാഹചര്യം തളിർത്തുപന്തലിക്കുകയാണ് എവിടെയും! വികല്പവാസനകൾ മനുഷ്യനെ എവിടെ എത്തിക്കുമെന്ന് പ്രവചിക്കാനാവില്ല! ഇതിനെപ്പറ്റി ചിന്തിക്കേണ്ടവർ അതിനൊരുങ്ങാറുമില്ല! മിണ്ടാറുമില്ല.

ഏറ്റവും കൂടുതൽ പ്രചാരമുള്ള ഇംഗ്ലണ്ടിലെ ഒരു പത്രമാണ് "ന്യൂസ് ഓഫ് ദ വേൾഡ്" അത്യധികം ഉദ്വേഗജനകമാംവിധം അതിൽ വിവരിച്ചു വെളിപ്പെടുത്തിയ വിഭവം, ഒരു റോമൻ കത്തോലിക്കാബിഷപ്പിൻെറ കുമ്പസാരമാണ്! അൻപത്താറു വയസുള്ള റോഡരിക് റൈറ്റ് (Bishop Ro derick Wright) തൻെറ ലൈംഗികജീവിതത്തെക്കുറി ച്ച് വിശദമായി ഏറ്റു പറഞ്ഞിരിക്കുന്നു! റോമൻകത്തോലിക്കരായ പുരോഹിതൻമാർക്കും പ്രമാണികൾക്കും വിവാഹം അനുവദിച്ചിട്ടില്ല. ജീവിതകാലമത്രയും അവർ ബ്രഹ്മചാരികളായി ജീവിക്കാൻ നിർബ്ബന്ധിതരാണ്. അതാണ് ആചാരവും നിയമവും. അതു തെറ്റിക്കുന്നവർ സ്വയം ഒഴിഞ്ഞുപോകുകയോ ശിക്ഷയനുഭവിക്കുകയോ ചെയ്തേ പറ്റൂ! ആദ്യത്തെ വഴിയാണ് ബിഷപ്പു റൈറ്റ് സ്വീകരിച്ചതു്. അദ്ദേഹത്തിന് ദീർഘകാലമുണ്ടായിരുന്ന അവിഹിതവേഴ്ചയും അതിലൂടെയുണ്ടായ മകൻെറയും കാര്യങ്ങൾ അദ്ദേഹം പത്രത്തിലൂടെ പ്രകാശിപ്പിച്ചു. മകനു് പതിനഞ്ചു വയസ്സോളം പ്രായമുണ്ടു്! ഇപ്പോൾ അദ്ദേഹത്തിൻെറ ഇടപാടു് രണ്ടാമതൊരു വനിതാസുഹൃത്തുമായിട്ടാണ്! നാല്പത്തൊന്നുവയസുള്ള കാത്‌ലീൻ (Kathleen) ആണ് ആ സൗഭാഗ്യവതി! ബിഷപ്പുപദം രാജിവെച്ചു് ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കാനാണ് അദ്ദേഹം തീരുമാനിച്ചിരിക്കുന്നതു്.

ഈ സംഭവത്തെപറ്റി, ഇൻഡ്യയിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരാനുകാലികത്തിൽ ഉണ്ടായിരുന്ന മുഖപ്രസംഗക്കുറിപ്പു്, പ്രത്യേകം ശ്രദ്ധേയമായി. പല പത്രമുതലാളിമാരും അതു ശ്രദ്ധിച്ചതേയില്ല. അതുകൊണ്ടായിരിക്കാം, നമ്മുടെ "മൂല്യബോധമുള്ള" മതേതരപ്രമാണിമാരുടെയും നാവനങ്ങാതെപോയതു്! ഇംഗ്ലണ്ടിലെ പള്ളിപ്രമാണികളെ ചൊടിപ്പിച്ചതു് ബിഷപ്പു റൈറ്റിൻെറ ബ്രഹ്മചര്യാഭംഗമോ, അദ്ദേഹത്തിൻെറ അവിഹിതവേഴ്ചകളോ അല്ല. വൻകിടപത്രത്തിനു്, പ്രതിഫലം വാങ്ങിയശേഷം, തൻെറ കുമ്പസാരം പ്രസിദ്ധപ്പെടുത്താൻസൗകര്യമൊരുക്കിയതാണ്! അഞ്ചക്കത്തിലുള്ള ഒരു തുക ബിഷപ്പിനു കിട്ടി! ബിഷപ്പിൻെറ കുമ്പസാരവും അതിനുകിട്ടിയ അസാധാരണമായ പ്രചാരവും പള്ളിക്കാരെ വളരെ വിമ്മിഷ്ടപ്പെടുത്തിയിട്ടുണ്ടു്; വിഷമത്തിലാക്കിയിട്ടുമുണ്ടു്. ഇതിനെക്കുറിച്ചു് ഇംഗ്ലണ്ടിലെ മറ്റൊരു പ്രധാനപ്പെട്ട പത്രമായ "ഒബ്സർവർ" രേഖപ്പെടുത്തിയതു് ഇവിടെ പറയട്ടെ: A. singnificant minority who cannot susta in the near impossible, have made Catholic church a by word for organised hypoc risy."

പള്ളിക്കു പിണഞ്ഞിട്ടുള്ള കുപ്രസിദ്ധങ്ങളായ തെറ്റുകൾ, പരിഹരിക്കാൻ അടുത്തകാലങ്ങളിൽ താല്പര്യമുണ്ടായിട്ടുണ്ടു്. ദുർമന്ത്രവാദിനിയാണെന്നാരോപിച്ചു് ഫ്രാൻസിലെ ജോൻ ഓഫ് ആർക്കിനെ കുറ്റിയിൽകെട്ടി ചുട്ടെരിയിച്ചു കൊന്നതിനു് പള്ളിയാണ് ഉത്തരവാദി. ഇന്ന് ജോൻ ഓഫ് ആർക്കിനെ അവർ പുണ്യവാളത്തിയാക്കിയിരിക്കുന്നു! സൂര്യനു ചുറ്റുമാണു ഭൂമി സഞ്ചരിക്കുന്നതെന്നു വിശ്വസിക്കുകയും പറയുകയും ചെയ്തതിന് ഗലിലിയോയെയും, ഭൂതലത്തിലെ ജീവജാതികൾ ദീർഘകാലത്തെ പരിണാമത്തിലൂടെയാണ് ഇന്നത്തെ അവസ്ഥകളിലെത്തിയതെന്ന സിദ്ധാന്തം രൂപീകരിച്ചതിന് ഡാർവ്വിനേയും പള്ളിയധികാരികൾ പീഡിപ്പിച്ചതിനു് കണക്കില്ല. ഇവർ രണ്ടുപേരെയും അവർ ഇന്നു പുനരധിവസിപ്പിച്ചിരിക്കുന്നു! ഇതുപോലെ ഭാവിയിൽ പലതും സംഭവിച്ചുകൂടെന്നില്ല!

താപസന്മാരായും മഹർഷിമാരായും ജീവിതംനയിച്ചിട്ടുള്ള ധാരാളംമഹാന്മാരുടെ കഥകൾ ഹൈന്ദവപുരാണങ്ങളിലും ഇതിഹാസങ്ങളിലുമുണ്ടല്ലോ. ഇവർ ബ്രഹ്മചര്യം ഒരു നിഷ്ഠയായി സ്വീകരിച്ചിട്ടുള്ളവരായിരുന്നു. ആരുടെയെങ്കിലുമോ, ഏതെങ്കിലും അധികാരസ്ഥാനത്തിൻെറയോ നിർബ്ബന്ധംകൊണ്ടോ അല്ല അവർ അപ്രകാരം ചെയ്തതു്. സഹധർമ്മിണിമാരോടൊത്ത് ആശ്രമത്തിൽജീവിച്ചു് തപശ്ചര്യകളനുഷ്ഠിച്ചിരുന്നവരും വളരെയുണ്ടു്. സ്ത്രൈണാംശത്തെയോ സ്ത്രീകളെയോ അനാദരിക്കുകയോ പാപത്തിലേക്കു് നയിക്കുന്നവയോ ആയ പരാമർശനം ഹൈന്ദവധർമ്മത്തിലെങ്ങുമില്ല. ദേവന്മാരെപ്പോലെ ദേവിമാരും ശക്തകളും ആദരണീയരുമത്രേ. ബ്രഹ്മാവിഷ്ണുമഹേശ്വരൻമാർ മുതൽ എല്ലാ ദേവസങ്കല്പങ്ങളിലും വനിതാംശത്തിനു് അർഹമായ സ്ഥാനം അംഗീകരിക്കുകയും ഭാര്യാപദം സങ്കല്പിക്കുകയും ചെയ്തിരിക്കുന്നു. ആശ്രമംകെട്ടി ആരണ്യവാസത്തിൽ പ്രവേശിച്ചിട്ടുള്ള മുനിമാർക്കും ഭാര്യമാരുണ്ടു്. അപ്രതീക്ഷിതങ്ങളായ സാഹചര്യങ്ങളിൽ ലൈംഗികാസക്തിയുണ്ടായാൽ അതു് മനഃപൂർവ്വം തടയുന്നതിനല്ല, സാധിക്കുന്നതിനാണ് താപസന്മാർപോലും തയ്യാറായിട്ടുള്ളതും. ലൈംഗികപ്രവർത്തനം നിഷിദ്ധമല്ലെന്നും പാപകർമ്മമല്ലെന്നും, ജീവിതത്തിൻെറ സുപ്രധാനഘടകമാണെന്നും അംഗീകരിക്കുന്നതിൻെറ തെളിവാണിതു്. പുരുഷനെ പാപകർമ്മങ്ങളിലേക്കു് മോഹിപ്പിക്കുന്നവളാണ് സ്ത്രീയെന്നും മനുഷ്യൻെറ പതനത്തിന് കാരണഭൂത വനിതയാണെന്നും മറ്റുമുള്ള നിഷേധപരമായ മനോഭാവം സെമിറ്റിക് മതങ്ങളാണ് പ്രചരിപ്പിക്കുന്നതും വിശ്വസിപ്പിക്കുന്നതും. ലൈംഗികപ്രവർത്തനം ശപിക്കപ്പെട്ടതാകുന്നതു് നിയന്ത്രണരഹിതമാകുമ്പോഴും കയറൂരിവിടുമ്പോഴുമാണ്! ഇതാണ് ഹൈന്ദവചിന്താഗതി.

സ്ത്രീപുരുഷബന്ധത്തിൻെറ ഉദാത്തങ്ങളായ ഉദാഹരണങ്ങൾ വേദേതിഹാസപുരാണങ്ങളിലെല്ലാമുണ്ടു്. ദുർവ്വാസസ്സിൻെറ മാതാവായ അനസൂയ അത്രിമഹർഷിയുടെ ഭാര്യയായിരുന്നു. ശ്രീരാമലക്ഷ്മണന്മാർ വനവാസകാലത്തു് അവരുടെ ആശ്രമം സന്ദർശിച്ചിട്ടുണ്ടു്. ദേഹസൗന്ദര്യം നിരന്തരം നിലനിർത്തുന്നതിനുള്ള വിദ്യ അനസൂയ അന്നു് സീതാദേവിയ്ക്ക് കൊടുക്കുകയുണ്ടായി! വസിഷ്ഠഭാര്യയായ അരുന്ധതി പാതിവ്രത്യത്തിൻെറ ഉദാത്തോദാഹരണമാണല്ലോ. ഗൗതമഭാര്യയായ അഹല്യയുടെ കഥയറിയാത്തവർ ചുരുങ്ങും. ലൈംഗികാവേശത്തെ കൃത്രിമമായി തടയാൻ ശ്രമിച്ചാലുള്ള പ്രയാസങ്ങൾ പ്രദർശിപ്പിക്കുന്നതാണ് ഋശ്യശൃംഗമുനിയുടെ കഥ. പരാശരമഹർഷിക്കു് സത്യവതിയിലുണ്ടായ കൃഷ്ണദ്വൈപായനനാണല്ലോ, പില്ക്കാലത്തു് വേദങ്ങൾപകുത്ത വേദവ്യാസൻ. ച്യവനൻെറയും സുകന്യകയുടെയും കഥ സുപ്രസിദ്ധമാണ്. ഇങ്ങനെ പറയാൻ തുടങ്ങിയാൽ അവസാനമില്ല.

ഡാർവ്വിനെ പള്ളി പുനരധിവസിപ്പിക്കുന്നു

ഒരു സുഹൃത്തിൻെറ ശുപാർശപ്രകാരം ''ബീഗിൾ''– എന്ന കപ്പലിലെ ശമ്പളമില്ലാത്ത പ്രകൃതിശാസ്ത്രജ്ഞനെന്ന തസ്തികയിൽ യുവാവായിരുന്ന ചാറത്സ് ഡാർവ്വിൻ 1831–ൽ ചേരുകയുണ്ടായി. ആ കപ്പൽ, അഞ്ചുവർഷത്തോളം നീണ്ടുനില്ക്കുന്ന ഒരു ഭൂപ്രദക്ഷിണ പര്യവേക്ഷണത്തിനു നിയുക്തമായതാണ്. പില്ക്കാലത്ത് ദൂരവ്യാപകങ്ങളായ പ്രത്യാഘാതങ്ങളും ഫലങ്ങളുമുളവാക്കിയ സിദ്ധാന്തങ്ങൾ ഡാർവ്വിനു് രൂപീകരിക്കാൻസാധിച്ചതു്, ഈ സുദീർഘമായ സഞ്ചാരത്തിൽ സമ്പാദിച്ച നിരീക്ഷണപാടവവും സമാഹരിച്ചതെളിവുകളുമായിരുന്നു. ഇതൊക്കെസാധിച്ചതു്, യാത്രയിൽ ഒരിക്കലും വിട്ടുമാറിയിട്ടില്ലാത്ത സാഗരരോഗവിധേയനായി, ശാരീരികവും മാനസികവുമായ അസ്വാസ്ഥ്യങ്ങൾ നിലവിലിരിക്കുമ്പോഴാണെന്ന വസ്തുതയും വിസ്മരിച്ചുകൂടാ. എങ്കിലും അദ്ദേഹത്തിലെ പ്രകൃതിശാസ്ത്രജ്ഞൻെറ സിദ്ധികൾ അത്യത്ഭുതകരമാംവിധം വികസിക്കുകയും ശക്തിപ്പെടുകയും ഫലമേകുകയും ചെയ്തു.

സ്വന്തം സമ്പാദ്യം കൂടാതെ ഭാര്യയുടെ സ്വത്തും ഉപയോഗിച്ച്, സ്വതന്ത്രമായ, അല്ലലും അലച്ചിലുമാവശ്യമില്ലാത്ത, ഒരു ഗവേഷണതപസ്യയനുഷ്ഠിക്കുന്നതിന് അദ്ദേഹത്തിനു സംഗതിയായതും എടുത്തു പറയേണ്ടകാര്യമാണ്. തനിക്കു് സ്വീകാര്യമായ സരണികളിലൂടെ നിർബ്ബാധം സഞ്ചരിക്കുന്നതിനു് ആ സാഹചര്യം അദ്ദേഹത്തിനു് സൗകര്യം കൊടുത്തു. ഭൂപ്രദക്ഷിണസഞ്ചാരത്തിൽ സമാഹരിച്ച വിലപ്പെട്ടതും അതിവിപുലമായ തെളിവുകൾ, വേണ്ടവിധത്തിൽ അന്യവിധേയത്വമില്ലാതെ വർഗ്ഗീകരിക്കാനും പഠിക്കാനും അവയെയടിസ്ഥാനപ്പെടുത്തി, സ്വതന്ത്രമായ നിഗമനങ്ങളിലെത്താനും ഡാർവ്വിനു സാധിച്ചു. ജീവജാതികളുടെ വൃദ്ധിക്ഷയങ്ങളെ സംബന്ധിക്കുന്ന, പ്രകൃതിനിർദ്ധാരണ പ്രക്രിയകളിലൂടെ നിശ്ശബ്ദമായി നടന്നുകൊണ്ടിരിക്കുന്ന പുതിയ ജീവജാതികളുടെ ഉല്പത്തിയും പരിണാമവുമൊക്കെ സിദ്ധാന്തരൂപത്തിൽ അദ്ദേഹം അവതരിപ്പിച്ചു. മനുഷ്യോൽപ്പത്തിയെ സംബന്ധിച്ചു നിരീക്ഷിക്കാൻ സാധിച്ച കാര്യങ്ങളും ഇതേ വിധത്തിൽ പ്രകാശനം ചെയ്യുവാനിടവന്നു. അങ്ങിനെ 1859–ലും 1871–ലും പ്രാമാണികങ്ങളായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകൃതങ്ങളായി; അവയാണ് Origin of species; Descent of Man എന്ന മൗലികഗ്രന്ഥങ്ങൾ.

പാശ്ചാത്യരുടെയിടയിൽ വളർന്നു പന്തലിച്ചു ശക്തിപ്പെട്ടു നിലനിന്നിരുന്ന പള്ളിമതം പരത്തിയ പ്രമാണങ്ങളെയും ചിന്താധാരകളെയും അടിമുടി അഴിച്ചുപണിയാൻ, ഈ ഗ്രന്ഥങ്ങളിലൂടെ അവതരിപ്പിച്ച ആശയങ്ങൾ ജനങ്ങളെ നിർബ്ബന്ധിതമാക്കി. പള്ളിക്കാരും അത്യുഗ്രമായിത്തന്നെ പ്രതികരിച്ചു. പരിണാമവാദവും മറ്റും വേദപുസ്തകപ്രകാരമുള്ള ജീവജാതികളുടെ സൃഷ്ടിയ്ക്കു വിരുദ്ധമായതിനാൽ ശക്തിയായി നിരാകരിക്കാനാണ് വിശ്വാസികളെ ഉപദേശിച്ചതു്.

ഇവയുളവാക്കിയ വാദകോലാഹലങ്ങൾ കടന്നു ചെല്ലാത്ത രംഗങ്ങൾ ഇല്ലാതായി. പരിണാമസിദ്ധാന്തവിശ്വാസികളെ പല വിധത്തിലുള്ള പീഡനങ്ങൾക്കു വിധേയരാക്കിയും പള്ളിയിൽനിന്നു പുറത്താക്കിയും നിയമനിർമ്മാണങ്ങളിലൂടെപ്പോലും പരിണാമവാദത്തെ നിരാകരിക്കാനും നടന്ന ശ്രമങ്ങൾ കുറവായിരുന്നില്ല. പരിഷ്കാരത്തിൻെറ പതാകവഹിക്കുന്നവരെന്നും സ്വതന്ത്രചിന്തകരെന്നും സ്വയം അവകാശപ്പെടാറുള്ള അമേരിക്കൻ ഐക്യനാടുകളിൽ പല സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള നിയമങ്ങൾ ഇന്നും നിലവിലുണ്ടു്. ഡാർവ്വിൻെറ സിദ്ധാന്തങ്ങളും ആശയങ്ങളും പ്രചരിപ്പിക്കുന്നതും പഠിപ്പിക്കുന്നതും അവിടങ്ങളിൽ കുറ്റകൃത്യങ്ങളാണ്! ടെന്നിസ്സിയിലെ (Tennessee) ഡേറ്റൻ (Dayton) എന്ന സ്ഥലത്തെ ഒരു വിദ്യാലത്തിൽ ജോൺ ടി. സ്കോപ്പ് (John T. Scopes) എന്ന അദ്ധ്യാപകൻ പരിണാമസിദ്ധാന്തം ക്ലാസിൽ പഠിപ്പിച്ചതിനു് കോടതി കയറേണ്ടിവന്നു! ആ അദ്ധ്യാപകനെതിരായി മതമൗലികവാദികളാണ് കേസു കൊടുത്തതു്! വളരെ പ്രചാരം നേടിയ കേസാണതെന്നു് പറയാതെവയ്യ. ക്ലാറൻസ് ഡാറോ (Clarence Darrow) എന്ന വക്കീലാണ് അദ്ധ്യാപകനുവേണ്ടി വാദിച്ചതു്. മൗലികവാദിയായ വില്യം ജെന്നിംഗ്സ് ബ്രൈൻ (William Jennings Bryan) ആയിരുന്നു മുഖ്യ എതിരാളി! കൂടുതൽ കാര്യങ്ങൾ പറയാൻ ഇവിടെ ഇടമില്ലാത്തതിനാൽ വിടുന്നു. ദൈവം കുത്തിയിരുന്നു സൃഷ്ടി നടത്തിയതു്, ഏതു വർഷത്തിലായിരുന്നെന്നു കണക്കാക്കി പ്രഖ്യാപിച്ച ബിഷപ്പിൻെറ കാര്യവും എന്തുപറയാനാണ്!

ഡാർവ്വിൻ അവതരിപ്പിച്ച ചിന്തകൾ ഉയർത്തിയ ഇടിവെട്ടേറ്റു് തകർന്നുവീണ വിശ്വാസക്കോട്ടകളുടെ കൂമ്പാരങ്ങൾ പാശ്ചാത്യലോകത്തു് വർദ്ധിച്ചുവന്നിരുന്നെങ്കിലും, അതേ ആശയങ്ങൾക്കു കാര്യമായ ഒരു പ്രതിസന്ധിയും പൗരസ്ത്യചിന്തകളിൽ ഉളവാക്കാൻ സാധിച്ചില്ല. പരിണാമമെന്ന ആശയം അംഗീകരിക്കാത്ത ഒരു ചിന്താസരണിയും പൗരസ്ത്യരുടെ, പ്രത്യേകിച്ച്, ഹൈന്ദവധർമ്മത്തിലില്ല. നിരീശ്വരവാദിക്കും ദൈവവിശ്വാസിക്കും ഒരുപോലെയിടമനുവദിച്ചിട്ടുണ്ടു്, ഹൈന്ദവചിന്തകളിൽ.

സെമിറ്റിക് ചിന്തകളിലെല്ലാംതന്നെ, അന്യ ആശയങ്ങളോടു് അതിരൂക്ഷമായ അസഹിഷ്ണുതയുണ്ടു്. തങ്ങളുടേതല്ലാതെ മറ്റെല്ലാം തെറ്റാണെന്ന അഹന്തയും അസഹിഷ്ണുതയും, മതചിന്തകളെ മാത്രമല്ല രാഷ്ട്രീയചിന്തകളെയും പ്രത്യയശാസ്ത്രങ്ങളെയും ഉഗ്രമായി ഗ്രസിച്ചിരിക്കുന്നു. അതിനാൽ സെമിറ്റിക് സംസ്കാരത്തിൽ അക്രമത്തിനും അധികാരപ്രമത്തതയ്ക്കും അങ്ങേയറ്റം ആദരവുസിദ്ധിച്ചു. പള്ളിമതവും, മാർക്സിവും രണ്ടു് ഉത്തമോദാഹരണങ്ങൾ ആണെന്നേ ഇവിടെ പറയുന്നുള്ളൂ. അവരണ്ടും ആദർശത്തിൽ മനുഷ്യസമത്വം വിളംബരം ചെയ്യുന്നെങ്കിലും, അന്തിമമായി മനുഷ്യരെക്കൊണ്ടെത്തിക്കുന്നതു് ഏകാധിപത്യത്തിലാണ്! ഇവയ്ക്കു വിരുദ്ധമായ നിലപാടാണ് പൗരസ്ത്യ – ഭാരതീയ ചിന്തകളിൽ മനുഷ്യനെ അവൻെറ വഴിക്കുസ്വതന്ത്രനായി വിട്ടുകൊണ്ടു്, അവനവൻെറ വഴി സ്വയം കണ്ടെത്താൻ പ്രേരിപ്പിക്കുകമാത്രമാണവിടെ ചെയ്യുന്നതു്. ഏതു വഴികണ്ടെത്തുന്നതിനും മനുഷ്യനു് അവിടെ സ്വാതന്ത്ര്യമുണ്ടു്. രാജാധികാരംപോലും ഋഷിയുടെ സന്നിധിയിൽ തലകുനിച്ചു നില്ക്കുവാൻ നിർബ്ബന്ധിതമാകുന്നതു് ഭാരതത്തിലല്ലാതെ മറ്റൊരിടത്തും കണ്ടെത്തുവാൻ സാധിക്കുകയില്ല. ജീവിതത്തിൽ അംഗീകരിക്കാൻ വയ്യാത്ത വ്യർത്ഥചിന്തകൾക്കു് ഇവിടെ ഒരുകാലത്തും പ്രാമാണ്യം നല്കിയിട്ടില്ല. ശുദ്ധശാസ്ത്രവും ശാസ്ത്രചിന്തയും എന്നും സ്വാഗതംചെയ്തിട്ടുള്ള പാരമ്പര്യമേ ഇവിടെയുള്ളൂ. അതുകൊണ്ടാണല്ലോ ഭാരതീയത്വത്തിൻെറ ഉദാത്തമാതൃകയായ വിവേകാനന്ദ സ്വാമികൾ അദ്ദേഹത്തിൻെറ പ്രസംഗങ്ങളിലെല്ലാം, ആധുനികശാസ്ത്രസിദ്ധാന്തങ്ങൾ ഹൈന്ദവധർമ്മത്തെ ശക്തിപ്പെടുത്തുമെന്ന് ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിച്ചിട്ടുള്ളതും, അവയെ ആഹ്ലാദത്തോടെ സ്വാഗതം ചെയ്തതും.

സൂര്യനുചുറ്റും സഞ്ചരിക്കുന്ന ഒരു ഗ്രഹമാണു ഭൂമിയെന്നു വിശ്വസിച്ചതിനും പറഞ്ഞതിനും ഗലീലിയോ എന്ന ശാസ്ത്രജ്ഞന് സഹിക്കേണ്ടിവന്ന പീഡനങ്ങൾ ആർക്കാണറിവില്ലാത്തതു്. അദ്ദേഹത്തിൻെറ കുറ്റവിസ്താരവും ശിക്ഷയും മനുഷ്യചരിത്രത്തിലെ ഏറ്റവും നീചമായ സംഭവങ്ങളാണല്ലോ. ആധുനിക ശാസ്ത്രത്തിൻെറ ഉൽഘാടകരിലൊരാളായ ഗലീലിയോയെ പുനരധിവസിപ്പിക്കുന്നതിന് പള്ളിക്കാർ 1992–ൽ മാത്രമാണു തയ്യാറായതു്! ഇപ്പോഴിതാ 1996 – ൽ അതേ വിധത്തിൽ. ചാറൽസ് ഡാർവ്വിനേയും പള്ളി അംഗീകരിക്കുന്നതിനു് തയ്യാറാണെന്നു കാണിക്കുന്ന പ്രഖ്യാപനം വന്നിരിക്കുന്നു! ഡാർവ്വിൻെറ ചിന്തകളിൽ കഴമ്പുണ്ടെന്നു കരുതുന്നതിൽ തെറ്റില്ലെന്നും, അവ അപകടകരമല്ലെന്നും ആണ് മാർപ്പാപ്പയുടെ സ്ഥാനത്തുനിന്നുണ്ടായിട്ടുള്ള പ്രഖ്യാപനം. എന്താണവയെന്നു് എടുത്തുപറയാത്ത, പുതിയ അറിവുകളുടെ വെളിച്ചത്തിൽ ആണ് ഈ പ്രഖ്യാപനമെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ടു്! പയസ് മാർപ്പാപ്പാ പന്ത്രണ്ടാമൻെറ 1950 ലെ പ്രഖ്യാപനത്തിൽ, പരിണാമവാദം ആക്ഷേപാർഹമല്ലെങ്കിലും, അതു് നിരീശ്വരവാദികൾക്കും യുക്തിവാദികൾക്കും, സൃഷ്ടികർമ്മത്തിൽ ദൈവത്തിൻെറ പങ്ക് നിരാകരിക്കുന്നതിന് സഹായിക്കുന്ന വാദമാക്കിത്തീർക്കാൻ സാധ്യതയുണ്ടെന്നും അതിൽ വ്യക്തമാക്കിയിട്ടുണ്ടു്. ഇപ്പോഴത്തെ മാർപ്പാപ്പ അതിലും ഒരു പടികൂടിമുമ്പോട്ടുപോയിരിക്കുന്നു! പഴയകാലങ്ങളിൽ പള്ളിസ്വീകരിച്ചിട്ടുള്ള തെറ്റായ നിലപാടുകൾ തിരുത്താനുള്ള താല്പര്യമാണ് അവകാണിക്കുന്നതെങ്കിൽ, സ്വാഗതാർഹമായ ഗതിയാണതെന്നു് ന്യായമായി കരുതാം! അവിശ്വാസികളെയും അന്യമതസ്ഥരേയും പീഡിപ്പിക്കാനും ചുട്ടെരിച്ചുകൊല്ലാനും പള്ളിമതക്കാർ എത്രമാത്രമാണ് ശ്രമിച്ചിട്ടുള്ളതെന്നതിൻെറ ചരിത്രം 'ഇൻക്വിസിഷൻ'– എന്ന നീചനടപടിയുടെ ചരിത്രത്തിൽ ആർക്കും കാണാവുന്നതാണ്.

21

മഹത്തായ, ബൃഹത്തായ ഒരു കുതിച്ചുചാട്ടം

അത്യുഗ്രമായ ആത്മദു:ഖം അനുദിനം അനുഭവിക്കുന്ന എണ്ണമറ്റ മാതാപിതാക്കന്മാർ, ഭാര്യമാർ, സഹോദരീസഹോദരന്മാർ, സുഹൃത്തുക്കൾ തുടങ്ങിയവരുടെ നിസ്സഹായതയും, നഷ്ടബോധവും പലയിടത്തും പലപ്പോഴും നേരിട്ടറിയാനിടവന്നിട്ടുള്ള ഒരു ഹതഭാഗ്യനാണിതെഴുതുന്നത്. പാപംചെയ്യാതെ അതിന്റെ മുതലും പലിശയും കൈപ്പറ്റി കയ്പനുഭവിക്കുന്ന ഭാഗ്യഹീനരാണവരൊക്കെ. അവരുടെ കണ്ണീർ, തോരാത്തകണ്ണീർ, സുതാര്യമായി തോന്നുമെങ്കിലും, അതിന് അവരുടെ ഹൃദയരക്തത്തേക്കാൾ ചെന്നിറമുണ്ട്. മദ്യത്തിന് സമ്പൂർണ്ണമായിട്ടടിമപ്പെട്ട്, ധന്യമായ മനുഷ്യജന്മത്തെ സ്വയം മാടിനൊപ്പമാക്കിത്തീർക്കുന്നവരുടെ ഉറ്റവരനുഭവിക്കുന്ന ദു:ഖമാണ്, മറ്റേതൊരു ദു:ഖത്തേക്കാൾ ഭയാനകം. ചമൽക്കാരത്തിനുവേണ്ടി ചമയ്ക്കുന്ന ഭാവനാചിന്തയല്ലയിത്, കാമ്പുള്ള സത്യമാണ്. ഈ ആത്മദു:ഖമെന്നുമനുഭവിക്കുന്നവരെ, ആശ്വസിപ്പിക്കാനുതകുന്ന ഏതു നടപടിയും, മനുഷ്യനെമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു ഏതൊരുത്തനും സർവ്വാത്മനാ സ്വാഗതം ചെയ്യും. അത്തരമൊരു നടപടിയാണ് ശ്രീ. ആൻറണിയുടെ നേതൃത്വത്തിലുണ്ടായിരുന്ന സർക്കാർ ഏപ്രിൽമാസമൊന്നാംതീയതിമുതൽ നടപ്പാക്കിത്തുടങ്ങിയത്. ഏറ്റവും ചെറിയ ഒരു പദംവെപ്പാണെങ്കിലും, ബൃഹത്തും മഹത്തുമായ മനുഷ്യത്വത്തിന്റെ വമ്പിച്ച ഒരു കുതിച്ചു ചാട്ടമാണത്- മുമ്പോട്ടുള്ള കുതിച്ചുചാട്ടം !

അന്യരുടെ നാശത്തെ, അമിതലാഭവും അറ്റാദായവുമാക്കിമാറ്റി സ്വാർത്ഥലക്ഷ്യങ്ങളും കണ്ണീർകൊണ്ടുകളങ്കപ്പെട്ടസമ്പത്തും മാത്രമല്ല, സമൂഹത്തിൽ സമ്മാന്യതയും സമാർജ്ജിക്കാൻ വഴിയുണ്ടാക്കുന്ന മദ്യവ്യവസായികളും, അത്തരക്കാരുമായി അവിഹിതബന്ധങ്ങളുണ്ടാക്കി അധികാരതാല്പര്യങ്ങളുറപ്പിക്കുന്ന രാഷ്ട്രീയക്കാരും അവരുടെ ശിങ്കിടികളായ ഉദ്യോഗസ്ഥന്മാരും, എക്കാലത്തും വെള്ളംകലക്കി മീൻപിടിക്കുന്ന നയപരിപാടി സ്വീകരിച്ചിട്ടുള്ള ഇടതുപക്ഷകക്ഷികളും, മദ്യത്തിന്റെയും മദ്യപാനികളുടെയും പക്ഷം പിടിച്ചു പരിപാടികൾ നിറവേറ്റുന്നവരാണ്. ആധുനികസാങ്കേതിക സൗകര്യങ്ങളും മാദ്ധ്യമങ്ങളും വിദഗ്ധമായി ഉപയോഗപ്പെടുത്തി, ഒരിക്കലും അർഹിക്കാത്ത ആദരവും, അലൗകികമേന്മയും മദ്യത്തിനും മദ്യമുതലാളിമാർക്കും ഒരുക്കുന്നതിന് ഇന്ന് സാധിക്കുന്നുണ്ട്. വിദഗ്ധന്മാരെ വിലയ്ക്കുവാങ്ങി അവരുടെ സിദ്ധികളെല്ലാം ഇതിനാണ് ഉപയോഗപ്പെടുത്തുന്നത് ഇന്നു സർവ്വസാധാരണമാണ്. പ്രത്യക്ഷമായോ പരോക്ഷമായോ, ഒളിഞ്ഞും തെളിഞ്ഞും നിർവ്വഹിക്കുന്ന പ്രചാരണപ്രക്രിയയിൽ ചാഞ്ചാടാനിടവരാത്ത മനുഷ്യമനസ്സുകൾ കുറവാണ്. ആദരവും അലൗകികമേന്മയും മദ്യപാനത്തിനുണ്ടെന്നുവരുത്തുന്ന മായാജാലങ്ങളാണ് പ്രചാരണങ്ങളിലൂടെ നേടുന്നത്. മദ്യപന്റെ സ്വബോധമില്ലാത്ത പെരുമാറ്റങ്ങളെപ്പോലും ആകർഷമാക്കിത്തീർക്കുന്നവിധത്തിലാണ്, സാഹിത്യത്തിലും സിനിമയിലും ചിത്രീകരണങ്ങളിലുമെല്ലാം അലുക്കിട്ട് അവതരിപ്പിക്കാറുള്ളത്. ഇവയിൽ ആകർഷിതരായി, ആകൃഷ്ടരായിപുതിയതലമുറ മദ്യപാനികളായി ക്രമേണ പരിണമിക്കുന്നു! ഇന്ന് ടെലിവിഷനാണ്, മദ്യമുതലാളിമാർക്ക് ഏറ്റവുമധികമാരാധകരെ നല്കുന്ന "റിക്രൂട്ടിംഗ്" -കേന്ദ്രങ്ങളായിവർത്തിക്കുന്നത് !

നമ്മുടെ സ്വാതന്ത്ര്യസമരകാലത്ത്, മദ്യനിരോധനപരിപാടി രാഷ്ട്രനിർമ്മാണപ്രക്രിയയുടെ ആണിക്കല്ലായിരുന്നു. ഇന്ന് അത്യപൂർവ്വമായിമാത്രമേ, മദ്യപാനശീലത്തിനെതിരായി ആളുകൾ മിണ്ടാൻപോലും മുതിരാറുള്ളു. മദ്യനിരോധനത്തെക്കുറിച്ച് വാദിക്കുന്നതും പറയുന്നതും രാജ്യദ്രോഹത്തിന്റെ ഉദാത്തമായ ഉദാഹരണമാണെന്ന് സെക്രട്ടേറിയേറ്റുനടയിൽ നടന്ന ഒരു സമരപരിപാടി ഉൽഘാടിച്ചുകൊണ്ട് ഒരുഗ്രൻനേതാവ് ഉച്ചഭാഷിണിയിലൂടെ ഉറക്കെ ആക്രോശിച്ചത് ഈ ലേഖകർ ഒരിക്കൽ കേട്ടത് ഓർമ്മയിൽ ഉണർന്നുനില്ക്കുന്നു!

നാരായണഗുരുദേവനെപ്പോലുള്ളവർ മദ്യം വിഷമാണെന്നും അതുപയോഗിക്കരുതെന്നും, ഉണ്ടാക്കരുതെന്നും വിളമ്പരുതെന്നും ശിഷ്യഗണങ്ങളെ ഉപദേശിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ഈ ഉപദേശം ശിഷ്യന്മാരും പിൻമുറക്കാരും ഇന്നനുസ്മരിക്കുന്നതു അതിന്റെ ലംഘനത്തിലൂടെയാണ് ! എസ്.എൻ.ഡി.പിയും സഹോദര-പോഷക-സംഘടനകളും ഏറ്റവും കൂടുതൽ സാമ്പത്തികസഹായം സ്വീകരിക്കുന്നത് മദ്യമുതലാളികളിൽനിന്നാണ്.

കേരളത്തിലെ മാത്രമല്ല, ഭാരതത്തിലെല്ലായിടത്തേയും ഇടതുപക്ഷ (കമ്യൂണിസ്റ്റ്) കക്ഷികളുടെ ബോധപൂർവ്വമുള്ള, മന:പൂർവ്വമായ., പ്രചാരണമാണ് ദേശീയ സ്വാതന്ത്ര്യസമരകാലത്ത് ഇവിടെ സൃഷ്ടിക്കാൻ സാധിച്ച മദ്യനിരോധനപ്രസ്ഥാനപ്രസക്തിയും സമ്മാന്യതയും ക്ഷയിപ്പിച്ചതും. ഏറെക്കുറെതകർത്തതും. മദ്യനിരോധനത്തെപറ്റി മിണ്ടുന്നതുപോലും തൊഴിലാളിവിരുദ്ധനടപടിയാണെന്നാണ് അവർവരുത്തിവച്ചിരിക്കുന്നത്! മദ്യമുതലാളിമാരും ഇടതുപക്ഷരാഷ്ട്രീയകക്ഷികളും പരസ്പരസഹായികളാ യിവർത്തിക്കുന്ന രസകരമായ കാഴ്ച ഇവിടെ കാണാം! മദ്യപാനംവരുത്തുന്ന ദുരന്തങ്ങളും നിത്യദു:ഖങ്ങളും ഏറ്റവുമധികം അനുഭവിക്കുന്നത് തൊഴിലാളി കുടുംബങ്ങളാണെന്ന വസ്തുത, തൊഴിലാളികളെപ്പിടിച്ചാണയിടുന്നവർക്ക് പ്രസക്തിയുള്ളയാഥാർത്ഥ്യമല്ല.!

ബഹുജനനന്മലക്ഷ്യമാക്കി സംവിധാനംചെയ്തു നടപ്പാക്കുന്ന കുടുംബക്ഷേമപദ്ധതികളുടെ മൂലക്കല്ലാക്കിതീർക്കേണ്ടതാണ്. മദ്യനിരോധനം സദാചാര-ധാർമ്മിക സമൂഹജീവിതത്തിൽ താല്പര്യമുള്ള നല്ലവരായ എല്ലാവരും മദ്യത്തിന്റെ പ്രാമാണ്യം ക്ഷയിപ്പിക്കുന്ന ഏതു നടപടിയേയും-അവ എത്രതന്നെ ബലഹീനമാണെങ്കിലും-സഹർഷം സ്വാഗതംചെയ്യും. കുടുംബാസൂത്രണംമാത്രം സന്തുഷ്ടകുടുംബത്തെ സൃഷ്ടിക്കുകയില്ല. എണ്ണത്തിൽ നിയന്ത്രണം വരുത്തുന്നതുപോലെതന്നെ പ്രാധാന്യമുള്ളതാണ്, മദ്യത്തിന്റെ സ്വാധീനത്തിനയവുവരുത്തുന്ന ഏതു നടപടിയും. കുടുംബനാഥൻ കുടിയനായാൽ കൊച്ചുകുടുംബവും നരകംതന്നെ. എണ്ണത്തിന്റെ കുറവുകൊണ്ടു കൈവന്ന സാമ്പത്തികലാഭം മദ്യത്തിൽ മുങ്ങിപ്പോയാൽ, കൂടുതൽ ദു:ഖമുണ്ടാകുമെന്നല്ലാതെന്തുഫലം? കുടുംബക്ഷേമ(ആസൂത്രണ) പരിപാടികളുടെ പ്രചാരണത്തിൽ മുഖ്യമായി മദ്യനിരോധനക്കാര്യവും കോർത്തിണക്കേണ്ടതാവശ്യമാണ്. ആധികാരികമായ ഒരു കണക്കനുസരിച്ച് ലോകത്തെ അഭിവൃദ്ധിനേടിയജനങ്ങൾ മദ്യത്തിനു ചിലവിടുന്നപണം, അവർ മൊത്തം ധാന്യാഹാരങ്ങൾക്കുവിനിയോഗിക്കുന്നതിനൊപ്പം വരുമെന്നു പറയുന്നു. അതിന്റെ പകുതിയെങ്കിലും ലാഭിച്ചാൽ, ലോകത്തെ മൊത്തം ദരിദ്രജനങ്ങൾക്ക് മൂന്നുനേരം ഭക്ഷണം കൊടുക്കാൻ സാധിക്കും! റോമിന്റെ അധ:പതനവുംനാശവും സംഭവിച്ചത് അവിടത്തെ ആളുകളുടെ അമിതാർഭാടജീവിതംകൊണ്ടും മദ്യപാനംകൊണ്ടുമാണെന്നത്രേ ചരിത്രകാരന്മാർ വിധിച്ചിട്ടുള്ളത്. ഏതാണ്ടത്തരം ഒരു ജീവിതത്തിലേക്കാണോ നമ്മുടെ പ്രയാണം.

ചാരായനിരോധനത്തെ തോല്പിക്കുന്നതിന് കച്ചകെട്ടിയിറങ്ങുന്ന നിക്ഷിപ്തതാല്പര്യങ്ങൾനിരവധിയുണ്ട്. കള്ളക്കാച്ചും, വിഷമദ്യദുരന്തങ്ങളും വർദ്ധിപ്പിക്കുന്നതിനായിരിക്കും അവർ കുടൂതൽ മുതിരുന്നത്. അതിന് ആളും അർത്ഥവും അവർ ചിലവഴിക്കുമെന്നു തീർച്ചയുണ്ട്. മദ്യമുതലാളിമാരും ഇടതുപക്ഷരാഷ്ട്രീയകക്ഷികളും അവരുടെ ആവനാഴികളിലെ എല്ലാ ആയുധങ്ങളുമെടുത്തുപ്രയോഗിക്കും. മദ്യമുതലാളിമാരെകറവപ്പശുവാക്കിയിട്ടുള്ള മറ്റു രാഷ്ട്രീയക്കാരും അരങ്ങിലിറങ്ങും. ധാർമ്മികസദാചാരപാരമ്പര്യങ്ങളെ മന:പൂർവ്വം വിലയിടിച്ചുകാണിക്കുന്നവരും അവിടെയുണ്ടായിരിക്കും. ഇവരെല്ലാം ചാരായനിരോധനത്തെ പൊളിക്കാൻ അങ്ങേയറ്റം ശ്രമിക്കുമെന്ന് തീർച്ചയാണ്.

നമ്മുടെ സദാചാര-ധാർമ്മിക മൂല്യപാരമ്പര്യങ്ങളെ എന്നും അപമാനിക്കുന്നതിനും താഴ്ത്തിക്കെട്ടുന്നതിനും താല്പര്യംപ്രദർശിപ്പിച്ചിട്ടുള്ളവരെ കരുതിയിരിക്കുക. നമുക്കു നഷ്ടപ്പെടാൻ കുറെ ചങ്ങലകൾ മാത്രമേയുള്ളെന്നു പറയുന്നവർ, നമ്മുടെ സംസ്കാരസരോവരത്തിന്റെ വക്കുപോലും കണ്ടിട്ടില്ലാത്തവരാണ്. പാരമ്പര്യത്തിന്റെ ബലിഷ്ഠമായഅടിത്തറയിൽ ഒരു നവലോകം കെട്ടിയുയർത്തുവാൻ സർഗ്ഗശക്തികളെല്ലാം സമർപ്പിക്കുന്ന ഒരു പുതിയ തലമുറ രൂപപ്പെടുത്തിയില്ലെങ്കിൽ, അമേരിക്കൻഐക്യനാടുകൾ, യൂറോപ്യൻനാടുകൾ തുടങ്ങിയയിടങ്ങളിലെമാതിരി നങ്കൂരംനഷ്ടപ്പെട്ട ജനസമൂഹമായിരിക്കും ഇവിടെയും ആസന്നഭാവിയിൽ സംഭവിക്കുന്നത്. ഇന്നിവിടെ നടന്നുകൊണ്ടിരിയ്ക്കുന്ന കുരുക്ഷേത്രയുദ്ധത്തിന്റെ ലോലമെങ്കിലും, സ്പഷ്ടമായ പടഹധ്വനിയാണ് ചാരായനിരോധനത്തിൽ പ്രതിധ്വനിക്കുന്നത്. അതിന്റെ ആഹ്വാനം ചെവിക്കൊള്ളാനുതകുന്ന ധർമ്മബോധം അല്പമെങ്കിലും നമ്മിൽ ബാക്കിയില്ലേ?

അല്പം പുരാവൃത്തവും മറ്റും

നമ്മുടെ സർവ്വകലാശാലകളെക്കുറിച്ച് പൊതുജനങ്ങൾക്ക് പല ആവലാതികളും ഇന്നുണ്ട്. "വമ്പിച്ചവിലമേടിച്ചടിമകളൊലിക്കുന്ന കമ്പോളസ്ഥലമല്ലീ-നമ്മൾക്കു"- അവയെന്ന് പണ്ടൊരുമഹാകവി ചൊല്ലിയത്, ഇന്നാണ് കുടുതൽ സത്യമായിത്തീർന്നിരിക്കുന്നത്. അവിടങ്ങളിലെ തൊഴുത്തിൽകുത്തും, വിഭാഗങ്ങൾതമ്മിലുള്ളപോരും മത്സരങ്ങളുമൊക്കെ അങ്ങാടിപ്പാട്ടുകളാണ്. വിവരവും, വിജ്ഞാനവും വെളിച്ചവും പ്രസരിപ്പികേണ്ട സർവ്വകലാശാലകൾ ഇന്ന് അവയൊക്കെ നിഷേധിക്കാനുതകുന്ന വിത്താണ് വിദ്യാർത്ഥികളിൽ വിതയ്ക്കുന്നത്.

ഭാരതത്തിലെ വിശ്വവിഖ്യാതിനേടിയ സർവ്വകലാശാലകൾ ക്രിസ്തുവിന് ഏതാണ്ട് അഞ്ഞൂറു വർഷം മുമ്പ് ഇവിടേക്ക്, ലോകത്തിൻെറ എല്ലാഭാഗങ്ങളിൽ നിന്നും വിദ്യാർത്ഥികളേയും പണ്ഡിതന്മാരേയും ആകർഷിച്ചിരുന്നു. ചൈനയിൽനിന്ന് ഇവിടേക്ക്, തീർത്ഥാടകരെപ്പോലെ, അറിവ്തേടിവന്നിരുന്നവരുടെ ദീർഘമായ ഒരു പരമ്പരതന്നെയുണ്ട്. ഇന്ന് ഭാരതത്തിൽ അപ്രത്യക്ഷമായിട്ടുള്ള പല ആധികാരിക പ്രമാണികഗ്രന്ഥങ്ങളുടെയും കാര്യങ്ങൾ ചൈനീസ്ഭാഷയിലുംമറ്റുമുള്ള തർജ്ജമപ്പതിപ്പുകളിലൂടെയാണ് നാം അറിയാറുള്ളത്. മൂലഗ്രന്ഥങ്ങൾ ഇന്ന് ലഭ്യമല്ല!

ഭാരതത്തിൻെറ സർവ്വകലാശാലകളുടെ ആധികാരികമായ ഒരു ചരിത്രപുസ്തകം ഇവിടെയാരെങ്കിലും രചിച്ചിട്ടുള്ളതായിട്ടറിവില്ല. ഇവിടെ സർവ്വകലാശാല സായിപ്പു സ്ഥാപിച്ചതു മുതലാണ് ആരംഭിക്കുന്നത്! അതായത് 1857-മുതൽ. അന്നാണല്ലോ മൂന്നു സർവ്വകലാശാലകൾ വെള്ളക്കാരൻ നമ്മെ സമുദ്ധരിക്കാൻ സ്ഥാപിച്ചത്. അതിലൊന്നാണു മദിരാശിസർവ്വകലാശാല. അതിൻെറ ആദ്യത്തെ, അതായത്, സ്ഥാപക വൈസ്ചാൻസലർ സർ ക്രിസ്റ്റഫർ റാളിൻസൺ (Sir Christopher Rawlinson 1806-1888) ആയിരുന്നു. മദിരാശിയിലെ സുപ്രീം കോർട്ട് ഓഫ് ജൂഡിക്കേച്ചറിൻെറ മുഖ്യന്യായാധിപതിയായിരിക്കുമ്പോഴാണ് അദ്ദേഹത്തെ വൈസ്ചാൻസലർ തസ്തികയിൽ നിയമിച്ചത്. ഈസ്റ്റ് ഇൻഡ്യാകമ്പനിയിൽനിന്ന് ഭാരതത്തിൻെറ ഭരണച്ചുമതലയും ഉത്തരവാദിത്വവും ബ്രിട്ടീഷ്സർക്കാരും രാജാധികാരവും ഏറ്റെടുത്തതു് ഭാരതജനനന്മയ്ക്കാണെന്നവിശ്വാസക്കാരനായിരുന്നു റാളിൻസൻസായിപ്പ്. അക്കാലഘട്ടത്തിലെ വെള്ളക്കാരധികവും വിശ്വസിച്ചിരുന്നതും, പ്രസ്താവിച്ചതും, നാട്ടുകാർക്കു സ്വയംഭരണത്തിനുള്ള കഴിവോ വിരുതോ ഇല്ലെന്നായിരുനു. ഈ അഭിപ്രായങ്ങളോട് യോജിപ്പുണ്ടായിരുന്ന ആളായിരുന്നില്ല റാളിൻസൻ സായിപ്പ്.

മദിരാശിസർവ്വകലാശാലയുടെ പൂർവ്വചരിത്രത്തിലേക്കു എത്തിനോക്കാൻ ആർക്കാണ് താല്പര്യമില്ലാത്തത്? ഭാരതീയനായ ആദ്യത്തെ വൈസ്ചാൻസലർ, ഇൻഡ്യൻ നാഷനൽ കാൺഗ്രസിൻെറ സ്ഥാപക മുഖ്യരിൽ ("The Brave 72") ഒരാളായിരുന്ന ശൂരവല്ലി സുബ്രഹ്മണ്യ അയ്യർ (1842-1924) ആണ്. "തെക്കെയിൻഡ്യയിലെ മഹാനായവൃദ്ധൻ"- എന്ന പേരിൽ (The Grand old Man of South India) പ്രശസ്തിനേടിയ അദ്ദേഹം താരതമ്യേന ചുരുങ്ങിയകാലത്തേക്കുമാത്രമേ സേവനത്തിലിരുന്നുള്ളു. സർ ബഹുമതിസ്ഥാനം 1918-ൽ അദ്ദേഹം ഉപേക്ഷിച്ചതു, അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡൻറായിരുന്ന വുഡ്രോ വിൽസണ് നേരിട്ട് എഴുതിയ ഒരു കത്തുവരുത്തിയ കുഴപ്പംകൊണ്ടാണെന്ന കാര്യം ഇവിടെ ഒർമ്മിക്കട്ടെ." വിദേശികളായ ഭരണാധികാരികളുടെ കിങ്കരന്മാരായ ഉദ്യോഗസ്ഥന്മാർ, വിദേശഭാഷ സംസാരിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്നവർ, അവരുടെ ഹിതാഹിതങ്ങൾ ഞങ്ങളുടെ മേൽ സമ്മർദ്ദത്തോടെ അടിച്ചേൽപ്പിക്കുന്നു...... ഞങ്ങൾക്കു് വിദ്യാഭ്യാസം നിക്ഷേധിക്കുന്നു...... നടുവൊടിക്കുന്ന തീരുവകളും കരങ്ങളും ഞങ്ങളുടെ അനുമതിയോ അംഗീകാരമോയില്ലാതെ ഞങ്ങളുടെ മേലേറ്റിവയ്ക്കുന്നു....." എന്നിങ്ങനെ മപാകുന്നു ആ വിവാദവിഷയമായ കത്തിലെ ചില ഭാഗങ്ങൾ.

മലയാളിയായ ഒരു മഹാൻ മദിരാശി സർവ്വകലാശാലയുടെ വൈസ് ചാൻസലർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ടെന്നവസ്തുതയും ഇവിടെ എടുത്തു പറയട്ടെ. ദിവാൻ ബഹുദൂർ സർ.കെ. രാമുണ്ണിമേനോൻ എന്ന ആ പ്രതിഭാശാലിയെ മലയാളികൾപോലും ഇന്ന് ഓർമ്മിക്കാറില്ല! 1928-34 വരെ അദ്ദേഹം പ്രശസ്തമാംവിധം ആ ചുമതല വഹിക്കുകയുണ്ടായി. 1931-ൽ എഡിൻബറോയിൽചേർന്ന സർവ്വകലാശാലാകാൺഗ്രസ്സിൽ, മദിരാശി സർവ്വകലാശാലയെ പ്രതിനിധീകരിച്ചു, പങ്കെടുത്തത് അദ്ദേഹമാണ്. കൂടാതെ ഇൻഡ്യയിലെ ഇൻറർ യൂനിവേഴ്സിറ്റി ബോർഡിൻെറ അദ്ധ്യക്ഷപദവിയും ഒരു കൊല്ലക്കാലം വഹിക്കുകയുണ്ടായി.

രണ്ടും മൂന്നും കൊല്ലം കോളേജുക്ലാസുകളിൽ പഠിപ്പിച്ചിട്ടുള്ള വിദ്യാർത്ഥിയുടെ പേരുപോലും അറിയാൻ പാടില്ലാത്ത "യൂണിവേഴ്സിറ്റി പ്രൊഫസർ"! പ്രൊഫസറുടെ പേരു ചോദിച്ചാൽ പറയാൻകഴിവില്ലാത്ത വിദ്യാർത്ഥികൾ! ഇതൊക്കെ സംഭവിക്കുന്നതിനെക്കുറിച്ച് അല്പമെങ്കിലും ആശങ്കയോ ആവലാതിയോ ആകുലതയോയില്ലാത്ത രാഷ്ട്രീയക്കാരുടെ പ്രസംഗങ്ങളിലെ പല്ലവി ഒന്നേ ഒന്നുമാത്രം!- "വിദ്യാഭ്യാസസമ്പ്രദായത്തെ അടിമുടി ഉടച്ചുവാർക്കണം!" എങ്ങിനെ, എപ്പോൾ, എന്നൊന്നും ചോദിക്കരുത്. ചോദിച്ചാൽ നേതാവിന് കോപംവരും! ധർമ്മച്യുതിയിലൂടെ വിദ്യാഭ്യാസത്തിൻെറ നെല്ലിപ്പലകവരെ എത്തിയിരിക്കുകയാണു നാം. എങ്കിലും എണ്ണവും, സാക്ഷരതയുടെ ശതമാനവും പറഞ്ഞ്, മനുഷ്യർക്കു പുരോഗതിയാണിവിടെ സംഭവിച്ചിട്ടുള്ളതെന്നു പൊണ്ണത്തം പറയാൻ രാഷ്ട്രീയക്കാർക്കു് പ്രയാസമില്ല.

ഒരു തവണ എന്തോ കാരണവശാൽ എൻെറ കൂടെയുണ്ടായിരുന്ന ഒരു യൂണിവേഴ്സിറ്റി പ്രൊഫസറോട്, അന്നത്തെ തീയതിയും ദിവസവുമെന്തെന്നു, സംശയം തീർക്കാൻ ചോദിക്കുകയുണ്ടായി. കയ്യുയർത്തിനോക്കിയിട്ട് - "വാച്ചെടുക്കാൻ മറന്നുപോയി; തീയതിയും ദിവസവും കാണിക്കുന്ന ഇലക്ട്രോണിക് വാച്ചുകെട്ടാൻ മറന്നാൽ കുഴപ്പത്തിലാണെൻെറ സ്ഥിതി!"- പിന്നെ ഞാനൊന്നും പറഞ്ഞില്ല.

മലയാളത്തിലെ അക്ഷരമാല മുഴുവൻ മുറയായിപറയാൻ അറിവില്ലാത്ത മലയാളം പ്രൊഫസറന്മാരെ എനിക്കു നേരിട്ടറിയാം! അക്ഷരത്തിൻെറ ഉച്ചാരണം, ശുദ്ധിയോടെ പറയാൻ അറിയാത്തവരാണ് മലയാളപ്രൊഫസറന്മാരിൽ കൂടുതൽ. അദ്ധ്യാപകരുടെ കാര്യം പറയാനുമില്ല. "വിദ്യാബ്യാസവും അദ്യാപകനും," യുത്തവും, മൊക്കെ, ഉച്ചാരണശുദ്ധിയോടെങ്കിലും പറയാനറിവില്ലാത്ത "അദ്യാപ"കന്മാർ പഠിപ്പിക്കുന്ന കുട്ടികളുടെ അവസ്ഥയെക്കുറിച്ച് ദു:ഖിച്ചിട്ടുകാര്യമില്ല. കുട്ടികളെ പഴിപറഞ്ഞിട്ടും ഫലമില്ല.

ഒരു സംഗതികൂടി ഈ സന്ദർഭത്തിൽ പ്രസ്താവിക്കുന്നത് ഉചിതമായിരിക്കുമെന്നു തോന്നുന്നു. തിരുവനന്തപുരത്തെ ആകാശവാണിനിലയത്തിൻെറ ചുമതല വഹിച്ചിരുന്നകാലത്തു്, മലയാളത്തിലെ ഉച്ചാരണശുദ്ധിയെക്കുറിച്ചും ചില പദപ്രയോഗങ്ങളെക്കുറിച്ചും മുപ്പത്തിരണ്ടു ഭാഗങ്ങളിലായി ഒരു പ്രത്യേക തുടർപരിപാടി വളരെ ശ്രദ്ധാപൂർവ്വം പ്രക്ഷേപണം ചെയ്യുന്നതിന് ഈ ലേഖകൻ വ്യവസ്ഥചെയ്യുകയുണ്ടായി. പണ്ഡിതനും, ദീർഘകാലത്തെ പരിചയസമ്പന്നനായ. അദ്ധ്യാപകനുമായിരുന്ന കൈനിക്കര കുമാരപിള്ളയാണ് അത് തയ്യാറാക്കി അവതരിപ്പിച്ചത്. നല്ല മലയാളത്തിൻെറ നന്മകൾ എടുത്തുകാണിക്കാനും, അത്തരത്തിൽ നല്ലമലയാളം എഴുതാനും വായിക്കാനും മാത്രമല്ല ഉച്ചാരണശുദ്ധിയോടെ പറയാനുമുള്ള കഴിവ് ആർജ്ജിക്കേണ്ടതിൻെറ ആവശ്യവും പ്രാധാന്യവും ആ പരമ്പര എടുത്തുപറയുകയുണ്ടായി. അന്നും അതനുശേഷവും ആ പരിപാടിയെ പ്രശംസിച്ച് വളരെപ്പേർ എഴുതുകയും പറയുകയുമുണ്ടായി. പലർക്കും അത് പ്രയോജനം ചെയ്തെന്നാണറിവ്. ഏതുനിലയിലും അങ്ങിനെ ഒരു പാനപദ്ധതി പ്രാഥമികവിദ്യാലയങ്ങളിൽ ഉറപ്പാക്കുന്നത് ഉചിതമായിരിക്കും.

നിറവും നിഴലും



കോന്നിയൂർ ആർ. നരേന്ദ്രനാഥ്

റാഗിംഗ് എന്ന കിരാതവിനോദം

നമ്മുടെ സാമൂഹത്തിൽ സാഡിസ്റ്റുകളുടെ സംഖ്യ പെരുകുകയാണ്. അതിന്റെ തെളിവുകൾ ഏതുരംഗങ്ങളിലും കാണാനുമുണ്ടു്. അന്യരുടെ വേദനയും പിഡാനുഭവങ്ങളും കാണാനുള്ള കൗതുകവും അവയിലൂടെ ആത്മസുഖംനേടാനുമുള്ള വികടമനസ്ഥിതിയാണ് സാഡിസം എന്ന പേരിൽ വിവക്ഷിക്കപ്പെടുന്നതു്. അത്യധികം അഭിവൃദ്ധി പ്രാപിച്ചിട്ടുള്ള മാദ്ധ്യമങ്ങൾ, കൂടുതലും പ്രകടിപ്പിക്കുന്നതും പ്രകാശിപ്പിക്കുന്നതും ഈ വിധത്തിലുള്ള വിവിധതരം വികടമനസ്ഥിതിക്കാർക്കു് തൃപ്തിനല്കാനുള്ള വിഭവങ്ങളാണ്. അതിക്രൂരമെന്നു പറയാവുന്ന രംഗങ്ങൾ ആകർഷകമാക്കി പ്രദർശിപ്പിച്ചും, അന്യർക്കു് അങ്ങേയറ്റം വേദനയുണ്ടാക്കുന്ന ഹീനകാര്യങ്ങൾ നടത്തുന്നതു വാചാലമായി വിവരിച്ചും ആണ് ഇലക്ട്രോണിക്മാദ്ധ്യമങ്ങളും, അച്ചടിമാദ്ധ്യമങ്ങളും കൊയ്ത്തു നടത്തുന്നതു്. ആഴ്ചതോറും ആനുകാലികങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന തുടർക്കഥകളധികവും വികടമനസ്ഥിതിക്കാരുടെ ദാഹം തീർക്കുന്നതിന് തല്ലിക്കൂട്ടുന്നവയാണ്. ചലച്ചിത്രങ്ങളിൽ അടിലഹളയും, മർദ്ദനമുറകളും അതിവിശദമായും വിപുലമായും പുതിയ വിദ്യകൾ കാണിച്ചും അവതരിപ്പിക്കുന്നതു് കണ്ടുരസിക്കാനും കയ്യടിപാസ്സാക്കാനും കൗതുകം കാണിക്കുന്നവരും അത്തരക്കാർതന്നെ.

ബാല്യകാലം മുതൽ ഇവ കണ്ടും കേട്ടും വായിച്ചും വളരുന്ന ബാലികാബാലന്മാരുടെ മനസ്സിന്റെ മാർദ്ദവവശങ്ങൾ മരവിച്ചുപോകുന്നു. അവർ വളരുമ്പോൾ ഏതു ക്രൂരകൃത്യം കണ്ടാലും സാമാന്യമനുഷ്യർ പ്രതികരിക്കുന്നവിധത്തിൽ അവർക്കു് പ്രതികരിക്കാനാവുന്നില്ല. അതുകൊണ്ട്, സമൂഹത്തിൽ ഏതുരംഗത്തിൽ അവയുണ്ടായാലും പ്രതിഷേധമോ എതിർപ്പോ, ഉണ്ടാകാനുള്ള സാഹചര്യം ഇല്ലാതാകുന്നു. ഈ വിധത്തിലുള്ള ഒരു സമൂഹത്തിൽ കയ്യൂക്കുള്ളവനാണ് കാര്യസ്ഥൻ. അത്തരം കാര്യസ്ഥന്മാർ പ്രയാസംകൂടാതെ രാഷ്ട്രീയത്തിൽ കടന്നുകൂടി ഭരണാധികാരം കയ്യാളുന്ന കക്ഷികളിലെ നേതാക്കന്മാരായിത്തീരുന്നു! പിന്നെ ഭരിക്കുന്ന മന്ത്രിയാകുകയും ചെയ്യും! ഇന്നു് ഭാരതത്തിലെ രാഷ്ട്രീയകക്ഷികളിൽ, തെരഞ്ഞെടുപ്പിനുനില്ക്കുന്നവരിൽ വളരെപ്പേർ ക്രിമിനൽചരിത്രമുള്ള വ്യക്തികളാണ്! അത്തരക്കാരെ, രാഷ്ട്രീയകക്ഷികൾ പ്രോത്സാഹിപ്പിക്കാനല്ലാതെ, നിരാകരിക്കാൻ തന്റേടം കാണിക്കാറില്ല. നമ്മുടെ രാഷ്ട്രീയ-സാമൂഹികരംഗങ്ങൾ ശുദ്ധീകരിക്കാനാവാത്തതിന്റെ മുഖ്യ കാരണങ്ങൾ ഇവർ പിടിച്ചിരിക്കുന്ന ചരടുകൾ ശക്തമാണെന്നതാണ്. ക്രിമിനൽപാരമ്പര്യവും ചരിത്രവുമുള്ളവരെ തെരഞ്ഞെടുപ്പിനു നില്ക്കാൻ അയോഗ്യരാക്കിത്തീർക്കുന്നതിനുള്ള നിയമം ത്വരിതപ്പെടുത്തി നടപ്പിലാക്കണം. അത്തരക്കാരെ അറിയാതെ കടന്നു കൂടിയാൽപോലും അയോഗ്യത കല്പിച്ചു് അവരുടെ തെരഞ്ഞെടുപ്പു റദ്ദുചെയ്യണം. തെരഞ്ഞെടുപ്പുനിയമങ്ങളിൽ പരിഷ്കാരം വരുത്തേണ്ടതാണെന്നു വാചാലമായി വാദിക്കുന്നവരാരുംതന്നെ ഈ ആശയം ഉന്നയിക്കാറില്ലെന്നുള്ളതു് ശ്രദ്ധേയമാണ്!

വിദ്യാലയരാഷ്ട്രീയമാണ് കുട്ടികളെ ക്രിമിനലുകളാക്കാനുള്ള പ്രാഥമികകളരി. രാഷ്ട്രീയത്തിലെ എല്ലാതിന്മകളുടെയും ബാലപാഠമവിടെയാണു ബാലികാബാലന്മാർ ആദ്യമായി കണ്ടെത്തുന്നതു്. അക്രമം കാണിക്കുന്നതു് ധീരസാഹസികതയുടെ തെളിവാണെന്ന തെറ്റിദ്ധാരണയുടെ തുടക്കത്തിൽനിന്നാണാരംഭം. അതു് ആദ്യം അരങ്ങേറുന്നതു് ബലഹീനരും ഒതുങ്ങിജീവിക്കുന്നവരും മിതഭാഷികളായവരുമായ സഹപാഠികളിലാണ്. അപ്രകാരം ഇരയാകുന്നതു് പ്രതിരോധമധികമില്ലാത്തവരാണവരെന്നതുകൊണ്ടാണ്. തിരിച്ചടിക്കുന്നവരാണെങ്കിൽ, ഒന്നിനു പത്തു് മറുപടിപറയുന്നവരാണെങ്കിൽ, പൊട്ടിത്തെറിക്കുന്നവനാണെങ്കിൽ, അവരുടെമേൽ കുതിരകയറാനുള്ള കൗതുകം അക്രമത്തിന്റെ ബാലപാഠപരിശീലനക്കാലത്തു്, ഒരു വിദ്യാർത്ഥിയും സ്വീകരിക്കയില്ല. റാഗിംഗ് എന്ന ബാലപാഠവും ഇതുതന്നെയാണ് പഠിപ്പിക്കുന്നതു്. ഏറ്റവുമധികം പിഡനങ്ങൾ റാഗിംഗിലൂടെ അനുഭവിക്കാറുള്ളതു് സൗമ്യശീലരായ വിദ്യാർത്ഥികളാണ്. പലപ്പോഴും ചലച്ചിത്രങ്ങളിലും കഥകളിലും, നോവലുകളിലും വിവരിച്ചിട്ടുള്ളവ പരീക്ഷിച്ചുനോക്കുവാൻ മുട്ടാളന്മാരായ കൂട്ടുകാർ തയ്യാറാകുന്നു!

ഈ കളരിയിൽ കളിച്ചുവളരുന്ന മുട്ടാളന്മാരാണ് വിദ്യാലയങ്ങളിലെ രാഷ്ട്രീയപോഷകസംഘടനകളിലെ പ്രധാനദിവ്യന്മാരായി കുപ്പായമണിയുന്നതു്. രാഷ്ട്രീയകക്ഷികളുടെ സംരക്ഷണകവചംകൂടി ഇവർക്കു കൈവരുന്നതു് ഇപ്രകാരമാണ്. സ്ഥാപിതതാല്പര്യങ്ങളും സ്വാർത്ഥതാല്പര്യങ്ങളും ലക്ഷ്യംവെച്ചുകൊണ്ടു് ഇത്തരം മുട്ടാളന്മാരെ വളർത്തുന്നതു് രാഷ്ട്രീയനേതാക്കന്മാർ ബോധപൂർവ്വം ചെയ്യുന്നകാര്യംതന്നെ. പില്ക്കാലത്തു് ഇത്തരം കളരികളിലൂടെ വളരുന്ന "നേതാക്കന്മാർ" പോഷകസംഘടനയുടെ മൂടുപടം വേണ്ടെന്നുവെച്ചു്, രംഗത്തു് പ്രത്യക്ഷപ്പെടുന്നതു് ജനപ്രതിനിധികളുടെ തെരഞ്ഞെടുപ്പുകാലത്താണ്. സാധാരണമനുഷ്യരുടെ എല്ലാ സൗമ്യവശങ്ങളും നേരത്തെതന്നെയില്ലാതായിത്തീർന്ന ഇവർക്കു് ഏതു ദുഷ്കർമ്മമനുഷ്ഠിക്കാനും അറപ്പുതോന്നുകയില്ല. ഇത്രയും പറഞ്ഞതിന്റെ രത്തച്ചുരുക്കം ഇതാണ്. റാഗിംഗ് എന്ന കിരാതവിനോദത്തിലൂടെ അക്രമരാഷ്ട്രീയത്തിന്റെ ബാലപാഠങ്ങൾ പഠിക്കുന്ന വിദ്യാർത്ഥികളാണ്, അനുക്രമമായി അക്രമത്തിലൂടെ വളർന്നു്, ഏതു ദുഷ്കർമ്മവുമനുഷ്ഠിക്കാൻ കെല്പുള്ള രാഷ്ട്രീയ നേതാവായി രൂപാന്തരം പ്രാപിക്കുന്നതു്.

ഇതു് സമൂഹമനസ്സാക്ഷിയെ വ്യാകുലപ്പെടുത്തുന്ന പരിസ്ഥിതി വളരാത്തതുകൊണ്ടാണ്? ജീവിതകാലമത്രയും അക്രമരാഹിത്യത്തെ ജനതാമദ്ധ്യത്തിൽ പ്രബലപ്പെടുത്തുന്നതിന് പ്രയത്നിക്കുകയും, നയപരിപാടികളും നിർമ്മാണപ്രവർത്തനങ്ങളും ഒരുക്കുകയും ചെയ്തിട്ടുള്ള മഹാത്മാഗാന്ധിയുടെ സിദ്ധാന്തങ്ങൾ അസ്വീകാര്യങ്ങളാണെന്നു്, ബോധപൂർവ്വമുള്ള പ്രചരണത്തിലൂടെ യുവജനങ്ങളുടെയിടയിൽ ഉറപ്പിക്കാൻ നടത്തുന്ന ചില നേതാക്കന്മാരുടെ പ്രയത്നങ്ങൾ ഇവിടെ ഓർമ്മിക്കേണ്ടതുണ്ടു്. ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യം സിദ്ധിച്ചതു് അക്രമത്തിലൂടെയാണെന്ന് അടുത്തകാലത്തു് ഒരു നേതാവു് എഴുന്നെള്ളിച്ച അഭിപ്രായം ഇതിനുദാഹരണമാണ്. അടിമുടി അക്രമവും അതിക്രമവും കയറുപൊട്ടിച്ചു് അരങ്ങേറിയ മാപ്പിളലഹള, സ്വാതന്ത്ര്യസമരപ്പോരാട്ടമായിരുന്നെന്നുവരെ ഇവർ പ്രചരിപ്പിക്കാറുണ്ടു്. ചരിത്രത്തെ വളച്ചൊടിച്ചു്, അണികളെ വിശ്വസിപ്പിക്കാൻ മനഃപൂർവ്വം ചെയ്യുന്ന ഹീനകൃത്യങ്ങൾ, ശക്തമായി നേരിട്ടില്ലെങ്കിൽ, കലക്കിയവെള്ളത്തിൽ മീൻപിടിക്കാനിറങ്ങുന്നവർക്കു് ആദായമുണ്ടാക്കാൻ വിഷമമുണ്ടാകുകയില്ല. അവർക്കു് അരങ്ങൊഴിഞ്ഞുകൊടുക്കുന്നതു് അത്യാപത്തായിരിക്കുമെന്നുപറയേണ്ടതില്ല. സ്വാതന്ത്ര്യസമരകാലത്തു്, അതിലേർപ്പെട്ടിരുന്നവരെ, നിരാകരിക്കുകയും ഒറ്റിക്കൊടുക്കുകയും ചെയ്തിട്ടുള്ള അതേശക്തികളാണിന്ന്, സ്വാതന്ത്ര്യസമരചരിത്രം പുതിയ വ്യാഖ്യാനങ്ങളിലൂടെ പൊളിച്ചെഴുതാനുള്ള ശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതു്. ഇന്നു് പൊളിഞ്ഞുപാളീസായിക്കിടക്കുന്ന റഷ്യയിലെ കമ്മ്യൂണിസ്റ്റുകക്ഷിയുടെ ഔദ്യോഗികചരിത്രം അഞ്ചുതവണയാണ് അവിടത്തെ അന്നത്തെ ചരിത്രകാരന്മാർ പൊളിച്ചെഴുതിയതെന്ന യാഥാർത്ഥ്യം ഇവിടെയും ആവർത്തിക്കുന്നതു് അതേ ചരിത്രമനോഭാവക്കാരാണ്! അവരുടെ ആവശ്യത്തിനൊപ്പിച്ചു് ചരിത്രവ്യാഖ്യാനം നടത്തുന്നതും ഇവർതന്നെ. ഇസ്ലാം ഇവിടെയെത്തിയതിനുശേഷമേ ഭാരതത്തിന് ചരിത്രമുള്ളൂ എന്നു വിശ്വസിപ്പിക്കുവാൻ ശ്രമിക്കുന്നവരും നമ്മുടെ ചരിത്രപണ്ഡിതപ്പട്ടം കെട്ടാനുണ്ടെന്നസത്യവും വിസ്മരിക്കരുതു്.